വിജ്ഞാനദീപിക.

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ

ഉള്ളൂർ പബ്ലിഷേഴ്സ്,

ജഗതി, തിരുവനന്തപുരം.

1968

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

വിജ്ഞാനദീപിക.

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ

ഉള്ളൂർ പബ്ലിഷേഴ്സ്,

ജഗതി, തിരുവനന്തപുരം.

1968

All Rights Reserved] [വില. രൂ. 7. പൈ. 50

പ്രസാധകരുടെ മുദ്രയില്ലാത്ത പ്രതി വ്യാജനിഷ്കിതമാകുന്നു.

Digitized By Kerala Sahitya Akademi

വിഷയവിവരം

	വിഷയം.	പുറം.
1.	ഭാഷാകവിത	1–19
2.	കുലശേഖര ആൾവാർ	20–63
3.	ചേരമാൻപെരുമാൾ നായനാർ	64–79
4.	രാമചരിതവും രാമകഥപ്പാട്ടും	80–99
5.	നിരണം കവികൾ	100–110
6.	ഉണ്ണുനീലിസന്ദേശം	111–139
7.	ഭാഷാചമ്പുപ്രബന്ധങ്ങൾ	140–164
8.	മാഘവും മേൽപുത്തൂരും	165–175
9.	ഒരു ശ്ലോകത്തിന്റെ ചരിത്രം	176–184
10.	പൂന്താനത്തിന്റെ ചില അപ്രസിദ്ധകൃതികൾ	185–197
11.	ഉണ്ണായിവാരിയർ	198–213
12.	രാമപാണിവാദനും കുഞ്ചൻനമ്പിയാരും	214–247
13.	കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാൻ	248–260
14.	കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ സാഹിത്യപോഷണം	261–278
15.	ശീവൊള്ളിനമ്പൂതിരി	279–285
16.	കുഞ്ഞിക്കുട്ടൻതമ്പുരാൻ	285–293
17.	ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ	294–312
18.	ഒട്ടവിൽ കുഞ്ഞുകൃഷ്ണമേനോൻ	313–322
19.	ഭാഷാസാഹിത്യവും, കേരളീയവനിതകളും	323–335
20.	ആധുനികഭാഷാകവിത	336–341

Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പിന്റെ

മുഖവുര

സാഹിത്യം, ചരിത്രം, മുതലായ വിഷയങ്ങളെ അധികരിച്ചു കഴിഞ്ഞ മുപ്പതുവഷ്ങ്ങൾക്കിടയിൽ പലേ ഉപന്യാസങ്ങൾ പത്രഗ്രന്ഥപംക്തികളിൽ ഞാൻ പ്രസിദ്ധപ്പെട്ടുത്തീട്ടുണ്ട്. ആ ഉപന്യാസങ്ങൾ ഇപ്പോൾ പ്രായേണ അലഭ്യങ്ങളാണെന്നു മാത്രമല്ല, അവ അന്തർഭവിച്ചിരുന്ന പത്രഗ്രന്ഥങ്ങളിൽ പലതും നാമാവശേഷമായിട്ടുപോലുമുണ്ട്. അതിനാൽ അത്തരത്തിലുള്ള ഉപന്യാസങ്ങൾ ഒന്നിച്ചുചേർത്തു പുസ്തകരൂപത്തിൽ പ്രകാശനംചെയ്യുന്നതു ഭാഷാഭിമാനികളായ കേരളീയരുടെ ജ്ഞാനാഭിവൃദ്ധിക്കു് ഉതകുമെന്നു് എന്റെ ചില സ്നേഹിതന്മാർ അഭിപ്രായപ്പെട്ടുകയുണ്ടായി. ആ അഭിപ്രായത്തെ ആദരിച്ചു് അവയിൽ തല്ക്കാലം പ്രസിദ്ധീകരണാർഹങ്ങളെന്നു തോന്നിയ ഉപന്യാസങ്ങളെ സമാഹരിച്ചു് 'വിജ്ഞാനദീപിക' എന്ന പേരിൽ ഒരു പുസ്തകം എന്റെ ആരാധനാമൂർത്തിയായ കൈരളീദേവിയുടെ പാദകമലങ്ങളിൽ ഞാനിതാ ഭക്തിപുരസ്സരം സമർപ്പിച്ചുകൊള്ളുന്നു. ഇപ്പോൾ അവതരിപ്പിക്കുന്നതു 'ദീപിക'യുടെ ഒന്നാംഭാഗമാണു്; ഇതു പ്രായേണ കേരളസാഹിത്യകാരന്മാരെ പരാമർശിക്കുന്നു. നമ്മുടെ സാഹിത്യചരിത്രം സംബന്ധിച്ചുള്ള പലേ രഹസ്യങ്ങളും ഇദംപ്രഥമമായി എനിക്കു കണ്ടുപിടിക്കുന്നതിനു് ഇടയായിട്ടുണ്ടു്; അവയെന്തെന്നു് വിശദമായി വായനക്കാർക്കു് ഈ ഉപന്യാസങ്ങളിൽനിന്നു ഗ്രഹിക്കുവാൻ കഴിയുന്നതുമാണു്. ഈ പുസ്തകത്തിൽ അവിടവിടെയായി സന്ദർഭാനുരോധേന ഒട്ടധികം സംസ്കൃതശ്ലോകങ്ങളുംമറ്റും ഉദ്ധരിക്കേണ്ടിവന്നിട്ടുണ്ടു്. അവസ്സു് അതിവിസ്തൃതമല്ലാത്ത ഒരു ടിപ്പണി എന്റെ സുഹൃത്തമനും സാഹിത്യമർമ്മജ്ഞനുമായ പണ്ഡിതർ ഈ. വി. രാമൻനമ്പൂതിരി എഴുതിച്ചേർത്തിട്ടുള്ളതു ഗ്രന്ഥാവസാനത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. സംസ്കൃതാനഭിജ്ഞന്മാരായ വായനക്കാർക്കു് ഈ ടിപ്പണി എഴുതിത്തന്ന പണ്ഡിതരോടും പുസ്തകം അച്ചടിച്ചുതന്ന സുപ്രസിദ്ധപുസ്തകവ്യാപാരികളായ "ശ്രീരാമവിലാസം" രച്ചുക്കുടുമമെസ്ഥന്മാരോടും എനിക്കുള്ള കൃതകേതരമായ കൃതജ്ഞതയെ ഈ മുഖവുര തീരുന്നതിനു മുൻപായി രേഖപ്പെടുത്തിക്കൊള്ളട്ടെ.

തിരുവനന്തപുരം,
23—11—1105.

ഉള്ളൂർ എസ്സു്. പരമേശ്വരയ്യർ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

വിജ്ഞാനദീപിക

ഒന്നാം ഭാഗം

—:0:—

1. ഭാഷാകവിത

ഏതദ്ദേശീയഭാഷകളുടെ പോഷണം അനാവശ്യകമാണെന്നു വാദിക്കുന്നവർ പല തരക്കാരാണു്. "ഓറിയന്റൽ ആയിട്ടുള്ള ലാൻഗ്യുവേജസ് ഒക്കെ ഒരുമാതിരി വത്തു്ലെസ്സു് അല്ലേ? അവയ്ക്കു് എങ്കിലും ഇംപ്രൂവ്മെന്റു് ഇഫെക്റ്റു ചെയ്യുന്നതു വളരെ ഇംപ്രാക്റ്റിക്കെബിൾ ആയിട്ടുള്ള ഒരു മാറ്റർ അല്ലേ?" എന്നുംമറ്റും ചോദിക്കുന്ന ചില "പുത്തൻ കൂറ്റുകാരും", സാക്ഷാൽ ദേവന്മാർ സംസാരിക്കുന്ന സംസ്കൃതഭാഷവിട്ടു നരകൃമികൾ പുലമ്പുന്ന നാട്ടുഭാഷകളിൽ ജനങ്ങൾക്കു് അഭിരുചി ജനിക്കുന്നതു കലികാലത്തിന്റെ വിലാസങ്ങളിൽ ഒന്നാണെന്നു ധരിച്ചുവച്ചിട്ടുള്ള ചില കൂപമണ്ഡൂകങ്ങളും, രാജഭാഷയായ ഇംഗ്ലീഷോ അല്ലെങ്കിൽ ബംഗാളി, ഹിന്ദി മുതലായ പൌരസ്ത്യഭാഷകളിൽ ഏതെങ്കിലും ഒന്നോ കാലാന്തരത്തിൽ മലയാളത്തെ ആരോന്റെ സപ്പും അന്യസപ്പുങ്ങളെ എന്നപോലെ ഗ്രസിച്ചുകളയുമെന്നു ദിവാസ്വപ്നം കാണുന്ന ചില പച്ചപ്പരമാത്മികളും ഈ കൂട്ടത്തിൽ ഉൾപ്പെട്ടും. ഇങ്ങനെയുള്ളവരെത്തള്ളിയാൽ ബാക്കിപ്പേക്കു സ്വഭാഷാസാഹിത്യപോഷണം സ്വകുടുംബപോഷണമോ സ്വകുക്ഷിപൂരണമോ പോലെതന്നെ അപരിത്യാജ്യമാണെന്നുള്ള ബോധം ജനിക്കാതെയിരിക്കയില്ല.

ഭാഷാസാഹിത്യപോഷണത്തിനായി കേരളീയർ പ്രയത്നിക്കേണ്ട കാലവും ഇതുതന്നെയാണു്. ദക്ഷിണഭോജരാജനെന്നും കവിരാജകുമാരനെന്നുമുള്ള അപരാഭിധാനങ്ങളോടുകൂടി ശൈലാബ്ധീശ വംശത്തെ അലങ്കരിക്കുന്ന വിദ്വാൻ മാനവിക്രമ എട്ടൻ തമ്പുരാൻ തിരുമനസ്സുകൊ

Digitized By Kerala Sahitya Akademi

ണ്ട സാമൂതിരി പദത്തെ അധിരോഹണം ചെയ്തിരിക്കുന്നതു് ഇപ്പോളാണു്. ന്യായപണ്ഡിതനെന്നും ന്യായപ്രവൃത്തനെന്നും പ്രസിദ്ധനായ കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ രക്ഷാധികാരത്തിൽ ഒരു ഭാഷാസാഹിത്യപോഷണസഭ ഏർപ്പെട്ടുത്തീട്ടുള്ളതും ഇപ്പോളാണു്. വിശേഷിച്ചു് ഏതൊരു മഹാത്മാവിനാൽ നമ്മുടെ ഈ വഞ്ചിഭൂമി രാജനഗരി ആക്കുന്നതോ, ഏതൊരു പുണ്യപുരുഷന്റെ തിരുവവതാരത്തിനാൽ ശ്രീമൂലനക്ഷത്രം ധന്യധന്യമാകുന്നുവോ, ഏതൊരു രാജഷിയുടെ ഭരണനയത്താൽ പ്രജകൾ പരമൈശ്വര്യത്തെ പ്രാപിക്കുന്നുവോ, ഏതൊരു കരുണാനിധിയുടെ തിരുനാളാഘോഷസംബന്ധമായി ഈ "വിദ്യാഭിവർദ്ധിനിമഹാസഭ" നടത്തപ്പെടുന്നുവോ, ആ അജാതശത്രു അത്ഭുതചരിത്രൻ, അലോകസാമാന്യഗുണൻ; അഭിനവശ്രീരാമചന്ദ്രൻ, നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു ഭാഷാഭിമാനികളിൽ അഗ്രഗണ്യനായ ഇന്നത്തെ അഗ്രാസനാധിപതി*യുടെ അദ്ധ്യക്ഷതയിൽ ഒരു നാട്ടുഭാഷാവിദ്യാഭ്യാസക്കമ്മറ്റിയെ കല്പിച്ചു നിയമിച്ചിരിക്കുന്നതും ഇപ്പോളാണു്. ഈ അവസരത്തെ ഭാഷാബന്ധുക്കൾ വേണ്ടതുപോലെ വിനിയോഗിക്കേണ്ടതു് അവരുടെ കർത്തവ്യകർമ്മമാണെന്നുള്ളതു് അനുക്തസിദ്ധമാണല്ലോ.

ഇംഗ്ലീഷു്, സംസ്കൃതം മുതലായ അന്യഭാഷകളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ മലയാളത്തിന്റെ അവസ്ഥ അത്ര അഭിമാനജനകമല്ലെങ്കിലും അതിലെ പദ്യസാഹിത്യം കേരളീയർക്കു് അപലപനീയമായോ അഭിനന്ദനത്തിനു് അനർഹമായോ കാണപ്പെടുന്നില്ല. ആവാട്ടുര അയ്യപ്പിള്ളി ആശാൻ, കണ്ണശ്ശൻ പറമ്പിൽ രാമപ്പണിക്കർ, ചെറുശ്ശേരി നമ്പൂരി, തുഞ്ചത്തു് എഴുത്തച്ഛൻ, വിദ്വാൻ കോട്ടയത്തു രാജാവു്, കല്ലക്കത്തു കുഞ്ചൻനമ്പിയാർ, അശ്വതിതിരുനാൾ ഇളയതമ്പുരാൻ, ഇരയിമ്മൻതമ്പി, കേരളവർമ്മ വലിയകോയിത്തമ്പുരാൻ എന്നീ നവരത്നങ്ങളുടെ കിരണകന്ദളങ്ങളെക്കൊണ്ടു സവിശേഷം പ്രശോഭിക്കുന്ന ഈ പദ്യസാഹിത്യമാല ഏതു സഹൃദയനേയും അപഹൃതചിത്തവൃത്തിയാക്കിത്തീർക്കുന്നതിനു പര്യാപ്തമാണു്. ആ രത്നങ്ങളിൽ പല കാരണങ്ങൾകൊണ്ടും നടനായകമെന്നു ഗണിക്കേണ്ട കഞ്ചൻനമ്പ്യാരേപ്പോലെ സർവതന്ത്രസ്വതന്ത്രനായ ഒരു കവിസാർവഭൌമൻ ഒരു രാജ്യത്തും ഒരു കാലത്തും ജീവിച്ചിരുന്നിട്ടില്ലെന്നുള്ളതും സർവസമ്മതമാകുന്നു. ഷേക്സ്പീയർ, ഗീഥേ, ഹോമർ, വാല്മീകി മുതലായ മഹാകവികളുടെ നാമധേയങ്ങൾ ഓരോ ദേശത്തിന്റെ അഭിമാനസ്തംഭങ്ങളായി ഇന്നും നിലനി

---

* ദിവാൻ ബഹദൂർ ഏ. ഗോവിന്ദപ്പിള്ള.

Digitized By Kerala Sahitya Akademi

ല്ലുന്നുണ്ട്. അവക്കു തുല്യമായ ഒരു സ്ഥാനത്തെ അദ്വിതീയമായ പ്രഭാവത്തോടുകൂടി ആരോഹണം ചെയ്യുകനിമിത്തം കേരളത്തിന്റെ അഭിമാനസ്തംഭമായി അമാനുഷനായ കുഞ്ചൻനമ്പ്യാരുടെ നാമധേയവും നിലനിന്നുപോരുന്നു. പൂർവോക്തന്മാരായ മഹാകവികൾ അസ്ഥിവാരം ഉറപ്പിച്ചുതന്നിട്ടുള്ള കവിതാസൗധത്തെ കെട്ടിക്കിളത്തേണ്ട ചുമതല മാത്രമേ ആധുനിക ഭാഷാപദ്യബന്ധുക്കൾക്കു് അവശേഷിക്കുന്നുള്ളു.

പദ്യഗ്രന്ഥങ്ങൾ ഭാഷയിൽ ഈ കഴിഞ്ഞ മുപ്പതുകൊല്ലങ്ങൾക്കിടയിൽ ധാരാളമായി ഉണ്ടായിട്ടുണ്ടു്; ഇപ്പോഴും ഉണ്ടായികൊണ്ടുതന്നെയിരിക്കുന്നുമുണ്ടു്. എന്നാൽ കണക്കുകൊണ്ടെന്നപോലെ കാര്യം കൊണ്ടു് ഇവയ്ക്കു നമ്മെ വിസ്മയിപ്പിക്കുന്നതിനു സൌകര്യമില്ലാതേയാണിരിക്കുന്നതു്. ഭാഷയുടെ ഇപ്പോഴത്തേസ്ഥിതിക്കു പദ്യഗ്രന്ഥങ്ങളെക്കാൾ ആവശ്യമായിട്ടുള്ളതു് ഗദ്യഗ്രന്ഥങ്ങളാണെന്നു പലരും പറയുന്നുണ്ടു്. ആ അഭിപ്രായത്തെ ഞാനും അനാദരിക്കുന്നില്ല. എന്നാൽ അവരിൽ ആരെങ്കിലും ഒരു ഭാഷയ്ക്കു വേണ്ടതായ പദ്യഗ്രന്ഥങ്ങളെല്ലാം മലയാളത്തിൽ ഉണ്ടായിക്കഴിഞ്ഞു എന്നു വിചാരിക്കുന്നുണ്ടെങ്കിൽ അതു് അത്യന്തം അബദ്ധമാണു്.

കവിയശസ്സു് ആരും കാംക്ഷിക്കുന്നതും നിവൃത്തിയുണ്ടെങ്കിൽ കാംക്ഷിക്കേണ്ടതും ആയ ഒരു അനഘ്ഘനിധിയാണെന്നുള്ളതു നിസ്സംശയംതന്നെ. ക്ഷേമേന്ദ്രൻ കവിയശഃപ്രാർത്ഥികളെ അല്പപ്രയത്നസാദ്ധ്യന്മാർ, കൃച്ഛ്രസാദ്ധ്യന്മാർ, അസാദ്ധ്യന്മാർ എന്നിങ്ങനെ മൂന്നുതരക്കാരായി പേർതിരിച്ചിരിക്കുന്നു. അവരിൽ അസാദ്ധ്യന്മാർ കവിതാവനിതയെ ബലാദാകർഷണം ചെയ്യുന്നതുകൊണ്ടു് അവക്കും ലോകത്തിനും ഒരു പ്രയോജനവുമില്ല. അതിലും വിശേഷിച്ചു ഭാഷാകവിത എഴുതി ഫലിപ്പിക്കുവാൻ വളരെ പ്രയാസമുണ്ടു്. "ഭാഷാകവിത മഹാവൈഷമ്യ"മെന്നും "ശിവശിവകവിതാരീതി വൈഷമ്യമത്രേ" എന്നും പറഞ്ഞതു സാക്ഷാൽ കുഞ്ചൻനമ്പ്യയാർ തന്നെയാണു്. സംസ്കൃതകവികൾക്കുള്ള സൌകര്യങ്ങളിൽ പലതും ഭാഷാകവികൾക്കില്ല. ലോകം വശ്യവാക്കെന്നു വച്ചിരിക്കുന്ന സാക്ഷാൽ കാളിദാസരല്ലേ പദങ്ങളെ തിരിച്ചും മറിച്ചും, വളച്ചും പിരിച്ചും, "തിതീഷുർദ്ദുസ്തരം മോഹാദുഡുപേനാസ്മി സാഗരം" എന്നു് എഴുതിയതു്? മലയാളത്തിൽ ഈ ജാലവിദ്യയ്ക്കു സ്ഥാനമില്ല. "നേരേവാ നേരേപോ" എന്നുള്ള മട്ടേ ഇവിടെ പറ്റുള്ളു. അതാണു് ചാത്തുക്കുട്ടിമന്നാടിയർ—

ഒന്നായ് ചേക്കയുമാം പദങ്ങളിടവിട്ടെങ്കിലും ചേർത്തിടാം;
പിന്നിൽചേർത്തവിശേഷണങ്ങളുടെ മുൻ ചേക്കാം വിശേഷ്യങ്ങളെ;

Digitized By Kerala Sahitya Akademi

പിന്നെ പ്രാസവുമത്ര വേണ്ട; വളരെക്കിട്ടും പദം സംസ്കൃതേ,—
യെന്നാൽ കേരളഭാഷയിങ്കലതുപോലല്ലായ്കയാൽ ദുഷ്കടം."

എന്ന ജാനകീപരിണയത്തിൽ അനുശോചിക്കുന്നതു്.

"പാദം നാലിലുമൊത്തുവെന്നുവരണം രണ്ടാമതാമക്ഷരം;
വൃത്തം പൂത്തിവരായ്കിലോ വിടപടച്ചീടാം നിരത്തോകയാൽ;
യത്നിക്കേണ്ട യതിക്കു; സംസ്കൃതപദം കുത്തിച്ചെലുത്താം നിറ—
ച്ചത്ഥം ചേർന്നവരും മുറയ്ക്കു തനിയേ; ശ്ലോകം ചമച്ചേക്കണം".

എന്നായിരുന്നു അടുത്തകാലംവരെയുള്ള പ്രമാണം. ഇപ്പോൾ "പാദം നാലിലുമൊത്തുവെന്നു വരണം രണ്ടാമതാമക്ഷരം" എന്നുള്ള നിയമവും അവർ അനുസരിക്കണമെന്നില്ല. ഒരുവൻ രാജരാജവർമ്മ പ്രസ്ഥാനക്കാരനാണെന്നു നടിച്ചുകളഞ്ഞാൽ അവനു് ആ ബുദ്ധിമുട്ടും നീങ്ങി, സർവസ്വാതന്ത്ര്യവുമായി. പിന്നെ വൃത്തത്തിന്റെ ഉപദ്രവം ഒന്നുമാത്രമേയുള്ളു. അതു് അയൽക്കാരിൽ ആരെയെങ്കിലും കൊണ്ടു് നിവർത്തിക്കാവുന്നതുമാണു്. ഇങ്ങനെയായാൽ എത്ര പദ്യങ്ങൾ വേണമെങ്കിൽ നിഷ്പ്രയാസമായി എഴുതരുതേ? ആരെങ്കിലും ചോദിച്ചാൽ അതാണു് വൈദർഭീരീതി എന്നു സമാധനവും പറഞ്ഞേക്കണം. കഷ്ടം! ഇവരാണോ രാജരാജവർമ്മ പ്രസ്ഥാനവും വൈദർഭീരീതിയും കണ്ടവർ? രാജരാജവർമ്മ പ്രസ്ഥാനത്തിൽ കവിത എഴുതി ഫലിപ്പിക്കുന്നതിനുള്ള പ്രയാസം ഇവർ അറിഞ്ഞിട്ടുണ്ടോ? ഈ വക അസാദ്ധ്യന്മാരിൽ ഒരാളോടാണു് വെണ്മണി മഹൻ നമ്പൂരിപ്പാട്ടു്—

"എന്തോവിസ്മയമേറുമില്ല കവിതാസാമർത്ഥ്യമെന്നാൽ ഭവാ—
നിന്തോറെക്ഷണിച്ചിവണ്ണമുളവാക്കീട്ടെത്ര സാദ്ധ്യം സഖേ!?
മുന്നേ ഗർഭിണിയായ നാൾ മുദിതയായ് മാതാവു നേർന്നിട്ടുമു—
ണ്ടെന്നോ താൻ കവിയായ് ജനങ്ങളെ വലിച്ചീടേണമെന്നിങ്ങനെ?

എന്നു ചോദിച്ചതു്? നിർല്ലജ്ജതാദേവിയുടെ പരിപൂർണ്ണപ്രസാദം സിദ്ധിച്ചിട്ടുള്ള ഈ കൂട്ടരെ തള്ളി സരസ്വതീദേവിയുടെ അനുഗ്രഹകണികലഭിച്ചിട്ടുള്ള കവിയശഃപ്രാർത്ഥികൾ കാലാന്തരത്തിൽ സൽക്കവികളായ് തീരുന്നതിനുള്ള മാർഗ്ഗം എന്താണെന്നു നമുക്കു വിചിന്തനം ചെയ്യാം.

ഇങ്ങനെയുള്ളവർ ആദ്യമായി വേണ്ടതു കുറെ കാവ്യനാടകാലങ്കാരവ്യുൽപത്തി സമ്പാദിക്കുകയാകുന്നു. ഭാഷാകവി ആകുവാൻ ശ്രമി

Digitized By Kerala Sahitya Akademi

ക്കുന്ന ഒരുവൻ ശബ്ദേന്ദുശേഖരമോ ബ്രഹ്മസൂത്രഭാഷ്യമോ ഉരുവിടേണ്ട ആവശ്യമില്ല. പദവാക്യപ്രമാണപാരാവാരപാരീണത, സാമാന്യന്മാക്ക് അസാദ്ധ്യവും, കവിതയെ സംബന്ധിച്ചിടത്തോളം, അനാവശ്യവുമാണ്. നേരേമറിച്ചു അതിയായ ശാസ്ത്രജ്ഞത കവികൾക്ക് ഒരു ന്യൂനത ആയിക്കൂടി പരിണമിച്ചേക്കുമെന്നാണ് അഭിയുക്തവചനം. ഷേക്സ്പീയറും, ബർൺസും, വെൺമണിമഹനും പണ്ഡിതന്മാരല്ലെങ്കിലും മഹാകവികളായിരുന്നു. ചാറത്സ്ഡാർവിനും, ഇമാന്യുവെൽ ക്യാന്റും കൈക്കുളങ്ങരെ രാമവാരിയരും കടയം സുബ്രാദീക്ഷിതരും മഹാവിദ്വാന്മാരായിരുന്നുവെങ്കിലും കവികളായിരുന്നില്ല.

"നൈവ വ്യാകരണജ്ഞമേതി പിതരം; ന ഭ്രാതരം താർക്കികം;
ദുരാൽസങ്കുചിതേവ ഗച്ഛതി പുനശ്ചണ്ഡാലവച്ഛ്വാന്തസാൽ;
മീമാംസാനിപുണം നപുംസകമിതി ജ്ഞാത്വാ നിരസ്താദരാ
കാവ്യാലങ്കരണജ്ഞമേവ കവിതാകാന്താ വൃണീതെ സ്വയം".

എന്നുള്ള ശ്ലോകം സുപ്രസിദ്ധമാണല്ലോ. ശാസ്ത്രവ്യൽപത്തിയും കവിതാവാസനയും കൂടി യോജിക്കരുതെന്നു വിധിയില്ല.

"സാഹിത്യേ സുകുമാരവസ്തുനി ദൃഢന്യാസഗ്രഹഗ്രന്ഥിലേ
തർക്കേ വാ മയി സംവിധാതരി സമം ലീലായതേ ഭാരതീ".

എന്നു പറവാൻ കഴിവുള്ള സുകൃതികളുടെ സംഖ്യ തുലോം ചുരുങ്ങുമെന്നു മാത്രമേ ഞാൻ പറഞ്ഞതിനു് അർത്ഥമുള്ളൂ. ശങ്കരാചാര്യർ, ശ്രീഹർഷൻ, ജഗന്നാഥപണ്ഡിതർ, മേൽപുത്തൂർ നാരായണഭട്ടതിരി, കൊട്ടങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാൻ, കേരളവർമ്മ വലിയകോയിത്തമ്പുരാൻ മുതലായ മഹാനുഭാവന്മാർ "കസ്തൂരീഘനസാരസൌരഭസുഹൃദ്യൽപത്തിമാധുര്യ"ങ്ങളുടെ യോഗം സിദ്ധിച്ചവരാണു്.

വളരെയൊന്നുമില്ലെങ്കിലും കവികൾക്കു് ഒരുവിധം കാവ്യനാടകാലങ്കാരവ്യൽപത്തി ലഭിക്കാതെ നിവൃത്തിയില്ലതന്നെ. ഇപ്പോൾ ഭാഷയിൽ ശ്രീകൃഷ്ണവിലാസം, രഘുവംശം, കുമാരസംഭവം മുതലായ സംസ്കൃതകാവ്യങ്ങളുടെ തർജ്ജിമകളും, തുമ്മാങ്ഗദചരിതം, മലയാം കൊല്ലം മുതലായ സ്വതന്ത്രകാവ്യങ്ങളും, ശാകുന്തളം, ഉത്തരരാമചരിതം, വിക്രമോർവശീയം, മാലതീമാധവം മുതലായ രൂപകങ്ങളുടെ ഭാഷാന്തരങ്ങളും ഉമാവിവാഹം, കല്യാണീനാടകം, ചന്ദ്രിക മുതലായ സ്വതന്ത്രരൂപകങ്ങളും, വൃത്തമഞ്ജരി, ഭാഷാഭൂഷണം മുതലായ ഛന്ദോലങ്കാരഗ്രന്ഥങ്ങളും

Digitized By Kerala Sahitya Akademi

ഉണ്ടായിട്ടുണ്ടല്ലോ. ഇവയെ യഥാക്രമം ആചാര്യമുഖേന പരിശീലിക്കയും എഴുത്തച്ഛൻ, നമ്പിയാർ, പുനം, മഴമംഗലം മുതലായ ഭാഷാകവികേസരികളുടെ പ്രബന്ധങ്ങൾ പാരായണം ചെയ്കയും ചെയ്താൽ ഒരു വന്ന ഭാഷാകവിതയ്ക്കു വേണ്ട ലോകവ്യൽപത്തി സമ്പാദിക്കുവാൻ വലിയ ഞെരുക്കമൊന്നുമുണ്ടാകയില്ല. എന്നാൽ ഭാഷാകവിതയ്ക്കു സംസ്കൃതത്തിന്റെ സഹായം അപരിത്യാജ്യമാകയാൽ ഭാഷാകവികളാകണമെന്ന മോഹിക്കുന്നവർ സംസ്കൃതത്തിലും ഒരു മാതിരി കാവ്യനാടകാലങ്കാരവ്യൽപത്തി ലഭിക്കുവാൻ ശ്രമിക്കേണ്ടതാണു്. അല്ലെങ്കിൽ,

"യസ്യ ഷഷ്ഠീ ചതുർത്ഥീ ച
വിഹസ്യ ച വിഹായ ച
അഹം കഥം ദ്വിതീയാ സ്യാൽ
ദ്വിതീയാ സ്യാമഹം കഥം ?"

എന്ന മനോരമത്തമ്പുരാട്ടി ഒരിക്കൽ തന്റെ ഭർത്താവിനെ ഉദ്ദേശിച്ചു ചോദിച്ചതുപോലെ കവിതാംഗന അവരെ ഉദ്ദേശിച്ചും ചോദിച്ചു പിൻമാറുന്നതിനേ നിവൃത്തിയുള്ളു. സംസ്കൃത ഭാഷയെപ്പറ്റി ഒരറിവുമില്ലാത്ത നിമിത്തം

"കോനംഗശ്ചാപമാദത്തേ
മന്ദം ക്വജതി ഇത്യപി."

എന്നെഴുതുന്ന കവികൾ കേരളത്തിൽ ഇപ്പോൾ പൂവ്വാധികമായി വർദ്ധിച്ചിട്ടുണ്ടു്. "പൂസ്തീയിൽകൊണ്ടന്നിരുത്തി പിന്നെ" എന്നുള്ളതു് ഒരു ആധുനിക കവിയുടെ തൂക്കൈവിളയാട്ടമാണു്! "പൂസ്തീപുരീനഗയ്യൗവാ"—എന്നമരം; പൂസ്തീയെന്നാൽ പുരി; പോരെ! പിന്നെന്തുവേണം!!

" ന വേദജ്ഞാനം ന ച ശാസ്ത്രജ്ഞാനം
കവിത്വതാ നാസ്തീ f കുതോനുപ്രജ്ഞാ ?
തഥാപികിഞ്ചിൽ കവയാമി ശ്ലോകം
ശ്രോത്രുസ്പുടത്തോഷകരം ഗുണാനാം. "

എന്നെഴുതി ഞെളിഞ്ഞാൽ മതിയെന്നുള്ളവക്കു സംസ്കൃതത്തിന്റെ ജ്ഞാനം അശേഷം വേണമെന്നില്ല. പക്ഷെ ഒരു നല്ല മണിപ്രവാളകവി എന്ന പേരെടുക്കണമെന്നുള്ളവനു കിരാതാർജ്ജുനീയം, മാഘം, നൈഷധം മുതലായ കാവ്യങ്ങളും മറ്റും പഠിക്കാതെ തരമില്ല. എത്ര വ്യുല്പത്തി

Digitized By Kerala Sahitya Akademi

യുണ്ടായാലും തനിക്ക് അത്ഥം നിശ്ചയമില്ലാത്തതോ പൂർവ കവികൾ പ്രയോഗിച്ചു കണ്ടിട്ടില്ലാത്തതോ ആയ യാതൊരു പദവും താൻ പ്രയോഗിക്കുന്നതല്ലെന്നു് ഒരു നിയമം വച്ചുകൊണ്ടിരുന്നാൽ മാത്രമേ സാമാന്യന്മാക്കു് അബദ്ധത്തിൽ ചാടാതെ കഴിച്ചുകൂട്ടുവാൻ തരമുള്ളു. നിയമത്തെ അനുസരിച്ചു പ്രവത്തിക്കുന്നതുകൊണ്ടു് ആക്കും ഒരു നഷ്ടവും വരാനുമില്ല:

ഇത്രയും വ്യൽപത്തി സമ്പാദിച്ചതിനുമേൽ വൃത്തത്തിലും യതിയിലും നിശ്ചയം വരുത്തുവാൻ കവിയശഃപ്രാത്ഥികൾ ശ്രമിക്കണം. വാസനയുള്ളവന്റെ പദ്യങ്ങളിൽ വൃത്തഭംഗമോ യതിഭംഗമോ ഒരിക്കലും കടന്നുകൂടുന്നതല്ല.

മാവേലിക്കരമന്ന! മാന്യതയെഴും മന്നാടിയാരേ! നമു–
ക്കീവേലയ്ക്കൊരബദ്ധമച്ചുപിഴയിൽപ്പെട്ടേ പെട്ടുള്ളു ദൃഢം.''

എന്നു കൊട്ടങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഒരിക്കൽ എഴുതിയിരുന്നതു്, അവിടത്തേപ്പോലെയുള്ള വാസനാകവികളുടെ വിഷയത്തിൽ എത്രയും വാസ്തവമാണു്. സ്രുഗ്ധരയും കുസുമമഞ്ജരിയും കേൾക്കുമ്പോൾ ചെവിക്കു് ഒന്നുപോലെ തോന്നുന്നവനും, അക്ഷരമെണ്ണി ഗണം നിശ്ചയിച്ചു ലക്ഷണമൊപ്പിച്ചു വൃത്തം കണ്ടുപിടിക്കുന്നവനും, മാത്രാവൃത്തങ്ങളുടെ വിഷയത്തിൽ എത്രയും പിടിയും കിട്ടാതെ വിഷമിച്ചുനില്ക്കുന്നവനും, പദ്യമെഴുതുവാൻ ഒരിക്കലും പുറപ്പെടരുതു്. കുമ്മ്റസാദ്ധ്യനുവേണമെങ്കിൽ നിരത്ഥകമായി

'' ആനന്ദമന്ദമരവിന്ദമരന്ദസാന്ദ്രം
കുന്ദേന്ദുകന്ദപരിനിന്ദിതചന്ദ്രവൃന്ദം ''

എന്നിങ്ങനെ അക്ഷരം ചേത്തെഴുതി വൃത്തബന്ധത്തിൽ നിശ്ചയം വരുത്തിനോക്കാം. ഏതെങ്കിലും ഒരു പ്രാചീനപദ്യമെടുത്തു് അവിടവിടെ പദങ്ങളെമാറ്റി അതിലുള്ള അത്ഥം ആ വൃത്തത്തിലോ അന്യവൃത്തത്തിലോ ആക്കിപൂരിപ്പിച്ചു പഠിക്കുന്നതും ഒരു നല്ല പരിശീലനസമ്പ്രദായമാണു്.

'' സുമാനുഷീ സമ്പ്രതി ഗോപഗേഹേ
കുമാരിയെത്താൻ പ്രസവിച്ചുശേതേ ''

എന്ന പദ്യാദ്ധത്തെ

Digitized By Kerala Sahitya Akademi

" സുമാനുഷീ ഗോപഗൃഹത്തിലിപ്പോൾ
കുമാരിയെപ്പെറ്റു കിടന്നിട്ടുന്നു "

എന്നും

" പാറപ്പുറംപോലെ വിശാലമസ്യാ
മാറത്തു ഗോപാലകബാലകൻതാൻ
കാറൊത്തവണ്ണൻ കരവും കുടഞ്ഞ-
ങ്ങേറെത്തെളിഞ്ഞാശു കളിച്ചുമേവി. "

എന്ന പദ്യത്തെ

" പാറപ്പുറപ്പടി പരന്നൊരവൾക്കുവാസ്ഥ്മം
മാറത്തു ഗോപശിശുവാമരവിന്ദനാഭൻ
കാറൊത്ത മേനിയുടയോൻ കരവും കുടഞ്ഞ-
ങ്ങേറെത്തെളിഞ്ഞു വിരവോട്ട കളിച്ചുമേവി. "

എന്നും പരാവർത്തനം ചെയ്യുന്നതു് ഒരു ആശാസ്യമായ അഭ്യാസമാണു്. ഭാഷയിൽ പണ്ടു ചമ്പുപ്രബന്ധ കർത്താക്കന്മാരും മറ്റും യതിഭംഗത്തോടുകൂടിയല്ലാതെ പദ്യങ്ങൾ നിർമ്മിച്ചിരുന്നില്ല. മലയാളത്തിനു് ഏതും മതിയെന്നായിരുന്നിരിക്കണം അക്കാലത്തു് അവരുടെ വിചാരം. അവിടം കഴിഞ്ഞുപോയി. സംസ്കൃത കവികൾ യതിഭംഗത്തെ എത്ര വലിയ ഒരു ദോഷമായാണു കരുതിയിരിക്കുന്നതു് എന്നു നാം ഓർക്കണം. യതിഭംഗമുള്ള പദ്യം അതിനു മറ്റു് എന്തെല്ലാം ഗുണങ്ങളുണ്ടെങ്കിലും ദുഷ്ടം തന്നേയാണു്.

" ഉടലതിരമ്യമൊരുത്തനു കാല്ക്കോരു
മുടവുണ്ടവനു നടക്കുന്നേരം;
മറ്റൊരു പുരുഷൻ സുന്ദരനെങ്കിലു-
മൊറ്റക്കണ്ണനതെന്നൊരു ദോഷം;
നല്ലൊരുവിദ്വാ,നവനുടെ വായിൽ
പല്ലുകളൊന്നും കാണ്മാനില്ല;
തിലകക്കുറിയും ചൊടിയും കൊള്ളാം;
തലയിലവന്നൊരു രോമവുമില്ല;
ശാസ്ത്രമശേഷം വശമൊരു പുരുഷനു

Digitized By Kerala Sahitya Akademi

ഗാത്രം കണ്ടാലയ്യോ! വികൃതം;
വ്യാകരണങ്ങൾ വ്യാഖ്യാനങ്ങളു-
മാകെത്തന്നെ മുഖസ്ഥമൊരുത്തനു;
വാക്കിനു ഫലിതവുമുണ്ടവനല്പം
കാക്കക്കണ്ണെന്നുണ്ടൊരു ദോഷം.
മിക്കതുമൊരുവനു ലക്ഷ്യം പദ്യമൊ-
രിക്കൽ കേട്ടാലങ്ങു ഗ്രഹിക്കാം;
വിക്കുകൾകൊണ്ടതു പറവാൻ വഹിയാ;
സൽക്കഥ വളരെയറിഞ്ഞൊരു ദേഹം;
കകകക കംസൻ കികികികി കൃഷ്ണൻ
പുപുപുപു പൂതനയെന്നാം കഥയിൽ. !!

എന്നു നമ്പിയാർ പറയുന്നതുപോലെ, അന്യഗുണങ്ങളിൽ ഒന്നും തന്നെ കവിക്ക് ഈ ഒരു ദോഷംകൊണ്ടു് പ്രയോജനപ്പെടാതെ തീന്നേക്കാം. അമ്പലപ്പുഴപ്പാൽപ്പായസമായാലും ഉപ്പുചേത്തു വിളമ്പിയാൽ ആസ്വദിപ്പാൻ ആരുമുണ്ടായിരിക്കുകയില്ലല്ലൊ.

മൂന്നാമതായി പദപ്രയോഗ വിഷയത്തിൽ സ്വാധീനത സമ്പാദിക്കണം. രീതി, വൃത്തി, ഗുണം, ശയ്യ, പാകം മുതലായവയുടെ സാരം മനസ്സിലാക്കി വേണ്ടവിധത്തിൽ സന്ദർഭാനുഗുണമായ ശബ്ദങ്ങൾ ഉചിത സ്ഥാനത്തിൽ പ്രയോഗിച്ചു പഠിക്കുന്നതുപോലെ ആവശ്യകമായ കായ്മും മറ്റു യാതൊന്നുമില്ല. പദപ്രയോഗ പാടവം ഇല്ലാത്തവനു് എത്ര നല്ല ഉല്ലേഖങ്ങൾ മനസ്സിൽ തോന്നിയാലും അവ

" ആത്മന്യേവ നിലീയന്തെ
ദരിദ്രാണാം മനോരഥാഃ !!

എന്ന മട്ടിൽ ജീവനോടുകൂടി വെളിയിൽ പുറപ്പെടുന്നതല്ല.

" വിവക്ഷിതാർത്ഥ പ്രതിപാദകം യേ
വിന്യാസഭേദം ന വിദുഃ പദാനാം
ദുഃഖാവഹോർത്ഥഃ സ്ഫുരിതോപി തേഷാം
ദൌർഭാഗ്യ ഭാജാമിവ പുത്രലാഭഃ !!

എന്നുള്ള അഭിയുക്ത വചനം സ്മരണീയമാണു്.

Digitized By Kerala Sahitya Akademi

" പദാനി ഭവ്യാനപി കാവ്യരീതി–
മസ്ഥാനദത്താനി ന ശോഭയന്തേ;
നാസാഗ്ര ലഗ്നേന ഭവേന്മുഖശ്രീ–
സ്ഥാടങ്കബിംബേന കിമങ്ഗനായാഃ ? "

എന്നും

" സാഹിത്യവിദ്യാം പദമേകമേവ
സർവാനവദ്യാമപി ഹന്തി ദുഃസഹം;
ദന്താവലീം മൌക്തികദാമരമ്യാം
ദംഷ്ട്രേവ വക്ത്രാൻ ബഹിരുല്ലസന്തീ. "

എന്നുംകൂടി നീലകണ്ഠദീക്ഷിതർ സമഞ്ജസമായി ഉപന്യസിക്കുന്നുണ്ട്.

ഈ അവസരത്തിൽ ദ്വിതീയാക്ഷര പ്രാസത്തെപ്പറ്റിക്കൂടി രണ്ടു വാക്കു പറയേണ്ടതായുണ്ട്. ശബ്ദഭംഗി മുഴുവൻ ദ്വിതീയാക്ഷര പ്രാസത്തിലാണു സ്ഥിതിചെയ്യുന്നതെന്നോ ദ്വിതീയാക്ഷരപ്രാസമുപേക്ഷിച്ചാൽ അതാണു് വൈദർഭീരീതിയെന്നോ ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ ആ വിചാരം രണ്ടും അബദ്ധമാണു്. വൈദർഭീരീതി സർവ്വഥാ ശ്ലാഘ്യം തന്നെയാണു്.

" അനഭ്രവൃഷ്ടിഃ ശ്രുതിനാമൃതസ്യ
സരസ്വതീ വിഭ്രമ ജന്മഭൂമിഃ
വൈദർഭരീതിഃ കൃതിനാമുദേതു,
സൌഭാഗ്യലാഭ പ്രതിഭൂഃ പദാനാം "

എന്നാകുന്നു ആപ്തവാക്യം. ഈ രീതി എന്താണെന്നുള്ളതു് സംസ്കൃതഭാഷാനഭിജ്ഞന്മാരായ കേരളീയർ ഭാഷാഭൂഷണത്തിൽനിന്നു് ഏറെക്കുറെ മനസ്സിലാക്കിരിക്കുമല്ലോ.

" ബന്ധപാരുഷ്യ രഹിതാ
ശബ്ദകാഠിന്യ വർജ്ജിതാ
നാതി ദീർഘസമാസാ ച
വൈദർഭീരീതിരിഷ്യതേ "

എന്നാണു് അതിന്റെ ലക്ഷണം. കവിതയ്ക്കു മാധുര്യം, സുകുമാരത, ഓജസ്സു്, കാന്തി, മുതലായവ ഓരോ ഗുണമാണു്. അതാതു ഗുണത്തിനനുസ

Digitized By Kerala Sahitya Akademi

രണമായുള്ള പദസംഘടനയെയാണ് രീതി എന്നു പറയുന്നതു്. ശൃംഗാരകരുണരസങ്ങൾ സ്ഫുരിക്കുന്ന ഘട്ടങ്ങളിൽ മാധുര്യസുകുമാരതകൾ ഉണ്ടായിരിക്കണം. രൌദ്രവീരരസങ്ങൾ സ്ഫുരിക്കുന്ന ഘട്ടങ്ങളിൽ നേരേമറിച്ചു് ഓജഃകാന്തികളാണു് വേണ്ടതു്. ശബ്ദതത്വത്തെ ആശ്രയിക്കുന്നതു രീതി; അർത്ഥതത്വത്തെ ആശ്രയിക്കുന്നതു വൃത്തി, ശൃംഗാരാദി രസസന്ദർഭങ്ങളിൽ കൈശികീ വൃത്തിയും വൈദർഭീരീതിയും യോജിക്കും. പ്രത്യുത, രൌദ്രാദി രസസന്ദർഭങ്ങളിൽ ആരഭടീ വൃത്തിയും ഗൌഡീരീതിയുമാണു് യോജിക്കുന്നതു്.

"ടവർഗ്ഗവർജ്ജിതാഃ സ്പർശാഃ
സ്വസ്വവർഗ്ഗാന്ത്യ ശേഖരാഃ
ലഘുരേഫലകാരൌ ച
കോമളാഃ പരികീർത്തിതാഃ

രേഫേണ യസ്യകസ്യാപി
യോഗ ആദ്യതൃതീയയോഃ
സ്വോത്തരാഭ്യാം തുലായോർവ്വാ
പരുഷാഷ്ടഗണശ്ലിഷ്ടൌ."

എന്നുള്ള ലക്ഷണത്തിൽനിന്നു കോമള വർണ്ണങ്ങളും പരുഷ വർണ്ണങ്ങളും ഏതെല്ലാമെന്നു മനസ്സിലാക്കുവാൻ കഴിയുന്നതാണു്. കോമളവർണ്ണങ്ങൾ ചേർത്തും ദുസ്സന്ധികൾ കൂടാതെയും വലിയ സമാസങ്ങൾ ഒഴിച്ചും രചിക്കുന്ന പദ്യങ്ങളെയാണു് വൈദർഭീരീതിയിലുള്ള പദ്യങ്ങൾ എന്നു പറയുന്നതു്. പ്രാചീന കവികളിൽ അശ്വതി തിരുനാൾ ഇളയ തമ്പുരാനേയും, ആധുനിക കവികളിൽ വള്ളത്തോൾ നാരായണമേനോനേയും ഈ രീതി സ്വാധീനമായിട്ടുള്ള കവികൾക്കു് ഉദാഹരണങ്ങളായി പറയാം.

"പാലാഴിപ്പെണ്ണുമാവാണിയുമണിവലയ-
കാണമോലും കരത്താൽ-
ചേലായ് വീശുന്ന വെൺചാമരമിരുവശവും
ചേർന്ന നിൻ ചാരുവക്ത്രം
ലീലാകുജന്മരാളദ്വയ നടുവിൽ വിള-
ങ്ങുന്ന ചെന്താമരപ്പൂ-
പോലായ്ക്കാമേശി! കാമേശ്വര മധുപനമ-
ന്ദോത്സവം നൽകിടുന്നു."

Digitized By Kerala Sahitya Akademi

ഇത്യാദി പദ്യങ്ങൾ എഴുതുവാൻ സാമാന്യന്മാരെക്കൊണ്ടു് ഒരിക്കലും സാധിക്കുന്നതല്ല. അശ്വതി തിരുനാൾ തിരുമനസ്സിലെ രുക്മിണി സ്വയംവരം കഥകളിയിൽ—

"മന്ദമന്ദമരവിന്ദസുന്ദരദൃശാ ഗിരീന്ദ്രദുഹിതുഃ പദാ–
ദിന്ദിരാമിവ കരാഞ്ചലാഞ്ചിതമരന്ദസാന്ദ്രപരമാലികാം
കുന്ദബാണവിജയശ്രിയം നൃപതിവൃന്ദമദ്ധ്യമുപസംഗതാം
സ്യന്ദനം സമധിരോപ്യ താം സമഭിനന്ദയൽ സ മധുസൂദനഃ."

എന്ന പദ്യം വൈദർഭിക്കും അതിനപ്പുറത്തുതന്നെ കിടക്കുന്ന—

"ബഭ്രുംഭ്രുഭംഗഭീമോ ഭുജവിധൃതബൃഹൽ–
പട്ടസസ്സാട്ടഹാസഃ
പ്രസ്ഫുഷ്ടാരാളദംഷ്ട്രായുഗള പരിലസൽ–
സ്രുകപിണീ ഘോരവക്ത്രഃ
ആരുന്ധാനോ രുഷാന്ധഃ പഥി മഥിതമധും
മാധവം ചേദിനാഥഃ
ക്ഷിപ്രം ദീപ്രാരുണാക്ഷഃ ക്ഷുഭിതരിപുബലോ
ത്രുക്ഷമിത്യാചചക്ഷേ"

എന്ന പദ്യം ഗൌഡികരുടെ ഉദാഹരണമാണു്. സന്ദർഭാനുസാരേണ ആ മഹാകവി രീതികൾക്കു് അവിടവിടെ വരുത്തിയിരിക്കുന്ന ഭേദങ്ങൾ ഏതു സഹൃദയനേയും ആശ്ചര്യപരതന്ത്രനാക്കിത്തീർക്കുന്നു.

മേൽ വിവരിച്ചതിൽനിന്നു ദ്വിതീയാക്ഷര പ്രാസത്തിനും രീതികൾക്കും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നു കാണാവുന്നതാണല്ലോ. ദ്വിതീയാക്ഷരപ്രാസം ഉപേക്ഷിച്ചതുകൊണ്ടോ അംഗീകരിച്ചതുകൊണ്ടോ മാത്രം ഒരു പദ്യം വൈദർഭീരീതിയായോ ഗൌഡീരീതിയായോ പരിണമിക്കുന്നതല്ല. അല്ലെങ്കിൽ "ബഭ്രുംഭ്രുഭംഗ" ഇത്യാദി പദ്യം വൈദർഭീരീതിയായും "മന്ദമന്ദമരവിന്ദ" ഇത്യാദി പദ്യം ഗൌഡീരീതിയായും തീരേണ്ടതല്ലേ? രണ്ടു പ്രസ്ഥാനങ്ങളേയും ആരും അന്യോന്യം നിന്ദിക്കേണ്ട ആവശ്യമില്ല. അവനവന്റെ രുചിപോലെ ദ്വി-പ്രാസം ചേർത്തോ ചേർക്കാതേയോ ആക്കാം ഭാഷാകവിത നിർമ്മിക്കാവുന്നതാണു്. എന്നാൽ ദ്വി–പ്രാസം ഇല്ലാത്തതുകൊണ്ടോ ഉള്ളതുകൊണ്ടോ മാത്രം ഒരു പദ്യം സഹൃദയന്മാരെ രസിപ്പിക്കുന്നതല്ലെന്നു് ഇത്രകൂട്ടരും മനസ്സിലാക്കണം.

Digitized By Kerala Sahitya Akademi

" അന്യനാനതിരക്തമായ് വിലസണം
ശബ്ദങ്ങളുത്ഥങ്ങളും;
പ്രാസാദ്യാഭരണങ്ങൾ വാങ്ങുവതിനാ-
യർത്ഥം കടംവാങ്ങൊലാ
ദോഷം നീക്കി വളച്ചുകെട്ടുകളൊഴി-
ച്ചൌചിത്യമോത്തോതണം
സൽക്കാവ്യോചിതമായവസ്തു വിവിധം
വ്യംഗ്യം വിളങ്ങും വിധം. "

എന്നുള്ള ആലങ്കാരികമതം ആരാല്യം ആദരണീയമാണ്. ഈ നിയമങ്ങളെല്ലാം അനുസരിച്ചു ദ്വിതീയാക്ഷര പ്രാസത്തോടുകൂടി ഭാഷയിൽ കവനം ചെയ്താൽ അതിൽ ആക്ഷം നിരസം തോന്നുവാനും വഴിയില്ല. "വശ്യവചസ്സുകളായ മഹാകവികൾ സരസങ്ങളായ ദ്വിതീയാക്ഷരപ്രാസങ്ങളോടുകൂടി ചമയ്ക്കുന്ന മണിപ്രവാള ശ്ലോകങ്ങൾക്കുള്ള രാമണീയക വിശേഷം ഒരിക്കലും ആക്ഷം അനപലപനീയമാകുന്നതുമല്ല" എന്നാണല്ലൊ ഭാഷാഭൂഷണത്തിൽ പറഞ്ഞിരിക്കുന്നതു്. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ, വള്ളത്തോൾ നാരായണമേനോൻ മുതലായ മഹാകവികളുടെ പദ്യങ്ങളിലുള്ള ശബ്ദഘടനയുടെ രഹസ്യം സൂക്ഷ്മമായി പരിശോധിച്ചു മനസ്സിലാക്കിയാൽ പദപ്രയോഗ വിഷയത്തിൽ ഗണനീയമായ സ്വാധീനത കാലാന്തരത്തിൽ കവിയശഃപ്രാർത്ഥികൾക്കു സിദ്ധിക്കാതെയിരിക്കുന്നതല്ല.

നാലാമതായി അർത്ഥത്തിൽ നിഷ്കൃഷ്ടവേണം. നവനവങ്ങളായ ഉല്ലേഖങ്ങൾ, നാനാസമ്പ്രദായത്തിലുള്ള അലങ്കാരങ്ങൾ, ഇവ മനസ്സിൽ തോന്നണമെങ്കിൽ സാമാന്യത്തിലധികം സൂക്ഷ്മദർശനം, സൂക്ഷ്മഗ്രഹണം, സൂക്ഷ്മധാരണം ഇവ ഉണ്ടായിരിക്കേണ്ടതാണു്. കാളിദാസൻ, ഭവഭൂതി, ഭോജൻ, ശ്രീഹർഷൻ മുതലായ സംസ്കൃതകവികളേയും ഷേക്സ്പീയർ, വേഡ്സ്വർത്തു്, ലോങ്ഫെല്ലോ, ടെനിസൺ മുതലായ ഇംഗ്ലീഷുകവികളേയും കമ്പർ, തിരുവള്ളുവർ, അതിവീരരാമപാണ്ഡ്യൻ, രാമലിംഗസ്വാമി മുതലായ ദ്രാവിഡകവികളേയും ചെറുശ്ശേരി, മഴമംഗലം, ഇരയിമ്മൻതമ്പി, ചങ്ങനാശേരി രവിവർമ്മകോയിത്തമ്പുരാൻ മുതലായ ഭാഷാകവികളേയും കണ്ടു പലതും പഠിക്കാനുണ്ടു്. കണ്ടുപഠിക്കുക എന്നു വച്ചാൽ

"ഛായോപജീവി പദകോപജീവീ
പാദോപജീവി സകലോപജീവീ"

Digitized By Kerala Sahitya Akademi

എന്ന ക്ഷേമേന്ദ്രൻ തരംതിരിക്കുന്ന നാലു പടികളിൽ ഏതെങ്കിലും ഒന്നിൽ നിന്നുകൊണ്ടു സാഹിത്യചൌര്യം ചെയ്യുക എന്നല്ല അർത്ഥം. ലോകത്തിലെ സർവസമ്മതന്മാരായ മഹാകവികളുടെ പരിശ്രമം ഈ വിഷയത്തിൽ എങ്ങനെ സഫലമായിരുന്നു എന്നു ഗ്രഹിക്കുവാൻ മാത്രമേ ഈ ശിക്ഷ പ്രയോജനപ്പെടുകയുള്ളു. അതുകൊണ്ടു കവിയശഃപ്രാർത്ഥികളുടെ ആവശ്യം ഘടിക്കുന്നതുമാണു്.

ഇത്രയും കൊണ്ടു കഴിഞ്ഞോ? ഇല്ല. ഇനിയുമുണ്ടു്. അഞ്ചാമതായി രസത്തിലേക്കു കടക്കണം. വർണ്ണ്യമായ രസത്തിനു പുഷ്ടിവരുത്തുന്ന കാര്യത്തിലാണു് കവിയുടെ ദൃഷ്ടി പ്രധാനമായി പതിയേണ്ടതു്.

"രസം രസജ്ഞാഃ കലയന്തി വാചി;
പരേ പദാർത്ഥാന്യപരേ പദാനി;
വസ്ത്രം കുവിന്ദാ വണിജോ വിഭ്രഷാം
രൂപം യുവാനശ്ച യഥാ യുവത്യാം."

എന്നുള്ള അഭിയുക്തവചനം കവിക്കു് എപ്പോഴും ഓർമ്മയിലിരിക്കണം.

"അർത്ഥാൻ കേചിദുപാസതേ കൃപണവൽ;
കേചിത്പ്രലപന്തി
വേശ്യാവൽ ബത; ധാതുവാദിന ഇവോൽ—
ബധ്നന്തി കേചിദ്രസാൻ;
അർത്ഥാലങ്കൃതിസദ്രസദ്രുവമുചാം
വാചാം പ്രശസ്തിസ്പൃശാം
കർത്താരഃ കവയോ ഭവന്തി കതിചിൽ
പുണ്യൈരഗണ്യൈർഭുവി"

എന്ന പദ്യത്തിൽ പറയുന്ന മാതിരിയിൽ കവനം ചെയ്താലേ പണ്ഡിതന്മാരേയും പാമരന്മാരേയും ഒരുപോലെ രസിപ്പിക്കുവാൻ സാധിക്കയുള്ളു.

ഇതുകൊണ്ടും ആയില്ല. ഒരു മണി അടിച്ചുകഴിഞ്ഞാൽ അതിൽ പിന്നീടു് എത്രനേരത്തേക്കു് അതിന്റെ ശബ്ദം നിലനില്ക്കുന്നുവോ അത്രദൂരം ആ മണിക്കു നാദമുണ്ടെന്നു ജനങ്ങൾ പറയും; അതുപോലെ ഒരു ശ്ലോകം ചൊല്ലികേട്ടാൽ എത്ര നേരത്തേക്കു് അതിന്റെ അർത്ഥം ആലോചനാമൃതമായിത്തീരുന്നുവോ അത്രദൂരം അതു വ്യംഗ്യവൈഭവമുള്ള ഉത്തമശ്ലോകമെന്നു് സഹൃദയന്മാർ സ്തുതിക്കും.

Digitized By Kerala Sahitya Akademi

"സാഹിത്യവിദ്യാജയഘണ്ടയൈവ
സംവേദയന്തേ കവയോ യശാംസി
യഥായഥാസ്യാ ധ്വനിരുജ്ജിഹീതേ
തഥാതഥാ സാർഹതി മൂല്യഭേദാൻ"

എന്നും

"യാവൽകവേഷ്വാർദ്ദവമുദ്ഗതിബന്ധേ
യാവൽധിയഃ ശ്രോതരി കോമളത്വം
താവൽ ധ്വനൌ തനുതി ഭേദമൂലേ
താരതമാലങ്കൃതികാ വദന്തി".

എന്നും ആണ് നീലകണ്ഠദീക്ഷിതർ പറയുന്നത്. ഒരു കഷണം കൽക്കണ്ടം വായിലിട്ടാലുണ്ടാകുന്ന അനുഭവമാണ് ഒരു ധ്വനിപ്രധാനമായ പദ്യം കേട്ടാൽ മനസ്സിൽ ഉണ്ടാകുന്നത്. വിധേയാംശത്തിന്റെ അവിമശ്മല്ല ധ്വനി എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. പ്രസാദമില്ലാതെ നാളികേര പാകത്തിലും ഒന്നു കടത്തിവച്ചുള്ള രചനകൊണ്ട് ഒരു പദ്യത്തിനു വ്യംഗ്യഗുണം സിദ്ധിക്കുന്നതല്ല.

"അന്തഗ്ഗ്രഥാനത്ഥാ–
നവ്യഞ്ജയതഃ പ്രസാദരഹിതസ്യ
സന്ദർഭസ്യ നദസ്യ ച
ന രസഃ പ്രീത്യൈ രസജ്ഞാനം"

എന്നും

"ആന്തരമിവ ബഹിരപി ഹി
വ്യഞ്ജയിതും രസമശേഷതസ്സുതതം
അസതീ സൽക്കവിസൂക്തിഃ
കാചഘടീതി ത്രയം വേദ"

എന്നുമുള്ള പ്രമാണ പദ്യങ്ങൾ നോക്കുക.

" അത്ഥോ ഗിരാമപിഹിതഃ പിഹിതശ്ച കശ്ചിൽ
സൌഭാഗ്യമേതി മരഹട്ടവധൂകുചാഭഃ

Digitized By Kerala Sahitya Akademi

നാസ്ത്രീപയോധര ഇവാതിതരാം പ്രകാശോ
നോ ഗ്രജ്ജരീസ്തന ഇവാതിതരാം നിഗൂഢഃ ''

എന്നുള്ള പദ്യം പ്രസിദ്ധമാണല്ലോ. വ്യംഗ്യത്തിന്റെ സ്വഭാവം എന്താണെന്നു സൂക്ഷ്മമായി കാണിക്കുന്ന രണ്ടു സംസ്കൃത പദ്യങ്ങൾ താഴെ ഉദ്ധരിക്കാം.

''യന്ത്രോൽകൃഷ്ടസുവർണ്ണസൂത്രമിവ യൽപദ്യം സുമേരോസ്തടാ-
ദുന്മീലൽകുരുവിന്ദകന്ദള ഇവ സ്പഷ്ടഃ പദാർത്ഥോദയഃ
തത്രാപ്യുല്ലസദംശുകാന്തവിലസൽകാന്താകുചാന്തോപമം
വ്യംഗ്യം യത്ര തദേവ കാവ്യമിതരദ്വാഗ്വൈദഗ്ധ്യമാത്രം പുനഃ.''

''ഗ്രംഭഃ പങ്കജകേസരദ്യുതിരുരസ്തൽകേസരോല്ലാസവാ-
നർത്ഥോപ്യന്തരസൌരഭപ്രതിനിഭം വ്യംഗ്യം ച മൽകാരി യൽ
ദ്വിത്രൈർഗ്രന്ഥപടൈരസികൈകുചിരം സഹൃദയൈർഭൃംഗൈരിവാസ്വാദ്യതേ
തൽ കാവ്യം; ന പുനഃ പ്രമത്തകകവേ-ർന്യൂൽ കിഞ്ചിദുജ്ജല്പിതം.''

ആകെക്കൂടി നോക്കുകയാണെങ്കിൽ ഏതെങ്കിലും ഒരു വിധത്തിൽ സഹൃദയഹൃദയാകർഷണം ചെയ്യുന്നതിനു ശക്തിയുള്ള—അതായതു് ചമൽക്കാര വിശേഷത്തോടുകൂടിയ—പദ്യത്തിനേ കവിതയുള്ളു എന്നുള്ളതു് സിദ്ധമാണു്. ചമൽക്കാരമില്ലാത്ത പദ്യങ്ങളെയാണു് നാൽക്കാലികൾ എന്നു പറയുന്നതു്,

''ഭവിവന്നു ജനിക്കുന്ന ജനങ്ങൾക്കൊക്കവേ മോദം
ഭവിപ്പാനുള്ളൊരുവസ്തു പലതുണ്ടെങ്കിലും നല്ല
കവിതാചാതുരിയുള്ള കവിവാണീ വിലാസത്തെ
ശ്രവിക്കുന്ന സുഖംപോലെ ചെവിക്കു പിന്നെയെന്തുള്ളു ?

എന്നു നമ്പിയാർ പറയുന്നതു് എത്ര യഥാർത്ഥമാണു്!

''കണ്ണും ഗതശ്ലേഷ്യതികണ്ണ ഏവ
സംഗീതകം സൈകതവാരിരീത്യാ
ആനന്ദയത്യന്തരനുപ്രവിശ്യ
സൂക്തിഃ കവേരേവ സുധാസഗന്ധാ. !!

എന്നുള്ളതിനു സംശയമില്ല. പക്ഷേ ഈ ശ്രവണസുഖം മാനസാനന്ദവും സൽക്കവികളുടെ സൂക്തികൾക്കേ ജനിപ്പിക്കുവാൻ സാധിക്കയുള്ളു.

Digitized By Kerala Sahitya Akademi

ഭാഷാകവിതയ്ക്ക് ഇപ്പോഴുള്ള ഒരു പ്രധാന ന്യൂനത കവികളുടെ അനാശാസ്യമായ ഗതാനുഗതികത്വമാണ്. ഇത് വിഷയത്തേയും രചനയേയും ഒന്നുപോലെ ബാധിക്കുന്നുണ്ട്. നളചരിതം, രാമായണം മുതലായ കഥകളെ ഒരു ഭേദഗതിയും കൂടാതെ തുള്ളലായും, കഥകളിയായും, കിളിപ്പാട്ടായും, നാടകമായും മാറ്റി മറിച്ച് എഴുതുന്നതുകൊണ്ട് എന്തു ഗുണമാണ്? മാർത്താണ്ഡവർമ്മ, എന്ന നോവലിനേയും കൂടി ഒരാൾ ഈയിടെ നാടകമാക്കുന്നതായി കാണുന്നു. കവിയുടെ മനോധർമ്മം ആദ്യമായി ഒരു കഥാവസ്തു നിർമ്മിക്കുന്നതിൽ വ്യാപരിക്കട്ടെ. പുരാണ കഥകളെന്നെന്നേ ചർവിതചർവണവും പിഷ്ടപേഷണവും ചെയ്യുന്ന സ്വഭാവം ഏതൊരു കാലത്തു നമ്മുടെ കവികളെ വിട്ടൊഴിയുന്നുവോ, അന്നേ ഭാഷാകവിതയ്ക്കു ശാശ്വതമായ അഭ്യുദയം സിദ്ധിക്കയുള്ളൂ. ഒന്നാമതായി നളചരിതവും രാമായണവും ഇതിവൃത്തമായി സ്വീകരിക്കുന്ന കവി ശ്രീഹർഷനേയും ഭോജനേയും ജയിക്കുവാൻമാത്രം സമർത്ഥനാണെങ്കിലേ ആ ഉദ്യമംകൊണ്ട് ലോകത്തിനു് എന്തെങ്കിലും ഉപകാരമുണ്ടാകയുള്ളൂ. എന്നാൽ അങ്ങനെയുള്ള മഹാകവികൾ ഇപ്പോൾ കേരളത്തിൽ അപൂർവ്വമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. രണ്ടാമതു് അമാതിരി ഇതിവൃത്തങ്ങൾ സ്വീകരിക്കുന്ന കവി അറിഞ്ഞും അറിയാതെയും ചൗര്യാപഹരണത്തിനു പ്രേരിതനായിപ്പോകുന്നു. കൊല്ലക്കുടിയിൽ തുരിവില്ലാൻ ചെല്ലുന്നതുകൊണ്ട് ഒരു ലാഭവുമില്ലെന്നു നാം പ്രത്യേകമോർക്കണം. പുരാണപ്രസിദ്ധമായ ഇതിവൃത്തരത്നത്തെ രാണഘട്ടനം ചെയ്യുമിനുസപ്പെട്ടുത്തുകയോ പ്രതിഭായോഗത്താൽ രൂപഭേദപ്പെട്ടുത്തുകയോ ചെയ്യാൻ കഴിയുന്ന മഹാകവികളുടെ അവസ്ഥ ഒന്നു വേറെയാണു്. കാളിദാസരുടെ ശാകുന്തളത്തിലേയും വിക്രമോർവശീയത്തിലേയും കഥാവസ്തുക്കൾ പുരാണപ്രോക്തങ്ങളാണോ? വാസ്തവം നോക്കിയാൽ അല്ല. അതുപോലെ തന്നെയാണു് മിൽട്ടന്റെ പുനർജ്ജീവനവും മധുസൂദനദത്തന്റെ മേഘനാദവധവും. പക്ഷേ ആ പന്ഥാവു് എല്ലാവർക്കും സഞ്ചരിക്കാവുന്ന ഘണ്ടാപഥമല്ല. അതിനാൽ കഴിയുന്നതും കല്പിത കഥകളേയോ, അതിനു നിവൃത്തിയില്ലെങ്കിൽ നാളതുവരെ സാഹിത്യവിഷയമായിത്തീർന്നിട്ടില്ലാത്ത ഏതെങ്കിലും പ്രസിദ്ധ കഥകളേയോ അടിസ്ഥാനപ്പെടുത്തി കാവ്യമെഴുതുന്നതാണു് നല്ലതു്.

വേറെ ഒരു ദോഷവും കവികളുടെ ഇടയിൽ കാണുന്നുണ്ടു്. ഒരാൾ "വീണപൂവു്" എന്നെഴുതിയാൽ മറ്റൊരാൾ "മുഷിഞ്ഞതുണ്ടു്" എന്നും മൂന്നാമൻ "കീറിയ പാള" എന്നും നാലാമൻ "ഉണങ്ങിയ ചാണകം" എന്നും എഴുതിത്തുടങ്ങും.

Digitized By Kerala Sahitya Akademi

"വേണ്ടാതനത്തിന്നൊരുത്തൻ തുടങ്ങിയാൽ
രണ്ടാമനായിപ്പുറപ്പെട്ടം മറ്റവൻ"

എന്നു പറയേണ്ടതില്ലല്ലൊ. അനുകരണ ഭ്രാന്തന്മാക്കു തീരെ ഔചിത്യവിചാരം കാണുമാറില്ല. വിണാലും പൂവു് പൂവാകായാലാണു് അതു കവിതയ്ക്കു വിഷയമായിരുതീരുന്നതെന്നും, മുഷിഞ്ഞതായാലും അലക്കിയതായാലും മുണ്ടിനും, കീറിയതായാലും കീറാത്തതായാലും പാളയ്ക്കും, ഉണങ്ങിയതായാലും പച്ചയായാലും ചാണകത്തിനും തമ്മിൽ കവിദൃഷ്ട്യാ വലിയ വിശേഷമൊന്നുമില്ലെന്നും ഇവർ അറിയുന്നില്ല.

"വീശാമിരിക്കാം; കുടയായ് പിടിക്കാം;
നായെത്തുടക്കാമരികൊണ്ടുപോകാം;
മേശയ്ക്കുമീതേയഴകോടുവയ്ക്കാം;
കാശിക്കു പോകാനൊരു പാത്രമാക്കാം"

എന്നതു വീശുപാളയെ വണ്ണിക്കുന്ന ഒരു പദ്യമാണു്. ഇതിൽ എന്തു ചമൽക്കാരമാണുള്ളതു് ? ഒരു കതകിന്റെ സാക്ഷകൂടിയും ഒരുത്തമ കവിക്കു് വണ്ണനാവിഷയമാണെന്നു മാക്ഡൊയിൻ പ്രസ്താവിച്ചിട്ടുണ്ടു്. പക്ഷേ ആദ്യമായി പേനയെടുക്കുന്നവരൊക്കെയും ആ തരത്തിലുള്ള ഉത്തമകവികളല്ല; രണ്ടാമതു് ഏതു് ഉത്തമകവിക്കും വീണപൂവും ഉണങ്ങിയ ചാണകവും വണ്ണിക്കുമ്പോൾ കവിതാഗ്രഹണത്തിനു ഗണ്യമായ വ്യത്യാസം സംഭവിക്കാതെയിരിക്കുവാൻ നിവൃത്തിയില്ല. കവിതയിൽ വണ്ണ്യാവണ്ണ്യവസ്തുക്കൾ ഇന്നിന്നതെന്നു സംസ്കൃതത്തിൽ ആലങ്കാരികന്മാർ വിസ്തരിച്ചെഴുതീട്ടുണ്ടു്. കാലദേശാവസ്ഥകൾ അനുസരിച്ചു് ഇപ്പോൾ കവിതയെഴുതുന്ന കേരളീയർ ആ നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തുന്നതിൽ ആക്ഷേപമില്ലെങ്കിലും അങ്ങനെയുള്ള നിയമങ്ങൾ യാതൊന്നും തന്നെ പാടില്ലെന്നു സിദ്ധാന്തിക്കുന്നതു് അനുചിതമാണു്. ഗതാനുഗതികത്വം ഇപ്പോൾ ഗദ്യത്തേയും ബാധിച്ചിരിക്കുന്നതായി കാണുന്നതിൽ ശോചിക്കയല്ലാതെ ഗത്യന്തരമില്ല.

ദ്രുതകവിതയിൽ ആരും ഭ്രമിച്ചിട്ടാവശ്യമില്ല. മഹാകവിയായിരുന്ന കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലേ വിഷയത്തിൽ പോലും നിമിഷകവിതയേക്കാൾ സ്വല്പം ആലോചിച്ചതിനു മേൽ എഴുതുന്ന കവിതതന്നെയാണു് അനുഭവത്തിൽ മനോജ്ഞതരമായി കണ്ടുവന്നതു്. പിന്നെ അന്യകവികളുടെ കഥ പറയേണ്ടതുണ്ടോ ?

Digitized By Kerala Sahitya Akademi

" ധന്യാസ്തേകവയോ യദീയരസനാ-
ത്രുക്ഷാദ്ധ്വസഞ്ചാരിണീ
ധാവന്തീവ സരസ്വതീ ധ്രുതപദ-
ന്യാസേന നിഷ്ക്രാമതി;
അസ്മാകം രസപിച്ഛിലേ പഥി ഗിരാം
ദേവീ നവീനോദയാൽ-
പീനോത്തുംഗപയോധരേവ യുവതി-
ർമ്മാനസ്ഥ്യമാലംബതേ. "

എന്നുള്ള പദ്യത്തിന്റെ സ്വാരസ്യം, നാം നല്ലപോലെ മനസ്സിലാക്കേണ്ട താണു്.

കേരളീയ കവികിശോരന്മാർ—

മത്വാ പദഗ്രന്ഥനമേവകാവ്യം
മന്ദാസ്സ്വയം താവതി ചേഷ്ടമാനാഃ
മജ്ജന്തി ബാലാ ഇവ പാണിപാദ-
പ്രസ്പന്ദമാത്രം പ്ലവനം വിദന്തഃ "

എന്ന പദ്യത്തിൽ അടങ്ങീട്ടുള്ള ആക്ഷേപത്തിനു വശംവദന്മാരായിത്തീരാതെ ഉത്തമകാവ്യങ്ങളെ നിർമ്മിക്കുവാൻ വേണ്ട വാസനയും പാണ്ഡിത്യവും അഭ്യാസവും ഉള്ളവരായിത്തീർന്നു കണ്ടാൽ കൊള്ളാമെന്നുള്ള ആഗ്രഹത്തോടുകൂടിയാണു് ഞാൻ ഈ ഉപന്യാസം എഴുതുന്നതു്. എന്റെ ആഗ്രഹം അല്പമെങ്കിലും സാധിച്ചുവെങ്കിൽ ഞാൻ ചരിതാർത്ഥനായി.

1089-തുലാം.

Digitized By Kerala Sahitya Akademi

2. കുലശേഖരആൾവാർ

വിശിഷ്ടാദ്വൈതമതസ്ഥാപകനും ശ്രീവൈഷ്ണവന്മാരുടെ കുലഗുരുവുമായ ശ്രീമദ്രാമാനുജാചാര്യരേപ്പറ്റി വായനക്കാരിൽ പലരും കേട്ടിരിക്കുവാനിടയുണ്ട്. ഈ മഹാനുഭാവൻ ക്രിസ്തു പന്ത്രണ്ടാം ശതവർഷത്തിലാണ് ജീവിച്ചിരുന്നത്. രാമാനുജൻ മഹാവിഷ്ണുവിന്റെ ഒരു പൂർണ്ണാവതാരമാണെന്നും അദ്ദേഹത്തിനു മുമ്പ് ഓരോ കാലത്തിൽ മഹാലക്ഷ്മി, വിഷ്വക്സേനൻ, ഗരുഡൻ മുതലായ മൂർത്തികളും ശംഖ് ചക്രാദ്യായുധങ്ങളും വനമാലാദിഭൂഷണങ്ങളും ലോകാനുഗ്രഹത്തിനുവേണ്ടി മനുഷ്യരൂപേണ ദ്രാവിഡദേശത്തിൽ ജനിച്ചു എന്നും ശ്രീവൈഷ്ണവന്മാർ വിശ്വസിക്കുന്നു. ഈ അംശാവതാരങ്ങളെ ആണ് ആൾവാരന്മാർ എന്നു പറഞ്ഞുവരുന്നത്. തമിഴിൽ ആഴ്വാർ എന്നതത്രെ പറയേണ്ടതാണ്. ആൾവാർ എന്ന പദത്തിനു് ആളുന്നവൻ അഥവാ രക്ഷിതാവു് എന്നും, ആഴ്വാർ എന്നതിനു മുങ്ങുന്നവൻ അല്ലെങ്കിൽ ഭഗവൽഭക്തിയിൽ മഗ്നനെന്നും ആണു് അർത്ഥം. പന്ത്രണ്ടു് ആൾവാരന്മാരെ ശ്രീവൈഷ്ണവന്മാർ ആരാധിച്ചുവരുന്നുണ്ടു്. അവരുടെ പേരുകളും മറ്റും താഴെ ചേർത്തുകൊള്ളുന്നു.

ആൾവാരന്മാർ.

നമ്പർ	ദ്രാവിഡപ്പേർ	സംസ്കൃതപ്പേർ	ജന്മഭൂമി	ഏതവതാരമെന്നു്
1	പൊയ്കയാൾവാർ	സരോയോഗി	കാഞ്ചീപുരം	പാഞ്ചജന്യം
2	പുതത്താൾവാർ	ഭൂതയോഗി	മഹാബലിപുരം	കൌമോദകി
3	പേയാൾവാർ	ഭ്രാന്തയോഗി	മൈലാപ്പൂർ	നാന്ദകം
4	തിരുമഴിശൈയാൾവാർ	ഭക്തിസാരൻ	മദിരാശി	സുദർശനം
5	മതുരകവികൾ	മധുരകവി	തിരുനെൽവേലി	കുമുദഗണേശൻ (ഒരു ഭഗവൽപരിചാരകൻ)
6	നമ്മാൾവാർ	പരാങ്കുശൻ	ആഴ്വാർ തിരുനഗരി *	വിഷ്വക്സേനൻ
7	കുലശേഖരആൾവാർ	കുലശേഖരൻ	തിരുവഞ്ചിക്കുളം	കൌസ്തുഭം
8	പെരിയാൾവാർ	വിഷ്ണുചിത്തൻ	ശ്രീവില്ലിപുത്തൂർ	ഗരുഡൻ
9	ആണ്ടാൾ	ഗോദാദേവി	ടി	മഹാലക്ഷ്മി
10	തൊണ്ടരടിപ്പൊടിആൾവാർ	ഭക്താംഘ്രിരേണു	തുളുനാപ്പള്ളി	വനമാല
11	തിരുപ്പാണാൾവാർ	പ്രാണനാഥൻ	ഉറയൂർ	ശ്രീവത്സം
12	തിരുമങ്കയാൾവാർ	പരകാലൻ	തിരുക്കുറയലൂർ	ശാർങ്ഗം

* നമ്മാൾവാരുടെ മാതാവു് തിരുവിതാംകൂറിൽ തിരുപ്പതിസാരം എന്ന സ്ഥലത്തെ ഒരു വെള്ളാളസ്ത്രീയായിരുന്നു. മാതൃഗൃഹത്തിലാണു് അദ്ദേഹം ജനിച്ചതെന്നും അതിനാൽ ഒരു കേരളീയനെന്നു് അദ്ദേഹത്തെ കരുതാമെന്നും ഞാൻ വിശ്വസിക്കുന്നു

Digitized By Kerala Sahitya Akademi

ഇവരിൽ തിരുപ്പാണാൾവാർ ജാതിയിൽ പാണനും, തിരുമങ്കയാൾവാർ ശൂദ്രനുമായിരുന്നു. ആണ്ടാൾ ഒരു സ്ത്രീരത്നമായിരുന്നു എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ഇതിൽനിന്നു വിഷ്ണുഭക്തി ജാതിഭേദത്തിനോ, ലിംഗഭേദത്തിനോ അധീനമല്ലെന്നു വിശദമാകുന്നു. തിരുപ്പാണാൾവാരേപ്പറ്റിയുള്ള ഒരൈതിഹ്യം ഈ സന്ദർഭത്തിൽ സ്മരണീയമാണു്. തിരുപ്പാണൻ ഒരിക്കൽ ശ്രീരംഗത്തിലെ പ്രസിദ്ധമായ രംഗനാഥക്ഷേത്രത്തിനു മുൻവശം ഭഗവദാരാധനത്തിൽ ലയിച്ചു നില്ക്കുകയായിരുന്നു. ഒരു പഞ്ചമനായിരുന്നതിനാൽ അദ്ദേഹത്തിനു ക്ഷേത്രപ്രവേശനത്തിനു മാർഗ്ഗമുണ്ടായിരുന്നില്ല. അപ്പോളാണു് ക്ഷേത്രത്തിലെ ഒരു പ്രധാന ശാന്തിക്കാരനായ ലോകസാരംഗനെന്ന ബ്രാഹ്മണമുനി കാവേരിയിൽനിന്നു് ഭഗവാനു് അഭിഷേകത്തിനുവേണ്ട ജലം കൊണ്ടുപോകുന്നതിനായി ആ വഴിക്കു വന്നുചേർന്നതു്. തിരുപ്പാണൻ ഒരു ചണ്ഡാലനാണെന്നു ലോകസാരംഗനു് അറിവുണ്ടായിരുന്നു. ബ്രാഹ്മണശ്രേഷ്ഠനായ തന്നെക്കണ്ടിട്ടും അവനു് ഒരിളക്കവുമുണ്ടാകുന്നില്ലല്ലോ. പാണൻ നിന്നനിലയിൽ തന്നെ നിൽക്കുന്നു. "പാപിക്കു് ഇത്ര ധിക്കാരമായോ?" എന്നു പറഞ്ഞുകൊണ്ടു സാരംഗൻ ഒരു കല്ലെടുത്തു ഭക്തശിഖാമണിയായ തിരുപ്പാണന്റെ മേൽ എറിഞ്ഞു. കല്ലുകൊണ്ടു ദേഹം മുറിഞ്ഞു; രക്തം ധാരധാരയായി ഒഴുകി. എന്നിട്ടും പാണൻ അവിടെത്തന്നെ നിൽക്കുന്നു. യാതൊരു അനക്കമോ ഭാവഭേദമോ അവനിൽ കാണ്മാനില്ല. എങ്ങനെ കാണും? ശേഷശായിയായ ശ്രീരംഗനാഥനല്ലാതെ ബ്രാഹ്മണനെന്നോ, തീണ്ടലെന്നോ, കല്ലെന്നോ, ദേഹമെന്നോ ഉള്ള ഒരു വിചാരം അവിടെ ഉണ്ടായിട്ടുവേണ്ടേ എന്തെങ്കിലും കാണ്മാൻ? സാരംഗൻ വല്ലാതെയായി. കുറെകഴിഞ്ഞു കണ്ണുതുറന്നു നോക്കിയപ്പോളാണു് ഭക്തനു കായ്യം മനസ്സിലായതു്. ഉടനെ വഴിമാറിക്കൊടുക്കുകയും തന്റെ അപരാധത്തിനു മാപ്പപേക്ഷിക്കയും ചെയ്തു. തിരിയെ സാരംഗൻ ക്ഷേത്രത്തിൽ വന്നാറെ അവിടെ കോളെല്ലാം പിഴച്ചുകണ്ടു. രാത്രിയിൽ സാരംഗനു പല ദുസ്സ്വപ്നങ്ങളുമുണ്ടായി. പിറ്റേന്നാൾ താൻതന്നെ പാണനെ തന്റെ തോളിൽ ചുമന്നു ഭഗവാന്റെ സന്നിധാനത്തിൽ കൊണ്ടുവരണമെന്നു് അരുളപ്പാടുണ്ടാകയും ഭയവിഹ്വലനും ഇതികർത്തവ്യതാമൂഢനുമായ സാരംഗൻ ആ ആജ്ഞയെ ശിരസാവഹിച്ചു് അതിനണ്ണം നടത്തുകയും ചെയ്തു. ഇതു നിമിത്തം തിരുപ്പാണാൾവാക്കു മുനിവാഹൻ എന്നൊരു നാമാന്തരമുണ്ടു്. ഈ കഥയുടെ താൽപര്യം വിവരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഭഗവാനു തന്റെ സൃഷ്ടിയിൽപെട്ട ജീവരാശികൾ എല്ലാം ഒന്നുപോലെയാണു്. മഹാകവി കുഞ്ചൻനമ്പിയാർ ഈ തത്വത്തെ ആസ്പദമാക്കി പാടിട്ടുള്ള ആ ദിവ്യഗാനം ആരെയാണു് തൽക്കാലത്തേക്കെങ്കിലും വിശാലഹൃദയനാക്കിത്തീർക്കാത്തതു്?

Digitized By Kerala Sahitya Akademi

"വിപ്രനെന്നും, ക്ഷത്രനെന്നും, വൈശ്യനെന്നും, ശൂദ്രനെന്നു–
മിപ്രപഞ്ചെ നാലുവണ്ണും നാലുവക്രുനളവാക്കി.
അപ്പുറത്തു ബൌദ്ധനെന്നും, പാണനെന്നും, പറയനെന്നും
കല്പിതം ജാതിഭേദത്തിന്നന്തമില്ല നിശ്ചുപിച്ചാൽ.
ഏവമുള്ള ശരീരങ്ങൾക്കൊക്കവേ പാത്തുകാണുമ്പോൾ
ജീവനായിട്ടൊന്നു തന്നേ,യായതിപ്പോൾ പരബ്രഹ്മം.
നൂലുകൊണ്ടു പിരിച്ചോരു ചരടിൽ പൊന്മണികോത്തു
മാലയാക്കിദ്ധനികന്മാർ ധരിക്കുന്നു ഗളംതന്നിൽ;
മുത്തുകൊണ്ടും മാലകോക്കും പവിഴംകൊണ്ടുമുണ്ടാക്കും
പുത്തിലഞ്ഞിക്കുരുകൊണ്ടും കുന്നികൊണ്ടും ദരിദ്രന്മാർ.
എന്നിവണ്ണം സുവർണ്ണാദിക്കൊക്കവേ താൻ ചരടായി–
ട്ടൊന്നുതന്നെ പൊന്നിനുമക്കുന്നിമഞ്ചാടിമാലയ്ക്കും.
എന്നപോലേ സർവജാതിപ്രഭൃത്വം ഭൌതികം ദേഹം
ഒന്നുകൊണ്ടു കോത്തുകെട്ടിക്കളിപ്പിക്കുന്നിതു ദൈവം.
എന്നതുമൂലമാത്മാവിന്നാക്കുമാക്കും ഭേദമില്ല;
ഒന്നു തന്നേ ചരട്ടുള്ളിൽ ഭ്രസുരനും പറയനും.
ജ്ഞാനമെന്നുള്ളതു തന്നേ സാരമെന്നു ധരിക്കേണം;
ജ്ഞാനമില്ലാത്ത വിപ്രനും ബൌദ്ധനും ഭേദമില്ലേതും.
ജ്ഞാനിയാകും പറയനും ബ്രാഹ്മണാദിദ്വിജന്മാക്കും
സ്ഥാനമൊന്നായ്വരും ചത്തു പരലോകം പ്രവേശിച്ചാൽ."

ഈ തത്വം ഭാരതമാതാവിന്റെ ആധുനിക സന്താനങ്ങൾ എന്നറിയുന്നു? അറിഞ്ഞാൽ തന്നെ എന്നു് അനുഭവത്തിൽ കൊണ്ടുവരുവാൻ പോകുന്നു? ഈ വ്യതിയാനം ഇവിടെ നില്ക്കട്ടെ. ശ്രീവൈഷ്ണവമതത്തിന്റെ വിശാലാശയതയും വിശ്വജനീനതയും തിരുപ്പാണാൾവാരുടെ ചരിത്രത്തിൽ നിന്നു നമുക്കു് ഏറെക്കുറെ ഗ്രഹിക്കാവുന്നതാണു്.

ആൾവാരന്മാരെ ഗരുഡന്റേയും മറ്റും അവതാരങ്ങളായി സങ്കല്പിക്കുന്നതിന്റെ സാരം, രാമാനുജാചാര്യക്കു മുൻപും വൈഷ്ണമതത്തിനു ദക്ഷിണാപഥത്തിൽ പ്രചാരമുണ്ടായിരുന്നു എന്നും അതിലേക്കായി പ്രയത്നിച്ച ഭഗവൽ ഭക്തന്മാരിൽ പന്ത്രണ്ടുപേർ പ്രമാണികളായിരുന്നുവെന്നും അവരുടെ ആരംഭത്തെ രാമാനുജാചാര്യർ പുത്തിയാക്കുക മാത്രമേ ചെയ്തുള്ളു എന്നുമാണു്. ഈ ഭക്തന്മാരിൽ ഒരു മഹാൻ കേരളീയനും ചേരവംശജനായ ക്ഷത്രിയവീരനുമായിരുന്നു. അദ്ദേഹമാണു്

Digitized By Kerala Sahitya Akademi

എന്റെ ഇന്നത്തെ ഉപന്യാസത്തിനു വിഷയീഭവിക്കുന്ന മഹാകവിയും പരമഭാഗവതനുമായ "കുലശേഖര ആൾവാർ". കുലശേഖരആൾവാരുടെ ചരിത്രത്തെപ്പറ്റി ശ്രീവൈഷ്ണവഗ്രന്ഥങ്ങളിൽ താഴെയെഴുതുന്ന വിധത്തിൽ വിവരിച്ചുകാണുന്നു. കുലശേഖരന്റെ പിതാവായ ദൃഢവ്രതൻ ഒരു ചേരരാജാവും അദ്ദേഹത്തിന്റെ രാജധാനി കൊട്ടങ്ങല്ലൂരിനു സമീപമുള്ള തിരുവഞ്ചിക്കുള (തിരുവഞ്ചിക്കുള)വുമായിരുന്നു. ദൃഢവ്രതൻ വളരെക്കാലം അനപത്യതാ ദുഃഖനിവൃത്തിക്കായി മഹാവിഷ്ണുവിനെ ആരാധിച്ചു. അതിന്റെ ഫലമായി മാഘമാസത്തിൽ പുണർതം നക്ഷത്രത്തിൽ അദ്ദേഹത്തിനു് അത്യുത്തമനായ ഒരു കുമാരൻ ജനിച്ചു,

"തസ്മാദഭ്ദച്ചേരകുലപ്രദീപഃ ശ്രീകൌസ്തുഭാത്മാ കുലശേഖരാഖ്യഃ
മഹീപതിർമ്മാഘപുനർവസുദ്യുദ്ഭവേ ഹരേഃ പുണ്ഡ്രകടാക്ഷലക്ഷ്യഃ"

ദിവ്യസൂരിചരിതം.

"പൊൻപുരൈയും പേർ കുലചേകരനേ മാചിപുനർപൂചത്തേഴിൽ വഞ്ചിക്കുളത്തിൽ തോൻറി" എന്നു വേദാന്തദേശികരും പറയുന്നു. പുത്രനെ കുലശേഖരനെന്നു പിതാവു് അഭിമാനപൂർവ്വം വിളിച്ചുവന്നു. ബാല്യത്തിൽതന്നെ രാജ്യനീതിയിലും ആയുധവിദ്യയിലും അതിനിപുണനായിത്തീർന്ന കുലശേഖരനെ യൌവനാരംഭത്തിൽ കേരളരാജാവായി അഭിഷേകം ചെയ്തു. ദൃഢവ്രതൻ വാനപ്രസ്ഥാശ്രമം സ്വീകരിച്ചു തപസ്സിനായി കാട്ടിലേക്കു പോയി. രണശൂരനായ പുതിയ മഹാരാജാവിനു പാണ്ഡ്യചോള രാജ്യങ്ങൾ ജയിക്കുന്നതിനു് ഒരു പ്രയാസവുമുണ്ടായില്ല. ചേരരാജാക്കന്മാക്കു കൊല്ലിവെപ്പ്ൻ (കൊല്ലി എന്ന മലസ്ഥലാധികാരി) കൊല്ലിക്കാവലൻ (കൊല്ലിമല രക്ഷിക്കുന്നവൻ) ഇത്യാദി ബിരുദങ്ങൾ ദ്രാവിഡ ഗ്രന്ഥങ്ങളിൽ സുപ്രസിദ്ധമാണു്. കൊല്ലി സഹ്യപർവതമാണെന്നു് ഊഹിച്ചുവരുന്നു. കൊട്ടങ്ങല്ലൂർ എന്ന പദംതന്നെ കൊട്ടങ്കൊല്ലിയൂർ എന്നതിന്റെ തത്ഭവമായും വന്നേക്കാം. കൊട്ടങ്കോളൂർ എന്ന പദത്തിന്റെ തത്ഭവമെന്നും പക്ഷമുണ്ടു്. കുലശേഖരനു "കൊല്ലിക്കാവലൻ" എന്ന കുലബിരുദത്തിനു പുറമേ പാണ്ഡ്യചോള രാജ്യങ്ങളെ കീഴടക്കുക നിമിത്തം കൂടൽനായകൻ (കൂടൽ = മധുര) കോഴിക്കോൻ (കോഴി = ഉറയൂരെന്ന ചോള രാജധാനി) എന്നീ ബിരുദങ്ങൾകൂടി സിദ്ധിച്ചു. അദ്ദേഹം പ്രജകൾക്കു് ശരച്ചന്ദ്രനായും ശത്രുക്കൾക്കു കല്പാന്തസൂര്യനായും രാജ്യപരിപാലനം ചെയ്തു. നമ്മുടെ കഥാനായകനു് ആദ്യകാലത്തിൽ പറയത്തക്ക ഈശ്വരഭക്തിയുണ്ടായിരുന്നില്ല. എന്നാൽ ക്രമേണ വൈഷ്ണവന്മാരുമായുള്ള സഹവാസം കൊണ്ടു് അദ്ദേഹം ഒരു വിശിഷ്ട വിഷ്ണുഭക്തനായിത്തീർന്നു. തിരുപ്പതി, ശ്രീരംഗം മുതലായ വി

Digitized By Kerala Sahitya Akademi

ഷ്ണക്ഷേത്രങ്ങളെ സന്ദർശിക്കുന്നതിനുള്ള ഉൽക്കണ്ഠ നാൾക്കുനാൾ അധികപ്പെട്ടു. പലതാതിരി ഐതിഹാസികന്മാരും പൌരാണികന്മാരും കാവ്യികന്മാരും അവരുടെ താമസം തിരുവഞ്ചിക്കുളത്തുതന്നെയാക്കി. അവരേക്കൊണ്ടു രാജാവു സ്മൃതികൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ, ഉപപുരാണങ്ങൾ മുതലായ ദിവ്യഗ്രന്ഥങ്ങൾ വായിപ്പിച്ചുകേട്ടു. ഒരിക്കൽ രാമായണം വായിച്ചു കേട്ടുകൊണ്ടിരുന്നപ്പോൾ

" ചതുർദ്ദശസഹസ്രാണി രക്ഷസാം ഭീമകർമ്മണാം;
ഏകശ്ച രാമോ ധർമ്മാത്മാ; കഥം യുദ്ധം ഭവിഷ്യതി? "

എന്നുള്ള ഘട്ടം വന്നുചേർന്നു.

" ഇതി രാജർഷയസ്സിദ്ധാഃ സഗണാശ്ച ദ്വിജർഷഭാഃ
ജാതകൌതൂഹലാസ്തസ്ഥുർവിമാനസ്ഥാശ്ച ദേവതാഃ ".

എന്ന അതിനടുത്തുള്ള ശ്ലോകം ശാസ്ത്രികൾക്കു വായിക്കുന്നതിനിടവന്നില്ല. "എന്തു്? എന്തു പറയുന്നു? ധർമ്മാത്മാവായ എന്റെ ശ്രീരാമപരമാത്മാവിനെ ഭയങ്കര കൃത്യങ്ങൾ ചെയ്യുന്ന രാക്ഷസന്മാർ പതിനാലായിരം പേർകൂടി ഒറ്റയ്ക്കു വളയുന്നുവോ? എവിടെ? ജനസ്ഥാനത്തിലോ? ഉടൻ പുറപ്പെടട്ടെ എന്റെ ചതുരംഗസേന. ഞാനിതാ ഈ നിമിഷത്തിൽ തന്നെ പോക്കളത്തിൽ എത്തിക്കഴിഞ്ഞു, എന്റെ ഭഗവാനു് അപായം വരുമ്പോൾ ഈയുള്ളവൻ ജീവിച്ചിരുന്നിട്ടു് എന്തു ഫലമാണു്?" എന്നു പറഞ്ഞുകൊണ്ടു രാജാവു ബാണം പോലെ പാഞ്ഞു കുതിരലായത്തിൽ എത്തി ഒരു കുതിരപ്പുറത്തു കയറി വടക്കോട്ടു നോക്കി യാത്രയായിക്കഴിഞ്ഞു. മന്ത്രിമാരും സേനാപതികളും മറ്റും മിഴിച്ചുനോക്കി "ഇതെന്തു കൂത്താണു്? പൊന്നുതമ്പുരാനു ഭ്രാന്തുപിടിച്ചുവോ?" എന്നു പറഞ്ഞുകൊണ്ടു പുറകേ ഓടി. രാജാവു നിൽക്കുന്നില്ല. ഈ അപകടത്തിൽനിന്നു രക്ഷപ്പെടാൻ പ്രധാനമന്ത്രി ഒരു യുക്തി കണ്ടുപിടിച്ചു. ഒരു സൈന്യവിഭാഗം മറ്റൊരു വഴിയായി ചെന്നു ശ്രീരാമൻ ഏകാകിയായിത്തന്നെ പതിനാലായിരം രാക്ഷസന്മാരേയും നാമാവശേഷന്മാരാക്കിക്കഴിഞ്ഞു എന്നുള്ള വർത്തമാനം അവിടത്തെ ധരിപ്പിച്ചാൽ അവിടുന്നു തിരിയെപ്പോരുമെന്നു് അദ്ദേഹത്തിനു തോന്നി അതുപോലെ ഏർപ്പാടുചെയ്തു. ആ കൃത്യത്തിലേക്കു നിയുക്തരായ ഭടന്മാർ കുറുക്കുവഴിയായി ഓടിച്ചെന്നു രാജാവിനെ തടഞ്ഞുനിറുത്തി, തങ്ങൾ ഖരനും ശ്രീരാമനുമായുള്ള യുദ്ധം കണ്ടു മടങ്ങിയതാണെന്നും തങ്ങളുടെ സഹായം ശ്രീരാമൻ ആവശ്യപ്പെട്ടില്ലെന്നും അതിനുമുൻപു തന്നെ ഖരദൂഷ

Digitized By Kerala Sahitya Akademi

ണത്രിശിരസ്സുകളേയും പതിന്നാലായിരം രാക്ഷസന്മാരേയും അവിടുന്നു വധിച്ചുകഴിഞ്ഞു എന്നും അറിയിച്ചു.

"തതോ രാമസ്തു വിജയീ പൂജ്യമാനോ മഹർഷിഭിഃ
പ്രവിവേശാശ്രമം വീരോ ലക്ഷ്മണേനാഭിപൂജിതഃ.
തം ദൃഷ്ട്വാ ശത്രുഹന്താരം മഹർഷീണാം സുഖാവഹം
ബഭൂവ ഹൃഷ്ടാ വൈദേഹീ ഭർത്താരം പരിഷസ്വജേ."

ഈ രണ്ടു ശ്ലോകങ്ങളും ചൊല്ലുകയും ചെയ്തു. സന്തുഷ്ടനായ കുലശേഖരൻ നാട്ടിലേക്കു തിരിച്ചെഴുന്നള്ളി എന്നു പറയേണ്ടതില്ലല്ലൊ.

ഈ സംഭവത്തിനു മേൽ കൊട്ടാരത്തിൽ പതിവായി രാമായണം വായനയുണ്ടായിരുന്നു എന്നു വരികിലും ശ്രീരാമനു ദുഃഖമുണ്ടാകുന്ന ഭാഗങ്ങളെ ചുരുക്കിയും സന്തോഷം വരുന്ന സന്ദർഭങ്ങളെ മാത്രം വിസ്തരിച്ചുമാണു് ശാസ്ത്രികൾ തന്റെ കൃത്യത്തെ നിർവഹിച്ചുവന്നതു്. ഒരു ദിവസം അദ്ദേഹത്തിനു എന്തോ കാര്യമായി മഠത്തിൽ താമസിക്കേണ്ടിവന്നതിനാൽ തന്റെ മകനെ വായനയ്ക്കയച്ചു. മകനും അച്ഛനെപ്പോലെതന്നെ വിഷ്ണുഭക്തനും പുരാണവിചക്ഷണനുമായിരുന്നു. എന്നാൽ അദ്ദേഹത്തിനു വ്യസനസംഭവങ്ങൾ വർണ്ണിക്കരുതെന്നുള്ള തത്വം മനസ്സിലായിരുന്നില്ല.

"തതസ്താം പരുഷൈർവാക്യൈർഭർത്സയിത്വാ മഹാസ്വനഃ
അങ്കേനാദായ വൈദേഹീം രഥമാരോപയത്തദാ.
സാ ഗൃഹീതാ വിചുക്രോശ രാവണേന യശസ്വിനീ
രാമേതി സീതാ ദുഃഖാർത്താ രാമം ദൂരഗതം വനേ.
താമകാമാം സ കാമാർത്തഃ പന്നഗേന്ദ്രവധൂമിവ
വിവേഷ്ടമാനാമാദായ ഉൽപപാതാഥ രാവണഃ.
തതസ്സാ രാക്ഷസേന്ദ്രേണ ഹ്രിയമാണാ വിഹായസാ
ഭൃശം ചുക്രോശ മത്തേവ ഭ്രാന്തചിത്താ യഥാതുരാ."

എന്ന ഭാഗം വായിച്ചു. പാവം! രാജാവിനു സന്തോഷമുണ്ടാകണമെന്നുള്ള വിചാരത്തോടുകൂടി വളരെ വിസ്തരിച്ചു് അർത്ഥം പറഞ്ഞുതുടങ്ങി. "എന്തെന്തു്? പാവി രാവണൻ എന്റെ സീതാമാതാവിനെ മോഷ്ടിച്ചു ആകാശത്തിൽക്കൂടി ലങ്കയിലേക്കു കൊണ്ടുപോകുന്നുവോ? ലങ്ക ഈ നിമിഷത്തിൽ ഞാൻ ചുട്ട ചാമ്പലാക്കാം. ദേവിയെ വീണ്ടുകൊണ്ടുവന്നു

Digitized By Kerala Sahitya Akademi

പരമാത്മാവിനെ ഏല്പിക്കാം. അമ്മേ! വൈദേഹി! ഈ ഭക്തൻ ജീവ നോട്ടക്കുടിയിരിക്കുമ്പോൾ എന്തിനു കരയുന്നു? എന്നു പറഞ്ഞുകൊണ്ടു കൊട്ടാരത്തിൽ നിന്നു് ഒരോട്ടമായി ഓടി സമുദ്രത്തിൽ ചെന്നു ചാടി. കഴുത്തുവരെ വെള്ളമായി. നീന്തിച്ചെന്നു് ലങ്കയിൽ കയറാനാണു രാജാവിന്റെ ശ്രമം! സാധുക്കളായ പ്രജകൾ എന്തു ചെയ്യും? ശ്രീരാമൻ തന്നെ താൻ രാവണസംഹാരം കഴിഞ്ഞു സീതാദേവിയോട്ടക്കുടി തിരിയെ വരുന്നതായി ആ പരമഭക്തനെ ധരിപ്പിച്ചു തിരിയെക്കൊണ്ടുചെന്നു രാജധാനിയിൽ ആക്കിയതായി ഐതിഹ്യം ഘോഷിക്കുന്നു.

കുലശേഖരമഹാരാജാവിനു നാൾക്കുനാൾ വൈരാഗ്യം അധികമായി വന്നു. ഇഹലോകത്തിലുള്ള ചിന്ത മിക്കവാറും അസ്തമിച്ചു. രാജ്യഭാരം മന്ത്രിമാർക്കു ബോധിച്ചതുപോലെയായി. ആ ഗ്രഹപ്പിഴയിൽ നിന്നു മഹാരാജാവിനെ രക്ഷപ്പെടുത്തുന്നതിനു് അവർ പല വഴിയും നോക്കി. ശ്രീരംഗത്തിലേക്കു പോകുന്നതിനുള്ള ആഗ്രഹം അദ്ദേഹത്തിനു് അടക്കുവാൻ പാടില്ലാതെയായി. അവിടെപ്പോയാൽ തിരിയെ വരുന്നതിനു് അവിടുത്തേക്കു മനസ്സു വരുന്നതല്ലെന്നു് അവർക്കു നല്ലപോലെ അറിയാമായിരുന്നു. അതിനൊരു തടസ്സമായി തീരത്തക്കവണ്ണം അവർ പല ദിക്കുകളിൽ നിന്നും ശ്രീവൈഷ്ണവന്മാരെ വരുത്തി. രാജധാനിയിൽ ഭഗവൽഭക്തന്മാർ വന്നുചേർന്നാൽ അവരെ ആരാധിക്കേണ്ടതു് അവിടുത്തെ ധർമ്മമാകയാൽ അങ്ങനെയെങ്കിലും വിദേശഗമനത്തിനുള്ള തൃഷ്ണ നശിക്കട്ടെ എന്നായിരുന്നു അവരുടെ കരുതൽ. ഭഗവൽ ഭക്തന്മാർ വന്നാൽ അവരെ ആരാധിക്കും; അതു കഴിഞ്ഞാൽ പിന്നെയും ശ്രീരംഗത്തേക്കു പോകാൻ വട്ടംകൂട്ടും; മന്ത്രിമാർ പിന്നെയും ഭക്തന്മാരെ വരുത്തും; രാജാവു പിന്നെയും അവരെ ആരാധിക്കും; അതുകഴിഞ്ഞു വീണ്ടും വിദേശസഞ്ചാരത്തിനുള്ള സംരംഭം തുടങ്ങും; ഇങ്ങനെ കുറേക്കാലം കഴിഞ്ഞു. ലഗ്നാലും ചന്ദ്രാലും രാജ്യരക്ഷ ഒരുനാളും ചെയ്യുകയില്ല എന്നുള്ള നില വന്നിട്ട കാലം വളരെയായി.

" ഘുഷ്യതേ യസ്യ നഗരേ രംഗയാത്രാ ദിനേദിനേ
തമഹം ശിരസാ വന്ദേ രാജാനം കുലശേഖരം ".

എന്നതു ശ്രീവൈഷ്ണവന്മാരുടെ ഒരു വന്ദനശ്ലോകമാണു്. ഇതിൽനിന്നു ശ്രീരംഗയാത്രയ്ക്കു മഹാരാജാവിനുള്ള ഉൽക്കണ്ഠയും മന്ത്രിമാർ ആ കാര്യത്തിലുണ്ടാക്കിക്കൊണ്ടിരുന്ന വിഘ്നങ്ങളും ഏറെക്കുറെ അനുമാനിക്കാവുന്നതാണു്. രണ്ടുകൊണ്ടും മന്ത്രിമാർ തോറ്റു. സൊല്ലയൊഴിയാനുള്ള വഴി ഒന്നുംതന്നെ കണ്ടില്ല. ഒരു ദിവസം അവിടുന്നു പതിവായി തൊഴുതു വന്ന ശ്രീരാമ വിഗ്രഹത്തിൽ ചാർത്തിയിരുന്ന ഒരു വിലയേറിയ പതക്കം

Digitized By Kerala Sahitya Akademi

മോഷ്ടിച്ചുവച്ചുകൊണ്ടു് ആ കൃത്യം നടത്തിയതു വിഷ്ണുഭക്തന്മാരാണെന്നും അവിടുന്നു് അഭിമാനിച്ചു് ആരാധിച്ചുവന്ന വിദേശികളിൽ ചിലരാണെന്നും കൂസൽകൂടാതെ അവർ മഹാരാജാവിനോടറിയിച്ചു. വീണ്ടും ചോദിച്ചതിൽ ആ സംഗതിയിൽ അവക്കു് യാതൊരു സംശയവുമില്ലെന്നും കേസു പൂർണ്ണമായി തെളിഞ്ഞിട്ടുണ്ടെന്നും അവർ ഉറപ്പിച്ചു പറഞ്ഞു. "എന്നാൽ കൃഷ്ണസർപ്പത്തെ ഉള്ളിൽ അടച്ചിട്ടുള്ള ഒരു കൂടം കൊണ്ടുവരട്ടെ. വിഷ്ണുഭക്തന്മാരായ എന്റെ വയസ്യന്മാർ പാപം ചെയ്യുകയില്ലെന്നു ഞാനും ചെയ്യുമെന്നിവരും. കൂടത്തിൽ ഞാൻ കയ്യിടാം. പതക്കം ഭക്തന്മാർ മോഷ്ടിച്ചിട്ടില്ലെങ്കിൽ സർപ്പം എന്നെ കടിക്കില്ല." എന്നു രാജാവു് സധൈര്യം പറഞ്ഞുകൊണ്ടു താൻ ആവശ്യപ്പെട്ടതുപോലെയുള്ള ഒരു കൂടം വരുത്തി. കല്പന കല്പുപിളക്കുമെന്നു പറയുന്നതു് എത്ര സത്യമാണു്! രാജാവു് കൂടത്തിൽ കയ്യിട്ടു. പത്തിവിരിച്ചു ശ്രുല്ലാരം ചെയ്തുകൊണ്ടിരുന്ന കൃഷ്ണസർപ്പം വാഴനാരുപോലെ ചുരുണ്ടു താഴെ വീണു. ആരെ എവിടെക്കടിക്കാനാണു്? അതിനെ കൈകൊണ്ടു തലോടിക്കൊണ്ടു നിർഭയനായി സിംഹാസനത്തിൽ എഴുന്നള്ളിയിരുന്ന രാജാവിനെ സദസ്യന്മാർ ഐകകണ്ഠ്യേന ബഹുമാനിക്കുകയും വഞ്ചകന്മാരായ മന്ത്രിമാർ ലജ്ജകൊണ്ടും ഭയംകൊണ്ടും വിവശന്മാരായിത്തീരുകയും ചെയ്തു.

"അഞ്ചനമാമലൈപ്പിറവിയാതരിത്താൻ വാഴിയേ;
അണിയരങ്കർമണിത്തുണൈയമർന്തചെല്വൻ വാഴിയേ;
വഞ്ചിനകരം തന്നെ വാഴ്വിത്താൻ വാഴിയേ;
മാചിതന്നിൽ പുനർപൂചം വന്തുതിത്താൻ വാഴിയേ;
അഞ്ചലെനക്കുടപ്പാമ്പിൽ കൈയിട്ടാൻ വാഴിയേ;
അനവരതമിരാമകതൈയകമകിഴ്ന്താൻ വാഴിയേ;
ചെഞ്ചൊൽമൊഴി നാറ്റഞ്ചും ചെപ്പിനവൻ വാഴിയേ;
ചേരലർകോൻ ചെങ്കമലത്തിരുവടികൾ വാഴിയേ".

എന്ന കുലശേഖരപ്രശസ്തിപരമായ ദ്രാവിഡഭാഷാഗാനത്തിൽ "അഞ്ചലെനക്കുടപ്പാമ്പിൽ കൈയിട്ടാൻ" എന്ന ഭാഗം മേലെഴുതിയ ഐതീഹ്യത്തെ സൂചിപ്പിച്ചിട്ടുള്ളതാണു്. "അഞ്ചൽ" എന്നാൽ ഭയപ്പെടരുതെന്നു് താല്പര്യം. മന്ത്രിമാക്കു മഹാരാജാവു് മാപ്പുകൊടുത്തു. എന്നാൽ അതിൽ പിന്നീടു രാജ്യഭാരം ചെയ്തുകൊണ്ടിരിക്കണമെന്നു് അദ്ദേഹത്തിനു് ലേശംപോലും ആഗ്രഹമുണ്ടായിരുന്നില്ല.

Digitized By Kerala Sahitya Akademi

"വരം ഹുതവഹജ്വാലാപഞ്ജരാന്തർവ്യവസ്ഥിതിഃ;
ന ശൌരിചിന്താവിമുഖജനസംവാസവൈശസം".

എന്ന ശൌനക സംഹിതയിലേ ശ്ലോകം ഉച്ചരിച്ചുകൊണ്ടു തന്റെ പുത്രനായ ദൃഢവ്രതനെ മഹാരാജാവാക്കി അഭിഷേകം ചെയ്യിച്ചു. പരമഭാഗവതയായിരുന്ന തന്റെ പുത്രിയോടുകൂടി ആ മഹാനുഭാവൻ തൽക്ഷണം തന്നെ ശ്രീരംഗത്തേയ്ക്കു പുറപ്പെട്ടു. അവിടെ വളരെക്കാലം താമസിച്ചു ഭഗവൽകൈങ്കര്യവും ചെയ്കയും തിരുവേങ്കടം (തിരുപ്പതി), ചിത്രകൂടം, അയോദ്ധ്യ, തിരുക്കണ്ണപുരം മുതലായ പുണ്യസ്ഥലങ്ങൾ സന്ദർശിക്കയും ചെയ്തു. ഒടുവിൽ നമ്മാൾവാരുടെ പിതൃഗൃഹമായ ആൾവാർ തിരുനഗരി സന്ദർശിക്കയും അവിടെനിന്നു മന്നാർകോവിലിലേയ്ക്കു പോയി അവിടുത്തെ രാജഗോപാലസ്വാമിയെ അനന്യ ചിന്തയോടുകൂടി ഭജിച്ചുകൊണ്ടു കുറേക്കാലം കഴിച്ചുകൂട്ടുകയും ചെയ്തു. അറുപത്തേഴാമത്തെ വയസ്സിൽ കുലശേഖര ആൾവാർ സ്വർഗ്ഗാരോഹണം ചെയ്തു.

കുലശേഖരന്റെ കാലമേതെന്നാണ് ഇനി വിചാരണചെയ്യാൻ പോകുന്നതു്. മുകുന്ദമാലയും പെരുമാൾ തിരുമൊഴിയും ഈ ആൾവാരുടെ കൃതികളാണെന്നു പരക്കെ സമ്മതമുള്ളതും വൈഷ്ണവന്മാർ അവരുടെ മതഗ്രന്ഥങ്ങളിൽ പ്രകടമായി ഘോഷിക്കുന്നതുമാണു്. തപതീസംവരണം, സുഭദ്രാധനഞ്ജയം, ആശ്ചര്യമഞ്ജരി ഇത്യാദി ഗ്രന്ഥങ്ങളുടെ നിർമ്മാതാവായ കുലശേഖരവർമ്മാവും, ബാലരാമായണം, കർപ്പൂരമഞ്ജരി, വിദ്ധസാലഭഞ്ജികാ, ബാലഭാരതം അഥവാ പ്രചണ്ഡപാണ്ഡവം ഈ ഗ്രന്ഥങ്ങളുടെ കർത്താവായ രാജശേഖര കവിയും, ശ്രീമാൻ ഗോപീനാഥരായർ ഈയിടെ പ്രസിദ്ധപ്പെടുത്തിയ താഴമൺമഠം വക താമ്രശാസനത്തിൽ പറയുന്ന രാജശേഖരനും മുകുന്ദമാലാദി ഗ്രന്ഥകാരനായ കുലശേഖരനും ഒരാളോ ഭിന്നന്മാരോ എന്നുള്ള വിചാരണയും ഇവിടെ ആനുഷംഗികമായി വേണ്ടിവരുന്നു.

രാജശേഖരകവി കേരളീയനാണെന്നുള്ള വാദത്തിനു വലിയ അടിസ്ഥാനമൊന്നുമുള്ളതായി തോന്നുന്നില്ല. ശങ്കരവിജയമെന്ന ഗ്രന്ഥത്തിൽ നാടകകർത്താവായ ഒരു രാജശേഖര മഹാരാജാവിനെപ്പറ്റിപ്പറയുന്നുണ്ടു്.

"ഏവമേനമതിമർത്ത്യചരിത്രം സേവമാനജനദൈന്യലവിത്രം
കേരളക്ഷിതിപതിർഹരിഭദ്രക്ഷുഃ പ്രാഹരിണോത്സചിവമാദൃതഭിക്ഷുഃ

തേന പൃഷ്ടകുശലഃ ക്ഷിതിപാലഃ സേവന സൃഷ്ടമഥ ശാത്രവകാലഃ
ഹാടകായുതസമർപ്പണപൂർവ്വം നാടകത്രയമവോചദപൂർവം.

Digitized By Kerala Sahitya Akademi

കവിതാകുശലോഥ കേരളക്ഷ്മാകമനഃ കശ്ചന രാജശേഖരാഖ്യഃ
മുനിവയ്മമം മുദാ വിതേനേ നിജകോടിരനിഷ്ടതന്നഖാഗ്രം.

പ്രഥതേ കിമു നാടകത്രയീ സേത്യമുനാ സംയമിനാ തതോ നിയുക്തഃ"

ഇത്യാദി ശ്ലോകങ്ങളിൽനിന്നു കേരള ചക്രവത്തിയായ ഒരു രാജശേഖരൻ താനുണ്ടാക്കിയ മൂനു നാടകങ്ങൾ ശങ്കരഭഗവൽപാദസ്വാമിക്കു കാഴ്ചവച്ചതായി കാണുന്നു. ശങ്കരവിജയ കർത്താവായ മാധവാചാര്യർ വേദഭാഷ്യകാരനായ സായണാചാര്യരുടെ ജേഷ്ഠനായ മാധവാചാര്യരല്ലെന്നും നവകാളിദാസനെന്ന ബിരുദത്തോടുകൂടിയ മറ്റൊരു മാധവനാണെന്നുമാണ് അഭിജ്ഞമതം. അതിനാൽ ശങ്കരവിജയത്തിന്റെ കാലനിർണ്ണയംതന്നെ സുകരമല്ല. ഏതായാലും ഈ ശങ്കരവിജയത്തിൽ രാജശേഖരനുണ്ടാക്കിയ നാടകത്രയമേതെന്നു പറയുന്നില്ല. ക്രിസ്തു പതിനാറാം ശതവർഷത്തിൽ ജീവിച്ചിരുന്ന സദാശിവബ്രഹ്മേന്ദ്രസരസ്വതി തന്റെ ജഗൽഗുരുരത്നമാലാസ്തവത്തിൽ

"ഹൃതസട്ടകസത്രിനാട്യബന്ധപ്രതയായാവരരാജശേഖരാന്ധ്യം
കൃതവന്തമനന്തമന്ത്രശക്തിം പ്രതിഗംഗാധരമാശ്രയേത്ഥസുക്തിം".

എന്നു പറഞ്ഞു കാണുന്നു. കർപ്പൂരമഞ്ജരീസട്ടകം മുതലായ ഗ്രന്ഥങ്ങളുടെ കർത്താവായ രാജശേഖരന്റെ നേത്രരോഗം ഭേദമാക്കിയതു ഭഗവൽപാദരല്ലെന്നും ഭഗവൽപാദരുടെ വംശപരമ്പരയിൽപ്പെട്ട ഗംഗാധരപ്രതിയാണെന്നുമാണ് ഈ ശ്ലോകത്തിൽനിന്നു വെളിവാകുന്നതു്. ഗംഗാധരപ്രതി ഭഗവൽപാദരുടെ മൂന്നാം തലമുറക്കാരനായിരുന്നു എന്നാണ് ഐതിഹ്യം. ആ നിലയ്ക്കു് ഭഗവൽപാദക്കു നാടകത്രയം കാഴ്ചവച്ചതു കർപ്പൂരമഞ്ജരീകാരനായിരിക്കുവാൻ വഴിയില്ല. രാജശേഖരകവി തന്നെപ്പറ്റിപ്പറയുന്നതു തന്നെ എന്താണെന്നു നോക്കാം.

"ഭാവ കഥ്യതാമേതൽ കോ ഭാണ്യതേ രജനീവല്ലഭശിഖണ്ഡഃ
രഘുകുലചൂഡാമണേർമ്മഹേന്ദ്രപാലസ്യ കശ്ച ഗുരുഃ.
ബാലകവിഃ കവിരാജോ നിർഭയരാജസ്യ തഥോപാദ്ധ്യായഃ
ഇത്യേതസ്യ പരമ്പരയാ ആത്മാ മാഹാത്മ്യമാദ്രുഢഃ.
ചാഹുവാനകുലമൌലിമാലികാ രാജശേഖരകവീന്ദ്രഗേഹിനീ
ഭർത്തുഃ കൃതിമവന്തിസുന്ദരീ സാ പ്രയോജയിതുമേതാമിച്ഛതി".

കർപ്പൂരമഞ്ജരീസട്ടകത്തിലുള്ള മൂന്നു പദ്യങ്ങളുടെ ഛായയാണ് മേലെഴുതിയതു്.

Digitized By Kerala Sahitya Akademi

"നമിതമുരളമൌലിഃ പാകശലോ മേകലാനാം
രണകലിതകലിങ്ഗഃ കേലിതടു കേരളേന്ദ്രോഃ
അജനി ജിതകുലൂതഃ കുന്തളാനാം കഠാരോ
ഹഠഹൃതരമഠശ്രീശു ശ്രീമഹിപാലദേവഃ."

തേന ച രഘുവംശമുക്താമണിനാ ആയ്യാവത്തമഹാരാജാധിരാജേന ശ്രീനിർഭയനരേന്ദ്രനന്ദനേനാധികൃതാസ്സഭാസദഃ:—

"രാജശേഖരകവേർമ്മഹാത്മനോ ബാലഭാരതമിദം ഹി നാടകം
യോഭിനേഷ്യതി രസൈന്നിരന്തരം മൽസുതാം സ പരിണേഷ്യതി-
ക്ഷിതൌ.
ആപന്നാർത്തിഹരഃ പരാക്രമധനസ്സൌജന്യവാരാംനിധി-
സ്ത്യാഗീ സത്യസുധാപ്രവാഹശശഭൃൽകാന്തഃ കവീനാം മതഃ

വർണ്യം വാ ഗുണരത്നരോഹണഗിരേഃ കിം തസ്യ സാക്ഷാദസൌ
ദേവോ യസ്യ മഹേന്ദ്രപാലനൃപതിശ്ശിഷ്യോ രഘുഗ്രാമണീഃ.
ബഭ്രവ വല്മീകഭവഃ പുരാ കവിസ്തതഃ പ്രപേദേ ഭുവി ഭർതൃമേണ്ഠതാം
സ്ഥിതഃ പുനസ്ത്വോ ഭവഭ്രതിരേഖയാ സവർത്തതേ സമ്പ്രതി രാജ-
ശേഖരഃ".

മേൽ ഉദ്ധരിച്ച ഭാഗങ്ങൾ ബാലഭാരത നാടകത്തിലുള്ളതാണു്. ഈ നാടകം രാജശേഖരനു മുഴുപ്പിക്കുവാനിടവന്നില്ല.

"നിർഭയഭൂരുർവ്യധത്ത ച വാല്മീകികഥാം കിമനുസ്മൃത്യ?"

"രഘുകുലതിലകേന മഹേന്ദ്രപാലേനാധികൃതാസ്സഭാസദഃ"

"സ മുത്തോ യത്രാസീൽ ഗുണഗണ ഇവാകാലജലദഃ
സുരാനന്ദസ്സോപി ശ്രവണപുടപേയേന വചസാ
ന ചാന്യേ ഗണ്യന്തേ തരളകവിരാജപ്രഭൃതയോ;
മഹാഭാഗസ്തസ്മിന്നയമജനി യായാവരകുലേ".

"തദാമുഷ്യായണസ്യ മഹാരാഷ്ട്രചൂഡാമണേരകാലജലദസ്യ ചതുർത്ഥോ ദൌർഭ്ടകിഃ ശീലവതീസൂനുരുപാദ്ധ്യായഃ ശ്രീരാജശേഖരം ഇത്യാദി പദ്യാർദ്ധം ബഹുമാനേന" ഈ ഭാഗങ്ങൾ കവിയുടെ പ്രധാന കൃതിയായ ബാലരാമായണത്തിൽ കാണുന്നു. "ബഭ്രവ വല്മീകഭവഃ" "ആ

Digitized By Kerala Sahitya Akademi

പന്നാത്തിഹരഃ പരാക്രമധനഃ'' ഈ രണ്ടു പദ്യങ്ങൾ ബാലരാമായണത്തിലും ചേത്തിട്ടുണ്ട്. വിദ്ധസാലഭഞ്ജികയിൽ

സൂത്രധാരഃ:—അയേ യായാവരേണ ദൈർദ്ദകിനാ കവിരാജശേഖരേണ വിരചിതായാ വിദ്ധസാലഭഞ്ജികാനാമ്നാ നാടികായാ വസ്തുപക്ഷേപോ ഗിയതെ.

ആകാശേ ''സഖേ! സോമദത്ത! കിമാത്ഥ തദകാലജലദസ്യ പ്രണപ്തുസ്തസ്യ ഗുണഗണാഃ കിമിതി ന വണ്ണ്യന്തേ ? '' ശ്രുത.

കിമപരമപരൈഃ പരോപകാരവ്യസനനിധേർഗ്ഗുണിതൈർ—
ഗുണൈരമുഷ്യ ?
രഘുകുലതിലകോ മഹേന്ദ്രപാലഃ സകലകലാനിലയസ്സ യസ്യ—
ശിഷ്യഃ''

എന്നു പറഞ്ഞിരിക്കുന്നു. ആ നാടികയിൽ തന്നെ ഹരദാസനെന്ന പാത്രം ചൊല്ലുന്ന

''ശ്രിയഃപ്രസൂതേ വിപദോ രുണദ്ധി യശാംസി ദുഗ്ധേ മലിനം പ്രമാർഷ്ടി
സംസ്കാരശൌചേന പരം പുനീതേ ശ്രുദ്ധാ ഹി ബുദ്ധിഃ കുലകാമധേനുഃ''

എന്ന പദ്യം ബാലഭാരതത്തിന്റെ പ്രസ്താവനയിൽ ''ഉക്തം ഹി തേനൈവ മഹാസുമന്ത്രിപുത്രേണ'' എന്ന പീഠികയോടുകൂടി ഉദ്ധരിച്ചുകാണുന്നു.

മേൽക്കാണിച്ച പദ്യഗദ്യങ്ങളിൽ നിന്നു മഹാരാഷ്ട്രന്മാരിൽ ദുർദ്ദുകന്മാർ എന്നൊരു വംശക്കാരുണ്ടായിരുന്നു എന്നും ആ വംശത്തിൽ അകാല ജലദൻ എന്നൊരു മഹാൻ ജനിച്ചു എന്നും അദ്ദേഹത്തിനു മഹാസുമന്ത്രി എന്നൊരു പൌത്രനുണ്ടായിരുന്നു എന്നും മഹാസുമന്ത്രിയുടെ ധർമ്മപത്നിയുടെ നാമധേയം ശീലവതി എന്നായിരുന്നു എന്നും ഈ ദമ്പതികളിൽ നിന്നാണ് രാജശേഖരകവിയുടെ ഉൽപത്തിയെന്നും രാജശേഖരൻ ചാഹുവാന (ചോഹൻ എന്ന രാജപുത്രവംശം) വംശത്തിൽ ജനിച്ച അവന്തിസുന്ദരിയെ വിവാഹം ചെയ്തു എന്നും രഘുവംശജാതന്മാരായ നിർഭയനെന്ന മഹേന്ദ്രപാലനും പുത്രൻ മഹീപാലനും അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നു എന്നും അതിൽ മഹീപാലൻ കേരളത്തെ കൂടി ജയിച്ചുവെന്നും വെളിവാകുന്നു. രാജശേഖരൻ കേരളരാജാവായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ശിഷ്യന്റെ പുത്രനും ശിഷ്യനുമായ മഹീപാലൻ കേരളത്തെ ഒരിക്കലും ആക്രമിക്കുന്നതിനിടവരുന്നതല്ലായി

Digitized By Kerala Sahitya Akademi

രുന്നു. "യായാവരകുലേ" എന്നതന്നെ കവി പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് യായാവരപദത്തിനു "പരിവ്രാജകൻ" എന്നർത്ഥം കൽപ്പിക്കേണ്ട ആവശ്യമുണ്ടെന്നു് തോന്നുന്നില്ല. "യായാവരകുലശ്രേണേർഹാരയഷ്ടേശ്ച മണ്ഡനം സുവർണ്ണബന്ധതുചിരസ്ഥിരളസ്ഥിരളോ യഥാ" എന്നതന്റെ ഒരു പൂർവികനെപ്പറ്റി കവി വർണ്ണിക്കുന്നതു നോക്കുക. അതു വംശപ്പേരായിരിക്കാനാണു് അധികമെളുപ്പം. അഥവാ രാജശേഖരൻ പരിവ്രാജകവേഷം സ്വീകരിച്ചു തന്നെയാണു് മഹീപാലന്റെ സദസ്സിനെ അലങ്കരിച്ചതെന്നു വിചാരിച്ചാൽ കൂടിയും അദ്ദേഹം ഒരു കേരളരാജാവായിരുന്നു എങ്കിൽ തന്റെ സ്വാമിയെ "കേലിതടു കേരളേന്ദ്രഃ" എന്നു സ്തുതിക്കുന്നതിനു ന്യായമില്ല. നിർഭയൻ എന്നതു മഹേന്ദ്രപാലന്റെ ഒരു ബിരുദമാണെന്നും മഹേന്ദ്രപാലനും മഹീപാലനും കന്യാകുബ്ജദേശാധിപന്മാരായിരുന്നു എന്നും "സ്വസ്തി ശ്രീമഹോദയസമാവാസിതാനേകഗോഹസ്ത്യശ്വരഥപത്തി സമ്പന്നസ്കന്ധാവാരാൽ..... പരമഭഗവതീഭക്തോ മഹാരാജശ്രീമഹേന്ദ്രപാലദേവഃ" ഇത്യാദി ദാനപത്രങ്ങളിൽ നിന്നു വെളിവാകുന്നു.

മഹോദയപുരമെന്ന കൊട്ടങ്ങല്ലൂരിനും പേരുള്ളതുകൊണ്ടാണു് ചില പണ്ഡിതന്മാക്കു് ഈ വിഷയത്തിൽ അന്യഥാ ശങ്കയ്ക്കിടവന്നിട്ടുള്ളതു്. എന്നാൽ മഹീപാലൻ "ആര്യ്യാവർത്തമഹാരാജാധിരാജൻ" ആണെന്നു ബാലഭാരതത്തിൽ പറയുന്ന സ്ഥിതിക്കു് അതിലെ "കഥമേതേ മഹോദയമഹാനഗര ലീലാവതംസാവിദ്വാംസസ്സാമാജികാഃ?" എന്ന ഭാഗത്തിൽ കാണുന്ന മഹോദയ മഹാനഗരം കൊങ്ങല്ലൂരല്ലെന്നുള്ളതു നിർവിവാദമാകുന്നു. "കന്യാകുബ്ജം മഹോദയം." "മഹോദയഃ കന്യാകുബ്ജേ" എന്നും മറ്റും അഭിധാനഗ്രന്ഥങ്ങളിൽ കാണുന്ന ക്രമത്തിനു് ഈ മഹോദയം കന്യാകുബ്ജമാണെന്നുള്ളതും തീർച്ചതന്നെ.

ബാലരാമായണത്തിൽ ലക്ഷ്മണൻ

"ഇദം പുനസ്തതോപി മന്ദാകിനീപരിക്ഷിപ്തം മഹോദയം നാമ—
(നഗരം ദൃശ്യതേ"

എന്നും അതിനെ പിന്തുടർന്നു ശ്രീരാമൻ

"ശശ്വൽസുധാമവസുധാമഹിതം ദ്വിഷദ്ഭി—
ന്നോ ഗാഹിതം ഭവതി ഗാധിപുരം പുരസ്താൽ;
വൈദേഹി ദേഹി ശഫരീസദൃശം ദൃശന്തൗ—
ദസ്മിന്നിതംബിനി! നിതംബമഹദ്യസിന്ധൗ."

Digitized By Kerala Sahitya Akademi

ഇദം ദ്വയം സർവമഹാപവിത്രം പരസ്പരാലങ്കരണൈകഹേതുഃ
പുരം ച ഹേജ്ജാനകി! കാന്യകുബ്ജം സരിച്ച ഗൌരീപതി–
മൌലിമാലാ.''

എന്നും പറയുന്നതു് ഇതിനനുരൂപമായിരിക്കുന്നു. ഗാധിപുരവും കാന്യകുബ്ജവുമൊന്നു തന്നെയെന്നു് ''കന്യാകുബ്ജം ഗാധിപുരം കൌശം കുശസ്ഥലം ച തൽ'' എന്നഭിധാനമുള്ളതുകൊണ്ടു തീച്ചപ്പെട്ടത്താം. വിദ്വസാലഭഞ്ജികാവ്യാഖ്യാതാവായ നാരായണദീക്ഷിതർ

''ബാലരാമായണേ സ്വസ്യ മഹാരാഷ്ട്രത്വവർണ്ണനാൽ
മഹാരാഷ്ട്രഃ കവിസ്സോയം ദേശീം പ്രായസ്സ്വദേശജാം
പ്രയുക്തവാനതോസ്മാകം സുബോധാ ബഹ്വധാസ്തി സാ.''

എന്നു പറഞ്ഞിട്ടുള്ളതും രാജശേഖരൻ കേരളീയനല്ലെന്നുള്ള വാദത്തെത്തന്നെ അനുകൂലിക്കുന്നു. ബാലരാമായണത്തിൽ നിന്നു ഞാനുദ്ധരിച്ച ''സ മൂത്തോ യത്രാസീൽ'' ഇത്യാദി പദ്യത്തിൽ കാണുന്ന സുരാനന്ദനും ഈ മഹാകവിയുടെ പൂർവികനായിരുന്നു. പക്ഷേ പിതാമഹനായിതന്നെ ഇരുന്നിരിക്കാനിടയുണ്ടു്. സുരാനന്ദനെപ്പറ്റി രാജശേഖരന്റെ വർണ്ണനയായ ഒരു ശ്ലോകം വല്ലഭദേവന്റെ സൂക്തിമുക്താവലിയിൽ എടുത്തു ചേർത്തിട്ടുണ്ടു്. അതു താഴെക്കാണുന്നതാകുന്നു.

''നദീനാം മേകലസുതാ; ന്യ പാണാം രണവിഗ്രഹഃ;
കവീനാഞ്ച സുരാനന്ദശ്ചേദിമണ്ഡലമണ്ഡനം.''

ഈ സുരാനന്ദനും ''സ മൂത്തോ യത്രാസീൽ'' ഇത്യാദി പദ്യങ്ങളിലെ സുരാനന്ദനും ഒരാളാണെങ്കിൽ തന്നെ അദ്ദേഹം ചേദിരാജ്യത്തിൽ രണവിഗ്രഹന്റെ സദസ്യനായി പാർത്തുവെന്നേ അർത്ഥമുള്ളു. നമ്മുടെ കവി തന്നെ ഉപാദ്ധ്യായനെന്നും ഗുരുവെന്നും മറ്റും വർണ്ണിക്കുന്നതിൽനിന്നു് അദ്ദേഹം ഒരു ബ്രാഹ്മണനായി വരാനാണു് അധികമെളുപ്പം. ക്ഷത്രിയരായാൽ സ്വരാജ്യം വിട്ട സുരാനന്ദൻ ചേദിയിലും രാജശേഖരൻ കന്യാകുബ്ജത്തിലും പൊന്നു പാക്കുവാൻ ന്യായമില്ല. ചോഹൻ വംശജയായ അവന്തി സുന്ദരി ഒരു ക്ഷത്രിയസ്ത്രീയാണെന്നുള്ളതു നിസ്സംശയം തന്നെ. എന്നാൽ ക്ഷത്രിയസ്ത്രീയെ ഒരു ബ്രാഹ്മണൻ വിവാഹം ചെയ്യുന്നതു് ഒരു വലിയ അത്ഭുതമായി വിചാരിക്കേണ്ടതല്ല. അകാലജലദനെ ''മഹാരാഷ്ട്രചൂഡാമണി'' എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു് അദ്ദേഹം ഒരു രാജാവാകണമെന്നില്ല. അകാലജലദപദംതന്നെ ഒരു ബിരുദമായിരി

Digitized By Kerala Sahitya Akademi

ക്കാമെന്നുള്ളതിനാൽ ഇദ്ദേഹത്തെ അകാലവഷ്മഹാരാജാവാണെന്നു ശങ്കിച്ചിട്ടുമാവശ്യമില്ല. വഷ്വും മേഘവുമൊന്നല്ലെന്നു പറയേണ്ടതില്ലല്ലോ.

"അകാലജലദേന്ദോസ്സ്യാ ഹൃദ്യാ വചനചന്ദ്രികാ
നിത്യം കവിചകോരൈസ്ത്വാ പീയതേ ന ച ഹീയതേ".

എന്നു രാജശേഖരൻ തന്നെ മറ്റൊരവസരത്തിൽ വണ്ണിച്ചിരിക്കുന്നതിൽ നിന്നു് അകാലജലദൻ ഒരു പണ്ഡിതനും കവിയുമായിരുന്നിരിക്കാമെന്നും അതിനാൽ മഹാരാഷ്ട്രശ്രേഷ്ഠനെന്നു കവി പ്രശംസിക്കുന്നതാണെന്നും നമുക്കു് അനുമാനിക്കുവാൻ ധാരാളം ന്യായമുണ്ടു്. "ചാഹുവാന" പദം "ചേരമാന" എന്നതിന്നു പകരം തെറ്റായി പ്രയോഗിച്ചിരിക്കാമെന്നു് ഒരു ഊഹം ആദ്യമായി ഞാൻ ശ്രീമാൻ ഗോപീനാഥരായരുടെ പ്രസിദ്ധീകരണങ്ങളിൽ നിന്നാണു് ഗ്രഹിക്കുന്നതു്. "ചാളഹാണ" എന്നു വ്യക്തമായി പ്രാകൃതത്തിൽ പറഞ്ഞിരിക്കുമ്പോൾ അതിനു "ചേരമാന" എന്നെങ്ങനെയാണു് ഛായ ഉണ്ടാക്കുന്നതു് ? വളരെ വിസ്തരിക്കുന്നില്ല. മേൽ വിവരിച്ചതിൽനിന്നു രാജശേഖരൻ ഒരു മഹാരാഷ്ട്ര ബ്രാഹ്മണനാണെന്നു സിദ്ധിക്കുന്നുണ്ടെന്നാണു് എന്റെ വിശ്വാസം.

ബാലരാമായണത്തിൽ പരശുരാമനെപ്പറ്റിയുള്ള ഒരു ശ്ലോകം രാജശേഖരൻ കേരളീയനാണെന്നുള്ള ഊഹത്തെ ബലപ്പെടുത്തുന്നതാണെന്നു് ചിലർ വാദിക്കുന്നു. ആ ശ്ലോകം ബാലരാമായണം രണ്ടാമങ്കത്തിലുള്ളതാണു്. പരശുരാമന്റെ വെണ്മഴു വാങ്ങിച്ചു കൊണ്ടുവരുവാനായി രാവണൻ മായാമയൻ എന്നൊരു രാക്ഷസനെ പറഞ്ഞയയ്ക്കുന്നു. പരശുരാമൻ തന്റെ ആയുധം രാവണന്റെ അപേക്ഷയനുസരിച്ചു കൊടുക്കുന്നില്ല.

"പൗലസ്ത്യഃ പ്രണയേന യാചത ഇതി ശ്രുത്വാ മനോ മോദതേ;
ദേയോനൈഷ ഹരപ്രസാദപരശുസ്തേനാധികം താമ്യതി;
തദ്വാച്യസ്സ ദശാനനൊ മമ ഗിരാ: ദത്താ ദ്വിജേഭ്യോ മഹീ
തുഭ്യം ബ്രൂഹി രസാതലത്രിദിവയോന്നിർജ്ജിത്യ കിം ദീയതാം ?".

എന്നൊരു മറുപടി ഭംഗിയിൽ പറഞ്ഞയയ്ക്കുന്നതേയുള്ളു. ഇതു കൊണ്ടു രാവണനുണ്ടോ തൃപ്തിവരുന്നു ? പാതാളവും സ്വർഗ്ഗവും പരശുരാമനെ കൂടാതെ രാവണനു ജയിക്കുവാൻ പാടില്ലേ ? ജയിച്ചിട്ടില്ലേ ? മായാമയൻ രാവണന്റെ ക്രോധവഹ്നിയെ ഉദ്ദീപിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

മായാ—അസ്മിന്നന്യവിക്രമഗതീനി ജഗന്തി ത്രീണ്യപി മനാ
നോ നിതരാം ദൃപ്യതി ബ്രഹ്മവീരഃ.

രാവണഃ—കതരദധിഷ്ഠാനമദ്ധ്യാസ്തേ സ തേ ബ്രഹ്മവീരഃ ?
ഇതിനു മായാമയൻ പറയുന്ന മറുപടിയാണ് മുൻപു സൂചിപ്പിച്ച
തായ ശ്ലോകം.

"നിശ്ശ്രേഷം കാശ്യപായ ക്രതുവിധിഗുരവേ ദക്ഷിണീകൃത്യ പൃഥ്വീം
കാണ്ഡൈഡജ്ജ്യോതിശ്ശിഖണ്ഡൈർമ്മധുരിപുശയനേ വ്യസ്യുവാൻ—
വാരി യേഭ്യഃ
"താനേലാനാളികേരീക്രമുകഫണിലതാരാജരംഭാവനാന്താ—
നംഭോധേർഗർഭഭാഗാനധിവസതി മുനിർഭാഗ്ഗവോ ഭഗ്നശിഷ്യഃ"

ഇതിൽ മധുരിപുശയനമെന്ന പദത്തിനു തിരുവനന്തപുരമെന്നത്ഥ
കല്പനചെയ്യുന്നതുതന്നെ ശരിയല്ല. സമുദ്രമെന്നേ ആ പദത്തിനു ഇവി
ടെ താല്പര്യമുള്ളൂ. ഏലാനാളികേരീക്രമുകഫണിലതാരാജരംഭാവനാന്ത
മെന്നു കേരളത്തെ വണ്ണിച്ചിരിക്കുന്നതു് ഏറ്റവും ശരിയായിരിക്കുന്നു എ
ന്നുള്ളതിൽനിന്നു മാത്രം കവി കേരളീയനാകുന്നതെങ്ങനെ ? ഒരു മഹാ
രാഷ്ട്രനായ അദ്ദേഹത്തിനു കേരളത്തിന്റെ ഉല്പത്തിയേയും സ്ഥിതിയേ
യും പറ്റി നല്ല ജ്ഞാനമുണ്ടായതു് അത്ഭുതമെന്നു പറവാനില്ല. "തർഹി
മിഥിലാതഃ സിംഹളാനത്തരേണ ലങ്കാം സാധയതസ്സുവിധീഭവിതാ"
എന്നു ഭയക്രോധങ്ങളാൽ വിവശീകൃതനായ രാവണനെക്കൊണ്ടു പറ
യിക്കുന്നതിനുവേണ്ടി മാത്രമല്ലയോ കവി പരശുരാമനെ കേരളവുമായി
സംബന്ധപ്പെട്ടത്തി വണ്ണിക്കുന്നതെന്നു സംശയമുണ്ടു്. ഏതായാലും ഈ
ഒരു ശ്ലോകത്തിൽനിന്നു രാജശേഖരൻ കേരളീയനാണെന്നു് അനുമാനി
ക്കുന്നതിനു യാതൊരു ന്യായവുമില്ല. അങ്ങനെയാണെങ്കിൽ ബാലരാമാ
യണത്തിൽ തന്നെയുള്ള

"സകലസ്യാസ്യ ലോകസ്യ ജാതിർഭവതി മാതൃതഃ;
ഋഷീണാം തു ശ്രുതിദൃശാം പിതൃതോ ധർമ്മനിർണ്ണയഃ".
"അഹമേവ ഹരിഷ്യാമി പരിണേതുഃ പുരോപി താം
നാരീപരിഭവം സോഢും ദാക്ഷിണാത്യാ ന ശിക്ഷിതാഃ".

"പർണ്ണം നാഗരഖണ്ഡമാർദ്രസുഭഗം പൂഗീഫലൈലാസ്ഥിതാ
കർപ്പൂരസ്യ ച യസ്യ കോപി ചതുരസ്താംബൂലയോഗക്രമഃ

Digitized By Kerala Sahitya Akademi

ദേശഃ കേരള ഏഷ കേളിസദനം ദേവസ്യ ശൃംഗാരിണ—
സ്തദ്ദൃഷ്ട്വാ കുരുകോമളാംഗി! സഫലേദ്രാഘീയസീ ലോചനേ''

ഇത്യാദി പദ്യങ്ങളും വിദ്ധസാലഭഞ്ജികയിലേ

''ഹാരോയം കേരളസ്ത്രീവിഹസിതശുചിഭിഃ പങ്ക്തിഭിഷ്ടൈനകതി—
കാനാം

സദ്യഷ്ഷ്ഷാണ്മാസികാനാം മമ മദിരദൃശോ ദന്തചന്ദ്രോദയശ്രീഃ
സോല്ലുണ്ഠം കണ്ഠദേശേ ഝടിതി കുചതടാദോംനമോ മന്മഥായേ—
ത്യസ്ത്രോയന്മദ്ധ്യരത്നം ച്ഛുരയതി കകുഭഃ കൌങ്കുമീഭിഃ പ്രഭാഭിഃ

ഇത്യാദി പദ്യങ്ങളും മറ്റും ആ അനുമാനത്തെ സഹായിക്കേണ്ടതാണു്. സീതാസ്വയംവരഘട്ടത്തിൽ കേരള രാജാവിനെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ലെന്നും രാജശേഖരൻ കേരളരാജാവായതുകൊണ്ടാണു് അങ്ങനെ വന്നതെന്നുമാണു് മറ്റൊരു വാദം. ഇതും ശരിയല്ല. ഒന്നാമതായി പ്രതീഹാരി മൂന്നാമങ്കത്തിൽ ഏതാനും ചില രാജാക്കന്മാരെ മാത്രമേ വർണ്ണിക്കുന്നുള്ളു. പക്ഷേ പാണ്ഡ്യരാജാവിനേയും ''കാഞ്ചീപുരപരമേശ്വരൻ'' ആയ ചോളരാജാവിനെയും കോലാഹലമായി സ്തുതിച്ചിരിക്കുന്ന സ്ഥിതിക്കു് കവി കേരളരാജാവിന്റെ കാര്യം മറന്നിരിക്കാനിടയില്ല. എന്നാൽ ''നിശ്ശ്വേഷം കാശ്യപായ'' ഇത്യാദി ശ്ലോകംകൊണ്ടു് സീതാസ്വയംവരകാലത്തിൽ കേരളം പരശുരാമനു് അധീനമാണെന്നു പറഞ്ഞതിൽനിന്നു് അവിടെ വേറെ അന്നു രാജാവുണ്ടായിരുന്നിരിക്കാനിടയില്ലെന്നാണു് രാജശേഖരന്റെ ഊഹമെന്നും അതുകൊണ്ടാണു് കേരളരാജാവിന്റെ കഥ വിട്ടുകളഞ്ഞതെന്നും നമുക്കു് ഏകദേശം തീരുമാനിക്കാം. പരശുരാമനെ സ്വയംവരത്തിനു വരുത്താൻ പാടുള്ളതുമല്ലല്ലോ. രാജശേഖരനു പല രാജ്യങ്ങളെപ്പറ്റിയും നല്ല അറിവുണ്ടായിരുന്നു എന്നുള്ളതിനു് അദ്ദേഹത്തിന്റെ മനോഹരങ്ങളായ രൂപകങ്ങൾക്കും അവയിൽ പ്രത്യേകിച്ചു ബാലരാമായണത്തിനും പുറമേ,

''കണ്ണാടീദശനാങ്കിത ശിതമഹാരാഷ്ട്രീകടാക്ഷായിതഃ
പ്രൌഢാസ്ത്രീസ്തനപീഡിതഃ പ്രണയിനീഭ്രൂഭംഗവിത്രാസിതഃ
ലാടീബാഹുവിവേഷ്ടിതശ്ച മലയസ്ത്രീതജ്ജനീതർജ്ജിതഃ
സോയം സമ്പ്രതി രാജശേഖരകവിർവാരാണസീം വാഞ്ഛതി''

എന്നു് ദേശൌചിത്യഹീനതയ്ക്കുദാഹരണമായി ക്ഷേമേന്ദ്രൻ ഔചിത്യ വിചാരചർച്ചയിൽ ഉദ്ധരിക്കുന്ന ശ്ലോകവും സാക്ഷി നില്ക്കുന്നു.

Digitized By Kerala Sahitya Akademi

എന്തിനു് ഇനിയും വിസ്തരിക്കുന്നു ? രാജശേഖരൻ കേരളീയകവിയാണെന്നുള്ളതിനു യാതൊരു തെളിവുമില്ല. ഗോപിനാഥരായരോടൊപ്പം ചരിത്രകലാകുശലനായ ശ്രീമാൻ കെ. പി. പദ്മനാഭമേനവനും പ്രകൃതവിഷയത്തിൽ സല്പം സംശയമുണ്ടെന്നു കണ്ടതിനാൽ മാത്രമാണു് ഈ ചർച്ച ഞാൻ ഇത്രമാത്രം ദീർഘമാക്കിയതു്.

ഇനി കുലശേഖരആൾവാരും കുലശേഖരവർമ്മാവും രാജശേഖരനും ഒരാൾതന്നെയോ എന്നു പരിശോധിക്കാം. മുകുന്ദമാലയും പെരുമാൾതിരുമൊഴിയും കുലശേഖരആൾവാരുടെ കൃതികളെന്നുള്ളതു സർവ്വസമ്മതമാണെന്നു മുൻപു പ്രസ്താവിച്ചുവല്ലോ. ഈ ആൾവാർ ജനിച്ചതു ക്രിസ്തു 766–67–ാം വർഷത്തിലായിരിക്കണമെന്നു ശ്രീവൈഷ്ണവഗ്രന്ഥങ്ങളിൽനിന്നു ജ്യൌതിഷികശിഖാമണിയായ ബഹുമാനപ്പെട്ട എൽ. ഡി. സ്വാമിക്കണ്ണുപിള്ള സ്ഥാപിച്ചിരിക്കുന്നതായി ഗോപീനാഥരായരവർകൾ പ്രസ്താവിക്കുന്നു. അദ്ദേഹം 67 വയസ്സു ജീവിച്ചിരുന്നതായി ആ ഗ്രന്ഥങ്ങളെ പുരസ്കരിച്ചു വിശ്വസിക്കാമെങ്കിൽ ആൾവാരുടെ സ്വർഗ്ഗാരോഹണം ക്രിസ്തു 834-ാം വർഷത്തിലാണെന്നു വരുന്നു. വൈഷ്ണവന്മാർ ഇദ്ദേഹത്തിന്റെ ജനനം കലി 27-ാം വർഷത്തിലാണെന്നു പറയുന്നതു ശുദ്ധമേ അസംബന്ധം തന്നെ. അഥവാ പൊയ്കയാൾവാർ, പൂതത്താൾവാർ, പേയാൾവാർ ഇവർ ദ്വാപരയുഗത്തിൽതന്നെ ജീവിച്ചിരുന്നവരാണെന്നു പറയുന്നവർ കുലശേഖരആൾവാരുടെ ജനനം കലിയുഗത്തിലാണെന്നു സമ്മതിക്കുന്നതുകൊണ്ടുതന്നെ ചരിത്രപണ്ഡിതന്മാർ തൃപ്തിപ്പെടേണ്ടതാണല്ലോ. ആൾവാരന്മാരുടെ കാലം വൈഷ്ണവമതഗ്രന്ഥങ്ങളിൽ പറയുന്നതുപോലെയാണെന്നു കാണിക്കുന്നതിനു മൈസൂരിലെ ശ്രീമാൻ ഗോവിന്ദാചാര്യർ മുതൽപേർ ഭഗീരഥപ്രയത്നം ചെയ്തിട്ടുണ്ടു്. അടിസ്ഥാനമില്ലാതെ കെട്ടുന്ന മാളിക അപ്പടി തകർന്നുപോകുന്നതിൽ എന്താണത്ഭുതം? മിസ്റ്റർ സ്വാമിക്കണ്ണുപിള്ളയും ഗുരുപരമ്പരയേയും മറ്റും പരിശോധിച്ചു തന്നെയാണു് കാലനിർണ്ണയം ചെയ്തിരിക്കുന്നതു്. അദ്ദേഹത്തിന്റെ അഭിപ്രായം ശരിയാണെന്നു് ഇനിമേൽ പറയുന്ന പല സംഗതികളിൽനിന്നു വെളിവാകും.

ആൾവാരുടെ മുകുന്ദമാല കാവ്യമാലയിലെ പ്രഥമഗ്രന്ഥകത്തിൽ ചേർത്തു പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. അതിലെ അവസാനശ്ലോകം താഴെക്കാണുന്നതാണു്.

"യസ്യ പ്രിയൌ ശ്രുതിധരൌ കവിലോകഗീതൌ
മിത്രൌ ദ്വിജന്മപരിവാരശിവാവഭൂതാം

Digitized By Kerala Sahitya Akademi

തേനാംബുജാക്ഷ ചരണാംബുജഷൾപദേന
രാജ്ഞാ കൃതാ സ്തുതിരിയം കുലശേഖരേണ. ''

മേലെഴുതിയ ശ്ലോകത്തിലെ പൂർവാർദ്ധത്തിനു് ഈ പാഠമനുസരിച്ചു നോക്കിയാൽ അർത്ഥമില്ല. മഹാവിഷ്ണുഭക്തനായ ഒരു കവി വൈഷ്ണവന്മാക്കു വേദംപോലെ ഉണ്ടാക്കുന്ന ഒരു കൃതിയിൽ ശിവപദത്തിനു തന്നെ പ്രസക്തിയില്ലെന്നാണു് എനിക്കു് ആ പദ്യം ആദ്യം വായിച്ചപ്പോൾ തോന്നിയതു്. ആ ശങ്കയോടുകൂടി ഞാൻ മുകുന്ദമാലയുടെ ചില പഴയ താളിയോലഗ്രന്ഥങ്ങൾ പരിശോധിച്ചു. അവയിലെല്ലാം പാഠം മാറിയാണു് കണ്ടതു്.

'' യസ്യ പ്രിയൌ ശ്രുതിധരൌ രവിലോകവീരൌ
മിത്രേ ദ്വിജന്മവരപാരശവാവഭ്രതാം ''.

എന്നാണു് ആ പാഠം. മുകുന്ദമാലയ്ക്കു് അത്യുത്തമമായ ഒരു പ്രാചീന ഭാഷാ വ്യാഖ്യാനവും ഞാൻ വായിച്ചിട്ടുണ്ടു്. അതിൽ ഈ ഭാഗത്തിനു ''ശ്രുതിധരൌ = മഹാവിദ്വാന്മാരായ, രവിലോകവീരൌ = രവിയെന്നും ലോകവീരനെന്നും പേരോടുകൂടിയ, ദ്വിജന്മവരപാരശവൌ = ബ്രാഹ്മണശ്രേഷ്ഠനും വാരിയരും '', എന്നാണു് അർത്ഥം വിവരിച്ചുകാണുന്നതു്. നമുക്കു് ഈ അർത്ഥം മേൽക്കാണിച്ച പാഠപ്രകാരം മനസ്സിലാക്കുവാൻ പ്രയാസമുണ്ടായിട്ടില്ല, പണ്ടത്തന്നെ വ്യാഖ്യാതാക്കന്മാർ ഈ അർത്ഥമാണു് ഇതിനു കല്പിച്ചിരുന്നതു്, എന്നു കാണിക്കുന്നതിനു വേണ്ടിയാണു് ഞാൻ ഈ ഭാഷാവ്യാഖ്യാനത്തിൽ നിന്നു മേലെഴുതിയ ഭാഗം ഉദ്ധരിച്ചതു്. അതിനാൽ മുകുന്ദമാലയിൽനിന്നു കുലശേഖര ആൾവാക്കു മഹാവിദ്വാന്മാരായ രവി എന്നൊരു നമ്പൂതിരിയും, ലോകവീരൻ എന്നൊരു വാരിയരും വയസ്യന്മാരായുണ്ടായിരുന്നു എന്നു സ്പഷ്ടമാകുന്നു. ലോകവീരൻ എന്നതു പക്ഷെ രണശൂരനായ തന്റെ സ്നേഹിതനു രാജാവു നല്കിയ ഒരു ബിരുദമായിരിക്കണം. എനിക്കു ലോകവീരനേപ്പറ്റിയല്ല ഇവിടെ അല്പം പറവാനുള്ളതു്. രവി എന്ന നമ്പൂതിരിയേപ്പറ്റിയാണു്. ഈ രവിയുടെ പുത്രനാണു് യുധിഷ്ഠിര വിജയകർത്താവായ പട്ടത്തു വാസുദേവഭട്ടതിരി. ഭട്ടതിരി ഒരു നിരക്ഷരകുക്ഷിയായിരുന്നു എന്നും, ഏതോ പഴം തിന്നിട്ടാണു് അദ്ദേഹത്തിനു കവിതയുണ്ടായതെന്നും,

'' ഇതയിത വാതു വരുന്നു;
വെറ്റില തിന്നാഞ്ഞെനിക്കു വാതുവരുന്നു. ''

Digitized By Kerala Sahitya Akademi

എന്നും മറ്റുമാണു് അദ്ദേഹത്തിന്റെ ആദ്യത്തെ കവിതാരീതി എന്നും കണ്ണടച്ചു വിശ്വസിക്കുന്ന പല പണ്ഡിതന്മാർ ഇന്നും കേരളത്തിലുണ്ടു്. ഇതു് അബദ്ധമാണെന്നു തെളിയിക്കേണ്ടതു് ഈ ഉപന്യാസത്തിലല്ലാത്തതിനാൽ അതിലേക്കായി ഒരുങ്ങുന്നുമില്ല. എങ്കിലും ആ മഹാകവി മുരാരിപ്രഭൃതികളായ മഹാന്മാക്കളെപ്പോലേ ഒരു ഗ്രന്ഥകുലക്ലിഷ്ടനായിരുന്നു എന്നും, യമകപ്രയോഗപാടവവും മറ്റും അദ്ദേഹത്തിനു തനിയേ കയറിവന്നതല്ലെന്നും ക്രിസ്തു എട്ടാം ശതവർഷത്തിൽ കേരളത്തിൽ പ്രചരിച്ചുവന്ന ദ്രാവിഡഭാഷ

"ഇതയിത വാതു വരുന്നു."

എന്ന മാതിരിയിലുള്ള മലയാളമല്ലായിരുന്നു എന്നും പ്രസക്താനുപ്രസക്തമായി ഒന്നു പറഞ്ഞുവയ്ക്കാതെ തരമില്ല. ഇതു് ഇനിമേലുദ്ധരിക്കുന്ന ചില ഭാഗങ്ങളിൽ നിന്നു് വിശദമാകുന്നതാണു്. ഭട്ടതിരി തന്റെ ത്രിപുരദഹനമെന്ന മറ്റൊരു യമകകാവ്യത്തിൽ

"നിജയാ തനവാ നേത്രപ്രമോദനം പ്രാണിനാം വിതനവാനേത്ര
മതിബലമാസാദ്യ മിതം പുരദഹനം രവിഭുവാ സമാസാദ്യമിതം"

എന്നു തന്നേപ്പറ്റി പറഞ്ഞിരിക്കുന്നു. ത്രിപുരദഹനത്തിന്റെ വ്യാഖ്യാതാവും പുരുഷോത്തമസരസ്വതിയുടെ ശിഷ്യനുമായ നീലകണ്ഠൻനമ്പൂതിരി തന്റെ അർത്ഥപ്രകാശിക എന്ന വ്യാഖ്യാനത്തിൽ

"ത്രിപുരദഹനസംജ്ഞം കാവ്യമേതദ്വിധാതും
കവിരഥ രവിസൂനുർവാസുദേവാഭിധാനഃ
നിരുപമചരിതേന സച്ഛ്രുമീശാനസംജ്ഞം
നതജനഹിതദം തം സ്തൗതി വിഘ്നാതിഭീതഃ."

എന്നെഴുതിയിരിക്കുന്നു. ഇതിൽ നിന്നു രവിപുത്രനാണു് ത്രിപുരദഹനകർത്താവായ വാസുദേവഭട്ടതിരി എന്നു സിദ്ധിക്കുന്നു. ത്രിപുരദഹനത്തിന്റേയും യുധിഷ്ഠിരവിജയത്തിന്റേയും നിർമ്മാതാവു് ഒരാളാണെന്നുള്ളതു സുപ്രസിദ്ധമാണല്ലോ. കൊല്ലം ഏഴാം ശതവർഷത്തിന്റെ ആരംഭത്തിൽ കോലത്തുനാടു ഭരിച്ചിരുന്ന കേരളവർമ്മരാജാവിന്റെ പ്രധാന സദസ്യനും ശ്രീകണ്ഠദാസനെന്ന നാമാന്തരത്തോടു കൂടിയ മഹാപണ്ഡിതനുമായ രാഘവകവി, തന്റെ യുധിഷ്ഠിരവിജയ വ്യാഖ്യയിൽ "ഇഹ ഖലു കവികുലശേഖരഃ കുലശേഖര സഭാസഭാസ്താരസഭാജിതകവിതാകൌശലഃ സകലവിദ്യാസാഗരപാരീണശേമുഷികോ ഗുരുകരുണാകടാക്ഷ സംവർ

Digitized By Kerala Sahitya Akademi

ദ്ധിതകവിതാകല്പലതോപഘ്നവിഘ്ന തരുമ്മഹാഭാരതഭട്ടാരക പരമാചാ
ര്യാന്തേവാസീ വാസുദേവനാമാ വാസുദേവഭക്താഗ്രണീഃ ദ്വിജന്മകുല
തിലകഃ'' എന്നു പ്രസ്താവിച്ചിരിക്കുന്നതിൽ നിന്നു കുലശേഖരന്റെ സദ
സ്സിനേത്തന്നെയാണു് വാസുദേവഭട്ടതിരി അലങ്കരിച്ചിരുന്നതെന്നു കാ
ണാം. ഭട്ടതിരിയും കുലശേഖര ആൎവാരും സമകാലികന്മാരാണെന്നു്
ഇത്രയുംകൊണ്ടു തെളിയുന്നു. ഈ കുലശേഖര ആൾവാർ തന്നെയോ
തപതീസംവരണാദി ഗ്രന്ഥകൎത്താവായ കുലശേഖരൻ എന്നാണു് ഇവി
ടെ നോക്കുവാനുള്ളതു്. തന്റെ സ്വാമിയെപ്പറ്റി ഭട്ടതിരി യുധിഷ്ഠിരവി
ജയത്തിലും ത്രിപുരദഹനത്തിലും വർണ്ണിച്ചിട്ടുണ്ടു്. യുധിഷ്ഠിര വിജയം
കഥതന്നെ ഇതിവൃത്തമായി സ്വീകരിച്ചതു മഹാഭാരതപ്രിയനായ മഹാ
രാജാവിന്റെ പ്രീതിയെ ഉദ്ദേശിച്ചാണെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു

''അസ്തി സ ഗജരാജഗതീ രാജവരോ യേന ഗതശ്രീഗജരാ ജഗതീ
ഭീഷണമധികം കവയഃ സ്തുവന്തി ജന്യം യദീയമതികങ്കവയഃ.

തരവോ ഭ്രരിച്ഛായാഃ സമാനഫലദായിനീ ച ഭ്രരിച്ഛായാഃ
സവിനയശോഭാ ജനതാ യദ്രാജ്യേ യസ്യ ഭുവി യശോഭാജനതാ.

തസ്യ ച വസുധാമവതഃ കാലേ കുലശേഖരസ്യ വസുധാമവതഃ
വേദാനാമദ്ധ്യായീ ഭാരതഗുരുരഭവദാദ്യനാമദ്ധ്യായീ.

യം പ്രാപ രമാചായ്യം ദേവീച ഗിരാം പുരാണപരമാചായ്യം
യമശ്രുഭസന്തോദാന്തം പരമേശ്വരമുപദിശന്തി സന്തോ ദാന്തം.

ജ്ഞാനസമഗ്രാമേയം നിവസന്തം വിപ്രസത്തമഗ്രാമേയം
തിലകം ഭ്രമാവാഹയ്യസ്യാത്ഥിഷുദത്തഭ്രതിഭ്രമാ വാഹഃ,

സമജനി കശ്ചിത്തസ്യ പ്രവണശ്ശിഷ്യോനവത്കകശ്ചിത്തസ്യ
കാവ്യാനാമാലോകേ പട്ടമനസോ വാസുദേവനാമാ ലോകേ.

കീർത്തിമദഭ്രാം തേന സ്മരതാ ഭാരതസുധാമതദഭ്രാന്തേന
ജഗദപഹാസായ മിതാ പാർത്ഥകഥാ കന്മഷാപഹാസാ യമിതാ.''

യുധിഷ്ഠിരവിജയം.

''അസ്തിസ കവിലോകനതഃ ക്ഷിതിഭൃദരീന്ദസ്യ സൈനികവിലോ—
കനതഃ

Digitized By Kerala Sahitya Akademi

ബഹുവിധദിക്ഷുദ്രവതി ക്ഷ്മാഭൃതി കർവൻ പദാനി ദിക്ഷു ദ്രവതി.

സാധുനാം പാതായ സ്ഥിരവ്രതോ യശ്ച പാപിനാം പാതായ
യസ്യാദ്ദർവ്യാപാരം പ്രീതിം യസ്യാമലംവിദ്ദർവ്യാപാരം.

സപദപയോജനതേയം സദൈവ സമ്പാദകം ശ്രിയോ ജയതേയം
ഭൃതിധരം വ്യാലപതിസ്ഫുരൽകരം രാജശേഖരം വ്യാലപതി.

രാമസമത്വാദേവ സൃഷ്ടാ രാമാഖ്യമകൃത മത്വാ ദേവഃ
യം സചരക്ഷോപായം ചക്രേസ്യ ച കർമ്മജനിതരക്ഷോപായം.

ത്രിപുരദഹനം

ഇതിൽനിന്നു കുലശേഖരനു രാജശേഖരനെന്നുകൂടി നാമാന്തരമുണ്ടായിരുന്നതായി വ്യഞ്ജിക്കുന്നു. കേവലം രാജശ്രേഷ്ഠനെന്നു മാത്രമേ വിവക്ഷയുള്ളു എങ്കിൽ കവി ഒരിക്കലും ഇങ്ങനെ ശ്ലേഷപ്രയോഗം ചെയ്യേണ്ട ആവശ്യമില്ല. കുലശേഖരനു രാമനെന്നുകൂടി പേരുണ്ടായിരുന്നതായും അദ്ദേഹം ശ്രീരാമസമനായ ഒരു രാജാവായിരുന്നതായും കൂടി ഭട്ടതിരി പറയുന്നു. രാജശേഖരനെന്നു ഭട്ടതിരി വർണ്ണിക്കുന്ന ഭാഗമാണ് നമുക്കു വളരെ ഉപയോഗമായിട്ടുള്ളതു്. താഴമൺമില്ലത്തിലെ താമ്രശാസനത്തിൽ പറയുന്ന രാജശേഖരനും ഈ രാജശേഖരനും ഒന്നാവാൻ പാടില്ലായ്കയില്ലെന്നും ഈ രാജശേഖരൻ തപസീസംവരണാദി ഗ്രന്ഥകർത്താവായ കുലശേഖരവർമ്മാവല്ലാതെ മറ്റാരുമല്ലെന്നും ആ കുലശേഖരവർമ്മാവു തന്നെയാണ് മുകുന്ദമാലാദി ഗ്രന്ഥകാരനായ കുശശേഖര ആൾവാരെന്നുമാണ് എന്റെ ഊഹം. ഈ ഊഹത്തിനുള്ള തെളിവുകളെ ഇതിനുമേൽ ഉപപാദിച്ചുകൊള്ളാം.

ആദ്യമായി കുലശേഖരവർമ്മാവു തന്നേപ്പറ്റി തന്റെ ഗ്രന്ഥങ്ങളിൽ എന്തു പറയുന്നു എന്നു നോക്കാം. തപതീസംവരണമാണ് ആദ്യത്തെ നാടകം. അതിന്റെ പ്രസ്താവനയിൽ നിന്നൊരു ഭാഗം താഴെ ഉദ്ധരിച്ചുകൊള്ളുന്നു. പ്രാകൃതത്തിനു പകരം വായനക്കാരുടെ സൌകര്യത്തെ ഉദ്ദേശിച്ചു ഛായയാണ് ചേർക്കുന്നതു്.

"സൂത്രധാരഃ—ഭവതാ താവൽ അപൂർവേസ്മിന്നാദിരാജകഥാസനാഥേ തപതീസംവരണനാമ്നി നാടകേ നവരസാനി പ്രയോഗാന്തരാണി വയം പായയിതവ്യാ ഇതി.

Digitized By Kerala Sahitya Akademi

നടീ—ആര്യേ! ശ്രുതകകാളിദാസഹർഷദണ്ഡിപ്രമുഖാണാം മഹാകവീനാമന്യതമസ്യ കസ്യ കഃപരിചയോ വിബുധജനസ്യ യേനാസ്മിന്നിശ്രാണമേതാവൽ കൌതുകം വർദ്ധയതി ?

സൂത്ര—ആര്യേ! മൈവം. യസ്യ പരമഹംസപാദപങ്കേരുഹപാംസുപടലപവിത്രീകൃതമുകുടതടസ്യ വസുധാവിബുധനായാന്ധകാരമിഹിരായമാണകരകമലസ്യ മുഖകമലാദഗളദാശ്ചര്യമഞ്ജരീ കഥാമധുഗണ്ഡൂഷഃ അപിച

ഉത്തുംഗശ്രോണമുരുകന്ധരമുന്നതാംസ-
മംസാവലംബിമണികുണ്ഡലകണ്ഡപാശം
ആജാനുലംബിഭുജമഞ്ചിതകാഞ്ചനാഭ-
മായാമി യസ്യ വപുരാത്തിഹരം പ്രജാനാം.

തസ്യരാജ്ഞഃ കേരളകുല ചൂഡാമണൌമ്മഹോദയപുരപരമേശ്വരസ്യ ശ്രീകുലശേഖരവർമ്മണഃകൃതിരിയമധുനാ പ്രയോഗവിഷയമവതരതി" താഴെ ഉദ്ധരിക്കുന്ന ഭാഗം സുഭദ്രാധനഞ്ജയത്തിൽ നിന്നാണു്.

"പരിപാർശ്വികഃ-കോയം കവിഃ കോവിദാനമൂൻ അഭിജ്ഞാനശാകുന്തളപ്രമുഖപ്രവരനാടക പ്രയോഗപ്രീണിതാന്തരാത്മനഃ സമ്പ്രതി നിജനിബന്ധനേന കുതൂഹലയതി ?

സൂത്ര—ശ്രൂയതാം. സതതസന്നിഹിതസരസീരുഹാക്ഷചരണരജോവിതാനവിരജീകൃതഹൃദയപുണ്ഡരീകസ്യ, മതിമന്ദരമഥിതമഹാഭാരതപാരാവാരപരിഗൃഹീതജ്ഞാനാമൃതസഞ്ചയസ്യ, സകലമിത്രമണ്ഡലസ്വയംഗ്രാഹഗൃഹീതസാരസമുദയസ്യ, തപതീസംവരണസംഘടനാപടുതരസ്യ,

ഉത്തുംഗശ്രോണമുരുകന്ധരമുന്നതാംസ-
+ + ÷ +
+ + ÷ +
ആയാമി യസ്യ ഭുജമാത്തിഹരം പ്രജാനാം.

തസ്യ രാജ്ഞഃ കലമരാശിപേശലകൈദാരികകേരളാധിനാഥസ്യ ശ്രീകുലശേഖരവർമ്മണോ നിജനിബന്ധനമദ്യ ബദ്ധ്നാതി ബുധഹൃദയം. സ ച കില കവിരേവമനുദിനമാശാസ്തേ—

Digitized By Kerala Sahitya Akademi

തവസിദേതു ഗ്രാമരാഗൈർഗ്ഗളദമൃതരസൈർഭാരതീർഭാവയന്തൗ
തവല്പ്പൗ നഃ കാല്പിദാസപ്രഭവിഹരിതരചനാഃ കല്പയന്തു പുരീക്രിയാസ്താം;
സ്വീകുർവന്തു സ്വകീയം ധനമിവസുഹൃദസ്സ്വാപതേയം മദീയം;
ചേതഃ പീതാംബരശ്ച പ്രതിഭവമഭവഃ പാദപീഠീകരോതു".

മേല്പറഞ്ഞിരിച്ച ഭാഗങ്ങളിൽനിന്നു നാം ഒന്നാമതായി മനസ്സിലാക്കേണ്ടതു് കുലശേഖരവർമ്മാവു് ഒരു വിഷ്ണുഭക്തനായിരുന്നു എന്നുള്ളതാണു്. തപതീസംവരണത്തിലും സുഭദ്രാധനഞ്ജയത്തിലുമുള്ള നാന്ദീശ്ലോകങ്ങൾ തന്നെ വിഷ്ണുപരമാണു്.

"ലക്ഷ്മീർഘട്ടജലപ്ലവേന സുധയാ ദന്തച്ഛദച്ഛത്മനാ
സോദര്യേണ ച കൌസ്തുഭേന ശകലേനേന്ദോർല്ലലാടാത്മനാ
പാണിസ്പൃശ്വിധാവമീഭിരുചിതൈന്നീതേവ ദാതും വിഭോ–
രാലംബ്യാംഗമധോക്ഷജസ്യ ഭവതാം കാമപ്രസൂഃ കല്പതാം."
സംവരണം.

ലക്ഷ്മീപങ്കജനേത്രയോഃ സ്മരരസപ്രസ്ഥാവമാതന്വതോ–
രാമീലന്നയനോ നവവ്യതികരവ്യാസക്തലജ്ജാഗമഃ
നാതിക്ലിഷ്ടപയോധരഃ പ്രണയിനോഃ പ്രോദ്ഭിന്നരോമാങ്കുരഃ
പ്രേമാർദ്രഃ പ്രഥമോപഗ്രഹനവിധിഃ പുഷ്ണാതു വോ മംഗലം."
ധനഞ്ജയം.

രണ്ടു നാടകങ്ങളിലെ ഭരതവാക്യവും വിഷ്ണുപരമായി തന്നെ അവസാനിക്കുന്നു.

"അന്യോന്യം ജഗതാമപാകവിരസാ മൂർച്ഛന്തു മൈത്രീരസാ–
സ്സംഗ്രഹ്ണന്തു ഗുണാൻ കവേഃകൃതധിയാം മാത്സര്യ്യവന്ധ്യാ ധിയഃ;
വിശ്ലിഷ്ടദ്വിഷയാന്തരംഗകലുഷീഭാവാ ഘനശ്യാമളേ
ഭക്തിർമ്മേ പരിപച്യതാമഹരഹഃ ശ്രേയസ്കരീ ശ്രീധരേ."
സംവരണം.

"മേഘാഃ കുർവന്തു പ്രാഥവീം പ്രതിനവകളമശ്യാമകേദാരബന്ധാ–
മാധീനാസാം പ്രജാനാമപഹരതു ഭവാൻ നിത്യമാനന്ദബന്ധുഃ;
പ്രദ്ധ്വസ്തധ്വാന്തവൃത്തേർജ്ജലധരപടലശ്രീമുഷശ്ചക്രപാണേ–
മൈത്രീപാത്രീഭവേയം തവ ജനിതജഗച്ചക്ര! ജന്മാന്തരേപി."
ധനഞ്ജയം.

Digitized By Kerala Sahitya Akademi

തപതീസംവരണം നാടകമെഴുതി തുടങ്ങുമ്പോൾ തന്നെ കവിക്ക വിഷ്ണുഭക്തി അങ്കുരിച്ചു കഴിഞ്ഞിരുന്നു. അന്നു് അദ്ദേഹം വിഷ്ണുഭക്ത ന്മാരായ പരമഹംസന്മാരെ ആരാധിക്കുന്നതിലും ബ്രാഹ്മണക്കു് അഭീഷ്ട ദാനം ചെയ്യുന്നതിലും ബദ്ധശ്രദ്ധനായിരുന്നു. ആ നാടകം അവസാ നിപ്പിച്ചപ്പോൾ വിഷയവിരക്തി ഉണ്ടായി. ഘനശ്യാമളനായ ലക്ഷ്മീ നാരായണസ്വാമിയിൽ തനിക്കുള്ള ഭക്തി പരിപക്വമാകട്ടെ എന്നുള്ള പ്രാർത്ഥനയാണു് കവിക്കു മുൻപിട്ടനിന്നതു്. സുഭദ്രാധനഞ്ജയ നിർമ്മാ ണകാലത്തിൽ അദ്ദേഹത്തിന്റെ ഭക്തിക്കു കുറേക്കൂടി ദാർഢ്യം വന്നി രുന്നു. താൻ "സതതസന്നിഹിതസരസീരുഹാക്ഷചരണരജോവിതാ നവിരജീകൃതഹൃദയപുണ്ഡരീകൻ" ആണെന്നു് അതിന്റെ പ്രസ്താവന യിൽതന്നെ കവി പറയുന്നു. അന്നു് അവിടുന്നു് പതിവായി മഹാഭാ രതം വായിച്ചു കേട്ടുകൊണ്ടിരുന്നു. ആ ഇതിഹാസത്തോടുള്ള പ്രതിപ ത്തി നിമിത്തമായിരിക്കണം സുഭദ്രാഹരണം തന്നെ തന്റെ നൂതനനാട കത്തിനു് ഇതിവൃത്തമായി സ്വീകരിച്ചതെന്നു നമുക്കു ഊഹിക്കുന്നതിൽ വലിയ അസാംഗത്യമില്ല. ജന്മരഹിതനും പീതാംബരനുമായ മഹാവി ഷ്ണുവിൽ ജന്മംതോറും ഭക്തി ദൃഢീഭവിക്കട്ടെ എന്നു പ്രസ്താവനയിൽ പറയുന്നതോടുകൂടി ഭരതവാക്യത്തിലും ആ പ്രാർത്ഥനയേത്തന്നെ ഭംഗ്യ ന്തരേണ ആവർത്തിക്കുന്നു. അവിടെ അർജ്ജുനൻ കൃഷ്ണസ്വാമിയോടു് അ ഭിമുഖസംഭാഷണം ചെയ്യുന്ന ഘട്ടമാകയാലാണു് 'ജനിതജഗച്ചക്ര' 'ഭവാൻ' ഇത്യാദി പദങ്ങൾ പ്രയോഗിച്ചിരിക്കുന്നതു്. "എന്റെ പ്ര ജകളുടെ ദുഃഖങ്ങളെ ആനന്ദബന്ധുവായ അവിടുന്നു നശിപ്പിക്കണമേ! ജന്മാന്തരങ്ങളിലും മേഘശ്യാമളനും ചക്രപാണിയുമായ അവിടുത്തെ കൃപ എന്നിൽ ഉണ്ടാകുന്നതിനു ഞാൻ യോഗ്യനാകണമേ." എന്നാണു് ഭരതവാക്യത്തിലെ പ്രാർത്ഥന. ഭരതവാക്യമെന്നതു നായകരൂപാഭേദേന നടന്റേയും സൂക്ഷ്മം നോക്കിയാൽ തന്മുഖേന നാടകനിർമ്മാതാവിന്റേയും പ്രാർത്ഥനയാണല്ലൊ. ഈ താൽപര്യത്തെത്തന്നെ പ്രതിപദം വിശദീ കരിക്കുന്ന അനേകം പദ്യങ്ങൾ മുകുന്ദമാലയിലുണ്ടു്.

"നാസ്ഥാ ധർമ്മേ ന വസുനിചയേ നൈവ കാമോപഭോഗേ;
യദ്ഭാവ്യം തൽ ഭവതു ഭഗവൻ പൂർവകർമ്മാനുരൂപം;
ഏതൽപ്രാർത്ഥ്യം മമ ബഹുമതം ജന്മജന്മാന്തരേ പി
ത്വൽപാദാംഭോരുഹയുഗഗതാ നിശ്ചലാ ഭക്തിരസ്തു!

മുകുന്ദ മൂർദ്ധ്നാ പ്രണിപത്യ യാചേ ഭവന്തമേകാന്തമിയന്തമർത്ഥം;
അവിസ്മൃതിസ്ത്വച്ചരണാരവിന്ദേ ഭവേ ഭവേ മേസ്തു ഭവൽപ്രസാദാൽ.

Digitized By Kerala Sahitya Akademi

മാദ്രാക്ഷം ക്ഷീണപുണ്യാൻ ക്ഷണമപി ഭവതോ ഭക്തിഹീനാൻ–
പദാബ്ജേ;
മാശ്രൌഷം ശ്രവ്യബദ്ധം തവ ചരിതമപാസ്യാന്യദാഖ്യാനജാതം;
മാസ്പ്രാക്ഷം മാധവ! ത്വാ മപി ഭുവനപതേ ചേതസാപഹ്നവാനം;
മാഭ്രവം ത്വത്സപര്യ്യാവ്യതികരരഹിതോ ജന്മജന്മാന്തരേപി.

ദിവിവാ ഭുവിവാ മമാസ്തു വാസോ നരകേ വാ നരകാന്തക! പ്രകാമം
അവധീരിതശാരദാരവിന്ദൌ ചരണൌ തേ മരണേപി ചിന്തയാമി.

ബദ്ധേനാഞ്ജലിനാ നതേന ശിരസാ ഗാത്രൈസ്സരോമോൽഗമൈഃ
കണ്ഠേ സ്വരഗൽഗദേന നയനേനോൽഗീർണ്ണബാഷ്പാംബുനാ
നിത്യം ത്വച്ചരണാരവിന്ദയുഗളധ്യാനാമൃതാസ്വാദിനാ–
മസ്മാകം സരസീരുഹാക്ഷ! സതതം സമ്പദ്യതാം ജീവിതം.''

ഇത്യാദി ഭാഗങ്ങൾ നോക്കുക. ഈ പദ്യങ്ങളും സുഭദ്രാധനഞ്ജയത്തിലെ ഭരതവാക്യവും ''ആസിക്കെതൌ ഗ്രാമരാജൈഃ'' ഇത്യാദി പദ്യവും ഒരു കവിയുടേതല്ലെന്നു് എങ്ങനെയാണു സ്ഥാപിക്കുന്നതു് ?

കുലശേഖരആൾവാരേപ്പറ്റി ശ്രീവൈഷ്ണവന്മാർ പറയുന്ന കഥയും സംവരണാദി ഗ്രന്ഥങ്ങളിൽനിന്നു നമുക്കു ലഭിക്കുന്ന അറിവും തമ്മിൽ യോജിക്കുന്നുണ്ടു്. മഹാഭാരതത്തിനു മേലായിരിക്കണം അദ്ദേഹത്തിനു രാമായണത്തിൽ അഭിരുചി ജനിച്ചതു്. രാമായണത്തെ ആസ്പദമാക്കിയും ആ കവി ഒരു നാടകം നിർമ്മിച്ചിട്ടുള്ളതായാണു് ഐതിഹ്യം. ആ നാടകത്തിന്റെ പേർ വിഷ്ണുനാഭിഷേകമെന്നാകുന്നു. ഇതുവരെ കണ്ടുകിട്ടീട്ടില്ല. ചാക്യാരന്മാരുടെ ഗ്രന്ഥപ്പുരകൾ പരിശോധിച്ചാൽ പക്ഷേ ഇനിമേലെങ്കിലും കിട്ടിയെന്നുവന്നേക്കാം. വിഷ്ണുനാഭിഷേകത്തിന്റെ കാര്യം ഞാൻ ആദ്യമായി ഉപന്യസിക്കുന്നതല്ല. 1082 കന്നിമാസത്തിലെ രസികരഞ്ജിനിയിൽ ''നമ്പൂരിമാരും ഗ്രന്ഥനിർമ്മാണവും'' എന്ന ഉപന്യാസത്തിൽ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു് ആണെന്നു തോന്നുന്നു, കുലശേഖരപ്പെരുമാൾ, ധനഞ്ജയം, സംവരണം, വിഷ്ണുനാഭിഷേകം ഇങ്ങനെ മൂന്നു നാടകങ്ങളെഴുതീട്ടുള്ളതായി പ്രസ്താവിച്ചിരിക്കുന്നു. അതിനാൽ രാജശേഖരനെന്ന കേരളരാജാവു തന്റെ നാടകത്രയം ഭഗവൽപാദസ്വാമിക്കു കാഴ്ചവെച്ചു എന്നു ശങ്കരവിജയത്തിൽ കാണുന്നതു് അസംബന്ധമല്ലെന്നു തന്നെയല്ല ഏറ്റവും ഉപപന്നമായിക്കൂടിയുമിരിക്കുന്നു. ശങ്കരാചാര്യർ ക്രി. പി. 788 മുതൽ 820 വരെ ജീവി

Digitized By Kerala Sahitya Akademi

ച്ചിരുന്നതായാണ് അഭിജ്ഞമതം. അപ്പോൾ അദ്ദേഹവും രാജശേഖരനും തമ്മിൽ കാണുന്നതിനും അദ്ദേഹത്തിനു താപതീസംവരണാദി നാടകങ്ങൾ വായിച്ചുനോക്കുന്നതിനും ഇട വന്നിരിക്കണമെന്നുള്ളതിനു സംശയമില്ല.

കുലശേഖരവർമ്മാവിന്റെ വിഷ്ണുനാഭിഷേകം ഗണപതിശാസ്ത്രികൾ അനന്തശയനസംസ്കൃതഗ്രന്ഥാവലിയിൽ പതിനൊന്നാം നമ്പരായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന അഭിഷേകനാടകമല്ല. ആ നാടകത്തിലെ ഇതിവൃത്തം സുഗ്രീവസഖ്യത്തോടുകൂടി ആരംഭിക്കുകയും ശ്രീരാമ പട്ടാഭിഷേകത്തോടുകൂടി അവസാനിക്കുകയും ചെയ്യുന്നു. സ്വപ്നവാസവദത്താദി നാടകങ്ങളുണ്ടാക്കിയ കവിതന്നെയാണ് അഭിഷേകനാടകവുമുണ്ടാക്കിയതെന്നുള്ളതിനു് അതിലേ

"ഭവന്തശ്ചരജസോ ഗാവഃ; പരചക്രം പ്രശാമ്യതു;
ഇമാമപി മഹീം കൃത്സ്നാം രാജഹംസഃ പ്രശസ്തു നഃ".

എന്ന ഭാരതവാക്യം ലക്ഷ്യമാകുന്നു. കുലശേഖരവർമ്മാവിന്റെ വിഷ്ണുനാഭിഷേകം മറ്റൊരു നാടകമായിത്തന്നെ ഇരിക്കണം. അതു് ഇനിയും കണ്ടുപിടിക്കേണ്ട നിലയിലിരിക്കുന്നതേയുള്ളു. ഈ കവിയുടെ പ്രശസ്തഗദ്യകാവ്യമായ ആശ്ചര്യമഞ്ജരിയുടെ അവസ്ഥയും ഇതിൽനിന്നു ഭിന്നമല്ല. ക്രിസ്തു 1159-ാം വർഷത്തിൽ വംഗദേശത്തിൽ ജീവിച്ചിരുന്ന വന്ദ്യഘടീയ സർവാനന്ദൻ അദ്ദേഹത്തിന്റെ ടീകാസർവസ്വത്തിൽ ആശ്ചര്യമഞ്ജരിയിൽ നിന്നു. "കുരംഗൈരിവകുശലവാദിഭിഃ" എന്ന ഭാഗം ഉദ്ധരിക്കുന്നു. ഇപ്പോൾ ആശ്ചര്യമഞ്ജരി കേവലം നശിച്ചുപോയോ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു.

കുലശേഖരവർമ്മാവു രണ്ടു നാടകങ്ങളേ നിർമ്മിച്ചിട്ടുള്ളു എന്നും അദ്ദേഹം എട്ടാം ശതാബ്ദത്തിൽ ജീവിച്ചിരുന്നു എന്നു വിചാരിക്കുവാൻ ന്യായമില്ലെന്നും പക്ഷേ വാദിക്കാൻ കാരണമുണ്ടു്. മഹാരാജാവിന്റെ സ്നേഹിതനായി പെരിയാറ്റിന്റെ കരയിലുള്ള പരമേശ്വരമംഗലമെന്ന ക്ഷേത്രത്തിനു സമീപം ഒരു നമ്പൂതിരി ഉണ്ടായിരുന്നു. ഗ്രന്ഥകാരന്റെ ആവശ്യപ്രകാരം ഈ നമ്പൂതിരി സംവരണത്തിനും ധനഞ്ജയത്തിനും ഓരോ വ്യാഖ്യാനമുണ്ടാക്കീട്ടുണ്ടു്. ഈ വ്യാഖ്യാനങ്ങൾക്കു് വ്യംഗ്യവ്യാഖ്യയെന്നാണു് പേർ. പദാർത്ഥവിവരണമല്ല ഇവയിൽ പ്രധാനം. ചാക്യാരന്മാക്കു് അഭിനയത്തിനു വേണ്ടിയാണല്ലോ കുലശേഖരവർമ്മാവു് ഈ നാടകങ്ങളുണ്ടാക്കിയതു്. അവയിൽ ചാക്യാരന്മാർ അഭിനയവിഷയത്തിൽ ഗ്രഹിച്ചിരിക്കേണ്ട മർമ്മങ്ങളെ ആകുന്നു മുഖ്യമായി

Digitized By Kerala Sahitya Akademi

വ്യാഖ്യാതാവു പ്രതിപാദിക്കുന്നതു്. ധ്വനിപ്രധാനങ്ങളായ ഭാഗങ്ങളെ പ്രത്യേകമായി വ്യാഖ്യാനിക്കുന്നുമുണ്ടു്. സംവരണത്തിന്റെ വ്യാഖ്യാനം മൂന്നാമങ്കത്തോടുകൂടി അവസാനിക്കുന്നു. "ഏവം തൃതീയാങ്കപര്യന്തസ്ഥായിഭാവപ്രയോഗമാശ്ര്യൌ ദർശിതൌ, തതഃ പരം ധ്വനിന്ന സ്യാൽ". എന്നു പറഞ്ഞു് വ്യാഖ്യാനം സമാപിപ്പിക്കുന്നു. ധനഞ്ജയന്റെ വ്യാഖ്യാനമാണു് ആദ്യമെഴുതിയതു്. അതിൽ രാജാവിന്റെ പ്രശസ്തിയേയും നമ്പൂതിരി വ്യാഖ്യാനമെഴുതുവാനുണ്ടായ സംഗതിയേയും മറ്റും വിവരിക്കുന്ന രസകരമായ ഒരു ഉപോൽഘാതമുണ്ടു്. അതു് പ്രകൃതത്തിലേയ്ക്കുപയോഗമുള്ളതിനാൽ താഴെ ചേർത്തുകൊള്ളുന്നു.

"കർത്താ നൃത്തസ്യ യശ്ചാദൌ സന്ത്യജ്യ പ്രേക്ഷകാംഹസഃ
സമ്പ്രാപ്തരസതാളസ്യ നമസ്സോമായ ശംഭവേ.
ബ്രഹ്മണാ രചിതം യൽപ്രാഗ്ദ്യാദൃഷ്ട്വാ ഭരതോ മുനിഃ
തസ്യ പ്രയോക്താ ലോകേഭ്രത്തസ്മൈ രസവിദേ നമഃ.
യത്നേന നിർമ്മിതം ശാസ്ത്രം ഭരതന്നാടകാശ്രയം
തദവീക്ഷ്യ ഹൃദയേ ചക്രേ മഹീശഃ കുലശേഖരഃ
തേനാപി രസചിത്തേന രചിതാ നാടകദ്വയീ
യുക്താ ലയരസൈസ്സമ്യഗ്ധ്വനിഗർഭൈഃ പദൈരപി.
തേഷാം പ്രദർശയന്തീയം ധന്യത്വം രസിനാം നൃണാം
വ്യാഖ്യാ പ്രയോഗമാശ്രിത്യ സഹായിഭാവം മയാ കൃതാ.
ധനഞ്ജയാഹ്വയേ തേന രചിതേ നാടകേപി തൽ
അനയാ ദർശയിഷ്യാമി തന്നിയുക്തോഖിലം രസീ.
അഥ കാലോഭവൽ കശ്ചിച്ഛീതവാതാതപാനവിതഃ
നിർമ്മലാംബുമുവിസ്രമ്ഭപ്രോദ്യൽകൽഹാരസഞ്ചയഃ
വിഷദസ്മദപുഷ്പോദ്യൽഗന്ധവാസിത ദിങ്മുഖഃ
അകഠോരാമൃദൂപ്യുദ്യസ്സുർമ്മഗസ്സുദവണിഗ്ജനഃ
ഉൽഫുല്ലാംബുരുഹശ്രേണീവിരാജ തേസരശ്രയഃ
ഉദ്ഭ്രമൽഭ്രമരാരാവമദമദവിരഹിവേദനഃ
ഹിമാംശുദ്യുൽസുധാനിഷ്യന്ദ്യവമാനനരാവലിഃ
വിപകവകളമശ്രേണീമനോഹരത്രാകരഃ
മാനസോദ്യന്മാരളശ്രീവിദ്യോതിതദിഗന്തരഃ
വാരകാന്തോപഗ്രഢോദ്യസ്സുരദ്രവിതകാമിഹൽ
പ്രതിമാമന്ദിരാഭ്യുദ്യദുൽത്സവാപാസ്തകന്മഷഃ

Digitized By Kerala Sahitya Akademi

കാലേഥേത വർത്തമാനേ കസ്മിംശ്ചിദഹനി പ്രാതരുത്ഥായ ചൂണ്ണി കാസരിദ്വാരി അനുഷ്ഠിതപൂർവസന്ധ്യേന ദൃഷ്ടപരമേശ്വരമംഗലസ്ഥപ രമപുരുഷേണ പ്രാപ്തിത്മമന്ദിരാളിന്ദദേശപ്രക്ഷാളിതകര ചരണേന ഹസന്തികോദ്യൽകുശാനുശമിതശീതരുഗ്ണേന ജപദ്ധ്യാനപരേണ മയാ കേരളേശ്വരവചനകാരീ കശ്ചിൽ ബ്രഹ്മബന്ധുസ്സുമലക്ഷ്യത.

സ ച സൽകൃതസൽകാരോ യഥാവിധി സുമാനിതഃ
സംപൃഷ്ടകുശലപ്രശ്നഃ സാദരം സ്ഥാപിതോ ഭുവി
പൃഷ്ടാഗമനഹേതുസ്സ മാമവോചദിദം വചഃ
ഭവന്തമധുനാ രാജാ സംദിദൃക്ഷുരിതി സ്മ സഃ

അഥ മയാമുനാ സഹാശ്രുദ്ധഖടാശയ്യാസംസ്വാദിതസ്വാദുവസ്തു സൌഖ്യയാ നാവാ ചൂണ്ണികാസരിദാവാഹ്യമാനയാ സത്വരം മഹോദ യാഖ്യം പുരം ഗമ്യതേ സ്മ.

അഥ തത്ര തഥാഗച്ഛന്നപശ്യം കേരളാധിപം
സമാസീനം വിരാജന്തം മദ്ധ്യേനാഗാരിവിഷ്ടരം
കിരീടമകുടപ്രോദ്യന്മണിശ്രീലിപ്തവണ്ണകം
ഉന്നദ്രഭാലഘോണാംസബാഹുമുലോ രാനവിതം
ദൂരദീർഘാക്ഷിദോർജ്ജംഘായുഗളാഞ്ചിത വിഗ്രഹം
രാഗരഞ്ജിതദോഃപാദപത്മയുഗ്മൈധിതശ്രിയം
അംഭോജാക്ഷാരിശംഖാദിരാജചിഹ്നാങ്കിതദോഃപദം
കുണ്ഡലോദ്യന്മണിശ്രേണീവിദ്യോതിതമുഖാംബുജം
കണ്ഠഭൂഷനിസൌന്ദര്യഗർഹയൽകംബുജശ്രിയം
ഹേമകുങ്കുമകർപ്പൂരചന്ദനാലിപ്തവക്ഷസം
നീലകൌശേയവാസസ്സുവിഡാഹരജ്ജനചക്ഷുഷം
പരംപുരുഷനാമോദ്യൽസല്ലാപകഥയൽകഥം
സങ്കോചയന്തമന്യേന വാമബാഹുസ്ഥമംബുജം
അങ്കവിക്ഷിപ്തനഖരം സർവലോകപ്രിയം നൃപം
സപ്രശ്രയമഹം തത്ര സദസ്യവഹിതോഗമം.
നിസ്സ്യന്ദമാനസുധയാ വാചാ സൽകുരുതേ സ്മ മാം.
മുഹൂർത്തം സ്ഥിതവത്യസ്മിൻ മയ്യത്ര സ മഹീപതിഃ
പ്രീതപ്രസാദയാ ദൃഷ്ട്യാ വീക്ഷമാണസ്സഭാസദഃ

Digitized By Kerala Sahitya Akademi

അനുജ്ഞാപ്യാദഗാത്തസ്മാന്നിരഗച്ഛന്മയാസഹ.
രഹോ നമ്മ വദൻ പ്രായാന്മന്ത്രശാലാമനന്യഗാം.
അഥാവദൽ സുഖാസീനം മാന്നരേശഃ പ്രഹൃഷ്ടവാൻ:
" ഇഹ നാടകവിച്ഛേദ്യം ഭവന്തമനയം സ്മരൻ.
കൃത്യമസ്തി മയാ വാച്യം ശ്രുണ്വാത്വസ്മാൽ ഗിരം മമ
രചിതാദ്യ മയാ വിദ്വൻ! കഥഞ്ചിന്നാടകദ്വയീ.
ഏകം സംവരണന്നാമ ധനഞ്ജയമിതീതരം.
ധ്വനിലക്ഷണയുക്തതാ സാ രചിതാ നാടകദ്വയീ;
ധ്വനിയുക്കാവ്യസരണിശ്ശസ്തേതി പ്രോച്യതേ ബുധൈഃ.
ഏതസ്മാൽ ധ്വനിയുക്തതാ സാ രചിതാ നാടകദ്വയീ;
ദ്രഷ്ടവ്യാ ഭവതാ സേയം നാട്യലക്ഷണവേദിനാ.
താം പശ്യന്നവധാധ്വൈഷാ സദസദ്വേതി കഥ്യതാം.
സാധുശ്ചേൽ പ്രേക്ഷകോ ഭ്രയാൻ ഭവാനസ്തി നടസ്തഥാ
പ്രയോഗമാദ്യം ഭവതേ ദർശയിഷ്യാമി തത്വതഃ.
ഭ്രയശ്ചാരോപയിഷ്യാമി രംഗമേതൽ കുശീലവൈഃ.

ഇതി തേന പ്രോക്തസ്തദ്ദർശിതപ്രയോഗമാദ്യോഹമധുനാ തൽകൃതേസ്മിൻ ധനഞ്ജയനാമ്നി നാടകേ സ്ഥായിഭാവപ്രയോഗമാദ്യ പ്രവേശികാശ്ച പ്രദർശയാമി."

ഉദ്ധരിച്ച ഭാഗം കുറെ നീണ്ടുപോയിണ്ട്. എങ്കിലും നമ്മുടെ ഒരു പ്രാചീന ചക്രവത്തിയേപ്പറ്റി സമകാലികനായ ഒരു കവി എഴുതീട്ടുള്ളതു നാമറിഞ്ഞിരിക്കേണ്ടതാണല്ലോ എന്നു വിചാരിച്ചാണ് അവിടത്തെ പ്പറ്റിയുള്ള വർണ്ണനയും മറ്റും ഒട്ടും പ്രക്ഷേപിക്കാതെ എടുത്തുചേർത്തത്. ഇതിൽനിന്നു കുലശേഖരൻ നമ്പൂതിരിയെ ആളയച്ചു വരുത്തിയ കാലത്തു രണ്ടു നാടകങ്ങളേ ഉണ്ടാക്കിയിരുന്നുള്ളു എന്നില്ലാതെ അതിൽ പിന്നീട് ഒന്നുമുണ്ടാക്കിയില്ലെന്നു നാം തീച്ചപ്പെടുത്തേണ്ട ആവശ്യമില്ല.

പിന്നെയൊരു കുഴപ്പമുള്ളതു തപതീസംവരണത്തിന്റെ വ്യംഗവ്യാഖ്യയിൽ വ്യാഖ്യാതാവു ദശരൂപകത്തെപ്പറ്റി പ്രസ്താവിക്കുന്നു എന്നുള്ളതാണ്: ഗണപതിശാസ്ത്രികളുവർകൾ ഇതിനേപ്പറ്റി തന്റെ സംവരണപ്രസിദ്ധീകരണത്തിന്റെ നിവേദനയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഞാൻ അദ്ദേഹം കണ്ട ഗ്രന്ഥം തന്നെ വരുത്തിനോക്കിയതിൽ താഴെ കുറിക്കുന്ന ഭാഗം കാണുന്നു.

Digitized By Kerala Sahitya Akademi

"അഥാഹം കേരളഭ്രഭൃൽകൃതേസ്മിൻ നാടകേ സ്ഥായിഭാവപ്രയോഗമാശ്ലിഷ്യ തത്സഹൃദയഃ പ്രദർശയാമി. കഥമിതി ചേൽ

ഭ്രഭൃൽ സ്വയം ഭ്രമികയാനിരേത്യ നിജാമലംകൃത്യ തനുമ്മനസ്വിനീയം ദർശയിതേ്വതി വിനിശ്ചിതാത്മാ പ്രയോഗമാശ്ലിഷ്യ മഹസാമീമാം?

തേന മയാ മഹീസുരേണാപി തത്സഹൃദയേന
പിഷ്ടപേഷണം ക്രിയതേ, തഥാപി
മഹൽ കവേരഭിപ്രായം ജ്ഞാതുമേതൽ കൃതമ്മയാ
തൽപ്രദർശിതമാശ്ലേഷണ വിച്ഛിന്നസ്യോപദേഷ്ടരി,
നാടകനായകലക്ഷണം സർവം ദശരൂപകേ ദ്രഷ്ടവ്യം."

ഇതിൽ ദശരൂപകേ എന്നതു ഗ്രന്ഥമെഴുത്തുകാരൻ ആദ്യം വിട്ടിട്ടു പിന്നീട്ടു ചേർത്തിട്ടുള്ളതായാണു് കാണുന്നതു്. മറ്റു ഗ്രന്ഥങ്ങളിൽ കാണുന്നുമില്ല. ദശരൂപകേ എന്നു വേറെ ഏതെങ്കിലും വ്യംഗ്യവ്യാഖ്യാഗ്രന്ഥങ്ങളിൽ കാണുന്നുണ്ടോ എന്നു് അതിന്റെ പകർപ്പുകൾ കൈവശമുള്ള മാന്യവായനക്കാർ പരിശോധിച്ചു വിവരം എന്നെ അറിയിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു. ഉണ്ടെങ്കിൽ തന്നെ അതു ധാരാനഗരത്തിൽ വാക്പതിരാജനെന്ന നാമാന്തരത്തോടുകൂടി ജീവിച്ചിരുന്ന മുഞ്ജമഹാരാജാവിന്റെ സദസ്യനായ ധനഞ്ജയകവിയുടെ ദശരൂപകമാകണമെന്നില്ല. ഭരതന്റെ നാട്യശാസ്ത്രഗ്രന്ഥത്തിനിപ്പുറം ദശരൂപകങ്ങളേപ്പറ്റി പ്രതിപാദിക്കുന്ന പല ഗ്രന്ഥങ്ങളും സംസ്കൃതത്തിൽ ഉണ്ടായിട്ടുണ്ടു്. അങ്ങനെ പല ഗ്രന്ഥങ്ങൾ കേരളീയർ തന്നെ ഉണ്ടാക്കിയിരുന്നതായി വ്യംഗ്യവ്യാഖ്യയിൽനിന്നു വെളിവാകുന്നുമുണ്ടു്. "ഇതി വദതി ജയമംഗലായാമാചാര്യഃ" എന്നും മറ്റും ആ വ്യാഖ്യാനത്തിൽ പേർ പറയുന്ന പല ഗ്രന്ഥങ്ങളും ഇപ്പോൾ കാണ്മാനില്ല. അതുപോലെ ഈ ദശരൂപകവുമായിരിക്കുമോ എന്നു സംശയിക്കുവാൻ പാടില്ലെന്നില്ല.

ധനഞ്ജയന്റെ ദശരൂപകത്തേയല്ല വ്യംഗ്യവ്യാഖ്യാകാരൻ സ്മരിക്കുന്നതെന്നു പല കാരണങ്ങളേക്കൊണ്ടും തെളിയിക്കാവുന്നതാണു്. ധനഞ്ജയൻ തന്റെ ദശരൂപകത്തിന്റെ അവസാനത്തിൽ

വിഷ്ണോസ്സുതേനാപി ധനഞ്ജയേന വിദഗ്ധമനോരാഗനിബന്ധഹേതുഃ
ആവിഷ്കൃതം മുഞ്ജമഹീശഗോഷ്ഠീവൈദഗ്ധ്യഭാജാ ദശരൂപമേതൽ,

എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു മുഞ്ജമഹാരാജാവിന്റെ സദസ്യനായി അദ്ദേഹം താമസിച്ചിരുന്ന കാലത്താണു് ആ ഗ്രന്ഥം നിർമ്മിച്ച

Digitized By Kerala Sahitya Akademi

തെന്നു വെളിവാകുന്നുണ്ടു്. മുഞ്ജന്റെ എന്നൊരവസരത്തിലും വാക്പതിരാജന്റെ എന്നു മറ്റൊരവസരത്തിലും പ്രസ്താവിച്ചുകൊണ്ടു് ആ മഹാരാജാവിന്റെ "പ്രണയകുപിതാം ദൃഷ്ട്വാ ദേവീം സസംഭ്രമവിസ്മിതഃ" ഇത്യാദിയായ ഒരു ശ്ലോകവും ധനഞ്ജയൻ ഉദ്ധരിക്കുന്നു. ഈ മുഞ്ജൻ ഭോജരാജാവിന്റെ പിതൃവ്യനും ഇദ്ദേഹം രാജ്യഭാരം ചെയ്തതു ക്രി. പി. 974 മുതൽ 993-ാം വർഷംവരെയുമായിരുന്നു. അതിനാൽ ഈ വർഷങ്ങൾക്കിടയിലാണു് ദശരൂപകത്തിന്റെ ആവിർഭാവമെന്നു നിശ്ചയിക്കാം. അപ്പോൾ ക്രി. പി. 1000-ാമാണ്ടോടടുത്തല്ലാതെ അതിനു കേരളത്തിൽ പ്രചാരം സിദ്ധിക്കുവാനിടയില്ല. ധനഞ്ജയൻ ദശരൂപകത്തിൽ രാജശേഖരകവിയുടെ കർപ്പൂരമഞ്ജരയിൽ നിന്നും വിദ്ധസാലഭഞ്ജികയിൽനിന്നും ഉദാഹരണങ്ങൾ സ്വീകരിക്കുന്നു. അങ്ങനെ ഉദ്ധരിച്ചിട്ടുള്ള ശ്ലോകങ്ങൾ താഴെ ഉദ്ധരിക്കുന്നവയാണു്.

"രണ്ധ്രാചണ്ഡ്രാദീക്ഷിതാ ധമ്മ്ദാരാ മദ്യം മാംസംപീയതേ ഖാദ്യതേ ച
കൈലാസേ സുരഗണസേവിതേ സമന്താൽ കിന്നഴ്യുഃ കലമധുരാക്ഷരം—
(പ്രഗീതാഃ"

കർപ്പൂരമഞ്ജരി.

"സുധാബദ്ധഗ്രാസൈരുപവനചകോരൈഃ കബലിതാം
കിരൻ ജ്യോത്സ്നാമച്ഛാം ലവലിഫലപാകപ്രണയിനീം
ഉപപ്രാകാരാഗ്രം പ്രഹണ നയേന തക്കയ മനാ—
ഗന്നാകാശേ കോയം ഗളിതഹരിണശ്ശീതകിരണഃ ? "

വിദ്ധസാലഭഞ്ജിക.

ക്രി. പി. 959-ാം വർഷത്തിൽ സോമദേവനെന്ന ജൈനകവി നിർമ്മിച്ച യശസ്തിലകചമ്പുവിൽ മാഘാദി മഹാകവികളോടൊപ്പം അദ്ദേഹം രാജശേഖരനെയും വണ്ണിച്ചിരിക്കുന്ന സ്ഥിതിക്കു് രാജശേഖരൻ സോമദേവനെ അപേക്ഷിച്ചു പ്രാചീനനാണെന്നു സിദ്ധിക്കുന്നു. രാജശേഖരൻ ക്രിസ്തു 884—ാം ശതവർഷം വരെ കാശ്മീരരാജ്യം രക്ഷിച്ചിരുന്ന അവന്തിവർമ്മാവിന്റെ സദസ്സിനെ അലങ്കരിച്ചിരുന്ന ധ്വനികാരനായ ആനന്ദവർദ്ധനാചാര്യരേയും ഹരവിജയകർത്താവായ രത്നാകരമഹാകവിയേയുംകാൾ അർവാചീനനാണെന്നു് അദ്ദേഹം അവരെപ്പറ്റി എഴുതീട്ടുള്ള

"ധ്വനിനാതിഗഭീരേണ കാവ്യതത്വനിദേശിനാ
ആനന്ദവർദ്ധനഃ കസ്യ നാസീദാനന്ദവർദ്ധനഃ ?

Digitized By Kerala Sahitya Akademi

മാസ്മ സന്തുഹി ചത്വാരഃ പ്രായോ രത്നാകരാ ഇമേ
ഇതീവ സ കൃതോ ധാത്രാ കവിരത്നാകരാപരഃ''

എന്ന പദ്യങ്ങളിൽനിന്നു കാണാവുന്നതാണു്. അതിനാൽ 884, 959 ഈ ക്രിസ്തുവർഷങ്ങൾക്കു് ഇടയ്ക്കായിരിക്കണം രാജശേഖരകവിയുടെ കാലം. രാജശേഖരകവി കുലശേഖരവർമ്മാവിനേപ്പറ്റി

''ദൂരാദപി സതാം ചിത്തേ ലിഖിതാശ്ചര്യമഞ്ജരീം
കുലശേഖരവർമ്മാഗ്ര്യാം ചകാരാശ്ചര്യമഞ്ജരീം''.

എന്നു വർണ്ണിച്ചിരിക്കുന്നു. ദൂരാദപി എന്നതിനു ദൂരത്തിലുള്ള കേരളദേശത്തിൽനിന്നും എന്നാണു് ഞാൻ അർത്ഥം കല്പിക്കുന്നതു്. കുലശേഖരവർമ്മാവു രാജശേഖരനിൽനിന്നു പ്രാചീനനാണെന്നു് ഈ ശ്ലോകത്തിൽനിന്നു സിദ്ധിക്കുന്നു. അങ്ങനെയുള്ള കുലശേഖരവർമ്മാവിന്റെ ഒരു സദസ്യൻ ധനഞ്ജയന്റെ ദശരൂപകത്തെ സ്മരിക്കുന്നതിനു യാതൊരു പ്രസക്തിയും ഇല്ലെന്നാണു് ഞാൻ വാദിക്കുന്നതു്. പക്ഷേ, കുലശേഖരവർമ്മാവു് ആശ്ചര്യമഞ്ജരി ഉണ്ടാക്കിയ ഉടൻതന്നെ അതിന്റെ യശസ്സു് കാന്യകുബ്ജംവരെ എത്തി എന്നും ഉടൻതന്നെ രാജശേഖരൻ ആ ഗ്രന്ഥത്തെ പ്രശംസിച്ചു എന്നും രാജശേഖരൻ ജീവിച്ചിരിക്കുമ്പോൾ തന്നെ സോമദേവൻ അദ്ദേഹത്തെ യശസ്തിലകചമ്പുവിൽ ശ്ലാഘിച്ചു എന്നും ധനഞ്ജയൻ തന്റെ ദശരൂപകത്തിൽ രാജശേഖരന്റെ ഗ്രന്ഥങ്ങളിൽ നിന്നു ശ്ലോകങ്ങൾ ഉദ്ധരിച്ചു എന്നും ഉടൻതന്നെ ദശരൂപകത്തിനു് കേരളത്തിൽകൂടി പ്രസിദ്ധി സിദ്ധിച്ചു എന്നും വരാൻ പാടില്ലായ്കയില്ല. എന്നാൽ ഈ സംഗതികളെല്ലാംകൂടി യോജിച്ചു് ഒരുകാലത്തുതന്നെ നടന്നു എന്നുഹിക്കുന്നതിനേക്കാൾ ഭിന്നകാലങ്ങളിൽ നടന്നു എന്നുഹിക്കുന്നതിനാണു് യുക്തിയധികം. '' ഗ്രന്ഥകാരസമകാലഭവേന '' എന്നു ശിവരാമകവി വർണ്ണിക്കുന്ന ഈ വ്യംഗ്യവ്യാഖ്യാകാരൻ ഒരു നമ്പൂതിരിയാണെന്നും അദ്ദേഹം കുലശേഖരവർമ്മാവുമായി വളരെ വേഴ്ചയിലായിരുന്നു എന്നും കുലശേഖരൻ തന്റെ നാടകങ്ങളുടെ മർമ്മങ്ങളെ താൻതന്നെ അഭിനയിച്ചു വയസ്യനു മനസ്സിലാക്കിക്കൊടുക്കുകയാണു് ചെയ്തതെന്നും മുൻപുദ്ധരിച്ച ഉപോൽഘാതത്തിൽനിന്നു വെളിവാകുന്നുണ്ടല്ലോ. ഈ വ്യാഖ്യാതാവു തന്നെയാണു് ഫലിതപ്രിയനായ തോലൻ എന്നു ചിലർ പറയുന്നു. തോലൻ എന്നു ഒരു നമ്പൂതിരി ഉണ്ടായിരുന്നു എന്നും അദ്ദേഹം ഏതോ ഒരു ചേരമാൻപെരുമാളുടെ ആശ്രിതനായിരുന്നു എന്നും ഉള്ളതു് നിസ്സംശയമാണു്. ഇപ്പോൾ അദ്ദേഹത്തിന്റേതാണെന്നു പറഞ്ഞു ചൊല്ലിവരാറുള്ള ഭാഷാശ്ലോകങ്ങളിൽ പലതും അങ്ങ

Digitized By Kerala Sahitya Akademi

നെയുള്ളതാണെന്നു തോന്നുന്നില്ല. മുട്ടസ്സുനമ്പൂതിരിയുടെ ചില ശ്ലോകങ്ങൾപോലും തോലന്റെ തലയിൽ കേറ്റിവയ്ക്കുന്ന രസികന്മാരെ ഞാനറിയും. തോലൻ മഹോദയപുരേശചരിതം എന്ന ശ്ലോകങ്ങളെല്ലാം അനുക്രമത്തിൽത്തന്നെ നിൎമ്മിച്ചിട്ടുള്ളതായ ഒരു കാവ്യത്തിന്റെ കർത്താവാണെന്നു് ഐതിഹ്യമുണ്ടു്. ആ കാവ്യം ഞാൻ കണ്ടിട്ടില്ല. കൈവശമുള്ളവർ അതിനെപ്പറ്റി വല്ല വിവരവും അറിവുതന്നാൽ വളരെ ഉപകാരമായിരിക്കും. അതിലെ "സഞ്ജ്ജാലകാനിജ്ജര നിർജ്ഝരിണ്യാം" ഇത്യാദി പദ്യവും മറ്റും സുപ്രസിദ്ധമാണു്.

രാജശേഖരനും കുലശേഖരവൎമ്മാവും സമകാലികന്മാരല്ലെന്നുള്ളതിനു് ഒരുപപത്തികൂടി പറയാം. തപതീസംവരണത്തിൽ ഗ്രന്ഥകാരൻ ശൂദ്രകകാളിദാസഹർഷദണ്ഡികളേയാണു് മഹാകവി പദത്തിൽ പ്രവേശിപ്പിക്കുന്നതു്. ഇവരിൽ മൂന്നുപേർ നാടകകർത്താക്കളുമാണു്. ഭവഭൂതിയേപ്പറ്റി വല്ല അറിവും കവിക്കുണ്ടായിരുന്നു എന്നു വരികിൽ അദ്ദേഹത്തിന്റെ പാവനമായ നാമധേയത്തെ ഈ പട്ടികയിൽ അദ്ദേഹം ഘടിപ്പിക്കാതിരിക്കുമോ ? ഒരിക്കലും ഇല്ലെന്നാണു് എനിക്കു തോന്നുന്നതു്. ആ വിധത്തിലുള്ള ഒരു കവിചക്രവർത്തിയെ പ്രമുഖപദംകൊണ്ടു വിവക്ഷിച്ചാൽ മതിയാകുന്നതുമല്ല. ഭവഭൂതിയും കാന്യകുബ്ജരാജാവായ യശോവൎമ്മാവും കാശ്മീരചക്രവർത്തിയായ ലളിതാദിത്യനും ക്രി. പി. എട്ടാം ശതവർഷത്തിന്റെ ആരംഭത്തിലാണു് ജീവിച്ചിരുന്നതു്. കുലശേഖരവൎമ്മാവു ക്രി. പി. പത്താം ശതവർഷത്തിലാണു് ജീവിച്ചിരുന്നതെങ്കിൽ അദ്ദേഹത്തിനു ഭവഭൂതിയുടെ നാമധേയത്തെ വിസ്മരിക്കുന്നതിനു യാതൊരു ന്യായവുമില്ല, എട്ടാം ശതവർഷത്തിന്റെ ഒടുവിൽ ജീവിച്ചിരുന്നതാണെങ്കിൽ അതു ഭവഭൂതിയുടെ യശസ്സിനു് കേരളത്തിൽ ധാരാളം പ്രചാരം വരുന്നതിനു മുൻപാണെന്നു സമാധാനപ്പെടുകയും ചെയ്യാം. ഈ അവസരത്തിൽ രാജശേഖരകവി "ബഭ്രവ വല്മീകഭവഃ പുരാകവിഃ" എന്ന പദ്യത്തിൽ തനിക്കു ഭവഭൂതിയെപ്പറ്റിയുള്ള ബഹുമാനത്തെ പ്രകടിപ്പിക്കുന്ന ഭാഗവും നാം പ്രത്യേകിച്ചു് ഓൎമ്മിക്കേണ്ടതാകുന്നു.

താഴമണ്ണില്ലത്തെ താമ്രശാസനം "നമശ്ശിവായ" എന്ന പദങ്ങൾകൊണ്ടാരംഭിച്ചിരിക്കുന്നു എന്നുവെച്ചു് അതിൽ പറയുന്ന രാജശേഖരൻ കുലശേഖരആൾവാരല്ലെന്നു ശങ്കിക്കേണ്ട ആവശ്യമില്ല. ചേരമാൻ പെരുമാക്കന്മാരുടെ കുലദൈവവും തിരുവഞ്ചിക്കുളത്തിലെ മൂർത്തിയും ശിവനായിരുന്നു. "അഞ്ചക്കളത്തപ്പ"നേപ്പറ്റി ശൈവന്മാരായ സുന്ദരമൂർത്തിനായനാർ മുതലായ ഭക്തന്മാർ പാടീട്ടുണ്ടു്. പട്ടത്തുപട്ടേരി ത്രിപുരദഹനത്തെ തന്റെ കാവ്യത്തിനു് ഇതിവൃത്തമായി സ്വീകരിക്കുന്നു. വ്യം

Digitized By Kerala Sahitya Akademi

ഗ്യവ്യാഖ്യാകാരൻ മംഗലാചരണം ചെയ്യുന്നതു തന്നെ ത്രിപുരദഹനകഥയെ ആസ്പദമാക്കിയാണു്. അതിൽ പിന്നിട്ട "നമസ്സോമായ ശാഭവേ" എന്ന പ്രകൃതോപയോഗത്തെ പുരസ്കരിച്ചിട്ടാണെങ്കിലും ശിവനേത്തന്നെ സ്തുതിക്കുന്നുമുണ്ടു്. കുലശേഖരആൾവാരുടെ കാലം മുതൽക്കാണു് കേരളത്തിൽ വൈഷ്ണവമതത്തിനു് പ്രാധാന്യം സിദ്ധിച്ചതു്.

പത്താം ശതവഷ്ത്തിൽ ആൾവാരന്മാർ ആരുംതന്നെ ജീവിച്ചിരുന്നിട്ടില്ല. ആൾവാരന്മാരുടെ ദ്രാവിഡഗാനങ്ങൾ എല്ലാം ശേഖരിച്ചു് അവയെ നാലായിരപ്രബന്ധമെന്ന പേരിൽ പ്രസിദ്ധീകരിച്ചതു നാഥമുനി എന്ന മഹാനാണു്. അദ്ദേഹം ക്രി. പി. പത്താംശതവഷ്ത്തിൽ രാജനാരായണനെന്ന നാമാന്തരത്തോട്ടുകൂടിയ പരാന്തകനെന്ന ചോളരാജാവിന്റെ സദസ്യനായിരുന്നതായാണു് കാണുന്നതു്. കുലശേഖരനെന്ന നാമധേയത്തിൽ രണ്ടു ചേരമാൻ പെരുമാക്കളുണ്ടായിരുന്നു എന്നും അവർ രണ്ടുപേരും വിഷ്ണുഭക്തന്മാരായിരുന്നു എന്നും അവരിൽ ഒരാൾ ക്രി. പി. എട്ടാം ശതവഷ്ത്തിലും മറ്റൊരാൾ പത്താം ശതവഷ്ത്തിലും ജീവിച്ചിരുന്നു എന്നും പറയുന്നതു യുക്തിക്കു ചേരാതെയിരിക്കുന്നു. ആ കെട്ടുകഥ കുലശേഖരവമ്മാവും കുലശേഖരആൾവാരും താഴമണ്ണില്ലത്തെ താമ്രശാസനത്തിൽ പറയുന്ന രാജശേഖരനും ഒരാൾതന്നെ എന്നും ആ ചേരമാൻപെരുമാൾ ക്രി. പി. എട്ടാം ശതവഷ്ത്തിന്റെ ഒടുവിൽ കേരളം രക്ഷിച്ചിരുന്നു എന്നും ഊഹിക്കുന്നതിൽ വലിയ അസംബദ്ധമൊന്നും ഇല്ലെന്നാണു് തോന്നുന്നതു്. *

ഇനി ഈ ഗ്രന്ഥകാരന്റെ കൃതികളെക്കുറിച്ചുകൂടി രണ്ടു വാക്കു പറഞ്ഞുകൊണ്ടു് ഈ ഉപന്യാസത്തെ ഉപസംഹരിക്കാൻ ശ്രമിക്കാം.

ആശ്ചര്യമഞ്ജരി ഒരു ഗദ്യകാവ്യമാണെന്നു മുൻപു പറഞ്ഞുവല്ലൊ. "ആശ്ചര്യമഞ്ജരീകഥാമധുദ്രവഃ" എന്നാണു് കവി അതിനെപ്പറ്റി വർണ്ണിക്കുന്നതു്. കഥ ഒരുമാതിരി ഗദ്യകാവ്യമാണു്. ടീകാസർവസ്വകാ

---

* ശ്രീമാൻ ഏ. എസ്സ്. രാമനാഥയ്യർ മുകുന്ദമംലയുടെ നിർമ്മാതാവായ കുലശേഖരആൾവാരല്ല നാടകങ്ങളുടെ പ്രണേതാവായ കുലശേഖരവമ്മാവെന്നും ആൾവാർ ക്രി. പി. ഒൻപതാം ശതകത്തിന്റെ പൂർവാർദ്ധത്തിലും കുലശേഖരവമ്മാവു് ക്രി. പി. പത്താംശതകത്തിന്റെ മദ്ധ്യത്തിലും ജീവിച്ചിരുന്നു എന്നും സ്ഥാപിക്കുവാൻ അഞ്ചുകൊല്ലങ്ങൾക്കുമുമ്പു ശ്രമിക്കയുണ്ടായി. ആ ശ്രമം സഫലമായിട്ടില്ല. ശ്രീമാൻ കെ. ജി. ശേഷയ്യർ കഴിഞ്ഞ കൊല്ലത്തിൽ ആൾവാരുടെ ജീവിതകാലം ക്രി. പി. 528 മുതൽ 595 വരെയാണെന്നു കേരളസമിതിവക പത്രഗ്രന്ഥത്തിൽ ഉപന്യസിച്ചിട്ടുള്ളതും യുക്തിയുക്തമെന്നു തോന്നുന്നില്ല.

മേൽ പ്രസ്താവിച്ച അഭിപ്രായം പിന്നിട്ടു് കേരളസാഹിത്യ ചരിത്രത്തിൽ നിരാകരിച്ചിട്ടുണ്ടു്. (കെ. സ, ച. പേ: 130–131) (Ed).

Digitized By Kerala Sahitya Akademi

രനു പുറമെ മുകുടൻ എന്ന അമരകോശടീകാകാരൻ ആ ഗ്രന്ഥത്തിൽ നിന്നു "പാണിനിപ്രത്യാഹാര ഇവ മഹാപ്രാണസമാശ്ലിഷ്ടോ ഝഷാ ലിംഗിതശ്ച സമുദ്ര:" എന്നൊരു ഭാഗം വാരിവശ്ലത്തിൽ ഉദ്ധരിച്ചിട്ടുള്ളതായി ദുശ്ലാപ്രസാദപണ്ഡിതൻ പറയുന്നു. ഈ ഉദാഹരണങ്ങളിൽനിന്നു കാദംബരി, വാസവദത്ത മുതലായ ഗ്രന്ഥങ്ങളുടെ തോതനുസരിച്ചു കവി ശ്ലേഷപ്രധാനമായുണ്ടാക്കിയ ഒരു ഗദ്യകാവ്യമാണിതെന്നു തോന്നുന്നു. ഇതുവരെ കണ്ടുകിട്ടീട്ടില്ല.

തപതീസംവരണം ആറങ്കത്തിലുള്ള ഒരൊന്നാന്തരം നാടകമാണു്. ഇതിനു പുതുപ്പള്ളി പി. കെ. പണിക്കർ ഒരു തർജ്ജമ മംഗളോദയ മാസികയിൽ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിട്ടുള്ളതിനാൽ വായനക്കാരുടെ ശ്രദ്ധയെ ആ തർജ്ജമയിലേശ്ലു ക്ഷണിച്ചാൽ മതിയാകുമെന്നു തോന്നുന്നുണ്ടു്. പണിക്കരവർകൾ നല്ല ശക്തിയും നിപുണതയും അഭ്യാസവും ഉള്ള ഒരു കവിയാകയാൽ തർജ്ജമ നന്നായിട്ടുണ്ടു്.

സുഭദ്രാധനഞ്ജയം അഞ്ചങ്കത്തിലുള്ള മറ്റൊരു അസ്സൽ നാടകമാണു്. ആ ഗ്രന്ഥം പരേതനായ വിശിഷ്ടകവി കവിയൂർ രാമൻനമ്പിയാർ കുറേക്കാലം മുൻപുതന്നെ ഭാഷാന്തരീകരിച്ചുകഴിഞ്ഞിട്ടുള്ളതിനാൽ അതിനേപ്പറ്റിയും വിശേഷിച്ചൊന്നും പറയേണ്ട ആവശ്യം കാണുന്നില്ല. ധനഞ്ജയതർജ്ജമ ഇപ്പോൾ വിലശ്ലു കിട്ടുന്നില്ല. ഒരു പുതിയ പതിപ്പുണ്ടായാൽ കൊള്ളാമെന്നു് എന്നേപ്പോലെ ആഗ്രഹിക്കുന്നവർ പലരും കാണുമെന്നാണു് എന്റെ വിശ്വാസം.

ഈ രണ്ടു നാടകങ്ങളും ചാക്യാന്മാക്കു് അഭിനയത്തിലേശ്ലു വേണ്ടിത്തന്നെ ഉണ്ടാക്കീട്ടുള്ളതാണു്. രണ്ടിലെയും പ്രതിപാദ്യവസ്തു മഹാഭാരതാന്തർഗ്ഗതമാകുന്നു. ഭരതന്റെ നാട്യശാസ്ത്രം കണ്ടിട്ടാണു് കവിക്കു് ഈമാതിരിഗ്രന്ഥങ്ങളുണ്ടാക്കണമെന്നാഗ്രഹം തോന്നിയതെന്നു വ്യംഗ്യവ്യാഖ്യാകാരൽ പറയുന്നതു ശരിതന്നെ. അതിനാലാണു് അതിലെ സ്ഥായിഭാവത്തെയും പ്രായോഗികമാശ്ലൊന്നെയും മാത്രം വിവരിച്ചു് ഒരു വ്യാഖ്യാനമെഴുതേണ്ട ആവശ്യം നേരിട്ടതു്. ധ്വനിലക്ഷണപൂർണ്ണമാണു് ഈ രണ്ടു നാടകങ്ങളുമെന്നു് കവി വ്യാഖ്യാതാവിനോടു പ്രത്യേകിച്ചു പറയുകയും ചെയ്യുന്നു. ധ്വനിയുക്തമായ കാവ്യത്തെയാണു് വിദ്വാന്മാർ അന്നും ഇന്നും എന്നും പ്രശംസിക്കുന്നതു്. ആനന്ദവർദ്ധനാചാര്യർ ധ്വനിയുടെ പാരമ്യത്തെ സ്ഥാപിക്കുന്നതല്ലാതെ അതിനു മുൻപു ധ്വന്യുദ്ധ്വനീനന്മാരായ മഹാകവികൾ ഇല്ലായിരുന്നു എന്നോ ധ്വനിപ്രധാനമായ കാവ്യത്തിനാണു് ഉത്തമത്വം എന്നു് ആലങ്കാരികന്മാർ സിദ്ധാന്തശ്ലുപേണ

Digitized By Kerala Sahitya Akademi

പ്രതിപാദിച്ചിട്ടില്ലെന്നോ പറയുന്നില്ല. ധ്വനിപ്രസ്ഥാനക്കാരായ കവികളുടെ മാഗ്ദർശി തന്നെ കാളിദാസരാണല്ലോ. ആ കവിസാർവഭൌമൻ ആനന്ദവർദ്ധനനും വളരെക്കാലം മുമ്പല്ലേ ജീവിച്ചിരുന്നതു്.

"കാവ്യസ്യാത്മാ ധ്വനിരിതി ബുധൈർയ്യഃ സമാമ്നാതപൂർവഃ
തസ്യാഭാവം ജഗദുരപരേ ഭാക്തമാഹുസ്തമന്യേ
കേചിദ്വാചാം സ്ഥിതമവിഷയേ തത്ത്വമൂചുസ്തദീയം
തേന ബ്രൂമസ്സഹൃദയമനഃ പ്രീതയേ തത്സ്വരൂപം."

എന്നുള്ള പീഠികയോടു കൂടിയാണു് ധ്വന്യാലോകമാരംഭിക്കുന്നതു്. കാവ്യത്തിന്റെ ആത്മാവു ധ്വനിയാണെന്നു വിദ്വാന്മാർ പണ്ടുതന്നെ ഗണിച്ചിട്ടുള്ളതാണെന്നു് ധ്വനികാരൻ സമ്മതിക്കുന്നു. കുലശേഖരനു കാളിദാസരെപ്പറ്റി എത്രമാത്രം ബഹുമാനമുണ്ടായിരുന്നു എന്നു് ഇതിനു മുൻപു ഞാൻ ഈ രണ്ടു നാടകങ്ങളിൽ നിന്നു തന്നെ ഉദ്ധരിച്ചിട്ടുള്ള ഭാഗങ്ങളിൽ നിന്നു സ്പഷ്ടമാകും. "കണ്ണൌ നഃ കാളിദാസപ്രവിഹിതരചനാഃ കണ്ണപൂരീക്രിയാസ്താം" എന്നു പ്രാർത്ഥിക്കുന്ന ഒരു കവിയുടെ കൃതി എങ്ങനെയാണു് ധ്വനിപ്രധാനമല്ലാതെ പരിണമിക്കുന്നതു്? നാടകാന്തം കവിത്വം എന്നുള്ള പ്രമാണമനുസരിച്ചു നോക്കുകയാണെങ്കിൽ കുലശേഖരവർമ്മാവിനു കേരളീയ മഹാകവികളുടെ ഇടയിൽ ഒരു അദ്വിതീയമായ സ്ഥാനത്തിനവകാശമുണ്ടു്. ശങ്കരഭഗവൽപാദരും നാരായണഭട്ടപാദരും സഞ്ചരിക്കാത്ത ഒരു മാർഗ്ഗത്തിലാണല്ലോ നമ്മുടെ ഈ മഹാകവിയുടെ സ്വച്ഛന്ദവിഹാരം. കേരളീയ കവികളുടെ നാടകങ്ങളിലെന്നല്ല, അന്യകവികളുടെ നാടകങ്ങളിൽ തന്നെയും ശാകുന്തളം, ഉത്തരരാമചരിതം മുതലായ ഒന്നാംകിടയിൽ നില്ക്കുന്ന ഉത്തമഗ്രന്ഥങ്ങൾ കഴിഞ്ഞാൽ മറ്റൊന്നിനും സംവരണധനഞ്ജയങ്ങളെ ജയിക്കുന്നതിനുള്ള യോഗ്യത കാണുന്നില്ല. കുലശേഖരവർമ്മാവിന്റെ കവിതയ്ക്കു ശബ്ദംകൊണ്ടു ഭവഭൂതിയോടും അർത്ഥംകൊണ്ടു കാളിദാസരോടുമാണു് അധികം സാമീപ്യമുള്ളതു്. വിഷ്ണുനാഭിഷേകനാടകം കണ്ടുകിട്ടീട്ടില്ലെന്നു മുൻപു പ്രസ്താവിച്ചുകഴിഞ്ഞുവല്ലോ.

പെരുമാൾതിരുമൊഴി എന്നു പറയുന്നതു 105 ദ്രാവിഡഗാനങ്ങളാണു്. ഇവയെ നാഥമുനി നാലായിരപ്രബന്ധത്തിൽ ഉൾപ്പെടുത്തീട്ടുണ്ടു്. ആൾവാരുടെ ദ്രാവിഡകവിത സംസ്കൃതകവിതപോലെ തന്നെ മനോഹരമായിരിക്കുന്നു. തിരുമൊഴിയിൽ പത്തുഭാഗങ്ങളുണ്ടു്. ഓരോ ഭാഗത്തിലും പത്തും പതിനൊന്നും അപൂർവ്വമായി ഒൻപതും വീതം പാട്ടു

Digitized By Kerala Sahitya Akademi

കളുണ്ട്. ഓരോ ഭാഗത്തിനും തമിഴ്മാലയെന്നാണ് പേർ; പത്തു മാല കളുടേയും അറ്റത്തിൽ

'കൂടൈവിളങ്കുവിറൽതാനൈക്കൊറ്റവൊൾവാൾ
കൂടലർകോൻ കൊടൈക്കുലചേകരൻ'.
'അല്ലിമാമലർ മങ്കൈനാതനരങ്കൻമെയ്യിടിയാർകൾത-
മെല്ലൈയിലടിമൈത്തിറത്തിനിലെന്റമേവുമനത്തനാം
കൊല്ലിക്കാവലൻ കൂടൽനായകൻ കോഴിക്കോൻ കുലചേകരൻ.'
'അങ്കൈയാഴിയരങ്കനടിയിണൈതങ്കുചിന്തൈത്തനിപ്പെരും
(പിഞ്ഞനായ്
കൊങ്കർകോൻ കുലചേകരൻ.''
'കൊന്നവില്ലും കൂർവേൽകുലചേകരൻ.'
'കൊറ്റവേൽതനൈക്കുലചേകരൻ.'
'കൊല്ലിനകക്കിറൈക്കൂടൽ കോമാൻ കുലചേകരൻ.'
'കൊല്ലികാവലൻ മാലടിമുടിമേൽ കോലമാം കുലചേകരൻ.'
'കൊൽനവില്ലും വേൽ വലവൻ കൂടൈക്കുലചേകരൻ'
'കൂരാർന്തവേൽ വലവൻ കോഴിയർകോൻ കൂടൈക്കുലചേകരൻ'
'കൊല്ലിയലും പടൈത്താനൈക്കൊറ്റവൊൾവാൾ
കോഴിയർകോൻ കൂടൈക്കുലചേകരൻ.'

ഇങ്ങനെ പത്തു മുദ്രാവാചകരത്നങ്ങൾ കാണുന്നുണ്ട്. കേരളത്തിൽ എട്ടാംശതവർഷത്തിന്റെ അവസാനത്തിൽ നടപ്പായിരുന്ന തമിഴ്ഭാഷയിൽ തന്നെയാണ് പെരുമാൾ തിരുമൊഴി മുഴുവൻ രചിച്ചിരിക്കുന്നത്. "ഐഞ്ഞൂറു" മുതലായ ഇടമട്ടിലുള്ള പദങ്ങൾ അതിൽ സുലഭങ്ങളാണ്. "മുടിപ്പാൻ" മുതലായ പ്രയോഗങ്ങൾ ഇപ്പോൾ തമിഴിലില്ല. "അരവണയിൽ പള്ളികൊള്ളും കടൽവിളങ്കുകരുമേനി" മുതലായ ഭാഗങ്ങൾ വായിക്കുമ്പോൾ കണ്ണശ്ശപ്പണിക്കരെ ഓർത്തുപോകുന്നു.

"വാനാളും മാമതിപോൽ വെണ്കുടൈക്കീഴ്നവർതം-
കോനാകിവീറ്റിരുന്തു കൊണ്ടാട്ടം ചെല്വറിയേൻ"

ഇത്യാദി ഭാഗങ്ങൾ കേൾക്കുമ്പോൾ ഉണ്ടാകുന്ന സ്തോഭം അവർണ്ണനീയമായിരിക്കുന്നു. പത്തിൽ ഒരു മാലയെങ്കിലും പകർത്തി വായനക്കാരെ കാണിക്കാതിരിക്കാൻ മനസ്സനുവദിക്കുന്നില്ല. ഞാൻ താഴെ ഉദ്ധരിക്കു

Digitized By Kerala Sahitya Akademi

ന്നതു് എട്ടാമത്തെ മാലയും കണ്ണപുരത്തു രാമസ്വാമിയെപ്പററിയുള്ള ഒരു താരാട്ടുമാണു്. ഭാഷയ്ക്കു വലിയ കാഠിന്യമൊന്നുമില്ല. ശ്രീരാമവിഷയകമായി ആൾവാക്കുണ്ടായിരുന്ന രതിഭാവത്തിന്റെ സ്വരൂപം വായനക്കാക്കു് ഈ താരാട്ടിൽ നിന്നു ഏകദേശം മനസ്സിലാക്കാം.

കണ്ണപുരത്തൊളീർ കാകുത്തൻറാലാട്ടു്

കലിവിരുത്തം

നീലാന്യരിരാകം—തിരുപുടൈതാളം

മന്നുപുകഴ്ച്ചോലൈതൻ മണിവയിറുവായ്ത്തവനേ!
തെന്നിലങ്കൈക്കോൻമുടികൾ ചിന്തുവിതായ്!ചെമ്പൊൻചേർ
കന്നിനൻമാമതിൾപുടൈചൂഴ്കണപുരത്തെൻ കരുമണിയേ!
എന്നുടൈയവിന്നമുതേ! ഇരാകവനേ! താലേലോ. 1

പുണ്ടരീകമലരതൻമേൽ പുവനിയെല്ലാം പടൈത്തവനേ!
തിണ്ടിറലാൽ താടകൈതൻ ഉരമുരുവച്ചിലൈവളൈത്തായ്!
കണ്ടവർ തഞ്ചനം വഴങ്കും കണപുരത്തെൻ കരുമണിയേ!
എണ്ടിശൈയുമാളുടൈയായ്! ഇരാകവനേ! താലേലോ. 2

കൊങ്കുമലികരുങ്കുഴലാൾ കൌചലൈതൻ കുലമുതലായ്!
തങ്കുപെരുമ്പുകഴ്ച്ചനകൻ തിരുമരുകാ! താചരതീ!
കങ്കൈയില്വം തീഞ്ചമടികണപുരത്തെൻ കരുമണിയേ!
എങ്കൾകുലത്തിന്നമുതേ! ഇരാകവനേ! താലേലോ. 3

താമരൈമെലയനവനൈപ്പടൈത്തവനേ! തയരതൻറൻ
മാമതലായ്! മൈതിലിതൻമണവാളാ! വണ്ടിനങ്കൾ
കാമരങ്കളിചൈപാട്ടം കണപുരത്തെൻ കരുമണിയേ!
ഏമരുവും ചിലൈവല്ലറാ! ഇരാകവനേ! താലേലോ. 4

പാരാളും പടൈച്വൽവം പരതനമ്പിക്കേയരുളി
ആരാവൻ പിളൈയവനോടരുങ്കാനമടൈന്തവനേ!
ചീരാളും വരൈമാർപാ! തിരുക്കണ്ണപുരത്തരചേ!
താരാളും നീൺമുടിയെൻ താചരതീ! താലേലോ. 5

Digitized By Kerala Sahitya Akademi

ചുറ്റമെല്ലാം പിൻതുടരത്തൊൽകാനമടൈന്തവനേ!
അറ്റവർകടുകരുമതുന്തേ! അയൊത്തിനകർക്കതിപതിയേ!
കറ്റവർകൾ താം വാഴും കണപുരത്തെൻ കരുമണിയേ!
ചിറ്റവൈതൻ ചൊൽകൊണ്ട ചിരാമാ! താലേലോ. 6

ആലിനിലൈപ്പാലകനായൻറുലകമുണ്ടവനേ!
വാലിയെങ്കൊൻറരചിളൈയ വാനരത്തുക്കളിത്തവനേ!
കാലിൽമണികരൈയലൈപ്പും കണപുരത്തെൻ കരുമണിയേ!
ആലിനകക്കതിപതിയേ! അയൊത്തിമനേ! താലേലോ. 7

മലൈയതനാലണൈ കട്ടി മതിളിലംകൈയഴിത്തവനേ!
അലൈകടലൈക്കടൈന്തമരക്മുതരുളിച്ചെയ്തവനേ!
കലൈവലവർ താം വാഴും കണപുരത്തെൻ കരുമണിയേ!
ചിലൈവലവാ! ചേവകനേ! ചീരാമാ! താലേലോ. 8

തളൈയവിഴും നറുങ്കുഞ്ചിത്തയരതൻറൻകുലമതലായ്!
വളൈയവൊരു ചിലൈയതനാൽ മതിലിളംകൈയഴിത്തവനേ
കളൈകഴനീർ മരുങ്കലരും കണപുരത്തെൻ കരുമണിയേ!
ഇളൈയവർ കടുകരുളുടൈയായ്! ഇരാകവനേ! താലേലോ. 9

തേവരൈയുമചുരരൈയും തിചൈകളൈയും പടൈത്തവനേ!
യാവരും വന്തടിവണങ്ക അരങ്കനകത്തുയിൻറവനേ!
കാവിരിനൽനതിപായും കണപുരത്തെൻ കരുമണിയേ!
ഏവരിവെഞ്ചിലൈവലവാ! ഇരാകവനേ! താലേലോ. 10

കന്നിനൻമാമതിൾപുടൈഴ്കണപുരത്തുൻ കാകുത്തൻ
തന്നടിമേൽ താലേലോവെൻറുരൈത്ത തമിഴ്മാലൈ
കൊൽനവിലും വേൽവലവൻ കുടൈക്കുലചെകരൻചൊന്ന
പന്നിയനൂൽ പത്തും വല്ലാർ പാംകായ പത്തർകളേ.'' 11

ഇനി മുകുന്ദമാലയേപ്പറ്റി മാത്രമാണു് സ്വല്പം പറവാനുള്ളതു്. ഇതിനെ ശ്രീവൈഷ്ണവന്മാർ അവരുടെ വേദമായി കൊണ്ടാടിവരുന്നു. ആകെ മുപ്പത്തിനാലു ശ്ലോകങ്ങളേ അതിലുള്ളു. അവയിലൊരു ശ്ലോകം "യസ്യ പ്രിയൌ ശ്രുതിധരൌ" ഇത്യാദി ഗ്രന്ഥകാരപരമായിട്ടുള്ളതു

Digitized By Kerala Sahitya Akademi

മാണു്. ബാക്കിയുള്ള മുപ്പത്തിമൂന്നു ശ്ലോകങ്ങൾകൊണ്ടു് കവി കാണിച്ചിരിക്കുന്ന വിദ്യ ആക്കും അത്ഭുതത്തെ ജനിപ്പിക്കുന്നു. ഭക്തിരസം ഇത്ര നിരർഗ്ഗളമായി പ്രവഹിക്കുന്ന ഒരു ഖണ്ഡകാവ്യം സംസ്കൃതത്തിൽ വേറെ ഇല്ല.

" ക്ഷീരസാഗരതരംഗശീകരാസാരതാരകിതചാരുമൂർത്തയേ "
" ലാടനേത്രപുടീപയോധരഘടീരേവാതടിദ്ദുഷ്കുടീ-
പാടിരദ്രുമവണ്ണനേന കവിഭിർമ്മുധൈർദ്ദിനം നീയതേ. "

ഇത്യാദി ഭാഗങ്ങളിലെ ശബ്ദചമൽക്കാരത്തിന്റെയും

" ആമ്നായാഭ്യസനാന്യരണ്യരുദിതം കുഹർവ്രതാന്യനവഹം
മേദശ്ചേദപദാനി പുത്രവിധയഃ സർവേ ഹുതം ഭസ്മനി
തീർത്ഥാനാമവഗാഹനാനിച ഗജസ്നാനം, വിനാ യൽപദ-
ദ്വന്ദ്വാംഭോരുഹസംസ്തുതിം, വിജയതേ ദേവസ്യനാരായണഃ.
തൃഷ്ണാതോയേ മദനപവനോദ്ധൂതമോഹോർമ്മിമാലേ
ദാരാവർത്തേ സഹജതനയഗ്രാഹസംഘാകുലേ ച
സംസാരാഖ്യേ മഹതി ജലധൌ മജ്ജതാം നസ്ത്രിധാമൻ!
പാദാംഭോജേ വരദ! ഭവതോ ഭക്തിനാവേ പ്രസീദ "

ഇത്യാദി ഭാഗങ്ങളിലെ അലങ്കാരമസ്യണതയുടേയും

"മദന പരിഹര സ്മിതിം മദീയേ മനസി മുകുന്ദപദാര-
വിന്ദധാമ്നി;
ഹരനയനകൃശാനുനാ കൃശോസി, സ്മരസി ന ചക്രപരാക്രമം-
മുരാരേഃ? "

" ശ്രീമന്നാമ പ്രോച്യ നാരായണാഖ്യം യേന പ്രാപ്താ-
വാഞ്ഛിതം പാപിനോപി
ഹാ നഃ പൂർവ്വം വാക് പ്രവൃത്താ ന തസ്മിംസ്തേന പ്രാപ്തം ഗർഭ-
വാസാദി ദുഃഖം. "

ഇത്യാദി ഭാഗങ്ങളിലെ വ്യംഗ്യഭംഗിയുടെയും കഥ കിടക്കട്ടെ.

"വാത്സല്യാദഭയപ്രദാനസമയാദാർത്താർത്തിനിർവാപണാ-
ദൌദാര്യാദഘശോണാദഗണിതശ്രേയഃപദപ്രാപണാൽ

Digitized By Kerala Sahitya Akademi

സേവ്യഃശ്രീപതിരേവ സർവജഗതാമേകാന്തതഃ; സാക്ഷിണഃ
പ്രഹ്ലാദശ്ച വിഭീഷണശ്ച കരിരാട് പാഞ്ചാല്യഹല്യാ-
ധ്രുവഃ.!! *

ഇത്യാദി പദ്യങ്ങളിൽ അടങ്ങിയിരിക്കുന്ന പരമതത്വങ്ങളാണ് മുകുന്ദമാലയെ സവ്വോൽകൃഷ്ടമാക്കിത്തീർക്കുന്നത്. ഇതിലെ "ദിവിവാ ഭുവിവാ" ഇത്യാദി പദ്യം വിശ്വനാഥകവിരാജൻ സാഹിത്യദർപ്പണത്തിൽ ദേവവിഷയകമായ രതിക്കു മുർദ്ധാഭിഷിക്തോദാഹരണമായി സ്വീകരിച്ചിരിക്കുന്നു.

വൈഷ്ണവന്മാക്ക് ഈ ഗ്രന്ഥത്തിലെ ശ്ലോകങ്ങളോട് എത്രമാത്രം പ്രതിപത്തിയുണ്ടായിരുന്നു എന്നുള്ളതിന് ഒരു ദൃഷ്ടാന്തം കൂടി ഉദ്ധരിച്ചു കൊള്ളാം. താഴെ കുറിക്കുന്നതു ബർമ്മാരാജ്യത്തിൽനിന്നു കണ്ടെടുത്തിട്ടുള്ള ഒരു ദ്രാവിഡശിലാശാസനമാണ്. ബർമ്മായ്ക്കും ദ്രാവിഡത്തിനും തമ്മിലെന്തു സംബന്ധമാണെന്നറിവാൻ വായനക്കാക്ക് ജിജ്ഞാസയുണ്ടാകാതെയിരിക്കയില്ല. ആ ശാസനം കൊട്ടങ്ങല്ലൂർക്കാരനായ ഒരു മലയാളിയുടേതാണെന്നു കൂടിപ്പറയുമ്പോൾ ആ ജിജ്ഞാസ ദ്വിഗുണീഭവിക്കുന്നതു സാധാരണമാണ്. ബർമ്മായിൽ പാഗാൻ (Pagan) എന്ന നഗരത്തിന് ഒരു മൈൽ അകലെയുള്ള മൈൻ പാഗാൻ (Main Pagan) എന്ന സ്ഥലത്താണ് ഈ ശിലാശാസനം കാണപ്പെട്ടിരിക്കുന്നതു്. ശാസനത്തിൽ ഈ നഗരത്തിനു (Pugam) അഥവാ അരിവട്ടണപുരമെന്നു പേർ പറഞ്ഞിരിക്കുന്നു. മലമണ്ഡലനാട്ടിൽ മകോതയാർ പട്ടണത്തു രായിരന്റെ മകൻ കുലശേഖരനമ്പി അരിപട്ടണപുരത്തുള്ള നാനാദേശിവിണ്ണകരാൾവാർ കോവിലിൽ ഒരു മണ്ഡപം പണിയിച്ച് ആ മണ്ഡപത്തിനു കതകുമിട്ടുവിച്ചു് അവിടെ ഒരു നിലവിളക്കും വയ്പിച്ചതായാണ് ശാസനം. മലമണ്ഡലനാട്ടു കേരളവും മകോതയാർ പട്ടണം കൊട്ടങ്ങല്ലൂരുമാണെന്നു പറയേണ്ടതില്ലല്ലോ. രായിരൻ എന്നതു് ഒരു മലയാളപ്പേർ തന്നെയെന്നുള്ളതിനും സംശയമില്ല. ശാസനകർത്താവിനു വേറെ പേരുണ്ടായിരിക്കണം. കുലശേഖരആൾവാരുടെ ഭക്തനാകയാൽ കുലശേഖരനമ്പി എന്ന പദം സ്വീകരിച്ചതായിട്ടാണ് ഊഹിക്കേണ്ടതു്. ശാസനത്തിനു തലക്കെട്ടായി കുറിച്ചിരിക്കുന്ന "നാസ്ഥാധർമ്മേ" ഇത്യാദി ഭാഗം മുകുന്ദമാലയിലെ അഞ്ചാമത്തെ ശ്ലോകമാണ്. "നാനാദേശിവിണ്ണകർ" എന്ന പദത്തിന്റെ അർത്ഥം പല ദേശങ്ങളിൽ

---

* ഈ ശ്ലോകം മഹാനായ വേദാന്തദേശികരുടെ ഉപബൃംഹണത്തിനു വിഷയീഭവിച്ചിട്ടുണ്ട്.

Digitized By Kerala Sahitya Akademi

നിന്നു വന്നുചേരുന്ന ജനങ്ങൾക്കുള്ള വിഷ്ണുക്ഷേത്രമെന്നാകുന്നു. പാഗാനിൽ ഒരു വിഷ്ണുക്ഷേത്രം അവിടെ കച്ചവടത്തിനും മറ്റുമായി വന്നുചേർന്ന ഹിന്ദുക്കൾ പണ്ടുതന്നെ സ്ഥാപിച്ചിരുന്നതായി കാണുന്നു. മൈൻപാഗാനിൽ വിഷ്ണുക്ഷേത്രമുണ്ടായിരുന്നതായറിവില്ല. അരിവട്ടണപുരമെന്നതു് അരിമർദ്ദനപുരമെന്നു "കല്യാണി"ശാസനങ്ങളിൽ കാണുന്നതിന്റെ തത്ഭവമാണെന്നു് ഡാക്ടർ ഹൎൾഷ് പറയുന്നു. പ്രസ്തുത ശാസനം പതിമൂന്നാം ശതവഷ്ത്തിലുള്ളതായിരിക്കണമെന്നാണു് ആ പണ്ഡിതന്റെ അഭിപ്രായം. ആക്കാലത്തു കേരളീയർ ഇന്നത്തെപ്പോലെ ഗോഷ്ഠുരന്മാരും പാത്രസമിതന്മാരുമായിരുന്നില്ലെന്നും ദൂരസഞ്ചാരത്തിനും വിദേശവാസത്തിനും അവക്കു യാതൊരു മടിയുമില്ലായിരുന്നുഎന്നുമുള്ളതിനു് അനേകം ലക്ഷ്യങ്ങൾ പ്രാചീനശാസനങ്ങളിൽ നിന്നു നമുക്കിപ്പോൾ കിട്ടിയിരിക്കുന്നു. ക്രിസ്തു പന്ത്രണ്ടാം ശതവഷ്ത്തിൽ ആദിരാമൻ എന്ന മറ്റൊരു കേരളീയൻ കാഞ്ചീപുരത്തുപോയി കച്ചവടം ചെയ്തു് അവിടെ ഒരു നഗരം തന്നെ വിലയ്ക്കുവാങ്ങി അതിനു മലമണ്ഡലവിണ്ണഗരമെന്നു നാമകരണം ചെയ്തു മഹാവിഷ്ണുവിനു നമസ്ക്കിച്ചതായി കാണുന്നു. ഈ സംഗതിയേപ്പറ്റി അതു് ഇന്നത്തെ ഉപന്യാസത്തിനു വിഷയമല്ലാത്തതിനാൽ ഇതിലധികം വിസ്തരിക്കുന്നില്ല. മൈൻ പാഗാനിൽ കണ്ടുകിട്ടിയ ശാസനം താഴെ കാണുന്നതാണു്.

"നാസ്ഥാ ധർമ്മേ ന വസുനിചയേ നൈവ കാമോപഭോഗേ
യദ്ഭാവ്യം തദ്ഭവതു ഭഗവൻ പൂർവകർമ്മാനുരൂപം;
ഏതൽ പ്രാർത്ഥ്യം മമ ബഹുമതം ജന്മജന്മാന്തരേപി
ത്വൽപാദാംഭോരുഹയുഗഗതാ നിശ്ചലാ ഭക്തിരസ്തു.

സ്വസ്തിശ്രീ—തിരുച്ചെൽവം പെരുക. പുക്കമാന അരിവട്ടണപുരത്തു നാനാതേചിവണ്ണകരാഴ്ചാർകോയിൽ തിരുമണ്ടപം ചെയ്തു തിരുക്കതവുമിട്ടു ഇന്ത മണ്ടപത്തുക്കു നിന്റെരികൈക്കു നിലൈവിളക്കൊന്റും ഇട്ടേൻ. മലൈമണ്ടലനാട്ടു മകോതൈയാർപട്ടണത്തു ഇരായരൻ ചിറിയനാന ചി-കുലചേകരനമ്പിയേൻ. ഇതു ചിരി. ഇതൻ മലൈമണ്ടലത്താൻ".

ഇനിയും ഈ ഉപന്യാസം ദീർഘിപ്പിക്കുന്നില്ല. ഇപ്പോൾതന്നെ ഞാനുദ്ദേശിച്ചിരുന്നതിൽനിന്നു് ഇതു് എത്രയോ മടങ്ങു വലുതായിപ്പോയിരിക്കുന്നു. കുലശേഖരആൾവാർ ഒരു പരമഭാഗവതനായിരുന്നു എന്നു് ഇനി പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ.

ഇന്നമുതമൂട്ടുകേനിങ്കേവാ പൈങ്കിളിയേ
തെന്തരങ്കം പാടവല്ല ചിൽപ്പെരുമാൾ—പൊന്ത—

Digitized By Kerala Sahitya Akademi

ഞ്ചില ചേർന്നതലിയർ വേൾചേരലർകോൻ എങ്കൾ
കുലചേകരനെന്റേ ഉറു.
ആരംകെടപ്പരനൻപർ കൊള്ളാരെന്റ-അവർകട്ക്കേ
വാരംകൊട്ടകുടപ്പാമ്പിൽ കൈയിട്ടവൻ-മാറ്റലരെ
വീരങ്കെട്ടത്ത ചെങ്കോൽ കൊല്ലികാവലൻ വില്ലവർകോൻ
ചേരൻ കുലചേകരൻ മുടിവേന്തർ ചികാമണിയേ.

എന്ന വിദേശീയനായ മണക്കാൽനമ്പികൾപോലും പ്രശംസിച്ചിട്ടുള്ള ആ മഹാത്മാവിനെ അവിട്ടത്തെ രാജ്യത്തിലെ പ്രജകളായ നാം ഏതു വിധത്തിലാണ് സ്മരിക്കേണ്ടതു്? എങ്ങനെയെല്ലാമാണ് ആരാധിക്കേണ്ടതു്? ആ പുണ്യപുരുഷന്റെ നാമധേയം തന്നെ കേരളീയരിൽ പലർക്കും അശ്രുതപൂർവമാണല്ലൊ. ഭാഷാപോഷിണി വായനക്കാരേയും മറു ഭാഷാഭിമാനികളേയും ആ അവതാരമൂർത്തിയുമായി ഒന്നു പരിചയപ്പെടുത്തണമെന്നു മാത്രമാണ് എന്റെ ഉദ്ദേശം. അതു് ഈ ഉപന്യാസംകൊണ്ടു സാദ്ധ്യമാകുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്.

"കുംഭേ പുനർവസൌ ജാതം കേരളേ ചോളപട്ടണേ
കൌസ്തുഭാംശധരാധീശം കുലശേഖരമാശ്രയേ".

(1092-ഭാഷാപോഷിണി)

Digitized By Kerala Sahitya Akademi

3. ചേരമാൻപെരുമാൾനായനാർ

തപതീസംവരണം, മുകുന്ദമാല മുതലായ ഗ്രന്ഥങ്ങൾ നിർമ്മിച്ച കുലശേഖര ആൾവാരെപ്പറ്റി ചില സംഗതികളെല്ലാം ഭാഷാപോഷിണിയിൽ ഞാൻ കഴിഞ്ഞകൊല്ലം പ്രസ്താവിച്ചിരുന്നുവല്ലൊ. ഈ ചേരമാൻപെരുമാളെ എത്രമാത്രം ഭക്തിയോട്ടകൂടി വൈഷ്ണവന്മാർ ആരാധിച്ചുപോരുന്നുവോ അത്രമാത്രം ശൈവന്മാർ മറ്റൊരു ചേരമാൻപെരുമാളെ ആരാധിച്ചുപോരുന്നുണ്ട്. ആ പെരുമാളുടെ ചരിത്രമാണ് താഴെ സംഗ്രഹിക്കുന്നതു്.

വിഷ്ണുഭക്തന്മാരായി പന്ത്രണ്ടു ആൾവാരന്മാരുണ്ടായിരുന്നതുപോലെ ശിവഭക്തന്മാരായി അറുപത്തിമൂന്നു നായനാരന്മാർ പ്രാചീനകാലങ്ങളിൽ ദക്ഷിണാപഥത്തിൽ ജീവിച്ചിരുന്നു. ഇവരെ തിരുത്തൊണ്ടർ എന്നും പറയും. " നായൻ " എന്ന പദത്തോടു പൂജകബഹുവചനപ്രത്യയമായ " ആർ " ചേർന്നു " നായനാർ " എന്ന പദം ഉണ്ടാകുന്നതും അതിന്റെ അർത്ഥം യജമാനൻ, അഥവാ മഹാൻ എന്നുമാകുന്നു. " തൊണ്ടൻ " എന്ന പദത്തിനു ഭക്തൻ എന്നർത്ഥം. തിരുത്തൊണ്ടന്മാർ, ഭഗവൽഭക്തന്മാർ. ഈ നായനാരന്മാരെല്ലാം ക്രി. പി. അഞ്ചാം ശതവർഷത്തിനും എട്ടാം ശതവർഷത്തിനും ഇടയ്ക്കു ജീവിച്ചിരുന്നവരും ഇവരിൽ പലരും ശിവപരമായി അനേകം വിശിഷ്ടഗാനങ്ങൾ തമിഴിൽ നിർമ്മിച്ചിട്ടുള്ളവരുമാകുന്നു. അറുപത്തിമൂന്നു നായനാരന്മാരെ ചുരുക്കത്തിൽ അറുപത്തിമൂവർ എന്നും പറയാറുണ്ടു്. അറുപത്തിമൂവരിൽ സർവപ്രധാനമായ സ്ഥാനത്തിനു് അർഹന്മാർ, തിരുജ്ഞാനസംബന്ധർ, തിരുനാവുക്കരശർ, സുന്ദരമൂർത്തിനായനാർ ഈ മൂന്നു ഭക്തശിരോമണികളാകുന്നു. ഇവരിൽ സംബന്ധമൂർത്തി ജാതിയിൽ ബ്രാഹ്മണനും തിരുനാവുക്കരശുനായനാർ വെള്ളാളനും, സുന്ദരമൂർത്തി ഓതുവാർ എന്ന അമ്പലവാസിവർഗ്ഗത്തിൽപ്പെട്ട ആളുമായിരുന്നു. തിരുനാവുക്കരശരെ അപ്പർ സ്വാമികൾ എന്നും പറയാറുണ്ടു്. സംബന്ധമൂർത്തി തന്റെ മൂന്നാമത്തെ വയസ്സിൽ അച്ഛനേയും അമ്മയേയും കാണാതെ കരഞ്ഞുകൊണ്ടിരുന്നപ്പോൾ സാക്ഷാൽ പരാശക്തിയായ പാർവതീദേവിതന്നെ ആ ശിശുവിന്റെ മുമ്പാകെ പ്രത്യക്ഷപ്പെട്ടു സ്തന്യപാനം ചെയ്യിച്ചതായുള്ള ഐതീഹ്യം സുപ്രസിദ്ധമാണു്.

"അഥ മൂർത്തിമതീ ദേവീ ജഗതാം ജനനീശിവാ
ആഗത്യാസ്യാന്തികം ബാലമങ്കേകൃത്വാ ശുചിസ്മിതാ

Digitized By Kerala Sahitya Akademi

ദുഗ്ധാ സ്തന്യാമൃതാപൂർണ്ണം ചഷകം ഹേമനിർമ്മിതം
ദദൌ ഗൃഹീത്വാ തദ്വക്ത്രേ;ക്ഷുധിതസ്സുച തൽ പപൌ.
വേദാന്തബോധമയമംബികയാ വിതീർണ്ണം
സ്തന്യാമൃതം തദനു പീതവതോർഭകസ്യ
ഉദ്ഗാരപൂരഇവ സൂക്തിസുധാപ്രവാഹോ
വക്ത്രാദജായത ജഗത്ത്രയതാപഹാരി!"

എന്ന ഭക്തവിജയത്തിൽ വിവരിക്കുന്നതു് ഈ ഐതിഹ്യത്തെയാണു്. ഇതിനേത്തന്നെ സൌന്ദര്യലഹരിയിൽ ശങ്കരാചാര്യസ്വാമികളും

"തവ സ്തന്യം മന്യേ ധരണിധരകന്യേ! ഹൃദയതഃ
പയഃപാരാവാരഃ പരിവഹതി സാരസ്വതമിവ
ദയാവത്യാ ദത്തം ദ്രവിഡശിശുരാസ്വാദ്യ തവ യൽ
കവീനാം പ്രൌഢാനാമജനി കമനീയഃ കവയിതാ."

എന്ന പദ്യത്തിൽ സൂചിപ്പിക്കുന്നു. നീലകണ്ഠദീക്ഷിതരും ഈ ഐതിഹ്യത്തെ ശിവലീലാർണ്ണവത്തിൽ

'സ്തന്യേന കഞ്ചിൽ കവയാംബഭൂവ, താംബൂലസാരേണ പരോ ജനന്യാഃ;
അഹം തതോപ്യന്നതിമാപ്തുകാമസ്സേവേ തതോപ്യന്നതമക്ഷികോണം'

എന്ന പദ്യത്തിൽ സ്മരിക്കുന്നു. ദേവിയുടെ താംബൂലസാരംകൊണ്ടു കവിയായ്തുതു് പഞ്ചശതിയുടെ നിർമ്മാതാവായ മൂകനാണെന്നു പറയേണ്ടതില്ലല്ലോ. ആചാര്യസ്വാമി, കണ്ണപ്പനായനാർ മുതലായ മറ്റു ചില ശിവഭക്തന്മാരെപ്പറ്റിയും ശിവാനന്ദലഹരിയിലെ

"മാഗ്രാവസ്ഥിതപാദുകാ പശുപതേരംഗസ്യ കുർച്ചായതേ;
ഗണ്ഡൂഷാംബുനിഷേചനം പുരരിപോർദ്ദിവ്യാഭിഷേകായതേ;
കിഞ്ചിൽഭക്ഷിതമാംസശേഷകബളം നവ്യോപഹാരായതേ;
ഭക്തിഃ കിം ന കരോത്യഹോ! വനചരോ ഭക്താവതംസായതേ."

എന്ന പദ്യത്തിലും, ശിവഭുജംഗത്തിലെ

"ന ശക്നോമി കർത്തും പരദ്രോഹലേശം;
കഥം പ്രീയസേ ത്വം ? ന ജാനേ ഗിരീശ;

Digitized By Kerala Sahitya Akademi

തദാ ഹി പ്രസന്നോസി കസ്യാപി കാന്താ–
സുതദ്രോഹിണോ വാ പിതൃദ്രോഹിണോ വാ.''

എന്ന പദ്യത്തിലും സൂചിപ്പിച്ചിട്ടുണ്ട്. സംബന്ധമൂത്തി, അപ്പർ. സുന്ദരമൂത്തി ഇവരേയും തിരുവാചകത്തിന്റെ നിർമ്മാതാവായ മാണിക്യവാചകസ്വാമിയേയും ശൈവസമയാചാര്യന്മാർ എന്ന ദ്രാവിഡർ ഭക്തിപുരസ്സരം വ്യവഹരിക്കുന്നു. മാണിക്യവാചകനും ജാതിയിൽ ബ്രാഹ്മണനായിരുന്നു. അദ്ദേഹത്തിന്റെ കാലം അറുപത്തിമൂവർക്കു മുൻപാണെന്നുള്ളതിന സംശയമില്ല. ഈ മഹാത്മാക്കൾ

''വിദ്വൽപ്രിയം വ്യംഗ്യപഥം വ്യതീത്യ ശബ്ദാർത്ഥചിത്രേഷു–
കലേർവിലാസാൽ
പ്രാഹ്ലോനരാഗോ നിഗമാനപേക്ഷ്യ ഭാഷാപ്രബന്ധേഷ്വിവ–
പാമരാണാം.''

എന്ന നീലകണ്ഠദീക്ഷിതരുടെ പദ്യത്തിലെ ചതുർത്ഥപാദത്തിൽ സ്ഫുരിക്കുന്ന മനോഭാവത്തിനു വശംവദന്മാരായി മാതൃഭാഷയെ നിരാകരിച്ചിരുന്നു എങ്കിൽ ദ്രാവിഡഭാഷാ സാഹിത്യത്തിനു് ഇപ്പോഴുള്ള ഉൽക്കർഷം ഒരിക്കലും ഉണ്ടാകുന്നതല്ലായിരുന്നു. ഇവരുടെ ഭക്തിരസപൂർണ്ണങ്ങളായ ഗാനങ്ങളെല്ലാം ക്രോഡീകരിച്ചു് ക്രി. പി. പതിനൊന്നാം ശതവർഷത്തിന്റെ ആരംഭത്തിൽ ചോളദേശീയനും രാജരാജ അഭയകുലശേഖരന്റെ സദസ്യനുമായ നമ്പിയാണ്ടാർ നമ്പി എന്ന ബ്രാഹ്മണകവി തിരുമുറൈ എന്ന പേരിൽ പ്രചരിപ്പിച്ചു. നമ്പിയാണ്ടാർ നമ്പിയെ ദ്രാവിഡവ്യാസൻ എന്നു പറയാറുണ്ടു്. തിരുമുറ ആകപ്പാടെ പതിനൊന്നാണു്. അതിൽ ആദ്യത്തെ മൂന്നും സംബന്ധസ്വാമിയുടെയും നാലുമുതൽ ആറുവരെയും അപ്പർസ്വാമിയുടെയും ഏഴാമത്തേതു് സുന്ദരസ്വാമിയുടേയും ഗാനങ്ങളാണു്. ഈ ഏഴു മുറകൾക്കും മൊത്തമായുള്ള പേർ തേവാരം എന്നാകുന്നു. തഞ്ചാവൂർ മുതലായ പല പ്രധാന ശിവക്ഷേത്രങ്ങളിലും അറുപത്തിമൂന്നു നായനാരന്മാരുടെ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചു് ആരാധിച്ചുവരുന്നതുപോലെ മിക്ക ശിവക്ഷേത്രങ്ങളിലും പൂജകഴിഞ്ഞു തേവാരം പാടുന്നതിനു പ്രത്യേകം പടിത്തരം ഏർപ്പെടുത്തിക്കാണുന്നുണ്ടു്. തേവാരത്തിൽ ദ്രാവിഡന്മാരുടെ ഋക്കുകളടങ്ങിയിരിക്കുന്നു എങ്കിൽ തിരുവാചകത്തിൽ അവരുടെ ഉപനിഷത്തുകളടങ്ങിയിരിക്കുന്നു. തിരുവാചകം എട്ടാം തിരുമുറയിൽ പെട്ടതാണു്. ഒൻപതാം തിരുമുറയിൽ തിരുമാളികത്തേവർ, ചേന്തനാർ, കരുവൂർ തേവർ, പൂന്തുരുത്തി നമ്പി, കാടനമ്പി, കണ്ടരാദിത്യൻ, വേണാട്ടടികൾ, തിരുവാലിയമുത

Digitized By Kerala Sahitya Akademi

നാർ, പുരുഷോത്തമനമ്പി, ചേതിരായർ, ഈ ഒൻപതു കവികളുടെ കൃതികൾ അടങ്ങിയിരിക്കുന്നു. ഇവരിൽ വേണാട്ടടികൾ നമ്മുടെ തിരുവിതാംകൂർ മഹാരാജവംശത്തെ അലങ്കരിച്ച ഒരു മഹാനുഭാവനാണ്. കണ്ടരാദിത്യൻ ഒരു ചോളരാജാവും അദ്ദേഹത്തിന്റെ ജീവിതകാലം ക്രി. പി. ഒൻപതാം ശതവഷ്ത്തിന്റെ അവസാനത്തിലുമായിരുന്നു. വേണാട്ടടികൾ കണ്ടരാദിത്യന്റെ സമകാലികനാണെങ്കിൽ അദ്ദേഹവും ഒൻപതാം ശതവഷ്ത്തിന്റെ അവസാനത്തിൽ ജീവിച്ചിരുന്നതായി വിചാരിക്കണം. ഏതുനിലയ്ക്കു നോക്കിയാലും നമ്പിയാണ്ടാർ നമ്പിയെ അപേക്ഷിച്ചു പ്രാചീനനാകാതെയിരിക്കുവാൻ തരമില്ലാത്തതിനാൽ ഈ മഹാരാജാവു് ക്രി. പി ഒൻപതാം ശതവഷ്ത്തിലോ പത്താം ശതവഷ്ത്തിലോ ജീവിച്ചിരുന്നതായി വിശ്വസിക്കുന്നതിൽ യാതൊരു അസാംഗത്യവുമില്ല. വേണാട്ടിടകളുടെ കൃതിക്കു പേർ തിരുവിചൈപ്പാവു് എന്നാണു്. ചിന്ത മുതലായ പലമാതിരിപ്പാട്ടുകൾക്കും ഇചൈപ്പാവെന്ന മൊത്തത്തിൽ പേരുണ്ടു്. വേണാട്ടടികളുടെ തിരുവിചൈപ്പാവു് "തിരുത്തില്ലൈനടംപയിലും നമ്പാൻ" അതായതു സാക്ഷാൽ ചിദംബരത്തിൽ ആനന്ദനൃത്തം ചെയ്യുന്ന ശ്രീപരമേശ്വരനെ സ്തുതിച്ചുള്ളതും ആകെ പത്തു പാട്ടുകൾ അടങ്ങിയതുമാണു്. അതിൽ രണ്ടു പാട്ടുകൾ മാതൃകയ്ക്കായി താഴെ ചേർത്തുകൊള്ളുന്നു.

"പടിമതമുമിടവയിറുമുടൈയകളിറുടൈയപിരാ-
നടിയറിയവുണർ്ത്തുവതുമകത്തിയനക്കോത്തനേറ-
യിട്ടവതു പുല്ലോരെരുതുക്കൊൻറിനക്കു വൈയിട്ടത-
നട്ടവിതുപോതിരുത്തില്ലൈ നടംപയിലു നമ്പാനേ!

മണ്ണോട്ട വിണ്ണുളവു മനിതരൊട്ടവാനവക്കും
കണ്ണാവായ് കണ്ണാകാതൊഴിതലുനാൻ മികക്കലങ്കി-
യണ്ണാവോവെൻറണ്ണാന്തലമന്തുവിളിത്താലു-
നണ്ണായാറവരുത്തില്ലൈ നടംപയിലു നമ്പാനേ!"

പത്താം തിരുമുറയിൽ തിരുമൂലർ എന്ന ഒരു യോഗീശ്വരന്റേയും പതിനൊന്നാം തിരുമുറയിൽ അതിരാവടികൾ, ഇളംപെരുമാനടികൾ, ഐയടികൾ, കാടവർകോനായനാർ, കപിലതേവർ, കല്ലാടനാർ, തിരുവാലവായുടയാർ, നക്കീരർ, പട്ടണത്തുപിള്ളയാർ, പരണതേവർ, ഈ കവികളുടേയും, കവയിത്രിയും അരുപത്തിമൂവരിൽപ്പെട്ട ഒരു മഹതിയുമായ കാരയ്ക്കാലമ്മയുടേയും ദ്രാവിഡവ്യാസനായ നമ്പിയാണ്ടാർ നമ്പി

Digitized By Kerala Sahitya Akademi

യുടേയും, നമ്മുടെ ഈ ഉപന്യാസത്തിനു വിഷയീഭവിക്കുന്ന ചേരമാൻ പെരുമാൾ നായനാരുടേയും കവിതകൾ അടങ്ങിയിരിക്കുന്നു.

അറുപത്തിമൂവരിൽ ഒട്ടവിലത്തെ നായനാർ സുന്ദരമൂർത്തി ആയിരുന്നു. അദ്ദേഹം ബാക്കി അറുപത്തിരണ്ടു നായനാരന്മാരേയും തന്റെ തിരുത്തൊണ്ടത്തൊകൈ എന്ന വിശിഷ്ടകീർത്തനത്തിൽ സ്തുതിച്ചിട്ടുണ്ടു്. ആ കീർത്തനത്തിന്റെ ആരംഭം താഴെ എഴുതുന്ന വിധത്തിലാണു്.

"തില്ലൈ വാഴന്തണർതമടിയാക്കുമടിയേൻ;
തിരുനീലകണ്ടത്തുക്കുയവനാക്കടിയേൻ;
ഇല്ലൈയെന്നാതവിയാപ്പൈകൈക്കുമടിയേൻ;
വെല്ലുമാമികവല്ലമെയ്പ്പൊരുളുക്കടിയേൻ:
വിരിപൊഴിൽ ചൂഴ്കുന്നൈറയാർവിറൻമിണ്ടുക്കടിയേൻ;
അല്ലിമെൻമുല്ലൈയന്താരമർനീതിക്കടിയേൻ;
ആനാതരനാനാരിലമ്മാനുക്കാളേ"

ഈ പാട്ടിൽ കാണുന്ന തില്ലൈവാഴന്തണൻ, തിരുനീലകണ്ഠൻ, ഇയർപകൈനായനാർ, ഇളൈയാൻകുടിമാറൻ, മെയ്പ്പൊരുനായനാർ, വിറൻമിണ്ടനായനാർ. അമർനീതിനായനാർ. ഇവരെല്ലാം അറുപത്തിമൂവരിൽപ്പെട്ട ഓരോ ശിവഭക്തന്മാരാണു്. ഈ പാട്ടിനേത്തുടർന്നും ഓരോ ഭക്തന്മാരുടേയും പ്രശസ്തിയെ പ്രത്യേകം വർണ്ണിച്ചും നമ്പിയാണ്ടാർ നമ്പി തിരുത്തൊണ്ടർ തിരുവന്താദി എന്നൊരു കവിത നിർമ്മിച്ചിട്ടുണ്ടു്. ഈ തിരുവന്താദിയെ മാതൃകയാക്കി ചേക്കിഴാർ എന്ന ദ്രാവിഡകവി പെരിയപുരാണം എന്ന ശിവഭക്തചരിത്രം ഉണ്ടാക്കി. ചേരമാൻ പെരുമാൾ നായനാരുടെ താഴെ എഴുതുന്ന ജീവചരിത്രം പെരിയപുരാണത്തിൽ നിന്നെടുത്തിട്ടുള്ളതാണു്.

കേരളത്തിൽ മകോത (മഹോദയപുരം ഈ ദ്രാവിഡപദത്തിന്റെ സംസ്കൃതീകരണമാണു്) എന്നുകൂടി പേരുള്ള കൊടുങ്ങല്ലൂർ പട്ടണം മദ്ധ്യകാലങ്ങളിൽ ചേരരാജാവിന്റെ രാജധാനിയായി വളരെ ഐശ്വര്യത്തോടുകൂടി ശോഭിച്ചു. ഈ പട്ടണത്തിൽ ചേരരാജവംശത്തിനു് അലങ്കാരമായി "പെരുമാക്കോതയാർ" * എന്ന പേരിൽ ഒരു പുത്രൻ ജനിച്ചു. പെരുമാക്കോത പൂർവപുണ്യത്താൽ ബാല്യത്തിൽതന്നെ ജന

---

* ഇതു രാജാവിന്റെ നാമധേയമാണെന്നു തോന്നുന്നില്ല. കോത എന്ന പദം ചേരരാജാക്കന്മാർക്കുള്ള ഒരു പൊതുപ്പേരാണു്. പെരുമാക്കോത എന്ന പദത്തിനു് ഏറ്റവും മഹത്വമുള്ള ചേരരാജാവു് എന്നേ അർത്ഥമുള്ളൂ. ഈ കോതയിൽ നിന്നാണു് ഗോദവർമ്മപദത്തിന്റെ ഉത്ഭവം എന്നൂഹിക്കേണ്ടിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

നവൈരാഗ്യം, ദേഹവൈരാഗ്യം, ഐശ്വര്യവൈരാഗ്യം, പ്രപഞ്ച വൈരാഗ്യം, ദ്രവ്യവൈരാഗ്യം, സംഗവൈരാഗ്യം, സ്ത്രീവൈരാഗ്യം, ഭോജനവൈരാഗ്യം, പ്രതിഗ്രഹവൈരാഗ്യം, സർവസ്വവൈരാഗ്യം, ഇങ്ങനെയുള്ള ദശവൈരാഗ്യങ്ങൾക്കും വശംവദനായി രാജധാനി വിട്ട സമീപത്തുള്ള തിരുവഞ്ചൈക്കള (ഇപ്പോൾ തിരുവഞ്ചിക്കളം)ത്തു * ശിവക്ഷേത്രത്തിനടുക്കൽ താമസമുറപ്പിച്ചു ഭഗവൽകൈങ്കര്യത്തിൽ തൽപരനായി കാലയാപനം ചെയ്തു. അങ്ങനെയിരിക്കെ, അന്നു നാടുവാണിരുന്ന ചെങ്കോൽപൊറയൻ എന്ന ചേരരാജാവിനു വാർദ്ധക്യമാകയാൽ അദ്ദേഹം വാനപ്രസ്ഥാശ്രമം സ്വീകരിച്ചു തപസ്സിനായി കാട്ടിലേക്കു പോകുകയും മന്ത്രികളും പൌരന്മാരും തിരുവഞ്ചിക്കളത്തു ചെന്നു പെരുമാക്കോതയെക്കണ്ടു തങ്ങളോടുകൂടി കൊടുങ്ങല്ലൂരിലേക്കു പോന്നു രാജ്യപരിപാലനം ചെയ്യണമെന്നു് ആ ഭക്തശിഖാമണിയോടു് അപേക്ഷിക്കുകയും ചെയ്തു. ഭഗവൽസന്നിധി ലഭിക്കുകയാൽ അവരുടെ അപേക്ഷയെ ഒരുവിധത്തിൽ അംഗീകരിച്ചു് ആ മഹാൻ രാജധാനിയിൽ എത്തി സിംഹാസനാരൂഢനായി കിരീടധാരണം ചെയ്തു. അന്നത്തെ പട്ടണപ്രവേശനത്തിൽ ഒരു മണ്ണാൻ (വെളുത്തേടൻ) അലക്കിനു് ആവശ്യമുള്ള ഓരുമണ്ണു ചുമന്നുകൊണ്ടു് എതിരേവരുന്നതു രാജാവു കണ്ടു. മണ്ണാന്റെ ദേഹം മുഴുവൻ ഓരുമണ്ണിൽനിന്നുള്ള വെള്ളം ഇറ്റിറ്റുവീണു വെളുത്തിരുന്നു. ഒരു നോക്കിനു "ഭസ്മോദ്ധൂളിതസർവാംഗൻ" ആയ പരമശിവഭക്തനെന്നു് ആക്ഷം തോന്നിപ്പോകാവുന്ന ആ രജകനെക്കണ്ടമാത്രയിൽ രാജാവു താൻ ആരോഹണം ചെയ്തിരുന്ന ആനയിൽനിന്നു ചാടിത്താഴത്തിറങ്ങി ഓടിച്ചെന്നു് അവന്റെ കാൽപിടിച്ചു ദണ്ഡനമസ്കാരം ചെയ്തു. ആ നിമിഷത്തിൽ തന്നെ ആശ്ചര്യപരതന്ത്രനായ മണ്ണാനും രാജാവിനെ നമസ്കരിച്ചു "ഭഗവാനെ! തിരുമേനി ആരെന്നു കരുതിയാണു് അടിയനെ വന്ദിച്ചതു്? അടിയൻ അടിമണ്ണാനല്ലയോ" എന്നു ചോദിച്ചതിനു "സ്വാമിൻ! അവിടുന്നു് അടിയണ്ണാനാണെങ്കിൽ ഞാൻ അടിയ്യേരൻ. അവിടുന്നു ഭസ്മലിപ്തമായ പരമശിവശരീരത്തെ അനുസ്മരിപ്പിക്കുകയാൽ വന്ദ്യൻ തന്നെയാണു്. ഒട്ടും സങ്കോചപ്പെടേണ്ട." എന്നു് അരുളിച്ചെയ്തു് വീണ്ടും നമസ്കാരം ചെയ്തു. വളരെ വിസ്മരിക്കുന്നില്ല. ശിവഭക്തി നാട്ടിലെങ്ങും വളർത്തി ശിവപരമായ പല യാഗങ്ങളും യഥാവിധി നടത്തി ചേരരാജ്യത്തെ അദ്വിതീയമായ വിധത്തിൽ പരിപാലിച്ചുകൊണ്ടു് ആ പരമഭാഗവതൻ കൊടുങ്ങല്ലൂരിൽ താമസിച്ചു.

അക്കാലത്തു ബാണഭട്ടൻ എന്ന ഒരു ശിവഭക്തൻ മധുരയിൽ

---

* തിരുവഞ്ചൈക്കളം–ശ്രീമതിയായ അഞ്ച (അഞ്ഞ–അമ്മ, ദേവി, ശ്രീപാർവതി)യുടെ നടനസ്ഥലം, വാസസ്ഥാനം.

Digitized By Kerala Sahitya Akademi

ചൊക്കനാഥസ്വാമിക്ഷേത്രത്തിൽ ഐശ്വര്യലബ്ധിക്കായി തപസ്സുചെയ്തി രുന്നു. ഒരു ദിവസം ഭഗവാൻ സ്വപ്നത്തിൽ പ്രത്യക്ഷമായി ഒരോലയെ ഴുതി അതു ചേരമാൻപെരുമാളുടെ കൈയിൽ കൊണ്ടുചെന്നു കൊട്ടക്ക ണമെന്നുള്ള കല്പനയോടുകൂടി ബാണഭട്ടനെ ഏല്പിച്ചു. ഓലയിൽ

" കുരുമാമതി പുരൈകുടൈക്കീഴ്
ച്ചെരുമാവുകണ്ണും ചേരലൻകാൺക. "

എന്ന നീട്ടുവാചകവും " പൺപാലിയാഴ്പയിൽ പാണപത്തിരൻ " പെരുമാളെപ്പോലെ തന്നെ തന്റെ ഭക്തനാകയാൽ അയാൾക്കു " മാൺ പൊരുൾ" അതായതു് ധാരാളം ദ്രവ്യംകൊടുക്കണമെന്നുള്ള അരുളപ്പാടും അടങ്ങിയിരുന്നു. ബാണഭട്ടൻ പിറ്റേദിവസം കാലത്തു മധുരയിൽനിന്നു പുറപ്പെട്ട കൊട്ടങ്ങല്ലൂരിൽ എത്തി പെരുമാളെക്കണ്ടു തിരുമുഖം കയ്യിൽ കൊടുത്തപ്പോൾ അവിടത്തേക്കുണ്ടായ അത്ഭുതാനന്ദങ്ങൾ ഞാൻ വർണ്ണി ക്കുന്നതിനേക്കാൾ നല്ലതു വായനക്കാർ ഊഹിച്ചുകൊള്ളുന്നതാണു്. അ ന്നു കൊട്ടങ്ങല്ലൂരിലെ പൌരന്മാക്കു സാകേതവാസികൾക്കെന്നപോലെ വിസ്മയാവഹമായ ഒരു കാഴ്ച കാണുന്നതിനിടവന്നു കാളിദാസമഹാ കവി വരരുചിശിഷ്യനായ കൌത്സ്യനേയും അർത്ഥിജനകല്പതരുവായ രഘുമഹാരാജാവിനേയും

" ദ്വാവപ്യുദ്ഭൂതാമഭിനന്ദ്യസത്വൌ,
ഗുരുപ്രദേയാധികനിസ്പൃഹോർത്ഥീ
നൃപോർത്ഥികാമാദധികപ്രദശ്ച "

എന്നു വർണ്ണിച്ച മാതിരിയിലാണു് ബാണഭട്ടനേയും പെരുമാളെയും പറ്റി പറയേണ്ടിയിരിക്കുന്നതു്. തനിക്കു കാലക്ഷേപത്തിനു വേണ്ട സ്വത്തു മതിയെന്നു ഭക്തനും, പോരാ തന്റെ ഭണ്ഡാരവും, സിംഹാസ നവും, കിരീടവുംകൂടി സ്വീകരിച്ചേ കഴിയൂ എന്നു രാജാവും തമ്മിൽ തർക്കമായി. ഒടുവിൽ മദ്ധ്യസ്ഥപക്ഷമായി സംഗതി തീരുമാനിച്ചു. ഭണ്ഡാരം ബാണഭട്ടൻ കൊണ്ടുപോയി: സിംഹാസനവും കിരീടവും മാ ത്രം പെരുമാക്കൾക്കു ശേഷിച്ചു.

അന്നു ജീവിച്ചിരുന്ന ശിവഭക്തന്മാരിൽ അഗ്രപൂജയ്ക്കു് അർഹൻ സു ന്ദരമൂർത്തിസ്വാമികളായിരുന്നു. സുന്ദരമൂർത്തി തഞ്ചാവൂരിനു സമീപമുള്ള തിരുവാരൂരെന്ന പ്രസിദ്ധ ശിവക്ഷേത്രത്തിൽ ഭഗവൽഭജനം ചെയ്തു താമസിച്ചുവന്നു. ആ പുണ്യപുരുഷനെ കാണുന്നതിലേക്കായി പെരു മാൾ ചോളരാജ്യത്തേക്കു പുറപ്പെട്ടകയും തിരുവാരൂരിൽചെന്നു് അദ്ദേ

Digitized By Kerala Sahitya Akademi

ഹത്തെ സന്ദർശനംചെയ്ത് അവിടത്തെ മുത്തിയായ വല്ലീകനാഥസ്വാമിയെ മുമ്മണിക്കോവൈ എന്ന ദിവ്യദ്രാവിഡഗാനം നിർമ്മിച്ചു സ്തോത്രം ചെയ്തുയും ചെയ്തു. അവിടെനിന്നു വേദാരണ്യം എന്ന പുണ്യസ്ഥലം സന്ദർശിക്കുകയും അവിടത്തെ പരമശിവമൂത്തിയെ സ്തുതിച്ചു പൊൻവണ്ണത്തന്താദി എന്ന മറ്റൊരു ദ്രാവിഡഗാനം നിർമ്മിക്കുകയും ചെയ്തു. വേദാരണ്യത്തേക്കു സുന്ദരമൂത്തിയോട്ട കൂടിയാണു് പോയതു്. അതിൽ പിന്നീട്ടു രണ്ടു ഭക്തന്മാരും പാണ്ഡ്യരാജ്യത്തേക്കു കടന്നു് അവിടെയുള്ള അനേകം ദിവ്യശിവാലയങ്ങളെ സന്ദർശിച്ചു് ഒടുവിൽ കൊട്ടങ്ങല്ലൂരിലേക്കുതന്നെ തിരിയെപ്പോന്നു. അവിടെ സുന്ദരമൂത്തി കുറേക്കാലം താമസിച്ചു.

അക്കാലത്താണു് അദ്ദേഹം തിരുവഞ്ചിക്കുളത്തു തേവരെ സ്തുതിച്ചു സുപ്രസിദ്ധമായ "തലൈക്കുതലൈമാലൈ" ഇത്യാദി കീർത്തനം പാടീട്ടുള്ളതു്. നമുദ്രതീരത്തുള്ള ആ ദിവ്യസ്ഥലത്തെ സുന്ദരമൂത്തി പ്രസ്തുത കീർത്തനത്തിൽ ഏറ്റവും ഹൃദയംഗമമായി വർണ്ണിച്ചിട്ടുണ്ടു്.

"മലൈക്കും നികരൊപ്പനവൻറിരൈകൾ
വലിത്തേറ്റി മുഴങ്കി വലമ്പുരികൊ–
ണ്ടലൈക്കും കടലങ്കരൈമേൻമകോതൈ–
യണിയാർപൊഴിലഞ്ചിക്കുളത്തപ്പനേ!"
"മടിത്തോട്ടത്തുവൻറിരൈയേറ്റിട
വളർചങ്കമങ്കാത്തു മുത്തം ചൊരിയ
വടിത്താർകടലങ്കരൈമേൻ മകോതൈ."
"ചന്തിത്തടമാൽവരൈപോൽതിരൈക–
ടണിയാതിടറും കടലങ്കരൈമേ–
ലന്തിത്തലൈച്ചക്കർവാനയോത്തിയാ–
രണിയാർപൊഴിലഞ്ചിക്കുളത്തപ്പനേ."
"പാട്ടം പുലവക്കരുളും പൊരുളെ–
ന്നിതിയം പല ചെയ്കലച്ചെലവി–
ലാട്ടം കടലങ്കരൈമേന്മകോതൈ."
"നോക്കും നിതിയം പലവെത്തനെയും
കലത്തിർപ്പുകപ്പെയ്കൊണ്ടേറനന്തി–
യാക്കും കടലങ്കരൈ മേന്മകോതൈ."

Digitized By Kerala Sahitya Akademi

ഇത്യാദി ഭാഗങ്ങളിൽ നിന്നു സുന്ദരമൂത്തി കൊട്ടങ്ങല്ലൂർ സന്ദർശിച്ച കാലത്തു് അതു ദക്ഷിണാപഥത്തിലെ ഒരു പേർകേട്ട തുറമുഖമായിരുന്നു എന്നും അവിടെ വ്യാപാരത്തിനായി വിദേശങ്ങളിൽനിന്നു് അനവധി കപ്പലുകൾ വന്നുകൊണ്ടിരുന്നു എന്നും അവിടത്തെ ചേരരാജാക്കന്മാർ കവികളെ വേണ്ടവിധത്തിൽ ആദരിച്ചുവന്നിരുന്നു എന്നും വ്യക്തമാകുന്നുണ്ടു്. ഈ വിവരണം, പെരിപ്ലസ്, പ്ലൈനി, ടോളെമി മുതലായ വിദേശീയ ഗ്രന്ഥകാരന്മാരുടെ കൃതികളിലും അകനാനൂറു്, പുറനാനൂറു്, പതിറ്റുപ്പത്തു മുതലായ പ്രാചീന ദ്രാവിഡഗ്രന്ഥങ്ങളിലും ഉള്ള വർണ്ണനകളോടു് അത്ഭുതകരമാകുംവണ്ണം യോജിക്കുന്നു. വാല്മീകി മഹർഷി രാമായണം കിഷ്കിന്ധാകാണ്ഡത്തിൽ

"മുരചീപത്തനം ചൈവ രമ്യം ചൈവ ജടീപുരം
അവന്തീമംഗലേപാം ച തഥാ ചാലക്ഷിതം വനം"

എന്ന ശ്ലോകത്തിൽ പ്രസ്താവിക്കുന്ന മുരചീപത്തനവും വരാഹമിഹിരൻ ബൃഹൽസംഹിതയിൽ സ്മരിക്കുന്ന മരീചിപത്തനവും അകനാനൂറിൽ

"ചേരലർ

ചുള്ളിയംപേർയാറു വെണ്ണരൈ കലങ്ക
യവനർ തന്ത വിനൈമാണൻകലം
പൊന്നോട വന്തു കറിയൊട്ടുപെയതും
വളങ്കെഴുചിരി."

എന്ന പാട്ടിൽ വർണ്ണിക്കുന്ന മുചിരിയും എല്ലാം കൊട്ടങ്ങല്ലൂർതന്നെയാണു്. ഈ പ്രാചീന തുറമുഖത്തിന്റെ മാഹാത്മ്യത്തെപ്പറ്റി അപ്രകൃതമാകയാൽ ഇതിലധികം ഈ സന്ദർഭത്തിൽ പ്രസ്താവിക്കുന്നില്ല.

കുറേക്കാലം കഴിഞ്ഞപ്പോൾ സുന്ദരമൂത്തിക്കു വീണ്ടും വല്ലീകനാഥസ്വാമിയെ ഭജിക്കണമെന്നുള്ള ആഗ്രഹം വർദ്ധിക്കുകയും അതിലേയ്ക്കായി അദ്ദേഹം സ്വദേശത്തേയ്ക്കു മടങ്ങുകയും ചെയ്തു. പെരുമാൾ അദ്ദേഹത്തെ കനകാഭിഷേകം ചെയ്യിച്ചാണു് യാത്രയയച്ചതു്. ശ്രീപരമേശ്വരൻ തന്റെ ഭക്തശിരോമണിയെ പരീക്ഷിക്കുന്നതിനായി മാർഗ്ഗമദ്ധ്യത്തിൽവെച്ചു് ആ പാരിതോഷികം മുഴുവൻ ഭൃതഗണങ്ങളെക്കൊണ്ടു് കവർച്ചചെയ്യിച്ചതായും ഒടുവിൽ ആ സാധുവിന്റെ പ്രലാപഗീതങ്ങൾ കേട്ട സന്തുഷ്ടനായി അവ മുഴുവൻ തിരിയെ കൊടുത്തതായും ഐതി

Digitized By Kerala Sahitya Akademi

ഹ്യം ഘോഷിക്കുന്നു. ഏറെത്താമസിയാതെ വീണ്ടും സ്വാമികൾ കൊട്ടങ്ങല്ലൂരേയ്ക്കു വരികയും പെരുമാളൊന്നിച്ചു കുറേക്കാലം രാജധാനിയിൽ താമസിക്കുകയും ചെയ്തു. അങ്ങനെയിരിക്കെ, ഒരുദിവസം പെരുമാൾ സ്നാനംചെയ്യുകൊണ്ടിരുന്നപ്പോൾ സുന്ദരമൂർത്തി തിരുവഞ്ചിക്കുളത്തിൽ സ്വാമിദർശനത്തിനു പോകുകയും അവിടെ കൈലാസപർവ്വതത്തിൽനിന്നു പരമശിവനാൽ നിയുക്തമായ ഒരു വെള്ളയാന അദ്ദേഹത്തെ ഭഗവൽസന്നിധിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോകുന്നതിനു സന്നദ്ധമായി നില്ക്കുന്നതു കാണുകയും ചെയ്തു. തന്റെ വയസ്യനായ പെരുമാളെക്കൂടി കൊണ്ടുപോകുവാൻ സാധിച്ചില്ലല്ലോ എന്നുള്ള മനസ്താപത്തോടുകൂടി സുന്ദരമൂർത്തി ആനപ്പുറത്തുകയറി കൈലാസത്തിലേയ്ക്കു യാത്രയായി. സ്നാനംകഴിഞ്ഞു കോയിക്കലിൽ എത്തിയപ്പോൾ പെരുമാൾക്കു വസ്തുത മുഴുവൻ മനസ്സിലാകയും ക്ഷണനേരംപോലും താമസിക്കാതെ അദ്ദേഹവും അടുത്തുനിന്നിരുന്ന ഒരു കുതിരയിൽകയറി തിരുവഞ്ചിക്കുളത്തേയ്ക്കു പാഞ്ഞുചെല്ലുകയും ചെയ്തു; അപ്പോഴേയ്ക്കും സുന്ദരമൂർത്തിയുടെ വെള്ളയാന ആകാശമാർഗ്ഗത്തെ അവലംബിച്ചുകഴിഞ്ഞിരുന്നു. പെരുമാൾക്കു് അശ്വഹൃദയമന്ത്രം വശമായിരുന്നതിനാൽ അദ്ദേഹം കുതിരയുടെ ചെവിയിൽ ഉപദേശിക്കുകയും ഉടൻതന്നെ കുതിര പെരുമാളേയുംകൊണ്ടു മുകളിലേയ്ക്കു കുതിച്ചു സുന്ദരമൂർത്തി കയറിയിരുന്ന വെള്ളയാനയെ വലംവെച്ചു് അതിനുമുമ്പാകെ പാഞ്ഞുപോകുകയും ചെയ്തു. ഈ അത്ഭുത സംഭവങ്ങൾ ഭൂമിയിൽനിന്നു കണ്ടുകൊണ്ടിരുന്ന പെരുമാളുടെ പടയാളികൾ തങ്ങളുടെ ശിരസ്സുകൾ കൈവാളുകളാൽ ഛേദിച്ചു വീരസ്വർഗ്ഗം പ്രാപിച്ചു പെരുമാളെ കൈലാസത്തിലേയ്ക്കു അനുഗമിച്ചു, സുന്ദരമൂർത്തിയും പെരുമാളുംകൂടി രജതഗിരിയുടെ തെക്കേ ഗോപുരദ്വാരത്തിൽ അവരുടെ വാഹനങ്ങളിൽനിന്നിറങ്ങി അകത്തുകയറി തിരുവണക്കൻതിരുവാതിലിൽ * ചെന്നുചേർന്നു. പെരുമാൾക്കു് അകത്തുകടക്കുവാൻ തരമുണ്ടായിരുന്നില്ല. സുന്ദരമൂർത്തി അകത്തുപോയി ഭഗവൽപാദങ്ങളെ നമസ്കരിച്ചു തന്റെ വയസ്യനായ ചേരമാൻ പെരുമാൾക്കൂടി വന്നിട്ടുണ്ടെന്നറിയിക്കയും ഭഗവാൻ ഉടൻതന്നെ അദ്ദേഹത്തെയും തിരുമുൻപാകെ വരുത്തി താൻ ആഹ്വാനംചെയ്യാതിരിക്കുമ്പോൾ വന്നതെന്തെന്നു ചോദിക്കുകയും അതിനു പെരുമാൾ താൻ തന്റെ വയസ്യനു് അകമ്പടിയായി വന്നതാണെന്നു് അറിയിക്കുകയും ഭഗവാനെ കണ്ടപ്പോൾ തനിക്കു് ഒരു ഗാനം മനസ്സിൽ തോന്നിയതു പാടുന്നതിനു് അനുവാദം കിട്ടണമെന്നപേക്ഷിക്കുകയും ചെയ്തു. ആ ഗാനംകേട്ട ഭഗവാനു് അനല്പമായ സന്തോ

---

* ഭഗവാൻ തന്റെ ഭക്തന്മാരെ ദിവ്യസന്നിധിയിലേയ്ക്കു നയിക്കുന്ന കൈലാസനഗരിയിലെ ഒരു വാതിലിനു ദ്രാവിഡസാഹിത്യത്തിൽ പ്രസിദ്ധമായ പേർ.

Digitized By Kerala Sahitya Akademi

ഷമുണ്ടാകുകയും ഒട്ടുവിൽ തന്റെ ഗണനാഥനായി കൈലാസത്തിൽതന്നെ താമസിച്ചുകൊള്ളുമാറു കല്പിക്കുകയും ചെയ്തു. ഈ ഗാനമാണു് തിരുക്കൈലാസജ്ഞാനവുലാവെന്നും ആദിയുലാവെന്നും ഉള്ള പേരുകളിൽ പ്രസിദ്ധമായ പെരുമാളുടെ മുഖ്യകവനം. ഇതു കൈലാസത്തിൽ പാട്ടന്നതു കേട്ടകൊണ്ടിരുന്ന മാചാത്തർ എന്ന ശിവഭക്തൻ തിരുപ്പിടവൂരിൽ പ്രസിദ്ധമാക്കി അതുവഴി ദക്ഷിണാപഥത്തിൽ പ്രചുര പ്രചാരമായിത്തീന്നു.

മേലെഴുതിയ ഐതിഹ്യത്തിൽ വാസ്തവാംശം എത്രമാത്രമുണ്ടെന്നു് ആധുനികന്മാക്കു കണ്ടുപിടിക്കുവാൻ സാധിക്കുന്നതല്ല. എന്നാൽ അതിശയോക്തിയാൽ ആവൃതങ്ങളായ ഭാഗങ്ങളെ നീക്കി നോക്കിയാലും അതിൽ വിശ്വസിക്കത്തക്ക സംഗതികൾ പലതുമുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. ചേരമാൻപെരുമാൾനായനാർ ഉത്തമനായ ഒരു ശിവഭക്തനായിരുന്നു എന്നും അദ്ദേഹവും അവതാരമൂർത്തിയായ സുന്ദരസ്വാമികളും സമകാലികന്മാരും സ്നിഗ്ധന്മാരുമായിരുന്നു എന്നും അവർ ഒരുമിച്ചാണു് കാലധർമ്മത്തെ പ്രാപിച്ചതു് എന്നുമുള്ള വസ്തുതകൾ സന്ദേഹസീമയെ ലവലേശം സ്പർശിക്കുന്നില്ല. ഇവരുടെ സ്വർഗ്ഗാരോഹണം മേടമാസത്തിൽ സ്വാതിനക്ഷത്രത്തിലായിരുന്നു എന്നാണു് ഐതിഹ്യം. ചേരമാൻപെരുമാൾക്കു കഴറിറ്ററിവാർനായനാർ എന്നൊരു ബിരുദമുണ്ടു്. (പിറർ) അന്യന്മാർ (കഴറിയതു) പറഞ്ഞതു എല്ലാം അറിയുന്നതിനുള്ള വരം തിരുവഞ്ചക്കളത്തപ്പനിൽനിന്നു കിരീടധാരണത്തിനു മുൻപു ലഭിക്കുകയാലാണു് ഇദ്ദേഹത്തിനു് ഈ ബിരുദം സിദ്ധിച്ചതു്. തന്റെ സ്വാമിയെ അനുഗമിക്കുന്നതിനുള്ള ത്വരയാൽ ആത്മഹത്യചെയ്ത അവിടുത്തെ പടയാളികൾ രണശൂരന്മാരും രാജഭക്തന്മാരുമായ അന്നത്തെ നായർയോദ്ധാക്കളായിരുന്നിരിക്കണം. നമ്പിയാണ്ടാർനമ്പിയുടെ തിരുത്തൊണ്ടർതിരുവന്താദിയിലുള്ള താഴെക്കാണുന്ന പാട്ടുകളിൽനിന്നു് അദ്ദേഹത്തിന്റെ കാലത്തുതന്നെ വെളുത്തേടനേപ്പറ്റിയും വെള്ളയാനയെ കുതിര വലംവച്ചതിനേപ്പറ്റിയുമുള്ള ഐതിഹ്യങ്ങൾ സുപ്രസിദ്ധങ്ങളായിരുന്നു എന്നു കാണാവുന്നതാണു്.

"മന്നർപിരാനെതിർവണ്ണാനുടലുവരുറിയ നീർ
തന്നപിരാന്റമർപോലവരുതലും താൻ വണങ്ക—
വെന്നപിരാനടിവണ്ണാനെനവടിച്ചേരനെന്നും
തെന്നർപിരാൻ കഴറിറ്ററിവാനെന്നുംചേരലനേ.
ചേരക്കു,ത്തെന്നാവലർപെരുമാക്കു,ച്ചീവനളിത്ത
വീരക്കടകരിമുൻപുതൻപന്തിയിറുളിവൈത്ത
വീരക്കു,വെന്റിക്കരുപ്പുവിൽവീരനെ വെറ്റികൊണ്ട
ചൂരക്കെ,നരുള്ള നന്റുചെയ്തായിന്റുതൊന്റുതൊട്ടേ."

Digitized By Kerala Sahitya Akademi

ചേക്കിഴാർതന്നെ പെരിയപുരാണം ഉണ്ടാക്കിയതു ക്രി. പി. 1135 ഇടയ്ക്കാണു്. ആ സ്ഥിതിക്കു് ഉപസംഗ്രഹിച്ച ഐതിഹ്യങ്ങൾക്കെല്ലാം ധാരാളം പഴക്കമുണ്ടെന്നുള്ള സംഗതി അവിതർക്കമാണല്ലോ.

ഇനി ഈ ചേരമാൻപെരുമാളാരെന്നും അദ്ദേഹം ഏതു കാലത്തു ജീവിച്ചിരുന്നു എന്നും ഉള്ളതിനെപ്പറ്റി വല്ല അറിവും നമുക്കു വേറെ മാർഗ്ഗമായി സിദ്ധിക്കുമോ എന്നു പരിശോധിക്കാം.

സുന്ദരമൂർത്തിനായനാർ തിരുവഞ്ചൈക്കളത്തപ്പനെപ്പറ്റി മറ്റൊരു കീർത്തനം പാടീട്ടുണ്ടു്. അതു ഭഗവാൻ തനിക്കു് അയച്ച വെള്ളയാനപ്പുറത്തു കയറി ഉണ്ടാക്കിയതാണു്.

" താനെനെമുൻപടൈത്താനതറിന്തു തൻപൊന്നടിക്കേ
നാനെനപാടലന്തോനായിനേനെനെപ്പൊരുൾപട്ടത്തു
വാനനെ വന്തെതിർകൊൺമത്തയാനൈയരുൾപുരിന്തു
വൂനയിർവേറുചെയ്താനൊടിത്താൻമലൈയുത്തമനേ! "

എന്ന പാട്ടുകൊണ്ടു് ആരംഭിക്കുന്ന ഈ കീർത്തനം "ആഴി കടലരൈയാ വഞ്ചൈയപ്പക്കറിവിപ്പതേ" എന്നു കവി അവസാനത്തിൽ തിരുവഞ്ചൈക്കളത്തപ്പനു സമർപ്പിക്കുന്നു. ഈ കീർത്തനത്തിൽ എട്ടാമത്തെ പാട്ടു് താഴെ ചേർക്കുന്നതാകുന്നു.

" അരവൊലിയാകമങ്കളറിവാരറിതോത്തിരങ്കൾ
വിരവിയ വേതവൊലിവിണ്ണെലാംവന്തെതിർന്തിചൈപ്പ
വരമലിവാണൻ വന്തു വഴി തന്തെനക്കേറുവതോർ *
ചിരമലിയാനൈതന്താനൊടിത്താൻ മലൈയുത്തമനേ! "

ഏഴാമത്തെപ്പാട്ടിൽ " അലൈകടലാലരൈയനലർകൊണ്ടു മുൻവന്തിറൈഞ്ച " എന്ന ഭാഗത്തിലും മേൽ ഉദ്ധരിച്ച പാട്ടിൽ അടിയിൽ വരയിട്ട ഭാഗത്തിലും തന്റെ സ്നിഗ്ധനായ ചേരമാൻപെരുമാളെയാണു് കവി വർണ്ണിക്കുന്നതു്. വരമലിവാണൻ എന്നാൽ ധാരാളം വരത്തോടുകൂടിയ വാണൻ (ബാണൻ) എന്നർത്ഥം. ഈ ഭാഗത്തിൽനിന്നു് ഈ പെരുമാൾതന്നെയാണു് നമുക്കു കേരളോൽപത്തിമൂലവും മറ്റും പരിചിതനായുള്ള ബാണപ്പെരുമാൾ എന്നു കാണാവുന്നതാണു്. പെരുമാക്കോ

* ഈ പാട്ടിലേക്കു് ആദ്യമായി എന്റെ ശ്രദ്ധയെ ആകർഷിച്ചതു പ്രസിദ്ധദ്രാവിഡകവി ലക്ഷ്മണൻപിള്ള ബി. എ. അവർകളാകുന്നു.

Digitized By Kerala Sahitya Akademi

തയർ എന്ന പദം വ്യക്തിവാചിയാക്കുവാൻ തരമില്ലെന്ന മുൻപ് ഉപ പാദിച്ചിട്ടുണ്ടല്ലോ. കേരളോൽപത്തിയിൽ മല്ലൻപെരുമാളുടെ പിൻ വാഴ്ച്ചക്കാരനായി ഒരു വാണ (ബാണ) പ്പെരുമാൾ ഉണ്ടായിരുന്നതായും അദ്ദേഹം പല ദിക്കുകളിൽനിന്ന സൽക്ഷത്രിയരെ വരുത്തി കേരള ത്തിൽ പാർപ്പിച്ചതായും ശാസ്ത്രാദ്ധ്യാപനത്തിനായി പരദേശത്തുനിന്ന ഭട്ടാചാര്യരേയും ഭട്ടബാണനേയും വരുത്തിയതായും പ്രസ്താവിച്ചിരി ക്കുന്ന. കേരളോൽപത്തിയിലെ ഭട്ടബാണനും പെരിയപുരാണത്തിലെ ബാണഭട്ടനും ഒരാളാണെന്നവരാൻ പാടില്ലായ്കയില്ല. ഈ കുലശേഖര പ്പെരുമാൾ 18 സംവത്സരം വാണതിന്റെ ശേഷം ഉടലോടെ സ്വർഗ്ഗം പുക്ക'' എന്ന കേരളോല്പത്തിയിൽ പറഞ്ഞിരിക്കുന്നത് പെരിയപുരാണ ത്തിലെ കൈലാസയാത്രയുമായി ഏറ്റവും യോജിക്കുന്ന. പക്ഷെ, അന്ന ത്തെ കലിയായി പറയുന്ന പുരുധീസമാശ്രയഃ (ക്രി. പി. 333) ശരി യായ കാലത്തെ കുറിക്കുന്നതായി തോന്നുന്നില്ല. അതുപോലെ പഴയ കേരളത്തെ സംബന്ധിച്ചുള്ള കലിവാക്യങ്ങളിൽ ചിലതെല്ലാം ശരിയ ല്ലാതെ കാണുന്നുണ്ട്. അതിരിക്കട്ടെ. ഏതായാലും ചേക്കിഴാർ ഉടലോ ടെ സ്വർഗ്ഗാരോഹണം ചെയ്ത എന്ന പറയുന്ന ചേരമാൻപെരുമാൾ ബാ ണപ്പെരുമാളാണെന്ന സുന്ദരമൂർത്തിനായനാരുടെ കൃതികളിൽനിന്നും, ഉട ലോടെ "സ്വർഗ്ഗം പുക്ക" പെരുമാൾ അദ്ദേഹം തന്നെയാണ് എന്ന കേരളോല്പത്തിയിൽനിന്നും ഒന്നുപോലെ വെളിവാകുന്നത് അന്ധകാര ത്തിൽ പൂർണ്ണചന്ദ്രപ്രകാശംപോലെ ആശ്വാസപ്രദമായിരിക്കുന്ന.

കുലശേഖരആൾവാരേപ്പറ്റിയുള്ള ഉപന്യാസത്തിൽ ചേരരാജാക്ക ന്മാർ ആദ്യം ശൈവന്മാരായിരുന്ന എന്നും ആൾവാരുടെ കാലത്താണ് വൈഷ്ണവമതത്തിന പ്രാബല്യം വന്നതെന്നും ഞാൻ പ്രസ്താവിച്ചിട്ട ണ്ട്. സുന്ദരമൂർത്തിനായനാർ ക്രി. പി. ഒൻപതാം ശതവർഷത്തിന്റെ ആ ദ്യത്തിൽ ജീവിച്ചിരുന്നതായി ചിലർ ഊഹിക്കുന്നുണ്ട്. അന്ന ചേരരാ ജ്യം പരിപാലിച്ചത കുലശേഖര ആൾവാരായിരുന്ന എന്നുള്ളത് നി സ്സംശയമാകയാൽ ചേരമാൻപെരുമാൾനായനാർ ബാണാപ്പെരുമാൾ ജീവിച്ചിരുന്നത് അതിന കുറേ മുൻപായിരുന്ന എന്ന വിചാരിക്കേണ്ടി യിരിക്കുന്ന. അങ്ങനെയാണെങ്കിൽ സുന്ദരമൂർത്തിനായനാരും ബാണപ്പെ രുമാളും ക്രി. പി. എട്ടാം ശതവർഷത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരു ന്നതായി ഊഹിക്കുന്നതിനാണ് അധികം ന്യായമുള്ളത്. മക്കത്തുപോ യതായി അനന്തരകാലങ്ങളിൽ അബദ്ധമായി ജനങ്ങൾ വിശ്വസി ക്കുന്ന ചേരമാൻപെരുമാളും കുലശേഖര ആൾവാരും തമ്മിൽ ഭിന്നന്മാ രല്ലെന്ന സ്ഥാപിക്കുന്നതിന പല യുക്തികളുമുണ്ട്. "കടപ്പാമ്പിൽ" കൈയിട്ട കഥയും മറ്റും രണ്ടുപേരെ സംബന്ധിച്ചും പൊതുവാണ്.

Digitized By Kerala Sahitya Akademi

ആൾവ്വാർ പോയതു പാണ്ടിയിലേയ്ക്കാണു്, മക്കത്തേയ്ക്കല്ല എന്നുള്ളതു തന്നെ മുഖ്യ വ്യത്യാസം. ഈ ചേരമാൻ പെരുമാൾക്കും ബാണപ്പെരുമാൾക്കും ഇടയ്ക്കു് ആദിരാജപ്പെരുമാളെന്നും പാണ്ടിപ്പെരുമാളെന്നും രണ്ടു പെരുമാക്കന്മാർ കേരളം രക്ഷിച്ചതായി കേരളോല്പത്തിയിൽ പ്രസ്താവിച്ചിയിക്കുന്നു. ഈ കണക്കുവച്ചു നോക്കിയാലും ചേരമാൻപെരുമാൾനായനാരെ ക്രി. പി. എട്ടാം ശതവഷ്ത്തിന്റെ ഉത്തരാർദ്ധത്തിൽ പ്രതിഷ്ഠിക്കുന്നതു് * അസംഗതമായിരിക്കുകയില്ല.

ചേരമാൻപെരുമാൾനായനാരുടെ ദ്രാവിഡഭാഷാശൈലി മനസ്സിലാക്കുന്നതിനായി അദ്ദേഹത്തിന്റെ ആദിയുലാ, പൊൻവണ്ണത്തന്താദി, മുമ്മണിക്കോവൈ ഈ മൂന്നു കൃതികളിൽനിന്നും ഓരോഭാഗം ഉദ്ധരിച്ചുകൊള്ളുന്നു.

തിരുമാലുനാൻമുകനും തേർന്തുണരാതവർ—
ങ്കരുമാലുറവഴലായ് നിൻറ—പെരുമാൻ
പിറവാതെതോൻറിനാൻ, കാണാതെ കാൺപാൻ,
തുറവാതെയാക്കൈതുറന്താൻ—മുറൈകെമെയാൽ
ആഴാതെയാഴ്ന്താ, നകലാതകലിയാൻ,
ഊഴാലുയരാതെയോങ്കിനാൻ— ചുഴൊളിനാൽ
ഓരാതുണർന്താ, നണകാതുനണ്ണിയാൻ,
യാതുമണകാതണകിയാൻ—ആതി-
യരിയകിക്കാപ്പാ നയനായ്പ്പടൈപ്പാൻ,
അരനായഴിപ്പവനും താനേ. (ആദിയുലാ)

മങ്കൈ കൊങ്കൈത്തടത്തിങ്കുമക്കുങ്കുമപങ്കനുങ്കി
യങ്കമെങ്കും നെകച്ചുകമങ്കൈത്തലത്തും കവർവാൻ
കങ്കൈനങ്കൈത്തിരൈപ്പൊങ്കു ചെങ്കണ്ണരവങ്കൾ പൊങ്കി-
പങ്കിതങ്കും മലത്തിങ്കടങ്കും മുടിപ്പണ്ടങ്കനേ

(പൊൻവണ്ണണന്താദി)

---

* ഈ ഉപന്യാസം എഴുതിയതിനുമേലാണു് ഒരു പ്രസിദ്ധ ദക്ഷിണാപഥചരിത്രപണ്ഡിതനായ ശ്രീമാൻ കെ. വി. സുബ്രഹ്മണ്യയ്യർ ബി. എയുടെ "South-Indian Sketches" എന്ന പേരിൽ ഈയിടയ്ക്കു പ്രസിദ്ധപ്പെടുത്തിയ വിശിഷ്ടപുസ്തകം വായിക്കുവാനിടവന്നതു്. അതിൽ സുന്ദരമൂർത്തിയുടെ ജീവിതകാലം ക്രി. പി. എട്ടാം ശതവർഷത്തിന്റെ ഉത്തരാർദ്ധമെന്നു പറഞ്ഞിരിക്കുന്നതു് എന്റെ ഊഹത്തെ ബലപ്പെടുത്തുന്നു.

Digitized By Kerala Sahitya Akademi

ഈ അന്താദി ഒരു ശതകമാണെന്നു പറയാം.

ഇരുൾപുരിക്കുന്തലുമെഴിനലം ചിതൈന്തു;
മരുൾ വണ്ടരൈമാലൈയും പുരിന്തതു;
പൊണ്ണുത്റിലതമുമഴിന്തതു; കണ്ണു–
മൈന്നിറമൊഴിന്തു ചെന്നിറമെയ്തി–
യുള്ളുറികൊട്ടമൈയുരൈപ്പപ്പോൻറന,
ചേതകം പരന്തതു ചെയ്‌വായ്; മേതകു
കുഴൈകെഴ തിരുമുകം വിയർപ്പുള്ളുറുത്തി;
യിഴൈകെഴകൊങ്കെയുമിൻ ചാന്തഴില–
കലൈയും തുകിലും നിലൈയിർക്കലങ്കി–
യെന്നിതു വിളൈന്തവാറെനമറ്റി. (മുമ്മണിക്കോവൈ)

ഈ മൂന്നു കൃതികളും രസപുഷ്ടിക്കും ശബ്ദാത്ഥാലങ്കാരങ്ങൾക്കും കേൾവിപ്പെട്ടിരിക്കുന്നു. ചേരമാൻപെരുമാൾ തമിഴിൽ ഒരു മഹാകവിയായിരുന്നു എന്നുള്ളതിനു യാതൊരു സംശയവുമില്ല.

ആൾവാരന്മാർ കേരളത്തിലെ പതിമൂന്നു വൈഷ്ണവക്ഷേത്രങ്ങളെ വണ്ണിക്കുന്നുണ്ട്. അതിൽ തിരുപ്പതിസാരം, തിരുവട്ടാറു, തിരുവനന്തപുരം, തിരുവൺവണ്ടൂർ, തിരുവാറന്മുള, തിരുവല്ലാ, തുക്കൊടിത്താനം, തിരുമൂഴിക്കുളം മുതലായ ക്ഷേത്രങ്ങൾ ഉൾപ്പെടുന്നു. തേവാരത്തിൽ 274 ശിവക്ഷേത്രങ്ങൾ വണ്ണിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയിൽ ഒന്നു് അതായതു തിരുവഞ്ചിക്കുളം മാത്രമേ കേരളത്തിൽ പെട്ടതായി കാണുന്നുള്ളു. ഇതിൽനിന്നു് തിരുവഞ്ചിക്കുളത്തു ക്ഷേത്രത്തിന്റെ മാഹാത്മ്യം ഏറെക്കുറെ മനസ്സിലാക്കാവുന്നതാണു്.

ചേരമാൻപെരുമാൾനായനാരെ പ്രശംസിച്ചു പല ഗാനങ്ങളും അനന്തരകാലങ്ങളിൽ കവികൾ നിർമ്മിച്ചിട്ടുണ്ടു്. അതിൽ ഒരു പാട്ടു മാത്രം താഴെ ഉദ്ധരിച്ചുകൊണ്ടു് ഈ ഉപന്യാസത്തെ സമാപിപ്പിച്ചുകൊള്ളുന്നു.

"കാവലർ മകോതൈയാർ കൊട്ടങ്കോളർക്കോ–
ക്കുഴറിയവൈയറിന്ത കോച്ചിലമ്പോശൈക്കരുത്താർ

Digitized By Kerala Sahitya Akademi

നാവലർകോനൺപരടിച്ചേരനെന്റേ
നാവിന്റവരും വണ്ണ്ാനൈ നയന കോനർ-
പ്പാവലർ കോപ്പാണപത്തിരന്നാൽ വായ്ന്ത
പരമർ തിരുമുകം വാങ്കിപ്പണികോവെർപിൻ
മേവിയ കോവാനൈക്കുക്കുതിരൈവൈത്ത
വീരർ കോവെനൈയാളും ചേരർകോവേ'' *

(ഭാഷാപോഷിണി 1093)

---

* ശ്രീമാൻ ഏ. എസ്സ്. രാമനാഥയ്യർ നായനാരുടെ ജീവിതകാലം ക്രി. പി. ഒൻപതാം ശതകത്തിന്റെ ആരംഭത്തിലാണെന്നു ഉപന്യസിക്കുന്നു. ഈ ഊഹത്തിനു് പയ്യാപ്പമായ ഉപപത്തി കാണുന്നില്ല.

Digitized By Kerala Sahitya Akademi

രാമചരിതവും രാമകഥപ്പാട്ടും

പ്രാചീനമലയാള മാതൃകകൾ എന്ന ഗ്രന്ഥപരമ്പരയുടെ ഒന്നാം ഭാഗമായി പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകത്തിൽ പണ്ഡിതന്മാർ മലയാള ഭാഷയുടെ മൂലസ്വത്തുകളിൽ ഉൾപ്പെട്ടതെന്നു കരുതുന്ന രാമചരിതത്തിന്റേയും രാമകഥയുടേയും ഏതാനും അംശങ്ങൾ അടങ്ങിയിരിക്കുന്നു. ഈ രണ്ടു ഗ്രന്ഥങ്ങളും തുലോം വ്യത്യാകയാൽ ഇവയെ സമഗ്രമായി പ്രസിദ്ധീകരിക്കുവാൻ വളരെ പ്രയാസമുണ്ട്. അതിനു കൃത്യാന്തരപരതന്ത്രനായ എന്നെക്കൊണ്ടു തല്ക്കാലം സാധിക്കുന്നതല്ല. ഭാഷാഭിമാനികൾക്ക് ഇവയുടെ ഒരു സ്വരൂപജ്ഞാനം നൽകുന്നതിനു മാത്രമേ ഞാൻ ഇപ്പോൾ ഉദ്ദേശിക്കുന്നുള്ളു. ആ ഉദ്ദേശം ഈ പുസ്തകംകൊണ്ടു സാധിക്കുമെങ്കിൽ എന്റെ പ്രയത്നം സഫലമാകുന്നതുമാണു്.

രാമചരിതത്തെക്കാൾ പ്രാചീനമായ ഒരു ഗ്രന്ഥം മലയാളഭാഷയിൽ ഇല്ല. ഭാഷയ്ക്കു് ഉത്തമരീതിയിലുള്ള ഒരു നിഘണ്ടുവും വ്യാകരണവും ഇദംപ്രഥമമായി സമ്മാനിച്ച ഹെർമാൻ ഗുണ്ഡർട്ടുപണ്ഡിതരുടെ അഭിപ്രായം ഈ ഗ്രന്ഥത്തിന്റെ ആവിർഭാവം പോർട്ടുഗീസുകാരുടെ വരവിനു് അനേകം ശതവർഷങ്ങൾക്കുമുൻപായിരിക്കണമെന്നാണു്. ഈ അഭിപ്രായത്തോടു ഭാഷാചരിത്രമർമ്മജ്ഞന്മാർ പ്രായേണ യോജിക്കുമെന്നുള്ളതിനു സംശയമില്ല. ഗുണ്ഡർട്ടുസായിപ്പ് രാമചരിതത്തെ ഒരു നിധിപോലെ സൂക്ഷിച്ചിരുന്നു. അതിൽനിന്നു പല പാദശകലങ്ങൾ പ്രാചീനഭാഷാപദപ്രയോഗങ്ങളെ ഉദാഹരിക്കുന്നതിലേയ്ക്കുവേണ്ടി അദ്ദേഹം തന്റെ നിഘണ്ടുവിൽ അവിടവിടെയായി ഉദ്ധരിച്ചു ചേർത്തിട്ടുമുണ്ടു്. എന്നാൽ അനർഘമായ ഈ ഭാഷാഗാനകാവ്യത്തിലെ ഏതാനും ചില പാട്ടുകളെങ്കിലും ആദ്യമായി പ്രത്യക്ഷീഭവിച്ചതു് കോട്ടയത്തു് അച്ചടിപ്പിച്ച പഴയ പാഠമാലവഴിക്കായിരുന്നു. ഭാഷാചരിത്രകർത്താവായ ശ്രീമാൻ ഗോവിന്ദപ്പിള്ള സർവാധികാര്യക്കാക്കു രാമചരിതം കാണുവാൻതന്നെ സംഗതിവന്നിരുന്നു എന്നു തോന്നുന്നില്ല. കൊല്ലം 1056-ൽ അച്ചടിപ്പിച്ച ഭാഷാചരിത്രത്തിന്റെ ഒന്നാം പതിപ്പിൽ അദ്ദേഹം പറയുന്നതു് "കോട്ടയത്തു് അച്ചടിപ്പിച്ചു പ്രസിദ്ധംചെയ്തിട്ടുള്ള പാഠമാലയിൽ രാമചരിതത്തിൽനിന്നു ചില ഭാഗങ്ങൾ ചേർത്തിട്ടുണ്ടു്. അതിൽനിന്നു വായനക്കാക്കു് ഭാഷാരീതി അറിയുന്നതിനുവേണ്ടി ചില ഭാഗം താഴെ ചേർത്തിരിക്കുന്നു" എന്നാണു്. ഒന്നാം പതിപ്പിൽ അദ്ദേഹം

Digitized By Kerala Sahitya Akademi

പാഠമാലയിൽ നിന്നു് അഞ്ചു പാട്ടുകളാണു് ഉദ്ധരിച്ചതു്. കൊല്ലം 1065-ൽ പ്രസിദ്ധപ്പെട്ടുത്തിയ രണ്ടാം പതിപ്പിൽ ആദ്യത്തെ പതിപ്പിലുള്ള ഒന്നും രണ്ടും പാട്ടുകൾമാത്രം പകർത്തിയിരിക്കുന്നു. എന്നു മാത്രമല്ല, രണ്ടു പതിപ്പുകളിലും രണ്ടാമത്തെപ്പാട്ടിൽ മൂന്നാം വരിയിൽ "തനയന്മാരിൽ" എന്ന പദം "തനയസ്ഥാരിൽ" എന്നു് അബദ്ധമായി അച്ചടിച്ചുമിരിക്കുന്നു. ഗ്രന്ഥത്തിന്റെ കാലത്തിനിപ്പുറം പണ്ഡിതോത്തംസങ്ങളായ ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ, എം. ശേഷഗിരിപ്രഭൃതമുതലായ പല ഭാഷാശാസ്ത്രജ്ഞന്മാരും രാമചരിതത്തിന്റെ അപരിമേയമായ മാഹാത്മ്യത്തേയും ആ ഗ്രന്ഥം ഉടനടി പ്രസിദ്ധപ്പെടുത്തേണ്ടതിന്റെ ആവശ്യകതയേയുംപറ്റി അനേകം അവസരങ്ങളിൽ ഉപന്യസിച്ചിട്ടുണ്ടു്. അവരുടെ കൂട്ടത്തിൽ ഞാനും ഈ ഗ്രന്ഥം കണ്ടുപിടിക്കുവാൻ പല പ്രകാരത്തിൽ പ്രയത്നിക്കുകയും അതിന്റെ ഫലമായി 1089 ചിങ്ങത്തിൽ ഇതിന്റെ ഏതാനും ഭാഗങ്ങൾ എന്റെ കൈവശം വന്നുചേരുകയുംചെയ്തു. ആയാണ്ടു മകരത്തിൽ, ഒട്ടവിൽ ചില താലപത്രങ്ങൾ മാത്രമില്ലാത്ത ഒരു ഗ്രന്ഥംകൂടി എനിക്കു കാണുന്നതിനിടയായി. ഈ രണ്ടു പ്രതികളും പരിശോധിച്ചാണു് "കളഞ്ഞുകിട്ടിയ നിധി" എന്ന തലവാചകത്തിൽ ഒരു ഉപന്യാസം ഞാൻ ആയാണ്ടു മേടം—ഇടവം ലക്കം ഭാഷാപോഷിണിയിൽ പ്രസിദ്ധപ്പെടുത്തിയതു്. ആ ഉപന്യാസം പല ഭാഷാഭിമാനികളുടേയും വിശേഷശ്രദ്ധയ്ക്കു വിഷയീഭവിക്കുകയും അവരിൽ അനേകം പേർ ഗ്രന്ഥത്തിന്റെ ഏതാനും ചില ഭാഗങ്ങളെങ്കിലും ക്ഷണത്തിൽ പ്രകാശിപ്പിക്കണമെന്നു് എന്നോടു് ആവശ്യപ്പെടുകയും ചെയ്തു. "കളഞ്ഞുകിട്ടിയ നിധി" വായിച്ച ശ്രീമാന്മാരായ കെ. ജി. ശേഷയ്യർ, ടി. എ. ഗോപീനാഥറാവു മുതലായ ചില ദ്രാവിഡഭാഷാപണ്ഡിതന്മാരുടെ പക്ഷം രാമചരിതം ഒരു തമിഴ് ഗ്രന്ഥമാണെന്നും അതിനെ മലയാളമെന്നു വ്യവഹരിക്കുന്നതു ശരിയല്ലെന്നുമാണു്. ഈമതം ഏറെക്കുറെ വിശദീകരിച്ചു ഗോപീനാഥറാവു അവർകൾ ആയിടയ്ക്കു് ചെന്തമിഴ്മാസികയിൽ ഒരു ഉപന്യാസം പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. ഞാൻ ഇപ്പോൾ അച്ചടിപ്പിക്കുന്ന ഭാഗങ്ങിൽനിന്നു് അവർക്കു് ആ ഊഹം തെറ്റാണെന്നും രാമചരിതം തമിഴിലല്ല മലയാളത്തിലാണു് എഴുതിയിരിക്കുന്നതെന്നും ബോധപ്പെടുമെന്നു് എനിക്കു വിശ്വാസമുണ്ടു്. "കളഞ്ഞുകിട്ടിയ നിധി" പ്രസിദ്ധീകരിച്ചതിൽ പിന്നീടു് രാമചരിതത്തിന്റെ ജീർണ്ണമെങ്കിലും സമഗ്രമായ ചില ആദർശഗ്രന്ഥങ്ങൾ കൂടി എനിക്കു കാണുവാൻ ഭാഗ്യമുണ്ടായിട്ടുണ്ടു് എന്നുള്ള വസ്തുതയും ഇവിടെ വക്തവ്യമാണു്.

രാമചരിതത്തിന്റെ നിർമ്മാതാവു് തിരുവിതാംകൂറിലെ ഒരു മഹാരാജാവാണെന്നുള്ള ഐതിഹ്യം ആദ്യമായി പ്രസിദ്ധപ്പെടുത്തിയതു കേര

Digitized By Kerala Sahitya Akademi

ളകൌമുദീകത്താവായ കോവുണ്ണി നെട്ടങ്ങാടിയാണെന്നു തോന്നുന്നു. മദ്ധ്യകാലങ്ങളിൽ സർവാംഗനാഥൻ എന്ന ബിരുദത്തോടുകൂടി 'ആദിത്യവമ്മാവു്' എന്നൊരു മഹാരാജാവു് വളരെ വിദ്വാനായുണ്ടായിരുന്നതിനാൽ അദ്ദേഹമായിരിക്കണം രാമചരിതം ഉണ്ടാക്കിയതെന്നു നെട്ടങ്ങാടിയെ പിൻതുടർന്നു പല ഭാഷാപണ്ഡിതന്മാരും അനുമാനിക്കാറുണ്ടു്. ആ അനുമാനം നിർമ്മൂലമാണെന്നു കാണിക്കുവാൻ തെളിവു ഗ്രന്ഥത്തിൽതന്നെ ഉണ്ടു്. താഴെ ഉദ്ധരിക്കുന്ന പാട്ടുകൾ ഗ്രന്ഥാന്തത്തിലുള്ളവയാണു്.

"അമരവൈരികളെ വേരറയറുത്തുകളവാ—
നവനിമേലവതരിത്ത മതുചൂതനനടി—
ക്കമലതാരിണയണ്ണന്ത മനകാമ്പുടയരായ്
കവികളൊക്കയിവർകൾക്കു കൂറവറ്റു പുവിമേൽ
അമുതുപോലകിളത്തിയുരചെയ്യുമവർകൾ—
ക്കരിയ കാരിയങ്ങളേവയും നിനച്ചവണ്ണമേ
ചമയു, മല്ലലണയാ, യികലിൽ വെൻറിവിളയും,
തനയന്മാരുമുളരാവർ, വിളയും തനങ്ങളും.

*　　*　　*　　*

തനങ്ങൾതാനിയങ്ങളെൻറുളവ നൻറു വിളയും,
തരമലാത തൊഴിൽ ചെയ്കയില്ല, ചാലവിനയും
കനിവിൽ.. .. രിൽ മാതുരിയം വാചി പൊഴിയും,
കറകളൊൻറുമണയാ; പിറവിയാം തുയരറും,
മനകുരുന്തിലിളകൊള്ളുമരവിന്തനയനൻ
മലർമടന്തയൊടുകൂടവ, നിരാമചരിതം
മനമഴിന്തുമൊഴിവോക്കുമിതുകേട്ട മനതാർ
.. .. .. കളികൊൾവോക്കുമിടരേതുമണയാ.

*　　*　　*　　*

ഏതുന്നല്ലവഴിയല്ലലെന്നുമോളങ്ങളെവെ—
ൻറേറവരും തളരുമാറുവരും വൻപിറവിയാം
ഓതയിൽകിടന്നു.. .. ..
.. .. ..ഏതുമികവൊൻറു നിനവാൽ

Digitized By Kerala Sahitya Akademi

ആതിതേവനിലമിഴ്ന്ത മനകാമ്പുടയ ചീ-
രാമനൻപിനൊടിയമ്പിന തമിഴ്കവിവല്ലോർ
പോതിൽമാതിനിടമാവരുടൽവിഴ്ളുറ്റ പിൻ
പോകിപോകചയനൻ ചരണതാരടവരേ.

* * * *

കുറ്റങ്ങൾപെരുകുംമറ്റും കൂട്ടിയുംകുറൈത്തും കൊൻറും
ചിറ്റെഴും തട്ടത്തവണ്ണും ചിലതരിത്തിൻറിയേയാം
കറ്റവരവിടമെല്ലാം കണ്ടുകണ്ടുള .. .. ..
മുറ്റവർകളവാനായ് ഞാൻമുമ്പരേ വണങ്കിനേനേ."

ഇവയിൽ മൂന്നാമത്തെ പാട്ടിൽ രാമചരിതം ശ്രീരാമൻ (ചീരാമൻ) എന്ന ഒരു കവിയുടെ കൃതിയാണെന്നും ആ കവി "ആതിതേവനിലമിഴ്ന്ത മനകാമ്പുടയവൻ" അതായത് ഒരു പരമഭാഗവതനായിരുന്നു എന്നും അദ്ദേഹത്തിൻറെ കൃതിയിൽ (വല്ലോർ) നിഷ്ണാതന്മാരാകുന്നവർ ആയുരന്തത്തിൽ (പോത്=പൂവ്; പോതിമാതു=ലക്ഷ്മീദേവി) ലക്ഷ്മീദേവിയോടും ഭോഗിഭോഗശയനനായ ശ്രീപദ്മനാഭനോടും ചേരുമെന്നും പറഞ്ഞുകാണുന്നു. ആദിത്യവർമ്മ മഹാരാജാവല്ല രാമചരിതകർത്താവെന്നു് ഇതിൽനിന്നു വിശദമാകുന്നുണ്ടല്ലോ. ശ്രീരാമകവി ആരാണെന്നു് സൂക്ഷ്മമായി അറിവാൻ മാർഗ്ഗമൊന്നുമില്ലെങ്കിലും ഗ്രന്ഥത്തിന്റെ ആരംഭത്തിലും അവസാനത്തിലും അനന്തശായിയായ ശ്രീപദ്മനാഭസ്വാമിയെ സ്തുതിക്കുകയും തൻറെ നാമത്തോടു 'ശ്രീ' എന്ന പദം ഘടിപ്പിക്കുകയും ചെയ്തിരിക്കുന്നതിൽനിന്നു് ഇദ്ദേഹം തിരുവിതാംകൂർ മഹാരാജവംശത്തിൽപ്പെട്ട ഒരാളായിരിക്കണമെന്നും ഈ ഗ്രന്ഥത്തിൻറെ കർത്തൃത്വത്തെപ്പറ്റി മേൽ സൂചിപ്പിച്ച ഐതിഹ്യം കേവലം അവിശ്വസനീയമല്ലെന്നും ഊഹിക്കേണ്ടിയിരിക്കുന്നു. ശ്രീവീരരാമവർമ്മാവു് എന്നൊരു രാജാവു കൊല്ലം 371-ൽ വേണാടു ഭരിച്ചിരുന്നതായി ശിലാശാസനങ്ങളിൽനിന്നു കാണാവുന്നതാണു്. അദ്ദേഹമായിരിക്കണം രാമചരിതകർത്താവു് എന്നു വേറെ തെളിവുകൾ നമുക്കു ലഭിക്കുന്നതുവരെ അനുമാനിക്കുന്നതിൽ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല.

"തമിഴ്കവി" എന്നു രാമചരിതത്തെ നിർദ്ദേശിച്ചിരിക്കുന്നതിൽനിന്നു് യാതൊരു ദുശ്ശങ്കയ്ക്കും അവകാശമില്ല. കേരളത്തിലും അതിൻറെ പൂർവദേശങ്ങളിലും പ്രാചീനകാലത്തിൽ ഒരു ഭാഷയേ നടപ്പുണ്ടായിരു

Digitized By Kerala Sahitya Akademi

ന്നുള്ള എന്നും ആ ഭാഷ തമിഴായിരുന്ന എന്നും ഇപ്പോൾ പരക്കെ സമ്മത മായിട്ടുണ്ട്. ആ തമിഴ് ഇന്നത്തെ തമിഴിനും മലയാളത്തിനും മാതാവാ യിരുന്നു. മലയാളം ഒരു സ്വതന്ത്രഭാഷയായിത്തീന്നതിനു മേലും വളരെ ക്കാലത്തേയ്ക്ക് അതിനെ തമിഴ് എന്നുതന്നെയാണ് ജനങ്ങൾ വ്യവഹ രിച്ചുവന്നതു്. ബ്രഹ്മാണ്ഡപുരാണം ഭാഷാഗദ്യമായി പരാവർത്തനം ചെയ്ത കണ്ണശ്ശപ്പണിക്കർ പറയുന്നതു താൻ അതു "തമിഴായ്ക്കൊണ്ടു റിയിക്കിന്റേറൻ" എന്നാണു്. പണിക്കരുടെ കാലത്തുപോലും ജനസാ മാന്യത്തിന്റെ ധാരണ അങ്ങനെയായിരുന്നു എങ്കിൽ അതിനുമുമ്പു ജീ വിച്ചിരുന്ന ശ്രീരാമകവിയുടെ കാലത്തെ കാര്യം പ്രസ്താവിക്കേണ്ടതി ല്ലല്ലോ.

രാമചരിതകർത്താവു് എപ്പോൾ ജീവിച്ചിരുന്നു എന്നു തീർച്ചപ്പെ ടുത്തിപ്പറവാൻ പ്രയാസമുണ്ടു്. ദ്രാവിഡചക്രവർത്തിയായ കമ്പരുടെ കാലം ക്രിസ്തുവർഷം 1120-നും 1200-നും ഇടയ്ക്കാണെന്നു പണ്ഡിതർ രാഘവയ്യങ്കാർ നിർണ്ണയിച്ചിരിക്കുന്നു. കമ്പർ തന്റെ രാമായണം കേരള ത്തിൽ കൊണ്ടുവന്നു് അനേകം വിദ്വൽസദസ്സുകളിൽ പാടിക്കേൾപ്പിച്ച തായി ഐതിഹ്യമുണ്ടു്. ഇപ്പോഴും കേരളത്തിലെ ഏതു പഴയ ഗ്രന്ഥ പ്പുര പരിശോധിച്ചാലും അവിടെ ആ വിശിഷ്ട ഗ്രന്ഥത്തിന്റെ ഒന്നിലധികം പ്രതികൾ കാണാവുന്നതാണു്. കമ്പരുടേയും രാമചരിതകാര ന്റേയും രീതി ഒരേ മാതിരിയിലാണെന്നു പറവാൻ നിവൃത്തിയില്ല. കമ്പർ വാല്മീകിയുടെ ഇതിവൃത്തത്തെ പേരിനുമാത്രം സ്വീകരിച്ചു തുള സീദാസാദി മഹാകവികളെപ്പോലെ ഒരു സ്വതന്ത്രകാവ്യം നിർമ്മിക്കുന്നു. രാമചരിതം വാല്മീകിരാമായണത്തിന്റെ ഒരു തർജ്ജിമയോ സംഗ്രഹ മോ ആണെന്നു പറവാൻ പാടില്ലെങ്കിലും അതിന്റെ നിർമ്മാതാവു് മൂലഗ്രന്ഥകാരനെ പ്രായേണ അനുസരിച്ചുകൊണ്ടുപോകുന്നു. സൂക്ഷ്മമാ യി പരിശോധിക്കുമ്പോൾ രാമചരിതകാരൻ മഹാനുഭാവനായ ദ്രാവി ഡകവിചക്രവർത്തിയോടു് ഒട്ടൊക്കെ കടപ്പെട്ടിട്ടുണ്ടെന്നും മാർമ്മികന്മാ ർക്കു് മനസ്സിലാക്കാവുന്നതാണു്. രണ്ടു കവികളും വാല്മീകിയെ അതിക്ര മിച്ചു ശ്രീരാമനെ മഹാവിഷ്ണുവിന്റെ ഒരവതാരമാക്കിയാണു് എല്ലാ സന്ദർഭങ്ങളിലും വർണ്ണിക്കുന്നതു്. മൂലത്തിൽ നരസിംഹാവതാരത്തെ പ്പറ്റി വിഭീഷണൻ യാതൊന്നും ഉപന്യസിക്കുന്നില്ല. കമ്പരാകട്ടെ

"പിന്നും വീടണനെന്നെ നിൻറരമലപെരിയോർ
മുന്നെനാളവൻ മുനിന്തിടക്കിളൈയോട്ട മുടിന്താർ
ഇന്നമുണ്ടിയാനിയംപുവതിരണിയനെൻപാൻ
തന്നെയുള്ളുവാ കേട്ടിയന്റൈചെയച്ചമെന്താൻ."

Digitized By Kerala Sahitya Akademi

എന്നു് ഉപക്ഷേപിച്ചുകൊണ്ടു ഹിരണ്യകശിപുവിന്റെ വധത്തെ ആസ്പദമാക്കി ദീർഘമായ ഒരു പടലം നിർമ്മിക്കുന്നു. മിതമായ കഥനം കൊണ്ടു തൃപ്തിപ്പെട്ടുന്ന രാമചരിതകർത്താവു കമ്പരെ അനുകരിച്ചു്

"അല്ലൽചെയ്യലകലുമച്യുതരെയറപ്പാൻമുന്നം
നല്ലതോർവരാകമാനാൻ, നരചിങ്കവടിവുമാനാൻ,
ചൊല്ലേറുംകുറളായ്ത്തുയ മഴവേന്തുംമുനിയുമാനാൻ,
മെല്ലെ നംകുലംമുടിപ്പാൻ വേന്തനായ് പിറന്താനിപ്പോൾ."

എന്നു ഗാനംചെയ്തു ചരിതാർത്ഥനാകുന്നു. ഇങ്ങനെ ഒന്നിലധികം സംഗതികൾകൊണ്ടു് കമ്പർ കേരളത്തിൽവന്നു് അദ്ദേഹത്തിന്റെ കവിതയുടെ മാഹാത്മ്യം ശ്രീരാമകവി ധരിച്ചു് അതിന്റെ ചൂടാറുന്നതിനുമുമ്പു രാമചരിതം രചിച്ചു എന്നു് അനുമാനിക്കുവാൻ ന്യായംകാണുന്നുണ്ടു്. കമ്പർ കേവലം സമകാലീനൻമാത്രമായിരുന്നതിനാലായിരിക്കണം അദ്ദേഹത്തിന്റെ പേർ, വാല്മീകി, വ്യാസൻ, അഗസ്ത്യൻ ഇവരുടെ കൂട്ടത്തിൽ കവി ഗ്രന്ഥാരംഭത്തിൽ ചേർത്തു മംഗളാചരണം ചെയ്യാത്തതു്. ഈ ഊഹം ശരിയാണെങ്കിൽ ക്രി. പി. പതിമ്മൂന്നാംശതവർഷത്തിന്റെ ആരംഭത്തിലാണു രാമചരിതത്തിന്റെ നിർമ്മിതിയെന്നു വന്നുകൂടുന്നു. നിരണത്തു മാധവപ്പണിക്കരുടെ കാലം ആ ശതവർഷത്തിന്റെ അവസാനത്തിലും കണ്ണശ്ശപ്പണിക്കരുടേതു പതിന്നാലാം ശതവർഷത്തിന്റെ ആരംഭത്തിലുമാണല്ലോ. ഭഗവദ്ഗീത, കണ്ണശ്ശരാമായണം മുതലായ ഗ്രന്ഥങ്ങളിലേയും രാമചരിതത്തിലേയും ഭാഷാരീതി പരീക്ഷിച്ചുനോക്കുമ്പോഴും എന്റെ ഈ അഭിപ്രായത്തിന്റെ സാധുത സ്ഥാപിതമാകുന്നതാണു്.

രാമചരിതം എന്നാണു് ഗ്രന്ഥത്തിന്റെ പേരെങ്കിലും രാമായണകഥ മുഴുവൻ അതിൽ പ്രതിപാദിക്കണമെന്നു കവിക്കുദ്ദേശമില്ല.

"ഞാനമെങ്കൽവിളയിച്ചു തെളിയിച്ചിനിയ ചൊൽ—
നായികേ! പരവയിൽ തിരകൾനേരുടനുടൻ
തേനലാവിന പതങ്ങൾ വന്നു തിങ്ങി നിയതം
ചേതയുൾതുടന്നു തോൻറും വണ്ണമിൻറുമുതലായ
ഊനമറെഴുമിരാമചരിതത്തിലൊരുതെ—
ല്ലുഴിയിൽച്ചെറിയവക്രിയുമാരുരചെയ്യാൻ

Digitized By Kerala Sahitya Akademi

ഞാനടക്കിനതിനേണനയേന! നടമിടെൻ
നാവിലിച്ചയൊട്ടവച്ചടിയിണക്കമലതാർ.

*　　*　　*

താരിണങ്കിന തഴൈക്കുഴൽ മലർതയ്യൽ**
ത്താവളത്തിലിളകൊള്ളുമരവിന്തനയനാ!
ആരണങ്കളിലെങ്ങും പരമയോകികളുഴ—
ൻറാലുമെൻറുമറിവാനരിയ ഞാനപൊരുളേ!
മാരിവന്തതൊരു മാമലയെടുത്തു തടയും
മായനേയരചനായ് നിചിചരാതിപതിയെ
പോരിൽ നീ മുന്നം മുടിത്തമയെടുത്തുപുകഴ്ചാൻ
പോകിപോകചയനാ! കവിയെനക്കരുൾചെയ്യേ!

*　　*　　*

മേത നല്ലുക കവീന്തിരരിൽ മുൻപുടെയ വാ—
ല്മീകിയും പിന്തെ വിയാതനുമെനിക്കതികമായ്
വേതവിത്തു നല്ലകത്തിയനൊരോ പതങ്ങളേ
വേരിതിഴ്ക്കിന തമിഴക്കവിപടൈത്ത മുനിയും
ഓതയിൽത്തുയിലുമണ്ണൽ വിണ്ണുളാർ പുകഴവേ—
യുഴിയിൽ ത.ചരതൻ തനയനായവതരി—
ത്താതികാലമുള്ളരും തൊഴിൽകൾ ചെയ്തവ കഴി—
ഞ്ഞാഴിമാനിനിയെ മീണ്ട വഴിക്കുറുമതിനായ്.

എന്നീ പാട്ടുകളിൽ നിന്നു സുന്ദരകാണ്ഡാന്തം വരേയുള്ള കഥ കവി വിട്ടുകളയുന്നു എന്നും രാമായണത്തിൽ "ഒരു തെല്ല്"!! അതായതു് യുദ്ധകാണ്ഡത്തിലെ കഥമാത്രം ബാലന്മാരുടെ (അഥവാ അജ്ഞന്മാരുടെ) അറിവിനുവേണ്ടി എഴുതുന്നു എന്നുമാണു് കാണുന്നതു്. ഈ ഗ്രന്ഥം മുഖ്യമായി തിരുവിതാംകൂറിലെ സൈന്യവകുപ്പിന്റെ ആവശ്യത്തിലേയ്ക്കുവേണ്ടിയാണു് നിർമ്മിക്കപ്പെട്ടതു് എന്നൊരൈതിഹ്യമുണ്ടു്. "ഇതിൽ വെൻറി വിളയും" എന്നുള്ള ഫലശ്രുതിയിൽ നിന്നു് ആ ഐതിഹ്യം കേവലം അനാസ്പദമല്ലെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. ഈ ഊഹം

Digitized By Kerala Sahitya Akademi

ശരിയാണെങ്കിൽ കവി യുദ്ധകാണ്ഡംമാത്രം പാട്ടാക്കിയതിനുള്ള കാരണം ഏറെക്കുറെ വ്യക്തമാകുന്നുണ്ട്.

രാമചരിതം ഒരു പാട്ട് ആണ്. "ദ്രാവിഡസംഘാതാക്ഷരനിബന്ധനമെതുകമോനവൃത്തവിശേഷയുക്തം പാട്ട്" എന്നാണ് ലീലാതിലകത്തിൽ പാട്ടിന്റെ നിർവചനം കാണുന്നത്. പാട്ടെന്നു് ഒരു കൃതിയെപ്പറ്റി പറയണമെങ്കിൽ അതു തമിഴക്ഷരമാലകൊണ്ടു നിർമ്മിച്ചതും 'എതുക' 'മോന' ഇവയോടുചേർന്നുള്ള വൃത്തവിശേഷത്തോടുകൂടിയതുമായിരിക്കണമെന്നാണു മേലുദ്ധരിച്ച സൂത്രത്തിന്റെ താല്പര്യം. 'എതുക' എന്നതു "ദ്വിതീയാക്ഷരപ്രാസം" എന്ന പദത്താൽ നാം ഇപ്പോൾ അറിയുന്ന ശബ്ദാലങ്കാരം തന്നെ. ഒരു പാദത്തിന്റെ പ്രഥമഖണ്ഡത്തിലെ ആദ്യാക്ഷരത്തോടു് അതിലെ രണ്ടാം ഖണ്ഡത്തിലെ ആദ്യാക്ഷരത്തിനു വരുന്ന സാമ്യമാണു് മോന.

താരിണങ്കിന.....

താവളത്തിൽ.....

ആരണങ്കളിൽ.....

ആലുമെന്നുമറിവാൻ.....

മാരിവന്നതിനു.....

മായനേ.....

പോരിൽ നീ.....

പോകിപോക.....

മേൽകാണിച്ച പാട്ടിൽ താ, ആ, പോ ഈ വണ്ണങ്ങളുടെ ആവർത്തനം മോനയും രി എന്ന പ്രഥമപദത്തിലെ ദ്വിതീയവണ്ണത്തിനനുരൂപമായി മറ്റു മൂന്നു പാദങ്ങളിലുമുള്ള രേഫത്തിന്റെ ആവർത്തനം എതുകയുമാകുന്നു. ഒരു പാട്ടിന്റെ ഓരോ പാദത്തേയും മോനയനുസരിച്ചു രണ്ടു ഖണ്ഡമായി പിരിക്കാം.

"ആനന്ദാമൃതസാരമൂർത്തപം
അശേഷജഗൽപരിപൂർണ്ണവുമായേ
താനന്തവുമാദിയുമില്ലാതെ
ചരാചരഭൂതനിദാനസ്വരൂപം"

(രാമപ്പണിക്കർ)

Digitized By Kerala Sahitya Akademi

''കുലഗിരിസമനായ
കുലയാനത്തലവന്റെ
കുലമെല്ലാമൊരുമ്പാടേ
കുലചെയ്തോരുമാകാന്തൻ''

(കുഞ്ചൻനമ്പിയാർ)

എതുകപ്പും മോനപ്പും വണ്ണ്നസാമ്യമല്ലാതെ വണ്ണ്കത്രുപ്യം ആവശ്യമുള്ളതല്ല. എഴുത്തച്ഛന്റെറ കാലത്തോടുകൂടി മോനയുടെ പ്രാബല്യം നിശ്ശേഷം ക്ഷയിച്ചു. അതാണു്

''പ്രാപ്തമായിതുരാജ്യമെനിക്കെന്നകതാരിൽ
ഓത്തുവത്തിച്ചീടരുതുർവീശനസാമ്പ്രതം.''

എന്ന ഉദാഹരണത്തിൽ ആദ്യത്തെ വരിയിൽ 'പ്പ' എന്ന പൂർവഖണ്ഡത്തിലെ പ്രഥമവണ്ണ്ത്തെ അതോടു യാതൊരു് ആനത്രുപ്യവുമില്ലാത്ത 'എ' എന്ന ഉത്തരഖണ്ഡത്തിലെ ആദ്യവണ്ണ്ം പിൻതുടരുന്നതു്. എതുകയെ ഇന്നും ഭാഷാകവികൾ പ്രായേണ ആദരിച്ചുപോരുന്നു.

പ്രാചീനഭാഷാഗാനങ്ങൾക്കു മറ്റൊരു വിശേഷമുള്ളതു് അന്താദിപ്രാസമാണു്. ഒരു പാട്ടിന്റെറ അവസാനംകൊണ്ടല്ലാതെ അടുത്ത പാട്ടാരംഭിക്കുവാൻ പാടില്ല എന്നാണു് അന്താദിപ്രാസത്തെ സംബന്ധിച്ചുള്ള സാമാന്യ നിയമം. ഇതു് അച്ചടിയെന്നല്ല ലിപിതന്നെയും ഇല്ലാതേയിരുന്ന ഒരുകാലത്തു ജനങ്ങളുടെ ധാരണയെ സഹായിക്കുന്നതിനു വേണ്ടി ദ്രാവിഡപണ്ഡിതന്മാർ കണ്ടുപിടിച്ചു് ഏർപ്പെട്ടുത്തിയ ഒരു വിശിഷ്ടോപായമെന്നത്രേ വിചാരിക്കേണ്ടതു്. ഭാഷാഗാനങ്ങളിൽ അന്താദിപ്രാസം എഴുത്തച്ഛന്റെറ കാലത്തിനുമുമ്പുവരെ സർവസാധാരണമായിരുന്നു. നിരണത്തു കവികളുടെ കൃതികൾ ഈ പ്രാസത്തിൽ പ്രത്യേകം ശോഭിക്കുന്നു. എന്നാൽ കമ്പരുടെ രാമായണത്തിൽ ഈ പ്രാസത്തിനു പ്രസക്തിയേയില്ല. തമിഴ്നാട്ടിൽനിന്നു നിശ്ശേഷം വിട്ടൊഴിഞ്ഞിട്ടും മലയാളത്തിൽ അതിന്റെറ പ്രചാരത്തിനു കുറവുവന്നില്ലെന്നാണു് നാം ഇതിൽനിന്നു മനസ്സിലാക്കേണ്ടതു്.

മണിപ്രവാളകാവ്യങ്ങളിൽ പ്രസിദ്ധമായ വസന്തതിലകാദിവൃത്തങ്ങളിൽനിന്നു വിലക്ഷണമായ ഛന്ദോഭേദത്തെയാണു് വൃത്തവിശേഷമെന്ന പദംകൊണ്ടു ഗ്രഹിക്കേണ്ടതു്. മണിപ്രവാളകവിത തമിഴിൽ ജൈനന്മാരും അവരെ അനുകരിച്ചു മലയാളത്തിൽ നമ്പൂതിരിമാരും നി

Digitized By Kerala Sahitya Akademi

ഞ്ഞിച്ചുവന്നു. ഭാഷാസംസ്കൃതയോഗത്തെയാണു് മണിപ്രവാളമെന്നു ലീലാതിലകത്തിൽ പറയുന്നതു്. ഇവിടെ ഭാഷ എന്ന പദംകൊണ്ടു മലയാളഭാഷയെ മാത്രം ഗ്രഹിക്കണം. യോഗമെന്നാൽ സന്നാഹം. അതു സഹൃദയഹൃദയത്തിനു് ആഹ്ലാദവിഷയമായിരിക്കുകയും വേണം. വിഭക്ത്യന്തമായ സംസ്കൃതപദം പ്രയോഗിച്ചുകാണുന്ന കൃതികൾ മാത്രമേ മണിപ്രവാളകോടിയിൽ ഉൾപ്പെട്ടുകയുള്ളു. ആ ഒരു ലക്ഷണത്തിന്റെ അഭാവം നിമിത്തം മാർഗ്ഗംഗികന്മാരുടെ ഇടയിൽ നടപ്പുള്ള ഒരുതരം പ്രബന്ധത്തെ ലീലാതിലകകാലത്തിൽ പണ്ഡിതന്മാർ തമിഴെന്ന പദം കൊണ്ടുതന്നെ നിർദ്ദേശിച്ചുവന്നു. മണിപ്രവാളകവിതയിൽ മോനസ്സു പ്രവേശമേയില്ലെന്നു പറയേണ്ടതില്ലല്ലോ. ആദ്യകാലത്തിൽ എഴുതുകപോലും ആ ജാതി കവിതയ്ക്കു് ആവശ്യകമായിരുന്നില്ല.

" പൊന്നോലയും വളയുമാരവുമെന്റിവെല്ലാ–
മല്ലാകയില്ല കളഭാഷിണി ഭ്രഷണാനി
എല്ലോക്കുമേ രസകരം സതതം നിബദ്ധം
സൌജന്യമെന്നിഹ വിഭ്രഷണമംഗനാനാം. "

(ലീലാതിലകം)

" എനിക്കിതിന്നാവതിതാവതല്ലെ–
ന്നറിഞ്ഞടങ്ങിപ്പുലരുന്ന പുംസാം
അനക്കമറുള്ള നിലയ്ക്കു കുറ്റം
ബൃഹസ്പതിക്കും പറയാവതല്ല. "

(ചന്ദ്രോത്സവം)

ഇത്യാദി പദ്യങ്ങൾ പരീക്ഷിക്കുമ്പോൾ ഈ തത്വം ബോധപ്പെട്ടും. കാലാന്തരത്തിൽ മണിപ്രവാളത്തിലുള്ള സംസ്കൃതപദപ്രയോഗം പാട്ടിലേക്കും പാട്ടിലുള്ള എഴുക മണിപ്രവാളത്തിലേക്കും സംക്രമിച്ചു. ഈ വിവരണം ശാഖാചംക്രമണമാകയാൽ ഇങ്ങനെ നില്ക്കട്ടെ. ദ്രാവിഡഭാഷയിൽ സംസ്കൃതഭാഷയിലെന്നപോലെ അസംഖ്യം വൃത്തങ്ങൾ നടപ്പുണ്ടു്. ആ വൃത്തങ്ങളൊക്കെയും കവികൾ പഴയ മലയാംപാട്ടുകളിലും ഉപയോഗിച്ചുവന്നു. അവയിൽ മുഖ്യമായിട്ടുള്ളതു രണ്ടു്, ഏഴു്, പത്തു്, പതിന്നാലു് ഇത്യാദി പടലങ്ങളിൽ കാണുന്ന വൃത്തമാണു്. ഇതിനേയാണു് രാമകഥപ്പാട്ടിൽ " വിരുത്ത"ത്തിന്റെ സ്ഥാനത്തിൽ നിരന്തരമായി പ്രയോഗിക്കുന്നതു്. ഈ വൃത്തത്തിൽ ഓരോ വരിയിലും ഇരുപതു മുതൽ ഇരുപത്തെട്ടുവരെ മാത്രകൾ ആവാം; അതായതു് ഒരു വരിയുടെ ഓരോ

Digitized By Kerala Sahitya Akademi

ഖണ്ഡത്തിലും പത്തുമുതൽ പതിന്നാലുവരെ മാത്രകൾ ഉണ്ടാകാം. ഈ വൃത്തം തന്നെയാണു് എഴുത്തച്ഛന്റേയും മറ്റും കാലമാകുമ്പോൾ പ്രസിദ്ധമായ കേകയായി പരിണമിക്കുന്നതു്. മറു വൃത്തങ്ങളും കമ്പരാമായണം, വില്ലിപാരതം, നൈടതം മുതലായ ദ്രാവിഡമഹാകാവ്യങ്ങളിൽ പ്രസിദ്ധങ്ങളാണു്.

" കുണ്ടലക്കുഴൈമുകക്കുങ്കുമക്കൊങ്കൈയാർ
വണ്ടലൈത്തെഴുകുഴർക്കറ്റകാൽ വരുടവായ്
വിണ്ടലത്തകവിരൈക്കുമുതവായ്വിരിതലാൽ
അണ്ടമുറ്റുളതവുരമുതപേരമലൈയേ. "

(കമ്പർ, സുന്ദരകാണ്ഡം, പാചപ്പടലം.)

ഇതു രാമചരിതത്തിലേ ഒന്നു്, പതിനൊന്നു് മുതലായ പടലങ്ങളിലേ വൃത്തമാണു്. പക്ഷേ കമ്പക്കു നാലുവരിയും ഒരു പാട്ടുമാകുമ്പോൾ രാമചരിതകത്താവിനു രണ്ടുവരിയും അരപ്പാട്ടുമേയാകുന്നുള്ളു എന്നു മാത്രം വ്യത്യാസമുണ്ടു്.

" ആചലം പുരിയൈയംപൊറിവാളിയും
കാചലമുമുലൈയവർ കണ്ണെനും
പൂചലമുനെറിയിൻ പുറഞ്ചെലാ—
ക്കോചലം പുനൈയാറ്റണിക്കുറുവോം.!?

(കമ്പർ, ബാലകാണ്ഡം, ആറ്റുപ്പടലം)

ഇതുതന്നെയാണു് രാമചരിതം ഇരുപത്തൊന്നാം പടലത്തിലേ വൃത്തം. അനന്തരകാലത്തിൽ പാനപ്പാട്ടായി പരിണമിക്കുന്നതും ഈ വൃത്തം തന്നേയാണെന്നു പറയേണ്ടതില്ലല്ലോ. പതിമ്മൂന്നു്, പതിനാറു് ഈ പടലങ്ങളിലേ വൃത്തങ്ങൾ നിരണംകവികളുടെ കൃതികളിൽ പ്രസിദ്ധമാണു്. പതിമ്മൂന്നാം പടലത്തിലേ വൃത്തം തന്നെയാണു് പിന്നീടു മണികാഞ്ചിയായി പരിണമിക്കുന്നതു്. മൂന്നു്, ആറു്, പതിനഞ്ചു് മുതലായ പടലങ്ങളിലേ വൃത്തത്തിനു ഇന്ദുവദനയെന്നും ഇരുപത്തിരണ്ടാം പടലത്തിലേ വൃത്തത്തിനു മഞ്ജരിയെന്നും, പതിനേഴാം പടലത്തിലേ വൃത്തത്തിനു കുസുമമഞ്ജരിയെന്നും സംസ്കൃതത്തിൽ പേർ പറയുന്നു. എന്നാൽ ഇവയൊന്നും സംസ്കൃതവൃത്തങ്ങളല്ലെന്നും, പ്രത്യുത, ഇവ ദ്രാവിഡന്മാരിൽനിന്നു് ആര്യന്മാക്കു ലഭിച്ച സാഹിത്യസമ്പത്തുകളാണെന്നും അനുമാനിക്കുവാൻ ധാരാളം ന്യായമുണ്ടു്. ഇന്ദുവദനാദിവൃത്തങ്ങൾ കമ്പർ,

Digitized By Kerala Sahitya Akademi

വില്ലിപുത്തൂരാർ, അതിവീരരാമപാണ്ഡ്യൻ മുതലായ തമിഴ് കവികളും അങ്ഗീകരിച്ചിട്ടുള്ളതാണു്. ഇരുപത്തിനാലുവൃത്തം മുതലായ ഗ്രന്ഥങ്ങളിലേ വൃത്തങ്ങളൊക്കെയും ദ്രാവിഡവൃത്തങ്ങളാണെന്നുകൂടി ഈ സന്ദർഭത്തിൽ സ്മരിക്കേണ്ടതുണ്ടു്.

വാസ്തവത്തിൽ പലരും എന്തൊരുപേർ രാമചരിതകർത്താവു തന്റെ ഗ്രന്ഥവിഭാഗങ്ങൾക്കു കൊടുത്തിട്ടില്ല. സാധാരണയായി പതിനൊന്നു പാട്ടു കഴിയുമ്പോൾ അദ്ദേഹം വൃത്തം മാറ്റും. ചിലപ്പോൾ പത്തും ചിലപ്പോൾ പന്ത്രണ്ടും പാട്ടു കഴിയുമ്പോഴായിരിക്കും അദ്ദേഹം അങ്ങനെ ചെയ്യുന്നതു്. അപൂർവ്വമായി രണ്ടു വൃത്തങ്ങൾ സ്വീകരിച്ചും പതിനൊന്നു പാട്ടു് എഴുതിത്തീർക്കും. ഇങ്ങനെ തുടച്ചയായി എഴുതുന്ന പാട്ടുകളെ ഗ്രന്ഥകർത്താവിന്റെ വിരാമത്തെ ആസ്പദമാക്കി ഒരു പടലമെന്നു സൗകര്യത്തിനു വേണ്ടിമാത്രം ഈ പുസ്തകത്തിൽ പേരിട്ടിരിക്കുന്നു.

കഥയുടെ പ്രതിപാദനരീതിയെപ്പറ്റി മുമ്പു പറഞ്ഞുവല്ലൊ, വാല്മീകിയെ ഗ്രന്ഥകർത്താവു പ്രായേണ അനുസരിച്ചുതന്നെയാണു പോകുന്നതെങ്കിലും ആവശ്യംപോലെ വേണ്ട സ്വാതന്ത്ര്യം പ്രദർശിപ്പിക്കുവാൻ ഒട്ടും മടിക്കുന്നില്ല. ഉദാഹരണത്തിനു രാവണന്റെ മന്ത്രോപക്രമം തന്നെ നോക്കുക.

"മലർമകളായ ജാനകിയെക്കൊടായ്തതിനെങ്ങിനേ നാം
ഇനിയിവിടെത്തുടങ്ങവി, തങ്ങുചെൻറികൾ കിട്ടുവോമോ ?
ഇരവിൽമറന്തറന്ത വിരന്തടക്കമൊട്ടുക്കുവോമോ ?
വനപുവിയിൽപ്പിറന്തവളൻ വാനരചാതിയെല്ലാം
വരികിൽ വല്ലായ്തവന്തതിങ്ങെന്റു തോറ്റമിയറ്റുവോമോ ?."

എന്നും മറ്റുമുള്ള ചോദ്യങ്ങൾ വാല്മീകിരാമായണത്തിലില്ല. അതുപോലെതന്നെ ഇന്ദ്രജിത്തു വിഭീഷണനെ ആക്ഷേപിക്കുന്ന

"നിന്നോടെല്ലാമാംപകയക്ക
നിനക്കു പാടവം പെരിതു—
ണ്ടൊന്നാർതന്നോടോടിയൊളി—
ച്ചൊരുചാതിപോറ്റുവാനയിരേ.
.. ..
.,.. ....,. .. ...

Digitized By Kerala Sahitya Akademi

പയമെന്നൊട്ടും നീയറിയാ
പടയിൽ പിടിത്തണത്തുനിന്നെ-
ക്കയറുംപൊട്ടും ചങ്ങലയും
കനമിട്ടകെട്ടിവയ്ക്കുമിലുമേ."

ഇത്യാദി ഭാഗങ്ങൾ രാമചരിതകാരന്റെ സ്വച്ഛന്ദമായ മനോധർമ്മ പ്രസരത്തിനു പറ്റുപാടുമായ ഉദാഹരണങ്ങളാണു്. വജ്രദംഷ്ട്രനും രാവണനുമായുള്ള സംഭാഷണം വാല്മീകി രാമായണത്തിലേ വർണ്ണിക്കുന്നുള്ളു.

"ധൂമ്രാക്ഷനിധനംകേട്ട
രാവണൻ രാക്ഷസേശ്വരൻ
പാമ്പിനെപ്പോലെചീറ്റിക്കൊ-
ണ്ടരിശംകൊണ്ടിതേറ്റവും.
ചുട്ടനനെട്ടവീപ്പിട്ട
ചൊടികൊണ്ട കലങ്ങിയോൻ
ഊക്കേറും ശൂരനാം വജ്ര-
ദംഷ്ട്രരക്ഷസ്സോടോതിനാൻ.
"ചെല്ല പുറപ്പെട്ട വീര!
രാക്ഷസന്മാർ ചുഴന്നുനീ;
കൊല്ല കാകുൽസ്ഥനെക്കീശ-
രൊത്ത സുഗ്രീവനേയുമേ".
രാക്ഷസേശനൊടാവാമെ-
ന്നോതി മായാവിയഞ്ജസാ
പുറപ്പെട്ടാൻ പടകളൊ-
ത്തൊട്ടേറെപ്പേർ ചുഴന്നുമേ"

എന്നുപന്യസിച്ചു് ആദികവി തൃപ്തിപ്പെട്ടമ്പോൾ രാമചരിതകാരൻ

കൊണ്ടൽതൻനിറമെഴുന്നൂറുകോടി
കുഞ്ചരനിരയെഴുന്നൂറുകോടി
ചെണ്ടിളകിന വളർതേരും മാട്ടം
തിൺപട പലവക ചൂഴനീപോയ്
കണ്ടവല്ലരികളെയെയ്യുവീഴ്ത്തി-

Digitized By Kerala Sahitya Akademi

ക്കണ്ടുവന്നരചരട്ടക്കിലൊക്ക–
ക്കൊണ്ടുകൊള്ളവർ ചിരമെന്നുമിച്ചോൽ–
കൊണ്ടവനവനെ വലത്തുവച്ചാൻ.
വച്ചനനഴകിലരക്കർകോമാൻ
വച്ചിടയടിവണങ്കിൻറവൻതൻ
ഉച്ചിയിൽവളർകരം നന്മയാമാ–
റുത്തമവചനങ്കളാചിക്കുറി''

എന്നിങ്ങനെ പ്രപഞ്ചനം ചെയ്യുന്നു. നാഗാസ്ത്രമുക്തരായ വാനരന്മാർ ലങ്കയെ വീണ്ടും ആക്രമിക്കുമ്പോൾ വാല്മീയുടെ രാവണൻ

''അകംകളത്തിട്ടേറെപ്പേർ
കപികൾക്കീമഹാരവം
ഇരമ്പുംകാറുകൾക്കൊപ്പ–
മുളവായ്വന്നതോക്കുകിൽ
തീർച്ചയായ് വാച്ച സന്തോഷ–
മുണ്ടിവക്കില്ല സംശയം.

* * * *

ക്രൂരമ്പാൽ കെട്ടപെട്ടോരാ–
രാമലക്ഷ്മണർ സോദരർ;
ഈയൊച്ചയോ മഹത്തേറ്റം
ശങ്കയുണ്ടാക്കിടുന്നു മേ.''

എന്നേ പറയുന്നുള്ളൂ. രാമചരിതത്തിലേ രാവണൻ ഒന്നുകൂടി ഭംഗിയിൽ

''നായകക്കടലിൽ നാചംവന്നതിനു നമ്മെവന്നു തുയരിന്റിതോ ?
പൂയൽകിട്ടമതിനെങ്ങനേയുമിതു പൊരുമൊട്ടവിളയാട്ടമോ?
തുയരായിതു മുന്നേതിലേറ്റമിവർ ചോകമൊട്ടമില്ലയെന്നതിവ–
ക്കായതെന്റുമറികെന്തിരത്തളവരക്കർചൊല്ലിനരറിന്നെല്ലാം. !!

എന്നു തന്നെറ ശങ്കയെ വിവരിക്കുന്നു. ഇങ്ങനെ പല ഭാഗങ്ങളിൽ നിന്നും രാമചരിതകത്താവു വല്മീകി മഹർഷിയുടെ ഒരു ഛായാപഹാരി മാത്രമല്ലെന്നും പ്രത്യുത ഒരു പ്രകൃതിമാഹാത്മ്യകനും ഫലിതപ്രിയനുമായ

Digitized By Kerala Sahitya Akademi

മഹാകവിയാണെന്നും കാണാവുന്നതാണു്. വശ്യവചസ്സായ അദ്ദേഹത്തിനു ശബ്ദവും അർത്ഥവും ഒന്നുപോലെ അധീനമായിരുന്നു. "താരിതൈമെണംപുണർന്നുതരുനിരതൈന്തുപായ്ന മാരുതതേവൻ" "മാരിവന്തതൊരുമാമലയെട്ടുന്നുതടയും മായൻ" "താരിണങ്കിനതഴൈക്കുഴൽ മലർതയ്യൽ**ത്താവളത്തിലിളകൊള്ളുമരവിന്തനയനൻ" "മേരുമാമലതുലങ്ക വിളങ്കിന കരങ്കൾ തങ്കും" ഇത്യാദി പ്രയോഗങ്ങളിൽ കാണുന്ന ശബ്ദഭംഗിയും "അറലിപെട്ടടവിപോലെയാക്കു നാനരികുലത്തെ" "അശോകപുത്തവിടമൊക്കവണിന്തപോലായിതെങ്കും" ഇത്യാദി പ്രയോഗങ്ങളിൽ കാണുന്ന അർത്ഥചമൽക്കാരവും അനുഗ്രഹിതനായ ഒരു കവിസമ്രാട്ടിൽ നിന്നല്ലാതെ ബഹിർഗ്ഗമിക്കുന്നതല്ല. കാവ്യത്തിന്റെ ജീവനായ രസത്തിലും നമ്മുടെ കവി പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

" വേന്തർകോന്റനയനാകി വിണ്ണവക്മുതായുള്ളിൽ—
ച്ചാന്തിചേർമുനിവർതേട്ടം തനിമറക്കാതലാകി
പൂന്തഴൈക്കുഴലാൾ ചീതൈപുണരുന്നി**ന്റുപ്പുൺപാ—
യാർന്തെഴുമരക്കർനുഞ്ചായവനവതരിത്തുതയ്യാ!
അരക്കർതൻകുലത്തിനുൾക്കേടതികവുംവരുത്തി വാനോർ—
പുരത്തിനും മുനിവക്കും പോർപുണർന്ത മന്നവക്കുമെല്ലാം
ഒരിക്കവുംവരുത്തിനീപോയൊളിച്ചു തെത്തിചയിൽ: മറ്റാ—
രൊരുത്തരിത്തരമിരിപ്പോരുടപ്പിറപ്പുവവിയുള്ളോർ?
അലിയുമാറകിലലോകമരക്കരെനണ്ണിനണ്ണി
നിലമിചൈ വീഴ്ന്തുവീഴ്ന്ത നിചാമരിമാർ കിടന്ത
മലകളിലരുവിപോലെ മലിന്ത കൺപുനലും പായ—
പൊലിയെഴ മുറപുനാതാരോരോരോരോപേരുരത്തേ"

ഇത്യാദി പാട്ടുകൾ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ എന്റെ ഈ അഭിപ്രായം സമീചിനമാണെന്നു് സഹൃദയന്മാർ സമ്മതിക്കുന്നതാണു്.

തമിഴിൽനിന്നു മലയാളം ഒരു പ്രത്യേകഭാഷയായി പിരിഞ്ഞകാലത്തുണ്ടാക്കീട്ടുള്ളതാകയാൽ രാമചരിതം ഭാഷാശാസ്ത്രപണ്ഡിതന്മാക്കു് ഒരമൂല്യനീധിയാണെന്നുള്ളതു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. മണിപ്രവാളകവികളെ അനുകരിച്ചു "വെയ്യവായ (സൂയ്യനായിക്കൊണ്ട്) നമഃ" "മാതുരിയം വാചി (വാക്കിൽ) പൊഴിയും" "മലർവില്ലിയെയനങ്കനനെ" "താനല്ലീ വിയതി (ആകാശത്തിൽ) താവിനാൾ" ഇത്യാദി

Digitized By Kerala Sahitya Akademi

പല പ്രയോഗങ്ങളും രാമചരിതകത്താവു ചെയ്തിട്ടുണ്ട്. 'ങ' 'ങ്ങ' യായും, 'ൻറ' 'ന്ന' യായും ചിലപ്പോൾ മാറുകയും ചിലപ്പോൾ മാറാതിരിക്കുകയും ചെയ്യുന്നു. ഗ്രന്ഥകാരൻ ഈ അവ്യവസ്ഥിതസമ്പ്രദായം ശബ്ദാലങ്കാരത്തിനും മറ്റുമുള്ള സൌകര്യത്തെ പുരസ്കരിച്ചു സ്വീകരിക്കുന്നതാണു്. എന്നാൽ വാമൊഴിയിൽ 'ങ്ങ' യും 'ന്ന' യും തന്നെയായിരുന്ന അക്കാലത്തു നടപ്പായിരുന്നതു്. ഈ സ്വാതന്ത്ര്യം നിരണകവികളുടെ കൃതികൾ അംബോപദേശം, ഉണ്ണുനീലിസന്ദേശം, ലീലാതിലകം ഇവയിലും അനുസ്യൂതമായി കാണുന്നുണ്ടു്. "ആനനം വടിവുള്ളാനവടിവു" "പെപ്പെട്ടന്നരചൻ" എന്നുംമറ്റുമുള്ള വരികളിൽ സംസ്കൃതസമ്പ്രദായത്തിൽ സന്ധി ചെയ്യുന്നതിനും രാമചരിതകത്താവിനു വിരോധമില്ല. ക്രിയകൾക്കു പുരുഷപ്രത്യയം ചിലപ്പോൾ ചേക്കുന്നതും മറ്റു ചിലപ്പോൾ ചേക്കാതിരിക്കുന്നതും ഈ കവിയുടെ മറ്റൊരു സ്വാതന്ത്ര്യമാണു്. പതിനെട്ടാം പടലത്തിൽ "തെളിവെഴപ്പൊഴിഞ്ഞു ചോരി" എന്നും "കുതിരയഞ്ചി നട്ടങ്കിവീഴ്ന്തന" എന്നും ഉള്ള പ്രയോഗങ്ങൾ പരിശോധിക്കുക. ഇങ്ങനെ നോക്കുമ്പോൾ ഭാഷാസംബന്ധമായ അനവധി വൈചിത്ര്യങ്ങളും രഹസ്യങ്ങളും പണ്ഡിതന്മാക്കു കണ്ടുപിടിക്കാവുന്നതും അതോടുകൂടി രാമചരിതത്തിലെ ഭാഷ തമിഴല്ല മലയാളം തന്നെയാണെന്നും അതിന്റെ രചന മലയാളം തമിഴിൽനിന്നു് ഒരു ഭിന്നഭാഷയായിത്തീർന്ന കാലത്താണെന്നും മനസ്സിലാക്കാവുന്നതാണു്. പത്തിരുന്നൂറുകൊല്ലങ്ങൾക്കുമുൻപു ദക്ഷിണതിരുവിതാംകൂറിലെ വിലക്ഷണമായ തമിഴ് മലയാളഭാഷയിൽ നിർമ്മിക്കപ്പെട്ട ഒരു കൃതിയാണു് രാമചരിതമെന്നും അതിനു ഭാഷാചരിത്രദൃഷ്ട്യാ ഒരു പ്രാധാന്യവുമില്ലെന്നും വാദിക്കുന്ന ചില പണ്ഡിതന്മാരുണ്ടു്. അവർ നിർമ്മത്സരബുദ്ധിയോടുകൂടി ഈ ഗ്രന്ഥം ആദ്യന്തം ഒന്നുരണ്ടാവൃത്തി പാരായണം ചെയ്യണമെന്നുമാത്രം ഞാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

രാമകഥപ്പാട്ടും രാമചരിതത്തെപ്പോലെ തന്നെ ഒരു വിശിഷ്ട കൃതിയാണു്. അതിന്റെ നിർമ്മാതാവു തിരുവനന്തപുരത്തിനു തെക്കു നെയ്യാറ്റിൻകര താലൂക്കിൽ കോവളത്തിനടുത്തുള്ള (ആവാട്ടുറയെന്നും പറയും) * ഒരുവാട്ടുറ എന്ന സ്ഥലത്തു ജീവിച്ചിരുന്ന അയ്യപ്പിള്ള ആശാനാണെന്നു പറയേണ്ടതില്ലല്ലോ. രാമകഥ യുദ്ധകാണ്ഡാവസാനംവരെ വിസ്തരിച്ചെഴുതീട്ടുള്ള ഒരു ഗ്രന്ഥമാണു്. അതിലെ ഭാഷ പ്രഥമദർശനത്തിൽ രാമചരിതത്തിലെ ഭാഷയേക്കാൾ പ്രാചീനമായി തോന്നുമെങ്കിലും വാസ്തവ

---

* ആവാട്ടുറ=(ആവിനേയും) പശുവിനേയും ആടിനേയും കൊണ്ടു വ്യാപാരം ചെയ്യുന്ന ഇറമുഖം.

Digitized By Kerala Sahitya Akademi

ത്തിൽ അങ്ങനെയല്ലെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല. രാമചരിത കത്താവു തന്റെ കാവ്യരൂപമായ നിബന്ധനം അന്നു ദകരളത്തിൽ നട പ്പുള്ള ഗ്രന്ഥഭാഷയിൽ എഴുതുകയായിരുന്നു. രാമകഥാകത്താവിനു തന്റെ ഗാനരൂപമായ നിബന്ധനം നാടോടി (ദേശ്യ) ഭാഷയിലെഴുതണമെന്നു മാത്രമേ ഉദ്ദേശമുണ്ടായിരുന്നുള്ളു. തിരുവനന്തപുരത്തും അതിനു തെക്കും ഉള്ള പ്രദേശങ്ങളിൽ നല്ല മലയാളത്തിന്റെ ആവിർഭാവം ഉണ്ടായിട്ടു കാലമധികമായിട്ടില്ല. ഇന്നും തമിഴിന്റെ ഒരു ചുവ തദ്ദേശവാസികളു ടെ വാമൊഴിയിൽ വിട്ടമാറാതെ നിലനില്ക്കുന്നുണ്ടു്. ഈ വാമൊഴിയു ടെ പ്രാചീനരൂപമാണു് രാമകഥയിലെ ഭാഷ. ക്രി. പി. പതിനേഴാം ശതകത്തിൽ ദക്ഷിണകേരളത്തിൽ സംസാരിച്ചുവന്ന മലയാളം തമിഴി ന്റെ ഒരു വകഭേദം മാത്രമായിരുന്നു എന്നുള്ളതിനു് 'ഇരവിക്കുട്ടിപ്പിള്ള പ്പോർ'' എന്ന ഗ്രന്ഥം തന്നെ മതിയായ ഒരു തെളിവാണു്. തിരുമല നായക്കരുടെ സേനാധിപതിയായ രാമപ്പയ്യൻ ദളവാ കൽക്കുളം ആക്ര മിച്ചതും ഇരവിക്കുട്ടിപ്പിള്ള എന്ന രാജഭക്തനായ നായർയോദ്ധാവു് ആ ദ്ദേഹത്തിന്റെ സൈന്യത്തോടെതിർത്തു് യശശ്ശരീരനായി തീർന്നതും ക്രി. പി. 1645 ഇടയ്ക്കു് ആയിരുന്നു. 1904–ലെ ക്രിസ്ത്യൻ കാളേജു് മാഗ സീൻ എന്ന ഇംഗ്ലീഷുമാസികയിൽ തിരുവിതാംകൂറും വിജയനഗരവും എന്ന തലവാചകത്തിൽ ഈ ഗ്രന്ഥകാരൻ എഴുതീട്ടുള്ള ഉപന്യാസ ത്തിൽനിന്നു് ഈ സംഗതി വിശദമാകും. രാമപ്പയ്യനും ഇരവിക്കുട്ടിപ്പി ള്ളയും തമ്മിലുണ്ടായ യുദ്ധത്തെ വർണ്ണിച്ചു് ആ കാലത്തു് എഴുതീട്ടുള്ള ഒരു പാട്ടാണു് ഇരവിക്കുട്ടിപ്പിള്ളപ്പോർ. ഭാഷാരീതി കാണിക്കുവാൻ അതിൽനിന്നു് ഒരു ഭാഗം താഴെ ചേർത്തുകൊള്ളുന്നു.

വിരുത്തം 1.

"പണ്ടുപോൽ വഞ്ചിവേന്തൻ പരിചുടൻ കൽക്കുളത്തിൽ
അണ്ടർകോമാനെപ്പോറ്റിയവനീയാണ്ടിരിക്കും കാലം
തിണ്ടാടി രാമപ്പയ്യൻ ചേനൈ പടൈ തട്ടഴിന്തു
അൻറുകൊൽപ്പണകുടിയിലരുമ്പടൈ ചേകരിത്താർ

പാട്ടു്.

പട്ടവിട്ടാരെൻറ വാത്തൈ
പാളയക്കാർ കേട്ടപോതു
അട്ടതിക്കും പുകൾപടൈത്ത
ആണ്ടപടൈ വേലപ്പനൈ

Digitized By Kerala Sahitya Akademi

കട്ടിവൈത്ത പൊന്നതുപോൽ
കാത്തിരുന്ത കൺമണിയൈ
ചെറുത്തുവെട്ടിത്തലയുംകൊണ്ടു
ചിറന്തകപ്പൽപ്പണവുംകൊണ്ടു
പാണ്ടിനാട്ടിൽ മണിയാണ്ട
പണംകൊണ്ടുവരപ്പോനവരൈ
മീണ്ടുവരവിട്ടൊഴിയ
വേന്തരോടേ നില്പതില്ലൈ.
എന്റവാത്തൈ കേട്ടപോതു
ഉടനെ മുത്തുരാക്കുത്തനും
മറ്റുമുള്ളയാനയൈത്താൻ
മഞ്ചണനീരാട്ടിവര
നീരാട്ടിക്കൊണ്ടുവന്തു
പൊന്നാലെ തുടലണിന്തു
പാരാട്ടിപ്പണിയണിന്തു
മണിപ്പൂരവിക്കയറുംകെട്ടി
വെടിയുംമുന്നേ മതകരിയിൻ
മീതേറിത്തിചൈനോക്ക
നടതിടിമെന്റടിപെടവേ
പടയോടേ ചേർന്തിരുന്താർ.''

രാമകഥപ്പാട്ടിലെ ഭാഷയ്ക്ക് ഇരവിക്കുട്ടിപ്പിള്ളപ്പോരിലെ ഭാഷയിൽ നിന്നു വലിയ വ്യത്യാസമൊന്നുമില്ല. സംസ്കൃതവാക്കുകളെ തത്ഭവമായി പ്രയോഗിക്കണമെന്നുള്ള നിയമം രാമചരിതത്തിലുള്ളതുപോലെ രാമകഥയിലില്ല. ''നിനന്തുപലവിസ്മയമെഴുന്തതചരതതും'' ''മകിഴ്ന്തടൻ മകീചനൻപാൽ മന്തിരി സുമന്ത്രൻചൊല്ല'' മുതലായ വരികൾ നോക്കുക. എന്നാൽ രാമചരിതക്കാരനേപ്പോലെ ക്രിയകൾക്കു പുരുഷപ്രത്യയം വേണമെന്നുള്ള നിയമം ഈ ഗ്രന്ഥകർത്താവുമനുസരിച്ചിരുന്നില്ലെന്നുള്ളതിനു ''നമ്പിയചരാചനു പിറന്തു തചരതതും'', ''വെകുണ്ട കാലകാലൻ പാത്തിട വിഴന്തവനുള്ളമെരിന്തുതേ'' മുതലായ വരികൾ ദൃഷ്ടാന്തമാകുന്നു. ഋശ്യശൃംഗന്റെ ഹോമവും മറ്റും വായിക്കുമ്പോൾ ആര്യന്മാരുടെ ഈ മാതിരി നടപടികൾ ദ്രാവിഡന്മാർക്കു സർവസാധാരണമാകുന്നതിനു മുമ്പാണു് രാമകഥയുടെ നിർമ്മാണമെന്നും വിചാരി

Digitized By Kerala Sahitya Akademi

ക്കാം. തമ്പുരാൻപാട്ടിലെന്നതുപോലെ പറങ്കികളേയോ അവരുടെ കച്ചവടസാമാനങ്ങളേയോ പറ്റി യാതൊരു സൂചനയും രാമകഥയിലില്ല. ആകെക്കൂടി നോക്കുമ്പോൾ രാമകഥ ക്രിസ്തു പതിന്നാലാം ശതവർഷം അവസാനത്തിൽ എഴുതിയതായിരിക്കണമെന്നും കണ്ണശ്ശരാമായണം കണ്ടതിനുമേലാണ് അയ്യപ്പിള്ള ആശാൻ ഈ ഗ്രന്ഥം നിർമ്മിച്ചതെന്നുള്ള ഐതിഹ്യം അവിശ്വസനീയമല്ലെന്നുമാണ് അനുമാനിക്കേണ്ടിയിരിക്കുന്നത്. വാസ്തവത്തിൽ രാമകഥയെ പ്രാചീനമലയാളത്തിനു മാതൃകയായി ഗണിച്ചുകൂടുന്നതല്ല.

രാമകഥ ദേശ്യഭാഷയിൽ എഴുതിയതാകയാൽ അതു പിന്നീടുള്ള ഭാഷാസാഹിത്യത്തെ യാതൊരു വിധത്തിലും പോഷിപ്പിക്കുന്നതിനു പര്യാപ്തമായില്ല. രാമചരിതം, കണ്ണശ്ശരാമായണം, അദ്ധ്യാത്മരാമായണം ഇവയെ ഭാഷാഗംഗയിലെ ഹരിദ്വാരം, കാശി, പാടലീപുത്രം ഇങ്ങനെ വർണ്ണിക്കാമെങ്കിൽ രാമകഥ, ഇരവിക്കുട്ടിപ്പിള്ളപ്പോർ, തമ്പുരാൻപാട്ട് ഇവയെ ഭാഷയുടെ ഒരു ശാഖാനദിയുടെ തീരത്തുള്ള പട്ടണങ്ങളായാണ് വ്യവഹരിക്കേണ്ടതു്. ഇതിൽനിന്നു രാമകഥയ്ക്കു കാവ്യതാമില്ലെന്നോ അതിനു രാമചരിതാദികൃതികളെ അപേക്ഷിച്ചു സഹൃദയദൃഷ്ടിയിൽ അപകർഷമുണ്ടെന്നോ ഉള്ള ആശങ്കയ്ക്ക് അവകാശമില്ല. ഒരു ജാതി കൃതികളെ രാജഭാഷയിൽ ഒരാവശ്യത്തെ പുരസ്കരിച്ചും മറ്റൊരു ജാതി കൃതികളെ ദേശഭാഷയിൽ മറ്റൊരാവശ്യത്തെ പുരസ്കരിച്ചും കവികൾ നിർമ്മിച്ചു എന്നേ ധരിക്കേണ്ടതുള്ളു. രാമകഥയും ഒരു ഉത്തമകാവ്യം തന്നെയാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതിന്റെ ഏതു ഭാഗത്തിനും പരിണതപ്രജ്ഞനായ ഗ്രന്ഥകാരന്റെ പാണ്ഡിത്യവൈദഗ്ദ്ധ്യങ്ങൾക്കു സാക്ഷിനിൽക്കുവാൻ കഴിയും. ഗർഭിണികളായ പ്രേയസിമാരെ ദശരഥൻ പലതും പറഞ്ഞു സന്തോഷപ്പെടുത്തുന്ന ഘട്ടവും മറ്റും എത്ര സ്വാഭാവികമായും ഹൃദയംഗമമായുമിരിക്കുന്നു എന്നു പരിച്ഛേദിക്കാവുന്നതല്ല. അയ്യപ്പിള്ളആശാൻ ആദ്യം ഒരു നിരക്ഷരകുക്ഷി ആയിരുന്നു എന്നും പഴം തിന്നാണ് കവിയായതെന്നും പറയുന്നതിൽപരം അസംബന്ധമൊന്നുമില്ല. വാസുഭട്ടതിരി താൻ ഭാരതഗുരുവിന്റെ ശിഷ്യനായിരുന്നു എന്നു് യുധിഷ്ഠിരവിജയകാവ്യത്തിൽ മുക്തകണ്ഠം ഘോഷിക്കുന്നുണ്ട്. അയ്യപ്പിള്ളആശാനും വ്യൽപന്നനായ ഒരു ദ്രാവിഡപണ്ഡിതനായിരുന്നു എന്നാണ് ഞാൻ രാമകഥപ്പാട്ടിൽനിന്നു് അനുമാനിക്കുന്നതു്. ലേഖകപ്രമാദം നിമിത്തം കാലാന്തരത്തിൽ പല അപഭ്രംശങ്ങളും ഒഴിയാബ്ബാധകൾപോലെ ഈ ഗ്രന്ഥത്തിൽ കടന്നുകൂടീട്ടുണ്ട്. "കൌതുകം" "കൌസുഖം" എന്നാണ് ഇപ്പോൾ ചില രസികന്മാരായ വിദ്യാർത്ഥിച്ചാൻപാട്ടുകാർ എഴുതിപ്പഠിക്കുന്നതു്. ഇതിനൊന്നും ഗ്രന്ഥ

Digitized By Kerala Sahitya Akademi

കത്താവു് ഉത്തരവാദിയല്ലെന്നു പറയേണ്ടതില്ലല്ലോ. രാമകഥപ്പാട്ടു് അചിരേണ സമഗ്രമായി പ്രസിദ്ധപ്പെടുത്തേണ്ട ഒരു മഹാഗ്രന്ഥം തന്നെയാണു്.

കൃഷ്ണഗാഥാകൃതികൾപോലും മലയാളമെന്നു സമ്മതിക്കുവാൻ മടിയുള്ളവരും കണ്ണശ്ശരാമായണാദികൃതികൾ തമിഴെന്നു പറഞ്ഞു പുച്ഛിക്കുവാൻ ലജ്ജയില്ലാത്തവരുമായ ചില പ്രാജ്ഞമ്മന്യമനസ്സുകൾ നമ്മുടെ ഇടയിലുണ്ടു്. അവർക്കു് എഴുത്തച്ഛന്റെ കാലംവരേയുള്ള മലയാളകവിതകൾ തമിഴും ഭാഷാചമ്പുക്കളും ആട്ടക്കഥകളും സംസ്കൃതവുമാണു്. "അർദ്ധം ദാനവവൈരിണാ ഗിരിജയാപ്യർദ്ധം ഹരസ്യാഹൃതം ദേവേത്ഥം ജഗതീതലേ പുരഹരാഭാവേ സമുന്മീലതി" എന്നു പറഞ്ഞതുപോലെയായല്ലോ അപ്പോൾ ഭാഷാസാഹിത്യത്തിന്റെ സ്ഥിതി. ഇതു് എങ്ങിനെ നോക്കിയാലും ആശാസ്യമായ ഒരു മനോഭാവമല്ലെന്നു പറയേണ്ടതു്. എഴുത്തച്ഛനുമുമ്പു മലയാളത്തിൽ സാഹിത്യമില്ലെന്നു പറയുന്നതു കാളിദാസക്കുമുമ്പു സംസ്കൃതത്തിലും ഷേക്സ്പീയക്കുമുമ്പു് ഇംഗ്ലീഷിലും സാഹിത്യമില്ലെന്നു പറയുന്നതിനൊപ്പമായിരിക്കും. എഴുത്തച്ഛനുമുമ്പു ഭാഷാസാഹിത്യമുണ്ടായിരുന്നു എന്നു മാത്രമല്ല ആ സാഹിത്യം നമുക്കു് സർവഥാ അഭിമാനിക്കത്തക്ക ഒരു നിലയിൽ എത്തുകകൂടിച്ചെയ്തിരുന്നു എന്നു രാമചരിതാദിഗ്രന്ഥങ്ങളിൽനിന്നു നിർമ്മത്സരന്മാരായ സഹൃദയന്മാക്കു കരതലാമലകംപോലെ കാണാവുന്നതാകയാൽ ആ സംഗതിയെപ്പറ്റി ചർവിതചർവണം ചെയ്യുന്നതു് അനാവശ്യകമാകുന്നു. പ്രാചീനഭാഷാകൃതികളിൽ കേരളീയർക്കു പൂർവാധികം അഭിരുചി ജനിക്കുമെങ്കിൽ അതിനാൽമാത്രം ഞാൻ കൃതാർത്ഥനാകുന്നതാണു്.

(1091)

Digitized By Kerala Sahitya Akademi

5. നിരണം കവികൾ

"മദ്ധ്യകാലമലയാളമാതൃകകൾ" എന്ന ഗ്രന്ഥപരമ്പരയുടെ ഒന്നാംഭാഗമായി കണ്ണശ്ശരാമായണം ആരണ്യകാണ്ഡം ഞാൻ 1084-ൽ പ്രസിദ്ധീകരിച്ചപ്പോൾ അതിന്റെ അവതാരികയിൽ "ഭാഷാഭിമാനികളുടെ സഹായം വേണ്ടതുപോലെ ഉണ്ടാകുമെങ്കിൽ രാമായണത്തിന്റെ ശേഷം കാണ്ഡങ്ങളും ഉത്തരരാമായണവും, ഭാരതവും, ഭഗവൽഗീതയും കൂടി എന്റെ കൈവശമുള്ളതു ക്രമേണ അച്ചടിപ്പിക്കാമെന്നുദ്ദേശിക്കുന്നു" എന്നു പ്രസ്താവിച്ചിരുന്നു. അവയിൽ ഭഗവൽഗീതയും, അന്നു ഞാനും ഇന്നുവരെ മറ്റാരും കാണാത്തതായ ശിവരാത്രി മാഹാത്മ്യമെന്ന ഒരപൂർവകൃതിയും ഇപ്പോൾ മഹാജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവല്ലാതാലൂക്കിൽ ചേന്ന നിരണം എന്ന സ്ഥലത്തു തൃക്കപാലീശ്വരം എന്നൊരു ശിവക്ഷേത്രമുണ്ട്. ഈ ക്ഷേത്രത്തിനു മുൻകാലത്തു് ഇന്നത്തേക്കാൾ അധികം പ്രസിദ്ധിയുണ്ടായിരുന്നു ഇതിനു കുറെ അകലത്തായി കണ്ണശ്ശൻപറമ്പു് എന്ന പേരിൽ ഒരു പുരയിടം ഇപ്പോഴുമുണ്ട്. ഈ പുരയിടമാണു് മഹാകവി കണ്ണശ്ശപ്പണിക്കരുടെ ജന്മഭൂമി. ക്ഷേത്രത്തിൽ നിന്നു സ്വഗൃഹത്തിലേക്കു പോകുന്നതിനുള്ള ലക്ഷ്യം കാണിച്ചു് അദ്ദേഹം 'ചെമ്പൊടിരുമു മുരുക്കുശരക്കോലമ്പത്തീരടിമുൻപുവലത്തു്' എന്നൊരു കവി പാടീട്ടുള്ളതായി ഐതിഹ്യമുണ്ട്. ഇതിന്റെ അർത്ഥം ക്ഷേത്രത്തിനു സമീപം ഒരു മൂശാരിയുടേയും അതിനപ്പുറത്തായി ഒരു കൊല്ലന്റേയും അതിനുമപ്പുറത്തായി ഒരാശാരിയുടേയും വീടുകളുണ്ടായിരുന്നു എന്നും ആശാരിയുടെ വീട്ടിനു് അമ്പത്തിരണ്ടടി മാറി വലതുവശത്തായിരുന്നതന്റെ ഗൃഹമെന്നുമാണു്.

നിരണത്തു ജനിച്ചവരായി ഏകദേശം സമകാലീനന്മാരെന്നു പറയാവുന്ന മൂന്നു ഭാഷാകവികളെപ്പറ്റി നമുക്കിപ്പോളറിവുണ്ടു്. അവരിൽ ഒന്നാമൻ ഭഗവൽഗീതാകർത്താവായ മാധവപ്പണിക്കരും, രണ്ടാമൻ ഭാരതമാലാകർത്താവായ ശങ്കരപ്പണിക്കരും, മൂന്നാമൻ രാമായണാദി വിവിധഗ്രന്ഥനിർമ്മാതാവായ രാമപ്പണിക്കരുമാണു്. തന്റെ അമ്മയുടെ അമ്മാവനായിരുന്ന കണ്ണശ്ശപ്പണിക്കർ, അഥവാ കവിശേഖരൻ എന്നു രാമപ്പണിക്കർ ഉത്തരരാമായണത്തിന്റെ അവസാനത്തിൽ താഴെ കാണുന്ന പാട്ടിൽ പ്രതിപാദിക്കുന്നു.

Digitized By Kerala Sahitya Akademi

" വാനലകിനസമമാകിയ നിരണ–
മഹാദേശേ താൻ വന്നളനായാ–
നനമിലാത മഹാഗുരുവരനാ–
യുഭയകവീശ്വരനായ മഹാത്മാ
മാനിതനാകിയ കരുണേശൻ പര–
മാത്മാവേ താനെന്നറിവുറ്റേ
ദീനതവാരാതേ മറ്റോരോ
ദേഹികളെപ്പോൽ വാണ്ണാൻ പലനാൾ.
ആനവനിരുവർ തനുജരുളന്മാ–
രായാരവരുടെ സോദരിമാരായ്
മാനിനിമാരൊരുമൂവർ പിറന്നാർ
മറ്റുകാലമവൻതിരുവടിയും
താനുടനേ തന്നുടലൊട്ടുവേറായ്
തനിയേ പരമാത്മാവേയായാ-
നാനവനോടെതിരായ് വിദ്യാധിപ–
രായാർ പുനരവനുടെ തനയന്മാർ,
തനയന്മാരാമവരിരുവക്ക
സഹോദരിമാർമൂവക്കും മകനാ–
യനുപമയായവൾ മൂവരിലിളയവ–
ളാകിയമാനിനിപെറ്റുളനായാൻ
ഇനിയമഹാദേവാജ്ഞയിനാലേ–
യിതമൊട്ടവാലകനാകിയ രാമൻ
പുനരവനും നിജപാപംകളുവാൻ
പുരുഷോത്തമകഥചൊല്ലു തുനിഞ്ഞാൻ."

ഇതിൽനിന്നു രാമപ്പണിക്കരുടെ മാതാമഹൻ പ്രസിദ്ധപണ്ഡിതനും പരമയോഗിയും മഹാവിശിഷ്ടനുമായ ഒരു പുരുഷരത്നമായിരുന്നു എന്നും അദ്ദേഹം "ഉഭയകവീശ്വരൻ" അതായതു മലയാളത്തിലും സംസ്കൃതത്തിലും കവനം ചെയ്യുന്ന മഹാന്മാരിൽ * പ്രഥഗണനീയനായിരുന്നുവെന്നും അദ്ദേഹത്തിനു രണ്ടു പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ടായി

---

* ഉഭയകവീശ്വരൻ എന്ന ബിരുദം സംസ്കൃതത്തിലും കർണ്ണാടകത്തിലും കവനം ചെയ്വാൻ സാമർത്ഥ്യമുള്ള കർണ്ണാടകകവികളും ധരിച്ചിരുന്നു.

Digitized By Kerala Sahitya Akademi

രുന്ന എന്നും പുത്രന്മാർ രണ്ടുപേരും അച്ഛനേപ്പോലെതന്നെ വിദ്യാധിപർ അഥവാ മഹാവിദ്വാന്മാരായിരുന്ന എന്നും രാമപ്പണിക്കർ അവരുടെ ഒട്ടവിലത്തെ സഹോദരിയുടെ പുത്രനായിരുന്ന എന്നും തെളിയുന്നുണ്ട്. കണ്ണശ്ശരാമായണം എന്ന് ഗ്രന്ഥത്തിനു പേർ വന്നതു് അതു കണ്ണശ്ശന്റെ വംശജനായ ഒരു കവി നിർമ്മിച്ച രാമായണമായതുകൊണ്ടായിരിക്കാം; അഥവാ തന്റെ വലിയമ്മാവന്റെ പേരാൽ രാമപ്പണിക്കരും അറിയപ്പെട്ടിരുന്ന എന്നും വന്നുകൂടായ്കയില്ല. രാമായണം, കവിയുടെ ബാല്യത്തിലെ കൃതിയാണെന്നുള്ളതിനു യുദ്ധകാണ്ഡത്തിന്റെ അവസാനത്തിൽ

"അവനിയിൽനന്മചേർനിരണംതന്നിക്കൊരുദിപമായ്മ—
റ്റവതരണംരചിപ്പാൻ കരുണേശനാകിയ ദേശികൻ മ—
റ്റവനവണ്ണംപിറന്നുള്ള പുത്രരാമവർകൾക്കെല്ലാമൻ—
പമർമരുകൻ കനിഞ്ഞൊരു രാമദാസനതീവബാലൻ
അവനിയിൽമുമ്പു മാമുനിതാനിയറ്റിയ ചാരുരാമാ—
യണമതുകണ്ടതീവ ചുരുക്കമായിവണ്ണം മൊഴിഞ്ഞാൻ."

എന്നു കാണുന്ന പാട്ടു് ലക്ഷ്യമാണു്. മരുകൻ എന്ന പദത്തിനു മരുമകൻ എന്നാണർത്ഥം. രാമായണത്തിനു പിന്നീടാണു് രാമപ്പണിക്കർ ഭാരതമുണ്ടാക്കിയതു്.

"കളവാൻ പാപം മുന്നേ രാമ—
കഥാമൊട്ടായപ്രകാരം ചൊന്നേ—
നിളയാതേ ശ്രീകൃഷ്ണകഥായാ—
മിനിയെളുതൊരുപടി ചൊല്ലുതുനിഞ്ഞാൻ.
എളിയോനകൃതിയിവൻപുനരെന്റോ—
ത്തെന്നെയിതിന്നികഴാരറിവുടയോർ;
ജളരാമവരപരാധംചൊന്നാൽ
ചേതവുമില്ല നുറുങ്ങു നമുക്കോ."

എന്നുള്ള ഭാരതത്തിലേ പാട്ടു് ഇതിനു ലക്ഷ്യമാകുന്നു. അകൃതി അഗതിയുടെ തത്ഭവമാണു്.

ഈ കവിയുടെ കൃതിതന്നെയാണു് ശിവരാത്രിമാഹാത്മ്യവും.

Digitized By Kerala Sahitya Akademi

"ഇതു നിരണെത്തു കപാലീശ്വരമാ-
ന്നിടിന പശ്ചുപതിതന്നതുളാലേ-
യിതമൊടവൻതിരുവടിയുടെ ചരിത-
മിയന്വുവതിന്നതുനിഞ്ഞിതു മുറ്റും.
ബത! ഗുരുനാഥന്മാരറിവിടിയ
വേദവ്യാസാദികളുമെനിക്കി-
ങ്ങതിസുഖമായ് നൽകീടുക വരമി-
ങ്ങണയാ മമ പാതകമിതുചൊന്നാൽ.
ആരണരാദിസമസ്തപ്രാണിക-
ളാമവർകൾക്കും പാപം കളവാൻ
കാരണമാകിയ ശിവരാത്രൌ വ്രത-
കഥയിതു തന്നാലായപ്രകാരം
സാരതയില്ലാതകൃതിയിരാമൻ
താൻനിരണത്തുകപാലീശ്വരമേ
ചേരുമാപതിതന്നരുളാലേ
ചെയ്താനേവം ഭാഷയിനാലേ".

എന്ന പാട്ടുകളിൽനിന്നു വിശദമാകും.

രാമപ്പണിക്കരുടെ ഭാരതം ശങ്കരപ്പണിക്കരുടെ ഭാരതമാലയിൽ നിന്നു വ്യത്യസ്തമാണു്. ഭാരതമാലാകർത്താവു ഗ്രന്ഥാവസാനത്തിൽ തന്നെപ്പറ്റി,

"തന്നുണർവേ സംസാരച്ഛേദ-
സമസ്തവുമായേ കാലവുമെണ്ണും
തന്നിനിറഞ്ഞഖിലത്തിനുമൊത്തു
തുരീയാതീതവുമായുണർവായേ
തന്നുണർവായുണർവേ വടിവാകി-
മഹാഭാരതകഥ ശങ്കരനൻപൊട്ട
ച്ചൊന്നതുരയ്ക്കു വരെയ്യുവരെന്നും
ശോകമൊഴിഞ്ഞവനന്തസുഖത്തെ"

എന്ന പാട്ടിൽ പ്രസ്താവിച്ചിട്ടുണ്ടു്. രാമപ്പണിക്കരുടെ ഭാരതം ഭാരതമാലയെക്കാൾ വളരെ വിസ്തരിച്ചു് എഴുതീട്ടുള്ളതാണു്. അതു് അവ

Digitized By Kerala Sahitya Akademi

സാനിപ്പിക്കുവാൻ കവിക്കു് ഇടവന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ദ്രോണപർവത്തിനു മേലുള്ള ഭാഗങ്ങൾ എനിക്കു കാണ്മാൻ സാധിച്ചിട്ടില്ല.

ഇതുകൂടാതെ രാമപ്പണിക്കർ ശ്രീമത്ഭാഗവതം ദശമസ്കന്ധം വിസ്തരിച്ചു മലയാളത്തിൽ പാട്ടാക്കീട്ടുണ്ടു്. ഇതിനു കണ്ണശ്ശഭാഗവതം എന്നു പേർ പറയുന്നു. ഈ മഹാഗ്രന്ഥത്തിന്റെ അവസാനത്തിൽ നിന്നു മാതൃകയ്ക്കായി ചില പാട്ടുകൾ ഉദ്ധരിച്ചുകൊള്ളുന്നു.

" ഇതമായീവണ്ണം കുരുവരനാ–
യീടിന നല്ല പരിക്ഷിത്തിന്നായ്
മതിമാനാകിയ ശ്രീശുകമാമുനി
മംഗലനാകിയ ശ്രീകൃഷ്ണന്റെ
പുതുതാംനാഴികതോറുമുളാകിയ
പുണ്യമതായീടും കഥചൊന്നതു–
മതുജ്ഞാനായവണ്ണംഭാഷയിതാ–
ലാദരവോടിതുകാലം ചൊന്നേൻ.
ആദരവോട്ടു പരാശരതനയനു–
മാകിയ ശ്രീവേദവ്യാസൻ മുനി
മാധുര്യാദികളോടരുൾചെയ്ത
മഹാകഥ ശ്രീഭാഗവതമിതിഹഞാൻ
ഏതുമറിഞ്ഞീടാതൊരുബാലക–
നെതിരായേചൊന്നേനിവിടെപ്പല
ചേതമുളായീടുകിലുംമഹത്തുകൾ
ചീറാറ്റുകുതിയിതെന്നുമറിഞ്ഞേ.
അറിവേ വടിവാകിയ നാരായണ–
നാകിയ ശ്രീകൃഷ്ണനുടേ സൽകഥ–
യുറവൊട്ടചൊല്ലീടുകവെന്റാലൊ–
ന്നാത്തീടുക മാനസമതുകണ്ണം
നിറമൊടേ കേട്ടീടുകയിതിനെ
നിനച്ചുമുരത്തും കേൾപ്പവർ തന്നോ–

Digitized By Kerala Sahitya Akademi

ട്ടറവേറുകമാനസമിതുവരുവാ–
നോമനയോടിതുചൊല്ലീതടിയേൻ
അടിയേനിവണ്ണം ഭ്രമിയിലേ വാ–
ണ്ണതുളകിലും സ്വർഗ്ഗംമേവുകിലും
കൊട്ടതായ്മേവീടിൻറവരരികേ
കൊണ്ടായീട്ടകിലും ചിതമായേ
അടിയാക്കരുവിനതീത്തരുളം നി–
ന്നടിമലരിണയിലുറച്ചൊരു ഭക്തിയെ
യടിയേനരുളക പരമാനന്ദാ!
അച്യുതനേ! നാരായണ! ദേവ!
നാരായണനേ! പരമാനന്ദാ!
നന്മറയിന്നമുൾപ്പൊരുളായ്നേവിയ
കാരാർമുകിൽവണ്ണാ! കരുണേശാ!
കമലോത്ഭവനും കത്താവായേ
പേരായിരമിയലും പരമേശാ!
പേത്തു പേത്തുമിതെവിടെയിതടിയൻ
നേരേ തത്ര പിറക്കിൻറവിടേ
നിനവീട്ടക നിന്മലരടിയെന്റും.
അടിമലരിണയിലുറച്ചൊരുഭക്ത്യാ–
വേഗത്തോടേ നിന്നുടെ കഥകളെ
വടിവൊട്ട കീർത്തിപ്പാൻ കേൾപ്പാനും
മംഗലമായീടിൻറൊരുഭാഗ്യം
തടവുകളീടാതേയൊരുനാളും
തന്നീട്ടക;പുനരതിനെയൊഴിച്ചാ–
ന്റടിയേനില്ലൊരപേക്ഷ മുകുന്ദാ!
അച്യുതനേ! നാരായണ! ദേവാ!
ദേവകിമകനായേയവതാരം
ദേവകൾ വിധിയാലേ ചെയ്തീടിയ
പൂവിൽമടന്തമണാളൻതന്നുടെ
പുണ്യമതായീട്ടം കഥ ചെമ്മേ
ആവിയിലുളവായീട്ടം ദുരിത–

Digitized By Kerala Sahitya Akademi

മറുംപടി രാമനരത്തീടിയകവി

ഏവരുരത്തീടിൻറവരേവരു-
മെയ്തീടും പരമാമറിവോടേ.

ശങ്കരകവി ശ്രീകൃഷ്ണവിജയകത്താവാണെന്നു് ഇപ്പോൾ തെളിഞ്ഞിട്ടുള്ള സ്ഥിതിക്കു് ഭാരതമാലയുടെ നിർമ്മാതാവായ ശങ്കരപ്പണിക്കർ അന്യനാണെന്നു പറയേണ്ടതില്ലല്ലൊ. ഭാരതമാലാകാരനും ഭഗവൽഗീതാകാരനായ മാധവപ്പണിക്കരും "താനവനോടെതിരായു് വിദ്യാധിപരായാർ പുനരവനുടെ തനയന്മാർ" എന്നു രാമപ്പണിക്കർ പ്രശംസിക്കുന്നതന്റെ വലിയമ്മാവന്മാരുടെ പുത്രന്മാരാകുവാൻ ന്യായമുണ്ടു്.

ഈ മൂന്നു കവികളും കൊല്ലം ആറാം ശതവർഷത്തിലാണു് ജീവിച്ചിരുന്നതു്. അവരുടെ കൃതികൾ അന്നു നാട്ടിൽ നടപ്പുണ്ടായിരുന്ന ഭാഷയിലത്രേ എഴുതപ്പെട്ടിട്ടുള്ളതു്.

നിരണകവികളുടെ വൃത്തത്തിനു നിരണവൃത്തം എന്നൊരു പേർ മുൻപിനാലേ ഉള്ളതാണു്. നിരണകവികൾക്കു വാസ്തവത്തിൽ നാലു വൃത്തങ്ങളുണ്ടു്. അവയിൽ പ്രധാനമായിട്ടുള്ളതു പതിനാറു മാത്രകൾ വീതമുള്ള രണ്ടു ഖണ്ഡങ്ങളോടുകൂടിയ നാലു പാദങ്ങൾ അടങ്ങിയ ഒരു വൃത്തമാണു്. ഒരു പാട്ടിൽ 128 മാത്രകൾ വീതമുണ്ടായിരിക്കണമെന്നാണു് കണക്കു്. ഈ വൃത്തം തന്നെയാണു് അനന്തരകാലങ്ങളിൽ പ്രകാരാന്തരേണ ഓട്ടൻതുള്ളലായി പരിണമിച്ചുകാണുന്നതു്. ശിവരാത്രിമാഹാത്മ്യം മുഴുവൻ ഈ വൃത്തത്തിൽ തന്നെ ഗ്രഥിക്കപ്പെട്ടിരിക്കുന്നു. ഭഗവൽഗീത ആറാമദ്ധ്യായത്തിൽ കുറെ ഭാഗങ്ങളിൽ പാദത്തിനു മുപ്പത്തെട്ടും ചില പാട്ടുകളിൽ നാല്പതും വീതം മാത്രകൾ കാണുന്നുണ്ടു്. പതിനൊന്നാമദ്ധ്യായത്തിൽ കുറേ പാട്ടുകൾ അൻപതു മാത്രകൾവീതമുള്ള പാദങ്ങളിലും നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഇവയിൽ ആദ്യത്തേതൊഴിച്ചു് മറ്റു വൃത്തങ്ങളെല്ലാം ഭാഷയിൽ അതിനുമുമ്പുതന്നെ പ്രചുരപ്രചാരങ്ങളായിരുന്നു. ഇതുകൂടാതെ അന്താദിപ്രാസവും പൂർവസമ്പ്രദായമനുസരിച്ചു് നിരണകവികൾ സ്വീകരിച്ചിരുന്നു.

ശിവരാത്രിമാഹാത്മ്യകത്താവിന്റെ കവിതാസാമർത്ഥ്യം സുപ്രസിദ്ധമാകയാൽ അതിനെപ്പറ്റി ഇവിടെ ഒന്നും പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല. കണ്ണശ്ശരാമായണത്തിലെ സാരള്യാദിഗുണങ്ങൾ മുഴുവൻ ഈ ഖണ്ഡകാവ്യത്തിലും പ്രതിഫലിച്ചു കാണുന്നു എന്നു മാത്രമേ സമഷ്ടിയായി അതിനെപ്പറ്റി പ്രസ്താവിക്കേണ്ടതുള്ളു.

Digitized By Kerala Sahitya Akademi

സകലോപനിഷൽസാരസർവസ്വവും ഭാരതീയരുടെ ആത്മാഭിമാനത്തിനു ശാശ്വതഭാജനവുമായ ഭഗവൽഗീതയുടെ മാഹാത്മ്യത്തെയും മറും പറ്റി എന്തെങ്കിലുമെഴുതുകയെന്നുവച്ചാൽ അതുതന്നെ ഒരു പ്രത്യേക പുസ്തകമായി തീർന്നേയ്ക്കുമെന്നുള്ള ഭയം എന്നെ ആ സാഹസത്തിൽ നിന്നു വിരമിപ്പിക്കുന്നു. മനുഷ്യന്റെ മാനസികങ്ങളായ സന്ദേഹങ്ങൾക്ക് ഈ ഗ്രന്ഥപാരായണത്തിൽ നിന്നു സിദ്ധിക്കുന്ന നിർവൃതി അന്യാദൃശമാണെന്നുള്ളതു് ആക്ഷം അനുഭവവേദ്യമാണു്. ഈ മഹാഗ്രന്ഥത്തിന്റെ ആവിർഭാവം ബുദ്ധാവതാരത്തിനു മുമ്പാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഭാരതഭൂമിയിൽ കൃഷ്ണാരാധനം ക്രിസ്തുവിന്റെ ജനനത്തിനു പിന്നീടാണെന്നും കൃഷ്ണപദം തന്നെ ക്രിസ്തുപദത്തിന്റെ തദ്ഭവമാണെന്നും ചിലരുടെ ഇടയിൽ സമീപകാലംവരെ ഉണ്ടായിരുന്ന വിശ്വാസം ആപാദചൂഡം അസംഗതമാണെന്നു് ഇപ്പോൾ എല്ലാവരും സമ്മതിക്കുന്നു. അതിനു കാരണം ക്രിസ്തുവിന്റെ ജനനത്തിനുമുമ്പു സിയോൺ എന്ന ഗ്രീക്കുകാരന്റെ പുത്രനായ ഹെലിയൊഡോറസ് എന്ന കൃഷ്ണഭക്തൻ ഗ്വാളിയോർ രാജ്യത്തിന്റെ ദക്ഷിണഭാഗത്തിൽ വിദിശാനഗരത്തിനു സമീപമുള്ള വേശനഗരത്തിൽ വാസുദേവാരാധനത്തിനുവേണ്ടി സ്ഥാപിച്ചിരുന്ന ഗരുഡദ്ധ്വജപ്രതിമ പുരാവസ്തുസംരക്ഷകർ ഈയിടയ്ക്കു കണ്ടുപിടിച്ചിട്ടുള്ളതാണു്. ഭഗവദ്ഗീതായോഗം ശതപഥബ്രാഹ്മണകാലത്തിൽത്തന്നെ ഹിന്ദുക്കൾക്കു സുപരിചിതമായിരുന്നു. അതിൽ പ്രതിപാദിക്കുന്നതുപോലെ ഐശ്വര്യത്തെയും സ്വരാജ്യത്തെയും ആധിപത്യത്തെയും പ്രദാനംചെയ്യുന്ന സർവമേധം ഒരു ഭഗവദ്ഗീതായോഗത്തിന്റെ പര്യായമല്ലെന്നു് ആക്ഷം വാദിക്കാവുന്നതല്ല.

കേരളഭാഷാസാഹിത്യത്തിന്റെ ദാരിദ്ര്യദുഃഖത്തെപ്പറ്റി ശോചിക്കുന്നവർ പലരുമുണ്ടു്; അവരോടു് ഞാൻ ആ ഭാഷയിലാണു് ലോകത്തിൽ ഭഗവൽഗീത ആദ്യമായി സംസ്കൃതത്തിൽനിന്നു തർജ്ജിമചെയ്യപ്പെട്ടതുകാണുന്നതു് എന്നു പറഞ്ഞാൽ അവരുടെ മനസ്സിൽ അങ്കുരിക്കുന്ന വികാരങ്ങൾ എന്തായിരിക്കുമെന്നു് ഊഹിക്കുവാൻകൂടി പ്രയാസമാണു്. ഈ ഒരു സംഗതി കേരളീയർക്കു മഹത്ത്വം ശാശ്വതവുമായ അഭിമാനത്തിനു കാരണമാകുന്നു.

"ഉഴറിയരുളീന മൊഴികളുപനിഷത്താകയാലോതിനാർ ഗീതയെന്നാദരാൽ ജ്ഞാനികൾ" എന്നുമാത്രം ഭഗവൽഗീതയെപ്പറ്റി എഴുതിക്കൂട്ടുതൽ ഒരക്ഷരം മിണ്ടാതെ തുഞ്ചത്തെഴുത്തച്ഛൻ അപ്പുറത്തേയ്ക്കുകടന്നതു മലയാള ബ്രാഹ്മണരെ കുറിച്ചുള്ള ഭയംനിമിത്തമാണെന്നു ചിലരുടെ ഇടയിൽ ഇന്നും ഒരന്ധവിശ്വാസമുണ്ടു്. അദ്ദേഹത്തിന്റെ കാലത്തിനു്

Digitized By Kerala Sahitya Akademi

ഏകദേശം ഇരുന്നൂറുകൊല്ലത്തിനു മുമ്പുതന്നെ കൊല്ലം കൊലയും നടത്തി രാജ്യപരിപാലനം ചെയ്തുവന്ന ഒരുകൂട്ടം മലയാളബ്രാഹ്മണരുടെ—പത്തില്ലത്തിൽ പോറ്റിമാരുടെ—കൊഴുവനായ മറ്റൊരു ചക്കാലനായക്കു ശാങ്കരഭാഷ്യത്തോടുകൂടി ഭഗവൽഗീത വായിച്ചു മനസ്സിലാക്കുന്നതിനും അതു ലോകാനുഗ്രഹാർത്ഥം മലയാളത്തിൽ തർജിമചെയ്യുന്നതിനും എങ്ങനെ സാധിച്ചു എന്നുള്ള ചോദ്യത്തിനുത്തരം പറവാൻ ഈ വിശ്വാസം നമ്മെ സഹായിക്കുന്നില്ല. എഴുത്തച്ഛൻ ഭഗവൽഗീത ഭാഷാന്തരപ്പെടുത്താത്തതു തന്നെപ്പോലെ ഒരു മഹാകവി ആ പണി അതിനു മുമ്പുതന്നെ കഴിച്ചിരുന്നതിനാലാണെന്നു സ്പഷ്ടമാകുന്നുണ്ട്. എഴുത്തച്ഛൻ കവിതാവിഷയത്തിൽ പൂർവസൂരികളോടും പ്രത്യേകിച്ചു് നിരണം കവികളോടും അത്യധികം കടപ്പെട്ടിരുന്നു.

മാധവപ്പണിക്കർ ഒരു പണ്ഡിതസാർവഭൌമനും ഭക്തശിരോമണിയുമായ മഹാകവിയായിരുന്നു എന്നുള്ളതിനു് ഈ ഭഗവൽഗീത പദ്യാഷ്ടമായ ലക്ഷ്യമാണു്. ശ്രീകൃഷ്ണനെപ്പറ്റി ഓരോ അദ്ധ്യായാവസാനത്തിലും കാണുന്നതും മൂലത്തിലില്ലാത്തതുമായ വർണ്ണനകൾ എത്ര ഹൃദയംഗമങ്ങളായിരിക്കുന്നു! ശബ്ദാർത്ഥങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന നിഷ്കൃഷ്ടത്തിനു താഴെക്കാണുന്ന രണ്ടു പാട്ടുകൾ മുഖ്യാഭിഷ്ടിക്കുദാഹരണങ്ങളാണെന്നു ഞാൻ വിചാരിക്കുന്നു.

അഴതളവേ കണ്ണീർ മെയ്മാർവി–
ലതിവപൊഴിഞ്ഞുടനജ്ജനഹൃദയേ
മുഴുതുമെഴും ശോകാഗ്നിശമിക്ക
മുകുന്ദാഞ്ജനമേഘം തന്നിടയേ
അഴകിയ മന്ദസ്മിതമിന്നോട്ട–
മനന്തരമേ ചൊൽധാരകളോട്ടം
വഴിയേയുണ്മജ്ഞാനാമൃത മഴ–
വഷിപ്പാൻ വടിവൊട്ട നിനവുറ്റാൻ. 1-6.
അംഭോജങ്ങൾ വിരിഞ്ഞതിനാലേ–
യഖിലതരം വാപികൾ ശോഭിക്കും
കൊമ്പോടയർകരിയും ശോഭിക്കും
കൂടൊഴുകീടിന മദജലമതിനാൽ;
പൊൻഭ്രഷണമതിൽമണിശോഭിക്കും;
ഭുവനംശോഭിക്കും ഭാസ്വരനാ–

Digitized By Kerala Sahitya Akademi

ലമ്പോറീടിന ഭഗവൽഗീതയു–
മറിവോർസഭനട്ടവേ ശോഭിക്കും. 18–43.

പണിക്കരുടെ കവിതാവാസന മൂലത്തിന്റെ വിഷയസ്വഭാവത്താൽ ഏറെക്കുറെ ബദ്ധമെന്നപോലെയും, ബന്ധനത്തിൽനിന്നു അവിടെവിടെ മോചനം ലഭിക്കുമ്പോൾ പൂർവാധികം ലളിതമനോഹരമായും കാണപ്പെടുന്നു.

"തുടരില്ലാമദയാനകണക്കേ"
"പൊന്നിൽവിളങ്ങും മണിപോൽ,"
"പിലയറിവാനരുതാകിയരത്നം.. .. .. ..
.. .. മഹിമവിരോധം വരുമോ"
"പേയുയിർമുലയോട്ടണ്ടളയുംതയിർ
.. .. ആലിലയിൽ വളന്നോൻ,"

ഇത്യാദി പദപ്രയോഗങ്ങൾ നോക്കുക. പണിക്കരുടെ ഫലിതരസത്തിലുള്ള പ്രതിപത്തിക്കും ഗീതയിൽനിന്നു് പല ദൃഷ്ടാന്തങ്ങൾ കണ്ടുപിടിക്കാവുന്നതാണു്.

ഭഗവൽഗീതയ്ക്കു് ഇപ്പോൾ ഭാഷയിൽ പദ്യമായും ഗദ്യമായും പല തർജ്ജിമകളുണ്ടു്. എന്നിരുന്നാലും കേരളീയർ അറുനൂറോളം കൊല്ലങ്ങൾക്കുമുമ്പു്, അന്യഭാഷകളിൽ ഈ വിശിഷ്ടഗ്രന്ഥം സംക്രാന്തമാകാതെയിരുന്ന ഒരു കാലത്തു്, അതു് അവരുടെ ഭാഷയിൽ തർജ്ജിമചെയ്ത ഒരു കവിയെ ആദരിക്കുന്നതിലും അദ്ദേഹത്തിന്റെ കവിത വായിച്ചു രസിക്കുന്നതിലും പരാങ്മുഖന്മാരായിരിക്കുകയില്ലെന്നുള്ള വിശ്വാസമാണു് എന്നെ ഈ പുസ്തകപ്രകാശനത്തിനു് ഇപ്പോൾ പ്രേരിപ്പിച്ചതു്.

നിരണകവികളെ അനുകരിച്ചു് ഏകദേശം എഴുന്നൂറ്റാണ്ടിന്റെ കാലത്തിനു സ്വല്പംമുൻപുവരെ അന്താദിപ്രാസത്തോടുകൂടി അവരുടെ വൃത്തങ്ങളിൽ തന്നെ പലരും കവനംചെയ്തിരുന്നു. ഏകാദശിമാഹാത്മ്യംപാട്ടു്, നളചരിതംപാട്ടു് ഇത്യാദി കൃതികൾ ഇക്കൂട്ടത്തിൽ പെട്ടവയാണു്. നളചരിതത്തിൽനിന്നു് ഒരു ഭാഗം താഴെ ഉദ്ധരിക്കാം.

Digitized By Kerala Sahitya Akademi

നളനുടെചരിതമുരയ്ക്കാനിപ്പോൾ
നാന്മുഖനും നാരായണനരനും
തെളിവൊട്ട ചന്ദ്രാദിത്യന്മാരും
ദേവേന്ദ്രാദ്യമരേന്ദ്രരുമെല്ലാം
വളർമയിൽതന്മുതുകിൽപൊലിവോനും
മഹിഷാന്തകിയും മാരനുമായ്വനു-
മളവില്ലാതളവെങ്കലനുഗ്രഹ-
മവരവരേ തന്നീടുക ശരണം''

സുബ്രഹ്മണ്യസ്വാമിയെ ''വളമയിലിൻമുതുകിൽ പൊലിവോനും'' എന്നു വണ്ണിച്ചിരിക്കുന്നതു് ഏറ്റവും ഹൃദയംഗമമായിരിക്കുന്നു. വാസ്തവത്തിൽ മലയാളത്തിനു് ആത്മവിശ്വാസം എത്രയുണ്ടെന്നു ശരിക്കു ഗ്രഹിക്കണമെങ്കിൽ ഈവക പ്രാചീനകൃതികളെത്തന്നെ ശരണംപ്രാപിക്കണം. ഇത്തരത്തിലുള്ള കാവ്യനിർമ്മിതി ഇപ്പോൾ കേരളത്തിൽ അസ്തമിതമായി തീർന്നിരിക്കുന്നതു ശോചനീയംതന്നെ.

മദ്ധ്യകാലമലയാളമാതൃകകൾ രണ്ടാം ഭാഗം.

(1095 കുംഭം)

Digitized By Kerala Sahitya Akademi

6. ഉണ്ണുനീലിസന്ദേശം

ഈ ഗ്രന്ഥത്തിന്റെ ദേശകാലപാത്രങ്ങളെ സംബന്ധിച്ചു ഞാൻ രേഖരിച്ചിട്ടുള്ള വിവരങ്ങൾ യഥാവസരം പ്രസിദ്ധപ്പെടുത്തുവാനുദ്ദേശിക്കുന്ന കേരളസാഹിത്യചരിത്രം മുഖേന ഭാഷാഭിമാനികളെ അറിയിച്ചാൽ മതി എന്നായിരുന്നു എന്റെ വിചാരം. എന്നാൽ ചില സ്നേഹിതന്മാക്ക് അവ ഉടനടി അറിയുന്നതിനുള്ള ഉൽകണ്ഠ നാൾക്കുനാൾ വർദ്ധിച്ചുവരുന്നതായി കാണുന്നു. അവരുടെ പ്രത്യേകാവശ്യം പ്രമാണിച്ചു് ഈ ഉപന്യാസമെഴുതുന്നതാണു്.

സന്ദേശത്തിലെ നായികയായ ഉണ്ണുനീലി മുണ്ടശ്ശൽ തറവാട്ടിലെ അംഗമായ ഒരു സ്ത്രീരത്നമായിരുന്നുവെന്നും ഈ മുണ്ടശ്ശൽതറവാട്ട സിന്ധുദ്വീപം എന്ന പട്ടണത്തിലുള്ളതായിരുന്നു എന്നും ഗ്രന്ഥത്തിൽനിന്നു കാണാവുന്നതാണല്ലോ. ഈ പട്ടണം ഏതെന്നാണു് ആദ്യമായി വിചാരണ ചെയ്യേണ്ടതു്. സിന്ധുദ്വീപം സാഹിത്യപണ്ഡിതന്മാക്കു് അശ്രുതപൂർവമല്ല എന്നുള്ളതു് നിർവിവാദമാണു്. ലക്ഷ്മീദാസൻ ശുകസന്ദേശത്തിൽ

> " കാന്താരൗഘപ്രതിഭയമതിക്രമ്യ കഞ്ചിൽ പ്രദേശം
> ബിംബോകശ്രീഭരിതമഹിളാം ബിംബലീമേത്യ ഭൂയഃ
> ആവിശ്യാന്തർന്നഗരമരിഥിശ്ചൂതചൂഡാമണേസ്ത്യാഃ;
> കുത്സ്നുംഗാഃ ഖലു ഫലവതീമുദ്ധിമഭ്യാഗതേഷു.
> സ്കന്ധാവാരം പരമപി തതോ ബിംബലീപാലകാനാം
> സിന്ധുദ്വീപം വ്രജ ഘനനിഭൈരാവൃതം സിന്ധുരേണ്വോഃ;
> സന്ധ്യാലക്ഷ്മീം മൃദുലഹസിതജ്യോൽസനയാ യത്ര ശശ്വൽ
> ബന്ധൂകാഭൈരധരമണിഭിശ്ചാപി ബദ്ധ്നന്തി നാഥ്യഃ "

എന്നു പ്രസ്താവിക്കുന്നതിൽനിന്നു് അതു് ബിംബലീപാലകന്മാരുടെ 'സ്കന്ധാവകാരം' അതായതു് പടവീടായിരുന്നു എന്നു വെളിവാകുന്നുണ്ടു്. വിശാഖംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ അവതാരികയോടും ടിപ്പണത്തോടുംകൂടി പ്രസിദ്ധപ്പെടുത്തിയ ശുകസന്ദേശപുസ്തകത്തിൽ സിന്ധുദ്വീപം പാതിരാമണലായിരിക്കണമെന്നു പറഞ്ഞിരിക്കുന്നു. ഈ അഭിപ്രായത്തെ തന്നെ

Digitized By Kerala Sahitya Akademi

"രണ്ടു സന്ദേശങ്ങൾ" എന്ന പുസ്തകത്തിന്റെ പ്രസാധകനും സ്വീകരിച്ചതായിക്കാണുന്നു. ശുകസന്ദേശം മലയാളത്തിലേക്കു തർജ്ജിമചെയ്ത കുഞ്ഞിക്കുട്ടൻ തമ്പുരാൻ അവർകൾക്കും ഈ അനുമാനത്തിൽ വിപ്രതിപത്തിയില്ലായിരുന്നു എന്നുള്ളതിനു്,

"കൊമ്പന്മാർ കാർകണക്കെകനമൊ-
ട്ടുമിടത്തിങ്ങുന്ന കായൽത്തുരത്താം
വമ്പന്മാർവെമ്പനാട്ടഴിപതുടെ
പടവീടിങ്കലും ചെന്നുകൊള്ളു."

എന്നുള്ള ശ്ലോകാർദ്ധം ലക്ഷ്യമാകുന്നു. അല്ലെങ്കിൽ സിന്ധുദ്വീപം 'കായൽത്തുരുത്തു്' എന്നു അവിടുന്നു ഭാഷപ്പെട്ടുത്തുന്നതിനു് കാരണമില്ല. പാതിരാമണൽ വേമ്പനാട്ടുകായലിന്റെ നടുക്കുള്ള ഒരു ദ്വീപാണെന്നു് വായനക്കാരിൽ പലർക്കും അറിവുള്ളതാണല്ലോ. ഈ സ്ഥലം ഒരു പടവീടാക്കുന്നതുകൊണ്ടു് എന്തു പ്രയോജനമാണുള്ളതെന്നും ഇവിടെ കാർകണക്കെയുള്ള കൊമ്പന്മാരെ എങ്ങനെയാണു കൊണ്ടുചെന്നു് ഇതെങ്ങനെക്കവണ്ണം അണിനിരുത്തുന്നതെന്നുമുള്ള ചോദ്യങ്ങൾക്കു് ഒരു സമാധാനവും കാണുന്നില്ല. പാതിരാമണലിനുതന്നെ സിന്ധുദ്വീപത്തെക്കാൾ നിശീഥസികത എന്നോ മറ്റോ ഒരു പര്യായമാണു് സംസ്കൃതത്തിൽ യോജിക്കുന്നതും. വാസ്തവത്തിൽ സിന്ധുദ്വീപം പാതിരാമണലല്ല. ഏറ്റുമാനൂർ താലൂക്കിൽ കടുത്തുരുത്തി എന്നു നാമിപ്പോൾ പറയുന്ന കടൽത്തുരുത്താണെന്നു് ഞാൻ വളരെക്കാലം മുമ്പുതന്നെ തീർച്ചപ്പെട്ടത്തീട്ടുള്ളതാണു്. ഈ കാര്യം ശുകസന്ദേശതർജ്ജിമ പ്രസിദ്ധപ്പെടുത്തിയ കാലത്തു് ഞാൻ വലിയകോയിത്തമ്പുരാൻ തിരുമേനിയേയും അന്നു തിരുവനന്തപുരം സംസ്കൃതപാഠശാലാദ്ധ്യക്ഷനായിരുന്ന നാരായണശാസ്ത്രികളവർകളേയും ധരിപ്പിക്കയും അവർ രണ്ടുപേരും എന്റെ അഭിപ്രായത്തോടു യോജിക്കുകയും ചെയ്തിട്ടുണ്ടു്. ക്രിസ്തുവർഷാരംഭത്തിൽ കോട്ടയം താലൂക്കിൽപ്പെട്ട വയക്കര ഒരു തുറമുഖമായിരുന്നുവെന്നു യവനദേശസഞ്ചാരികളുടെ ഗ്രന്ഥങ്ങളിൽനിന്നു നാം മനസ്സിലാക്കുന്നു. ആ സ്ഥിതിക്കു് അന്നു വേമ്പനാട്ടു കായലിനും സമുദ്രത്തിനുമിടയ്ക്കു് ഭൂമിയില്ലായിരുന്നു, എന്നും കടുത്തുരുത്തിതന്നെ ഒരു കാലത്തു് കടൽ പിൻവാങ്ങുകനിമിത്തം ഭൂമിയായതാണെന്നും അനുമാനിക്കുന്നതിൽ അസാംഗത്യമില്ല. 'കടുത്തുരുത്തി'യുടെ പൂർവരൂപം കടിച്ചിരുത്തി എന്നായിരുന്നു എന്നും ഖരൻ അവിടെ ഒരു ശൈവബിംബം കടിച്ചിരുത്തി പ്രതിഷ്ഠിക്കുകനിമിത്തമാണു് അതിനു് ആ പേർ ഉണ്ടായതെന്നും പറയുന്നതു വെറും അസംബന്ധം തന്നെ. കടൽത്തുരുത്തിനു സിന്ധുദ്വീപം എത്ര പറ്റിയ

Digitized By Kerala Sahitya Akademi

ഒരു സംസ്കൃത പദ്യായമാണെന്നു് ഞാൻ പ്രത്യേകിച്ചു പ്രസ്താവിക്കേണ്ടതില്ലല്ലോ.

കടൽത്തീരത്തിനു വടമതിര എന്നും പേരുണ്ടായിരുന്നു. ക്രിസ്താവ ഷ്ടാരംഭത്തിൽ ചങ്ങനാശേരി മുതൽ വടക്കോട്ടുള്ള പ്രദേശങ്ങൾ പാണ്ഡ്യരാജാവിനു് അധീനമായിരുന്നതായി നാം യവനന്മാരുടെ ദേശസഞ്ചാരാഗ്രന്ഥങ്ങളിൽ നിന്നു ഗ്രഹിക്കുന്നു. കോട്ടയം മുതലായ പ്രദേശങ്ങൾ അന്നു പാണ്ഡ്യരാജ്യത്തിൽ ചേർന്നതായിരുന്നുവെന്നു ക്രിസ്താ 163-ാം വഷ്ത്തിൽ മരിച്ച പ്ലൈനി എന്ന യവന ചരിത്രകാരൻ രേഖപ്പെടുത്തീട്ടുണ്ടു്. പ്ലൈനിയുടെ കാലത്തു വേണാടും പാണ്ഡ്യരാജ്യത്തിന്റെ ഒരംശമായിരുന്നു. വേപ്പിന്റെ പൂവു് ജയചിഹ്നമായി ധരിക്കുന്നവർ എന്ന അർത്ഥമുള്ള വേമ്പൻ എന്ന പദം പാണ്ഡ്യരാജാക്കന്മാരുടെ ഒരു പ്രസിദ്ധ ബിരുദമാണു്. "അവർ ചേരരാജാവിൽനിന്നു പിടിച്ചടക്കിയ കോട്ടയം, ഏറ്റുമാനൂർ മുതലായ സ്ഥലങ്ങൾക്കു വേമ്പനാടു് എന്നു പേർ വന്നതിൽ ആശ്ചര്യപ്പെടുവാനില്ലല്ലോ. വേമ്പനാടുമായി തൊട്ടുകിടന്ന കായൽ വേമ്പനാട്ടുകായലുമായി. കൊല്ലം മൂന്നാം ശതവഷ്ത്തിലും ഈ വേമ്പനാടു് പാണ്ഡ്യരാജാക്കന്മാരുടെ അധീനതയിൽതന്നെയായിരുന്നതായിക്കാണുന്നു. കൊല്ലം 475-ാം മാണ്ടുവരെ ആ സ്ഥിതിയിൽതന്നെ കഴിഞ്ഞു. കൊല്ലം 333-ാം മാണ്ടിടയ്ക്കു ജീവിച്ചിരുന്ന മാരവർമ്മൻ ശ്രീവല്ലഭപ്പെരുമാൾ എന്ന പാണ്ഡ്യരാജാവു തന്റെ ഒരു ശിലാശാസനത്തിൽ മധുരയും തിരുനൽവേലിയും കീഴ് (കിഴക്കൻ) വേമ്പനാടു് എന്നു പ്രകടമായി പ്രസ്താവിക്കുന്നുണ്ടു്. കൊല്ലം 475-ാം മാണ്ടു് കഴിഞ്ഞു കുറേക്കാലം പടിഞ്ഞാറൻ വേമ്പനാട്ട ജയസിംഹപുത്രനും ജഗദേകവീരനുമായിരുന്ന രവിവർമ്മകുലശേഖരപ്പെരുമാൾക്കു് അധീനമായി. ഈ മഹാനുഭാവനാണു് പ്രത്യുമ്നാഭ്യുദയ കർത്താവു്. രവിവർമ്മാവിന്റെ മരണാനന്തരം കേരളത്തിൽ അരാജകത്വം വീണ്ടും വ്യാപിച്ചു. മാലിക്കാഫർ എന്ന മഹമ്മദീയ യോദ്ധാവിന്റെ ആക്രമണം നിമിത്തം പാണ്ഡ്യരാജവംശത്തിനു തന്നെ വിച്ഛേദനം പരികയാൽ അവർക്കു വേമ്പനാട്ടിൽ താമസിച്ചപ്പോൾ സാമന്തജാതിയിൽ ജനിച്ച ചില സന്താനങ്ങൾ അവകാശം ഭാഞ്ഞു് ആ നാടു് കൈവശപ്പെടുത്തുന്നതിനിടവന്നു, അവരായിരുന്നു പിന്നത്തെ വേമ്പനാട്ട രാജാക്കന്മാർ. വേമ്പനാടു് സംസ്കൃതത്തിൽ ശ്രുപാന്തരപ്പെട്ടപ്പോൾ ബിംബലീദേശമായി; അതുതന്നെ തിരിയെ മലയാളത്തിലായപ്പോൾ വെമ്പലനാട്ടമായി. വെമ്പലനാടു് അമ്പലപ്പുഴയാണെന്നു ചിലർ തെറ്റിദ്ധരിക്കുന്നതിനു് യാതൊരടിസ്ഥാനവുമില്ല. ദേവനാരായണസ്വാമിയെ വെമ്പലനാട്ടമായി കുഞ്ചൻനമ്പിയാർ എവിടെയെങ്കിലും സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ അതു് അവരുടെ

Digitized By Kerala Sahitya Akademi

കുലഗൃഹം കുടമാളൂരായിരുന്നതിനാൽ മാത്രമാണെന്നു സമാധാനപ്പെട്ടു കൊണ്ടാൽ മതിയാകും. അഥവാ ലേഖകപ്രമാദം ചെമ്പകനാടിനെ വേമ്പലനാടായും ശ്രുപാന്തരപ്പെട്ടുത്തിയിരിക്കുവാൻ പാടില്ലായ്കയില്ല. വേമ്പനാട്ടിന്റെ തലസ്ഥാനം കടൽത്തുരുത്തായിരുന്നു. പാണ്ഡ്യരാജാക്കന്മാക്കു കേരളത്തിലുള്ള പ്രദേശങ്ങളുടെ പ്രധാനസ്ഥലമായിരുന്നതിനാൽ അതിനു മധുര എന്നും പേർ കിട്ടി. മധുരവേലി എന്നൊരു കര ഇപ്പോഴും കടുത്തുരുത്തിയിലുണ്ട്. കാലാന്തരത്തിൽ അവരുടെ പിൻവാഴ്ച്ചക്കാരായ സാമന്തരാജാക്കന്മാർ തെക്കുംകൂർ, വടക്കുംകൂർ ഇങ്ങനെ രണ്ടു ശാഖകളായിപ്പിരിഞ്ഞു രണ്ടുദിക്കിൽ താമസമുറപ്പിച്ചപ്പോളാണ് ഈ മതിര് വടമതിരയായിത്തീർന്നത്.

ഉണ്ണുനീലിസന്ദേശത്തിൽനിന്നു കടുത്തുരുത്തിതന്നെയാണ് ഗ്രന്ഥത്തിൽ പറയുന്ന സിന്ധുദ്വീപവും വടമതിരയും എന്നുള്ളതിനു പല തെളിവുകളും എടുത്തുകാണിക്കാവുന്നതാണ്. 129-ാം ശ്ലോകത്തിൽ പറയുന്ന തിരുവഞ്ചിയൂർപുഴയ്ക്ക് തെക്കാണ് കോട്ടയം. "വിപ്രേന്ദ്രാണാമഭിജനവതാം വാസസങ്കേതസീമാമേനാം" എന്ന 130-ാം ശ്ലോകത്തിൽ കവി വണ്ണിച്ചിട്ടുള്ളതും ശരിതന്നെ. ഇന്നും അവിടെ അനേകം നമ്പൂരിമാരുടെ ഗൃഹങ്ങൾ ഉണ്ട്. 232-ാം ശ്ലോകത്തിൽ പറയുന്ന ഏറുമാന്തൂർ തിരുവഞ്ചിയൂർനിന്നു മൂന്നുനാഴിക ദൂരെയാണ്. 133-ാം ശ്ലോകത്തിൽ പ്രസ്താവിക്കുന്ന കോതനല്ലൂർ ഏറ്റുമാന്തൂരിൽനിന്നു നാലുനാഴിക വടക്കായി അതിനും കടുത്തുരുത്തിക്കും മദ്ധ്യത്തിലുള്ള ഒരു സ്ഥലമാണ്. 144-ാം ശ്ലോകത്തിൽ "കോടക്കാലത്തഴകൊട്ട മയിൽക്കൂട്ടമാടീട്ടമേടം" എന്നു പറയുന്നുണ്ട്. ഇപ്പോഴും കടുത്തുരുത്തിയിൽ മയിലാട്ടംപാറ എന്നൊരു സ്ഥലമുള്ളതായറിയുന്നു. 147-ാം ശ്ലോകത്തിൽ പറയുന്ന തളിയൽ ശിവക്ഷേത്രം കടുത്തുരുത്തിക്കു സമീപം ഇപ്പോഴുമുണ്ട്. 156-ാം ശ്ലോകത്തിൽ പറയുന്ന കോതരം ആധുനികപരിഷ്കാരത്തിൽ ഗോവിന്ദപുരമായി മാറിയിരിക്കയാണ്. "ദേവാധീശ നിനിയപരനെത്തത്ര കൌന്തേയമിത്രം ദേവം ഗോപീജനകുചതടീലമ്പടം കുമ്പിടമ്പിൽ" എന്നു കവി വണ്ണിക്കുന്ന ശ്രീകൃഷ്ണസ്വാമിതന്നെയാണ് ഇന്നും ആ ക്ഷേത്രത്തിലെ മൂർത്തി. പക്ഷേ ഇക്കാലത്തു ഗോവിന്ദപുരം ഒരപ്രധാനവും എഴുതിത്തീരുവയില്ലാത്തതുമായ ക്ഷേത്രമായിപ്പോയിട്ടുണ്ടെന്നുമാത്രം വ്യത്യാസമുണ്ട്.

"നേരേ കാണാം നൃപവര! കിഴക്കിൻചിറുങ്ങുപശ്ചാൽ
താരാർമാതോട്ടടമപിചകം മന്ദിരം മൽപ്രിയായാഃ

Digitized By Kerala Sahitya Akademi

മാരന്നുണ്ടാം ജനനഭവനം വീരമാണിക്കമെൻറാ–
ലാരേ പംത്താലവിടമറിയായിൻറതിപ്പാരിലിൻറു"'

എന്ന 166-ാം ശ്ലോകത്തിൽ വണ്ണിക്കുന്ന വിരമാണിക്കത്തു ചിറയും പുരയിടവും ഇപ്പോഴുള്ളതാണു്. പുരയിടത്തിൽ വീട്ടമാത്രമില്ല. ഉണ്ണുനീലി ജീവിച്ചിരുന്നതായ! പറയുന്ന മുണ്ടയ്ക്കൽ പുരയിടവും ഇപ്പോഴുണ്ടു്. പക്ഷേ അതൊരു കുന്ന്യാനിയുടെ കൈയിലാണു്. നായന്മാർ കുറെക്കാലംമുമ്പു കുന്ന്യാനികൾക്കു വിലയ്ക്കുകൊടുത്തതായാണു് കേൾവി. പുരയിടത്തിൽ വീട്ടുള്ളതായറിയുന്നില്ല. 173-ാം ശ്ലോകത്തിൽ "തെക്കുമ്പാകത്തു" ഉള്ളതായി പറയുന്ന കുറുമൂഴിക്കൽവീട്ടിനു ഇപ്പോൾ കുരിയിക്കൽ വീടെന്നാണു് പേർ. ഇങ്ങനെ പല സംഗതികളിൽനിന്നു് സിന്ധുദ്വീപവും കട്ടത്തുരുത്തിയും ഒന്നാണെന്നു നിർവിവാദമായി പെളിപ്പെടുന്നു.

ഇനി ഗ്രന്ഥത്തിന്റെ കാലമേതെന്നു പരിശോധിക്കാം. രണ്ടു സംഗതികളെപ്പറ്റി സംശയമേ ഇല്ല. ശുകസന്ദേശം കഴിഞ്ഞാണു ഉണ്ണുനീലിസന്ദേശത്തിൻെറ ഉത്ഭവമെന്നും ലീലാതിലകകാലത്തു് ഉണ്ണുനീലിസന്ദേശം പ്രചാരത്തിലിരുന്നുവെന്നും നമുക്കു തീർച്ചയായി വിശ്വസിക്കാം.

ശുകസന്ദേശത്തിലേ—

ആസ്ഥാ ലോകേ വിപുലമനസാമന്യസാമാന്യമഭ്യ-
ത്യത്ഥാനത്ഥോപഗമവിഗമേഷ്വത്ഥിതാ ചാതുരാണാം
നൃക്ഷേണൈഷാ നിജഗൃഹുതയാ നേക്ഷതേ തദ്വിശേഷം
സാന്ദ്രാ തസ്മിന്നപിച സഹജം ദ്വന്ദ്വമേതൽ ദ്വയേഷു"

എന്ന ശ്ലോകം കണ്ടിട്ടാണു് ഉണ്ണുനീലിസന്ദേശകർത്താവു്

"ഇത്ഥം നാനാകുശലമവനോടാപ്തിപൂർവം വിചാരി–
"ച്ചാസ്ഥാ ലോകേ വിപുലമനസാമെൻറു മുൽപെട്ടകാട്ടി
പ്രാത്ഥിച്ചാൻ തൻകരുമമവനെ പ്രാത്ഥനീയാനുഭാവം
സ്വാത്ഥം പ്രത്യത്ഥികളിലെവിടെക്കാമുകാനാം വിവേകം ?"

എന്തെഴുതിയെന്നു പറയേണ്ടതില്ലല്ലോ.

" തസ്മിൻ വംശേ തരുണനയനങ്ങൾക്കു പീയൂഷധാരാ
താരുണ്യാനാം ജഗതി ജനനീ; താർചരന്തസ്യ ചാലാ;

Digitized By Kerala Sahitya Akademi

താരാർമാതിന്നഭിമതസഖി; താമ്രബിംബാധരോഷ്ഠി;
താരാനാഥപ്രതിഭടമുഖീ;തിണ്ണമെന്നുണ്ണുനീലീ. ''

എന്നാശ്ലോകം ശുകസന്ദേശത്തിലേ

'' തത്രേവാത്മം തരുണസഹിതാസ്താമ്ര പാദാരവിന്ദാ-
സ്താമ്യന്മദ്ധ്യാഃസ്തനഭരനതാസ്താരഹാരാവലീകാഃ
താരേശാസ്യാസ്തരളനയനാസ്തജ്ജിതാംഭോദകേശ്യ-
സ്തത്രസ്ഥാസ്ത്വംസ്യുഃസ്തനകിതകരാസ്താലവൃന്തൈന്തരുണ്യഃ. ''

എന്ന ശ്ലോകത്തിന്റെ പ്രതിധ്വനിപോലെ തോന്നുന്നു.

ഇതിനും പുറമേ ഉണ്ണുനീലി സന്ദേശത്തിലേ,

'' കാരുണ്യംകൊണ്ടഴകിൽ മദനാപത്തുതീത്തെങ്ങൾവാഞ്ഛാ-
മിത്ഥംപൂരിച്ചിരവർകരുതും മിക്ക ഭ്രകല്പകം നീ
പണ്ടേപ്പോലേ വിഹര സുചിരം നമ്മിലേ ചെമ്മു വന്നി-
ട്ടുണ്ടാകേണ്ടും വിരവൊട്ട പുനർദ്ദർശനാനന്ദലക്ഷ്മീഃ. ''

എന്ന അവസാനശ്ലോകം ശുകസന്ദേശത്തിലേ

'' ഏവം സഖ്യൌ മയി വിശരണേ സംശ്രിതേ പ്രാണരക്ഷാം
സമ്പാദ്യ ത്വൽപ്രണയകരുണാപൌരുഷാണി പ്രഥന്താം;
സ്വപ്നേപ്യേവം പ്രിയജനവിയോഗാർത്തിമപ്രാപ്തയോന്നൌ
ഭ്രാതസ്സുഷ്ണം ഭവതു ച പുനർദ്ദർശനാനന്ദലക്ഷ്മീഃ. ''

എന്ന അവസാന ശ്ലോകത്തിന്റെ പ്രത്യക്ഷമായ ഒരു അനുകരണമാണെന്നു് ആദ്യം കാണാവുന്നതാണു്.

ഉണ്ണുനീലിസന്ദേശത്തിലേ—

'' യത്സത്യം തൽ ഭവതു പുനർതംനാൾപിറന്നെങ്ങൾകാന്തൻ
വന്നിട്ടിന്റേ മമ മനസിജച്ചൂടൊഴിക്കിന്നതാകിൽ
തോഴാ പൂച്ചൊല്ലിഴവതിതു നന്റുഷ്ടമേ ശുക്രചന്ദ്രൌ
ഭാഗ്യേജീവസ്സ്വയമിതിനുറുങ്ങാശ്വസന്തീ സ്ഥിതാ വാ ''

Digitized By Kerala Sahitya Akademi

എന്ന ശ്ലോകം ലീലാതിലകകാരൻ ചതുർത്ഥശില്പത്തിൽ അപശബ്ദപ്രയോഗത്തിനുദാഹരണമായി ഉദ്ധരിച്ചു "അത്ര ആശ്വസതീതിയുക്തം നമപ്രാപ്തേഃ" എന്നു പറഞ്ഞിരിക്കുന്നു. നമ് വരാത്തതുകൊണ്ട് ആശ്വസതീ എന്നേ നില്ക്കൂ എന്നും ആശ്വസന്തീ എന്ന രൂപം നിഷ്പദിക്കുകയില്ലെന്നുമാണ് അദ്ദേഹത്തിന്റെ മതം.

ശുകസന്ദേശത്തിന്റെ കാലമേതാണെന്നുള്ളതിനെപ്പറ്റി ഇനിയും ഭാഷാപണ്ഡിതന്മാർ ഖണ്ഡിച്ചു് ഒരഭിപ്രായം പറഞ്ഞുകഴിഞ്ഞിട്ടില്ല. ഇതിനെക്കുറിച്ചു രണ്ടു സന്ദേശങ്ങളുടെ പ്രസാധകൻ ഈ ഗ്രന്ഥത്തിന്റെ കാലം കാണിക്കുന്ന കലി "ലക്ഷ്യാരംഗേ ശരദി" (അതായതു കൊല്ലവർഷം തുടങ്ങുന്നതിനു 713 സംവത്സരംമുമ്പായ കലിവർഷം 3213) ആണെന്നു ചിലരും അതല്ല "ദൃരനീതസ്സുതസ്യാഃ" (അതായതു കലിവർഷം 4592-നു കൊല്ലവർഷം 666) എന്നതാണെന്നു മറ്റുചിലരും പറയുന്നു. കവിയുടെ കാലം കാണിക്കുന്നതു രണ്ടാമത്തെ കലിയും കവി ഏതുകാലത്തെ ഉദ്ദേശിച്ചു സന്ദേശം നിർമ്മിച്ചുവോ അതു കാണിക്കുന്ന കലി ഒന്നാമത്തേതുമാണെന്നാകുന്നു എനിക്കു തോന്നുന്നതു്" എന്നെഴുതിയിരിക്കുന്നു. ഒന്നാമതായി ഗ്രന്ഥകർത്താവിന്റേയും ഗ്രന്ഥത്തിലേ ഇതിവൃത്തത്തിന്റേയും കാലം ഒന്നല്ല രണ്ടാണെന്നുള്ളതിനു ഗ്രന്ഥത്തിൽ യാതൊരു തെളിവുമില്ല. സംസ്കൃതത്തിൽ സന്ദേശമെഴുതുന്ന കവികൾ (കാളിദാസനൊഴികെ) തങ്ങളെത്തന്നെയോ അല്ലെങ്കിൽ ശ്രീരാമനളപ്രഭൃതികളായ പുരാണപുരുഷന്മാരേയോ അല്ലാതെ മറ്റാരേയും നായകന്മാരാക്കുകപതിവില്ല. ഇവിടെ ആ ശൈലിക്കു വിരോധമായി ലക്ഷ്മീദാസൻ തന്നിൽനിന്നും പുരാണപുരുഷന്മാരിൽനിന്നും ഭിന്നനായി തനിക്കു 1379 കൊല്ലത്തിനുമുമ്പു ജീവിച്ചിരുന്ന ഒരു യുവാവിനെ നായകനാക്കി എന്നു പറയേണ്ടിവരുന്നു. ഇതു സംഭവ്യമാണെന്നു വിചാരിക്കുവാൻ ഒരു ന്യായവുമില്ല. എന്നാൽ "ദൃരനീതസ്സുതസ്യാഃ" എന്നുള്ള ഭാഗം കലിയാണെന്നു സങ്കല്പിച്ചു കൊല്ലം 666-ൽ അതായതു ക്രിസ്തുവർഷം 1491-ൽ ആണു് ശുകസന്ദേശത്തിന്റെ ആവിർഭാവമെന്നൂഹിക്കാമോ? അതു തീരെ പാടില്ല. അക്കാലത്തു പെരുമാക്കന്മാരില്ലല്ലോ. പിന്നെ ലക്ഷ്മീദാസനു്

"ഉത്തീർണ്ണസ്സാമുദധിദയിതാമുത്തരേണ ക്രമേഗാ
രാജൽപത്തിദ്വിപഹയരഥാനീകിനീം രാജധാനീം
രാജ്ഞാമാജ്ഞാനിയമിതനൃണാമാനനൈർഭ്രരിധാമ്നാം
രാജ്ഞാരാജ്ഞേത്യവനിവലയേ ഗീതയേ യന്നികേതഃ."

Digitized By Kerala Sahitya Akademi

എന്നുംമറും വണ്ണിക്കുന്നതിനു് എന്തു പ്രസക്തിയാണുള്ളതു്? പോർട്ടുഗീസുകാർ കേരളത്തിൽ ആദ്യമായി വന്നതു ക്രിസ്തുവർഷം 1498–ൽ ആണല്ലോ. അതിനു് ഏഴുകൊല്ലംമുമ്പല്ല അനവധി ദശവർഷങ്ങൾക്കു മുമ്പുതന്നെ തുക്കണാമതിലകത്തിന്റെ മഹിമ അസ്തമിച്ചുകഴിഞ്ഞിരിക്കുന്നു. പിന്നെ എങ്ങനെയാണു് ലക്ഷ്മീദാസൻ 1441–ൽ

"കാമ്യാകല്പേ കനകഭവനേ യത്ര ചോൽക്രാന്തസീമ്നാം
ഭംഗം കുർവൻ ജഗതി ഗുണകാനാഥ ഇത്യുദ്ധകീർത്തിഃ
ആസ്തേ ഗൌരീകലഹമനുശങ്ക്യൈവ വേശാംഗനാനാം
വീഥീഭ ക്ഷാചരണവിമുഖശ്ചന്ദ്രചൂഡാവതംസഃ."

എന്ന തുക്കണാമതിലകത്തിലേ പൊന്നമ്പലത്തെ വണ്ണിക്കുന്നതു്? എന്നാൽ വേണ്ട—കവി ജീവിച്ചിരുന്നതു "ലക്ഷ്മ്യാരംഗേ ശരദി" എന്ന വാക്യംകൊണ്ടു സൂചിപ്പിച്ചിരിക്കുന്ന കലിവർഷം 3213–ൽ അതായതു ക്രിസ്തുവർഷം 112–ൽ ആണു് എന്നു വച്ചാലോ? അതു മുമ്പിലത്തെ ഊഹത്തെക്കാൾ അസംബന്ധമാണു്. മേഘസന്ദേശം കണ്ടിട്ടാണു ശുകസന്ദേശമെഴുതീട്ടുള്ളതെന്നുള്ളതിനു യാതൊരു സംശയവുമില്ല. മേഘസന്ദേശകർത്താവായ കാളിദാസമഹാകവി ജീവിച്ചിരുന്നതു ക്രി. പി. അഞ്ചാം ശതവർഷത്തിലല്ലേ? അപ്പോളെങ്ങനെയാണു് ലക്ഷ്മീദാസനെ ക്രി. പി. രണ്ടാം ശതവർഷത്തിൽ കൊണ്ടുചെന്നു കേറുന്നതു്? ക്രി. പി. രണ്ടാം ശതവർഷത്തിലേ സംസ്കൃതസാഹിത്യത്തിന്റെ നിലതന്നെ എന്താണു്? അന്നു ശുകസന്ദേശത്തിൽ കാണുന്ന അനസ്യൂതമായ ശബ്ദാഡംബരത്തിൽ കവികൾ ദൃഷ്ടിവച്ചിരുന്നുവോ? അന്നു കേരളത്തിൽ നമ്പൂരിമാർക്കു്,

"വാചാ യേഷാം ഭവതി നൃപതിർന്നായകോ രാജ്യലക്ഷ്മ്യാ–
ഗ്രാമാൻ ഷഷ്ടിം ചതുര ഇഹ യേ ഗ്രാഹ്യചേഷ്ടാ നയന്തി;
ശസ്ത്രേ ശാസ്ത്രേപി ച ഭൃഗുനിഭൈർഗ്രന്ഥശബ്ദുത്തരാസതേ യാ;
വിപ്രേന്ദ്രൈസ്തൈർവിപുലമഠവയ്യാവലീഷു സ്ഥലീഷു".

എന്നും മറുമുള്ള ശ്ലോകങ്ങളിൽ വർണ്ണിച്ചിരിക്കുന്ന വിധത്തിലുള്ള പ്രാധാന്യം തന്നെയുണ്ടായിരുന്നുവോ? ഒന്നുമില്ല. പിന്നെയെന്താണു് ഈ ദുർഘടത്തിൽ നിന്നൊഴിയുവാൻവഴി? "ലക്ഷ്മ്യാരംഗേ ശരദി" എന്നും "ദൂരരുദിതസ്യുതസ്യാഃ" എന്നും ഉള്ള ഭാഗങ്ങളിൽ ഒന്നും കവി കലിസംഖ്യ സൂചിപ്പിക്കുന്നില്ല. സൂചിപ്പിക്കുന്നതായി കൊല്ലം ഏഴാംശതവർഷത്തിൽ ശുകസന്ദേശത്തിനു വ്യാഖ്യാനമെഴുതിയ ഏറാൾപ്പാട്ടതമ്പുരാനാ

Digitized By Kerala Sahitya Akademi

കട്ടെ വാസുദേവശിഷ്യനായ മറ്റൊരു പണ്ഡിതനാകട്ടെ പറയുന്നുമില്ല. കലിയില്ലാത്ത ദിക്കിൽ ഉണ്ടെന്നു സങ്കല്പിക്കുന്നതുകൊണ്ടു വരുന്ന അപകടം അതില്ലെന്നു തീർച്ചപ്പെടുത്തിയാൽ തീരാനുള്ളതേയുള്ളു. വാസ്തവത്തിൽ ശുകസന്ദേശത്തിന്റെ കാലമേതെന്നു ക്ലിപ്തപ്പെടുത്തിപ്പറവാൻ വളരെ പ്രയാസമുണ്ടു്. ക്രിസ്തു 1000-ാംമാണ്ടിടയ്ക്കാണെന്നു സമഷ്ടിയായി പറഞ്ഞുവയ്ക്കാമെന്നല്ലാതെ അതിൽ കൂടുതലായി എന്തെങ്കിലും ഒന്നു തീർച്ചപ്പെടുത്തുന്നതിനു വേണ്ട സാമഗ്രികൾ ഗ്രന്ഥത്തിലില്ല. പ്രകൃതത്തിൽ നാം മനസ്സിലാക്കേണ്ടതു കൊല്ലം 666-ൽ അല്ല അതിന്റെ ആവിർഭാവം എന്നു മാത്രമാണു്.

ഉണ്ണുനീലിസന്ദേശത്തിന്റെ കാലം ഏതെന്നു നിണ്ണയിക്കുന്നതിനു് അതിൽതന്നെ വേണ്ട ലക്ഷ്യമുള്ളതാണു് നമ്മുടെ ഭാഗ്യം. സാധാരണമായി സന്ദേശകാവ്യങ്ങളിൽ ദൌത്യം വഹിക്കുന്നതു തിര്യ്ക്കുകളാണു്. എന്നാൽ ഉണ്ണുനീലിസന്ദേശത്തിൽ ആ കായ്യം ഒരു മനുഷ്യനെ-പോരാ, രാജാവിനെ—കൊണ്ടുതന്നെ നിവ്വഹിക്കുന്നു. ആ രാജാവു് ആരാണെന്നും അവിടുന്നു് എപ്പോൾ ജീവിച്ചിരുന്നു എന്നുമാണു് ഇവിടെ നോക്കാനുള്ളതു്.

ഈ വിചാരണയിൽ താഴെ എഴുതുന്ന ശ്ലോകങ്ങൾ നമ്മുടെ ശ്രദ്ധയ്ക്കു വിശേഷിച്ചു വിഷയീഭവിക്കുന്നു.

" സ്വസ്ഥാവേശാദിഷ്ടു ചലദ്ദശാം മാരണേ വൈരിരാജ്ഞാം
ചിത്തോന്മേഷാദിഷ്ടു ച വിദുഷാം പാക്കിൽ നല്ലോരു മന്ത്രം
തുപ്പാപ്പൂർമൂപ്പഴകുപൊഴിയും വീരനാരിച്ചവമ്മൻ
മുൽപ്പാട്ടണ്ടാം വിപദി സഹസാ തസ്യ മൃത്യുഞ്ജയോഭ്രൽ. 11

എണ്ണിക്കൊള്ളാം,'പടയിലെഴുനള്ളത്തു കൊല്ലത്തുനിന്റോ
കണ്ണിൽക്കൂടാതടയുടൽക്കുറാളി തോവാളനിന്റേറ
വണ്ണിച്ചേറ്റം ഭുജഗശയനം കണ്ടു കൈക്കുപ്പുവാനെൻ
പുണ്യത്തിന്റെ പെരുമ നവരം നിൻവരത്തെന്റു മന്യേ. 16

വ്യായാമംകൊണ്ടുഴകിലുദിതാമോദമുച്ചൈശ്രുവാവി-
ന്നായാസം ചെയ്തമലതുരഗം നീ കരേറും ദശായാം
പ്രാണാപായംകരുതിന തുലിക്കൻപടക്കോപ്പിനെണ്ണം
ചൊൽവുണ്ടല്ലോ സുരപരിഷദാമപ്പൊടിച്ചാത്തു ചെന്റ്. 21

Digitized By Kerala Sahitya Akademi

ഭേദാഭേദപ്രഗ്രണിതപുരാണേതിഹാസാഗമാനാം
കേദാരത്തെച്ചിരമടിതൊഴിന്റോക്കു ചിന്താമണിം തം
വേദാൻ നാലാക്കിന മുന വരം വേദവേദാന്തബീജം
പാദാംഭോജേ തൊഴുക തരസാ വീണ സവ്വാംഗനാഥ. 43

ഊയൽപൂമെത്തയിൽ മരുവുമക്കണ്ണനാമുണ്ണിതന്നെ-
ത്താലോലിച്ചും തഴുകിയുമുടൻ നിൻറു വൈകാതവണ്ണം
ചൂഡാഗ്രംകൊണ്ടണിമതിതൊട്ടും വാതിൽമാടം പുറപ്പെ-
ട്ടാഞ്ഞും വീഴ്ത്തും സ്വയമിവ വലത്തിട്ട നീ കുമ്പിടമ്പിൽ. 45

വേഗേന ത്വം വടിവിൽ നടകൊണ്ടങ്ങു മുൽപാട്ട മേവും
കാളീം ദേവീം തൊഴുത പുഴയും പിന്നെ നീ പിന്നിലാക്കി
കോളംബ്യാഖ്യാം നിജകുലപുരീം കൂപകാധീശ്വരാണാം
നാളൊന്റേക്കേ സമുദയവതിം കാൺക സർവാംഗനാഥ. 63

ഏഷാ ഭ്രഷാമണിരിവ ഭുവോ ഹന്ത! വേണാടർകോനും
നീയും പാലിച്ചപഗതഭയം വർദ്ധിതാ നാൾക്കുനാളിൽ
ഇന്ദ്രോപേന്ദ്രക്ഷപിതദിതിജോപദ്രവാമദ്യ മന്യേ
നാണിക്കിന്റോളമരനഗരീം നാമമാത്രാവശേഷാം. 69

വേലപ്പെണ്ണിന്നഴകുപൊഴിയും കണ്ണനെപ്പോരിൽമാറ്റാർ
മൂലത്തിന്നേ മുടിവിനൊരുമുക്കണ്ണനെപ്പുണ്യകീർത്തേ
വേരിച്ചൊല്ലാർമനസിജ! നിനക്കണ്ണനെച്ചെന്റ നേരേ
കോരിക്കൈക്കുപ്പുടനിരവിവമ്മാഖ്യവേണാടർകോനേ. 77

ക്ഷുടപ്പിന്നേ കുളിവയറയിട്ടങ്ങു തേവാരവുംപു-
ക്കീടിക്കുട്ടം ദ്വിജപരിഷദേ നിത്യദാനം വിധായ
കേടറ്റീടും ഗുണഗണനിധേ! ചാരു മാപാരതം കേ-
ട്ടോടിക്കൊണ്ടങ്ങഴകിലെഴുനള്ളീട്ട സംഗ്രാമധീര! 89

ആനന്ദാബ്ധൌ മുഴുകിമുഴുകിപ്പൊങ്ങിനീന്തിത്തുടങ്ങി-
ന്നേറനം സംഭാവയ യദുകുലാധീശ സംഭോജനാദ്യൈഃ

Digitized By Kerala Sahitya Akademi

പല്ലില്ലാഞ്ഞല്ലഴകപൊഴിയും പ്രേമവേശം മുഴപ്പാൻ
കൊള്ളിൻറുപോൽ തരുണൻ മണിവാതമ്പലം വല്ലഭായാഃ. 105

നാരീമൌലേ! മമ മലർമകൾക്കുണ്ടിരിപ്പാൻ തിരുപ്പാ-
പ്പുരെൻറില്ലം വെരുളമിളമാൻകണ്ണി! വേണാട്ടിലങ്ങ്
താരാനാഥച്ഛതിമവദനേ! പേരുമാതിച്ചവമ്മൻ;
പേരേറീടും പുകളിരവിവമ്മന്ന രണ്ടാമവൻ ഞാൻ" 212

രസികരഞ്ജിനിയിൽ കാണുന്ന ചില അച്ചടിപ്പിശകുകൾ തള്ളി യാണു് ഞാൻ ഈ പദ്യങ്ങൾ ഉദ്ധരിച്ചിരിക്കുന്നതു്. തിരുവിതാംകൂർ മഹാരാജാക്കന്മാരിൽ പലർക്കും ആദിത്യവമ്മാവെന്ന തിരുനാമധേയം ഉണ്ടായിരുന്നുവെന്നുവരികിലും അവരിൽ സർവാംഗനാഥൻ എന്ന ബിരുദംകൊണ്ടു് അങ്കിതന്മാരായി രണ്ടുപേരേ ഉണ്ടായിരുന്നുള്ളു. അവ രിൽ ഒരാൾ കൊല്ലം 550-ാംമാണ്ടിടയ്ക്കും, മറ്റൊരാൾ 636-ാം മാണ്ടിട യ്ക്കും രാജ്യഭാരം ചെയ്തിരുന്നതായി ശിലാശാസനങ്ങളിൽ നിന്നറിയുന്നു. രണ്ടാമത്തെ ആദിത്യവമ്മാവാണു് തിരുനൽവേലിയിൽ തിരുക്കുറുങ്കുടി യിൽ കൊല്ലം 644-ൽ ഒരു വലിയ മണി നടയ്ക്കുവച്ചതു്.

"ശ്രീമൽകോളംബവർഷേ ഭവതി ഗുണമണിശ്രേണിരാദിത്യവമ്മാ
വഞ്ചീപാലോ വിശാഖഃ പ്രഭുരഖിലകലാവല്ലഭഃ പദ്മബന്ധുനാൽ
ദ്വാരാലങ്കാരഘണ്ടാം തിലകിതജയസിംഹാനുജയഃ ശ്രീകുരുംഗ-
പ്രോദ്യദ്ധാമ്നോ മുരാരേരധിഗതചിറവായ്മണ്ഡലേന്ദ്രോ നരേന്ദ്രഃ"

എന്നുള്ള ഘണ്ടാലേഖ നോക്കുക. എന്നാൽ ഈ മഹാരാജാവു് ചെമ്പ കആദിത്യവമ്മാവെന്നുള്ള അഭിധാനത്താലാണു് അധികമായി അറിയ പ്പെട്ടിരുന്നതു്. സർവാംഗനാഥബിരുദത്തെ ഇദംപ്രഥമമായും പരമപ്ര ധാനമായും സ്വീകരിച്ചതു് ആദ്യത്തെ ആദിത്യവമ്മാവുതന്നെയാ യിരുന്നു. ഈ മഹാരാജാവിന്റെ വകയായി തിരുവന്തപുരത്തു പദ്മനാ ഭസ്വാമി ക്ഷേത്രത്തിനകത്തുള്ള ഗോശാലാകൃഷ്ണസ്വാമി ക്ഷേത്രത്തിൽ രണ്ടും അഗസ്തീശ്വരത്തു വടശ്ശേരി കൃഷ്ണൻകോവിലിൽ ഒന്നും ഇങ്ങനെ മൂന്നു ശിലാലേഖകൾ കാണുന്നുണ്ടു്. അവയിൽ ഒന്നാമത്തേതു് താഴെ കാണുന്ന പ്രകാരത്തിലാണു്.

"സിംഹസ്ഥേ ച ബൃഹസ്പതൌ സമകരോ-
ദബ്ജേ ച ചോളപ്രിയേ
ഗോശാലാഞ്ച സുദീപികാഗൃഹമഹോ
കൃഷ്ണാലയം മണ്ഡപം

Digitized By Kerala Sahitya Akademi

ഭക്ത്യാ ചൈവ യശോത്ഥമപ്യതിതരാം
ധർമ്മാത്ഥമപ്യാദരാൽ
സ്യാനന്ദരപുരേ സുകീർത്തിസഹിത-
സ്സുഖ്വാംഗനാഥോ നൃപഃ."

ചോളപ്രിയപദംകൊണ്ടു ശകസംവത്സ് 1296-നെ ഗ്രഹിക്കണം. ശകാബ്ദത്തോട്ട് 78 എന്ന സംഖ്യ ചേർത്താൽ ക്രിസ്താവർഷമായി. ഡാക്ടർ കീൽഹോറന്റെ പക്ഷത്തിൽ ഈ ലേഖനത്തിന്റെ കാലം ക്രിസ്താവർഷം 1374-ഒക്ടോബർ 10-ാം തീയതിക്കും 1375-മാർച്ച് 26-ാം തീയതിക്കുമിടയ്ക്കെന്നാണ്. ഇതു് അദ്ദേഹം ജ്യോതിശ്ശാസ്ത്രപ്രകാരം ഗണിച്ചു തീർച്ചപ്പെടുത്തീട്ടുള്ളതാകയാൽ വിശ്വാസയോഗ്യമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. രണ്ടാമത്തെ ശിലാലേഖനം താഴെ പകർത്തിക്കൊള്ളുന്നു.

"ശ്രീഗോഷ്ഠകൃഷ്ണാലയമണ്ഡപാനാം
ഗവാം ച കൃഷ്ണസ്യ ച ഭൂസുരാണാം
നിവേശനാർത്ഥം കൃതവാൻ നവത്വ-
മാദിത്യവർമ്മാ പരവീരവീരഃ.

അഹോ ദൃഷ്ടാ ച ഗോശാലാ-
പ്യഹോ ദൃഷ്ടം ച മണ്ഡപം
അഹോ കൃഷ്ണാലയം ദൃഷ്ട-
മഹോ വക്ഷ്യാമി കിം സഖേ ?

ആദിത്യവർമ്മണാ രാജ്ഞാ
കൃതമേഭിർ ത്രയം ജനാഃ
പശ്യന്തു സസ് പൃഹം നിത്യം;
ഭജദ്ധ്വം കൃഷ്ണമാദരാൽ.

മണ്ഡിതേ മണ്ഡപേ ചിത്രം
കൃഷ്ണസ്യ പുരതഃകൃതം
പ്രേക്ഷകാണാഞ്ച നേത്രാണാ-
മാസീന്നന്ദനമഞ്ജസാ.

Digitized By Kerala Sahitya Akademi

മണ്ഡിതം മണ്ഡപം ചിത്രം
കൃഷ്ണസ്യ പുരതഃ കൃതം
പശ്യന്തു മണ്ഡലം കൃത്വാ
(ജനാനാം ?) നേത്രമണ്ഡനം,

ഒന്നാംശാസനത്തിലെ "സമകരോൽ" എന്ന പദം രണ്ടാം ശാസനത്തിലെ "കൃതവാൻ നവത്വം" എന്ന പദങ്ങളോടു യോജിപ്പിച്ചു വായിച്ചുവേണം അത്ഥം മനസ്സിലാക്കുവാൻ. ആദിത്യവർമ്മാവിനു മുമ്പു കൃഷ്ണസ്വാമിക്ഷേത്രമോ ഗോശാലയോ മണ്ഡപമോ ഇല്ലായിരുന്നു എന്നതല്ല താല്പര്യം. അവയുടെ നവീകരണം മാത്രമാണു് ആ മഹാരാജാവു ചെയ്തതു്.

മൂന്നാമത്തെ ലേഖനത്തിൽ നിന്നു് അവിട്ടത്തേയ്ക്കു് സർവാംഗനാഥബിരുദം എങ്ങനെ സിദ്ധിച്ചു എന്നു കാണാം. ആ ലേഖനവും താഴെ ചേർത്തുകൊള്ളുന്നു.

"ശബ്ദജ്ഞോന്ധ്യഥ ലക്ഷ്യലക്ഷണഗ്രന്ഥാഹരഹ്യസംഗീതയോഃ
സ്മൃത്യർത്ഥാത്മപുരാണശാസ്ത്രനിഗമാൻ ജാനേ പ്രമാണാന്യപി.
ഷട്ത്രിംശത്സപി ഹേതിഷു ശ്രമഗ്രണശ്ലോഭേ കലാനാം കുലാ-
ന്യഭ്യാസേ യുധി ഭ്രപതീംശ്ച വിജയേ സർവാംഗനാഥോന്ധ്യതഃ.

സാഹിത്യേ നിപുണാഃ കേചിൽ;
കേചിൽ ശാസ്ത്രേ ച കോവിദാഃ;
കേചിൽ ഗീതേ കൃതാഭ്യാസാഃ;
കേചിൽ ശസ്ത്രേ കൃതശ്രമാഃ;
ആദിത്യവർമ്മൻ! ഭവത-
സ്സാമ്യമിച്ഛന്തി തേ കഥം
പാരംഗതേന വിദ്യാനാ-
മേകാം വിദ്യാം സമാശ്രിതാഃ?

നവജലദസമാഭഃ കഞ്ജനേത്രേ കൃതാങ്കഃ
പതിതചികുരസംഘം വാരയന്നംഗുലീഭിഃ
വ്രജയുവതിസമൂഹം സസ്മിതം പ്രേക്ഷമാണോ
വസതു ഹൃദി സദാ മേ ബാലകൃഷ്ണസ്യ ഭാവഃ. !!

Digitized By Kerala Sahitya Akademi

ഈ ശാസനത്തിൽനിന്നു് ആദിത്യവമ്മാവു ശസ്ത്രങ്ങളിലും ശാസ്ത്രങ്ങളിലും ഒന്നുപോലെ സമർത്ഥനായിരുന്നുവെന്നും സകലകലാവല്ലഭനാകയാലാണു് അദ്ദേഹത്തിനു സർവാംഗനാഥൻ എന്ന ബിരുദം സിദ്ധിച്ചതെന്നും വ്യക്തമാകുന്നുണ്ടു്. "സ്വസ്ഥാവേശാദിഷു" ഇത്യാദി ശ്ലോകംകൂടി നോക്കുക. മൂന്നു ശിലാലേഖനങ്ങളിലെ ശ്ലോകങ്ങളും അദ്ദേഹം പ്രസിദ്ധനായ ഒരു ബാലകൃഷ്ണഭക്തനായിരുന്നു എന്നുകൂടി തെളിയിക്കുന്നു. ക്രിസ്തുവർഷം 1375-നു് ഇടയ്ക്കാണു് അദ്ദേഹം കൃഷ്ണസ്വാമിക്ഷേത്രം ജീർണ്ണോദ്ധാരണം ചെയ്തതെന്നു മുമ്പു പ്രസ്താവിച്ചുവല്ലൊ. ഉണ്ണുനീലിസന്ദേശം എഴുതിയ കാലത്തു് ആദിത്യവമ്മാവിനു തുപ്പാപ്പൂർവംശത്തിലേക്കു മാത്രമെ മൂപ്പുണ്ടായിരുന്നുള്ളു. "നാരീമൌലേ! മമ മലർമകൾക്കുണ്ടിരിപ്പാൻ തിരുപ്പുപ്പരെന്റില്ലം.....വേണാട്ടിലങ്ങു" എന്ന ഭാഗം നോക്കുക. സ്ത്രീകൾ വഴിക്കാണല്ലോ ഇല്ലപ്പേർ. അക്കാലത്തു തിരുവിതാംകൂർ അഞ്ചുശാഖകളായി വേർതിരിഞ്ഞിരിക്കുന്നു. അവയുടെ പേരുകൾ വേണാടു്, തിരുവാംകോടു്, തുപ്പാപ്പൂർ, ചിറവായി, ജയസിംഹനോടു് ഇങ്ങനെയാണു്. ചെമ്പകആദിത്യവമ്മാവു ചിറവായി ശാഖയിൽപെട്ട ആളായിരുന്നുവെന്നു വായനക്കാർ മനസ്സിലാക്കിയിരിക്കുമല്ലൊ. സർവാംഗനാഥആദിത്യവമ്മാവിന്റെ ശാഖ തുപ്പാപ്പൂരായിരുന്നു. ഉണ്ണുനീലി സന്ദേശകാലത്തു് തിരുവിതാംകൂർ കൊല്ലംമുതൽ തോവാളവരെ വ്യാപിച്ചിരുന്നു. "എണ്ണിക്കൊള്ളാം പടയിൽ" ഇത്യാദി പദ്യം നോക്കുക. നാടുവാഴുന്ന മഹാരാജാവു വേണാടുശാഖയിൽപെട്ട ദേഹവും അവിടുത്തെ തിരുനാമധേയം രവിവമ്മാവെന്നുമായിരുന്നു. ആദിത്യവമ്മാവു് യുവരാജാവായിരുന്നതിനാലാണു് "വേണാടർകോനും നീയും പാലിച്ചപഗതഭയം വർദ്ധിതാനാളിൽനാളിൽ" എന്നും "ഇരവിവമ്മനു രണ്ടാമവൻഞാൻ" എന്നും സന്ദേശത്തിൽ പറഞ്ഞുകാണുന്നതു്. ഈ രവിവമ്മപദംകൊണ്ടു് ക്രിസ്തുവർഷം 1266-ൽ തിരുവവതാരം ചെയ്തു് 1313-വരേ രാജ്യരക്ഷ ചെയ്ത ദക്ഷിണാപഥചക്രവർത്തിയും പ്രദ്യുമ്നാഭ്യുദയകർത്താവുമായ രവിവമ്മ കുലശേഖരപ്പെരുമാളെ ഗ്രഹിക്കുവാൻ പാടുള്ളതല്ല. സന്ദേശം 77-ാംശ്ലോകത്തിൽ പറയുന്ന "ഇരവിവമ്മാഖ്യവേണാടർകോനേ" തന്നെയാണു്, 212-ാം ശ്ലോകത്തിലും സൂചിപ്പിക്കുന്നതു്. ആദിത്യവമ്മാവിനു യൌവരാജ്യത്തിൽതന്നെ സർവാംഗനാഥബിരുദം സിദ്ധിച്ചതായി സന്ദേശം 43, 68 ഈ ശ്ലോകങ്ങളിൽനിന്നു വിശദമാകുന്നുണ്ടല്ലൊ. അവിടുത്തേക്കു് അന്നുതന്നെ ബാലകൃഷ്ണഭക്തിയും ശ്രുഢമൂലമായിരുന്നുവെന്നുള്ളതിനു്

"ഊയൽപ്പുമെത്തയിൽമരുവുമക്കണ്ണനാമുണ്ണിതന്നെ-
ത്താലോലിച്ചും തഴുകിയുമുടൻനിന്റെ വൈകാതവണ്ണം"

Digitized By Kerala Sahitya Akademi

എന്നുള്ള ഭാഗം ലക്ഷ്യമാകുന്നു. സംഗ്രാമധീരബിരുദം ആദ്യമായി സ്വീകരിച്ചതു രവിവർമ്മകുലശേഖരപ്പെരുമാളാണു്. ആ മഹാരാജാവിനു "ചന്ദ്രകുലമംഗലദീപ — യാവദനാരായണ — കേരളദേശപുണ്യപരിണാമ—നാമാന്തരകണ്ണ — കൂപകസാർവഭൗമ — കുലശിഖരിപ്രതിഷ്ഠാപിതഗരുഡദ്ധ്വജ—കോലംബപുരാധീശ്വര — ശ്രീപദ്മനാഭപദകമലപരമാധാരക—പ്രണതരാജപ്രതിഷ്ഠാചാര്യ— വിമതരാജബന്ദീകാര—ധർമ്മതരുമൂലകന്ദ — സൽഗുണാലങ്കാര — ചതുഷ്ഷഷ്ടികലാവല്ലഭ — ദക്ഷിണഭോജരാജ—സംഗ്രാമധീര--മഹാരാജാധിരാജ --പരമേശ്വര--ശ്രീകുലശേഖര—ത്രിഭുവനചക്രവർത്തി" ഇങ്ങനെ പലേ ബിരുദങ്ങളുമുണ്ടായിരുന്നു എന്നു നാം കാഞ്ചിപുരത്തുള്ള അരുളാളപ്പെരുമാൾ വിഷ്ണുക്ഷേത്രത്തിലേ ശിലാശാസനത്തിൽനിന്നു ധരിക്കുന്നു. ഇവയിൽ സംഗ്രാമധീരബിരുദം പരമപ്രധാനമായിരുന്നുവെന്നുള്ളതു് ശ്രീരംഗക്ഷേത്രത്തിലെ ശിലാശാസനത്തിൽ കവിഭ്രഷൺ അവിടത്തെപ്പറ്റി—

"ദുർബലസ്യ ബലം രാജേ-
ത്യേഷാ സത്യാ സരസ്വതീ;
സംഗ്രാമധീരോ ധീരസ്യ
ദുർബലസ്യബലം കലൌ;

സംഗ്രാമധീര! ത്വദ്രാജ്യേ
ചോരോ നാസ്തീതി വാങ്മൃഷാ;
ചമ്പകദ്യുതിസർവസ്വ-
ചോരസ്തേ വിഗ്രഹസ്ത്വയം:

സംഗ്രാധീര ഇത്യേതം
മന്ത്രം പഞ്ചാക്ഷരം ബുധാഃ
ജപന്തോ ദുഷ്കൃതിം ജിത്വാ
പ്രാപ്നുവന്തി പരം ശിവം."

എന്നു വർണ്ണിച്ചിരിക്കുന്നതിൽനിന്നു വിശദമാകുന്നു. മംഖകമഹാകവിയുടെ കാവ്യാലങ്കാരസൂത്രത്തിനു ടീക നിർമ്മിച്ച സമുദ്രബന്ധനും രവിവർമ്മാവിനെ സംഗ്രാമധീരപദംകൊണ്ടു മാത്രം പലേ ശ്ലോകങ്ങളിലും നിർദ്ദേശിക്കുന്നുണ്ടു്. 89-ാം ശ്ലോകത്തിൽ ആദിത്യവർമ്മാവിനെ "സംഗ്രാമധീര" എന്നു കവി അഭിസംബോധനം ചെയ്തിരിക്കുന്നതു് അദ്ദേഹവും ആ ബിരുദം സ്വീകരിക്കുകനിമിത്തമായിരിക്കണം. തിരുവിതാംകൂർ

Digitized By Kerala Sahitya Akademi

മഹാരാജാക്കന്മാക്ക ജയസിംഹന്റെറ കാലംവരെ യദുവംശവുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. ക്രിസ്തുവർഷം 1250-ഇടയ്ക്ക കുപകരാജവംശത്തിൽ പുരുഷന്മാരുണ്ടായിരുന്നില്ല. ഉമാദേവി എന്നൊരു രാജ്ഞിമാത്രം കൊല്ലത്തു താമസിച്ചു രാജ്യപരിപാലനം ചെയ്യുവന്നു. യദുവംശജനും ജയസിംഹൻ എന്ന നാമാന്തരത്താൽ പ്രസിദ്ധനുമായ വീരകേരളവമ്മാവു ക്രിസ്തു 1352-ൽ കൊല്ലത്തുള്ള ഒരു ശിലാലേഖയിൽ

സ്വസ്ത്യസ്തു ജയസിംഹസ്യ
വീര കേരളവമ്മണഃ
തഥാ തദ്വംശജാനാം ച
രാജ്യസ്യ നഗരസ്യ ച.''

എന്നു കാണുന്നതു നോക്കുക.

''സ്വസ്തിശ്രീജയസിംഹ ഇത്യഭിഹിതഃ സോമാന്വയോത്തംസകോ
രാജാസീദിഹ കേരളേഷു വിഷയേ നാഥോ യദുക്ഷ്മാഭൃതാം
ജാതോസ്മാദ്രവിവമ്മഭൂപതിരുമാദേവ്യാം കുമാരശ്രിവാൽ
ദേഹവ്യാപ്യ (1888) ശകാബ്ദഭാജി സമയേ ദേഹീവ വീരോ രസഃ''

എന്നുള്ള അരുളാളപ്പെരുമാൾ ക്ഷേത്രത്തിലെ ശാസനപദ്യവും നോക്കുക. ജയസിംഹന്റെറ വംശജാതനാകയാലാണ് ആദിത്യവമ്മാവിനെ കവി സന്ദേശം 105-ാം ശ്ലോകത്തിലും മറും യദുകുലാധീശപദംകൊണ്ട് അഭിസംബോധനം ചെയ്യുന്നതു്. ക്രിസ്തു എട്ടാം ശതവർഷം മുതൽക്കുതന്നെ കച്ചവടത്തിനും മറുമായി പല മഹമ്മദീയർ കേരളത്തിൽവന്നു കുടിപാർത്തുതുടങ്ങിയെങ്കിലും ഒരു മഹമ്മദീയസൈന്യം ആദ്യമായി ദക്ഷിണാപഥത്തിലേയ്ക്കു കടന്നു എന്നു പറയണമെങ്കിൽ അതു് അലാവുദീൻ കിൽജിയുടെ കാലത്തു ക്രി. പി. 1311-ൽ മാലിക്കാഫറുടെ നേതൃത്വത്തിലുള്ളതായിരുന്നു. മാലിക്കാഫർ കാകതീയബല്ലാലചോളപാണ്ഡ്യാദി രാജ്യങ്ങളെ കീഴടക്കുകയും പാണ്ഡ്യരാജാവായ കുലശേഖരദേവനെ ബന്ധനസ്ഥനാക്കി ഡൽഹിയിലേയ്ക്കു് കൊണ്ടുപോകയും ചെയ്തു. അന്നു മുതല്ക്കാണു് ദക്ഷിണാപഥത്തിലെ ഹിന്ദുരാജാക്കന്മാക്കു പല അവസരങ്ങളിലും സന്ദേശം 21-ാം ശ്ലോകത്തിൽ പറയുന്നതുപോലെയുള്ള ''തുലിക്കൻപട''യുമായി യുദ്ധം ചെയ്യേണ്ട ആവശ്യം നേരിട്ടതു്. മറു പല കാരണങ്ങളുടെ കൂട്ടത്തിൽ ഇതും സന്ദേശഹരനായ ആദിത്യവമ്മാവു ക്രി. പി. 1311-നു പിന്നീടു ജീവിച്ചിരുന്ന ഒരു രാജാ

Digitized By Kerala Sahitya Akademi

വെന്നു തെളിയിക്കുന്നു. ക്രിസ്തു 12–ാം ശതവഷ്ത്തിന്റെ അവസാനത്തിൽ തിരുവിതാംകൂറിൽ മറ്റൊരു ആദിത്യവർമ്മാവുണ്ടായിരുന്നു.

"സ്യാനന്ദൂരൈകഗോഷ്ഠാലയകമലദ്ദശേ ഗോദമാത്താണ്ഡകോളം-
ബാധീശച്ഛത്രുവാഹീ ധനുഷി ച കൃതനൈവേദ്യമുത്തുംഗജീവേ
ശ്രീമാനാദിത്യവർമ്മസ്സഹി രജതകൃതം ഡിണ്ഡിമം മന്ദരാഭം
ഡിണ്ഡീരാഖണ്ഡഷണ്ഡദ്യുതിശ്രുദമദിശന്മാനസ്യ ആത്മാ ക്ഷമായാഃ"

എന്ന തിരുവനന്തപുരത്തു കൃഷ്ണസ്വാമിക്ഷേത്രത്തിലെ ശിലാലേഖ നോക്കുക. ഈ ആദിത്യവർമ്മാവു് ഗോദമാത്താണ്ഡവർമ്മാവെന്ന കോളംബാധീശന്റെ ഛത്രുവാഹി മാത്രമല്ലാതെ ഒരു രാജാവായിരുന്നുവോ എന്നു സംശയമാണു്. ആണെങ്കിൽതന്നെയും അദ്ദേഹം യദുവംശജനോ സർവാംഗനാഥസംഗ്രാമധീരാദിബിരുദങ്ങളാൽ അങ്കിതനോ തുലുക്കരോടു യുദ്ധം ചെയ്തവനോ അല്ലാത്തതിനാൽ അദ്ദേഹമല്ല ഉണ്ണുനീലിസന്ദേശത്തിലെ ആദിത്യവർമ്മാവെന്നു ഗ്രഹിക്കുവാൻ പ്രയാസമില്ല. ഭാഷാശൈലിയിൽനിന്നും മറ്റുമുള്ള തെളിവുകൾ ആവശ്യമില്ലാത്തതിനാൽ ഇവിടെ എടുത്തുചേർത്ത ലേഖനദൈർഘ്യം വരുത്തുന്നില്ല. കൃഷ്ണഭക്തനായ ഈ ആദിത്യവർമ്മാവു തനിക്കു മുപ്പുകിട്ടിയ ഉടൻതന്നെ ഗോശാലാകൃഷ്ണസ്വാമിക്ഷേത്രം ജീർണ്ണോദ്ധാരണം ചെയ്തിരിക്കുമെന്നൂഹിക്കുവിൻ ന്യായമുള്ളതിനാൽ അവിട്ടത്തെ വാഴ്ച്ചക്കാലം ക്രിസ്തുവർഷം 1375–മുതല്ലാണെന്നു തീരുമാനിക്കുന്നതിൽ വലിയ ആക്ഷേപമില്ല. ഈ ആദിത്യവർമ്മാവു ക്രി. 1409–വരെ രാജ്യഭാരംചെയ്തിരിക്കണമെന്നുള്ളതിനും മതിയായ ലക്ഷ്യമുണ്ടു്. വൈക്കത്തു ക്ഷേത്രത്തിൽ ആദ്യകാലത്തു സമുദായപ്രവൃത്തി നോക്കിവന്നതു തിരുവല്ലാഗ്രാമത്തിൽചേർന്ന കൈപ്പിഴസ്വരൂപി എന്നയാളായിരുന്നു എന്നും കൈപ്പിഴക്കുടുംബം അന്യംനിന്നാറേ വൈക്കത്തു ഊരാൺമക്കാർ അയിത്തർ ശാക്കരക്കോവിലന്മാർക്കു മേല്പോയിമ്മസ്ഥാനം കൊടുത്തുവെന്നും അശക്തിനിമിത്തം അവർ ആ സ്ഥാനം കൊല്ലം 582–ൽ ഉപേക്ഷിച്ചുപോയെന്നും അപ്പോൾ ഊരാൺമക്കാർ തിരുവിതാംകൂർ രാജകുടുംബത്തിൽ ചെന്നു മേൽകോയിമ്മസ്ഥാനം നടത്തിത്തരുവാൻ അപേക്ഷിക്കണമെന്നു നിശ്ചയിച്ചു എന്നും നിശ്ചയമനുസരിച്ചു് അന്നു കൊല്ലത്തു് ആശ്രാമത്തെഴുന്നള്ളിയിരുന്ന ആദിത്യവർമ്മമഹാരാജാവിനെ അവർ ചെന്നുകണ്ടു സങ്കടമറിയിച്ചു എന്നും മാമ്പള്ളിയുമായി ആലോചിച്ചതിന്റെ ശേഷം അവിട്ടന്നു കൊല്ലം 584–ൽ ആറ്റിങ്ങൽവച്ചു് ആ അപേക്ഷയെ അംഗീകരിച്ചു തന്റെ പ്രതിനിധിയായി മാമ്പള്ളിയെ അവരോധിച്ചു എന്നും വൈക്കം ക്ഷേത്രത്തിലെ ഗ്രന്ഥവരിയിൽ കാണുന്നുണ്ടു്. മാമ്പള്ളിപ്പണ്ടാരത്തിൽ എന്നുകൂടിപ്പേരുള്ള

Digitized By Kerala Sahitya Akademi

വഞ്ഞിപ്പുഴപ്പണ്ടാരത്തിൽനിന്നു് അക്കാലത്തു രാജകുടുംബവുമായി എ ത്രമാത്രം വേഴ്ചയിലിരുന്നുവെന്നുള്ളതിനു സന്ദേശത്തിലേ.

"അസ്മദ്വാത്താം മുഴുവനറിയിപ്പിച്ചു മാമ്പള്ളിയെക്കൊ-
ണ്ടല്പസ്മേരാനമിതവദനം വീര!നില്പോരുനേരം
മുന്നേ നമ്മിൽകനിവു കനമുണ്ടാകയാൽ പോകപോക-
ങ്ങെന്റും നിന്നോടവനവനിപാലൈകവീരോ വിരഞ്ഞു".'' 78

എന്ന ശ്ലോകവും ലക്ഷ്യമാണല്ലോ. ഈ മഹാരാജാവാണു് നാഞ്ചിനാട്ടു വടശ്ശേരിയിൽ ആദിത്യവർമ്മചതുർവ്വേദിമംഗലം എന്നൊരു ഗ്രാമം ഉണ്ടാക്കി അതിൽ അനേകം വൈഷ്ണവബ്രാഹ്മണരെ വരുത്തി കുടിപാ പ്പിച്ചതു്. ഇതിനു സ്റ്റേറ്റുമാന്യുവൽ ഒന്നാംഭാഗം 263-ാം വശത്തിൽ കൊടുത്തിട്ടുള്ള തീയതി അബദ്ധമാണു്. '548' എന്ന വർഷസംഖ്യ '508' എന്നു അദ്ദേഹം തെറ്റായി വായിക്കുക നിമിത്തമാണു് ഈ അബ ദ്ധം പറ്റിയതു്. ആദിത്യവർമ്മാവിനു തുപ്പാപ്പൂർമൂപ്പു കിട്ടിയതു് കൊല്ലം 541-ൽ ആണെന്നു തിരുവനന്തപുരത്തു ശ്രീപദ്മനാഭസ്വാമി ക്ഷേത്ര ത്തിലെ ഗ്രന്ഥവരിയിൽ കാണുന്നു. ഉണ്ണുനീലിസന്ദേശകാലത്തു അവിട ത്തേയ്ക്കു് യൌവരാജ്യമേ ഉണ്ടായിരുന്നുള്ളു എന്നുള്ളതിനു് അനേകം ലക്ഷ്യങ്ങൾ ഇതിനുമുമ്പു കാണിച്ചുവല്ലോ. കൃഷ്ണസ്വാമിക്ഷേത്രത്തിന്റെ ജീർണ്ണോദ്ധാരണംകഴിഞ്ഞാണു് സന്ദേശമെഴുതിയതെങ്കിൽ കവി എ ന്തെങ്കിലും രണ്ടു വാക്കു് അതിനെപ്പറ്റി നിശ്ചയമായും പറയുമായിരുന്നു. എന്നാൽ ഇങ്ങനെ ഒരു ഊഹത്തിന്റെ ആവശ്യംതന്നെ സന്ദേശം 77-ാം ശ്ലോകത്തിനു രസികരഞ്ജിനിയിൽ കണ്ണന്ന "വേരിച്ചൊല്ലാർമ നസിജകയൽക്കണ്ണനെ" എന്ന പാഠം സ്വീകരിക്കുമ്പോഴാണു് നേരിട്ട തു്. എനിക്കു കിട്ടീട്ടുള്ള ആദർശഗ്രന്ഥങ്ങളിലെ പാഠം "വേരിച്ചൊ ല്ലാർമനസിജ; നിനക്കണ്ണനെ" എന്നാണു്, "മാനസിജകയൽക്കണ്ണൻ" എന്ന പദത്തിനു സ്വാരസ്യജനകമായ അർത്ഥമില്ല. ആദിത്യവർമ്മാവി ന്റെ ജ്യേഷ്ഠനാണു് കൊല്ലത്തു നാടുവാണരുന്ന രവിവർമ്മാവു എന്നാ ണു് എന്റെ പാഠത്തിൽനിന്നു തെളിയുന്നതു്. എല്ലാംകൊണ്ടും കൊല്ലം 540 നും 550 നും അതായതു് ക്രിസ്തുവർഷം 1366-നും 1375-നും ഇടയ്ക്കാ ണു് ഉണ്ണുനീലിസന്ദേശത്തിന്റെ നിർമ്മിതി എന്നു തീർച്ചപ്പെടുത്താ വുന്നതാണു്. കുറേക്കൂടി ചുഴിഞ്ഞുനോക്കുകയാണെങ്കിൽ ക്രി. പി. 1374 ഫെബ്രുവരി 16-ാംനു-ക്കു ശരിയായ കൊല്ലം 549 കുംഭം 23-ാംനു ഉദയാൽപരം ഏഴരനാഴികയും അശ്വതിനക്ഷത്രവും പഞ്ചമിതിഥിയും വ്യാഴാഴ്ചയും മേടംരാശിയും കർക്കടകത്തിൽ വ്യാഴവും യോജിച്ചുവന്ന

Digitized By Kerala Sahitya Akademi

മുഹൂത്തത്തിലാണു് നായകൻ ഈ സന്ദേശമയയ്ക്കുന്നതെന്നുള്ളതിനും തെളിവുകൾ കാണാവുന്നതാണു്.

കണ്ടിയൂർ ക്ഷേത്രത്തിന്റെ പ്രതിഷ്ഠ ക്രിസ്താബ്ദം 826-ൽ ആണു്. ഉണ്ണുനീലി സന്ദേശകത്താവു്

" കണ്ടം വണ്ടിൻനിറമുടയനെക്കെങ്കനിരോട്ടതിങ്കൾ-
ത്തുണ്ടംചാത്തും പരനെ, വരമാതിന്നു മെയ്പാതിയോനെ
മണ്ടുംമാനേൽക്കരനെ,യരനെ,ക്കമ്പിപാമ്പാക്കിയോനെ-
ക്കണ്ടേ പോവാൻതരമവിടെനീ കണ്ടിയൂർതമ്പിരാനേ. "

എന്നു് ആ ക്ഷേത്രത്തിലേ മൂത്തിയെ വണ്ണിക്കുന്നുണ്ടു്. ക്രിസ്തു ഒമ്പതാം ശതവഷ്ത്തിൽ പ്രതിഷ്ഠിച്ച ഒരു ദേവനെ രണ്ടാംശതവഷ്ത്തിൽ ജീവിച്ചിരുന്ന ഒരു കവി എങ്ങനെയാണു് വണ്ണിക്കുന്നതു്? 1090-ാംമാണ്ടു മേടമിടവം ഭാഷാപോഷിണിയിൽ

" അമൃതകരകരോടീസ്പർദ്ധുനീബദ്ധചൂഡം
തിരളൊളിതിരുനീറാമംഗരാഗാഭിരാമം
കരകലിതകപാലം മംഗലം പിംഗലാക്ഷം
മലമകൾമുലപൂണും ദൈവതം വെൽവുതാക. "

എന്നുള്ള സന്ദേശത്തിന്റെ പീഠികയിലെ ആദ്യത്തെപ്പദ്യത്തിൽ കാണുന്ന " അംഗരാഗാഭിരാമം " എന്ന പദം കലിസംഖ്യയെ സൂചിപ്പിക്കുന്നുവെന്നും അതിനാൽ കലി 3230-ാം വഷ്ത്തിലാണു് ഉണ്ണുനീലിസന്ദേശത്തിന്റെ ഉത്ഭവമെന്നൂഹിക്കണമെന്നും രസികരഞ്ജിനിയിൽ ഗ്രന്ഥം പ്രസിദ്ധപ്പെട്ടുത്തിയ കാലത്തു് അതിന്റെ പത്രാധിപർ എഴുതിയിരുന്നു എന്നു പ്രസ്താവിക്കുന്നുണ്ടു്. കലിവഷ്ം 3230-നു് ശരിയായ ക്രിസ്തുവഷ്ം 129 ആണു്. അന്നു് ഇങ്ങനെ ഒരു ഗ്രന്ഥത്തിന്റെ നിർമ്മിതിക്കു പ്രസക്തിതന്നെയില്ലെന്നു് ഇനി പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ. " ശുകസന്ദേശം ഉണ്ടായ കൊല്ലം 666-ാമാണ്ടിനു ശരിയായ ക്രിസ്താബ്ദം 1491-ാം വഷ്ം കഴിഞ്ഞു് അതായതു് കൊല്ലം ഏഴാം ശതവഷ്ത്തിന്റെ ഒടുവിലും ക്രി. പി. പതിനാറാം ശതവഷ്ത്തിന്റെ ആരംഭത്തിലും ഉണ്ടാക്കുകയാണു് ഉണ്ണുനീലിസന്ദേശം; അക്കാലത്തു ജീവിച്ചിരുന്ന ഒരു സ്ത്രീരത്നമാണു് ഉണ്ണുനീലി." എന്നൊരഭിപ്രായംകൂടി മേല്പറഞ്ഞ ലേഖനത്തിൽ കാണുന്നു. ഈ അഭിപ്രായം ശുകസന്ദേശം ഒന്നിന്റെകാലത്തെ മാത്രം അടിസ്ഥാനപ്പെടുത്തി എഴു

Digitized By Kerala Sahitya Akademi

തീട്ടുള്ളതാണു്. ശുകസന്ദേശത്തിന്റെ നിർമ്മിതി കൊല്ലം 666-ലോ അതിനു സമീപമെങ്കുമോ ആകാൻ പാടില്ലെന്നു ഞാൻ ഇതിനുമുമ്പുതന്നെ തെളിയിച്ചിട്ടുണ്ടല്ലോ. ഈയിടയ്ക്കു പ്രസിദ്ധപ്പെടുത്തിയ സാഹിത്യപ്രകാശിക എന്ന പുസ്തകത്തിൽ "ഉണ്ണുനീലിസന്ദേശത്തിന്റെ കാലം ഏകദേശം കൊല്ലം എട്ടാമത്തേയോ ഒൻപതാമത്തേയോ ശതവർഷമായിരിക്കാം.....ചില പഴയ സ്വരങ്ങൾ കാണുന്നതിൽനിന്നും വളരെ പഴയ ഒരു രീതിയിലായിരിക്കണം ഈ കൃതി എഴുതീട്ടുള്ളതെന്നു വാദിക്കുന്നവർ വെറും വ്യാമോഹവിധേയന്മാരായും പരിണമിച്ചേക്കാനിടയുണ്ടു്." എന്നെഴുതിക്കാണുന്നു. ഉണ്ണുനീലിസന്ദേശം പതിനാലാം ശതവർഷത്തിൽ എഴുതിയതായി എനിക്കു പൂർണ്ണവിശ്വാസം വരുന്നതിനു അതിലെ ഭാഷാശൈലിയും ഒരു ഒന്നാന്തരം തെളിവാണു്. സാഹിത്യചരിത്രത്തിൽ പണ്ഡിതന്മാർക്കു വഴികാണിക്കുവാൻ ഭാഷാരീതിയെപ്പോലെ പ്രകാശമുള്ള ഒരു ജ്യോതിസ്സു വേറെയില്ല.

ഒരു സംഗതിമാത്രം ഇവിടെ വ്യക്തമായിട്ടുണ്ടു്.

> "അപ്പോൾ മുൽപ്പാടണയ വഴിമേൽ കാണലാം തേ വലത്തു-
> ങ്ങുപ്പുപ്പെന്നും നിജസഹചരീം മുപ്പമഭ്യേതിവാമാം
> തുപ്പാപ്പൂർമുപ്പഴകുപൊഴിയും വീരമംഗല്യശംസീ
> മുല്പാടപ്പാൽ കിമപിചപലം പാട്ടപാട്ടം പിയാന്നും."

എന്നൊരു പദ്യം സന്ദേശത്തിൽ കാണുന്നുണ്ടെന്നും അതിലെ' പിയാൻ' പിയാനോ എന്ന ഇംഗ്ലീഷുപദത്തിന്റെ തദ്ഭവമാണെന്നും ആ പദപ്രയോഗംകൊണ്ടു പിയാനൊ തിരുവിതാംകൂറിൽ ധാരാളം പ്രചാരമായതിനുമേലാണു് ഉണ്ണുനീലിസന്ദേശത്തിന്റെ നിർമ്മിതിയെന്നും ചിലർ വിചാരിക്കുന്നതായി എനിക്കറിയാം. പിയാനൊ എന്ന വാദ്യവിശേഷം കണ്ടുപിടിച്ചതു് ഇറ്റലിരാജ്യത്തിൽ ഫ്ളോറൻസ് എന്ന പട്ടണത്തിൽ ക്രിസ്തുവർഷം 1651–മുതൽ 1731–വരെ ജീവിച്ചിരുന്ന ബർത്തോലോമിയോ ക്രിസ്റ്റോഫോറി എന്ന ശാസ്ത്രജ്ഞനായിരുന്നു എന്നും അദ്ദേഹം ഒരു പിയാനൊ ആദ്യമുണ്ടാക്കിയതു് 1709–ൽ ആണെന്നും കാണുന്നു. ഉണ്ടാക്കിയ ഉടൻ അതായതു് കൊല്ലം 884–ൽ തന്നെ ബർത്തോലോമിയോ ഒരു തിരുവനന്തപുരത്തു കോട്ടയ്ക്കകത്തു നടയ്ക്കാവിലേക്കാണയച്ചുകൊടുത്തുതെന്നു വിചാരിച്ചാൽകൂടിയും അന്നു് ഇവിടെ രാജാവായിരുന്നതു ഉമയമ്മറാണിയുടെ പുത്രനായ രവിവർമ്മായാകയാൽ അപ്പോളല്ല ഉണ്ണുനീലിസന്ദേശത്തിന്റെ നിർമ്മിതി എന്നു പറയേണ്ടതില്ലല്ലൊ. ഒട്ടുവിലത്തെ ആദിത്യവർമ്മാവു കൊല്ലം 854–ൽ തന്നെ നാടുനീങ്ങിക്കഴി

Digitized By Kerala Sahitya Akademi

ഞ്ഞിരിക്കുന്നു. അതിൽപിന്നെ ആ തിരുനാമധേയത്തോട്ടുകൂടി ഒരു മഹാരാജാവോ ഇളയരാജാവോ തിരുവിതാംകൂറിൽ ഉണ്ടായിട്ടുമില്ല. ഇന്നുതന്നെയും പിയാനൊവാദ്യത്തിനു കേരളത്തിൽ ധാരമാരുടെ ഇടയിലല്ലാതെ പ്രചാരമില്ലാതെയാണിരിക്കുന്നതു്. വാസ്തവത്തിൽ പിയാനും മറ്റും അച്ചടിപ്പിശാചുകളുടെ തുക്കൈവിളയാട്ടാണു്. എന്റെ കൈവശമുള്ള ഉണ്ണുനീലിസന്ദേശത്തിന്റെ രണ്ടു് ആദശ്ഗ്രന്ഥങ്ങൾ നോക്കിയതിൽ മേൽ എഴുതിയ ശ്ലോകത്തിന്റെ ശുദ്ധമായ പാഠം താഴെ കാണുന്ന വിധത്തിലാകുന്നു.

" അപ്പോൾകാണാമണയവഴിമേൽ കാണലാം തേ വലത്ത–
ങ്ങുപ്പുപ്പെന്നും നിജസഹചരീമുപ്പനഭ്യേതി വാമാൽ
തുപ്പാപ്പൂർമുപ്പഴകുപൊഴിയും വീര! മംഗല്യശംസീ
മുല്ലാടപ്പാൽ കിമപി ച വലമ്പാട്ട പാട്ടം വിയാനം. "

എന്നാണു്. ഉപ്പൻപക്ഷി ഇടത്തുനിന്നു വലത്തുഭാഗത്തു് ഉപ്പുപ്പെന്നു പറയുന്ന തന്റെ സഹധർമ്മിണിയെ പ്രാപിക്കുന്നു എന്നു താല്പര്യം. വീര, മംഗല്യശംസീ ഇവ രണ്ടു പദങ്ങളാണു്. കിമപി, ച, വലംപാട്ട, പാട്ടം, വിയാനം എന്നു പദച്ഛേദം ചെയ്യണം. വലത്തുഭാഗത്തു് കിളിയും പാട്ടം എന്നർത്ഥം. വിയം എന്നാൽ പക്ഷി, കിളി എന്നു തമിഴിൽ അർത്ഥം. വിയാൻ ഇതിന്റെ ഒരു തദ്ഭവമെന്നാണു് ഞാനൂഹിക്കുന്നതു്. ഇവയെല്ലാം ശുഭശകുനത്തിനുദാഹരണങ്ങളായി ഗ്രന്ഥകർത്താവു വർണ്ണിക്കുന്നു. പിയാനൊ വാദ്യത്തിനു വല്ല പ്രചാരവും ഉണ്ണുനീലിസന്ദേശകാലത്തുണ്ടെങ്കിൽ "ശൌണ്ഡീവേണസ്തുതിശബരികം" ഇത്യാദി പദ്യത്തിൽ ആ വാദ്യത്തിന്റെ പേർക്കൂടിച്ചേർക്കാത്തതെന്താണു്? ക്ഷുദ്രമായ ഈ പൂർവപക്ഷത്തിനു് ഇതിലധികം സമാധാനം ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ഉണ്ണുനീലിസന്ദേശത്തിന്റെ നിർമ്മാതാവാരെന്നുള്ളതിനെപ്പറ്റിയാണു് ഉപരിവിചാരണ ചെയ്യുവാനുള്ളതു്. കോകിലസന്ദേശത്തിന്റെ അവതാരികയിൽ "ഈ സന്ദേശം ഒരു ചാക്കിയാർ ഒരു നങ്ങ്യാർക്കയച്ചതായിട്ടാണു് കാണുന്നതു്!!" എന്നെഴുതിയിരിക്കുന്നു. കോകിലസന്ദേശത്തിന്റെ പ്രസാധകൻ ഇങ്ങനെ ഒരഭിപ്രായം പുറപ്പെടുവിച്ചതു് ഗ്രന്ഥം വായിച്ചുനോക്കിയതിനുമേലല്ലെന്നു സമ്മതിക്കുന്നതിനാൽ ഇതിനെ പ്രാമാണ്യേന ഗണിക്കേണ്ട ആവശ്യമില്ല. ഉണ്ണുനീലിസന്ദേശത്തിന്റെ പ്രസധകൻ കവിയെപ്പറ്റി ഒരഭിപ്രായവും പറയുന്നില്ല. 1090 മേടമിടവം ഭാഷാപോഷിണിയിൽ അടുത്തകാലത്തുണ്ടായ ഒരു കൃതിയെ

Digitized By Kerala Sahitya Akademi

അനുകരിക്കണമെന്നുള്ള മോഹം ഒരു രാജാവിനെക്കാൾ ഒരു ചാക്കിയാക്കണ്ടാവാനാണു് എളുപ്പമെന്നും കവിത മണിപ്രവാളത്തിലാക്കുന്നതും "പാലവും പിന്നിടേഥാഃ" എന്നുംമറ്റുമുള്ള അപകടങ്ങൾ പ്രയോഗിക്കുന്നതും ജാത്യാ അപകടപ്രവീണന്മാരായ ചാക്കിയാന്മാക്കാണു് യോജിക്കുന്നതെന്നും എഴുതിയിരിക്കുന്നതിനു പുറമേ "അഥവാ നൃപന്റെ നിയ്ക്കാണശേഷം ഉണ്ണുനീലികാമുകനായ കവി ഈ സന്ദേശം രചിച്ചു എന്നുവരുമോ? അങ്ങനെയായാൽ ഉണ്ണുനീലിയെ ആദരിക്കാനായി ഉണ്ണുനീലിസന്ദേശം എന്നതന്നെ കൃതിക്കു പേരു സങ്കല്പിച്ചു എന്നും അതിമാന്യനായ ഒരു രാജാവിനെ ദൂതനാക്കിയെന്നും ഉള്ളതിനു നല്ല യോജിപ്പുണ്ടു്. ഉണ്ണുനീലികാമുകനായ കവി അവരുടെ പ്രീതി സമ്പാദിച്ചു ഭർത്താവായതുതന്നെ ഈ കൃതി ഹേതുവായിട്ടാണെന്നും വരാം. കവി ഒരു ചാക്കിയാർക്കൂടി ആണെങ്കിൽ പ്രിയതമയെ ലഭിച്ചതുകൂടാതെ സന്ദേശകൃതികൾക്കു നാമകരണം ചെയ്യുന്ന സമ്പ്രദായത്തിലും സന്ദേശവാഹകനെ സ്വീകരിക്കുന്ന സംഗതിയിലും വികടത്വമോ പുതുമയോ കാണിക്കുന്ന അടവുകൂടി ഉണ്ടാകയും ചെയ്യു'.....ഒരു ചാക്കിയാരുടെ ബന്ധം ഈ കൃതിക്കുള്ളതായിട്ട' ഐതിഹ്യമുണ്ടെങ്കിൽ അദ്ദേഹം ഇതിന്റെ കവിയായിട്ടേ വരാൻ തരമുള്ളു." എന്നുംമറ്റും അഭിപ്രായപ്പെട്ടുകാണുന്നു. ഉണ്ണുനീലി തന്റെ ആദ്യത്തെ ഭർത്താവായ തമ്പുരാന്റെ മരണാനന്തരം ഒരു ചാക്കിയാരെ ഭർത്താവാക്കിയെന്നും അതിനു കാരണംതന്നെ ആ ചാക്കിയാർ ഈ സന്ദേശം നിർമ്മിച്ചതാണെന്നും "പാലവും പിന്നീടേഥാഃ" മുതലായവ അപകടപ്രയോഗങ്ങൾ ആണെന്നും പറയുന്നതു ശരിയല്ല. തമ്പുരാനു തന്നിലുണ്ടായിരുന്ന പ്രേമത്തെപ്പറ്റി സ്വല്പമെങ്കിലും സ്മരണയുണ്ടെങ്കിൽ നായിക വീണ്ടുമൊരാളെ ഭർത്താവായി സ്വീകരിക്കുമോ? തമ്പുരാന്റെ ഗുണഗണത്തെ വർണ്ണിച്ചു് ആ സ്മരണയെ ഉദ്ദീപിപ്പിക്കുന്ന ഒരു കാവ്യം വായിച്ചാൽ ആ മാതിരി ഒരു പ്രവൃത്തി ഒരിക്കലും ചെയ്യാതിരിക്കുവാനല്ലേ ഇടവരേണ്ടതു്? "പാലവും പിന്നിടേഥാഃ" ഇത്യാദി പ്രയോഗങ്ങളിൽ യാതൊരപകടവുമില്ല. മണിപ്രവാളകവിതയിൽ ഭാഷാപദങ്ങൾക്കു സംസ്കൃതപ്രത്യയം ചേർക്കാമെന്നും അങ്ങനെ ചേർത്താലും അവയെ ഭാഷാപദങ്ങളെന്നുതന്നെ വ്യവഹരിക്കണമെന്നും ലീലാതിലകം ദ്വിതീയശില്പത്തിൽ വ്യവസ്ഥാപിച്ചിട്ടുണ്ടു്. "സന്ദർഭേ സംസ്കൃതീകൃതാ ച" എന്ന സൂത്രത്തിനു "സേയം ഭാഷാകവി കർണ്ണി സംസ്കൃതീക്രിയതെ പ്രത്യയഭാഗേ—സാമാന്യവ്യവഹാരേ നൈവം" എന്ന വൃത്തി കാണുന്നു. ഇതിന്റെ താൽപര്യം "കവികൾ ഈ ഭാഷാപദങ്ങളോടു സംസ്കൃതപ്രത്യയംകൂടി ചേർക്കുന്നു; വാമൊഴിയിൽ ഇങ്ങനെ പതിവില്ല" എന്നാകുന്നു. ഇതിനു് അഞ്ചുദാഹരണത്തോളം ഗ്രന്ഥകർത്താവു കൊടുക്കുന്നുണ്ടു്.

Digitized By Kerala Sahitya Akademi

കൺകൊണ്ടിന്ദീവരാണാം കുറിയശിരസിജൈ-
ശ്ശൈവലാനാം മുഖംകൊ-
ണ്ടംഭോജാനാമളീനാമളകരചനയാ
കൊങ്കയാ കോരകാണാം
ഏതേഷാംകാന്തിമേതൈശ്ശ്രിതമപി ഭവരാം-
കൾപ്പിതെന്നിന്നളിന്യാ-
മായാന്തീം നാരണീതൻ ദുഹിതരമരയ-
ന്നങ്ങളേ! കണ്ടിതുണ്ടാ ?

കൾപ്പിത എന്ന പദത്തിനു കക്കുക, മോഷ്ടിക്കുക, എന്നാണർത്ഥം.

"നിരാടങ്കേ നീ വസനമിദംചാത്തു ദേവാർച്ചനായാ-
മെപ്പോഴും നീ കൃതമതിരതും മുട്ടമാറായിതല്ലോ."
എന്നീവണ്ണം നിജപരിജനപ്രാർത്ഥനം കൂട്ടുകാമാ
കേഴന്തീവാ രഹസിവിരഹവ്യാകുലാ വല്ലഭാ മേ.

ആറൂർനീലീവിരഹവിധുരോ മാണിരത്യന്തകാമീ
മാത്തൂർജാതോ മദനവിവശസ്ത്യക്തവാ ത്രണറക്കൌ.'

ഈ മൂന്നിലും അടിയിൽ വരച്ചിട്ടുള്ള ഭാഗങ്ങളിൽ സുബന്തപദങ്ങളുടെ സംസ്കൃതീകരണം കാണുന്നു. തിങന്തപദങ്ങളുടെ സംസ്കൃതീകരണത്തിനാണു് ബാക്കിയുള്ള രണ്ടുദാഹരണങ്ങളും.

സ്വസ്രേ പൂർവ്വം മഹിതനൃപതേർവിക്രമാദിത്യനാമ്നഃ
പോക്കാംചക്രേ തരുണജലദം കാളിദാസഃ കവീന്ദ്രഃ
ത്വം കൃത്സ്നശ്രീ വടുരതിജളോ ദുഷ്ടവിശ്വാഹമേവം
മത്വാത്മാനം തവ ഖലു മയാ പ്രേഷിതഃ കാക ഏവ.

കൃത്സ്നശ്രീ, നടി, ദാസി, വേശ്യ.

"പുപൂകിരേ പന്തലകത്തു പൂകരാ-
ശ്ചൂചൂടിരേ മാലപരിച്ചോരോത്തരേ
തതല്ലിരേ തമ്മിലതീവഘോരമായ്
മമണ്ടിരേ കൊണ്ടുമണാട്ടിതന്നെയും

Digitized By Kerala Sahitya Akademi

മേൽകാണിച്ച ഉദാഹരണങ്ങളിൽനിന്നു സാക്ഷാൽ മണിപ്പവാള കവിതയുടെ പ്രചാരകാലത്തു കവികൾ ഈമാതിരി പ്രയോഗങ്ങളെ അപകടമായോ ആക്ഷേപയോഗ്യമായോ ഗണിച്ചിരുന്നില്ലെന്നു വിശദമാകുന്നതാണു്. "പാലവും പിന്നിടേഥാഃ"

"ഒരുകരംകൊണ്ടു താൻ പൊത്തയിത്വാ."

"കുഞ്ചിഭിശ്ചഞ്ചലാഗ്രൈഃ". മുതലായവ ഇങ്ങനെയുള്ള പ്രയോഗങ്ങളാകുന്നു. കവിയും നായകനും ഭിന്നന്മാരാകുന്നതു പുരാണപുരുഷന്മാരുടെ വിഷയത്തിൽ ഒഴികെ സാധാരണമായി സന്ദേശകാവ്യങ്ങളുടെ ശൈലിയല്ലെന്നു ഞാൻ ഇതിനുമുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഉണ്ണുനീലിസന്ദേശത്തിന്റെ കർത്താവു് ഒരു ചാക്കിയാരാണെന്നു സംശയിക്കുവാൻ

"കണ്ടോമല്ലോ തളിയിലിരുവൻകൂത്തു നാമന്റെറാരിക്കൽ
തൈവംകെട്ടാളൊരു തപതിയാർ നങ്ങയാരെന്നെനോക്കി
അന്യാസംഗാൽ കിമപി കലുഷാ പ്രാകൃതംകൊണ്ടവാദീൽ
പിന്നെക്കണ്ടീലണയ വിവശം വീണ്ടു മണ്ടിന്റ നിന്നെ."

എന്ന ഉണ്ണുനീലിസന്ദേശത്തിലെ ശ്ലോകം ഒരുവിധത്തിലും ഉത്തരവാദിയല്ല. നായികയ്ക്കും നായകനും സമീപത്തുള്ള തളിയിൽ ക്ഷേത്രത്തിൽ തപതീസംവരണം കൂത്തുകാണുവാൻ പോകുന്നതിലും അവിടെവച്ചു് തപതിയുടെ വേഷം അഭിനയിച്ചുകൊണ്ടിരുന്ന നങ്ങിയാർ ഉണ്ണുനീലിപ്രിയനായ നായകനോടു സ്വല്പം കലുഷമായി പ്രാകൃതത്തിൽ സംസാരിച്ചതിലും യാതൊരു ആശ്ചര്യവുമില്ല. ഇതിൽനിന്നു് ഒരു ചാക്കിയാർ ആണു് ഗ്രന്ഥകർത്താവെന്നു് ഒരു പ്രകാരത്തിലും അനുമാനിക്കുവാൻ മാർഗ്ഗവുമില്ല. മറ്റടയാളങ്ങളുടെ കൂട്ടത്തിൽ കവി നായികയ്ക്കു വിശ്വാസം വരുന്നതിനുവേണ്ടി ഈ കാര്യംകൂടി പറയുന്നു എന്നേയുള്ളു. ഗ്രന്ഥകർത്താവാരെന്നു പ്രത്യക്ഷമായി ഗ്രന്ഥത്തിൽ നിന്നുതന്നെ കാണാവുന്ന സ്ഥിതിക്കു് ഈ വിഷയത്തിൽ യാതൊരു ശങ്കയ്ക്കും ഉല്ലേഖത്തിനും ആവശ്യവും കാണുന്നില്ല. ഇതരസന്ദേശങ്ങളിൽനിന്നു് ഒരു വ്യതിയാനമായി ഗ്രന്ഥകർത്താവു തന്റെ കാവ്യത്തെ പീഠികാരൂപേണ കുറെ ശ്ലോകങ്ങൾകൊണ്ടുകൂടി അലങ്കരിച്ചിട്ടുണ്ടു്. അവയിൽ

"ഇന്ദുക്ഷീരാഭിരാമാമടിതൊഴുതു ജഗന്നായികാമായവണ്ണം
മന്ദപ്രജ്ഞോപി മാരജ്വരപരവശനായ്ക്കോലിനേൻഞാനി-

ദാനീം

Digitized By Kerala Sahitya Akademi

കണ്ടിക്കാർക്കുന്തൽ കാലിൽത്തടവിന മടവാർനായികാം–
വാഴ്ത്തുവാനായ്
മുണ്ടഞ്ഞൽക്കെന്റുമാക്കംകരുതിന മറിമാൻകണ്ണിയാമുണ്ണുനീലിം.

പൂമാതിൻനയനാന്തഭൃംഗനളനീ, ഭ്രൂമേസ്സുധാദീപികാ,
പൂണാരം മണികണ്ഠവെൺപലമഹീപാലൈകചൂഡാമണോഃ,
പൂവമ്പൻകുലദേവതാ, പുകൾമികും മുണ്ടഞ്ഞലൻപുറ്റെഴും
പൂമാലക്കുഴൽ, ഉണ്ണുനീലിതിരുനാൾ നീണാൾ വിളങ്ങീടുക

വെള്ളിക്കുന്നിന്നഭീഷ്ടം വെളുവെളെ വിളയി–
പ്പിക്കുമക്കീത്തിപാർമേ–
ലല്ലിംഞാർമാതിനെക്കൊണ്ടയിവിളിപണിചെ–
യ്യിക്കുമാസ്ഥാം പ്രലാപൈഃ

ഇല്ലത്തിന്നന്നതിം തേ വിതരതി നിതരാ–
മാകയാലുണ്ണുനീലി!
ചൊല്ലിന്റേനെങ്കിൽ നീ കേട്ടരുളുക ദയിതേ!
സുകൃതിരത്നം മദീയം ".

ഈ മൂന്നു ശ്ലോകങ്ങളും നമ്മുടെ ശ്രദ്ധയെ പ്രത്യേകിച്ചു വിഷയീഭവിക്കുന്നു. ഇവയിൽനിന്നു് ഉണ്ണുനീലി വെൺപല നാട്ടരാജാവിന്റെ പൂണാരം (ആഭരണമായണിയാനുള്ള മുത്തുമാല) അഥവാ പ്രേയസിയാണെന്നും മാരജ്വരപരവശനാകയാൽ നായകനായ കവിതന്നെ തന്റെ പ്രേയസിക്കു സന്ദേശമയയ്ക്കുന്നതാണെന്നും വെളിവാകുന്നുണ്ടു്. മണികണ്ഠപദം തെക്കുംകൂറും വടക്കുംകൂറും രാജാക്കന്മാരുടെ ബിരുദമായിരുന്നു.

" അഗ്രേ കാണാം തദനുമണികണ്ഠാഖ്യപൂർവം പുരം തേ
തെക്കിൻകൂറ്റിന്നൊരുമണിവരം തത്രമേവും മുരാരിം
ഭക്ത്യാ നീ ചെന്റുഴകൊട്ട തൊഴുന്നേരമീശാന്തകോണേ
തിഴ്ക്കിക്കേൾക്കാം പഥികനിവഹം നിന്റോഴിക്കിന്റവാറു് ".

എന്ന പദ്യം നോക്കുക. ഇന്നും ഈ മണികണ്ഠപുരം തെക്കുംകൂറിലുണ്ടു്. അന്നത്തെ തെക്കുംകൂർരാജാവിന്റെ പേർ രാമവമ്മാവെന്നായിരുന്നു എന്നു കവി 129–ാം ശ്ലോകത്തിൽ പറയുന്നു. കവിക്കു വടക്കൻകൂറിൽ മുപ്പായിരുന്നില്ല എന്നുള്ളതിനു് 159 മുതൽ 162 വരെയുള്ള ശ്ലോകങ്ങൾ ലക്ഷ്യമാകുന്നു.

Digitized By Kerala Sahitya Akademi

" മാറാടിക്കീഴ മരുവലർപിണംകൊണ്ടു നാഞ്ഞും നരിക്കും
ചോറാടിക്കും മനുജവരനെക്കാൺക നീ ചെന്റ പിന്നെ
കൂറാടിന്റോക്കയിരുമുടലും നീർതൊട്ടക്കും വടക്കിൻ
കൂറാളിന്റോരിനിയമണികണ്ഠാഖ്യസാമന്തമൌലിം.

നിന്നെക്കാണുമ്പൊഴതു നിഴലില്ലാത ലോകപ്രദീപം
കന്നൽക്കണ്ണാർകുസുമശരനാം വെമ്പലക്ഷോണിപാലൻ
എന്നച്ച! പോയ് മുകൾമുടിയുമപ്പക്ഷപാതാതിരേകാൽ–
ത്തന്നെപ്പോലും കുറവറ മറന്നെന്തുചെയ്യാതതൊന്റ്?

മുണ്ടയ്ക്കൽച്ചെൻറിനിയ വിരഹവ്യാകുലാമുണ്ണനീലീം
കണ്ടിട്ടിൻറ ദയിതഗദിതം ഞാനുണത്തേണ്ടുവോന്റ്
മണ്ടിക്കൂട്ടുംകുസുമശരനോടൊട്ടിണങ്ങിത്തട്ടപ്പോ–
ന്റണ്ടൻകൈയിൽ കിമപി മൃതസഞ്ജീവനം മന്ത്രബീജം.

എന്റീവണ്ണം മമ നിനവു നീ ചൊല്ലിനാൽ മിക്കവാറും
കന്റും കുന്റും കലയുമകലും പേടമാൻകണ്ണിതന്നെ
ചെന്റും കാൺകെൻറവനയി സഖേ! ചൊല്ലുമപ്പോൾത്തദാനീ–
മെന്റള്ളേടം നവരമറിവാൻ ജ്യോതിഷം വല്ലുവൻ ഞാൻ ".

താനും സന്ദേശഹരനും രാജ്യഭാരം ചെയ്യുന്ന രാജാക്കന്മാരല്ലായ്കയാലും തൻറ കുടുംബപ്രമാണി പ്രേയസീഗൃഹത്തിനു സമീപത്തുതന്നെ ഉണ്ടാകയാലുമാണ് അവിടെ ചെന്നു " വടക്കുംക്കൂറാളിൻറ " ആ സാമന്തരാജാവിനെ ചെന്നുകണ്ടു് അദ്ദേഹത്തിൻറ അനുവാദം വാങ്ങിക്കണമെന്നു പ്രത്യേകമായുപദേശിക്കുന്നതു്.

" മുണ്ടയ്ക്കൽക്കിന്റഖിലനയനാനന്ദമാമുണ്ണനീലീ
പീയൂഷത്തോടിനിയ മണികണ്ഠാഖ്യകല്പദ്രുമേണ.
ധന്യൈരന്യൈരപി സമമിമം ദേവലോകൈകദേശം
മന്യേ നിർമ്മിച്ചിതു മദനനാം ഗാഥിസൂനുർമ്മുനീന്ദ്രഃ. "

എന്ന 152-ാം പദ്യത്തിൽ കവി വണ്ണിക്കുന്നതും തന്റെ ജ്യേഷ്ഠനായ നാട്ടു വാഴുന്ന മണികണ്ഠനെത്തന്നെയാണു്. അല്ലെങ്കിൽ അതു് ഒരു അപ്രകൃതവും അസംബന്ധവുമായ ആത്മപ്രശംസയായിത്തീരുന്നതാണല്ലോ.

Digitized By Kerala Sahitya Akademi

" ആറ്റിൻനേരായ്ക്കരിവരമദം നീടൊഴുക്കും വടക്കിൻ—
കൂറ്റിന്നന്റഴകു പൊഴിയിക്കിന്റ പുണ്യാംബുരാശേഃ
മാറ്റാർക്കുപ്പും മഹിതമണികണ്ണന്നയോദ്ധ്യവ രാമ-
ന്നേറ്റം വശ്യാ ജഗതി നഗരീ സാ കടന്തേതിനാമ്നാ. "

എന്ന പദ്യവും നോക്കുക.

തന്നെക്കാൾ ചെറുപ്പക്കാരനായ ഒരാളെ നായകൻ ഈ വിധത്തിൽ വണ്ണിക്കുന്നതിനു പ്രസക്തിയുമില്ല. എല്ലാംകൊണ്ടും നായകൻ വടക്കുംകൂർ രാജവംശത്തിലെ ഇളമുറക്കാരിൽ ഒരാളായിരുന്നുവെന്നു തീർച്ചപ്പെടുത്തുന്നതിൽ അസാംഗത്യമൊന്നുമില്ല. അദ്ദേഹവും ആദിത്യവർമ്മാവും രാജത്വം കൊണ്ടും വൈദുഷ്യംകൊണ്ടും കവിത്വംകൊണ്ടും വയസ്സുകൊണ്ടും സ്ഥാനംകൊണ്ടും മറ്റും ഏകദേശം നമനിലയിലിരുന്നതു നിമിത്തമാണു് ഒരാൾ മറ്റൊരാളെ തന്റെ സന്ദേശഹരനാക്കിത്തീർത്തതെന്നുള്ളതും വിശദമാണു്. സഖേ, തോഴ, മുതലായ സംബോധനകൾ നോക്കുക.

" യൽ സത്യം തൽ ഭവതു " ഇത്യാദി പദ്യത്തിൽ നിന്നു് ഉണ്ണുനീലിസന്ദേശകർത്താവു പുണർതം നാളിലാണു് ജനിച്ചതെന്നും അതിനാൽ അവിട്ടത്തെ ജനങ്ങൾ വടക്കുംകൂർ പുണർതംനാൾ തമ്പുരാൻ എന്ന വിളിച്ചുവന്നിരിക്കണമെന്നും കാണാവുന്നതാണല്ലോ. അവിട്ടന്നു വടക്കുംകൂർ രാജകുടുംബത്തിലെ ഇളമുറക്കാരിൽ ഒരാളായിരിക്കണമെന്നുള്ളതിനു സന്ദേശത്തിന്റെ പൂർവാർദ്ധത്തിൽ " രക്ഷോരാജന്നിനിയ സഹജാ ലക്ഷ്മണം രാക്ഷസീവ " എന്നും ഉത്തരാർദ്ധത്തിൽ " മാറ്റാർക്കുപ്പും മഹിതമണികണ്ണന്നയോദ്ധ്യവരാമന്നേറ്റം വശ്യാ ജയതി നഗരീ " എന്നുമുള്ള ഭാഗങ്ങളും നല്ല ലക്ഷ്യങ്ങളാണു്. നാടുവാഴുന്ന രാജാവിനെ ശ്രീരാമനോടും തന്നെ ലക്ഷ്മണനാടുമാണല്ലോ കവി ഉപമിക്കുന്നതു്. കവി ക്ഷത്രിയവംശജനാണെന്നുകൂടി ഇതിൽനിന്നു വ്യഞ്ജിക്കുന്നുണ്ടെന്നു സഹൃദയന്മാരോടു പ്രത്യേകിച്ചു പറയണമെന്നു തോന്നുന്നില്ല.

രണ്ടുപേക്ഷം ഒരുവിധം സ്ഥാനസാമ്യവും പരിചയവുമില്ലെങ്കിൽ

"നീത്താനിന്നുപലമിവ, തെളിഞ്ഞാമ്പൽപോലേ ചിരിച്ചാ—
നാത്താൻ വണ്ടിൻകുലമിവ, വളന്നാൻ പയോരാശിപോലേ,

Digitized By Kerala Sahitya Akademi

പീത്വാ ശ്രുപാമൃതമിളകിനാനേഷ ചെമ്പോത്തുപോലേ,
ക്ലുഷ്ടാൻ കാമീ മദനനിവപോന്നാഗതേ വീരചന്ദ്രേ,''

എന്ന പദ്യത്തിൽ വണ്ണിക്കുന്നതുപോലെ നായകൻ സന്തോഷിക്കുന്നത? ന വിശേഷകാരണവുമില്ല.

മുണ്ടശ്ശൂൽ ഒരു നായർ തറവാട്ടം ഉണ്ണുനീലി ഒരു നായർ സ്ത്രീയുമാ ണെന്നതന്നെയാണ് എന്റെ വിശ്വാസം. സാമന്തജാതിയിൽപ്പെട്ട വട ക്കുംകൂർ രാജാക്കന്മാക്കു നായർകുടുംബങ്ങളിൽനിന്നല്ലാതെ അക്കാലത്തു സംബന്ധത്തിനു മാഗ്രുണ്ടായിരുന്നതായറിയുന്നില്ല. മുണ്ടശ്ശൂൽ ഒരു നാ യർതറവാടായിരുന്നുവെന്നും ഇടക്കാലങ്ങളിലാണ് അതു നായന്മാരെ വിട്ടു ക്രിസ്ത്യാനികൾക്ക് അധീനമായതു് എന്നും ഞാൻ മുമ്പു പ്രസ്താവി ച്ചുവല്ലോ. കട്ടത്തുരുത്തിതന്നെ സുന്ദരിമാക്കു കേൾവിപ്പെട്ടിരുന്ന ഒരു സ്ഥലമാണെന്നാണ് നാം ശുകസന്ദേശത്തിലെ

''സന്ധ്യാലക്ഷ്മീം മൃദുലഹസിതജ്യോത്സ്നയാ യത്ര ശശ്വൽ
ബന്ധൂകാഭൈരധരമണിഭിശ്ചാപി ബദ്ധ്നന്തി നാര്യഃ.''

എന്ന ശ്ലോകാർത്ഥത്തിൽനിന്നും മറ്റും അനുമാനിക്കേണ്ടതു്. ഉണ്ണുനീലി സന്ദേശത്തിൽ,

''ഓരോ പെൺമാൻമിഴികൾ ഭവനംതോറുമുൾപ്പെട്ട ചെൻറ-
ങ്ങാരാഞ്ഞെല്ലാപ്പൊഴുതുമിടമാടമ്പു വാരാതവണ്ണം
വീരന്മാർമേൽപ്പുലര മലരമ്പെയ്യു താൻ വീരനാവാൻ
മാരന്നുണ്ടം കുളിയുമവിടെച്ചാല വൈകിന്നതല്ലോ.''

എന്നും മറ്റും കാണുന്ന പദ്യങ്ങളുടെ താല്പര്യവും ഇതുതന്നേയാണ്. എ ല്ലാംകൊണ്ടും ക്രി. പി. പതിന്നാലാംശതകത്തിന്റെ മദ്ധ്യത്തിൽ കട്ടത്തു രുത്തി ഉത്തരതിരുവിതാംകൂറിലെ ഉജ്ജയിനിയായിത്തന്നെ ശോഭിച്ചി രിക്കണം. ആ നഗരത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റി ഒന്നും പറയാതിരിക്കുന്നതാണ് ഭേദം.

''കസ്യോൽപന്നം സുഖമവിരതം ദുഃഖമേകാന്തതോ വാ
നീചൈർഗ്ഗച്ഛത്യുപരി ച ദശാ ചക്രനേമിക്രമേണ.''

എന്ന കാളിദാസർ പറയുന്നതുപോലെ വിധിയന്ത്രത്തിരിപ്പിൽ അക പ്പെട്ടന്ന ഏതു വസ്തുവിനും ഉച്ചനീചതലങ്ങൾ നൈസർഗ്ഗികമാണെന്ന

Digitized By Kerala Sahitya Akademi

വിചാരിച്ചു സമാധാനപ്പെട്ടവാനേ നിവൃത്തി കാണുന്നുള്ളു. സന്ദേശത്തിന്റെ ഉത്തരാർദ്ധത്തിൽ കവി നായികയെപ്പറ്റി വർണ്ണിച്ചിരിക്കുന്ന ഭാഗം ഏറ്റവും ഹൃദയംഗമമായിരിക്കുന്നു. "ഉണ്ണുനീലിതിരുനാൾ നീണാൾ വിളങ്ങീടുക" ഇല്ലത്തിന്നുന്നതിം തേ വിതരതി" "മുണ്ടഞ്ഞുലെന്തോരില്ലം" ഇത്യാദി വരികളിൽനിന്നു് ഉണ്ണുനീലി ഒരു നായർസ്ത്രീയല്ലെന്നുവരുന്നില്ല. ഇല്ലത്തിനു ഭവനമെന്നേ വാസ്തവത്തിൽ അർത്ഥമുള്ളു. തിരുനാൾ എന്നു തന്റെ പ്രേയസിയുടെ ജന്മദിനത്തെ ഉദ്ദേശിച്ചു പ്രണയപരവശനായ ഒരു നായകനു പറഞ്ഞുകൂട്ടുന്നതല്ലെന്നു വിധിയുമില്ല.

ഗ്രന്ഥത്തിലെ ഭാഷാരീതിയേയും ചമല്ക്കാരധോരണിയേയും മറ്റും പറ്റി ഈ അവസരത്തിൽ ഒന്നും ഉപന്യസിക്കണമെന്നുദ്ദേശിക്കുന്നില്ല. ഇതു കൂടാതെ ഇതിൽനിന്നു് അനേകം ചരിത്രരഹസ്യങ്ങൾ വെളിവാകുന്നതിനെപ്പറ്റിയും ഇപ്പോൾ ഒന്നും എഴുതുന്നില്ല. ഈ ഗ്രന്ഥത്തെ പൊതുജനോപകാരപ്രദമാക്കി രസികരഞ്ജിനിയിൽ ആദ്യമായി പ്രസിദ്ധീകരിച്ച ആ സഹൃദയശിരോമണി അപ്പൻതമ്പുരാൻതിരുമേനിയോടു കേരളീയർക്കുള്ള കടപ്പാടു് ഒരുകാലത്തും തീരുന്നതല്ല.

1091-മേടം.

Digitized By Kerala Sahitya Akademi

7. ഭാഷാചമ്പൂപ്രബന്ധങ്ങൾ.

ഞാൻ ഇന്നു സഭാവാസികളെ അധികം പരിചിതമല്ലാത്ത ഒരു സാഹിത്യസരണിയിൽ കൂടിയാണു് നയിക്കുവാൻ ഉദ്ദേശിക്കുന്നതു്. കിളിപ്പാട്ടുകൾ പാരായണം ചെയ്യുവാൻ ഇപ്പോഴും ധാരാളം ഭക്തന്മാരുണ്ടു്. കുഞ്ചൻനമ്പിയാരുടെ മനോധർമ്മവിശേഷം നിമിത്തം തുള്ളൽക്കഥകളെ ജനങ്ങൾക്കു വിസ്മരിക്കുവാൻ നിവൃത്തിയില്ല. രണ്ടാട്ടക്കഥയെങ്കിലും പഠിക്കാതെ സർവകലാശാലക്കാർ യുവാക്കളെ വിട്ടയയ്ക്കില്ല. കരിമ്പുതിന്നുവാൻ കൈക്കുലിവേണ്ടാത്തതുകൊണ്ടു് ആഖ്യായിക മുതലായവയുടെ കായ്മും പറയേണ്ടതുമില്ല. ഇന്നത്തെ പ്രസംഗത്തിനു വിഷയീഭവിച്ചിരിക്കുന്ന ഭാഷാചമ്പുക്കൾ മേൽ നിർദ്ദേശിച്ച പ്രസ്ഥാനങ്ങളിലുള്ള കൃതികളെക്കാൾ ചില വിഷയങ്ങളിൽ പ്രാധാന്യമേറിയവയാണു്. എങ്കിലും അവയെ സർവകലാശാലക്കാരാകട്ടെ സക്കാരാകട്ടെ, പണ്ഡിതന്മാരാകട്ടെ, സാമാന്യജനങ്ങളാകട്ടെ വേണ്ടതുപോലെ ആദരിക്കുന്നതായി വിചാരിക്കുവാൻ മാർഗ്ഗം കാണുന്നില്ല. ഇതെത്രയും ശോച്യമാണെന്നു പറയാതിരിക്കുന്നതെങ്ങനെ ?

മലയാളത്തിൽ ഇതുവരെ ഈ ഇനത്തിൽ (1) രാമായണചമ്പു (2) ഉത്തരരാമായണചമ്പു (3) ബാലിവധചമ്പു (4) ഭാഷാനൈഷധചമ്പു (5) ഭാരതചമ്പു (6) ചെല്ലൂർമാഹാത്മ്യം * എന്നീ പ്രാചീനകൃതികളും (7) ഉഷാകല്യാണം (8) സന്താനഗോപാലം എന്നീ നവീനകൃതികളും സ്വതന്ത്രമായും (9) ഭോജന്റെ ചമ്പൂരാമായണം തജ്ജിമയായും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടു്. ഇവയിൽ ബാലിവധവും ഉത്തരരാമായണവും രാമായാണചമ്പുവിന്റെ അംശങ്ങളാകുന്നു. ഈ ചമ്പുവിൽ ഇവയുൾപ്പെടെ ഇതുവരെയും ഏഴുഭാഗങ്ങൾ ചിദംബരവാദ്ധ്യാരവർകൾ മൂന്നു പുസ്തകമായി പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. † ഇവ കൂടാതെ താടകാവധം, ഖരവധം, സുഗ്രീവസഖ്യം എന്നീ മൂന്നു ഭാഗങ്ങൾകൂടി പ്രസിദ്ധീകരിക്കത്തക്കസ്ഥിതിയിൽ അദ്ദേഹത്തിന്റെ കൈവശമുണ്ടു്. താടകാവധത്തിനുമേൽ

---

* പിന്നീടു് അപ്രസിദ്ധങ്ങളായ അനേകം ചമ്പുക്കൾ കണ്ടുപിടിക്കുകയും അവയിൽ പലതും മുദ്രിതങ്ങളാകയും ചെയ്തിട്ടുണ്ടു്. രാജരത്നാവലീയം മുതലായവ ഈ ഇനത്തിൽപെടുന്നു.

† രാമായണചമ്പു സമഗ്രമായി ശ്രീമൂലം ഗ്രന്ഥാവലിയിൽ പിന്നീടു പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്.

Digitized By Kerala Sahitya Akademi

ഭരതൻ പഞ്ചവടിയിൽ ചെന്ന രാമനെ കാണുന്നതുവരെയും ബാലിവ
ധാനന്തരം ഭഗവാൻ രാവണവധംചെയ്തു തിരിച്ചു അയോദ്ധ്യയിൽ എ
ത്തുന്നതുവരെയും ഉള്ള ഭാഗങ്ങൾ ഏതല്ലാലപര്യന്തം കണ്ടുകിട്ടീട്ടില്ല.
ഞാൻ ഈയിടയ്ക്കു മദിരാശിയിൽ പോയിരുന്നപ്പോൾ രസികരഞ്ജിനിയു
ടെ ഉടമസ്ഥനായ കൊച്ചി രാമവർമ്മ അപ്പൻതമ്പുരാൻ തിരുമേനിയെ
കാണുകയും അവിടുന്ന പ്രസംഗവശാൽ തന്റെ കൈയിൽ ഒരു രാമായ
ണചമ്പുഗ്രന്ഥം പുത്തനായി കിട്ടീട്ടുണ്ടെന്നു് അരുളിച്ചെയ്കയും ചെയ്തു.
ഈ ഗ്രന്ഥത്തിൽ വാദ്ധ്യാരവർകൾക്കു കിട്ടാത്ത ഭാഗങ്ങൾ ഉണ്ടോ
എന്നു പരിശോധിക്കേണ്ടതാണു്. ഭാരതചമ്പു, പഞ്ചാലീസ്വയംവരം,
ഖാണ്ഡവദാഹം, കിരാതം, കീചകവധം, ഗോഗ്രഹണം ഇത്യാദി പത്തു
സ്തബകങ്ങളായി മഹാകവിയും പണ്ഡിതാഗ്രേസരനുമായിരുന്ന ഭാഷയു
ടെ ദുരദൃഷ്ടത്താൽ സമീപകാലത്തിൽ യശശ്ശരീരനായിത്തീർന്ന കടത്തു
നാട്ടു് ഉദയവർമ്മ ഇളയതമ്പുരാൻ അവർകൾ അവിടത്തെ കവനോദയം
വഴിക്കു പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. അവിടത്തെ പരിശ്രമത്താൽ അതേ
പത്രഗ്രന്ഥത്തിൽ തന്നേയാണു് ചെല്ലൂർ മാഹാത്മ്യവും ആദ്യമായി അ
ച്ചടിക്കപ്പെട്ടതു്. നൈഷധചമ്പുവിന്റെ പ്രസാധകൻ ഭാഷാചരിത്ര
കർത്താവും ഭാഷാഭിമാനികളിൽ പ്രഥമഗണനീയനുമായ കഴിഞ്ഞുപോ
യ ഗോവിന്ദപ്പിള്ള സർവാധികാര്യക്കാരവർകളാകുന്നു. ഇവകൂടാതെ
ഭാഷാചരിത്രത്തിൽ ഗൌരീസ്വയംവരമെന്നും ദക്ഷയാഗമെന്നും രണ്ടു
പ്രബന്ധങ്ങളുടെ പേർ പറഞ്ഞുകാണുന്നുണ്ടു്. ആ ഗ്രന്ഥങ്ങൾ എനി
ക്കു കാണുവാനിടവന്നിട്ടില്ല. കൈയിലുള്ളവർ * അച്ചടിപ്പിച്ചാൽ കൊ
ള്ളാം. കുചേലവൃത്തം മുതലായ ഒന്നോ രണ്ടോ പ്രബന്ധങ്ങൾ ഇടക്കാ
ലത്തു ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. അവ രച
നാസമ്പ്രദായംകൊണ്ടു മേൽപറഞ്ഞ കൃതികളെ അനുകരിക്കുന്നുവെങ്കി
ലും തുലോം ചെറിയ ഖണ്ഡകാവ്യങ്ങളാകയാൽ ഈ ഉപന്യാസത്തിൽ
നിരൂപണത്തിനു വിഷയീഭവിക്കുന്നില്ല. ആധുനികചമ്പുക്കളിൽ ഉഷാ
കല്യാണം പരേതനായ ചങ്ങനാശേരി രവിവർമ്മകോയിത്തമ്പുരാൻ തി
രുമനസ്സിലേയും സന്താനഗോപാലം ശ്രീമതി കുറുവേലി ഗൌരിക്കുട്ടി
അമ്മയുടേയും കൃതികളാകുന്നു. സന്താനഗോപാലത്തിൽ അവിടവിടെ
ചില ഖണ്ഡകങ്ങളുണ്ടെങ്കിലും അതിനു ചമ്പുലക്ഷണങ്ങൾ തികഞ്ഞിട്ടു
ള്ളതായി തോന്നുന്നില്ല. ഭോജചമ്പു ഈയ്യിടെ ഭാഷാന്തരീകരണവിഷ
യത്തിൽ ചാത്തുക്കുട്ടിമന്നാടിയാരുടേയും കവിയൂർ രാമൻനമ്പിയാരുടേ
യും അനന്തരഗാമിയെന്നു പ്രസിദ്ധനായിത്തീർന്നിട്ടുള്ള കടത്തുനാട്ടു കൃഷ്ണ

* ഗൌരീസ്വയംവരം പിന്നീടു് അച്ചടിപ്പിച്ചിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

വായ്പ്പരവർകൾ ഏറ്റവും മനോഹരമായ രീതിയിൽ തജ്ജിമചെയ്ത കവനോദയത്തിൽ പ്രസിദ്ധപ്പെട്ടത്തീട്ടുള്ളതാകുന്നു.

ഈ കവികളോടും പ്രസാധകന്മാരോടും നാം എത്രമാത്രം കൃതജ്ഞന്മാരായിരിക്കണമെന്നു് ഇവിടെ വിശേഷിച്ചു പറയേണ്ടതില്ലല്ലോ. എന്നാൽ പ്രാചീനചമ്പുക്കൾ ഒക്കയും അവയുടെ പ്രസാധകന്മാർ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ സഹായത്തോടുകൂടിയാണു് പ്രസിദ്ധപ്പെട്ടത്തീട്ടുള്ളതെന്നുള്ള വസ്തുത ഇവിടെ പ്രത്യേകം വക്തവ്യമാകുന്നു. അവിടുന്നു ഭാഷാഭിവൃദ്ധിക്കായി മറ്റൊരു പ്രയത്നവും ചെയ്തില്ലെങ്കിലും അവിടുത്തെ കീർത്തിയെ ശാശ്വതമായി നിലനിർത്തുന്നതിനു് ഇതൊന്നുമാത്രം മതിയാകുന്നതാണു്.

നൈഷധത്തിന്റെ കർത്താവിനെപ്പറ്റി വലിയ വാദമൊന്നുമില്ല. അതു മഴമംഗലം നമ്പൂതിരിതന്നെയാണെന്നു മഴമംഗലഭാണത്തിലും ടിഗ്രന്ഥത്തിലും പ്രാരംഭത്തിൽ 'വലയാധീശ്വരി' എന്നു കവികൾ വർണ്ണിക്കുന്ന ഊരകത്തു ഭഗവതിയെത്തന്നെ വന്ദിച്ചിരിക്കുന്നതുകൊണ്ടു തീർച്ചപ്പെട്ടത്താവുന്നതാകുന്നു. വാദ്ധ്യാരവർകൾ ഉത്തരരാമായണചമ്പുവിന്റെ അവതാരികയിൽ ഇതിന്റെ സാധുതയെപ്പറ്റി സംശയിക്കുന്നുണ്ടെങ്കിലും ആ ആശങ്ക അസ്ഥാനത്തിലാണു്. മറ്റുള്ള പ്രാചീനചമ്പുക്കളുടെ കർത്തൃത്വമാണു് ഇതുവരെയും നിർണ്ണയിക്കപ്പെട്ടിട്ടില്ലാത്തതു്.

മദ്ധ്യകാലങ്ങളിൽ പുനംനമ്പൂരി എന്നു പ്രസിദ്ധനായ ഒരു ഭാഷാകവി ഉണ്ടായിരുന്നു എന്നുള്ളതു നിർവിവാദമാണു്. അദ്ദേഹത്തിന്റെ കോഴിക്കോട്ടു സാമൂതിരിപ്പാട്ടിലേ ഉദ്ദേശിച്ചുള്ള

താരിത്തനവീകടാക്ഷാഞ്ചലമധുപകുലാരാമ! രാമാജനാനാം
നീരിത്താർബാണ! വൈരാകരനികരതമോമണ്ഡലീചണ്ഡഭാനോ
നേരെത്താതോരു നീയാം തൊട്ടുകൂറി കളയാഞ്ഞെന്നുമേഷാ കുളിക്കു-
ന്നേരത്തിന്നിപ്പുറം വിക്രമന്യവര! ധരാ ഹന്ത! കല്പാന്തതോയേ. !!

എന്ന ഭാഷാശ്ലോകം വിശ്രുതമാണല്ലോ.

" ഭാഷാകവിനിവഹോയം
ദോഷാകരവദ്വിഭാതി ഭുവനതലേ
പ്രായേണ വൃത്തഹീന-
സൂയ്മാലോകേ നിരസ്തശോപ്രസരഃ. !!

Digitized By Kerala Sahitya Akademi

എന്നും

" പലായദ്ധ്വം പലായദ്ധ്വം
രേ! രേ! ദുഷ്ടവികുഞ്ജരാഃ!
വേദാന്തവനസഞ്ചാരീ-
ഹ്യായാത്യുദ്ദണ്ഡകേസരീ. "

എന്നും ഗർജ്ജിച്ചുകൊണ്ടു കേരളത്തിൽ വന്ന മഹാകവി ഉദ്ദണ്ഡശാസ്ത്രികൾക്കുടി മേലെഴുതിയ ഭാഷാശ്ലോകത്തിലേ " അന്ത ഹന്തഞ്ജിന്തപ്പട്ടു " എന്നുപറഞ്ഞു തന്റെ ഉത്തരിയപ്പട്ടം

" അധികേരളമഗ്ര്യഗിരഃ കവയഃ
കവയന്തു വയന്തു ന താൻ പ്രണമഃ;
പുളകോൽഗമഗാരിവചഃപ്രസരം
പുനമേവ പുനഃ പുനരാസ്മുമഹേ. "

എന്നു് ഒരു പ്രശംസാപത്രവും പുനത്തിനു കൊടുത്തതായ ഐതിഹ്യം വിശ്വസനിയമാണു്. പുനംനമ്പൂരിയുടെ പ്രധാനകവിത കൃഷ്ണഗാഥയാണെന്നുള്ള വാദം ആദ്യമായി പുറപ്പെട്ടുവിച്ചതു കടത്തനാട്ടു ഇയത്തുരാനാണു്. എന്താൽ പ്രാചീനനായ ഒരു മഹാകവിയേയും പ്രാചീനമായ ഒരു മഹാകാവ്യത്തേയും അദ്ദേഹംകൂട്ടി ഘടിപ്പിച്ചു എന്നല്ലാതെ അതിനുള്ള കാരണങ്ങൾ ഇതുവരെയും വിശദമായി ആരും പ്രസ്താവിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

"ആജ്ഞയാ കോലഭൂപസ്യ
പ്രാജ്ഞസ്യോദയവർമ്മണഃ "

എന്ന പ്രതിഖണ്ഡം കൃഷ്ണഗാഥയിൽ അതിന്റെ നിർമ്മാതാവു ഘോഷിച്ചിരിക്കുന്ന സ്ഥിതിക്കു് അദ്ദേഹം കോലത്തുനാട്ടസഭാപത്തിലേ ആശ്രിതനായിരുന്നു എന്നുള്ളതു നിസ്സംശയമാണു്. പുനംനമ്പൂരി സാമൂതിരിപ്പാട്ടിലെ സദസ്യനായിരുന്നു എന്നുള്ള ഐതിഹ്യവും ഇതും തമ്മിൽ അശേഷം യോജിക്കുന്നില്ല. അതുകൊണ്ടും കൃഷ്ണഗാഥയുടെ കർത്താവു ചെറുശ്ശേരിനമ്പൂരിയാണെന്നു് ഇതേവരെ ജനങ്ങൾ വിശ്വസിച്ചുവരുന്നതു ശരിയെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. ഇതു് ഒരു വാദഗ്രസ്തമായ വിഷയമാകയാൽ ഇതിനെപ്പറ്റി ഇതിലധികം ഒന്നും ഇവിടെ പ്രസ്താവിക്കണമെന്നുദ്ദേശിക്കുന്നില്ല. പുരാതനകവികളിൽ ഒരുത്തമസ്ഥാന

Digitized By Kerala Sahitya Akademi

ത്തെ അർഹിക്കുന്ന ചന്ദ്രോത്സവകാരനു ക്ഷുദ്രകവികളെപ്പറ്റി എത്രമാത്രം ആക്ഷേപമായിരുന്നു എന്നുള്ളതു്—

" തിരളുമപരകീർത്തിസ്തോമവേളപ്പനാടൻ
പനിപിടിപെട്ടമൂടേ ചൂടെഴും പ്രൌഢവാചാം;
അനവധി തലനൊന്തും പേപറഞ്ഞും വിറച്ചും
വിരസമിതചികിത്സ്യം വമ്പെഴും നമ്പിയാലും. "

എന്നും

" ചെറുതുചെറുത വക്കാണിച്ച സംജ്ഞാവതാരം
മധുമധുരമുദാരം പ്രാക്തനം പദ്യജാലം
നിജവിരചിതമെന്നും ചൊല്ലി നിർല്ലജ്ജമന്യാ-
നൊളിവിലപഹസിക്കും പണ്ഡിതേഭ്യോ നമോസ്തു. "

എന്നുമുള്ള പദ്യങ്ങളിൽനിന്നു് അനുമാനിക്കാവുന്നതാണു്. ആ കവിക്കു പുനത്തിനെപ്പറ്റി എത്രമാത്രം ബഹുമാനമുണ്ടായിരുന്നു എന്നുള്ളതിനു വാല്മീകി, വേദവ്യാസൻ, കാളിദാസൻ, ഭാരവി, മുരാരി, ഭട്ടബാണൻ ഇവരുടെ നാമധേയങ്ങൾ സ്മരിച്ചതിനുമേൽ അവരോട്ട തുല്യനായി,

" മദനസമരസമ്മർദ്ദാനന്തരോൽഭ്രതകാന്താ-
മണിതമധുരമാധുര്യൈകവംശപ്രസൂതൈഃ
മധുമദമണമോല്യം ഗദ്യപദ്യൈരനേകൈ-
സ്തദയതി പുനമിന്നും ഭ്രരിഭ്രചക്രവാളം. "

എന്നും

" മധുമൊഴി! പുനമെന്നാനൽക്കവീന്ദ്രേണ സാര-
സ്വതപരിമളമോല്യം പദ്യഭേദൈരനേകൈഃ
പകലിരവുവളത്തി സ്തൂയമാനാപദാനം
മധുരകവിഭിരന്യൈരന്വിതാ രാഘവാഖ്യൈഃ. "

എന്നുമുള്ള പദ്യങ്ങൾ ദൃഷ്ടാന്തങ്ങളാണു്. "ഗദ്യപദ്യൈരനേകൈഃ" എന്നു പറയുന്നതിൽനിന്നു പുനംനമ്പൂരി അനേകം ചമ്പുപ്രബന്ധങ്ങളുടെ കർത്താവാണെന്നുള്ളതും സൂചിപ്പിക്കപ്പെടുന്നു. ഈ മഹാകവിയാണു് ചെല്ലൂർമാഹാത്മ്യം പ്രബന്ധത്തിന്റെ കർത്താവെന്നു കടത്തനാട്ടു് ഉദയ

Digitized By Kerala Sahitya Akademi

വമ്മതമ്പുരാൻ അവർകൾ സ്ഥാപിച്ചിട്ടുണ്ട്. അതിന്റേയും രാമായണ ചമ്പുവിന്റേയും കർത്താവു് ഒരാളാണെന്നുള്ളതു

" ഗൌരീസൌഭാഗ്യരാശേ! ജയജയ! തൊഴുതേ—
നൻപിലെൻതമ്പുരാനേ! "

എന്നു തുടങ്ങി അഞ്ചാറു ശ്ലോകങ്ങൾ രണ്ടു കൃതികളിലും കാണുന്നതിലും രണ്ടു കൃതികളും ശിവപരമായ വന്ദനശ്ലോകത്തോടുകൂടി ആരംഭിക്കുന്നതിലും നിന്നു് ഊഹ്യമാകുന്നു. കവിതാഗുണം നോക്കിയാലും രസഭ്രയിഷ്ടമായ രാമായണചമ്പു മറ്റൊരു കവിസാർവഭൌമന്റെ കൃതിയാകുവാൻ ന്യായമില്ല. മാനവേദചമ്പു എന്നു പ്രസിദ്ധമായ പൂർവഭാരതപ്രബന്ധത്തെ അടിസ്ഥാനപ്പെടുത്തിയാണു് കേരളത്തിൽ ഭാഷാചമ്പുക്കൾ എഴുതപ്പെട്ടിട്ടുള്ളതു് എന്നുള്ള ഭാഷാചരിത്രകർത്താവിന്റെ വാദത്തെ ഞാൻ സാധുവായി ഗണിക്കുന്നില്ല.

" ക്ഷാമോ ധർമ്മഃ ക്ഷമായാമയമഖിലനയാം—
ഭോനിധേരസ്യ രക്ഷാ—
ശിക്ഷാഭാവോദയാദ്യൽ സമഗതസകലഃ
പൂർണ്ണഭാവേന തൂർണ്ണം
തന്മന്യേ ജാതഭീതിഃ കഹ ചന കഹനാ—
സംവൃതാത്മാ നിലില്യേ
പാപോദ്യല്ലാലസോയം കലിരിഹ കലിജേ—
താരമേനം വിഭാവ്യ. "

എന്നുള്ള പദ്യത്തിൽ നിന്നു് ആ സംസ്കൃതചമ്പു കൊല്ലം 823-ാംമാണ്ടു നിർമ്മിക്കപ്പെട്ടതാണെന്നുള്ളതു സ്പഷ്ടമാണു്. രാമായണചമ്പു മുതലായവ അതിൽ തുലോം പ്രാചീനങ്ങളാണെന്നു് അവയിലെ പദപ്രയോഗത്തിലും രചനാരീതിയിലുംനിന്നു് അനായാസേന മനസ്സിലാക്കാവുന്നതാകുന്നു. ഭട്ടതിരിപ്പാട്ടിലെ സംസ്കൃതപ്രബന്ധങ്ങൾ മാനവേദചമ്പുവിനു മുമ്പുണ്ടായവയാണു. പുനം ഭട്ടതിരിയെക്കാൾ പ്രാക്തനനും അദ്ദേഹത്തിനുപോലും ഉപജീവ്യനുമായിരുന്നു. കൊല്ലം ഏഴാം ശതവർഷത്തിൽ മാനവവിക്രമനെന്നും ശക്തനെന്നും പ്രസിദ്ധനായ ഒരു സാമൂതിരിപ്പാടുണ്ടായിരുന്നു എന്നും അവിടത്തെ സദസ്സിനെ അലങ്കരിച്ചിരുന്ന പതിനെട്ടരക്കവികളിൽ അരക്കവിയായി പുനവും ഉൾപ്പെട്ടിരുന്നു എന്നും ഉള്ള ഐതിഹ്യം വാസ്തവമാണു്. ആ സദസ്സിനു കാക്കശ്ശേരിഭട്ടതിരിയും ചെന്താമ്മു നമ്പൂതിരിപ്പാട്ടും ഉദ്ദണ്ഡശാസ്ത്രികളും ഭൂഷണങ്ങളായിരു

Digitized By Kerala Sahitya Akademi

ന്നതിനാൽ ചെന്നാസ്സു നമ്പൂതിരിപ്പാട്ടിലെ തന്ത്രസമുച്ചയം നിഷ്കിച്ച കാലത്തോടടുപ്പിച്ചുതന്നെയായിരുന്നു പുനംനമ്പൂരി ജീവിച്ചിരുന്നതെന്നു് ഉദ്ദേശിക്കാം.

" കല്യബ്ദേഷ്വതിയൽസു നന്ദനയനേഷ്വംഭോധിസംഖ്യേഷു യഃ
സംഭ്രതോ ഭൂഭ്രവീതഹവ്യമുനിയുങ് മൂലേ സമേദോനുയേ
പ്രാഹ്യസ്യ ജയന്തമംഗലപദേദ്ധം ധാമ നാരായണഃ
സോയം തന്ത്രമിദം വ്യധാദ്ബഹുവിധാദ്ദുദ്ധൃത്യ തന്ത്രാണ്ണവാൽ".

എന്ന സമുച്ചയപദ്യത്തിൽ നിന്നു് ആ ഗ്രന്ഥം കൊല്ലം 602-ാംമാണ്ടിട്ടു രചിച്ചതാണു് എന്നു കാണാം. അതിലെ " ശ്രീമൽഷഡ്ഗുണസംഭൃതം വപുരധിഷ്ഠായാനഗ്രഹ്ണാതി യഃ " എന്ന മംഗലശ്ലോകംതന്നെ ഉദ്ദണ്ഡശാസ്ത്രികളുടെ കൃതിയാണെന്നു് ഒരു പക്ഷവുമുണ്ടു്. എല്ലാംകൊണ്ടും കൊല്ലം ഏഴാംശതവഷ്ത്തിന്റെ ആരംഭത്തിൽ പുനം ജീവിച്ചിരുന്നു എന്നു വിശ്വസിക്കുന്നതിൽ അനുപപത്തിയില്ല.

ഭാരതചമ്പു വിശിഷ്ടമായ ഒരു കവിതയാണു്. മനോഹരമായ ഭാഗങ്ങളിൽ ഒന്നു താഴെ ചേർത്തുകൊള്ളുന്നു. അതു കൈലാസപർവതത്തിന്റെ വർണ്ണനമാണു്.

പാവനയശസാം പുഞ്ജംപോലെ
ഹിമകരമഹസാം പിണ്ഡംപോലെ
പുരഹരശോഭാനിലയംപോലെ
കലശാംബുധിതൻ കഠിനതപോലെ
പ്രളയഹുതാശനഭസ്മംപോലെ
ഗംഗാസലിലംപൊങ്ങുംപോലെ
ജഗതിവിളങ്ങും ധവളതയെന്നും
ഗുണഗണമെല്ലാമൊക്കെക്കൂടി—
ക്കായ്വുവിശേഷം ചിന്തിപ്പാനായ്
(കളവല്ലൻപൊട്ട)കൂടിയപോലെ.
വെളുവെളെമേവിനശോഭാഭ്രമാ
പെരുകുന്നോരാബ്ബാലാക്കൻത—
ന്നരികേ മേവിനചന്ദ്രനിതെന്നും
ധൂർജ്ജടിഭഗവാൻകണ്ണിലെരിക്കും
നിഖിലജനത്തിൻഭസ്മമിതെന്നും

Digitized By Kerala Sahitya Akademi

വെള്ളപ്പക്ഷികളെപ്പണിതീപ്പാൻ
ധാത്രാ ക്ലിഷ്ടപദാർത്ഥമിതെന്നും
പുരഹരനണിവാനസ്ഥികളെല്ലാ–
മാപാദിക്കുംപെട്ടകമെന്നും
ചന്ദ്രാഭരണനുചന്ദ്രക്കലകളെ
നിർമ്മിപ്പാനുള്ളോന്നിദമെന്നും
ഗണപതിഭഗവാൻ കൃക്ഷിനിറപ്പാൻ
വച്ചോരുചോറ്റിൻകുട്ടമിതെന്നും
ശങ്കരവാഹനമാകിനവൃഷഭ–
നുല്പാദകനാമച്ഛനിതെന്നും
... ...

ഇങ്ങനെ ഹൃദയംഗമമായ ഗദ്യങ്ങളും

" ആളീധൃതം കഞ്ചന പഞ്ചവർണ്ണം
കേളീശുകം പക്ഷപുടേ സ്പൃശന്തീ
പാണ്ഡോഃ സുതാഃ പഞ്ച വരാ മമേതി
രാജന്യലോകായ നിവേദയന്തീ. "
" വെണ്ണീറാലൊരുക്കുറുകിട്ടവതിനോ
കേളസ്ഥിയാലൊന്നുടൻ
തന്തീട്ടം പുനരെന്നുതാൻ കരുതിയോ
സപ്പ്രാശകൊണ്ടോ ഭവാൻ "

എന്നും മറ്റും ഭാവഗംഭീരങ്ങളായ പദ്യങ്ങളും ഈ ചമുവിൽ ദുർല്ലഭമ
ല്ലെങ്കിലും അതിനു് ആകപ്പാടെ നോക്കിയാൽ നൈഷധചമുവിന്റേയും
രാമായണചമുവിന്റേയും മാധുര്യമില്ലെന്നു മാത്രമല്ല പല ആശയങ്ങളും
അഗസ്ത്യഭട്ടന്റെ ബാലഭാരതകാവ്യത്തിൽനിന്നും മറ്റും അപഹരിക്കപ്പെ
ട്ടിട്ടുള്ളവയുമാകുന്നു. ഉദാഹരണത്തിനു ബാലഭാരതത്തിലെ ദശമസർ
ഗ്ഗത്തിൽ നിന്നു മൂന്നു ശ്ലോകമുദ്ധരിക്കാം.

" പതയഃ പഞ്ച മേ സന്തി
ഗന്ധർവാ ശ്രുഢചാരിണഃ
തൽഗ്രഹ്യാം മാം സ്പൃശേൽ കോ വാ
പഞ്ചാസ്യാമിവ പന്നഗീം? "

Digitized By Kerala Sahitya Akademi

ഈ ഘട്ടത്തിൽ കാണുന്ന ചമ്പൂകർത്താവിന്റെ

" ഉർവരേന്ദ്രദയിതേ! നിഗ്രഹപതയസ്യ പഞ്ച മമ സന്തി ഗ-
ന്ധർവവീരരവരാലജസ്രമതികൌതുകേന പരിപാലിതാം
ഗർവിതഃ സ്പൃശതി കോപിപഞ്ചമുഖപന്നഗീ മിവ ന മാം-
ബലാൽ
സർവമേതദുപകർണ്ണ്യ വിസ്മിതമനാ ബഭൂവ നൃപഗേഹിനീ. "

എന്നുള്ള പദ്യം ഇതിന്റെ നേർതർജ്ജിമതന്നെ. പിന്നെയും,

" കദാചിൽ കീചകഃ കൃഷ്ണാം
സുദേഷ്ണാസത്മനി സ്ഥിതാം
ദൃഷ്ട്വാ യയൌ സ്മരേഷ്ണാം
കൃതാന്തസ്യ ച ലക്ഷ്യതാം. "

എന്ന പദത്തിനു പകരം ചമ്പുകാരൻ

" ഇത്ഥംമേവുന്നകാലത്തൊരുദിവസമകാ-
ലേന്ധ സുദേഷ്ണാലയസ്ഥാം
കൃഷ്ണാം ദൃഷ്ട്വാ ബലീ കീചകനവനിപതി-
സ്യാലതാഗർവിതാത്മാ
പൊൽത്താർബാണാശ്രുഗാനാമപി പിതൃപതിപാ-
ശത്തിനും ലക്ഷ്യതാം പൂ-
ണ്ടത്യന്തം പ്രസ്ഖലന്ത്യാ ഗളിതധൃതിഗിരാ
വിക്ലബാം വാചമൂചേ. "

എന്നാണ് കവനം ചെയ്യുന്നത്. ഇനിയും,

" ഭജസ്വ കൃശിനം കഞ്ചി-
ന്നവയൌവനഭ്രഷിതം
വീരുധോപി ന ശോഭന്തേ
വിനാ വൃക്ഷാവലംബനം. "

എന്ന പദ്യത്തിനു പകരമായി ചമ്പുവിൽ

Digitized By Kerala Sahitya Akademi

" ഈവണ്ണം ദണ്ഡിയാതേ ദിനമനു കമനീ–
യാംഗി! ചിത്താനുകൂലം
ലാവണ്യാഭോഗവിത്തം കമപി ഭജ ഘന–
പ്രൌഢിമാനം യുവാനം;
പൂവൽപോർ**യാണാ! കളവുപറകയ–
ല്ലോമലേ! പുഷ്ടിതാനാം
പൂവല്ലീജാതികൾക്കും വരവിടപിനി ചേ–
ന്നീടിലേ ഭംഗിയുള്ളൂ. "

എന്ന ഭാഷാശ്ലോകം കാണുന്നു. ഇങ്ങനെ പരിശോധിക്കുമ്പോൾ ഭാരത ചമ്പു പല ദിക്കിലും ഒരു തജ്ജിമപോലെ തോന്നും. എങ്കിലും അതു ഭാഷയ്ക്ക് അനശ്വരമായ ഒരു ഭൂഷണമാണെന്നുള്ളതു നിർവിവാദമാണ്.

മഴമംഗലത്തിന്റെ നൈഷധചമ്പുവിനു ഭാരതചമ്പുവിൽ എത്രയോ മടങ്ങു ഗുണം കൂടുതലെങ്കിലും അതും രാമായണചമ്പുവിൽ ഒരു പടി താണുതന്നെ നിൽക്കുന്നു എന്നാണ് എന്റെ അഭിപ്രായം. ഈ ചമ്പുക്കളൊക്കെയും ഒന്നോ അധികമോ വന്ദനശ്ലോകം കൊണ്ടാരംഭിക്കുന്നു. അതു കഴിഞ്ഞാൽ ഗ്രന്ഥകർത്താവു തന്റെ ഒരു തോഴരോട്ട് കുശലപ്രശ്നോത്തരരൂപമായി എന്തെങ്കിലും പ്രസ്താവിക്കുകയോ ഒരു ലോകന്യായത്തെ ഉദ്ധരിക്കുകയോ ചെയ്യും അതിനു് ഉപമാനമായി ഒരു കഥയെ ഉപന്യസിക്കുന്നു. ഈ ശൈലിയെ ചമ്പുവിന്റെ ഓരോ വിഭാഗത്തിലും ആവർത്തിക്കുന്നതുമുണ്ട്.

" വിദ്യാസാരസ്യരാശേ! സഭയിലിഹ ഭവ–
ന്തം സഖേ കണ്ടനേരം
ചിത്തേ പോന്നിങ്ങുദിച്ചു പുതിയൊരു പരമാ–
നന്ദപീയൂഷധാരാ;
ഹന്തൈകൃത്യാനുകൂലാമഴകുടയ വിദ–
ർഭക്ഷമാപാലപുത്രീ–
മത്യാനന്ദേന മേവുന്നളവു നളമഹീ–
പാലകന്നെന്നപോലെ. "

എന്നു നൈഷധത്തിലും,

Digitized By Kerala Sahitya Akademi

"ഗാഢാനന്ദസ്വരൂപം നരകവിജയിനം
ചിന്തയം മദ്ധ്യനാഡീ-
വാടീമദ്ധ്യേ വളത്തേണ്ടുകിലതിനു നര-
ന്നുണ്ടു നല്ലോരുപായം.
പാടേ പഞ്ചേന്ദ്രിയാണാമുടനൊരുമ
വരേണം തഥാ ചേതനായാം
പഞ്ചാനാം പാണ്ഡവാനാമമിതരുചി യഥാ
പണ്ടു പാഞ്ചാലജായാം."

എന്നു ഭാരതത്തിലും ഉള്ള പദ്യങ്ങളെ ഇതിനു യഥാക്രമം ഉദാഹരണമായി സ്വീകരിക്കാം. ഭാഷാചമ്പുക്കളിലെ ശ്ലോകങ്ങൾ ചാക്കിയാരന്മാർക്കുത്തിനു് ഉപയോഗിച്ചുവന്നതായി അറിയുന്നുണ്ടു്. ഏതായാലും സാമാന്യജനങ്ങൾക്കു നീതിപഠനത്തിനുകൂടി പ്രയോജനപ്പെട്ടുന്നതിലേയ്ക്കാണു് ഈവക ഗ്രന്ഥങ്ങൾ നിർമ്മിച്ചിരുന്നതെന്നുള്ളതു് ഓരോ സ്തബകത്തിന്റെയും ഉപക്രമം പരീക്ഷിച്ചാൽ മനസ്സിലാക്കാവുന്നതാണു്. ഈ ചമ്പുക്കളുടെ നിർമ്മാതാക്കൾ ആദ്യകാലത്തു മലയാളബ്രാഹ്മണർ മാത്രമായിരുന്നതു് അന്യന്മാക്കു് എഴുത്തച്ഛന്റെ കാലത്തിനുമുമ്പു് സംസ്കൃതപരിചയം അത്ര അധികമില്ലാതിരുന്നതിനാലും തന്നിമിത്തം സംസ്കൃതരീതിയിലുള്ള കവനം അസാദ്ധ്യമായിരുന്നതിനാലുമായിരിക്കണം.

"സ്വസ്തിൻ വേശ്മനി പുണ്ഡ്രവിശ്വവിഭവേ
പൂജ്യാൻ സമാരാധയൻ
പ്രേയസ്യാ ഗുണപുണ്ഡ്രയാ ഗുണവതാ
പുത്രേണ മിത്രേണ ച
സാർദ്ധം പ്രാവൃഷി കേരളേഷു നിവസൻ
ഭക്ത്യാ സമാകൺഡ്രയൻ
ലീലാം രാഘവകൃഷ്ണയോഃ ക്ഷപയതേ
കാലം സ ധന്യോ ജനഃ."

"അപി ശാകംപചാനസ്യ
ഗൃഹാ ഏവ സുഖാവഹാഃ
ദിവസാ നൈവ ഗണ്യന്തേ
ബഹ്വാശീതി ന കഥ്യതേ."

Digitized By Kerala Sahitya Akademi

എന്നും രാമായണചമ്പുവിൽ രാമാവതാരസ്തുബകാരംഭത്തിൽ കാണുന്ന ഭാഗത്തിൽനിന്നു് ഇക്കൂട്ടരുടെ സന്തുഷ്ടിയും സല്ലക്ഷണശ്രവണത്തിലുള്ള അഭിരുചിയും പ്രകടമായി വ്യഞ്ജിക്കുന്നു.

ചമ്പുക്കളുടെ കവിതാരീതിയെപ്പറ്റിയും ഇവിടെ സ്വല്പം പറയേണ്ടതുണ്ടു്. മദ്ധ്യകാലങ്ങളിൽ ഭാഷാകവിത ധാരാളമുണ്ടായിരുന്നു എന്നുള്ളതു്,

"ശാകുന്തളം തദനു മാളവികാഗ്നിമിത്രം
കാദംബരീചരിതമത്ഭുതബന്ധഹൃദ്യം
മുറ്റും മരന്ദമൊഴി വൈകിനകൂറുദാരാ
ശ്രുശ്രാവ ഭാവമധുരം ച മണിപ്രവാളം."

എന്നും അങ്ങനേയുള്ള മണിപ്രവാള കൃതികൾ "മധുരമധുരഭാഷാസംസ്തുതാന്യോന്യസന്ദേളനസുരഭില"കളായിരിക്കണമെന്നും ചന്ദ്രോത്സവകാരൻ ഉപന്യസിക്കുന്നതിൽ നിന്നു സ്പഷ്ടമാകുന്നുണ്ടു്.

പ്രഥമദൃഷ്ടിക്കു് ഈ ചമ്പുക്കളിലെ ഭാഷയെ ഭാഷയെന്നു പറയുന്നതു കുറെ ആലോചിച്ചുവേണ്ടതാണെന്നു തോന്നിപ്പോകും.

"അകസ്മാദുന്മീലന്മൃദുഹസിതമാധുര്യസുഭഗാ-
ന്യപത്യാനാം പശ്യന്നനുദിവസമാസ്യാനി നിതരാം
അപാരേ ഹർഷാഖ്യേ ഹരിഹയസമോ ഭൂപതിരസാ-
വകൂപാരേ മജ്ജന്നനയദനഘോ ഹന്ത! ദിവസാൻ."

എന്നും മറ്റുമുള്ള ശുദ്ധസംസ്കൃതപദ്യങ്ങളും

"അഥ സാ ലളിതതനുകാന്തിസമ്പദാ സുരസുന്ദരീരപി ജയന്തീ മദനമഹാവീരവൈജയന്തീ"

എന്നുംമറ്റുമുള്ള ഗദ്യങ്ങളും അടങ്ങിയ ഒരു പ്രബന്ധം ഭാഷാകവിതയാകുന്നതെങ്ങനെ? അഥവാ മാങ്ങാപ്പുളിശ്ശേരിയിലെ അണ്ടിപോലെ ഒന്നോ രണ്ടോ ഭാഷാപദം ഒരു പദ്യത്തിൽ കണ്ടുകൊണ്ടുതന്നെ എന്തെങ്കിലും വിശേഷമുണ്ടോ?

"പാലാഴിത്തയ്യലാൾതൻ തിരുനയനകലാ-
ലോലലോലംബമാലാ-

Digitized By Kerala Sahitya Akademi

ലീലാരാഗം ഭുജംഗേശ്വരമണിശയനേ
തോയരാശൌ ശയാനം
മേലേമേലേ തൊഴുന്നേൻ ജഗദുദയപരി–
ത്രാണസംഹാരദീക്ഷാ–
ലോലാത്മാനം പദാന്തപ്രണതസകലദേ–
വാസുരം വാസുദേവം.''

എന്നും മറ്റുമുള്ള പദ്യങ്ങളിൽ എത്ര ഭാഷാപദങ്ങളുണ്ട് ? ഇങ്ങനെ ചോദിച്ചു് ഈ മാതിരി ഗ്രന്ഥങ്ങൾ ഭാഷാകൃതികളല്ലെന്നു ശഠിച്ചുതുടങ്ങിയാൽ നമ്പിയാരുടേയും വെണ്മണിയുടേയും കൃതികൾ വായിച്ചു തൃപ്തിപ്പെട്ടുകൊണ്ടിരിക്കാമെന്നല്ലാതെ ഭാഷയിലെ പല ഉത്തമഗ്രന്ഥങ്ങളുടെയും രസമനുഭവിക്കാൻ സംഗതിവരികയില്ല. ചമ്പൂകർത്താക്കൾ ഭാഷയിലും സംസ്കൃതത്തിലും ഉള്ള പദങ്ങളേയും പ്രത്യയങ്ങളേയും തുല്യമായി വിചാരിച്ചു് അവയെ യഥേച്ഛം പ്രയോഗിച്ചുവന്നു. സംസ്കൃതജ്ഞാനവികലന്മാർക്കു് ഈ കൃതികൾ സ്വല്പം നാളികേരപാകമായി തോന്നുമെങ്കിലും വ്യുല്പന്നന്മാർക്കു് അവയിൽ ആപാദചൂഡം സ്ഫുരിക്കുന്ന ദ്രാക്ഷാപാകം അനായാസേന അനുഭോക്തവ്യമാണു്. പദ്യങ്ങളിൽ സംസ്കൃതപദബാഹുല്യമെന്നുള്ള ദോഷംപോലും അനുസ്യൂതമായി ആരോപിക്കാവുന്നതല്ല. ഉദാഹരണത്തിനു് അയോദ്ധ്യാനഗരത്തിന്റെ വർണ്ണനം നോക്കുക.

''കണ്ടോളം കൺകുളിർക്കും മണിഭവനമനോ–
ഹാരിണീ രാജലക്ഷ്മീ–
കണ്ഠാശ്ലേഷംകലർന്നുള്ളഖിലവസുമതീ–
പാലമാലാഭിരാമാ
ഭണ്ഡാരംകൊണ്ടു പൂർണ്ണാ ഗജമദസുരഭീ–
ഭൂതശൃംഗാടകാ പ–
ണ്ടുണ്ടായീപോലയോദ്ധ്യാ ജഗതി പരിചിതാ
രാജധാനീ രഘൂണാം.''

ലോകാലോകോല്ലസൽഗോപുരഘനപരിഖാ–''
ലംകൃതാ ഭംഗികൈക്കൊ–
ണ്ടാകാശത്തോട്ടുരുമ്മീടിന കനകമണീ–
സാലമാലാഭിരാമാ

Digitized By Kerala Sahitya Akademi

ഏകാന്തേ രത്നഹർമ്മ്യങ്ങളിൽ നിജതരുണ–
ന്നാരുമായ്മാര**–
രാഗാലോലംകളിക്കും മധുരമൃദുശാം
വിഭ്രമൈർഭാസമാനാ.''

''മല്ലാർപൂങ്കാവിലയ്യാ! മൃദുലപവനമേ–
റുയലാടിക്കളിക്കും
മല്ലാക്ഷീണാം മദോദഞ്ചിതസുലളിതസം–
ഗീതഭംഗിമനോജ്ഞാ
ഉല്ലാസംപൂണ്ടു പൊന്നിൻകൊടിമരമുകളിൽ
കാറ്റലച്ചംബുദാളീ
മെല്ലേമെല്ലേ മുകക്കും കനകമയപതാ–
കാവലീലാളനീയാ.''

ഇതു് രാമായണത്തിന്റെ പ്രാരംഭമാണു്. ഇനി അവസാനത്തിൽ നിന്നു് ഒരു ഘട്ടമാകട്ടെ. സ്വാഗ്താരോഹണസമയത്തിൽ ശ്രീരാമൻ സീതാദേവിയെക്കാണുന്നതു് കവി താഴെവരുംപ്രകാരം വർണ്ണിച്ചിരിക്കുന്നു.

''പരിമളമഴപെയ്തിരിഞ്ഞു ഭംഗ്യാ
തിരുകിന കുന്തളഭാരലോഭനീയാം;
സ്മരനിഗമരഹസ്യമോതുമോമൽ
തിരുമിഴിമേൽനിഴലിച്ച രാഗലോലാം;
മട്ടമലർശരമേന്തചേർത്തു തോണ്ടേ–
ലുടനണിയും മണികുണ്ഡലാഭിരാമാം;
തുടുതുടെവിലസുന്ന ചോരിവായ്മേ–
ലുടമയിൽ വന്നിളകൊള്ളുമല്പഹാസാം;
ഘനസുകലശകാന്തിവെന്ന പീന–
സ്തനഭരലാളിതരത്നഹാരമാലാം;
മണിമയകടകാംഗദാദിഭ്രഷാ–
ഗ്രതരരഞ്ജിതമഞ്ജുബാഹുവല്ലീം;
മരകതകലികാഭിരാമമുൾക്കൊ–
ണ്ടരുളിനകോമളരോമവല്ലരീകാം;

Digitized By Kerala Sahitya Akademi

പരിഹിതമൃദുലാംശുകത്തിനുള്ളിൽ
സ്ഫുരിതനിതംബമനോഹരോരുകാണ്ഡാം;

പ്രണിഹിതമണിനൂപുരാംഘ്രിപദ്മാ-
മനുപമകാന്തിധ്വരീപരീതഗാത്രീം
ജനനയനസുധാം ത്രപാനുരാഗ-
ക്ഷണനതമുഗ്ധമുഖീം ദദർശ സീതാം''.

ഈ പദ്യങ്ങൾ ഭാഷയ്ക്കു വേണ്ടെന്നു് ഏതു കാവ്യരസികൻ പറയും ? ഈവക കൃതികൾ ഒക്കെയും ഇത്രമേൽ നന്നായതു് പ്രാചീനന്മാർ വ്യുല്പത്തിദാർഢ്യവും വാസനാബലവുംകൂടാതെ ഗ്രന്ഥനിർമ്മാണത്തിനു് പുറപ്പെടാത്തതുകൊണ്ടാണു്. ഇന്നത്തെപ്പോലെ നാല്ക്കാലിപ്പന്തലുകൾ നാട്ടുന്നവർ അന്നു ദുർല്ലഭമായിരുന്നിരിക്കണം. ഇത്ര രസപുഷ്ടങ്ങളും പാകശയ്യാദിഗുണാനുപിതങ്ങളും അലങ്കാരമധുരങ്ങളുമായ കൃതികൾ ഭാഷയിൽ വേറെയില്ല.

നൈഷധചമ്പു നഖശിഖാന്തം മനോഹരമാണു്.

''സങ്കല്പസങ്ഗമസുഖാനുഭവസ്യനാഹം
ഭങ്ഗം കരോമി സമയേ സമയേ സമേത്യ
സഞ്ചിന്ത്യ നൂനമിതി തൌ സദയം വിഹായ
നിദ്രാ ജഗാമ നിപുണേവ സഖീസകാശാൽ''

''കാതര്യംചേത്തുകോകങ്ങളിലഖില ചകോ-
രാവലീപ്രാണരക്ഷാ
ചാതുര്യം കൈവളത്തിസ്സകലകുമുദിനീ-
കാമിനീപുണ്യഭ്രമാ
വൈധുര്യാവേഗദായീ വിരഹിഷു സുഷമാ-
പൂരപീയൂഷധാരാ-
മാധുര്യം പോഷയൻ ദേഹിഷു പുനരുദിയാ-
യൈഷ പീയൂഷധാമാ.''

എന്നും മറുമുള്ള പദ്യങ്ങളും

മിത്രാപായേ ഹിത്വാ കുമുദം
ചിത്താനന്ദംവന്നീലാക്ഷം;

Digitized By Kerala Sahitya Akademi

ദോഷാഗമനേ ശശധരനെന്യേ
തോഷംകണ്ടിലാക്കുമൊരുന്നാൾ;
പൊന്നിൻദണ്ഡം കണ്ടിലെങ്ങും;
ഭാരതചരിതംതന്നിലൊഴിഞ്ഞൊരു
കണ്ണ്ച്ഛേദംകേട്ടീലെങ്ങും;
വണ്ണവിലോപം വ്യാകരണത്തിൽ-
ത്തന്നേകേവലമുള്ളുകേൾപ്പാൻ;
ഹസ്തികദംബം ഹിത്വാ ഭ്രമൌ
മത്തതപൂണ്ടു നടന്നീലാരും.
മേളംകോല്യം ചമരമൃഗാണാം
ബാലവിലാസംകേവലമാസീൽ.
പുരികുഴൽനിരകളിലൊഴിയെ വധുനാം
പരമൊരുകുടിലത നൈവ ധരായാം;
കളമൃദുമൊഴിമാർമിഴികളിലൊഴിയെ-
ക്കളവുകളും ഭുവി കാണ്മാൻ നഹിനഹി.
കഠിനതയും പുനരാസാമിതവിയ
തട**യിണയിലൊഴിഞ്ഞില്ലെങ്ങും
പൃത്ഥ്വീചക്രേ ദാരിദ്ര്യസ്ഥിതി
മുദ്ധാക്ഷീണാം മദ്ധ്യേ കേവലം. ''

എന്നും

'' അസ്തഗിരീശ്വരമസ്തകസീമനി
ഭാസ്വരഭഗവാൻ മറയുന്നേരം
ഗതവതി സവിതരി ഗ്രഹകളിൽനിന്നി-
ത്തിമിരകരീശ്വരരിളകുംനേരം
ദിക്ഷു വിദിക്ഷു ച ദുഷ്ടരമായ ത-
രക്ഷുഗണങ്ങൾ തിമിർക്കുന്നേരം
കാട്ടിൻനടുവേ കാട്ടാളാവലി
കൂട്ടംകൂടിച്ചെല്ലുന്നേരം
മല്ലീവല്ലീഹുല്ലാവലിരിഹ
മെല്ലേമെല്ലേ വിരിയുന്നേരം
പക്ഷികൾ വൃക്ഷാവലിയിലടങ്ങി-

Digitized By Kerala Sahitya Akademi

യിണങ്ങിമയങ്ങിയുറങ്ങുംനേരം
കാമുകപടലികൾകാമിനിമാർതൻ
കോമള**കളിലണയുംനേരം
ക്രോഷ്ടുനാംതതി കാട്ടിൻനട്ടവിൽ
കൂട്ടംകൂടിപ്പാട്ടുന്നേരം
മൈല്യകൾ പീലികൾ ചാലെ വിരിച്ച-
ന്നൃത്തവുമാടിയടങ്ങുന്നേരം
ഞെട്ടഞെടെയുടനുടനടവികൾതോറും
കരടികൾ കടതരമലറുന്നേരം
ക്രുക്ഷതതേടിന രാക്ഷസപടലീ
തീക്ഷ്ണനിനാദംകലരുന്നേരം
ശ്രോത്രാനന്ദംചേത്തീടാത്തൊരു
ദാത്യൂഹാവലി കരയുന്നേരം
പിശിതാശനശതബഹളപിശാചിക-
ളശിവനിനാദംകലരുന്നേരം
കുന്നുകൾപോലെ കുന്നിവരും ചില
പന്നികളോടിച്ചാട്ടുന്നേരം
കാനനനികരേ വിരഹിതവിവരേ
ദീനതപൂണ്ടു നടന്നുമുഴന്നും
സപ്പാനഗ്രാൻ ദഷ്ട്രാദഗ്രാ-
നഭ്യാശേ കണ്ടാശു വിറച്ചും
ഗമനനിരാശാ കുഹചനദേശേ
നിഷസാദൈഷാ മഹിതാ യോഷാ. ''

എന്നും മറ്റുമുള്ള ഗദ്യങ്ങളും എത്ര ഹൃദയംഗമങ്ങളായിരിക്കുന്നു! ഗദ്യങ്ങൾക്കു കാളിനാടകത്തിന്റേയും സംസ്കൃതദണ്ഡകത്തിന്റേയും ഛായയയാണുള്ളതു്. അതു കൂടാതെ ഭാഷാദണ്ഡകസമ്പ്രദായത്തിലും ദണ്ഡകങ്ങൾ അവിടെവിടെക്കാണുന്നുണ്ടു്. ഗദ്യം വൃത്തബന്ധോജ്ഝിതമാണെന്നുള്ള ആലങ്കാരികവചനത്തെ പ്രമാണീകരിക്കുകയാണെങ്കിൽ ഇവ ആ ലക്ഷണത്തെ അനുസരിക്കുന്നില്ല. എന്നാൽ ചമ്പൂകാരന്മാർ പ്രായേണ സംസ്കൃതവൃത്തങ്ങളിൽ നിമ്മിക്കുന്ന പദ്യങ്ങളെ പദ്യങ്ങളായും ഭാഷാവൃത്തങ്ങളിൽ നിമ്മിക്കുന്നവയെ ഗദ്യങ്ങളായുമാണു് പരിഗണിച്ചി

Digitized By Kerala Sahitya Akademi

ട്ടുള്ളതു്. സംസ്കൃതഗദ്യങ്ങളും അവിടവിടെ പൂർവചമ്പുകത്താക്കൾ പ്രയോഗിച്ചുകാണുന്നുണ്ടു്. ദമയന്തിയുടെ സൌന്ദര്യവർണ്ണനം ഒരു മോഹനമായ സംസ്കൃതഗദ്യംകൊണ്ടാണു് കവി നിർവ്വഹിച്ചിരിക്കുന്നതു്. അതുപോലെതന്നെ ഖരവധസ്തബകത്തിൽ വിന്ധ്യവർണ്ണനവും ഒരു സംസ്കൃതഗദ്യമാണു്. അതിലൊരുഭാഗം താഴെചേർത്തുകൊള്ളുന്നു.

" പശ്യോപതിരിവനാഗനിശ്വാസസമു-
ൽക്ഷിപ്തഭ്രുതിഃ; ജനാർദ്ദന ഇവ
വിചിത്രവനമാലഃ; സഹസ്രകിരണാ
ഇവ സപ്തപത്രസ്യന്ദനോപേതഃ;
വിത്രുപാക്ഷഇവ സന്നിഹിതഗ്രഹഃ
ശിവാനുഗതശ്ച; കാമീവകാന്താ-
രോഷരസാനുഗതഃ സമദനശ്ച;
ശ്രീപർവതഇവ സന്നിഹിതമല്ലികാ-
ജ്ജ്വനഃ; നരവാഹനമത്തഇവ പ്രി-
യംഗുശ്യാമാസനാഥഃ; ശിശ്രൂരിവ
കൃതധാത്രീധൃതിഃ, വാസരാരംഭഇവാ-
രുണപത്രപ്രഭാപാലിതവനരാജിഃ;
കൃഷ്ണപക്ഷഇവബഹ്വലതാ-
ഗഹനഃ, കണ്ണഇവാനുഭ്രതശതകോ-
ടിദാനഃ; ഭീഷ്മഇവ ശിഖണ്ഡിമു-
ക്തൈരദ്ധചന്ദ്രൈരാവൃതഃ;
ഹിരണ്യകശിപുരിവ ശംബരകുലാശ്രയഃ;
.....നകുലീ-
നോപിസദ്വംശഭ്രഷ്ടിതഃ; ദർശിതാ
ഭയോപി മൃത്യുഫലദായീ;സപ്രസ്ഥോ-
പ്യപരിമാണഃ; സപദോപി
നിശ്ശബ്ദഃ; ഭീമോപി കീചകസുഹൃൽ. "

ഇതിലധികം ഭംഗിയായി ശ്ലേഷാലങ്കാരം കേരളകവികൾ പ്രയോഗിച്ചിട്ടുണ്ടോ?

രവിവർമ്മകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടാണു് ഇദംപ്രഥമമായി ഉഷാകല്യാണത്തിൽ ഭാഷാഗദ്യത്തിനു് ഒരു രീതി ഏർപ്പെടുത്തി

Digitized By Kerala Sahitya Akademi

യതു്. ആ രീതിപിടിച്ചു ഭാഷാഭോജചമ്പുകാരനും പോയിരിക്കുന്നു. ഈ മാതിരി ഗദ്യവും സംസ്കൃതബഹുലമാണെങ്കിലും വൃത്തനിയമത്തോട്ടു കൂടാത്തതാകയാൽ ആ പേർ അധികമായി അർഹിക്കുന്നുണ്ടു്. എന്നാൽ പുരാതനകവികൾ ഇത്രവളരെ സംസ്കൃതപ്രതിപത്തിയുള്ളവരായിരുന്നുവെങ്കിലും അവക്കു വേണ്ടദിക്കിൽ ഭാഷ ഭംഗിയായി പ്രയോഗിക്കുന്നതിനു കഴിവുണ്ടായിരുന്നു. ഉദാഹരണത്തിനു ശൂർപ്പണഖ രാവണനോടു സങ്കടംപറയുന്ന ഘട്ടത്തിൽ നിന്നു രണ്ടു ശ്ലോകം ഉദ്ധരിക്കാം.

“ നിർമ്മര്യ്യാദങ്ങളമ്മാണികളിരുവരുമി–
ച്ചെയ്തതെല്ലാം പൊറുക്കാം;
കർമ്മം വന്നീടിലോചെറ്റതിനുപകരവും
വീണ്ടുകൊള്ളാമൊരുന്നാൾ;
ധർമ്മില്ലംകൊണ്ടുമെല്ലെപ്പിഹിതവദനമ–
യ്യോ! തദാനീം ചിരിച്ചാൾ
മല്ലാർപൂവേണി ചൊല്ലാമതുമനസി പൊറാ–
യുന്നിതെല്ലായില്യം മേ. ”

കൈയുക്കിൻവായ് പുകൊണ്ടാകുലിതഗിരിവരോ
രാവണോ നാമ ധീമാൻ
പൊയ്യല്ലെങ്ങൾക്കിധിനുണ്ടുരപെറുമുടയോ–
നെന്നു ഞാൻ ചൊന്നനേരം
കയ്യൻതാൻ വന്നെതിർക്കിൽച്ചെറുമനെ വിരവിൽ
പ്പൂഴികപ്പിപ്പനെന്ന–
ക്കൈയുംകൊട്ടിച്ചിരിച്ചാനനുജനതുപൊറാ–
യുന്നിതെല്ലായില്യം മേ. ”

നമ്മുടെ കവികളാകുമ്പോൾ അവിടെ ഫലിതം തന്നെത്താൻ കടന്നുകൂടുമല്ലോ. വെണ്ണണിയിലും ഒറവങ്കരയിലും ശീവൊള്ളിയിലും കാണുന്ന നേരമ്പോക്കു പുന്നത്തിലും മഴമംഗലത്തിലും ധാരാളമുണ്ടു്. ദൃഷ്ടാന്തമായി ശൂർപ്പണഖ ശ്രീരാമനെ പ്രാപിച്ചു തന്റെ കാമപാരവശ്യത്തെ വിവരിക്കുന്ന ഘട്ടം ഉദ്ധരിക്കാം. അഷ്ടദിക്പാലകന്മാരും മറ്റു ദേവതകളും തനിക്കു് ഉചിതരായ ഭർത്താക്കന്മാരല്ലെന്നു് ആ രാക്ഷസി പറയുന്ന ഭാഗം എത്ര അനവദ്യമായിരിക്കുന്നു!

“വിണ്ണോർകോനേതുമാകാ പുണരുവതിനവ–
ന്നോക്ക ഗാത്രേഷു നീളെ–

Digitized By Kerala Sahitya Akademi

ക്കണ്ണുല്ലോ; വഹ്നിയോട്ടുള്ളുണവു മമ നിന-
ച്ചാൽ മരിച്ചെന്നി വേണ്ടാ;
എണ്ണേറും ജന്തുവൃന്ദം കൊടിയ നരകകോ-
ടീഷു കേഴുംദശായാം
കണ്ണീർപോലും കൊടാതോരുകുലയനവൻ
കാലനും നില്ക്കുദൂരെ.

നീതിക്കോപ്പിന്നവല്ലാനിർഋതി സരസന-
ല്ലേതുമേ കാൺ; ജളാത്മാ
നേദിഷ്ടും നിമ്നഗാലക്ഷമൊടണയുമൊര-
പ്പാശിയും പന്തിയല്ല;
മോദിച്ചെന്നോടിരിപ്പാൻ പവനനൊരിടയി-
ല്ലേഭ്യനോത്താൽകുബേരൻ;
ചൂതത്താർബാണനെച്ചുട്ടവനൊട്ട ചുടല-
ക്കുത്തുകണ്ടീട്ടവാനോ ?

മാത്താണ്ഡന്മാരെയും ചെറ്റണയരുതു ചുട്ടം
നാഥ; രാകാശശാങ്കൻ
പാത്താൽ നാലഞ്ചുനാൾക്കുടിയുമനുഭവിയാ
യൌവനാഭോഗയോഗം;
രൌദ്രാ രുദ്രാസ്സുമസ്താ അപി; വികൃമുഖാ-
വാശ്വിനേയൌ; വസൂനാം
ചാത്തങ്ങാസ്ഥാവിഹീനം; പരികലയ ന മേ
സമ്മതാ ദേവവീരാഃ.

യക്ഷന്മാർകിന്നരന്മാരമരമുനികളെ-
ന്നേവമാദ്യേഷു പാത്താ-
ലുൾക്കാമ്പിന്നില്ല കൌതൂഹലമവർ തരമ-
ല്ലാരുമേ ഭംഗിപോരാ;
നില്ലെല്ലാരും പതിന്നാലുലകിലുമൊരുവൻ
മറ്റു നിന്നെക്കണക്കേ
ലക്ഷ്മീം കൈക്കൊണ്ടുകണ്ടിലയി ദയിത! പൊറാ-
തോന്തിതെന്മാരതാപം.''

Digitized By Kerala Sahitya Akademi

ആകർണ്ണ്യൈവം തദീയംവചനമണികഴൽ-
ഞ്ഞാരൊളം മൌലിയെത്തൊ–
ട്ടാകണ്ണ്ംനീണ്ടകൺകൊണ്ടവളെമുഴുവനേ
പാത്തു വൈദഗ്ധ്യശാലീ
പ്രാഗത്ഭ്യംനന്നിതെന്നാൽച്ചെറുതുകളികളി-
പ്പിച്ചുപോകേണമെന്ന–
ങ്ങാകെക്കല്പിച്ചു മന്ദസ്മിതരുചി പുറമേ
തൂകി രാമോ ബഭാഷേ”

ഇതിലധികം മോഹനമായി ആ രാക്ഷസിയുടെ അനുരാഗത്തെ വണ്ണിക്കുന്നതു് അസാദ്ധ്യമാണു്. ഇനി അവൾ ഭ്രാതാവിനോട്ട സങ്കടം പറയുവാൻപോകുന്ന ഭാഗമാകട്ടെ. അതൊരു് ഉത്തമഭാഷാഗദ്യമാണു്.

‘തദനു തദാനീം ദശമുഖസോദരി
ഖരനും ദൂണഷനും ത്രിശിരാവും
പടയൊട്ടുടിച്ചെന്ന സരോഷം
പട്ടതകലന്നൊരുരാമശരാഗ്നി–
ജ്വാലാമാലയിലീയാമ്പാറ്റ
പൊരിഞ്ഞകണക്കേ വെന്തെരിയുന്നതു
കണ്ടുഭയംപൂണ്ടിണ്ടൽതിരണ്ടുട–
നയ്യോപാപം! ഹാഹാ! രാവണ!
വീര! സഹോദര! തവ ഭഗിനീയം
പെരുകീട്ടന്നൊരു ഭാഗ്യസമേതാ
നരകീടേന വിരൂപിതയായീ;
പാലയപാലയ! നീയേ ശരണം;
പാരിൽപ്പുകൾപെറുമിന്ദ്രനുപോലും
കിമപി നിനയ്ക്കുതാതൊരു കർമ്മം
ദശമുഖവീരകുടുംബദ്രോഹം
വാങ്മാത്രം പുനരതുമായല്ലോ.
കള്ളപ്രാണികൾ മാണികളേ! മതി
ചെറ്റുപൊറുപ്പിൻ പകരംവീട്ടും
ത്രിഭുവനപെരുമാളിന്നേതന്നെ

Digitized By Kerala Sahitya Akademi

വിഭ്രതപ്പെരുതൊരു രാക്ഷസരാജൻ
ഭഗിനിമെന്നെ വിരൂപാം കണ്ടാ–
ലവനിഹ ചെറു പൊറുത്തിടാമോ ?
കോണകമുടയും ദണ്ഡും താവിന
മാണികൾചെയ്തൊരു കൃത്തിയിതെല്ലാം.
നാല്വദിനത്തിനകത്തു ഫലംവരു–
ധ്യയ്യോപാപം കൈയുക്കളെല്ലാരു
നാഥനിരിക്കേ വല്ലാതേ പുന–
രെന്നെക്കൊണ്ടുചമച്ചാരല്ലോ!
സതതമിവണ്ണ്ണംതന്നെത്താനേ
ശാസിച്ചധികം മുറയുംവിട്ട ജ–
വേനസമീരണമാഗ്രത്തുടെ
ലങ്കാനഗരേമണ്ടന്നേരം
നവനവരുധിരം വഷ്ിച്ചീടിന
കാളഘനാഘനമാലയിതെന്നും
ബാലാതപനിരപൂണ്ടു നടക്കും
നീലാഞ്ജനഗിരി നാനമിതെന്നും
പരിചൊട്ട ജഗതാമാത്തിവളപ്പാൻ
പെരുമാറീടിന കൃത്യയിതെന്നും
നാസികയില്ലതിഘോരതതേടിന
യാതനയെന്നും മദ്ധ്യമാഗ്രം
ഭീഷണതയ്യൊരുഭ്രഷണമെന്നും
വൈരൂപ്യത്തിനൊരാസ്പദമെന്നും
ദുഷ്കൃത്തിനു സൂതികയെന്നും
ചെമ്മേ മൂത്തമധമ്മമിതെന്നും
മതിമതികണ്ടതു മണ്ടിക്കളവിൻ
മാ. ാപികളെ! ശൂർപ്പണഖാ കില
പിഴപെട്ടമാനകളിക്കുംപോലേ
പിമ്പേ ചെന്നുതുടന്നാലെന്നും
വിവിധാഭാഷണഗോചരഖേചര-
പങ്കുതിഷ്ു ചിലരെച്ചെകിട്ടപൊളിച്ചും

Digitized By Kerala Sahitya Akademi

ചെവിപിടിപെട്ടസരോഷമിഴച്ചു-
മെട്ടത്തുമറിച്ചുമദിച്ചുമറഞ്ഞും
നാസാകുഹരത്തുടേ ചാട്ടം
ചോരകുടിച്ചു പുളച്ചുതിളച്ചും
പ്പൌഢമുനീനാമാടപൊളിച്ചും
പെരുവഴിനീളെക്കളകളഘോരം ''

ശൂർപ്പണഖ വേശ്യാവേഷംധരിച്ചു ശ്രീരാമനേ സമീപിക്കുന്ന ഘട്ട ത്തിലെ ശദ്യംപോലെ ശൃംഗാരമയമായി ഭാഷയിൽ കവിതയില്ല. അതി വിടെ സ്ഥലദൌർല്ലഭ്യത്താൽ ഉദ്ധരിക്കുന്നില്ല. ശ്രീരാമനോട്ട് അഭി ഷേകാവസരത്തിൽ വസിഷ്ഠൻ ചെയ്യുന്ന ഉപദേശം ഏറ്റവും രമണീയ മായിരിക്കുന്നു. അശ്വമേധത്തിലെ ബ്രാഹ്മണർ മുതലായവരുടെ വരവു പുനംനംപൂതിരി വണ്ണിച്ചിരിക്കുന്നതു കണ്ടാൽ വെണ്മണിയും കുഞ്ചൻ നമ്പിയാരുംകൂടി സലാംവച്ചുപോകും. ആകപ്പാടെ നോക്കുകയാണെ ങ്കിൽ രാമായണചമ്പുവിനെക്കാൾ മഹനീയമായ ഒരു സ്വതന്ത്ര കൃഷ്ണ ഗാഥ കഴിഞ്ഞാൽ ഭാഷയ്ക്കില്ലെന്നുതന്നെ പറയാം.

ഇതുകൂടാതെ നാം ചമ്പുക്കളിൽനിന്നു് അക്കാലത്തെ ഭാഷയിൽ പ്രചുരപ്രചാരങ്ങളായിരുന്ന പദങ്ങൾ, ശൈലികൾ, പ്രയോഗങ്ങൾ ഇവയേയും സമുദായസ്ഥിതിയേയുംപറ്റി ഒട്ടവളരെ സംഗതികൾ ഗ്രഹി ക്കുന്നു. മുറുവൽ തിക തില, മുതലായ പദങ്ങളുടേയും അത്രയല്ല, വാരാ ഞ്ഞു, പുകണ്ണു, മുതലായ പ്രയോഗങ്ങളുടേയും ചരിത്രം ഭാഷാഭിമാനി കൾ ധരിച്ചിരിക്കേണ്ടതാണു്. തമിഴിനോട്ടു് അന്നത്തേക്കവിതയ്ക്കു് ഇന്ന ത്തേക്കാളധികം സംബന്ധമുണ്ടായിരുന്നു എങ്കിലും,—

പാതിവ്രത്യൈകജലാംഗിക്കഖിലഗുണനിധി-
ക്കംഗനാമൌലിമാല-
സ്ഥാതുംഗാഭോഗപീനസ്തനഭരവിനമ-
ന്മദ്ധ്യവല്ലിക്കകാണ്ഡ
ച്ഛേതത്താർബാണലീലാമൃതരസഹരി-
ക്കംബുജാക്ഷിക്കു നേരേ
സീതസ്യാത്മോദരേ പോന്നവനിഭരണബീ-
ജം തദാ പ്രാദുരാസീൽ. ''

എന്നും മറ്റും ഇന്നു ഭാഷാകവികൾ സാധാരണമായി ചെയ്യാറില്ലാത്ത സംസ്കൃതാനുകാരികളായ പ്രയോഗങ്ങളും ധാരാളമുണ്ടായിരുന്നു. പ്രാചി

Digitized By Kerala Sahitya Akademi

നകവികളുടെ മറ്റൊരു സമ്പ്രദായം സ്വകവിതയ്ക്കുമദ്ധ്യേ അന്യകൃതികളിൽനിന്നുള്ള ശ്ലോകങ്ങളെ സന്ദർഭോചിതമായി ഉദ്ധരിച്ചു ചേർക്കുന്നതാകുന്നു. ഈ വിഷയത്തിൽ മേല്പുത്തൂർഭട്ടതിരിക്കുപോലും യാതൊരു സങ്കോചവുമുണ്ടായിരുന്നില്ല. മഹാകവി മൂദ്ധന്യനായ അദ്ദേഹത്തിന്റെ ദൂതവാക്യത്തിലെ പ്രസിദ്ധമായ

" ബാലാതപപ്രേക്ഷ്യതരാംബരോയ-
മാനന്ദിതാശേഷവിലോചനാബ്ജഃ
പ്രാചീമിവ പ്രാതരിനോരിപാണി-
ർവ്വൈചിത്രവീ യ്യസ്യ സഭാംവിവേശ ".

എന്ന പദ്യം ബാലഭാരതം പന്ത്രണ്ടാം സർഗ്ഗത്തിലുള്ളതാണെന്നു ഞാൻ എന്റെ ഒരു പണ്ഡിതനായ സ്നേഹിതനോട്ടു പറഞ്ഞിട്ട് അദ്ദേഹത്തിനു വളരെ വ്യഥതോന്നി. ഇതുപോലെ പുനംനംപൂരിയും ഉത്തരരാമചരിതം ഭോജചമ്പു മുതലായ സംസ്കൃതകൃതികളിൽനിന്നു് അനവധി പദ്യങ്ങൾ ഉദ്ധരിച്ചിട്ടുണ്ടു്. മഴമംഗലത്തിനു് ഈ വിഷയത്തിൽ അത്രമാത്രം ഔത്സുക്യമുണ്ടായിരുന്നതായി തോന്നുന്നില്ല. ചെല്ലൂർമാഹാത്മ്യം ശ്രുതസോമൻ എന്ന രാജാവു തപസ്സുചെയ്തു ശിവലിംഗം വാങ്ങി ചെല്ലൂർ എന്ന സ്ഥലത്തു കൊണ്ടുപോയി പ്രതിഷ്ഠിക്കുന്ന കഥയാകുന്നു. കേവലം സ്ഥലമാഹാത്മ്യരൂപമായ ഈ ഇതിവൃത്തം മഹാകവിയായ പുനത്തിന്റെ കൈയിൽ കിട്ടിയപ്പോൾ മനോഹരമായ ഒരു കാവ്യമായിത്തീർന്നു.

എന്റെ ഗുരുനാഥനും ആധുനികഭാഷാകവികളിൽ അഗ്രഗണ്യനുമായിരുന്ന ഭാഷയുടെ ദുർവിപാകത്താൽ പൂർണ്ണയൌവനത്തിൽ ചരമഗതിയെ പ്രാപിച്ച വശ്യവാക്കായ ആ മഹാനുഭാവനെപ്പറ്റിക്കൂടി രണ്ടു വാക്കു പറയാതെ ഈ ഉപന്യാസം അവസാനിപ്പിക്കുവാൻ എന്നെ മനസ്സു് അനുവദിക്കുന്നില്ല. അവിടുത്തേക്കു ഭട്ടതിരിപ്പാട്ടിലെ പ്രബന്ധങ്ങളൊക്കെയും മുഖസ്ഥങ്ങളായിരുന്നു. ഞാൻ പാഞ്ചാലീസ്വയംബരവും സുഭദ്രാഹരണവും ദൂതവാക്യവും വായിച്ചിരുന്ന അവസരത്തിൽ അവിടുന്നു ഭട്ടതിരിപ്പാട്ടിലെ ഗദ്യപദ്യരചനാസാമർത്ഥ്യത്തെപ്പറ്റി അസാമാന്യമായി ശ്ലാഘിക്കാറുണ്ടായിരുന്നു. ആ പരിചയത്തോടുകൂടിയാണു് അവിടേക്കു് ഒരിക്കൽ മഴമംഗലത്തിന്റെ നൈഷധചമ്പു വായിക്കുവാനിടവന്നതു്. അതോടുകൂടി അനുകരണാഭിലാഷം അങ്കുരിക്കുകയും അതിന്റെ ഫലമായി ഉഷാകല്യാണം എന്ന ഗ്രന്ഥം ഭൂജാതമാകുകയും ചെയ്തു.

" കണ്ണേ താപിഞ്ഛരപുഷ്പസ്തബകരുചികളെക്കൺമുനത്തെല്ലണച്ചു;
രിണ്ണെന്നപ്പുഞ്ചിരിക്കൊഞ്ചലുമണി**യിൽത്താരഹാരാഭചേർത്തു "

Digitized By Kerala Sahitya Akademi

എന്നും മറ്റുമുള്ള പദ്യങ്ങളും

" രമണീകളസ്വനശാലിനിയെങ്കിലും അര—
മണീകളസ്വനശാലിനിയായും "

എന്നും മറ്റുമുള്ള ഗദ്യങ്ങളും വായിക്കുമ്പോൾ ആരുടെ ഹൃദയമാണ് ആനന്ദസാഗരത്തിൽ മഗ്നമാകാത്തത്? അവിടത്തേത്തുലികയിൽനിന്നു ഗൌരീസ്വയംവരം എന്നൊരു പ്രബന്ധംകൂടി അപൂർണ്ണമായെങ്കിലും ആവിർഭവിച്ചിട്ടുണ്ടെന്നുള്ളതു ആശ്വാസജനകമാണ്.

ഇവയാണ് നമ്മുടെ പ്രധാന ചമ്പുപ്രബന്ധങ്ങൾ. ആട്ടക്കഥകളായ കിമ്മീരവധത്തിലും രുക്മിണീസ്വയംവരത്തിലും പ്രതിപത്തിയുള്ള സർവകലാശാലയ്ക്കു രാമായണചമ്പുവിനോടും ഭാരതചമ്പുവിനോടും കൂറേക്കൂടി ആദരം വേണ്ടതല്ലയോ? കാവ്യരസികന്മാർ വാങ്ങി വായിച്ചുകൊള്ളും എന്നു വിചാരിച്ചു് ഒരു പുസ്തകം അച്ചടിക്കത്തക്കമൌഢ്യം ആക്കുമുണ്ടാവാൻ വഴിയില്ല. പിന്നെ വിദ്വാന്മാക്കു് ഈ മാതിരി പരിഷത്തുകളുടെ സഹായമാണ് അപേക്ഷിതമായുള്ളതു്. അവ അവയുടെ ഉദ്ദേശ്യത്തെ വേണ്ടവിധത്തിൽ നിറവേറ്റുമെങ്കിൽ അനവധി പ്രാചീനകൃതികൾ ഇനിയും പ്രസിദ്ധീകരിക്കാവുന്നതാണ്.

1082 മേടം-ഇടവം ഭാഷാപോഷിണി.

Digitized By Kerala Sahitya Akademi

8. മാഘന്റെം മേൽപുത്തൂരും

മാഘമഹാകവിയുടെ പ്രസന്നപ്രൌഢരസമായ ശിശുപാലവധം സഹൃദയന്മാരുടെ സശിരഃകമ്പമായ ശ്ലാഘനത്തിനു സർവ്വഥാ പാത്രീഭവിക്കുന്ന ഒരു സാഹിത്യരത്നമാണല്ലോ. മേല്പുത്തൂർ നാരായണഭട്ടതിരി ആ ഇതിവൃത്തത്തെത്തന്നെ ആസ്പദമാക്കി രചിച്ചിട്ടുള്ള ഒരു ഉത്തമ പ്രബന്ധമാണ് രാജസൂയം. ഭട്ടതിരിയെക്കാൾ വശ്യവാക്കായ ഒരു മഹാകവിമൂർദ്ധന്യൻ, അമാനുഷനായ ആദിശങ്കരാചാര്യസ്വാമിയെ ഒഴിച്ചാൽ, കേരളത്തെ ഒരുകാലത്തും അലങ്കരിച്ചിട്ടില്ലെന്നുള്ളതു് സർവ്വസമ്മതമാണ്. അദ്ദേഹത്തിന്റെ അനവധി കൃതികളിൽ നാരായണീയത്തിനുമാത്രം പരദേശങ്ങളിൽ സ്വല്പം പ്രചാരമുണ്ടെന്നു പറയാം. മറ്റുള്ള ഗ്രന്ഥങ്ങളിൽ താരതമ്യേന വിചിന്തനംചെയ്തയാണെങ്കിൽ അപ്രധാനങ്ങളായ "സ്വാഹാസുധാകരം" "കോടിവിരഹം" ഈ രണ്ടു കൃതികൾക്കു മാത്രമേ "കാവ്യമാല"യിൽ പ്രവേശിക്കുവാൻ യോഗം സിദ്ധിച്ചിട്ടുള്ളു. രാജസൂയം, സുഭദ്രാപഹരണം, ദൂതവാക്യം, പാഞ്ചാലീസ്വയംവരം മുതലായ മഹാപ്രബന്ധങ്ങൾ കേരളത്തിനു വെളിയിൽ ഏതാവൽപണ്ഡിതം അവിജ്ഞാതങ്ങളായിരിക്കുന്നതു് ഏറ്റവും ശോചനീയമാകുന്നു. ഈ പ്രബന്ധങ്ങൾ എല്ലാംതന്നെ ആ മഹാശയന്റെ പാണ്ഡിത്യത്തിനും പ്രതിഭയ്ക്കും കവിത്വത്തിനും മുഖ്യാഭിഷിക്തോദാഹരണങ്ങളാണെങ്കിലും ഇവയിൽ വലതുകൊണ്ടും പാരമ്യത്തെ അർഹിക്കുന്നതു് രാജസൂയമാണെന്നു സാഹിത്യമർമ്മജ്ഞന്മാർ ഐകകണ്ഠ്യേന ഉൽഘോഷിക്കുകതന്നെചെയ്യും. അതുമുണ്ടു് അതിൽ അദ്ദേഹം പ്രദർശിപ്പിച്ചിരിക്കുന്ന അനന്യസാധാരണമായ കവനകലാപാടവവും മീമാംസാദിശാസ്ത്രവൈചക്ഷണ്യവും.

ചാക്കിയാന്മാക്കു് ഉപജീവനമാർഗ്ഗമായി നിർമ്മിച്ച ആ ചമ്പുക്കളിൽ ഭട്ടതിരി പൂർവസൂരികളുടെ സൂക്തികളിൽനിന്നു് അനേകം ഭാഗങ്ങൾ യഥേച്ഛം ഉദ്ധരിക്കുന്ന സമ്പ്രദായത്തിൽ രാജസൂയത്തിലും മാഘത്തിൽനിന്നു മൂന്നു ശ്ലോകങ്ങൾ ഉദ്ധരിച്ചിട്ടുള്ളതായി എനിക്കു് ഓർമ്മതോന്നുന്നുണ്ടു്.

"ഉക്തവന്തമിതി ഭക്തവത്സലഃ
ശ്രാവയന്നഥ സഭാസദോ ജനാൻ

Digitized By Kerala Sahitya Akademi

വ്യാജഹാര ദശനാംശുമണ്ഡല–
വ്യാജഹാര ശബളീകൃതാകൃതിഃ''

എന്ന രാജസൂയപദ്യം ശിശുപാലവധത്തിലേ,

തം വദന്തമിതിവിഷ്ടരശ്രവാഃ
ശ്രാവയന്നഥ സമസ്തഭൂഭൃതഃ
വ്യാജഹാര ദശനാംശുമണ്ഡല–
വ്യാജഹാരശബളം ദധദ്വപുഃ''

എന്ന പദ്യത്തിന്റെ അനുകരണമാണ്. അതുപോലെ,

'' മാ ച ശങ്കിഷത മാനവാ മനാക്
പ്രത്യവായമിഹ യസ്തിതാംസതെ
തസ്യ നേഷ്യതി വപുഃ കബന്ധതാം
ബന്ധുരേഷ ജഗതസ്സുദർശനഃ''

എന്നും

''ഏക ഏവഹരിരേഷ സുനൃതാം
നാഥഇത്യഭിനയം വിവൃണ്വതീ
യൂപമംഗുലിമിവോദനീനമൽ
ഭ്രുഭ്രുഷാലതുലിതാംഗുലീയകം.''

എന്നുമുള്ള രാജസൂയപദ്യങ്ങളുടെ ആദ്യശ്ലോകങ്ങൾ ശിശുപാലവധം പതിന്നാലാംസർഗ്ഗത്തിൽ കാണാം. ശിശുപാലവധത്തെപ്പറ്റി ഭട്ടതിരിക്കു വലിയ കാര്യമായിരുന്നു എന്നുള്ളതിനു ദൃഷ്ടാന്തങ്ങൾ സുലഭമാണ്.

മാഘനെ ജയിക്കുക എന്നുള്ള അത്ഭുതകർമ്മം ലോകത്തിൽ ഒരു കവിക്കും സാധിക്കാവുന്നതല്ല, എന്നാൽ ഫലിതമാത്മികനായിരുന്ന ഭട്ടതിരി ശിശുപാലനും ശ്രീകൃഷ്ണനും ഭീഷ്മനും തമ്മിലുള്ള വാഗ്വാദത്തിൽ മാഘനെ അധഃകരിച്ചിട്ടില്ലയോ എന്നാണ് എനിക്കു പലപ്പോഴും തോന്നീട്ടുള്ളതു്. ശിശുപാലവധം പതിനഞ്ചാംസർഗ്ഗത്തിൽ ശിശുപാലൻ ശ്രീകൃഷ്ണനെ പ്രത്യക്ഷമായും ഗോപ്യമായും അതിക്ഷേപിക്കുന്നു. പതിനാറാംസർഗ്ഗത്തിൽ ദൂതനെ യുദ്ധാഹ്വാനത്തിനായി അയയ്ക്കുന്നു. അതിൽ തന്നെ സ്ഫുടഭിന്നാർത്ഥമായ വാക്കിനു സാത്യകി വ്യക്തമായി ഉത്തരം

Digitized By Kerala Sahitya Akademi

പറയുകയും അതിനു പ്രത്യുത്തരമായി ദൂതൻ പുനശ്ച ശ്രീകൃഷ്ണനെ നിന്ദിക്കുകയും ചെയ്യുന്നു. ഈ രണ്ടു സന്ദർഭങ്ങളേയും രാജസൂയപ്രബന്ധത്തിൽ ശിശുപാലന്റെ,

"മാദ്രേയാമരസൈന്ധവാവനിപതീൻ കർണ്ണീനിമാം ധിക്കൃതമാ-
മത്രാഗ്രീയസമർഹണം ധകിദസൽപാത്രേ ച കാത്രേയകം
സുരിഞ്ജന്യതമാൻ ഗതാനുഗതികാൻ ധിങ്നാരദാദീൻ മുനീ-
ന്യേമീ മോമുദതീഹ വാരിധിനികായ്യേസ്ഥിൻ പ്രണായ്യേച്ഛിതേ."

ഇത്യാദി വാക്യങ്ങളുമായും മറ്റും തുലനംചെയ്തു നോക്കുന്നതു രസകരമായ ഒരു സാഹിതീവ്യവസായമാണു്.

ഒന്നാമതായി ശിശുപാലന്റെ യുധിഷ്ഠിരോപാലംഭംതന്നെ പരിശോധിക്കാം. മാഘൻ പറയുന്നതു് "അല്ലയോ പൃഥാപുത്ര! അങ്ങു കൃഷ്ണനെ സദസ്സിൽവച്ചു പൂജിച്ചുവല്ലോ. അതു് അങ്ങേയ്ക്കു് ഇയാളിലുള്ള സ്നേഹംകൊണ്ടുമാത്രമാണു്. ജനങ്ങൾ തങ്ങൾക്കു വേണ്ടവരെയാണല്ലോ ഗുണവാന്മാരെന്നു കരുതുന്നതു്. രാജവഹ്നികൾ ജ്വലിക്കുമ്പോൾ ശ്വാവിനു ഹവിസ്സു ഭക്ഷണത്തിനു കൊടുത്തതുപോലെയാണു് കൃഷ്ണനു് അങ്ങു ചെയ്ത ഈ സപര്യ. അപ്രശസ്തമായ അംഗാരവാരത്തെ എങ്ങനെ ജനങ്ങൾ മംഗലവാരമെന്നു പറയുമോ അങ്ങനെ അങ്ങയുടെ യുധിഷ്ഠിരാഭിധാനവും അസത്യംതന്നെയാണു്. ഇയാളെയാണു് അങ്ങേയ്ക്കും മറ്റു പാണ്ഡവന്മാക്കും ആരാധിക്കേണ്ടതു് എന്നിരുന്നാൽ അവനീശ്വരന്മാരായ ഞങ്ങളെയെല്ലാവരേയും ഇങ്ങനെ വിളിച്ചുവരുത്തി അധിക്ഷേപിക്കേണ്ടതില്ലായിരുന്നു." ഇത്രമാത്രമാണു്. ശകാരത്തിനു മാഘനെക്കാൾ പതിന്മടങ്ങു വാസനകൂട്ടുന്ന ഭട്ടതിരിയുടെ കൈയിൽ ഈ വിഷയം കിട്ടിയപ്പോൾ അദ്ദേഹം അതെങ്ങനെ പ്രയോജനപ്പെടുത്തുന്നു എന്നു നോക്കുക.

"ഭുഞ്ജാനാസ്സാകമേകാമഗണിതഗുരവോ
ബ്രഹ്മഹന്തുസ്സുനൃജാ
മുണ്ഡാപൌത്രാശ്ച രണ്ഡാജഠരസമുദിതാഃ
പണ്ഡിതാഃ പാണ്ഡുപുത്രാഃ
ഭ്രൂണഘ്ന്യാസ്സൂനുമേനം ദ്വിജനകതനയ-
ഭ്രാതരം പീതശീധോഃ
കൃഷ്ണം യന്മാനനായാം ജഗൃഹുരിദമലം
വർത്തതേ യുക്തരൂപം."

Digitized By Kerala Sahitya Akademi

"അഞ്ചു സഹോദരന്മാർ കൂടി ഒരു സ്ത്രീയെ ഭാര്യയാക്കിവച്ചിരുന്നവരും ധൃതരാഷ്ട്രാദിഗുരുജനങ്ങളെ മാനിക്കാത്തവരും ബ്രഹ്മഹത്യക്കാരന്റെ പുത്രന്മാരും പുംശ്ചലിയിൽ ജനിച്ചവരുമായ പാണ്ഡിത്യശാലികളായ പാണ്ഡവന്മാർ ഭൃണഘ്നിയുടെ പുത്രനും രണ്ടച്ഛന്മാർക്കു മകനും കള്ളകൃടിയന്റെ അനുജനുമായ ശ്രീകൃഷ്ണനെ അഗ്രപൂജയ്ക്ക് അംഗീകരിച്ചുവല്ലോ. അതു് എല്ലാംകൊണ്ടും സമുചിതംതന്നെ." പിന്നെയും ധർമ്മപുത്രർ താൻ വയോവൃദ്ധന്മാരായ ഭീഷ്മരോടും വിദ്യാവൃദ്ധനായ സഹദേവനോടും ചോദിച്ചുകൊണ്ടാണു് അങ്ങനെ ചെയ്തതെന്നു സമാധാനം പറഞ്ഞതിനു ശിശുപാലന്റെ നിന്ദാഗർഭമായ ഉത്തരം പരിശോധിക്കുക!

"ധിക്പാണ്ഡുപുത്രചരിതം സ്ഥവിരപ്രമാണം
ബാലപ്രമാണമപി കഷ്ടമഹോ വിനഷ്ടം;
രേ! ധർമ്മജ! ദ്രുപദജാമപി പപ്രച്ഛ കാന്ധ്യം;
നാരീപ്രമാണമപിതേസ്മ്യവിഹ രാജതന്ത്രം."

"അല്ലേ! യുധിഷ്ഠിര! അന്ധു ജീർണ്ണബുദ്ധിയായ ഒരു കിഴവനോടും ആലോചനാശക്തിയുണ്ടായിട്ടില്ലാത്ത ഒരു കുഞ്ഞിനോടും കാന്ധ്യം ചോദിച്ചു മനസ്സിലാക്കിയെന്നല്ലേ പറഞ്ഞതു്? പാഞ്ചാലിയോടുകൂടി ചോദിക്കൂ. സ്ഥവിരപ്രമാണവും ബാലപ്രമാണവുമായ അങ്ങയുടെ രാജതന്ത്രം നാരീപ്രമാണവും കൂടിയാകട്ടെ."

പിന്നെയും "കൃഷ്ണനേയാണു് പൂജിക്കുവാനുദ്ദേശിക്കുന്നതെങ്കിൽ ഞങ്ങളെയെല്ലാം ഇങ്ങനെ വിളിച്ചുവരുത്തിയതെന്തിനാണു്? അങ്ങയെ പേടിച്ചല്ലല്ലോ ഞങ്ങൾ ഈ രാജസൂയത്തിനു് അങ്ങേയ്ക്കു കരം തന്നതു്? അങ്ങു് ഒരു ധർമ്മാത്മാവാണെന്നു വിചാരിച്ചും ഞങ്ങൾക്കു ധർമ്മത്തിൽ പ്രീതിയുള്ളതുകൊണ്ടും മാത്രമാണു് ഞങ്ങൾ അങ്ങനെ ചെയ്തതു്." എന്നും മറ്റും പറഞ്ഞു് ഒടുവിൽ

"ബാല്ഹീകഃ പാഷ്ഥതോ വാ സ്ഥവിരക ഇഹ ചേൽ
ദ്രോണ ഏകോ ഗുരുശ്ചേൽ
ഗന്ധർവ്വേശസ്സഖാ ചേദഥ ച ബുധവരോ
വ്യാസ ഏവാച്യുനീയഃ
സംബന്ധീ ചേൽ സ ശല്യഃ പ്രഹരണനിപുണഃ
കോപിചേദേകലവ്യോ
ഭോഭോഃ പശ്യന്തു ഏവ പ്രഭവതി പശുപാ-
ലൈകവണ്ണ്ഹിതം വഃ."

Digitized By Kerala Sahitya Akademi

''കിഴവവനെയാണു് അങ്ങേയ്ക്കു് അർച്ചിക്കേണ്ടതെങ്കിൽ അതിനു ബല്ഹീകനും പാഞ്ചാലനുമുണ്ടു്; ഗുരുവിനെയാണെങ്കിൽ ദ്രോണനുണ്ടു്; സഖാവിനെയാണെങ്കിൽ ചിത്രരഥനുണ്ടു്, വിദ്വാനെയാണെങ്കിൽ വേദവ്യാസനുണ്ടു്; സംബന്ധിയെയാണെങ്കിൽ ശല്യനുണ്ടു്; ശാസ്ത്രപട്ടവിനെയാണെങ്കിൽ ഏകലവ്യനുണ്ടു്. ഇതൊന്നുമല്ല ഇടയവഗ്ഗത്തിൽ ജനിച്ച ഒരു പതിതനിലാണല്ലോ അങ്ങേയ്ക്കു് അഭിരുചി. പിന്നെ എന്തിനു് ഇതൊക്കെപ്പറയുന്നു.'' എന്നു ശിശുപാലൻ തന്റെ ഉപാലംഭത്തിനു് മകുടം വയ്ക്കുന്നു. ''ഭോഭോഃ വഃ'' ഈ പദങ്ങളുടെ പ്രയോഗം എത്ര ഹൃദയംഗമമായിരിക്കുന്നു!

ഇനി ഭീഷ്മോപാലംഭത്തിന്റെ മേന്മയെന്തെന്നു നോക്കാം. ''ഈ ഭീഷ്മർ നരച്ചിട്ടു യാതൊരു ഫലവുമില്ല; ഇദ്ദേഹത്തിന്റെ ബുദ്ധി പൊയ്പ്പോയി; എന്തോ അസംബന്ധം പുലമ്പുകയാണു്. വന്ദിയെപ്പോലെ കൃഷ്ണനെയാണല്ലോ ഇദ്ദേഹം സ്തുതിച്ചതു്.'' എന്നുപന്യസിച്ചിട്ടു മാഘകാവ്യത്തിൽ ലോകോത്തരഗുണോത്തരമായ

''അവനീഭൃതാം ത്വമപഹായ
ഗണമതിജഡസ്സമുന്നതം
നീചി നിയതമിഹയച്ചപലോ
നിരതഃ സ്ഫുടം ഭവതി നിമ്നഗാസുത.ഃ''

എന്ന പദ്യത്തിൽ ശിശുപാലൻ ഭീഷ്മരെ അധിക്ഷേപിക്കുന്നു. നിമ്നഗാപുത്രനായ ഇയാൾ അതിജഡനും ചപലനുമാണല്ലോ; ഔന്നത്യമുള്ള അവനീഭൃത്തുകളുടെ (രാജാക്കന്മാർ, പർവ്വതങ്ങൾ) ഗണത്തെ വെടിഞ്ഞിട്ടു് നീചനിൽ (ശ്രീകൃഷ്ണനിൽ, താണുകിടക്കുന്ന സമുദ്രത്തിൽ) നിരതനായിത്തീർന്നതു യുക്തംതന്നെ.'' എന്നാണു് ഈ ശ്ലോകത്തിന്റെ അർത്ഥം. അവിടവിടെയായി മാഘൻ താൻ അമാനുഷനെന്നു ലോകത്തെ ഉൽബോധിപ്പിക്കുന്ന പദ്യങ്ങളിൽ ഒന്നാണു് ഇതു്. ഇതിനെ അതിശയിക്കുവാൻ ആർക്കു കഴിയുമെന്നേ ഇതു വായിക്കുന്ന ഏതു സഹൃദയനും ചോദിക്കുവാൻ തോന്നുകയുള്ളു. ഭട്ടതിരി ഈ ഘട്ടത്തിൽ എങ്ങനെ വിജയം നേടിയിരിക്കുന്നു എന്നു നോക്കുക.

''ഷണ്ഡത്വാൽ ബ്രഹ്മചര്യ്യാല്ലബ്ധദപനയാം-
ഭോധിരംബാപഹാരാൽ
കിം നാനാത്ഥം ഗതോഭ്രസ്സുഭയമസഹഥാ
ഗായകാൽ ഭ്രാതൃഘാതം;

Digitized By Kerala Sahitya Akademi

തവം ഭീരുതവാൽ ചിരായുവ്വ്സസി കപടധ-
ർമ്മോക്തിഭിഃ പ്രാപ്തമാനോ
രേരേമിത്ഥ്യാദ്യ!ചൈദ്യസ്തവിഹ ന ഹരികഥാ-
ഭീഷികാഭിർബ്ബിഭേതി ''

" അല്ലേ! ഭീഷ്മ! അങ്ങു ഷണ്ഡനാണ്"; അതുകൊണ്ടാണ് ബ്രഹ്മചര്യവ്രതമനുഷ്ഠിക്കുന്നതായി ഭാവിക്കുന്നത്. അപനയക്കാതലായ അങ്ങ് അംബയെ അപഹരിക്കുകനിമിത്തം എന്തെല്ലാമപകടത്തിൽ ചെന്നു ചാടി? കേവലം ഒരു പാട്ടുകാരനെ പേടിച്ചുല്ലേ അയാൾ അനുജനെ കൊന്നിട്ടും അങ്ങു കൈയുംകെട്ടിയനങ്ങാതെയിരുന്നത്? പേടിച്ചുപേടിച്ചു യുദ്ധത്തിലൊന്നുമേ ചെന്നിടപെടാതെ കപടധർമ്മങ്ങളും ഉച്ചരിച്ചുച്ചരിച്ചു് അതുനിമിത്തം ഒരുമാതിരി മാനവും നേടി അങ്ങു ചിരഞ്ജീവിയായി വസിക്കുന്നു. എടാ അസത്യവാദിൻ! നിന്റെ ഹരികഥാഭീഷണികൊണ്ടൊന്നും ഈ ചേദിരാജാവു പേടിക്കുമെന്നു വിചാരിക്കേണ്ട" കഷ്ടം! സച്ചന്ദമൃത്യുവും മഹാരഥമഹാരഥനും ആയ ആ നിത്യബ്രഹ്മചാരി ഷണ്ഡൻപോലും! ഭാരതധർമ്മത്തിന്റെ പരമാദർശപുരുഷൻ ഭീരുപോലും! അദ്ദേഹത്തിങ്കലും ദോഷാരോപണത്തിനു പഴുതുകിട്ടിയല്ലോ ശിശുപാലനു്! അഥവാ-

" ഗുണാപവാദേന തദന്യരോപണാൽ
ഭൃശാധിരുഢസ്യ സമഞ്ജസം ജനം
ദ്വിധൈവ കൃത്വാ ഹൃദയം നിഗ്രഹതഃ
സ്ഫുരന്നസാധോർവ്വിവൃണോതി വാഗസിഃ"

എന്നു ഭാരവി മുക്തകണ്ഠം മുറയിട്ടിട്ടുള്ളതു് എത്ര പരമാർത്ഥമാണു്!

"ഗച്ഛ സച്ചന്ദമൃത്യുബ്രുംവ! സമരഭുവം ഖാദ്യസേ ചൈദ്യബാണൈഃ;
ജൂർണ്ണോ വാ പൂർണ്ണലജ്ജൈജനുടായി കിമിഷ്ടഗണൈഃ? ''

എന്നും മറ്റും ശിശുപാലൻ ഭീഷ്മരെ പിന്നെയും അപഹസിക്കുന്നുണ്ടു്.

ഒടുവിൽ നോക്കുവാനുള്ളതു സർവപ്രധാനമായ കൃഷ്ണോപാലംഭമാണു്. ഇതിലാണു് രണ്ടു മഹാകവികളും അവരവരുടെ പാടവം മുഴുവൻ പ്രകടിപ്പിച്ചിരിക്കുന്നതു്. രണ്ടുപേരും ശ്രീകൃഷ്ണനെ നിന്ദിക്കുന്നതിനു തങ്ങൾക്കു പ്രകൃത്യാ ഉള്ള വൈമനസ്യംകൊണ്ടു് ഒരു നോക്കിനു സ്തുതിപരവും മറ്റൊന്നിനു നിന്ദാപരവുമായ പദ്യങ്ങളാണു് ഈ ഘട്ടത്തിൽ

Digitized By Kerala Sahitya Akademi

പ്രായേണ രചിച്ചിരിക്കുന്നതു്. മാഘൻ നേരിട്ട ശിശുപാലൻ കൃഷ്ണനെ അപലപിക്കുന്ന അവസരത്തിലും ദൂതനെക്കൊണ്ടു കൃഷ്ണനെ യുദ്ധത്തിനായി ആഹ്വാനം ചെയ്യിക്കുന്ന സന്ദർഭത്തിലും തന്റെ കവിത്വത്തിലധികമായി പ്രദർശിപ്പിക്കുന്നതു ബുദ്ധിശക്തിയേയും പാണ്ഡിത്യത്തേയുമാണു്. ഇവ രസപോഷണത്തിനു കവിത്വം പോലെ ഉതകുന്നതല്ലെന്നുള്ളതു നിർവ്വിവാദമാകയാൽ മാഘന്റെ ഓരോ ഉപാലംഭപദ്യവും വായിച്ചുകൊണ്ടുപോകുമ്പോൾ നാം കാവ്യത്തിൽ രസിക്കുന്നതിനു പകരം കവിയെ ബഹുമാനിക്കുകമാത്രമേ ചെയ്യുന്നുള്ളു. "തേനിച്ചയെ അടിച്ചോടിച്ചു തേൻ അരിച്ചെടുത്തതുകൊണ്ടാണു്, മധു എന്ന അസുരനെ കൊന്നതുകൊണ്ടല്ല, അങ്ങേയ്ക്കു മധുസൂദനൻ എന്ന പേർ സിദ്ധിച്ചതു്; ജരാസന്ധനാൽ ഓജസ്സു നശിപ്പിക്കപ്പെട്ട മുകുന്ദന്റെ മെത്തയെ അഭയംപ്രാപിച്ച അബലനായ അങ്ങയെ ജനങ്ങൾ സബലനെന്നു പറയുന്നതു ബലനോട്ട (ബലഭദ്രനോട്ട)ക്കൂടി നടക്കുന്നതുകൊണ്ടായിരിക്കണം" എന്നും മറ്റും പറയുന്നതിൽ എത്രമാത്രം യഥാർത്ഥമായ കവിത്വം കളിയാടുന്നുണ്ടെന്നുള്ളതു ചിന്ത്യമാണു്. അതുപോലെതന്നെ

"അഹിതാദനപത്രപസ്മൃസ-
ന്നതിമാത്രോദ്ധിതഭീരനാസ്തികഃ
വിനയോപഹിതസ്ത്വയാ കൃത-
സ്സുദൃശോന്യോ ഗുണവാനവിസ്മയഃ"

ഇത്യാദി ദൂതവാക്യപദ്യങ്ങളിൽ കവി പ്രത്യക്ഷമായി മൃദുവായും പരോക്ഷമായി കർക്കശമായും ഉള്ള സന്ദേശാവിഷ്കരണത്തിനുവേണ്ടി ശബ്ദങ്ങളെക്കൊണ്ടു പലവിധത്തിൽ പന്താടുന്നുണ്ടെങ്കിലും അതൊന്നും നമ്മുടെ ഹൃദയത്തെ സ്പർശിക്കുന്നതിനു പര്യാപ്തമാകുന്നില്ല. സാത്യകിയുടെ ഉത്തരം ആരംഭിക്കുമ്പോൾ മാഘൻ തത്പോപദേശകവും പൌരുഷപ്രധാനവുമായ ഭാരവിയുടേ ശൈലിയെ അംഗീകരിക്കുന്നതിനാൽ അതിന്റെ ആസ്വാദ്യത വിശ്വജനീനമായി പരിണമിക്കുന്നു. ദൂതന്റെ പ്രത്യുത്തരഘട്ടത്തിൽ ആ ശൈലിയുടെ അകൃത്രിമരാമണീയകത്തിൽ മാഘന്റെ ശബ്ദംകൊണ്ടുള്ള മഹേന്ദ്രജാലം കൂടി സമ്മേളിക്കുകനിമിത്തം ചില സ്ഥലങ്ങളിൽ രസത്തിനു വിച്ഛിത്തിയുണ്ടാകുന്നില്ലെന്നില്ല. ദൃഷ്ടാന്താദ്യലങ്കാരയോഗങ്ങളും സർവത്ര സർവ്വോത്തമമാണെന്നു സമർത്ഥിക്കുവാൻ പ്രയാസമുണ്ടു്.

"പ്രതിവാച്യമദത്ത കേശവ-
സ്യുപമാനായ ന ചേദിഭൂഭുജേ;

Digitized By Kerala Sahitya Akademi

അനുഗ്രഹങ്കുരുതേ ഘലനധ്വനിം
ന ഹി ഗോമായുരുതാനി കേസരീ''.

എന്ന മാഘന്റെ പദ്യം ഭാരവിയുടെ

" വയം കവ വണ്ണാശ്രമരക്ഷണോചിതാഃ?
കവജാതിഹീനാ മൃഗജീവിതപ്രിയഃ?
സഹാപകൃഷ്ടൈർഹതാം ന സംഗതം;
ഭവന്തി ഗോമായുനഃഖാ ന ദന്തിനഃ ''.

എന്നും

''കിമവേക്ഷ്യ ഫലം പയോധരാൻ
ധവനയഃ പ്രാർത്ഥയതേ മൃഗാധിപഃ ?
പ്രകൃതിഃ ഖലു സാ മഹീയസഃ
സഹതേ നാന്യസമുന്നതിം യയാ''

ഈ രണ്ടു പദ്യങ്ങളുടേയും ഛായോപജീവിയും പദ്ധകാപജീവിയുമാണ്. ഏതാനും ചില വിശിഷ്ട പദ്യങ്ങളും ഇക്കൂട്ടത്തിൽ ഇല്ലെന്നില്ല.

''ജിതരോഷരയാ മഹാധിയഃ;
സപദിക്രോധജിതോ ലഘുർജ്ജനഃ;
വിജിതേന ജിതസ്യ ദുർമ്മതേ–
സ്തുതിമദ്യ ഭിസ്സഹ കാ വിരോധിതാ ?''

ഇത്യാദി പദ്യങ്ങൾ ഭാരവിയുടെ താദൃശ്രീതിയിലുള്ള പദ്യങ്ങളോടും ശിശുപാലവധം ദ്വതീയസർഗ്ഗത്തിലുള്ള ''അങ്കാതിരോപിതമൃഗശ്ച ന്ദ്രമാ മൃഗലാഞ്ഛനഃ'' മുതലായ പദ്യങ്ങളോടും സർവഥാ കിടനില്ക്കുന്നു.

''ക്രിയതേ ധവളഃ കിലോച്ചകൈ–
ർധ്രുവളൈരേവ സിതേതരൈർധഃ;
ശിരസൌഘമധത്ത ശങ്കരഃ
സ്സുരസിന്ധോർമ്മധുജിത്തമംശുനാ''

''നിർമ്മലന്മാർ തന്നെവേണം നിർമ്മലന്മാരെ മാനിക്കുവാൻ; മലിനന്മാർ അവരെ അധഃകരിക്കുകയേയുള്ളു. വെളുത്ത ശ്രീപരമേശ്വരൻ ഗം

Digitized By Kerala Sahitya Akademi

ഗോപുരത്തെ ശിരസ്സിനാൽ ധരിച്ചു. കറുത്ത കൃഷ്ണനോ അതിനെ കാൽ കൊണ്ടു ചവുട്ടി.'' എന്ന പദ്യം തുലോം വിമർദ്ദഹൃദ്യമാണ്. അയോഗ്യനായ കൃഷ്ണൻ മാനിച്ചില്ലെങ്കിൽ വിശിഷ്ടനായ തന്റെ സ്വാമിയെ മാനിക്കുവാൻ യോഗ്യന്മാരായ വേറെ മഹാശയന്മാർ ലോകത്തിലുണ്ടെന്നു ദ്യുതൻ വ്യഞ്ജിപ്പിക്കുന്നതു് ഇവിടെ ഏറ്റവും മനോഹരമായിട്ടുണ്ടു്. അതുപോലെ

''ഗുരുഭിഃ പ്രതിപാദിതാം വധൂ-
മപകൃത്യ സ്വജനസ്യ ഭൂപതേഃ
ജനകോസി ജനാർദ്ദന! സ്ഫുടം
ഹതധർമ്മാർത്ഥതയാ മനോഭവഃ''

എന്ന പദ്യത്തിൽ സ്വല്പം ആഹായ്യഭംഗിയുടെ സമ്പർക്കമുണ്ടെങ്കിലും അതിലേ ആശയം ഭാവുകന്മാക്കു് ആസ്വാദ്യമായല്ലാതെ തീരുവാൻ തരമില്ല. ''അച്ഛനന്ന മുതലായവർ അങ്ങയുടെ സ്വജനവും രാജാവുമായ ഒരാൾക്കു (എന്റെ സ്വാമിയായ ശിശുപാലനു) വിവാഹംചെയ്തുകൊടുക്കുവാൻ തീർച്ചപ്പെട്ടുറപ്പിച്ചിരുന്ന ഒരു കന്യകയെ അങ്ങു് അപഹരിച്ചുകൊണ്ടുപോകയല്ലയോ കെയ്തതു്? ധർമ്മാധർമ്മങ്ങളെ ഹനിച്ചു കാമമാത്രനിഷ്ഠനായി ജീവിക്കുന്ന അങ്ങു് അല്ലേ ജനാർദ്ദന! (പരദ്രോഹി എന്നും അർത്ഥം) കാമദേവന്റെ അച്ഛനെന്നുള്ളതു വ്യക്തംതന്നെ''. ഇപ്രകാരമാണു് മാഘന്റെ ഉപാലംഭശൈലി.

ഇതൊന്നുമല്ല മേൽപ്പുത്തൂരിന്റെ വിദ്യ. ശിശുപാലനെക്കൊണ്ടു് മഹാകവി ചെയ്തിരിക്കുന്ന കൃഷ്ണോപാലംഭത്തിന്റെ ഹൃദ്യത ഒന്നു വേറെതന്നെയാണു്.

''പ്രാഗേവാസൌ വിസാരഃ കചിദസുരവധേ
ഹീനസൌകയ്യഖിന്നഃ
സ്തംഭം പ്രാപ്തഃ കഥഞ്ചിദ്വ്യദലയദപരം
സർവ്വദം ത്വന്യബദ്ധ്നാൽ
മുന്യാത്മാ വീരഹത്യാം വ്യധിത നിരവധി
സ്വസ്യ ദാരാനദോഷ്ടാ-
നത്യാക്ഷീദ്ഘ്രാഘവാത്മാ; ഹരിചരിതമഹോ
സർവമേവാഭിരാമം.''

Digitized By Kerala Sahitya Akademi

"ഇയാൾ മുമ്പുതന്നെ വിസാരനാണ് (ബലമില്ലാത്തവനാണ്; വിസാരം=മത്സ്യം) ഒരിക്കൽ ഒരു അസുരനെ വധിക്കുന്ന വിഷയത്തിൽ സൌകര്യമില്ലാതെ വിഷമിച്ചു (ഹീനമായ സുകരത്വത്താൽ ഖിന്നനായി.) മറ്റൊരിക്കൽ സ്തംഭം പ്രാപിച്ചു (സ്തബ്ധനായിത്തീർന്നു; തൂണിൽ നിന്നു് ആവിർഭവിച്ചു്) മറ്റൊരസുരനെക്കൊന്നു. മഹാവദാന്യനായ മഹാബലിയെ ബന്ധിച്ചു. മുനിയായിരുന്നുകൊണ്ടു് അനവധി ക്ഷത്രിയന്മാരെ വധിച്ചു. നിർദ്ദോഷയായ തന്റെ ഭാര്യയെ ത്യജിച്ചു. ഹരിയുടെ ചരിതം ആദ്യന്തം ജാത്യംതന്നെ." വിസാരസൌകര്യപദങ്ങളെ എത്ര ചതുരമായി പ്രയോഗിച്ചിരിക്കുന്നു! ഇങ്ങനേയാണു് ഭട്ടതിരിയുടെ പരാക്ഷേപപാടവം. ഇതെല്ലാം പൂർവജന്മങ്ങളിലേ വകതിരിവുകേടാണു്. കൃഷ്ണനായപ്പോഴത്തേ കഥയോ ?

"സ്ത്രീഷ്ണോ ഗോഷ്ണോ ഗ്രുഷ്ണോഃ ഖഗഫണിഭിദധാ-
ന്നാകൃമാത്രം കിലാദ്രിം
പയ്യാസ്ഥദ്ദാരുമാത്രം ശകടമരമയൽ
ഗോപികാഗവ്യമോഷ്ടി
ബ്രഹ്മണ്യം മാഗധം തം മുഹുരപകൃതവാം-
സ്തൽഭയാദ്ദാരുദേശാ-
നാതിഷ്ഠദ് ദ്വേഷ്ടി ലോകാന്മണിമമുഷദഹോ
സ്തൌഷ്ട ദോഷാനശേഷാൻ."

"സ്ത്രീയെ (പൂതനയെ) കൊന്നു; പശുവിനെ (വൃഷാസുരനെ) കൊന്നു; അമ്മാമനെകൊന്നു; പക്ഷിയേയും പാമ്പിനേയും (ബകാസുരനേയും അഘാസുരനേയും) കൊന്നു; ഒരു ചെറിയ പുറ്റുപോലെയുള്ള കുന്നെടുത്തു പൊക്കി; മരംകൊണ്ടു തീർത്ത ഒരു ചാട്ട തകർത്തു; കണ്ട ഇടച്ചികളുമായി വ്യഭിചരിച്ചു, തൈരും പാലും വെണ്ണയും മോഷ്ടിച്ചു; ബ്രാഹ്മണഭക്തനായ ജരാസന്ധനോടു് അപകാരം പ്രവർത്തിച്ചു. അദ്ദേഹത്തെ ഭയപ്പെട്ടു മുക്കുവന്മാർ പാർക്കുന്ന സമുദ്രത്തിൽചെന്നു താമസം തുടങ്ങി; കണ്ടവർക്കു വിവാഹം ചെയ്തുകൊടുക്കുവാൻ നിശ്ചയിച്ചിരുന്ന സ്ത്രീകളേയും മറ്റും അപഹരിച്ചു ലോകത്തിനു വെറുപ്പുണ്ടാക്കി; രത്നം മോഷ്ടിച്ചു. ഇങ്ങനേയുള്ള ഒരാളുടെ ദോഷങ്ങൾ അത്രയും ഗുണങ്ങളെന്നു പറഞ്ഞു സ്തുതിക്കുന്നതിനു് അല്ലേ ഭീഷ്മ! അങ്ങുമുണ്ടല്ലൊ. എന്താചെയ്യുക." ശ്രീകൃഷ്ണാവതാരത്തെപ്പറ്റി പാപികളായ പാഷണ്ഡികൾക്കു് ഇതിലധികം എന്താണു് പറവാനുള്ളതു്? ഇങ്ങനെ പറഞ്ഞു തുക്മിണീകുചപദാങ്കിതമായ മാധവോരസ്സിൽ "വൈരിഭൂനവണ്ണനകണ്ണശൂലതുണ്ണപ്രകീർണ്ണ

Digitized By Kerala Sahitya Akademi

ഹൃദയ''നായി ആ ദുഷ്ടൻ ശരങ്ങൾ വലിച്ചു വിടുന്നതും മറും ഭട്ടതിരി തന്നേയാണു് വണ്ണിക്കേണ്ടതു്.

മേൽ വിവരിച്ചതിൽ നിന്നു ഞാൻ സർവസഹൃദയാരാദ്ധ്യനായ ലോകമഹാകവി മേല്പുത്തൂർ ഭട്ടതിരിയെ നിരങ്കുശമായ സ്വദേശാഭിമാനംകൊണ്ടു മാത്രമല്ല സ്തുതിക്കുന്നതെന്നും പരപരിഹാസഭ്രമിയിൽ സാക്ഷാൽ മാഘകവി ചക്രവത്തിപോലും അദ്ദേഹത്തിനു അടിപണിയേണ്ടതാണെന്നും സിദ്ധിക്കുന്നുണ്ടല്ലൊ. ഇതുപോലേയുള്ള പരാക്ഷേപപാടവം ദക്ഷയാഗം, കിരാതം മുതലായ പ്രബന്ധങ്ങളിലും കാണാം. മേല്പുത്തൂരിന്റെ സംക്ഷിപ്തമായ ഒരു ജീവചരിത്രം എന്റെ സ്നേഹിതൻ കെ. വി. എം. പ്രസാധനം ചെയ്തിട്ടുള്ളതിൽനിന്നു മാത്രമേ ഇപ്പോൾ ആ പുണ്യശ്ലോകന്റെ മഹിമാതിശയത്തെപ്പറ്റി സംസ്കൃതാനഭിജ്ഞന്മാരായ കേരളീയർക്കു് എന്തെങ്കിലും അറിവാൻ സാധിക്കുന്നുള്ളു. ഭട്ടപാദരുടെ പദകമലപരമാരാധകന്മാരിലൊരുവനായ എനിക്കു് ആ മഹാനുഭാവന്റെ വിസ്തരിച്ചുള്ള ഒരു ജീവചരിത്രമെഴുതി പ്രസിദ്ധപ്പെടുത്തിക്കണ്ടാൽ മാത്രമേ ചാരിതാർത്ഥ്യമുണ്ടാകുന്നുള്ളു. ആറേഴുകൊല്ലം കൂടിക്കഴിഞ്ഞാൽ ഈശ്വരസഹായമുണ്ടെങ്കിൽ ഞാൻ തന്നെ ആ കൃത്യം നിവ്വഹിക്കുകയും ചെയ്യാം.

1101 കുംഭം.

Digitized By Kerala Sahitya Akademi

9. ഒരു ശ്ലോകത്തിന്റെ ചരിത്രം

ഒരു കവിയുടെ കൃതിയാണെന്നു് ഐതിഹ്യം ശ്ലോഷിക്കുന്ന ചില പദ്യങ്ങൾ സൂക്ഷ്മനിരീക്ഷണത്തിൽ മറ്റൊരു കവിയുടേതായി പരിണമിക്കുന്നു എന്നുള്ളതിനു് സാഹിത്യചരിത്രത്തിൽ അനേകം ദൃഷ്ടാന്തങ്ങൾ ഉണ്ടു്.

"ഭവന്തി നമ്രാസ്തരവഃ ഫലോദ്ഗമൈ-
ർനവാംബുഭിർദൂരവിലംബിനോ ഘനാഃ;
അനുദ്ധതാസ്സത്പുരുഷാസ്സമൃദ്ധിഭി-
സ്സ്വഭാവ ഏവൈഷ പരോപകാരിണാം."

എന്ന പദ്യം അഭിജ്ഞാനശാകുന്തളം അഞ്ചാംസ്സ്ത്തിലും സുഭാഷിതത്രിശതിയിലെ നീതിശതകത്തിലും നാം കാണുന്നുണ്ടെങ്കിലും കാളിദാസൻ ഭർത്തൃഹരിയെക്കാൾ പ്രാചീനനായിരുന്നു എന്നുള്ളതു നിസ്സംശയമാകയാൽ കാളിദാസൻതന്നെയാണു് ഈ പദ്യത്തിന്റെ നിർമ്മാതാവെന്നും ഏതുവഴിക്കോ ഇതിനു നീതിശതകത്തിലെ പരോപകാരപദ്ധതിയിൽ കടന്നുകൂട്ടുന്നതിനു സംഗതിവന്നു എന്നും ന്യായമായി അനുമാനിക്കാം.

"ദാരിദ്ര്യസ്യ ദയാലുത്വം
കിം ബ്രവീമി നരാധിപ!
ആത്മനാശമനാദൃത്യ
ഭവനം മാമദർശയൽ."

എന്ന പദ്യം കൊട്ടങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാന്റേതാണെന്നു പലരെക്കാലത്തേയ്ക്കു് മറ്റനേകം പേരെപ്പോലെ ഞാനും ധരിച്ചിരുന്നു. ക്രി. പി. പതിന്നാലാം ശതകത്തിനുമുൻപു ജീവിച്ചിരുന്ന വിദ്യാധരന്റെ

Digitized By Kerala Sahitya Akademi

"ഏകാവലി" എന്ന അലങ്കാരഗ്രന്ഥത്തിൽ ആ പദ്യം കണ്ടപ്പോൾ കൊല്ലം പതിനാറാംശതകത്തിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന വിദ്വാൻ ഇളയതമ്പുരാനല്ല അതിന്റെ കർത്താവെന്നും തനിക്കു മുഖസ്ഥമായിരുന്നതും സന്ദർഭോചിതവുമായ ആ അനുഷ്ടുഭ്ശ്ലോകം പെൺകൊടുത്തു പണം യാചിക്കുന്നതിനായി സ്വാതിതിരുനാൾ മഹാരാജാവു തിരുമനസ്സിലെ സന്നിധിയിലേയ്ക്കു പോകേണ്ടിയിരുന്ന ഒരു നമ്പൂരിക്കു് അവിടുന്നു കുറിച്ചുകൊടുത്തതേയുള്ളു എന്നും എനിക്കു ബോദ്ധ്യപ്പെട്ടു. അപ്പോഴത്തെ സകലകലാവല്ലഭനായിരുന്ന ആ തിരുമേനി ഈ പദ്യത്തിന്റെ "ചുമട്ടുതുലിക്കു് ഇതിരിക്കട്ടെ" എന്നുള്ള അരുളപ്പാടോടുകൂടി സമ്മാനിച്ച അയ്യായിര· പണത്തിന്റെ സ്വാദുതവും ഞാൻ പരിപൂർണ്ണമായി ആസ്വദിച്ചതു്. ഈ വിഷയത്തെപ്പറ്റി ഞാൻ കുറേക്കാലം മുമ്പു കൈരളിയിൽ ഒരു ഉപന്യാസം പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി.

അതിമാനുഷനായ മേൽപുത്തൂർ നാരായണഭട്ടതിരിയുടെ വ്യാകരണഗുരുവും പ്രവേശകം എന്ന സംസ്കൃതവ്യാകരണഗ്രന്ഥത്തിന്റെ പ്രണേതാവുമായ തൃക്കണ്ടിയൂർ അച്യുതപ്പിഷാരടിയെപ്പറ്റി കേട്ടിട്ടില്ലാത്ത ഭാഷാഭിമാനികൾ ഉണ്ടായിരിക്കയില്ലല്ലോ. പിഷാരടിയെപ്പറ്റി ഭട്ടതിരി പ്രക്രിയാസർവസ്വത്തിൽ

" മീമാംസാദി സ്വതാതാ, ന്നിഗമമവികലം
മാധവാചാര്യവര്യാ,-
ത്തക്കം ദാമോദരാഖ്യാദപി പദപദവീ-
മച്യുതാഖ്യാൽ ബുധേന്ദ്രാൽ,
തേഷാം കാരുണ്യയോഗാൽ കിമപി ച കവിതാ-
മാപ്നവം; കർമ്മ മേ തൽ
ഭൂയാൽ പുഷ്ടിപ്രണാം; മേ ഭവതു ച സതതം
ധീരഘ്രാരേഃ കഥായാം. "

എന്നും

" അയമച്യുതഗുരുകൃപയാ
പാണിനികാത്യായനാദികാരുണ്യാൽ
യത്നഃ ഫലപ്രസൂസ്ത്യാൽ
കൃതരാഗരസോദ്യ ലബ്ധമാഗ്ജുഷാം. "

എന്നും രണ്ടുദിക്കിൽ സ്മരിക്കുന്നു.

Digitized By Kerala Sahitya Akademi

പ്രക്രിയാസർവസ്വം ആരംഭിച്ചതു കൊല്ലം 792 (ക്രി. പി. 1617) മകരം 2–ാംനു-യും അവസാനിച്ചത് മീനം 3–ാംനു-യുമാണെന്നു് ഒട്ടവിലത്തെ ശ്ലോകത്തിലെ കലിസംഖ്യകളിൽനിന്നു കാണാം.

ഭട്ടതിരിയുടെ സമകാലികനായിരുന്ന മറ്റൊരു നാരായണകവി തന്റെ ഭ്രമരസന്ദേശത്തിൽ പിഷാരടിയുടേയും ഭട്ടതിരിയുടേയും അപദാനങ്ങളെ താഴെക്കാണുന്നവിധത്തിൽ അനുകീർത്തനം ചെയ്യുന്നു.

" തസ്യാൽ പ്രത്യക്പ്രഹിതനയനഃ
കുണ്ഡഗേഹാധിനാഥം
സർവജ്ഞന്തം പ്രണമ ഗിരിശം
ഭക്തിമാനച്യുതഞ്ച;
ഏകസ്യാവദ്വഹതി ശിരസി
ജ്യോതിഷാമേകമിന്ദും;
ജ്യോതിശ്ചക്രം നിഖിലമപരോ
ധാരയത്യന്തരംഗേ. "

* * * * *

ഹേരംബേണ പ്രഥിതവിഭവാം
മാതൃദത്തദ്വിജേന്ദ്ര–
ശ്രീമച്ഛിഷ്യൈൽകരമുഖരിതൈ–
രാസ്തുതാം ശാസ്ത്രഘോഷൈഃ
ആരാന്നാരായണകവിവച–
സ്സ്യന്ദമാധ്വീനന്ദ–
ദ്വാണീമന്ദസ്മിതസുരഭിലാം
യാഹി പാടീരവാടീം.

സൂക്തം നാരായണകവിമുഖാം–
ഭോജനിഷ്യന്ദമാനം
പീത്വാ വാപീകമലമധുഷു
പ്രാപ്തനിർവേദഭാരഃ
ബിംബേ ഭാനോരപരഗിരിശ്യം–
ഗേണ സഞ്ഛ്യംബ്യമാനേ
ലംബേഥാസ്ഥാം ഭ്രമര! ധരണൌ
വല്ലഭക്ഷ്മാണി ബന്ധോഃ"

Digitized By Kerala Sahitya Akademi

കണ്ഡഗ്രഹം തുക്കണ്ടിയുരും പാടിരവാടി ചന്ദനക്കാവുമാണ്. ഇതിൽനിന്ന പിഷാരടി ഭട്ടതിരിയെ പഠിപ്പിച്ചതു വ്യാകരണമാണെങ്കിലും അദ്ദേഹത്തിന്റെ പ്രശസ്തി സർവോപരി ജ്യോതിഷത്തിലായിരുന്ന എന്നും മേൽപ്പുത്തൂരില്ലത്തു മാതൃദത്തഭട്ടതിരിയുടെ അന്തേവാസികളായി അനേകംപേർ ശാസ്ത്രാഭ്യാസം ചെയ്യുവന്നിരുന്ന എന്നും മഹാകവി നാരായണഭട്ടതിരിയുടെ കവിത റാണീദേവിക്കു മന്ദസ്മിതമുളവാക്കത്തക്കവണ്ണം അത്ര മനോഹരമാണെന്നുള്ള പ്രസിദ്ധി അക്കാലത്തുതന്നെ നേടിയിരുന്ന എന്നും കാണാവുന്നതാണ്. മഹാകവിയുടെ മുഖാംഭോജത്തിൽനിന്ന സ്രവിക്കുന്ന സൂക്തിമധു സേവിക്കുന്ന ഭ്രമരത്തിനുണ്ടോ പൊന്തയിലേ താമരപ്പൂന്തേനിൽ നിർവേദമല്ലാതെ ജനിക്കുക! സന്ധ്യയാകുമ്പോൾ ചന്ദനക്കാവുവിട്ട വണ്ടിനോട്ട വള്ളുവനാട്ടിലേക്കു പോകുവാൻ കവി അഭ്യർത്ഥിക്കുന്നു.

ഈ മാതൃദത്തദ്വിജേന്ദ്രൻ ഭട്ടതിരിയുടെ പിതാവായിരുന്നു. പ്രക്രിയാസർവസ്വത്തിൽ

"സോപി കദാചന രാജാ
സ്വഗ്രണൈരാകൃഷ്യ സന്നിധിം നീതം
ശ്രീമാതൃദത്തസൂനും
നാരായണസംജ്ഞമശിക്ഷദവനിസുരം."

എന്നും,

"ഭ്രഖണ്ഡേ കേരളാഖ്യേ സരിതമിഹ നിളാ–
മുത്തരേണൈവ നാവാ–
ക്ഷേത്രേ ഗവ്യൂതിമാത്രേ പുനരുപരിനവ–
ഗ്രാമനാമ്നി സ്വധാമ്നി
ധർമ്മിഷ്ഠാൽ ഭട്ടതന്ത്ര്യാദ്യഖിലമതപടോ–
ർമ്മാതൃദത്തദ്വിജേന്ദ്രാ–
ജ്ജാതോ നാരായണാഖ്യോ നിരവഹദതുലാം
ദേവനാരായണാജ്ഞാം."

എന്നും രണ്ടു പദ്യങ്ങളിൽ മഹാകവി പിതാവിനെ സ്മരിക്കുന്നുണ്ട്. ഉപരിനവഗ്രാമം മേൽപ്പുത്തൂർ സംസ്കൃതീകരിച്ചതാണു്. രണ്ടാമത്തെ പദ്യത്തിൽനിന്ന മാതൃദത്തഭട്ടതിരി ധർമ്മിഷ്ഠനും മീമാംസാദിശാസ്ത്രങ്ങളിൽ പ്രവീണനുമാണെന്ന വെളിവാകുന്നു. താൻ മീമാംസാദി

Digitized By Kerala Sahitya Akademi

ശാസ്ത്രങ്ങൾ പഠിച്ചതുതന്നെ അദ്ദേഹത്തിൽനിന്നായിരുന്നു എന്നു മഹാകവി "മീമാംസാദി സ്വതാതാൽ" ഇത്യാദി പദ്യത്തിൽ പ്രകടമായി പ്രസ്താവിച്ചിട്ടുള്ളതു വായനക്കാർ ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലോ. മഹാകവിയുടെ അനുജനായി മാതൃദത്തൻ എന്ന പേരിൽ മറ്റൊരു ഭട്ടതിരിയുണ്ടായിരുന്നു. ഇദ്ദേഹത്തെ തന്റെ കവിതകൾ പകർത്തിയെഴുതുവാൻ മഹാകവി നിയോഗിച്ചിരുന്നു. നാരായണീയത്തിന്റെ അവസാനത്തിൽ

"ഇത്ഥം ഭാഗവതസ്തോത്രം
സ്വാഗ്രജേന വിനിർമ്മിതം
വ്യലിഖന്മാതൃദത്താഖ്യോ
ഭഗവൽഭഗതിപൂർത്തയേ."

എന്നൊരു പദ്യം കാണുന്നുണ്ടു്. അച്യുതപ്പിഷാരടി മരിച്ചതു കൊല്ലം 799-ൽ ആയിരുന്നു എന്നുള്ളതു ഭട്ടതിരി അദ്ദേഹത്തെപ്പറ്റി നിർമ്മിച്ചിട്ടുള്ള

"ഹേ! ശബ്ദാഗമ! നിർദ്ദയം വിബുധതാ
ലുബ്ധേന്നിപീഡിഷ്യസേ
ധാർഷ്ട്യൈകപ്രവണാസി വൈദ്യസരണേ!
നഷ്ടോഹ്യലങ്കാര! ഭോഃ
ഹന്ത! ജ്യോതിഷതന്ത്ര! പര്യുവസിതാ
തിഥ്യർക്ഷയോസ്തേ കഥാ;
വിദ്യാത്മാ സ്വരസർപ്പദദ്യ ഭവതാ-
മാധാരഭ്രരച്യുതഃ."

എന്ന ചാരമശ്ലോകത്തിലെ "വിദ്യാത്മാ സ്വരസപ്പൽ" എന്ന കലിദിനസംഖ്യയിൽനിന്നു കാണാവുന്നതാണു്. അതിനുപുറമേ ഈ ശ്ലോകത്തിൽനിന്നു പിഷാരടി വൈയാകരണനും ജ്യോതിശ്ശാസ്ത്രജ്ഞനുമായിരുന്നു എന്നുള്ളതിനു പുറമെ വൈദ്യനും ആലങ്കാരികനും കൂടിയായിരുന്നു എന്നും വെളിവാകുന്നുണ്ടു്.

എന്റെ ഈ ഉപന്യാസത്തിനു വിഷയീഭവിക്കുന്നതു് പിഷാരടി ആസന്നമരണനായ അവസരത്തിൽ നിർമ്മിച്ചതായും ഭട്ടതിരി പൂരിപ്പിച്ചതായും ഐതിഹ്യദ്വാരാ നാം ധരിച്ചിരിക്കുന്ന

"കായേ സീദതി കണ്ഠരോധിനി കഫേ
കണ്ഠേ ച വാണീ പഥേ

Digitized By Kerala Sahitya Akademi

ജിഹ്വായാം ദൃശി ജീവിതേ ജിഗമിഷൌ
ശ്വാസേ ശനൈഃ ശാമ്യതി
ആഗത്യ സ്വയമേവ നഃ കരുണയാ
കാരുണ്യനികാമുകഃ
കണ്ഠേ വണ്ഠ്യയതാദ്ഭവാണ്ഠ്വഭയാ–
ദുത്താരകം താരകം."

എന്ന പദ്യമാണ്. ഭാഷാചരിത്രകാരൻ ശ്രീമാൻ പി. ഗോവിന്ദപ്പിള്ള ഈ പദ്യം പിഷാരടി മരിക്കാൻകാലത്തു ശിഷ്യഗണമദ്ധ്യവർത്തിയായിരുന്ന അവസരത്തിൽ നിർമ്മിക്കുവാൻ ആരംഭിച്ചു എന്നും 'ഉത്താരകം' എന്ന പദംവരെ ഉച്ചരിച്ചതിന്റെശേഷം പൂരിപ്പിക്കുവാൻ അശക്തനായിത്തീരുകയാൽ അദ്ദേഹത്തിന്റെ പ്രഥമാന്തേവാസിയായ ഭട്ടതിരിപ്പാട് 'താരകമെന്ന പദംചൊല്ലി പദ്യമവസാനിപ്പിച്ചു പ്രാണോൽക്രാന്തിവേലയിൽ ഗുരുവിനു താരകബ്രഹ്മോപദേശംചെയ്തു് ആനുണ്യം പ്രാപിച്ചു എന്നും പ്രസ്താവിക്കുന്നു. ഇതു കേരളത്തിലെ സുപ്രസിദ്ധമായ ഒരു ഐതിഹ്യമാണു്. നാരായണഭട്ടതിരിയുടെ ജീവചരിത്രം സംക്ഷിപ്തമായി സംസ്കൃതത്തിൽ നിർമ്മിച്ച പരേതനായ മാനവിക്രമഏട്ടൻ (സാമൂതിരിപ്പാട്) തമ്പുരാൻ തിരുമനസ്സുകൊണ്ടു് "ഏതൽ ഗുരുവരോച്യുതവൈഷ്ണവശ്വരകാലം സന്നിഹിതം വിജ്ഞായ ഭഗവന്തംമനസി സമ്യഗ്ധ്യാത്വാ നാതിരോഗാവിഷ്ടഃ കിഞ്ചിദ വ്യഥിതോ ബന്ധുജനപരീത ഏതൽപ്രഭൃതിശിഷ്യഗണമദ്ധ്യഗത ഏവമവോചൽ". എന്നു് ഉപന്യസിക്കുന്നു. 'കായേസീദതി' ഇത്യാദി പദ്യം അച്യുതരചിതമെന്നു പ്രകടമായി പ്രസ്താവിക്കുന്നില്ലെങ്കിലും അതായിരുന്നു അദ്ദേഹത്തിന്റെ വിവക്ഷയെന്നുള്ളതു് "നാതിരോഗാവിഷ്ടഃ കിഞ്ചിദ വ്യഥിതഃ" ഈ വിശേഷണങ്ങളിൽനിന്നും അനന്തരം "ഉത്താരകം ഇതി തദനന്തരം വക്തുമശക്തതയാ ഖിന്നം സ്വഗുരും ദൃഷ്ട്വാ തേന വിനാ വിളംബമപൂരി 'താരകം' ഇതി." എന്നുള്ള വാക്യത്തിൽനിന്നും അനുമേയമാണു്. കെ. വി. എം. നിർമ്മിച്ചിട്ടുള്ള ഭട്ടതിരിയുടെ ജീവചരിത്രത്തിലും പിഷാരടി ഈ പദ്യം നിർമ്മിച്ചു എന്നതിനെ പ്രസ്താവിച്ചുകാണുന്നു.

ഈ ഐതിഹ്യം അബദ്ധമാണെന്നു തെളിയിക്കുവാൻ പ്രയാസമില്ല. ക്രി. പി. 1330-ാം മാണ്ടിടയ്ക്കു തെലുങ്കുരാജ്യത്തിൽ വേങ്കടഗിരിസംസ്ഥാനത്തിന്റെ അധിപനായി ശിങ്ഗൻ എന്നു പേരോടുകൂടി ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം നാതിസംക്ഷേപവിസ്തരമായി രസാർണ

Digitized By Kerala Sahitya Akademi

വസുധാകരം എന്ന പേരിൽ ഒരു നാട്യലക്ഷണഗ്രന്ഥം നിർമ്മിച്ചിട്ടുണ്ട്. ഇതു് തിരുവിതാംകൂർ അനന്തശയനസ്ഥസംസ്കൃതഗ്രന്ഥാവലിയിൽ 50-ാംനമ്പരായി പ്രസിദ്ധപ്പെട്ടത്തിട്ടുമുണ്ട്.

മുപ്പത്തിമൂന്നു വ്യഭിചാരിഭാവങ്ങളിൽ ഒന്നാണല്ലോ മൃതി. മൃതിക്കു്,

"വായോർദ്ധ്വഞ്ജയാഖ്യസ്യ
വിപ്രയോഗോ യ ആത്മനാ
ശരീരാവച്ഛേദവതാ
മരണം നാമ തദ്ഭവേൽ."

എന്നു ലക്ഷണനിർവചനം ചെയ്തു് അതു വ്യാധിജമെന്നും അഭിഘാതജമെന്നും രണ്ടുപ്രകാരത്തിലുണ്ടാകാമെന്നു പ്രസ്താവിച്ചു വ്യാധിജമായ മൃതിയുടെ സ്വരൂപം,

"ആദ്യന്തവസാദ്ധ്യം ഹ്യച് ഛർലു-
വിഷൂച ്യാദിസമുദ്ഭവം
അമീ തത്രാനുഭാവാസ്സ്യു-
രവ്യക്താക്ഷരഭാഷണം;

വിവർണ്ണഗാത്രതാ മന്ദ-
ശ്വാസാദിസ്തംഭവീക്ഷണേ
ഹിക്കാപരിജനാപേക്ഷാ-
നിശ്ചേഷ്ടേന്ദ്രിയതാദയഃ"

ഇപ്രകാരം വിവരിച്ചു് ആ വ്യഭിചാരിഭാവത്തിനുദാഹരണമായി 'കായേ സീദതി' ഇത്യാദി പദ്യം ഉദ്ധരിച്ചിരിക്കുന്നു. "കാത്യായനീവല്ലഭഃ" എന്നാണു് ശിങ്ഗഭൂപാലന്റെ പാഠം; അത്രമാത്രമേ ഭേദമുള്ളു. ഇതു് ആരുടെ കൃതിയെന്നു് ശിങ്ഗഭൂപാലൻ പ്രസ്താവിക്കുന്നില്ല. ഏതായാലും ഈ പദ്യം കുറഞ്ഞപക്ഷം ക്രി. പി. പതിനാലാംശതകത്തിന്റെ പ്രഥമപാദത്തിലെങ്കിലും ഭ്രജാതംചെയ്തിരിക്കണമെന്നുള്ളതിനു സംശയമില്ല. രസാണ്ണവസുധാകരം കൊല്ലം 756-ൽ (ക്രി. പി. 1590) പകർത്തിയ ഒരു ഗ്രന്ഥം ഗണപതിശാസ്ത്രികൾക്കു വെന്നിമലപിഷാരത്തിൽനിന്നു കിട്ടിയതായി കാണുന്നതിൽനിന്നു ഭട്ടതിരിയുടെ കാല

Digitized By Kerala Sahitya Akademi

ത്തിൽ ആ കൃതിക്കു് കേരളത്തിൽ ധാരാളം പ്രചാരമുണ്ടായിരുന്നതായി ഊഹിക്കാവുന്നതാണു്. ചാക്കിയാന്മാക്കു് അത്യന്തം പ്രയോജനകരമായ ആ ഗ്രന്ഥം രവിനൃത്തകനെന്നു് പ്രസിദ്ധനായ ഇരവി.ച്ചാക്യാരുടെ പ്രിയ സുഹൃത്തായിരുന്ന ഭട്ടതിരിപ്പാട്ടു് കണ്ടിരിക്കാതെവരാൻ തരമില്ല. ഒരു നല്ല ആലങ്കാരികനായ അച്യുതപ്പിഷാരടിയും അതു വായിച്ചിരുന്നിരിക്കണം. അലങ്കാരവിഷയത്തിലുള്ള ജ്ഞാനം ഭട്ടതിരിക്കും അപരിമിതമായിരുന്നു എന്നുള്ളതിനു് അമരുകത്തിലേ

"പുഷ്പോദ്ഭേദമവാപ്യ കേളിശയനാദുത്ഥായ ദൂരസ്ഥയാ
കാന്തേന സ്ഫുരിതാധരേണ നിഭൃതം ഭ്രൂസംജ്ഞയാ യാചിതേ
ആച്ഛാദ്യ സ്ഖിതപൂർണ്ണഗണ്ഡഫലകം ചേലാഞ്ചലേനാനനം
മന്ദാന്ദോളിതകുണ്ഡലസ്തുബകയാ തന്വ്യാ വിധുതം ശിരഃ."

എന്ന പദ്യത്തിനു് അദ്ദേഹം നിർമ്മിച്ചിട്ടുള്ള കുലങ്കഷമായ സംസ്കൃതവ്യാഖ്യാനം സാക്ഷ്യംവഹിക്കുന്നു. ഗുരുവിനും ശിഷ്യനും ഈ പദ്യം മുഖസ്ഥമായിരുന്നതിനാലാണു് പ്രാണപ്രയാണസമയത്തിൽ പിഷാരടിക്കു് 'കായേ സീദതി' ഇത്യാദി പദ്യം അത്ര നിരർഗ്ഗളമായി ഉച്ചരിക്കുന്നതിനും ഭട്ടതിരിക്കു് അതിലെ 'താരകം' എന്ന പദം അത്ര അനായാസേന ചൊല്ലി ചരിതാർത്ഥനാകുന്നതിനും ഇടവന്നതു്.

ചാക്യാന്മാർ കൂത്തിനു രാമായണപ്രബന്ധം പ്രയോഗിക്കുമ്പോൾ അഹല്യാമോക്ഷഘട്ടത്തിൽ പ്രത്യേകം അർത്ഥവിസ്താരം ചെയ്യുന്നതാണു്,

"അപേതവ്യാഹാരം ധൃതവിവിധപുഷ്പവ്യതികരം
കരസ്ഫാരംഭപ്രഗളിതദുകൂലാന്തശയനം
മുഹുർബദ്ധോൽകമ്പം ദിശിദിശി മുഹുഃ പ്രേരിതദൃശോ-
രഹല്യാസൂത്രാമ്ണോഃ ക്ഷണികമിവ തൽസംഗതമഭ്രൽ."

എന്ന ശ്ലോകം. ഈ ശ്ലോകം ഭട്ടതിരിയുടേതാണെന്നു ചിലർ ശങ്കിക്കാറുണ്ടു്. അതും അബദ്ധമാണു്. സുധാകരകാരൻ ഇതു നമ്മസ്ഫഞ്ജത്തിനു് ഉദാഹരണമായി സ്വീകരിച്ചുകാണുന്നു.

ഭട്ടതിരിയുടേതെന്നും മനോരമത്തമ്പുരാട്ടിയുടേതെന്നും പന്തളം സുബ്രഹ്മണ്യശാസ്ത്രികളുടേതെന്നും മറ്റും ചിലർ അഭ്യൂഹരിക്കാറുള്ള

Digitized By Kerala Sahitya Akademi

"കോശദ്വന്ദ്വമിയം ദധാതി നളിനീ കാദംബചഞ്ചൂക്ഷതം;
ധത്തേ ചൂതലതാ നവം കിസലയം പുംസ്കോകിലാസ്വാദിതം;
ഇത്യാകണ്ഠ്യ മിഥസ്സഖീജനവചസ്സാ ദീർഘികായാസ്തടേ
ചേലാന്തേന തിരോദധേ സ്തനതടം ബിംബാധരം പാണിനാ."

എന്ന പദ്യവും സുധാകരത്തിൽ ഉദ്ധൃതമായിക്കാണുന്നു.

സാഹിത്യദീപികസ്സായി എഴുതിയതു്

Digitized By Kerala Sahitya Akademi

10. പൂന്താനത്തിന്റെ ചില അപ്രസിദ്ധകൃതികൾ

പൂന്താനംനമ്പൂരി മേല്പുത്തൂർ നാരായണഭട്ടതിരിയുടെ സമകാലീന നായിരുന്നു. അദ്ദേഹത്തിന്റെ കൃതിയായ സന്താനഗോപാലം പാന ഭട്ടതിരിയെ കാണിച്ചതിൽ ഭട്ടതിരി അതിൽ തെറ്റുകളുണ്ടെന്നു പറകയാൽ പൂന്താനം വ്യസനാക്രാന്തനായിത്തീർന്നു എന്നും ഗുരുവായൂരപ്പൻ അപ്പോൾ പ്രത്യക്ഷപ്പെട്ട ഭട്ടതിരിയുടെ നാരായണീയത്തിൽ അതിലധികം തെറ്റുകളുണ്ടെന്നു ബോധപ്പെടുത്തി എന്നും ഒരു ഐതിഹ്യമുണ്ട്. പൂന്താനം എന്ന ഇല്ലം ബ്രിട്ടിഷ് മലബാറിൽ അങ്ങാടിപ്പുറത്താണ്. പൂന്താനം നമ്പൂരി ഭട്ടതിരിയെപ്പോലെ ഒരു വലിയ വ്യൽപന്നനോ ശാസ്ത്രജ്ഞനോ അല്ലായിരുന്നു എങ്കിലും ഈശ്വരഭക്തിയിൽ അദ്ദേഹത്തെക്കൂടി ജയിക്കുന്ന ഒരു പരമഭാഗവതനും മഹാവിശിഷ്ടനായ ഒരു ഭാഷാകവിയുമായിരുന്നു. ഈ വസ്തുതകൾ അദ്ദേഹത്തിന്റെ കൃതികളിൽനിന്നു ധാരാളം വെളിവാകുന്നുണ്ട്. അദ്ദേഹം തന്റെ ഇല്ലത്തിന്റെ ഇടത്തുപുറത്തുള്ള വടക്കിനിയിൽവച്ചു കൃഷ്ണസ്വാമിയെ പ്രത്യക്ഷമായി കാണുകയും വടക്കിനിക്കു വാമപുരം എന്നു പേരിടുകയും ചെയ്തതായി ഐതിഹ്യം ഘോഷിക്കുന്നു. ഏതായാലും വാമപുരാധിവാസിയായ ശ്രീകൃഷ്ണനെ ഉദ്ദേശിച്ചാണ് അദ്ദേഹത്തിന്റെ ഭാഷാകർണ്ണാമൃതവും മറ്റനേകം ഖണ്ഡകൃതികളും രചിക്കപ്പെട്ടിട്ടുള്ളതു് എന്നുള്ളതിനു സംശയമില്ല. പൂന്താനത്തിന്റെ കൃതികളായി ഇതുവരെ അച്ചടിപ്പിച്ചിട്ടുള്ളതു്

(1) സന്താനഗോപാലം പാന;

(2) ജ്ഞാനപ്പാന;

(3) ഭാഷാകർണ്ണാമൃതം;

ഈ മൂന്നു കൃതികളുമാകുന്നു. ഭാഷാകർണ്ണാമൃതം കവനോദയം മൂന്നാം നമ്പരായാണ് ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടതു്. അതിമനോഹര

Digitized By Kerala Sahitya Akademi

മായ ഈ കൃതിക്കു് ഇപ്പോൾ ഉള്ളതിൽ എത്രയോ അധികമായ പ്രചാരം ഉണ്ടാകേണ്ടതാണു്.

ഞാൻ ഈ ലേഖനത്തിൽ പുന്താനത്തിന്റെ ചില അപ്രസിദ്ധങ്ങളായ ഖണ്ഡകൃതികളെപ്പറ്റിയാണു് പ്രസ്താവിക്കുവാൻ പോകുന്നതു്. അദ്ദേഹം സംസ്കൃതത്തിലും മലയാളത്തിലും അനേകം ശ്ലോകങ്ങളും പാട്ടുകളും തമിഴിൽപോലും ചില വേദാന്തഗാനങ്ങളും രചിച്ചിട്ടുള്ളതായി കാണുന്നു. നമ്പൂരി ഒരു ഭക്തനും വിരക്തനും വേദാന്തിയുമായിരുന്നതിനാൽ അദ്ദേഹത്തിന്റെ സൂക്തികൾക്കെല്ലാം നൈസർഗ്ഗികമായ ഒരു ചമൽക്കാരം കാണുന്നുണ്ടു്. ആദ്യമായി കുറെ ഭാഷാശ്ലോകങ്ങൾ താഴെ ചേക്കുന്നു;

പാർത്ഥസാരഥിസ്തവം.

" പങ്കജാക്ഷിശതശൃംഖലം പുഴകടത്തി നിന്നെ നിജപുത്രമ-
പ്പെൺകിടാവിനെ വിരഞ്ഞെടുത്ത വസുദേവർ കംസനു കൊടുത്തനാൾ
അംഘ്രിണാ പൊഴുതുകൊണ്ടു ചാട്ടടനുതുട്ടിനാ കിലരണാങ്കണേ
സങ്കടോപശമനായ പാർത്ഥരഥംകിടാകുക തുടങ്ങിനാ. 1

കെട്ടി വാർകുഴൽവകഞ്ഞു പിന്നിലളകേഷു പീലികൾ തൊട്ടുത്തുപൂ-
മ്പട്ടകൊണ്ടു വടിവൊട്ടുത്തുരസി ഹാരമിട്ട വനമാലയും
പൊട്ടണിഞ്ഞ നിടിലത്തടത്തിലുടൽപാത്തു പാർത്ഥരഥമേത്യ ച-
ഞ്ഞട്ടി മുഷ്ടിയിൽ മുറുക്കിനിന്നരുളുമിഷ്ടദൈവതമുപാസ്മഹേ. 2

ചെറ്റഴിഞ്ഞ ചികുരോൽക്കരാ ചെറിയ താരകേശകല തോറ്റ തു-
നെറ്റിപാട്ട ചിതറും വിയപ്പിലൊളിവുറ്റു പറ്റിന ഘനാളകാം
എറ്റുവാനഭിമുഖീകൃതപ്രതിനവപ്രതോദവലയാമൊരൻ-
പുറ്റു കാമപി കൃപാം കിരീടിരഥരത്നദീപകലികാം ഭജേ. 3

നൂതനേന്ദുരമണീയഫാലഭുവി പാകിടും ചില മനോഹര-
സ്വേദപാതമുദിതാളകേ രഥപരാഗപൂരപരിശോഭിതേ
പാതി ചിന്തിന വിലോചനേ വിഹര മന്ദഹാസമയചന്ദ്രികാ-
ശീതളേ തിരുമുഖേ മനോ വിജിതസാരസേ വിജയസാരഥേഃ 4

Digitized By Kerala Sahitya Akademi

തുയ ഘലഞ്കണബിന്ദുസുന്ദരലലാടമജ്ജുനശരോൽക്കരാൽ
പായുമജ്ജുനസുയോധനാദിപരിഭ്രതിജാതഹസിതാംകുരം
സായകം മുതുകിലേല്ലുമാറുഴറി നീയമാനരഥകായമാ–
നായചാരുകബരീഭരം കനിവെടായർനായകമുപാസ്മഹേ. 5

അദ്ധ്മീലിതവിലോചനം വരതുരംഗപൂരഖുരമേറ്റൊരോ
യുദ്ധഭ്രമിയിലുറും നറും പൊടി പൊഴിഞ്ഞുഴിഞ്ഞകബരീഭരം
ഹസ്തപങ്കജലസൽപ്രതോദമധിചിത്തമസ്തു മമ പാർത്ഥസാ–
രഥ്യകേളിലളിതം മനോജ്ഞമൊരുവസ്തു യാദവകുലോത്ഭവം. 6

മൂട്ടമാറു ഭുവനം തുരംഗരജസാ പതംഗജമനോബലം
വാട്ടമാറു ജയമീട്ടമാറു വിജയന്നു വിക്രമപയോനിധേഃ
പേടിപൂണ്ടു പടതോറ്റു മാറ്റലരതീവ നുറ്റവർകളമ്പുമേ–
റ്റോട്ടമാറരിയതേർകിടാകിന പുരാണധാമ കലയാമഹേ. 7

ധാർത്തരാഷ്ട്രമയകാട്ടിലക്സുതസാലമുലഭുവി കത്തുമ–
പ്പാർത്ഥപാവകശിഖാകലാപ... സമീരണധുരന്ധരം
പോർത്തലത്തു കുന്തിരക്കളമ്പു കിളറിപ്പൊടിഞ്ഞപൊടിധൂമ്രമ–
ത്തേർത്തടസ്ഥിതമൊരോത്തിലുള്ള പരമാർത്ഥവസ്തു പരിപാഹി മാം. 8

പീലി ചിന്നി വിരിയുന്ന വേണിയിൽ മറഞ്ഞ കോമളമുഖാബ്ജമാ–
ലോലഹാരനവഹേമസൂത്രവനമാലികാമകരകുണ്ഡലം
ഫാലബാലമതിമേലണിഞ്ഞ കമനീയഘലഞ്കണികാംകുരം
കോലമഞ്ചിതരഥം ഗതം ജയതി ജൈഷ്ണവം കിമപി വൈഷ്ണവം. 9

പാർത്ഥ യാദവകുലേ പിറന്നിനിയ ഗോപസത്മനി വളർന്നൊരോ
മാർത്തതർമുല നുകർന്ന പാൽതയിർ കവർന്ന കൊന്ന നിജമാതുലം
ദൂതനായ് മഹിതപാണ്ഡവപ്പെചിച സുതനായ് കുരുകുലംമുടി–
ച്ചാധി മേദിനിയിൽ മാറ്റി വേടർശരമേറ്റ പോറ്റി പരിപാഹി മാം. 10

ആഴിതന്നിലുരഗേശനായ മണിമെത്തമേലഴകിനോടു ചേ–
ന്നേഴരണ്ടുലകുമൻപിൽ നേത്രമുനകൊണ്ടു കാത്തു കലിതാദരം
ചൂഴയുള്ള മുനിദേവജാതി പുകഴ്ന്നതും പരിചിനോടു കേ–
ട്ടാഴിമാതിനൊടു കൂടിയുള്ള കളികോലുമീശ്വരമുപാസ്മഹേ !!. 11

Digitized By Kerala Sahitya Akademi

മഹാലക്ഷ്മീവികല്പംവിനാ.

കന്മഷം തുടരാത ചാരുകരുണാ—
കല്ലോലമേ! കൈതൊഴാ—
മമ്മേ! പാൽക്കടലിൽപിറന്ന കമല—
ക്കന്യേ! നിനക്കേഷ ഞാൻ;
സന്തോദാൽ മുകിൽവണ്ണരെപ്രതിദിനം
നോക്കും കടാക്ഷങ്ങൾകൊ—
ണ്ടെന്തേലൊന്നഴിയേണമൻപൊട്ട മഹാ
ലക്ഷ്മീ! വികല്പം വിനാ. 1

അംഭോജാക്ഷി! മനോഹരേ! കൊടുമയോ—
ട്ടില്ലെന്നദാരിദ്ര്യമാം
വൻപേറും വെയിലേറുലഞ്ഞു വിവശം
മാഴ്കീടുമസ്മാദൃശാം
നിൻപാദാംബുജകല്പകത്തണലിൽ വ—
ന്നെൻപോറ്റി ചേന്നീടുമാ—
റൻപോടെ കനി കാമസുന്ദരി! മഹാ
ലക്ഷ്മീ!..... 2

ചെന്താർമാനിനി! നീ നുറുങ്ങു വെടികിൽ—
ച്ചൊൽക്കൊണ്ട പത്മാക്ഷനും
സന്താപക്കനലിൽക്കിടന്നെരിപൊരി—
ക്കൊള്ളും കുണക്കെന്നിയേ;
സന്തോഷം മനതാരിൽ മാം പ്രതി നിന—
ക്കുണ്ടാകിലിന്നാഴിമേ—
ലിന്ദ്രൻ ഞാൻ മുനിവൃന്ദവന്ദിതമഹാ—
ലക്ഷ്മീ..... 3

നേരെന്നാത ഗുണാംബുധൌ നിഖിലലോ—
കാനന്ദചൈതന്യര—
ത്നാരിൽച്ചാരുതരം പിറന്ന പുകൾപെ—
റ്റീടും ജഗന്നായികേ!

Digitized By Kerala Sahitya Akademi

നേരൊന്നാഴികമ്പിൽ നിൽത്തിരുമിഴി-
ത്തെല്ലുകൊണ്ടു നിഷ്ഫലവും
ദാരിദ്ര്യോപശമായ സുന്ദരി മഹാ-
ലക്ഷ്മീ..... 4

കായക്ലേശമറിഞ്ഞുകൊടവർ തരും
സമ്പത്തുമെപ്പോഴുമേ
നീയിഞ്ഞനതു നിൻദയാമിഴി നരു-
ണ്ടില്ലായ്കിലാരും തരാ;
ആയുശ്ലേഷമകന്നുപോമളവു വ-
ന്നെന്നെബ്ഭരിച്ചീടുവാൻ
തായത്രേ! നളിനാക്ഷി! സുന്ദരി! മഹാ-
ലക്ഷ്മീ!..... 5

ഉറ്റോരും മരുമക്കളും തനയരും
ചാന്നോർകൾ പെറ്റന്നയും
കുറ്റം കുറുവരത്തമെന്നതു തനി-
ക്കില്ലായ്കിലെല്ലാരുമെ;
മുറ്റീടുന്ന കൃപാനിധേ! പുലരുവാൻ
മറ്റില്ലൊരാലംബനം
മുറ്റും നിൻകൃപയെന്നിയേ മമ മഹാ-
ലക്ഷ്മീ!..... 6

ഇറ്റില്ലും പുകൾപെറ്റ പാൽക്കടലിതം
മേവും കലാനായക-
ക്കീറ്റൊന്നൻപിലുടപ്പിറന്ന,തമൃതം
പിന്നേതു വിണ്ണോർമരം
പോറ്റീ! നിൻപതി വിഷ്ണു പുണ്യവനിതേ!
നിന്നെത്തൊഴും ഞങ്ങളെ-
പ്പോറ്റീടാത്തതു കുറ്റമെന്നറി മഹാ-
ലക്ഷ്മീ..... 7

Digitized By Kerala Sahitya Akademi

അത്യാവേശമിയന്നു നിൻചരണമാം
കേദാരകേ ഭക്തിയാം
വിത്താൽ കോരിവിതച്ചുകൊണ്ടഗതി ഞാൻ
നിത്യം കൃപാംഭോനിധേ!
അർത്ഥിശപ്തുമകൃത്രിമം വിളയുമി-
ക്കാണായ കോപ്പിൽ ദുരാ-
പത്തെപ്പേടുമകന്നുപോമിനി
മഹാ..... 8

അക്ഷീണം തിരുവുള്ളമുള്ളവരെയി-
ന്നേകാധിപത്യം മഹീ-
ചക്രം വാണു സുഖിക്കുമാറു നിതരാം
മേന്മേൽച്ചമച്ചീടിനാൾ
വ്യഗ്രംപൂണ്ടു വിശക്കുമാറിഹ ചമ-
ച്ചാഹന്ത! നമ്മെക്കുറി-
ച്ചുൾക്കാമ്പിൽക്കനിവില്ലയാഞ്ഞിഹ
മഹാ..... 9

എന്നമ്മേ! പുരുഷോത്തമപ്രിയതമേ!
സൌഭാഗ്യസീമേ! മലർ
ക്കന്യേ! കന്മഷനാശിനീ! കമലമൈ-
ക്കണ്ണാർകുലോത്തംസമേ!
ധന്യേ നിൻ നയനാംബുജോത്ഭവകൃപാ-
സ്പന്ദത്തു ധർമ്മാത്മികേ!
തന്നീടൻപൊടെനിക്കു സുന്ദരി! മഹാ-
ലക്ഷ്മീ! വികല്പംവിനാ.'' 10

ഇനി ഒന്നുരണ്ടു ഭാഷഗാനങ്ങൾ താഴ ചേർക്കുന്നു:—

മൂലതത്വം

"ദുഃഖമൊട്ടുകുന്നേ തമ്പുരാനേ—കൃഷ്ണ!
തൃക്കഴൽ ഞാനിതാ കുമ്പിട്ടുന്നേൻ.

Digitized By Kerala Sahitya Akademi

ദുഃഖമെട്ടത്തതിനെന്തേ മൂലം ?—കൃഷ്ണ!
ദുഃഖമെട്ടത്തത് ജന്മമൂലം.
ജന്മമെട്ടത്തതിനെന്തേ മൂലം?—കൃഷ്ണ!
ജന്മമെട്ടത്തത് കർമ്മമൂലം.
കർമ്മമെട്ടത്തതിനെന്തേമൂലം ?—കൃഷ്ണ!
കർമ്മമെട്ടത്തത് രാഗമൂലം.
രാഗമെട്ടത്തതിനെന്തേ മൂലം ?—കൃഷ്ണ!
രാഗമെട്ടത്തത് മാനമൂലം.
മാനമെട്ടത്തതിനെന്തേ മൂലം ?—കൃഷ്ണ!
തന്നെനിനയാത്ത മാനമൂലം.
തന്നെനിനയാത്താനെന്തേ മൂലം ?—കൃഷ്ണ!
അജ്ഞാനമൊന്നവിവേകമൂലം.
അജ്ഞാനംപോവതിനെന്തുചെയ്യും?—കൃഷ്ണ!
അജ്ഞാനം പോവത് ജ്ഞാനംകൊണ്ട.
ജ്ഞാനമുണ്ടാവതിനെന്തുചെയ്‌വൂ ?—കൃഷ്ണ!
ജ്ഞാനമുണ്ടാവത് ഭക്തികൊണ്ട.
ഭക്തിയുണ്ടാവതിനെന്തുചെയ്‌വൂ ?—കൃഷ്ണ!
ഭക്തിയുണ്ടാവൂ വിരക്തികൊണ്ട.
സക്തിപോയീടുവാനെന്തു ചെയ്‌വൂ ?—കൃഷ്ണ!
ചിത്തത്തിൽ നല്ലൊരു ശുദ്ധികൊണ്ട.
ചിത്തശുദ്ധിക്കു ഞാനെന്തു ചെയ്‌വൂ ?—കൃഷ്ണ!
നല്ലവഴിക്കുള്ള ശ്രദ്ധചെയ്‌വൂ.
ശ്രദ്ധയുണ്ടാവതിനെന്തു ചെയ്‌വൂ ?—കൃഷ്ണ!
പുണ്യകഥകളെ കേട്ടകൊൾവൂ.
സൽക്കഥകേൾപ്പതിനെന്തു ചെയ്‌വൂ ?—കൃഷ്ണ!
സജ്ജനസംഗതി ചെയ്തുകൊൾവൂ.
സജ്ജനസംഗതിക്കെന്തുചെയ്‌വൂ ?—കൃഷ്ണ!
വാമപുരേശനെസ്സേവചെയ്‌വൂ.
വാമഗേഹാധിപ! വാസുദേവ!—കൃഷ്ണ!
ബാലഗോപാലക! പാലയമാം".

Digitized By Kerala Sahitya Akademi

ആനന്ദനൃത്തം

"അമ്പാടിതന്നിലൊരുണ്ണിയുണ്ടങ്ങനെ;
ഉണ്ണിക്കൊരുണ്ണിക്കുഴലുമുണ്ടങ്ങനെ;
ഉണ്ണിക്കുപേരുണ്ണിക്കൃഷ്ണനെന്നങ്ങനെ;
ഉണ്ണിവയറ്റത്തു ചേറുമുണ്ടെങ്ങനെ;
ഉണ്ണിക്കൈരണ്ടിലും വെണ്ണയുണ്ടങ്ങനെ;
ഉണ്ണിക്കാൽകൊണ്ടൊരു നൃത്തമുണ്ടങ്ങനെ;
ഉണ്ണിത്തളകൾ ചിലമ്പുമുണ്ടങ്ങനെ;
ഉണ്ണിക്കാൽരണ്ടും തുടുതുടയങ്ങനെ;
ഉണ്ണിയരയിലെക്കിങ്കിണിയങ്ങനെ;
ചങ്ങാതിയായിട്ടൊരേട്ടനുണ്ടങ്ങനെ;
ചങ്ങാതിമാരായ പിള്ളരുണ്ടങ്ങനെ;
ശങ്കരൻകൂടെപ്പുകഴ്ത്തുന്നതങ്ങനെ;
വൃന്ദാവനത്തിലൊരാഘോഷമങ്ങനെ;
ദുഷ്ടരെക്കൊല്ലുന്ന കുത്തുകളങ്ങനെ;
രാസക്കളിക്കുള്ള കോപ്പുകളങ്ങനെ;
പീലിത്തിരുമുടി കെട്ടിക്കൊണ്ടങ്ങനെ;
പിച്ചകമാലകൾ ചാർത്തിക്കൊണ്ടങ്ങനെ;
പേർത്തുമോടക്കുഴൽ മിന്നുമാറങ്ങനെ;
ഓമനയായ തിരുനെറ്റിയങ്ങനെ;
തൃമയിൽ നല്ല കുറികളുമങ്ങനെ;
ചിന്തുമയക്കും പുരികങ്ങളങ്ങനെ;
അഞ്ജനക്കണ്ണുമാനാസയുമങ്ങനെ;
ചെന്തൊണ്ടിവായ്മലർ ദന്തങ്ങളങ്ങനെ;
കൊഞ്ചൽതുളുമ്പും കുവിളിനയങ്ങനെ!
കുണ്ഡലംമെല്ലെയിളകുമാറങ്ങനെ;
രത്നക്കുഴലുംവിളിച്ചുകൊണ്ടങ്ങനെ;
കണ്ണെവിലസുന്ന കൌതുഭമങ്ങനെ;
വിസ്തൃതമാം തിരുമാറിടമങ്ങനെ;
ഓടക്കുഴൽവിളിപൊങ്ങുമാറങ്ങനെ;
പേടമാൻകണ്ണിമാരോടുമാറങ്ങനെ;

Digitized By Kerala Sahitya Akademi

കോടക്കാർവണ്ണ്ടന്റെയീട്ടകളങ്ങനെ;
കൂടിക്കളിച്ചപ്പോൾ മൂഢതയങ്ങനെ;
പിഡിച്ചു പിന്നെത്തിരയുമാറങ്ങനെ;
പേടിച്ചു പിന്നെ മയങ്ങുമാറങ്ങനെ;
ഗോപികമാരുടെ ഗീതങ്ങളങ്ങനെ;
ഗോപാലകൃഷ്ണന്റെ കാരുണ്യമങ്ങനെ;
ആനന്ദകൃഷ്ണനെക്കാണുമാറങ്ങനെ;
മോഹനമൂർത്തിയെക്കാണുമാറങ്ങനെ;
കണ്ടുകണ്ടുള്ളം തെളിയുമാറങ്ങനെ;
കൊണ്ടൽനേർവണ്ണ്ടന്റെ ലീലകളങ്ങനെ;
വട്ടക്കളിക്കു തുനിയുമാറങ്ങനെ;
വട്ടത്തിൽനിന്നു ശ്രുതിപിടിച്ചങ്ങനെ;
സൂത്രവും ചോട്ടും പിഴയാതെയങ്ങനെ;
നേത്രങ്ങൾകൊണ്ടുള്ളഭിനയമങ്ങനെ;
കണ്ണിന്നുകൌതുകം തോന്നുമാറങ്ങനെ;
കണ്ണന്റെ പൂമെയ്യിടയിടയങ്ങനെ;
തിത്തിത്തയെന്നുള്ള നൃത്തങ്ങളങ്ങനെ;
തൃക്കാൽച്ചിലമ്പൊലിയൊച്ചപൂണ്ടങ്ങനെ;
മഞ്ഞപ്പൂവാടഞൊറിവിറച്ചങ്ങനെ;
കിൽകിലയെന്നരഞ്ഞാണങ്ങളങ്ങനെ;
മുത്തണിമാലകളാട്ടമാറങ്ങനെ;
തൃക്കൈകൾരണ്ടുമഭിനയിച്ചങ്ങനെ;
ഓമൽതിരുമെയ്യുലയുമാറങ്ങനെ;
കുണ്ഡലമാട്ടം കവിൾത്തടമങ്ങനെ;
തുമധുവോലുന്ന വായ്ത്താളമങ്ങനെ;
തുവിയപ്പോലൊരു നാസികയങ്ങനെ;
മാണിക്കക്കണ്ണു മഴറ്റിക്കൊണ്ടങ്ങനെ;
മുത്തുക്കുലകളുതിരുമാറങ്ങനെ;
പീലിത്തിരുമുടി കെട്ടഴിഞ്ഞങ്ങനെ:
പിച്ചകത്തുമലർ തുകുമാറങ്ങനെ;
കേളികൾതുകുന്ന പൂമഴയങ്ങനെ,

Digitized By Kerala Sahitya Akademi

ദേവകൾരാക്കും പെരുമ്പറയങ്ങനെ;
കിങ്ങിണിയൊച്ചയും താളത്തിലങ്ങനെ;
ചങ്ങാതിമാരുടെ പാട്ടുകളങ്ങനെ;
ആശകളൊക്കെ വിളങ്ങുമാറങ്ങനെ;
ആകാശമാർഗ്ഗേ വിമാനങ്ങളങ്ങനെ;
ചന്ദ്രനുമുച്ചയായ്നില്പുമാറങ്ങനെ;
ഇന്ദ്രനും തന്നെ മറക്കുമാറങ്ങനെ;
ലോകങ്ങളൊക്കെ മയങ്ങുമാറങ്ങനെ;
ലോകൈകനാഥന്റെ ഗീതങ്ങളങ്ങനെ;
ആനന്ദസുന്ദരം ജയിക്കുമാറങ്ങനെ;
വാമപുരേശ്വരൻ വാഴ്കയെന്നങ്ങനെ;
തത്സ്വരൂപം മമ തോന്നുമാറങ്ങനെ;
തൽപാദയുഗ്മേ നമസ്കരിച്ചീടിനേൻ. ''

സംസ്കൃതത്തിൽ രണ്ടു കീർത്തനങ്ങൾ താഴെ ചേർത്തുകൊള്ളുന്നു.

I

'' കഞ്ജവിലോചന! കമനീയാനന!
കന്മഷനാശന! ശൌരേ!
കാളിയമദമന! കളായമനോഹര
കലിമലനിരസന! ശൌരേ!
കിങ്കിണിനൂപുരകങ്കണഭൂഷണ!
രിംഖണശീല! മുരാരേ!
കീർത്തിവിധാനവിശോധിതഭുവന! വി–
രക്തിവിധായക! ശൌരേ!
കുവലയദളകുളകോമളതരരുചി–
മേളിതഭുവന! മുരാരേ!
കൂജിതകുളമുരളീരവമോഹിത–
നഗമൃഗഖഗകുല! ശൌരേ!
കൃഷ്ണ! കൃപാലയ! കൃപണജനാശ്രയ!
ഖലജനദഹന! മുരാരേ!
ക്ഷ്ണപ്പുവിലാസവിശേഷവിനിർമ്മിത–

Digitized By Kerala Sahitya Akademi

കൃത്രിമഗോവൃഷ! ശൌരേ!
കേശിനിഷൂദന! കേശവ! മുരഹര!
കേളിവിമോഹന! ശൌരേ!
കൈതവഹൃതനവനീത! ജനാർദ്ദന!
കൈവല്യപ്രദ!ശൌരേ!
കോമളകുവലയനിലകളേബര!
കോകിലഭാഷണ!ശൌരേ!
കൌതുകവിരചിതഗോപവിഡംബന!
കൈതവശീല!മുരാരേ!
കംബുഗദാധര!കാമഫലപ്രദ!
കമ്രമുഖാംബുജ!ശൌരേ!
കഷ്ശൈഭയഹര! ദുഷ്കൃതനാശന!
ഗർഗ്ഗപുരോഹിത!ശൌരേ!
മാധവ!മാധവ!മദനമനോഹര!
വാമപുരേശ്വര!ശൌരേ! "

II

" പത്മനാഭ! പരാപരേശ്വര!
പങ്കജാക്ഷ! നമോസ്തുതേ!
പശ്ചുപയുവതിഭിരമിതവിഹൃതിഭി–
രച്ചിതായ നമോസ്തുതേ.
വാസുദേവ! നമോസ്തുതേ വാമനിലയപതേ!
പാവനായ പരാത്മനേ പുരു–
ഷോത്തമായ നമോസ്തുതേ;
പാപഹര ജയ പരമകരുണ!പു–
രാണപുരുഷ! നമോസ്തുതേ. വാസു
പിഞ്ഛെരികാവലയോല്ലസന്മണി–
കന്ധരായ നമോസ്തുതേ;
വിഹൃതിരത്നഗതയുവതിശതജന–
മദനമദന! നമോസ്തുതേ. വാസു
പീതമേ മനോജ്ഞകാന്തിഭി–

Digitized By Kerala Sahitya Akademi

രഞ്ജിതായ നമോസ്തുതേ;
വിവിധമണിഗണരുചിഭിരരുണിത–
ബാഹുദണ്ഡിനമോസ്തുതേ. വാസു
പുണ്ഡരീകവിലോചനായ പു–
രാതനായ നമോസ്തുതേ;
പുരടമണിമയമഹിത കടിഗ്രണ–
കടകമകുടിനമോസ്തുതേ " വാസു

ഇത്യാദി.

ഇനി നമ്പൂരിയുടെ ഒന്നു രണ്ടു തമിഴപാട്ടുകൾ എടുത്തു കാണിക്കാം. അവ വേദാന്തമയമാണു്. വേദാന്തപ്രതിപാദകങ്ങളായ തമിഴ് ഗ്രന്ഥങ്ങളുടെ പരിശീലനത്തിൽ നിന്നായിരിക്കണം നമ്പൂരിക്കു് ആ ഭാഷയിൽ ജ്ഞാനം സിദ്ധിച്ചതു്.

1

" ആദിയിലെ അദ്വിതീയമാനതൊരു ചിത്തിരുന്തു;
വാദമുള്ള വാദികൾക്കു വാദമറ്റ ചിത്തിരുന്തു;
ജ്ഞാനമുള്ള ജ്ഞാനികൾക്കു ജ്ഞാനമറ്റ ചിത്തിരുന്തു;
കർമ്മമുള്ള കർമ്മികൾക്കു കർമ്മമറ്റ ചിത്തിരുന്തു;
മോഹമുള്ള മോഹികൾക്കു മോഹമറ്റ ചിത്തിരുന്തു;
ദേഹമുള്ള ദേഹികൾക്കു ദേഹമറ്റ ചിത്തിരുന്തു;
കാരിയവും കാരണവും ഏകമായ ചിത്തിരുന്തു;
കാലപരം വ്യോമപരം ബ്രഹ്മപരം ചിത്തിരുന്തു;
സത്തുചിത്താനന്ദമെന്നു ചാത്തിരങ്കളോതി നിന്തു;
അദ്വിതീയചിത്തിൽ നിന്റു മൂലശക്തി താനുണർന്തു;
മുക്കുണമാം പ്രകൃതി രണ്ടു ശക്തികളായ് പിരിഞ്ചിരുന്തു;
വിക്ഷേപാവരണങ്കളെന്റു ഉത്തമന്മാർ ചൊല്ലിടിന്തു;
വിക്ഷേപശക്തിയിലേ തത്തുവങ്കൾ വന്തുണർന്തു;
തത്തുവങ്കളിരുപത്തുനാലുമപ്പൊൾ വന്തെഴുന്തു;
ചിത്തുമറ്റാവരണശക്തിയപ്പോൾ മറഞ്ചിരുന്തു;
ബുദ്ധിചിത്തമാദിയന്തഃകരണങ്കളും വന്തുണർന്തു;

Digitized By Kerala Sahitya Akademi

രജ്ജുവിലേ പന്നഗം പോൽ മിഥ്യയെന്നോ ചാത്തിരങ്കൾ?
ശുക്തിയിലേ രജതംപോൽ വിശ്വമെന്നോ ചാത്തിരങ്കൾ?
ദർപ്പണത്തിൽപ്രതിമുഖംപോൽ വിശ്വമെന്നോ ചാത്തിരങ്കൾ?
അഭ്രവർണ്ണമെന്നപോലേ വിശ്വമെന്നോ ചാത്തിരങ്കൾ?

* * * * * *

വാസുദേവ വാസുദേവ വാസുദേവ വാസുദേവ!
വാമപുരാധീശ ജഗന്നാഥ വിഭോ വാസുദേവ!

2

മത്സ്യജന്മമെടുത്തയ്യോ! തളർന്തേനേ—സ്വാമി
മത്സ്യവേഷം തരിത്തോനേ വാസുദേവ!
നാമരൂപങ്കളൈപ്പാർത്ത മകിഴ്ന്തേനേ—സ്വാമി
കൂർമ്മരൂപം തരിത്തോനേ.....
സാഗരത്തിൻനടുവിലെ മറിന്തേനെ—സ്വാമി
സൂകരമായുദിത്തോനേ.....
ദേഹമോഹമതിനാലെയുഴന്തേനേ—സ്വാമി
സിംഹരൂപം തരിത്തോനേ!.....
കാമിനിയാലാത്മതത്വം മറന്തേനേ—സ്വാമി
വാമനനായ്പിറന്തോനേ.....
സർവവും നിൻകൃപയാലേ വരവേണം—സ്വാമി
വാമപുരംവിളങ്കീടും വാസുദേവ! ഇത്യാദി.

1089 കുംഭം മീനം ഭാഷാപോഷിണി.

Digitized By Kerala Sahitya Akademi

11. ഉണ്ണായിവാരിയർ

സുപ്രസിദ്ധമായ നളചരിതം നാലുദിവസത്തെ കഥകളിപ്പാട്ടിന്റെ നിർമ്മാതാവായ മഹാകവി ഉണ്ണായിവാരിയരുടെ, അത്രമാത്രംതന്നെ പ്രസിദ്ധിസിദ്ധിച്ചിട്ടില്ലാത്തതും എന്നാൽ അതു സിദ്ധിക്കുവാൻ സർവഥാ അർഹതയുള്ളതുമായ, ഒരു വിശിഷ്ടകൃതിയാകുന്നു ഗിരിജാകല്യാണം ഗീതപ്രബന്ധം. ഈ കൃതി ആദ്യമായി ക്രി. പി. 1879-ൽ "പാർവതീസ്വയംവരം അല്ലെങ്കിൽ ഗിരിജാകല്യാണം" എന്ന പേരിൽ കൊച്ചിയിൽ സെന്റതോമസ്സ് അച്ചുക്കൂടത്തിൽനിന്നു പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സ്വലിതദുഷ്ടമായ ആ പതിപ്പിനെപ്പറ്റി ഗോവിന്ദപ്പിള്ള സർവാധികാര്യക്കാർ അവർകൾ കൊല്ലം 1064-ൽ പരിഷ്കരിച്ചു പ്രസിദ്ധപ്പെടുത്തിയ മലയാളഭാഷാചരിത്രം രണ്ടാം ഭാഗത്തിൽ ഒന്നുംതന്നെ പ്രസ്താവിച്ചുകാണാത്ത സ്ഥിതിക്കു് അതു് അദ്ദേഹത്തിനു ദൃഷ്ടിഗോചരമായിരുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മലയാളസാഹിത്യചരിത്രസംഗ്രഹം എന്നു പുസ്തകം 1097-ൽ പ്രസിദ്ധപ്പെടുത്തിയ ശ്രീമാൻ പി. ശങ്കരൻനമ്പ്യാർ എം. എ. ഗിരിജാകല്യാണത്തെ "കിളി (ഹംസ) പ്പാട്ടു് എന്നു നിർവചിക്കുന്നതിൽനിന്നു് അക്കാലത്തു് അദ്ദേഹത്തിനു് ആ ഗ്രന്ഥത്തെപ്പറ്റി കേട്ടുകേൾവിയില്ലാതെ മറ്ററിവുണ്ടായിരുന്നതായി വിചാരിക്കുവാൻ ന്യായം കാണുന്നില്ല. ഗിരിജാകല്യാണം ഒരു കിളിപ്പാട്ടോ ഹംസപ്പാട്ടോ അല്ലെന്നും കവി സ്വയമേവ കഥ പറഞ്ഞുകൊണ്ടുപോകുന്നതും അദ്ദേഹം പ്രബന്ധമെന്നു നാമകരണംചെയ്തിട്ടുള്ളതുമായ ഒരു ഗാനമാണെന്നും പറയേണ്ടതില്ലല്ലോ. സെന്റതോമസ്സ് അച്ചുക്കൂടക്കാരുടെ ആ പഴയ പതിപ്പു് ഞാൻ ബാല്യത്തിൽ എവിടെവച്ചോ വായിച്ച ഒരോർമ്മ അവ്വിസ്മൃതിയിൽ ആണ്ടുകിടന്നിരുന്നതിനാൽ വത്തമാനപ്പത്രംവഴി അതിനെപ്പറ്റി തിരക്കുകയും അതിന്റെ ഫലമായി മാന്നാറ്റു കുട്ടംപേരൂർ ശ്രീവിദ്യാപ്രകാശിനീ സംസ്കൃതപാഠശാലയിൽ ഒരദ്ധ്യാപകനായ എന്റെ സ്നേഹിതൻ ശ്രീമാൻ വി. ജി. കൊച്ചുകൃഷ്ണനാശാന്റെ കൈവശമുണ്ടായിരുന്ന അതിന്റെ ഒരു പ്രതി എനിക്കു കിട്ടുവാൻ ഇടവരികയും ചെയ്തു. എന്റെ പതിപ്പിന്റെ അച്ചടി കഴിഞ്ഞതിനുമേലാണു് എനിക്കു് ആ പഴയ പതിപ്പു് പരിശോധിക്കുവാൻ സംഗതിവന്നതു്. എങ്കിലും ഒരൊറ്റ ഗ്രന്ഥത്തെമാത്രം ആശ്രയിച്ചുള്ള ആരുംതന്നെ പരിശോധിക്കാത്തതുമായ ആ പുസ്തകം മുൻകൂട്ടി ലഭിക്കാത്തതു് ഒരു നഷ്ടമാ

Digitized By Kerala Sahitya Akademi

യി തോന്നിയില്ല. ഗിരിജാകല്യാണത്തിന്റെ പ്രഥമകാണ്ഡം (ഖണ്ഡമെന്നും ചില ഗ്രന്ഥങ്ങളിൽ കാണുന്നു) പ്രശസ്ത പണ്ഡിതനായ എന്റെ സ്നേഹിതൻ ശ്രീമാൻ പി. കെ. നാരായണപിള്ളയുടെ ഒരു ചെറിയ ടിപ്പിണിയോടുകൂടി ചേത്തല ദിവാൻ ബഹദൂർ കൃഷ്ണൻനായർവായനശാലയുടെ ഭാരവാഹികൾ 1090-ൽ അച്ചടിപ്പിക്കയുണ്ടായി. എന്റെ പതിപ്പിനു ഞാൻ ഉദയമ്പേരൂർ മംഗലശ്ശേരി ഇല്ലത്തു ശ്രീമാൻ ശൂവരൻകണ്ടൻനമ്പൂരിയുടെ പക്കൽനിന്നും മറ്റും മഹാമഹോപാദ്ധ്യായൻ ഗണപതിശാസ്ത്രി അവർകൾ സമ്പാദിച്ച രണ്ടും, കള്ളർകോട്ട കിഴക്കേടത്തു ശ്രീമാൻ ചന്ദ്രശേഖരവാരിയരുടെ ഗ്രന്ഥശാലയിൽനിന്നു പണ്ഡിതർ വടക്കുംകൂർ രാജരാജവർമ്മരാജാവു കൊണ്ടുവന്ന ഒന്നും, ഇങ്ങനെ മൂന്നു ഗ്രന്ഥങ്ങളെയാണു് അവലംബിച്ചിരിക്കുന്നതു്. ഗണപതിശാസ്ത്രികൾ സമ്പാദിച്ചതിൽ ഒരു ഗ്രന്ഥം

"കോപ്പതെല്ലാം കണ്ട താൽപരിയംപൂണ്ട
ക്ലുപ്പിടാതേ നിന്ന ഗീഷ്പതി ചൊല്ലിനാൻ".

എന്ന ഭാഗത്തിൽ അവസാനിക്കുന്നു. മറ്റു രണ്ടു ഗ്രന്ഥങ്ങളും സമഗ്രങ്ങൾതന്നെ. കാവ്യത്തിന്റെ നൈസർഗ്ഗികമായ കാഠിന്യം ഈ ഗ്രന്ഥങ്ങളിലെ സ്ഖലിതപരമ്പരയുമായി യോജിക്കുകനിമിത്തം എന്റെ മനസ്സിനു നിർദ്ദോഷമെന്നു തോന്നിയ ഒരു പാഠം ഒന്നിലധികം ഘട്ടങ്ങളിൽ എനിക്കു കണ്ടുപിടിക്കുവാൻ ഒട്ടുവളരെ പണിപ്പെടേണ്ടിവന്നിട്ടുണ്ടു്.

ഉണ്ണായിവാരിയരുടെ കാലത്തെയും കവിതകളേയും പറ്റി അനേകം അന്വേഷണങ്ങൾ നടത്തിയതിന്റെ ഫലമായി ഇതുവരെ കേരളീയരുടെ അറിവിൽ പെട്ടിട്ടില്ലാത്ത ഏതാനും ചില വിവരങ്ങൾ എനിക്കു് ലഭിക്കുവാൻ ഇടവന്നു. അവയെ ഈ അവസരത്തിൽ ഭാഷാഭിമാനികളെഗ്രഹിപ്പിക്കുന്നതിനു് എനിക്കു് പ്രത്യേകം സന്തോഷമുണ്ടു്. ഈ വിഷയത്തിൽ എനിക്കു് അമൂല്യമായ പല സഹായവും ചെയ്തതന്നിട്ടുള്ള എന്റെ സ്നേഹിതൻ 'കേരളപുത്രാ'ദി ഗ്രന്ഥകർത്താവായ ശ്രീമാൻ അമ്പാടി നാരായണപ്പൊതുവാളുടെ പേരിൽ എനിക്കുള്ള കൃതജ്ഞത വാക്കുകളാൽ പരിച്ഛേദിക്കാവുന്നതല്ല.

കൊച്ചിശ്ശീമയിൽ പ്രസിദ്ധവും പാവനവും ആയ ഇരിങ്ങാലക്കൂടകൂടൽമാണിക്യം ക്ഷേത്രത്തിന്റെ തെക്കേഗോപുരത്തോടു് അടുത്തുകിടക്കുന്ന "അകത്തൂട്ടു"വാരിയത്തിലാണു് നമ്മുടെ മഹാകവി ജനിച്ചതു്. അകത്തൂട്ടുവാരിയന്മാർക്കു പണ്ടേയ്ക്കുപണ്ടേ കൂടൽമാണിക്യക്ഷേത്രത്തിൽ കഴകമുണ്ടു്. ഉണ്ണായിവാരിയരുടെ സാക്ഷാൽ നാമധേയം രാമൻ എന്നാ

Digitized By Kerala Sahitya Akademi

യിരുന്നു. രാമൻ "ഉണ്ണിരാമ"നായും ഉണ്ണിരാമൻ (ഉണിരാമവാരിയർ = ഉൺരാമവാരിയർ = ഉൺരായിവാരിയർ = ഉണ്ണായിവാരിയർ) ഉണ്ണായി ആയും പരിണമിച്ചാണു് രാമവാരിയർ ഉണ്ണായിവാരിയരായി തീർന്നതു്. സ്വന്തം അമ്മാമൻതന്നെയായിരുന്ന വാരിയരുടെ ഗുരുനാഥൻ. ബാല്യത്തിൽ ഒരിക്കൽ അമ്പലത്തിലെ കഴകപ്രവൃത്തിക്കു് എന്തോ വീഴ്ചവരുത്തുകയാൽ മാതുലനു മരുമകനെ ശാസിക്കേണ്ടിവന്നു. അപ്പോൾ ഉണ്ണായിവാരിയരുടെ മുഖത്തിൽനിന്നു നിഗ്ഗമിച്ച ഒരു ദ്രുതകവനമാണു താഴെ കാണുന്ന ഭാഷാശ്ലോകം.

"താഡിക്കേണ്ടെന്നു ചൊല്ലിക്കൊടിയ തടിയുമായ്
പ്രാണനിഗ്ഗ്രാണകാല-
ത്തോടിച്ചാടിക്കുതാറുത്തടിയനടിയനെ-
പ്പേടികാട്ടും ദശായാം
കോടക്കാർമേഘവർണ്ണം തഴകിയ വനമാ-
ലാദിഭ്രഷാഞ്ചിതം തേ
കൂടക്കൊണായ്വരേണം തിരുവുടലകമേ
കൂടൽമാണിക്യമേ! മേ."

"താഡിക്കേണ്ടു"" എന്നുവച്ചാൽ "താഡിക്കുന്നുണ്ടു"" എന്നാണത്രാ. ഇതുകൂടാതെ വാരിയരുടെ വകയായി ഒരു ഭാഷാശ്ലോകംകൂടി കേട്ടിട്ടുള്ളതു താഴെ ഉദ്ധരിക്കാം.

"നില്ലപ്പാ! നിലനില്ലു പേത്തുമിവിടെ-
ത്തന്നേ മലർക്കന്യയാം
വല്ലിക്കെട്ടമണിഞ്ഞു മൂന്നുലകിലും
വിസ്താഗ്ര പത്രാവലീം
തെല്ലുൾച്ചേന്ന കുലീപിനീപരിസരേ
നില്ക്കുന്ന കല്പദ്രുമം
ചൊല്ലിക്കൊണ്ടതു നൽകും; എന്തിനു മന-
ക്കാമ്പേ! മഹീചംക്രമം ?

"കുലീപിനി" ഇരിങ്ങാലക്കുട ക്ഷേത്രക്കുളത്തിന്റെ പേരാണത്രേ.

വാരിയരുടെ കവിതകളിൽ സർവത്രാ പ്രാധാന്യം വഹിക്കുന്നതു "രാമപഞ്ചശതീസ്തോത്രം" എന്ന സംസ്കൃതകാവ്യമാണു്. അതു മഹാ

Digitized By Kerala Sahitya Akademi

കവി മേൽപ്പുത്തൂർ നാരായണഭട്ടതിരിയുടെ ഗുരുവായുപുരേശസ്തവമായ "നാരായണീയ"ത്തെ അനുകരിച്ചു നിർമ്മിച്ചിട്ടുള്ളതും അൻപതു ദശകങ്ങളിലായി അഞ്ഞൂറിൽപരം ശ്ലോകങ്ങൾ അടങ്ങിയതുമായ ഒരു സാരസ്വതപ്രവാഹമാകുന്നു. രാമായണമാണ് കാവ്യത്തിലെ പ്രതിപാദ്യവിഷയം; രാമനാണ് കാവ്യകർത്താവു്. അതിനാൽ ഭട്ടതിരിയുടെ കാവ്യം എങ്ങനെ "ദ്വേധാ നാരായണീയ" മോ അതുപോലെ വാര്യരുടെ കാവ്യവും "ദ്വേധാ രാമപഞ്ചശതീസ്തോത്രം"തന്നെ. പരിണതപ്രജ്ഞനും ഭാവനാകുശലനും ആയ വാരിയർ ഈ കാവ്യത്തിൽ ശബ്ദവിഷയകമായി, പ്രസാദംകൊണ്ടല്ലെങ്കിലും പ്രൌഢതകൊണ്ടു, ഭട്ടതിരിയെക്കൂടി തലകുനിപ്പിക്കുന്നില്ലയോ എന്നു തോന്നിപ്പോകുന്നു. ഉദാഹരണത്തിനായ് ആദ്യത്തെ ദശകം ഉദ്ധരിക്കാം.

"ആനന്ദോദയഹേതുരിന്ദുദ്വഷദാ-
മിന്ദുർമ്മുനീനാം ധിയാ–
മാവ്വന്താരകമാപിപീലികമിഹ
സ്രക്സൂത്രനീത്യാ സ്ഥിതഃ
ശ്രീവത്സാദ്ഭുതകൌസ്തുഭോജ്ജ്വലവപുഃ
ശ്രീവാസുദേവസ്സ്വയം
ശ്രീമൽസംഗമമന്ദിരേ വിഹരതേ
ശ്രേയഃപ്രദായീ നുണാം.

ശൃണ്വൻ യദ്ഗുണമുദ്ഗുണൻ യതമനാ
യം ചിന്തയൻ സന്തതം
തന്വന്നർച്ചനവന്ദനേ ഭജതി യോ
യസ്യൈവ ദാസ്യം ഗതഃ
ധന്യാസൌ മനുജഃ കദാപി ന പുനഃ
സ്തന്യം ജനന്യാഃ പിബേൽ;
തം നാഥം ജഗതാം നമാമി ശിരസാ
ശ്രീസംഗമേശം ഹരിം.

മഞ്ജുസ്വർണ്ണകിരീടമഞ്ജനശിലാ–
ഭാളീകചഞ്ചൽകചം
കിഞ്ജല്കോപമചില്ലിവല്ലിവലനൈ–
വ്യഞ്ജൽപ്രപഞ്ചസ്ഥിതിം

Digitized By Kerala Sahitya Akademi

കഞ്ജാന്തർദളനേത്രമുന്നസമഭി-
ന്യഞ്ചന്മണീകുണ്ഡലം
സഞ്ജല്പാമൃതഫേനപുഞ്ജഹസിതം
സഞ്ചിന്തയേ തേ മുഖം.

കണ്ഠാലങ്കൃതകൌസ്തുഭം കരലസൽ-
കൌമോദകീകംബുരാൾ-
കണ്ഠാരാതിസുദർശനാക്ഷഗ്രഡികം
ശ്രീവത്സലക്ഷ്മാങ്കിതം
നിക്ഷിപ്തത്രിജഗൽക്രശോദരലസ-
ന്നാഭിസ്ഥനാളീകജ-
ന്യക്ഷോദിരിതവേദമാനദത്ര മേ
ഖേദം തവേദം വപുഃ.

പ്രീതം ഗാഢനിവീതപീതവസന-
വ്യാസംഗികാഞ്ചീകലം-
ബാദീപ്ര്യാപ്രപദിനന്നിവിനിഭൃതം
പീനോരുമാരാദ്ധ്യ്നമഃ
ആസീദൽസനകാദ്ഭുതം പദയുഗോ-
പാസീനധാത്രീരമാ-
ദാസീചാരിതചാമരം വയമിമേ
ത്വാം സംഗമാധീശ്വര!

പൂർവം പുഷ്കരവിഷ്ടരഃ പുനരഹോ
വിഷ്ണുഃ പുനാതുത്ര ഇ-
ത്യേവം ധുർവഹതാം പൃഥഗ്വഹസി കിം
സർഗസ്ഥിതിദ്ധ്വംസനേ ?
സൃഷ്ടം രക്ഷസി രക്ഷ! രക്ഷിതമലം
സംഹൃത്യ: കൃത്യാദിതോ
ദൃഷ്ടാത്തിഷ്ഠ വിരമ്യ: സമ്യഗിതി കിം
പിത്രാസി വിത്രാസിതഃ?

ന്യസ്തം ചേതസി യദ്യദദ്യ യതിതം
നിസ്തന്ദ്രചിത്തൈർന്നഭി-

Digitized By Kerala Sahitya Akademi

സ്ഥത്തൽ സ്വയ്തഫവ സുപ്തബുധിതെ–
ദ്ദത്തം തവയേതൈഹികം;
വിത്തം വസ്ത്വമപത്യമിത്രദയിതാ-
ഭൃത്യാദി വാ ഭക്തയേ
പ്രത്തം ഭക്തജനായ തത്തദവിതം
യത്തോ f സി തത്തോഷിതഃ.

ഏനഃപുണ്യപരംപരാമിഹ ജനൌ
ജാനാതി മർത്യോ ന താം
പൌനഃപുന്യചിതാം പുരാതനജനൌ
സേവനാതിയത്നേന യഃ
പ്രീണാതി ശ്രവണത്വഗക്ഷിരസന–
ഘ്രാണാനി യേനാനിശം
പ്രാണാതിപ്രണയാവശേ ബത പശൌ
ദേയേ ദയാർദ്രേ ദൃശൌ.

ആയുരത്തമയോഘലനോസ്ത്യപഘലനോ
രായോംബുധാരാസമാ–
ജായാപുത്രമുഖാ ജനാശ്ച ബഹവ–
സ്സന്ത്യന്തികേ യദ്യപി
മായുരച്ഛദവൽ തഥാപി മമഭ്ര–
ന്നാലിന്യമന്യത്ര മാ;
പീയുഷപ്രഹിതം ബിഭ്രഷ്വ നയനേ
സ്ഥീതാനുകമ്പാഘലനേ.

ഹീനപ്രായമവൈരിതോ f ന്യദഫലം
ജാനദ്ഭിരേവാഖിലം
ധ്യാനപ്രാഘ്നണികീകൃതം യദതസീ-
സൂനപ്രഭം യോഗിഭിഃ
ഏനഃപാവനതാസുധാകൃതശശഭൃൽ-
ഭാനുപ്രകാശാംശ്രുസ–
ഹ്യാനല്പാമൃതമീക്ഷിതം തവ വപുഃ
പ്രാണപ്രയാണേ വൃണേ. ''

Digitized By Kerala Sahitya Akademi

ആരണ്യകാണ്ഡത്തിൽനിന്നു് ഒരു പദ്യം താഴെ ചേർത്തുകൊള്ളുന്നു.

" നിരവണ്ണ്യയൽ സ വരവണ്ണ്യിനീമുഖം
മതിനിണ്ണ്യയായ യതിവണ്ണ്യയാ ദൃശാ
സമവണ്ണ്യയച്ചരണചണ്ഡതാം തവ
സ്വരവണ്ണ്യശ്രുദ്ധപദഷണ്ഡയാ ഗീരാ. "

താഴേകാണുന്നതു സുന്ദരകാണ്ഡത്തിലേ ഒരു പദ്യമാണു്.

" സൌധേ ഹർമ്മ്യേ സഞ്ജീവനേ ചാപ്യവരോധേ
സീതാദേവീമേഷ വിചിനുന്നവലോക്യ
കങ്കേളീനാം കല്പതരുണാം വിപിനേ ƒ സൌ
ക്ലാന്തോ മദ്ധ്യേശിംശപമാസ്ത ക്ഷണമാത്രം. "

യുദ്ധകാണ്ഡത്തിൽനിന്നു് ഒരു ശ്ലോകംകൂടി ഉദ്ധരിക്കാം.

തദ്ബാണേഭ്യസ്സുബഹ്വ്യക്തചരിതമവരജം
ബോധയൻ കുംഭകർണ്ണം
തദ്ബാഹുച്ഛായയാർദ്ദൻ സ്വരിപുമുപശമ-
യ്യാസ്ത പുത്രേണ സാർദ്ധം;
കല്പാന്തോന്നിദ്രരുദ്രപ്രതിഭടവപുഷാ
ശൂലിനാ തേന തേനേ
ദുർബാധാ യാ കപീനാമശനിരജനി സാ
പാദപാതാ തവാന്തേ "

നാല്പത്തൊൻപതാമത്തേ ദശകത്തിൽ ഗ്രന്ഥകർത്താവു തന്നെപ്പറ്റി പ്രകടമായി ചില സംഗതികൾ പ്രസ്താവിക്കുന്നുണ്ടു്.

" ഭവന്മാലാകാരോ ഭജനവിമലാകാരകരണോ-
സ്മ്യഹം രാമോ രാമായണമഭണമേവം തവ പുരാ;
സുഖം മാലേവൈതൽ സരസപദപുഷ്പൌഘരചിതാ
ജഗന്മാതുർമ്മോദം ദിശതു സഹവാസാത്തവഹൃദി. "

ഇതിൽനിന്നു കവിയുടെ നാമധേയം രാമനെന്നും അദ്ദേഹത്തിന്റെ വൃത്തി ഇരിങ്ങാലക്കുടക്ഷേത്രത്തിൽ മാലകെട്ടെന്നും വിശദമാകുന്നുണ്ടല്ലോ. ആ ദശകത്തിൽ തന്നേയുള്ള മറ്റൊരു ശ്ലോകമാണു് താഴെ കുറിക്കുന്നതു്.

Digitized By Kerala Sahitya Akademi

" ബുധോ വാ മൂഢോ വാസ്ഥവിഹ കവയിതാ സ്യാൽ കിമിയതാ?
ശ്രുതാ വാല്മീകീയാദ്ഭുപതികഥാ യേന ഹി യഥാ
തഥേയം തസ്യാ യദ്യനുകലനകാലേ പരിണമേൽ
പ്രസത്തൈ്യ ശ്രോതൃണാം ഫലമിദമുതേ കിം കവികൃതേ?"

ഗ്രന്ഥസമാപ്തിയിലുള്ളതാണ് അധോലിഖിതമായ പദ്യം.

" ഗീതം നാതിസഹേ നചോഷ്ണമപി ച
ശ്രീസംഗമാധീശ്വര!
സ്വാതന്ത്ര്യേ ചകിതസ്തദസ്തി; സുഖിത-
സ്സ്വൽപാരതന്ത്ര്യേ സ്മൃതേ;
ദേഹേ ധാതുഷു ചേന്ദ്രിയേഷു ശിരസി
സ്വാന്തേ തഥാന്തർബഹി-
സ്സർവാംഗേഷ്വപി മേ തവൈവ കരുണാ
പീയൂഷധാരായതാം."

ഈ സ്തോത്രത്തിൽ പ്രഥമശതകം കൂടൽമാണിക്യസ്വാമിയുടെ കേശാദിപാദമാണെന്നു കണ്ടുവല്ലോ. അന്ത്യദശകം പാദാദികേശമാണ്. ഈ വിഷയത്തിൽ വാരിയർ ഭട്ടതിരിപ്പാട്ടിലെ അനുകരിക്കുന്നില്ല. ഭട്ടതിരി തന്റെ കാവ്യം ഒരു കേശാദിപാദംകൊണ്ടത്രേ സമാപിപ്പിക്കുന്നത്.

രാമപഞ്ചശതീസ്തോത്രത്തിനു പത്തുപതു കൊല്ലങ്ങൾക്കു മുമ്പു രാമൻനമ്പിടി എന്നൊരു വിദ്വാൻ ഒരു ലഘുവ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ട്. അതു് അന്നു് ഇരിങ്ങാലക്കുട വാരിയത്തിൽ മൂപ്പായിരുന്ന പ്രസിദ്ധജ്യൌതിഷികൻ ശങ്കരവാരിയരുടെ ആവശ്യമനുസ്സരിച്ചായിരുന്നു രചിച്ചതു് എന്നു താഴെ ഉദ്ധരിക്കുന്ന വ്യാഖ്യാതൃപദ്യത്തിൽനിന്നു വെളിവാകും.

"ധീമാൻ പാരശവാഗ്രണീർവിജയതേ
ജ്യോതിർവിദഗ്രേസരഃ
ഖ്യാതോ ദക്ഷിണമന്ദിരന്ത്വധിവസൻ
യശ്ശങ്കരാഖ്യോ മലഃ

Digitized By Kerala Sahitya Akademi

രാമസ്യസ്യ ഗിരാഽവികല്പിതമതി-
സ്വല്പസ്യ ചാത്മേമിത-
സ്യേമാം പഞ്ചശതീസ്ഥവസ്യ വിവൃതിം
കുർവേ യഥാമത്യഹം.''

ഏറെക്കാലം ഇരിങ്ങാലക്കുടയിൽ കഴിച്ചുകൂട്ടിയതിനുശേഷം വാരിയർ കുറേനാൾ തൃശ്ശിവപേരൂർ താമസിച്ചു വടക്കുന്നാഥസ്വാമിയെ ഭജിക്കുകയുണ്ടായി. അക്കാലത്തു് അദ്ദേഹം വടക്കുന്നാഥസ്തുതിയായി പല കീർത്തനങ്ങളും നിർമ്മിച്ചിട്ടുള്ളതിൽ ഏതാനും ചിലതു് എന്റെ കൈവശം വന്നുചേർന്നിട്ടുണ്ടു്. ആ അവസരത്തിൽ അന്നു് തൃശ്ശൂരിലും മറ്റും നാട്ടുവാഴിസ്ഥാനമുണ്ടായിരുന്ന ചങ്ങരൻകോതക്കത്താവുമായി വാരിയർക്കു പരിചയപ്പെടുവാൻ ഇടയാകുകയും കത്താവിന്റെ ആജ്ഞാനുസാരം വടക്കുന്നാഥക്ഷേത്രത്തിലേയ്ക്കു തന്റെ ഒരു വഴിപാടെന്ന നിലയിൽ ആ മഹാകവി ഗിരിജാകല്യാണം ഗീതപ്രബന്ധം നിർമ്മിക്കുകയും ചെയ്തു. ഇതു് എന്റെ കൈശം കിട്ടീട്ടുള്ള ഒരു ഗ്രന്ഥത്തിന്റെ അവസാനത്തിൽ ഗ്രന്ഥകർത്താവുതന്നെ കുറിച്ചിട്ടുള്ള ഒരു പദ്യത്തിൽനിന്നു വിശദമാകുന്നു.

''ഗിരിജാകല്യാണമിദം
നിരമാദലിഖച്ച രാമപാരശവഃ
സങ്കടമോചനഹേതോ-
ശ്ശങ്കരഗോദപ്രഭോന്നിയോഗേന.''

ഇതിൽനിന്നു ഗിരിജാകല്യാണം കവിതന്നെ നിർമ്മിച്ചു് ഒരു ഗ്രന്ഥത്തിൽ പകർത്തിയെഴുതിയതായി കാണാവുന്നതാണു്. നളചരിതം കഥകളിപ്പാട്ടു വാരിയരുടെ ഒട്ടുവിലത്തെ കൃതി എന്നൂഹിക്കുന്നു.

ഉണ്ണായിവാരിയരുടെ ജീവിതകാലത്തെപ്പറ്റി എന്തെങ്കിലും ഒരഭിപ്രായം പറയുന്നതു വളരെ ആലോചിച്ചുവേണ്ടിയിരിക്കുന്നു. വാരിയർ കൊല്ലം 925-ാം മാണ്ടിടയ്ക്കു ജനിച്ചുവെന്നും 955-ാം മാണ്ടിടയ്ക്കു തിരുവനന്തപുരത്തുവന്നു കാർത്തികതിരുനാൾ മഹാരാജാവു തിരുമനസ്സിലേ മുഖംകാണിച്ചു എന്നും അന്നു് ഇവിടെവച്ചു് മഹാകവി കുഞ്ചൻനമ്പിയാരുമായി പരിചയപ്പെട്ടു എന്നും ടിപ്പുവുമായുള്ള യുദ്ധത്തെപ്പറ്റി ചില മണിപ്രവാളശ്ലോകങ്ങൾ ഉണ്ടാക്കിയെന്നും 987-ാം മാണ്ടു് ഇരിങ്ങാലക്കുടയിൽവച്ചു 61-ാമത്തെ വയസ്സിൽ മരിച്ചു എന്നും സൂക്ഷ്മംപോലെ

Digitized By Kerala Sahitya Akademi

1056-ലെ ഭാഷാചരിത്രം ഒന്നാം പതിപ്പിൽ പറഞ്ഞുകാണുന്നതു യാതൊരുരേഖയേയും അടിസ്ഥാനപ്പെടുത്തിയാണെന്നു തോന്നുന്നില്ല. രണ്ടാം പതിപ്പിൽ 955--നു് ഇടയ്ക്കുള്ള 940-നു് ഇടയ്ക്കാണു് വാരിയർ കാർത്തികതിരുനാൾ തിരുമേനിയെ മുഖംകാണിച്ചതു് എന്നു പഴയ ഐതിഹ്യത്തെ സ്വല്പം ഭേദപ്പെടുത്തി പറഞ്ഞിരിക്കുന്നതും വിശ്വാസയോഗ്യമാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

"അപിച മമ ദയിതാ
കളിയല്ല നാതിചിരസ്മൃതാ
പ്രാണൻകളയുമതിവിധുരാ
എന്നാൽ കുലമിതഖിലമവ്യുതിവന്നിതു."

എന്നു നളചരിതം ഒന്നാംദിവസത്തെ കഥയിലേ പദ്യഖണ്ഡം അറമാണു് എന്നൊരൈതിഹ്യമുണ്ടെന്നും ഉണ്ണായിവാരിയർ സമീപസന്തതിയില്ലാതെയാണു് മരിച്ചതെന്നും ഉള്ളതു നിർവിവാദമാണു്. വാരിയരുടെ മരണശേഷം അകന്ന ഒരു ശാഖയിൽ ഒറ്റയായി ശേഷിച്ച ഒരനന്തരവൻ തൃശ്ശൂരിനടുത്തു കുട്ടനല്ലൂർ വാരിയത്തുനിന്നു് അകത്തുട്ടുവാരിയത്തേയ്ക്കു ദത്തെടുക്കുകയുണ്ടായി. അതിനും രണ്ടു തലമുറയ്ക്കുമേലാണു് ഒരു പ്രസിദ്ധ ജ്യോതിശ്ശാസ്ത്രജ്ഞനായ ഇട്ടണിക്കണ്ടവാരിയർ കുടുംബത്തിൽ മൂപ്പനായതെന്നത്രേ ഐതിഹ്യം. ഇട്ടണിക്കണ്ടവാരിയർ 998-ൽ തന്റെ മകൻ തൃപ്പൊൽക്കുടത്തു ശങ്കുവാരിയരെ അദ്ദേഹത്തിന്റെ മാതാവോട്ടുകൂടി ദത്തെടുത്തു കുടുംബത്തേയ്ക്കു അവകാശിയാക്കിക്കൊണ്ടു. ആ ദത്തപത്രം ഇപ്പോഴും ഉണ്ടു്. അദ്ദേഹം എഴുപതിൽചിലപ്പാനം വയസ്സു ജീവിച്ചിരുന്നതിനുശേഷം കൊല്ലം 1020-ാംമാണ്ടിടയ്ക്കു കാലധർമ്മത്തെ പ്രാപിച്ചു. പിന്നീടു രാമൻനമ്പിടിയെക്കൊണ്ടു രാമപഞ്ചശതീസ്തോത്രം വ്യാഖ്യാനിപ്പിച്ച ശങ്കുവാര്യർ മൂപ്പനായി. അദ്ദേഹം 74 വയസ്സോളം ജീവിച്ചിരുന്നു. 1064-ൽ അന്തരിച്ചു. ശങ്കുവാരിയർ ശ്രാദ്ധംഊട്ടിവന്ന പൂർവികന്മാരുടെ കൂട്ടത്തിൽ രാമൻ എന്നൊരു പേർ കാണുന്നില്ല. ഉണ്ണായിവാരിയർ ഇട്ടണിക്കണ്ടവാരിരുടെ അടുത്ത പൂർവികനായിരുന്നില്ല എന്നുള്ളതു് ഇതിൽനിന്നു തെളിയും. ശങ്കുവാരിയരുടെ കാലത്തിനടുപ്പുറം കുറേക്കാലം ജ്യോതിഷവിദ്വാൻ കുട്ടൻവാരിയർ കുലമഹിമയെ പരിപാലിച്ചുപോന്നിരുന്നു. ഇപ്പോഴത്തെ കാരണവൻ ഈശ്വരവാരിയരാണു്.

കുഞ്ചൻനമ്പിയാക്കു് എന്നപോലെ യാതൊരു ക്ഷേത്രാനുഭവവും കാർത്തികതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു് ഉണ്ണായിവാരിയ

Digitized By Kerala Sahitya Akademi

ക്കു് പതിച്ചുകൊടുത്തതായി കാണുന്നില്ല. കായംകുളംരാജ്യം പിടിച്ചടക്കിയ വഴിയാണല്ലോ തിരുവിതാംകൂറിലേക്കു് ഇരിങ്ങാലക്കുക്ഷേത്രത്തിലേ മേൽക്കോയിമ്മ സ്ഥാനം സിദ്ധിച്ചതു്. പണ്ഡിതപക്ഷപാതിയായ കാർത്തികതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് ഇരിങ്ങാലക്കുടക്ഷേത്രത്തിലേ കഴകപ്രവൃത്തിക്കാരനായ ഒരു മഹാകവി തന്നെ സന്ദർശിച്ചിരുന്നാൽ അദ്ദേഹത്തിനു വല്ല പ്രത്യേകാനുഭവങ്ങളും ആ ക്ഷേത്രത്തിൽതന്നെ പതിച്ചുകൊടുത്തിരിക്കുവാൻ ഇടയുണ്ടു്. അവിടുന്നു സ്ഥാപിച്ച വലിയകൊട്ടാരം ഗ്രന്ഥപ്പുരയിൽ ഗിരിജാകല്യാണം ഗീതപ്രബന്ധത്തിന്റേയോ രാമപഞ്ചശതിസ്തോത്രത്തിന്റേയോ ഒരു താളിയോലപ്രതിപോലും കാണുന്നില്ല. നളചരിതം കഥകളി തിരുവനന്തപുരത്തുവച്ചു നിർമ്മിച്ചു എന്നുള്ളതിനു യാതൊരു തെളിവുമില്ല. നേരേമറിച്ചു 9൦൦-ാം മാണ്ടിടയ്ക്കു വാരിയർ ഇവിടെ വരികയും കുറേക്കാലം താമസിക്കുകയും ചെയ്തിരുന്നു എങ്കിൽ വലിയ ഒരു സംസ്കൃതപണ്ഡിതനായ അദ്ദേഹം മഹാകവി അശ്വതിതിരുനാൾ തിരുമേനിയെ അനുകരിച്ചു സംസ്കൃതശ്ലോകങ്ങൾകൊണ്ടുതന്നെ ആദ്യന്തം തന്റെ കഥകളി പൂരിപ്പിച്ചിരിക്കുവാനാണു് എളുപ്പമുള്ളതു്. "കാതിലോലാ; നല്ലതാളി." "കരി കലക്കിയ കുളം; കളഭം കലക്കിയ കുളം." "ചേറ്റിൽക്കിടക്കുന്ന പന്നിത്തടിയനും; പങ്കേ ശയിക്കുന്ന പോത്രിപ്രവരനും." ഈ മൂന്നു് ഐതിഹ്യങ്ങൾക്കും വലിയ വിലയൊന്നും വയ്ക്കേണ്ടതില്ല. കാളിദാസനേയും ഭവഭൂതിയേയുമോ, എഴുത്തച്ഛനേയും കണ്ണശ്ശനേയുമോ പറ്റിയുള്ള ഐതിഹ്യങ്ങളേയും "പരിപതതി പയോനിധൌ പതംഗഃ" "ചൂടാമ്പിൽത്തുളസീദളം യമടത്തല്ലിങ്ങു ചൂടാമ്പുതും" മുതലായ പദ്യങ്ങളുടെ കർത്തൃത്വത്തെ സംബന്ധിച്ചുള്ള പഴങ്കഥകളേയും ഇക്കാലത്തു് ആർ വിശ്വസിക്കുന്നു? ഉദ്ദണ്ഡശാസ്ത്രികൾക്കും കാക്കശ്ശേരിഭട്ടതിരിക്കും തമ്മിൽ നടന്നതായി കേരളീയൈതിഹ്യം ഘോഷിക്കുന്ന "ആകാരോ ഹ്രസ്വഃ; നഹി നഹ്യാകാരോ ദീർഘഃ" ഇത്യാദി സംഭാഷണം ചോളദേശത്തിൽ വേദാന്തദേശികക്കും ഒരു അദ്വൈതിക്കും തമ്മിൽ നടന്നതായുള്ള ഐതിഹ്യം. വേദാന്തദേശികർ ഉദ്ദണ്ഡനെ അപേക്ഷിച്ചു പ്രാക്തനനായിരുന്നു എന്നു പറയേണ്ടതില്ലല്ലോ.

മേൽ വിവരിച്ച ന്യായങ്ങളാൽ ഉണ്ണായിവാരിയർ കുഞ്ചൻനമ്പ്യാരുടെ സമകാലികനായിരുന്നു എന്നുള്ള വിശ്വാസത്തിനു സാരമായ ഉടവുതട്ടുന്നുണ്ടു്. ഇനി കൊല്ലം പത്താം ശതകത്തിന്റെ മദ്ധ്യകാലത്തല്ല അദ്ദേഹം ജീവിച്ചിരുന്നതെങ്കിൽ പിന്നെ ഏതു കാലത്തായിരുന്നു എന്നു നോക്കാം. രാമപഞ്ചശതിസ്തോത്രം 49-ാം ദശകത്തിൽനിന്നു ഞാൻ മേൽ ഉദ്ധരിച്ച ഒരു പദ്യത്തിൽ 'മനുകലനകാ[illegible]പരിണമേൽ പ്രസത്തൈ'

Digitized By Kerala Sahitya Akademi

എന്നൊരു ഭാഗം കാണുന്നുണ്ടല്ലോ. അതിൽ 'പരിണമേൽ പ്രസത്തൈ' എന്നുള്ളതു് അനുകലനകാലമായ കലിദിനത്തെ കാണിക്കുന്നു എന്നത്രേ ചില പണ്ഡിതന്മാരുടെ പക്ഷം. അങ്ങനെയാണെങ്കിൽ കൊല്ലം 798 ഇടവമാസം 11-ാംനു വെള്ളിയാഴ്ചയാൾ ആ ശ്ലോകം നിർമ്മിച്ചതായിവരുന്നു. എന്നാൽ ആ ഭാഗം കലിസംഖ്യയെ സൂചിപ്പിക്കുന്നതായി രാമൻനമ്പിടി അദ്ദേഹത്തിന്റെ വ്യാഖ്യാനത്തിൽ പറഞ്ഞുകാണുന്നില്ല.

രാമനാട്ടത്തിന്റെ ഉദയം കൃഷ്ണനാട്ടത്തിന്റെ ആവിർഭാവത്തിനു മേലായിരുന്നു എന്നുള്ളതു നിസ്സംശയമാണല്ലോ. കൃഷ്ണനാട്ടത്തിന്റേയും പൂർവഭാരതചമ്പുവിന്റേയും കർത്താവായ മഹാകവി കോഴിക്കോട്ടു മാനവേദൻരാജാവു് ആ രണ്ടു ഗ്രന്ഥങ്ങളും നിർമ്മിച്ചകാലം അവയിൽതന്നെ കലിസംഖ്യകളാൽ കുറിച്ചിട്ടുണ്ടു്. "പാപോദ്യല്ലാലസോഽയം കലിഃ" എന്നു പൂർവഭാരതചമ്പുവിൽ കാണുന്നതിൽനിന്നു് ആ ഗ്രന്ഥം കൊല്ലം 823-ലും "ഗ്രാഹ്യാസ്സുതിഗ്രാഥകൈഃ" എന്നു കൃഷ്ണനാട്ടത്തിൽ കാണുന്നതിൽനിന്നു് ആ ഗ്രന്ഥം കൊല്ലം 829-ാംമാണ്ടു ധനുമാസം 20-ാംനു-ഞായറാഴ്ച ദിവസത്തിലുമാണു് അവസാനിച്ചതെന്നു് ഊഹിക്കാം. കവി തന്റെ ഗുരുവായ ആനായത്തു കൃഷ്ണപ്പിഷാരടിയെ രണ്ടു ഗ്രന്ഥങ്ങളിലും സ്തുതിച്ചിട്ടുമുണ്ടു്.

"അഘവിഹതികരാണാം കൃഷ്ണനാമ്നാം ഗുരുണാ-
മനവരതമപാംഗപ്രാവൃഷേണ്യാംബുവാഹഃ
പ്രവിസരദനുകമ്പാവാരിസംഭാരസാന്ദ്രോ
മമ ഹൃദയമയൂരം നൃത്തയേദാത്തമോദം"

(പൂർവഭാരതചമ്പു)

"പ്രേമ്ണാലം ലാള്യമാനഃ സദയമിഹ സദാ-
നന്ദസംജ്ഞേന പിത്രാ
രാമേണ ജ്യായസാ വാ വിവശമതിയശോ-
ദാഖ്യയാ വാ ജനന്യാ
ആദീവ്യദ്ദിവ്യഗവ്യാ വിബുധപരിവൃഢോ-
ഽരിഷ്ടദാതാഽലമോക്ഷം
പുഷ്ണൻ കൃഷ്ണോ ഗുരുർമ്മേ പരമതമപദോ-
ദ്ഭാസകോ ബോഭവീതു." "

(കൃഷ്ണനാട്ടം)

Digitized By Kerala Sahitya Akademi

എല്ലാംകൊണ്ടും

" സ്ഫായൽഭക്തിഭരേണ നന്നമനസാ
ശ്രീമാനവേദാഭിധ-
ക്ഷോണീന്ദ്രേണ കൃതാ നിരാകൃതകലിർ-
ഗ്രാഹ്യാ സ്തുതിർഗാഥകൈഃ "

ഇത്യാദി പദ്യം കലിസൂചകമാണെന്നുള്ളതിനെപ്പറ്റി ആരും സംശയിക്കണമെന്നില്ല. കൊട്ടാരക്കരത്തമ്പുരാൻ മാനവേദരാജാവിന്റെ സമകാലികനും രോഹിണീനക്ഷത്രത്തിൽ തിരുവവതാരമാന്ന് തിരുവിതാംകൂർ ഉണ്ണിക്കേരളവർമ്മ മഹാരാജാവിന്റെ സഹസ്രീയനും ആയിരുന്നു. അദ്ദേഹം രാമനാട്ടം ഏറ്റെഴുത്തിയതും രാമായണവിഷയകമായി എട്ട് ആട്ടക്കഥകൾ നിർമ്മിച്ചതും ഉണ്ണിക്കേരളവർമ്മ മഹാരാജാവു നാടുനീങ്ങിയ കൊല്ലം 836-നു മുമ്പായിരിക്കണം. അങ്ങനെയാണെങ്കിൽ നളചരിതം നാലുദിവസത്തെ കഥകളി ആ പ്രസ്ഥാനത്തെ അനുകരിച്ച് ഉണ്ടായി വാരിയർ 840-നു മുമ്പു നിർമ്മിച്ചു എന്നുവരാൻ പാടില്ലാത്തതായില്ല. കൊച്ചിരാജ്യത്തിലേ ഒരു പ്രഭുവിനെ ആശ്രയിച്ചു പാർത്തിരുന്ന ഒരു മഹാകവി കൊച്ചിയുടെ ജന്മശത്രുവായ സാമൂതിരിമഹാരാജകുടുംബത്തിലേ ഒരംഗത്തോടുള്ള സാഹിത്യമത്സരത്തിൽ ഭാഗഭാക്കാകുന്നതു് അസംഭാവ്യവുമല്ല. നളചരിതത്തിലേയും ഗിരിജാകല്യാണത്തിലേയും പല ഭാഗങ്ങളിലേ ഭാഷാരീതി പരിശോധിക്കുന്ന പക്ഷം ആ ഗ്രന്ഥങ്ങൾ കൊല്ലം പത്താംശതവർഷത്തിന്റെ ഉത്തരാർദ്ധത്തേക്കാൾ ഒമ്പതാംശതനഷ്ടത്തിന്റെ പൂർവാർദ്ധത്തിലോ ഉത്തരാർദ്ധത്തിലോ നിർമ്മിക്കപ്പെട്ട എന്നു വരുവാനാണു് ന്യായമധികമുള്ളതു്. " പരിണമേൽ പ്രസത്തൈ" എന്ന വാക്യം " അനുകലനകാലേ " എന്ന പദത്തെ പിൻതുടർന്നുവരുന്നതിനാൽ അതു കലിസംഖ്യാസൂചകമല്ലെന്നു ഖണ്ഡിച്ചുപറവാൻ നിവൃത്തിയുമില്ല. അതു കലിസംഖ്യതന്നെയാണെങ്കിൽ രാമപഞ്ചശതീസ്തോത്രം വാരിയരുടെ യൌവനത്തിലേയും നളചരിതം വാർദ്ധക്യത്തിലേയും കവിതയാണെന്നു വേറെ തെളിവുകൾ നമുക്കു കിട്ടുന്നതുവരെ വിശ്വസിക്കാമെന്നു തോന്നുന്നുണ്ടു്. ഈ വിഷയത്തെപ്പറ്റി നിഷ്കൃഷ്ടമായ സിദ്ധാന്തസ്ഥാപനത്തിനു് ഇതിലധികം സാമഗ്രികൾ ഇല്ലാത്തതിൽ വ്യസനിക്കുന്നു. ഗിരിജാകല്യാണവും നളചരിതം ആട്ടക്കഥയും രണ്ടു കവികളുടെ കൃതികളായിരിക്കാം എന്നു ചിലർ ശങ്കിക്കുന്നുണ്ടു്. ഈ ശങ്ക കേവലം അസ്ഥാനത്തിലാണെന്നുള്ളതു സഹൃദയന്മാക്കു് അനുഭവവേദ്യമാണു്.

Digitized By Kerala Sahitya Akademi

ഈ മഹാകവിയുടെ കവിതാരീതിയെപ്പറ്റി പരേതനായ പ്രൊഫെ്സർ ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ തന്റെ നളചരിതത്തിന്റെ പ്രൌഢവ്യാഖ്യയായ കാന്താരതാരകത്തിന്റെ അവതാരികയിൽ രേഖപ്പെട്ടത്തീട്ടുള്ളതിൽനിന്നു് അധികമായി ഒന്നും ഈ അവസരത്തിൽ പ്രസ്താവിക്കണമെന്നു ഞാനുദ്ദേശിക്കുന്നില്ല. ഉണ്ണായിവാരിയക്കും ഗ്രന്ഥാരംഭത്തിൽ,

"ഗ്രന്ഥഗ്രന്ഥിരിഹ കചിൽ കചിദപി
ന്യാസി പ്രയത്നാന്തയാ;
പ്രാജ്ഞമ്മന്യമനാ ഹഠേന പഠതി
മാസ്മിൻ ഖലഃ ഖേലതു;
ശ്രദ്ധാരാദ്ധഗുരുശ്ലഥീകൃതദൃഢ
ഗ്രന്ഥസ്സമാസാദയ-
ത്വേതൽകാവ്യരസോർമ്മിമജ്ജനസുഖ-
വ്യാസജ്ജനം സജ്ജനഃ."

എന്നു തന്റെ ഉദ്ദേശത്തെ വിളിച്ചുപറയാമായിരുന്നു എന്നു പ്രൊഫെ്സർ തമ്പുരാൻ ആ അവതാരികയിൽ സൂചിപ്പിച്ചിട്ടുണ്ടു്. അതുതന്നെ ഗിരിജാകല്യാണത്തിന്റെ അവസാനത്തിൽ കവി മുക്തകണ്ഠം ഘോഷിച്ചിരിക്കുന്നു എന്നുള്ളതു പ്രത്യേകം സ്മരണീയമാണു്.

"കഠിനതയുമിടയിടയിൽ വരുവതുമിരുമ്പിനാൽ
കപ്പൽ മരംകൊണ്ടു കല്പിക്കിലേവനും;
അഭയമിതു ഭവജലധിനടുവിലടിയും കപ്പ-
ലഭ്യസിച്ചീടിനാലത്ഥമുണ്ടാം ബഹു;
മറുകരയിലണവതിനുമറികിൽ മതിയായ്വരും
മാലോകരേ! ഘോരസംസാരസാഗരേ."

എന്ന ഭാഗം നോക്കുക.

ഗിരിജാകല്യാണം ദ്വിതീയഖണ്ഡത്തിൽ പാർവതീദേവിയുടെ സൌന്ദര്യവർണ്ണനാഘട്ടത്തിലും മറ്റും കാണുന്ന കാഠിന്യത്തിനു കണക്കില്ല. ഗ്രന്ഥിജടിലമായ ഈ ഗ്രന്ഥത്തിനു വിസ്തരിച്ചു കാന്താരതാരകം പോലെ ഒരു വ്യാഖ്യാനമുണ്ടായാൽ മാത്രമെ സാമാന്യന്മാരായ വായനക്കാക്കു പൂർണ്ണമായ അർത്ഥബോധം സിദ്ധിക്കുകയുള്ളു.

Digitized By Kerala Sahitya Akademi

ഉണ്ണായിവാരിയരെക്കാൾ മഹാനുഭാവനായ ഒരു കവി കേരളത്തിൽ ഒരുകാലത്തും ജനിച്ചിട്ടില്ലെന്നു നളചരിതംപോലെതന്നെ ഗിരിജാകല്യാണവും തുറന്നുപറയുന്നണ്ട്.

"ജയ ജനനി! ജഗദ്ദയഭരണഹരണേക്ഷണേ!
ജംഗമാജംഗമബ്രഹ്മവിദ്യാമയി!
ജയ ജനനി! ശിവകമനി! ജയ ഭഗവതി! ശിവേ!
ജന്തുസന്താനസന്തോഷചിന്താമണേ!
തവ ഭവതു പരമശിവനിനി മുഴുവനിഷ്ടദൻ
ശാരദബ്രഹ്മശരച്ചന്ദ്രചന്ദ്രികേ!
ജനനി! തവ മഹിമയിതു ജഗതി തതമെങ്കിലും
ജന്മാദി ഞങ്ങൾക്കു വേണ്ടിവേണ്ടിത്തവ;
ശരണമിഹ തവ ചരണയുഗളമിതു മാദൃശാം
ശങ്കരാലങ്കാരശൃംഗാരശൃംഖലേ!"

ഇത്യാദി പാദങ്ങിൽക്കാണുന്ന ശബ്ദധോരണിയുടെ സൌന്ദര്യം പരമാനന്ദപ്രദമായിരിക്കുന്നു. ശ്രീപരമേശ്വരൻ കാമദേവനെ ദഹിപ്പിക്കുവാൻ അഗ്നിനേത്രം തുറക്കുന്ന

"എന്നേവമുണ്ടായൊരിന്ദ്രിയക്ഷോഭത്തി-
നെന്തേ നിമിത്തമെന്നാത്മനി ചിന്തിച്ചു
തൃക്കണ്ണടച്ചങ്ങരങ്ങാൽ വിനാഴിക
നിശ്ചലഗംഭീരമാം ദിവ്യചക്ഷുഷാ
നില്ക്കുന്നമാരനെക്കണ്ടു സമീപത്തു-
ദിക്കുന്ന കോപാങ്കുരത്തെക്കരുത്തെഴും
സൽഗുപാവജ്രടങ്കംകൊണ്ടു ഖണ്ഡിച്ചു
തച്ചങ്ങരച്ചു പരാണുവായ് നേപ്പിച്ചു
വച്ചൊളിപ്പാനായ് ത്രിനിഞ്ഞളവെത്രയും
സൂക്ഷ്മമായോരു പരാണു പുറത്തു ഫാ-
ലേക്ഷണദ്വാരം കടന്നു പോരുംവിധൌ

Digitized By Kerala Sahitya Akademi

എൺമണിയെട്ടക്കുറിട്ടതിലൊന്നോള-
മമ്മിഴിപഹനികണവും തുണയായി;
വിസ്മയമെന്തു പറയാവു കാൽക്ഷണാൽ
ഭസ്മാവശേഷനായ്ത്തിന്നു മനോഭവൻ. ''

എന്ന ഭാഗം ''ഭസ്മാവശേഷം മദനം ചകാര.'' എന്ന പാദത്തിൽ അവ സാനിക്കുന്ന കുമാരസംഭവത്തിലേ കാളിദാസവർണ്ണനത്തെപ്പോലും ജയി ക്കുന്നു എന്നുള്ളതിനു സംശയമില്ല. ''പോരുമേതാ ഗിരോ വാരുമേ മാധവ! '' മുതലായ ഭാഗങ്ങളിൽ കവി പ്രദർശിപ്പിച്ചിരിക്കുന്ന നിരങ്കുശ ത്വത്തേ നമസ്കരിക്കുകതന്നെ വേണം. ഈ നിരങ്കുശത്വം ഇതുപോലെ തന്നെയോ ഇതിലുമധികമായോരാമപഞ്ചശതീസ്തോത്രത്തിലും കാണാം. കേരളീയരായ സംസ്കൃതകവികളിൽ ഇത്ര നിരങ്കുശനായി മഹാകവി ഇലത്തൂർ രാമശാസ്ത്രികൾ ഒരാൾമാത്രമേ എന്റെ സ്മൃതിപഥത്തെ പ്ര വേശിക്കുന്നുള്ളു. ''വിഭക്തിയുണ്ടെന്നാകിൽ പടിച്ചുപാടിക്കൊൾവിൻ'' എന്നു കവി പറയുന്നതിൽനിന്നു ഗിരിജാകല്യാണം സാമാന്യസ്ത്രീകളുടെ ആവശ്യത്തെ പുരസ്കരിച്ചു നിർമ്മിച്ചതല്ലെന്നു വെളിവാകുന്നു.

'' കനക്കുമത്ഥം സുധകണക്കേപ്പദനിരയും
അനർഗ്ഗളം യമകവുമനുപ്രാസമുപമാദി
ഇണക്കംകലർന്നു രമ്യം ജനിക്കും നൽസാരസ്വതം
നിനക്കും നിൻദയിതസ്സും നിനസ്സുന്നവർക്കും പിന്നെ. ''

എന്നു നളചരിതത്തിൽ സരസ്വതീദേവി നളചക്രവർത്തിക്കു നൽകുന്ന വരം വാരിയരുടെ ഒരു പ്രബന്ധകടാക്ഷമെന്നത്രേ ഞാൻ കരുതുന്നതു്. ആ മാതിരിയില്ലുള്ള ഒരു വരപ്രദാനത്തിനു ഗിരിജാകല്യാണസരസ്വ തിയും സശ്രദ്ധയായിത്തന്നെ നിലകൊള്ളുന്നു.

20-11-1924

ഗിരിജാകല്യാണം ഗീതപ്രബന്ധം.

Digitized By Kerala Sahitya Akademi

12. രാമപാണിവാദനും കുഞ്ചൻനമ്പിയാരും

"രാമപാണിവാദൻ" എന്ന കേരളീയമഹാകവിയെപ്പറ്റി ഉദ്ദേശം രണ്ടുകൊല്ലങ്ങൾക്കുമുൻപു് തിരുവനന്തപുരത്തു തൈക്കാട്ടു രാജകീയമഹാപാഠശാലയിൽവച്ചു ഞാൻ ദീർഘമായ ഒരു വാചാപ്രസംഗം ചെയ്തുണ്ടായി. രാമപാണിവാദനും കുഞ്ചൻനമ്പിയാരും രണ്ടുപേരോ അല്ലയോ എന്നുള്ള വിഷയത്തെപ്പറ്റി സാഹിത്യപരിഷത്തിന്റെ കഴിഞ്ഞ യോഗത്തിൽ മറ്റൊരു വാചാപ്രസംഗം ചെയ്യണമെന്നു് ഞാൻ ഉദ്ദേശിച്ചിരുന്നു. സമയദൌർല്ലഭ്യത്താൽ അതു സാധിച്ചില്ല, രാമപാണിവാദനെപ്പറ്റി ഒരു പ്രബന്ധം എന്റെ സ്നേഹിതൻ ശ്രീമാൻ വടക്കുംകൂർ രാജരാജവർമ്മ രാജാവു് ഇപ്പോൾ ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിച്ചു തുടങ്ങിയിരിക്കുന്ന സ്ഥിതിക്കു് എനിക്കു് ഏതൻസംബന്ധമായി പറയേണ്ട സംഗതികൾ ഇപ്പോൾതന്നെ ഭാഷാഭിമാനികളെ ഗ്രഹിപ്പിക്കേണ്ട ആവശ്യം നേരിട്ടിരിക്കുന്നു.

ഏഴാമത്തെ വയസ്സിൽ ഭഗവതി പ്രത്യക്ഷമായി കുഞ്ചൻനമ്പിയാരെ അനുഗ്രഹിച്ചു എന്നുള്ള കഥ പ്രസിദ്ധമാണു്. ദേവിയുടെ കടാക്ഷം ലഭിച്ച അവസരത്തിൽ ആ ബാലൻ

ഏകരദം, ദ്വിരദമുഖം,
ത്രിണയനതനയം, ചതുർമ്മുഖാരാദ്ധ്യം,
പഞ്ചമുഖോപാന്തസ്ഥം,
ഷൺമുഖസഹജം, നമാമി ഹേരംബം.

എന്നു വിഘ്നേശ്വരപരമായി ഒരു പദ്യം നിർമ്മിച്ചു എന്നും അതായിരുന്നു ആ കവിയുടെ ആദ്യത്തെ കൃതിയെന്നും ഐതിഹ്യമുണ്ടു്.

രാമപാണിവാദന്റെ കൃതികളായി ഇതുവരെ നമുക്കു ലഭിച്ചിട്ടുള്ളതു 1) ചന്ദ്രികാവീഥി 2) ലീലാവതിവീഥി 3) മദനകേതുചരിതം പ്രഹ

Digitized By Kerala Sahitya Akademi

സനം (4) സീതാരാഘവംനാടകം-ഈ നാലു രൂപകങ്ങളും (5) വിഷ്ണുവിലാസം (6) രാഘവീയം—ഈ രണ്ടു മഹാകാവ്യങ്ങളും (7) മുകുന്ദശതകം (8) ശിവശതകം—ഈ രണ്ടു ഖണ്ഡകാവ്യങ്ങളും (9) ശ്രീകൃഷ്ണവിലാസത്തിനു വിലാസിനി (10) ധാതുകാവ്യത്തിനു വിവരണം എന്നീ വ്യാഖ്യാനങ്ങളും (11) രാസക്രീഡ (12) വൃത്തവാർത്തികം എന്നീ രണ്ടു ഛന്ദശ്ശാസ്ത്രഗ്രന്ഥങ്ങളുമാകുന്നു. ഈ കൃതികളോടു പ്രായേണ കവി തന്റെ നാമധേയത്തെ സംഘടിപ്പിച്ചിട്ടുള്ളതുകൊണ്ടു കർതൃത്വത്തെപ്പറ്റി അന്യഥാശങ്കയ്ക്കു് അവകാശമില്ല. ഇവയിൽ ഓരോന്നിനേയുംപറ്റി വായനക്കാരുടെ അറിവിനായി ചില വിവരങ്ങൾ താഴെ ചേർത്തുകൊള്ളുന്നു.

1. ചന്ദ്രികാവീഥി. വീഥി എന്ന രൂപകത്തിന്റെ ലക്ഷണം

"പാത്രദ്വയപ്രയോജ്യാ
ഭാണവദേകാങ്കകൈകസന്ധിശ്ച
ആകാശഭാഷിതവതീ
കൃത്രിമമിതിവൃത്തമാശ്രിതാ വീഥീ."

എന്ന പദ്യത്തിൽ കവി തന്നെ വിവരിക്കുന്നു. അങ്ഗരാജാവായ ചന്ദ്രസേനൻ വിദ്യാധരനായ മണിരഥന്റെ പുത്രി ചന്ദ്രികയിൽ അനുരക്തയായിത്തീരുന്നു. ചണ്ഡൻ എന്നൊരു രാക്ഷസൻ ചന്ദ്രികയെ അപഹരിക്കുന്നു. വിഘ്നേശ്വരന്റെ പ്രസാദത്താൽ ചന്ദ്രസേനൻ ചണ്ഡനെ വധിച്ചു ചന്ദ്രികയെ പാണിഗ്രഹണം ചെയ്യുന്നു. ഈ ഗ്രന്ഥത്തിന്റെ പ്രസ്താവനയിൽ "അദ്യഖലു പ്രകാശരാജ്യപ്രകാശഭൃതസ്യ പ്രതാപവിവേകവിദ്യാവിശേഷശാലിനഃ ശ്രീവീരരായമഹാരാജസ്യ ആജ്ഞയാ, ശ്രീപരക്രോഡനാമക്ഷേത്രമതിവസതഃ ശൂലാഗ്രകീലിതകീനാശസ്യ ഭഗവതഃ ശ്രീപരമേശ്വരസ്യ മാഘകൃഷ്ണചതുർദ്ദശീമഹോത്സവപ്രസംഗേന സങ്ഗതായാമസ്യാം പരിഷദി, മങ്ഗലഗ്രാമവാസ്തവ്യേന രാമപാണിവാദേന വിരചിതാം ചന്ദ്രികാം നാമ വീഥികാമഭിനേതുമഭിലഷാമഃ." എന്നു കാണുന്നതിൽനിന്നു് ഇതു വെട്ടത്തുനാട്ടു തിരുവീരരായനെന്ന രാജാവിന്റെ ആജ്ഞയനുസരിച്ചു തുപ്പ്രങ്ങോട്ടു ശിവക്ഷേത്രത്തിൽ ശിവരാത്രിനാളിൽ അഭിനയിക്കുന്നതിനായി മംഗല (കിള്ളിക്കുറിശ്ശിമങ്ഗലം)ത്തുകാരനായ രാമൻനമ്പിയാർ എന്ന കവി നിർമ്മിച്ച ഒരു കൃതിയാണെന്നു വെളിപ്പെടുന്നു. ഈ ഗ്രന്ഥത്തിൽ നിന്നു രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

Digitized By Kerala Sahitya Akademi

"കാസൌ കന്ദർപ്പബാണവ്യഥിതഹൃദയസം-
രോപസിദ്ധൌഷധിർമ്മേ ?
കാസൌ സംസാരവാരാകരസമധിഗത-
വ്യക്തമുക്താശലാകാ ?
കാസൌ വിശ്ലേഷതാപാനലപരികലിത-
പ്രാണപീയൂഷധാരാ ?
കാസൌ കാസൌ മദന്തഃകരണശശിമണീ-
ചന്ദ്രികാ ചന്ദ്രികാ സാ ?"

"കാമപ്യഹം കമലപത്രവിശാലനേത്രാം
നേത്രാഭിരാമരമണീയമുഖേന്ദുബിംബാം
ബിംബാധരാമധരിതാപ്സരസാങ്ഗലക്ഷ്മ്യാ
ലക്ഷ്മ്യാസ്സനാഭിമിവ ലക്ഷിതവാൻ കുമാരീം." 2

2. ലീലാവതീവീഥി–ഈ വീഥി രാമപാണിവാദൻ ചെമ്പകശ്രീരിരാജാവിനെ ആശ്രയിച്ച് അമ്പലപ്പുഴയിൽ താമസിച്ചിരുന്നപ്പോൾ നിർമ്മിച്ചതാണെന്നുള്ളതിനു് അതിൽതന്നെ വേണ്ട തെളിവു കാണുന്നുണ്ടു്.

"നാന്ദീ.

തൽ പാദപദ്മയുഗളം ഗിരികന്യകായാ
ലോകാതിശായിചരിതം ഭവതഃ പുനാതു
ഉല്ലാസയന്തി യദിദം മുഹുരീശ്വരസ്യ
ചൂഡാനിശാകരകിശോരമയൂഖലേഖാഃ.

നാന്ദ്യന്തേ സൂത്രധാരഃ:—

ആജ്ഞാപിതോസ്മി നിഖിലശാസ്ത്രപുരാണനാടകപ്രപഞ്ചസതത പരിശീലനവിശദാന്തരാത്മനോ, നിത്യസന്നിഹിതദംബരധുനീനാഥപരിചരണ പരായണസ്യ, മഹാരാജദേവനാരായണസ്യ പാദപദ്മോപജീവി നാ മഹീസുരസമാജേന:—യഥാ ഭോ! രങ്ഗദീപ!

അഭിനവപദബന്ധബന്ധുരാത്മാ–
മഭിനയ കാമപി വീഥികാമുദാരാം;

Digitized By Kerala Sahitya Akademi

ശ്ലാചിരസമധുരാണി യാ ബിഭത്തി
പ്രചുരവിചിത്രതരാണി ചേഷ്ടിതാനി.

ഇതി തദ്യാവൽ ഗൃഹിണീമാഹൂയ സങ്ഗീതകമനുതിഷ്ഠാമി.....
സൂത്ര—ആര്യേ!

വന്ദസ്വ സുന്ദരി! ഗഭീരകലാപയോധി-
ഗാഢാവഗാഢമനസാം വിദുഷാം സമാജം;
നാട്യപ്രപഞ്ചസരണിസ്ഥിരചേതസോപി
യൽസന്നിധൌ കിമപി മേ ചലതിവചേതഃ.

* * * * * *

യേന ദേവനാരായണപരിഷദനുദേശോഽനുഷ്ഠീയതേ.....ആര്യേ! നനു താദൃശവിശിഷ്ടഗുണാ ലീലാവതീ നാമ വീഥീ മദധീനൈവ ശ്രൂയതാം. അസ്തി മങ്ഗലഗ്രാമവാസ്തവ്യസ്യ രാഘവപാണിഘ്രസ്യ ഭാഗിനേയോ

രാമോനാമ പാണിവാദഃ

നടീ:—(സപ്രത്യഭിജ്ഞം) യഃ പുരാണമഹീസുരവരിഷ്ഠസ്യ പ്രിയമിത്രമിതി ശ്രൂയതേ.

സൂത്ര:—സ കില കവിഃ പ്രബന്ധോപക്രമേ താവദിത്ഥമഭിഹിതവാൻ:—

" ചതുർമ്മുഖമുഖാംഭോജ-
ചതുഷ്ടയവിഹാരിണീ!
കവിലോകാശ്രിതേ! ദേവി!
സരസ്വതി! നമോസ്തു തേ! "

കിഞ്ച:—

നിത്യന്നൃത്യതി യസ്യ നാമ രസനാ-
രംഗേ സ്വയം ഭാരതീ
ചിത്തേ യസ്യ ച ഭാസതേ സുരധുനീ-
നാഥോ രഥാംഗായുധഃ
യം ഭൂയോ ബഹുമന്യതേ നരപതിഃ
ശ്രീദേവനാരായണഃ

Digitized By Kerala Sahitya Akademi

സോയം മേ ഹൃദയേ ചകാസ്തു സതതം
ഭൂദേവചൂഡാമണിഃ. ''

ഈ പ്രസ്താവനയിൽനിന്നു രാമപാണിവാദൻ കിള്ളിക്കുറിശ്ശിമംഗലത്തു രാഘവൻനമ്പ്യാരുടെ അനന്തരവനാണെന്നും, അദ്ദേഹം ചെമ്പകശ്ശേരി രാജാവിന്റെ ആശ്രിതനായി കുറേക്കാലം അമ്പലപ്പുഴയിൽ താമസിച്ചിരുന്നു എന്നും, പഴേടത്തു ഭട്ടതിരിയും അദ്ദേഹവും തമ്മിൽ വലിയ വേഴ്ചയിലായിരുന്നു എന്നും, അദ്ദേഹത്തിന്റെ ഗുരുവായ നാരായണഭട്ടതിരിയെപ്പറ്റി തിരുമനസ്സിലേക്കു വലിയ ബഹുമാനമായിരുന്നു എന്നും വിശദമാകുന്നുണ്ടു്. ഗ്രന്ഥാന്തത്തിൽ '' ശ്രീനാരായണഭട്ടപാദഗുരുപാദേഭ്യോ നമഃ '' എന്നെഴുതിക്കാണുന്നതിൽനിന്നു് അദ്ദേഹത്തെത്തന്നെയാണു് '' നിത്യന്നൃത്യതി യസ്യ നാമ '' ഇത്യാദി പദ്യത്തിൽ കവി അനുകീർത്തനം ചെയ്തിരിക്കുന്നതു് എന്നും ഊഹിക്കാം.

കുന്തളേശ്വരനായ വീരപാലനാകുന്നു ഈ വീഥിയിൽ നായകൻ; നായികയായ ലീലാവതി കണ്ണാടരാജപുത്രിയാകുന്നു. മാതൃകയ്ക്കായി ഈ ഗ്രന്ഥത്തിൽനിന്നു രണ്ടു പദ്യങ്ങൾ ഉദ്ധരിച്ചുകൊള്ളുന്നു.

'' രഹയതി മഹാമോഹഗ്രന്ഥിം;
ധിനോതി മനോധികം;
ജനയതി പുനഃ കായേ കായേ
പരിശ്രമലാഘവം;
വിതരതി ശരജ്ജ്യോത്സ്നാശുഭ്രം
യശശ്ച നിരങ്കുശം;
കിമു ന കുരുതേ നൃണാമേത—
ന്മഹാജനപൂജനം. ''

'' ഏതേ നൂതനകേതകീദളഗള-
ന്മാധ്വീകധാരാകിരഃ
സ്നിഗ്ധേന്ദീവരനീലനീരദഘടാ-
സമ്പക്ക്ശീതോത്തരാഃ
മന്ദാന്ദോളിതഹൃണവാരതരുണീ-
വേണീകലാപസ്രജഃ
പൌരസ്ത്യാ മരുതോ ന കസ്യ രഭസാ-
ദുൽകണ്ഠയേയുർമ്മനഃ? ''

Digitized By Kerala Sahitya Akademi

കുഞ്ചൻനമ്പിയാർ ഘോഷയാത്ര ഓട്ടൻതുള്ളലിൽ ഉദ്ധരിച്ചു വിസ്തരിച്ചു് അർത്ഥവിവരണം ചെയ്തിട്ടുള്ള,

"ഗോഷ്ഠീ സാ വിരളാ ന യത്ര ഘടതേ
സത്താ പുരോഭാഗിനാം;
നാരീ സാ ഖലു ദുർല്ലഭാ ന കുസ്തുതി-
ശ്ലിഷ്ടം യദീയം മനഃ;
ദൃഷ്ട്വാപഞ്ച തദംബു തീരജരജോ-
രാജിന്ന യദ്ദൃഷയേ-
ദ്ദുംസ്സാധഞ്ച സുഖന്തദാവിലയതേ
ദുഃഖാനുവൃത്തിന്നയൽ." !!

എന്ന സുപ്രസിദ്ധമായ പദ്യം ഈ വീഥിയിലുള്ളതാകുന്നു.

3. മദനകേതുചരിതം പ്രഹസനം. ഈ കൃതി രാമപാണിവാദൻ യൌവനാരംഭത്തിൽ നിർമ്മിച്ചതായിരിക്കണം. എന്തെന്നാൽ ഇതിന്റെ പ്രസ്താവനയിൽ ആധുനികന്മാരുടെ കൃതികൾ വിദ്വാന്മാക്കു രുചിക്കാത്തതിനാലാണു് താൻ ഉദാസീനനായിരിക്കുന്നതെന്നു നടനും, അതിനു നവീന കാവ്യങ്ങളിൽനിന്നുപോലും ഗുണത്തെ ഗ്രഹിക്കുന്നവരാകുന്നു യഥാർത്ഥ വിദ്വാന്മാർ എന്നു സൂത്രധാരനും ഉപന്യസിച്ചുകാണുന്നു.

മാരിഷഃ—"ആധുനികാനാം നിബന്ധനാന്യവധൂയന്തി സന്ത ഇതി കേവലമുദാസ്യതേ."

സൂത്രധാരഃ—(വിഹസ്യ) മാരിഷ! മാ മൈവം.

"യേ ഗൃഹ്ണന്തി ഗുണാനണ്വനപി കവേഃ
കാവ്യേഷ്വ നവ്യേഷ്വപി
പ്രായോ നോ ഗണയന്തി ദോഷനിവഹം;
തേ നാമ സന്തഃ കില.
ബാലോപ്യാത്മകൃതിപ്രകാശനവിധൌ
ശങ്കേതി തേഷാം പുരോ;
ദീപ്തിം വിന്ദതി കിന്ന ചന്ദ്രമഹസാ-
മഗ്രേപി താരാഗണഃ." !!

Digitized By Kerala Sahitya Akademi

ഈ കൃതിയിലും "അപിശ്രുണോഷി? മങ്ഗലഗ്രാമവാസ്തവ്യേന രാമപാണിവാദേന വിരചിതം മദനകേതുചരിതം നാമ പ്രഹസനമസ്മദ്വശേവത്തതേ." എന്ന കാണുന്നതിൽനിന്നു് ഇതിന്റെ നിർമ്മാതാവാരെന്നു മനസ്സിലാക്കാം. രംഗനാഥന്റെ (മഹാവിഷ്ണുവിന്റെ) ക്ഷേത്രത്തിൽ അഭിനയത്തിനായിട്ടാണു് കവി ഇതു രചിച്ചതെന്നും പ്രസ്താവനയിൽ സൂചിപ്പിക്കുന്നുണ്ടു്. ഈ ഗ്രന്ഥത്തിലെ നാന്ദിയാണു് സുപ്രസിദ്ധമായ

"നാഹം തേ കുചകുംഭയോർവിരചയേ കസ്തൂരികാപത്രകം
കിം യത്നേന? യദാശ്രു ഭസ്മരജസാ ഭ്രയോപി സന്ദൃഷ്യതേ;
ഏവം വാദിനി ശൈലരാജദുഹിതുഃ സാസൂയമാളീജനൈ-
സ്സ്രീഡം ശശിശേഖരേ നിപതിതോ നേത്രാങ്കുരഃ പാതുവഃ."

എന്നപദ്യം. മറ്റൊരു പദ്യംകൂടി ഉദ്ധരിക്കാം.

"യോഗിനി വാ ഭോഗിനി വാ
രോഗിണി വാ വിത്തതോപി രാഗിണി വാ
സാധാരണപ്രവൃത്തി—
വിദഗ്ധഗണികാജനോ ജയതി."

ഗ്രന്ഥാവസാനത്തിൽ കവി തന്റെ ഗുരുവിനെ സ്മരിക്കുകയും മറ്റും ചെയ്യുന്ന പദ്യങ്ങൾ താഴെ ചേർത്തുകൊള്ളുന്നു.

"പ്രഹസനലക്ഷണലേശൈഃ
സ്പഷ്ടം ചേൽ പ്രഹസനാഭിധാം ലഭതാം;
നോ ചേൽ പുനരന്യദിദം
വിനോദനം പാണിവാദസ്യ. (1)

ശ്രീനാരായണഗുരവ—
ശ്ചരണജുഷേ രാമപാണിവാദായ
പ്രദിശന്തു ശാന്തമതയഃ
പ്രതിഭാം വിദ്വൽസമാസേവ്യാം. (2)

ഗുരുതരദുരിതാണ്ഡവൌഘലവഹനീ
ഗുരുചരണാവനുണാംബുജന്മശോണൌ
പ്രണമതി വിനയാവനമ്രമൂർദ്ധ്നാ
പ്രതിദിനമേഷ ഹി രാമപാണിവാദഃ. (3)

Digitized By Kerala Sahitya Akademi

നാരായണാഭിധാനം
കിമപി പരം ബ്രഹ്മ സകലജനവന്ദ്യം
ദ്ധയതി മനസി നിതാന്തം
ശാന്തമതീരാമപാണിവാദോയം." (4)

കവിയുടെ സാഹിത്യഗുരുവായ ഈ നാരായണൻ ആരെന്നുള്ളതി നെപ്പറ്റി പിന്നീട് ചർച്ചചെയ്യാം.

4. സീതാരാഘവം നാടകം: ഇതു കവി പരിണതപ്രജ്ഞനായ തിനുമേൽ നിർമ്മിച്ച ഏഴങ്കത്തിലുള്ള ഒരു ഉത്തമനാടകമാണ്. വീരമാ ർത്താണ്ഡമഹാരാജാവു കൊല്ലം 931-ൽ നടത്തിയ ആദ്യത്തെ മുറജപ ത്തിനു സന്നിഹിതരായിരുന്ന മലയാളബ്രാഹ്മണരുടെ മുമ്പിൽ അഭിന യിക്കുന്നതിനാണ് ഈ കൃതി നിർമ്മിച്ചതെന്നു കവി പ്രസ്താവനയിൽ വ്യ ക്തമായി ഉപന്യസിക്കുന്നുണ്ട്. പ്രസ്താവനയിൽനിന്നു താഴെ ഉദ്ധര ക്കുന്ന ഭാഗം നോക്കുക.

" സൂത്രധാരഃ—

ശ്രീനാരായണഭട്ടപാദകരുണാ-
പീയൂഷഗണ്ഡൂഷണാ-
ദിഷ്ടാം പുഷ്ടിമുപൈതി യസ്യ കവിതാ-
കല്പദ്രുബീജാങ്കുരഃ;
രാമോ നാമ സ പാണിവാദകുലജ-
സ്തസ്യ പ്രഭ്രതം ഫലം
സീതാരാഘവനാടകാഭിധമിമം
സഭ്യാത്മമഭ്യാനയൽ.

സ്യാനന്ദൂരാഭിധാനേ മഹിതമഹിമനി
ക്ഷീരവാരാന്നിധാനേ
തല്പേ സർപ്പേശത്രുപേ രുചിമതി, പതഗാ-
ധീശയാനശ്ശയാനഃ
ആധാതാ വാഞ്ഛിതാനാമവനിവലഭിദാം
വഞ്ചിഭ്രപാലനാമ്നാ-
മാമ്നായജ്ഞാപകേന സ്തുടമിഹ
വിലസത്യാത്മനാ പദ്മനാഭഃ.

Digitized By Kerala Sahitya Akademi

അധിസ്യാനന്തരം ജയതി ജഗതീപാലനപരം
പരം ജ്യോതിശ്ശീതദ്യുതിധവളശേഷാഹിശയനം;
യദന്തസ്സന്തനവന്നഖിലനൃപതീനാം ന തു പരം
സുരാണാമപ്യൈച്ചരധിവസതി മാത്താണ്ഡനൃപതിഃ.

നടീ: ആയ്യ! യദ്യേവം സ ഖലു നരേന്ദ്രോ രാമചന്ദ്രസ്യ ഭഗവതഃ പത്മനാഭസ്യ കോപി കലാവതാര ഇതി തർക്കയാമി.

സൂത്രധാര :—" തത്ര താവഞ്ചദ്രുപന്യസ്താധികഗുണഗണസമ്പന്നേന, വൈകുണ്ഠതോപ്യതിശയരമണീയതത്തന്നവ്യദ്രവ്യസമ്പൂരിതസ്യാനന്തരമന്ദിരേണ, സർവാത്മനാ പത്മനാഭസമർപ്പിതസമസ്തനിജവിഭവേന; സർവസാമന്തകുലമുകുടമണിമരീചിവീചിനീരാജിതചരണകമലേന, ഇദാനീന്തനേന രാജ്ഞാ വഞ്ചിമാത്താണ്ഡേന, സകലദിഗന്തേഭ്യസ്സമാഹൃത്യ സമധിഷ്ഠാപിതാനാം, സമധീതവേദശാസ്ത്രാണാം, സരസകാവ്യരസമജ്ജനോന്മജ്ജനസജ്ജസജ്ജനഭ്രയിഷ്ഠാനാം, ബ്രാഹ്മണവരിഷ്ഠാനാമതിഗരിഷ്ഠാം ഗോഷ്ഠീമപഹായ കഥ നാമേദമഭിനേതവ്യം? "

ശ്രീപത്മനാഭനേയും തിരുവനന്തപുരത്തേയും മാത്താണ്ഡവർമ്മമഹാരാജാവിനേയും പറ്റിയുള്ള കവിയുടെ ഉജ്ജ്വലമായ ചിത്രണം വഞ്ചിവാസികൾക്കു പ്രത്യേകം രോമാഞ്ചപ്രദമാണ്.

ഈ നാടകത്തിൽനിന്നു് ഏതാനും ചില പദ്യങ്ങൾ ചുവടെ കുറിച്ചുകൊള്ളുന്നു.

ദശരഥൻ വിശ്വാമിത്രനോട്ടു്—

" നിസ്സങ്ഗസ്യ നിഷേധശേഷവപുഷോ
നിത്യസ്യ നിഷ്കർമ്മണഃ
ശർമ്മൈകാനുഭവസ്യ തത്ത്വമമലം
പ്രസ്തൗതി യാ വസ്തുനഃ
ശാന്തിക്ഷാന്തിവിരക്തിമുക്തിജനനീ
വിദ്യാ തവാദ്യാപി സാ
ഹൃദ്യാ ഹൃദ്യവഭാസതേ ഖലു മുനേ!
കോപസ്യ കോയം ക്രമഃ? "

ജനകൻ സീതയോട്ടു്—

Digitized By Kerala Sahitya Akademi

" ഭത്താ കാമം ഭവതു ഭവനേ വാ വനേ വാവനേയി!
പ്രായേണാസ്മ കചന വിഷയസ്സുമ്പദാമാപദാഞ്ച;
സചഞ്ചരന്തോ വാ ഭവതു പരതന്ത്രോഥവാ സർവഥാപി
പ്പായേവൈനം പ്രതിലഗതി യാ കേവലം സൈവ സാധ്വി":

രാവണൻ സീതയെപ്പറ്റി:—

" ലാവണ്യാമൃതസാരണീസരണിഭിർ—
ല്ലാളിത്യനിത്യാസ്പദൈ-
രങ്ഗൈരങ്ഗജകേളിരങ്ഗതളിമൈ—
ശ്ശൃങ്ഗാരശൃങ്ഗാടകൈഃ
അധ്യക്ഷീകൃതസർവയൌവതവപു—
ശ്ശ്രീണാം മദക്ഷ്ണാമപി
പ്രീതിം കാമപി കാമനീയകമയീ
പുഷ്ണാതി തുഷ്ണാവതാം. "

ഭരതവാക്യം:—

" ഇഷ്ടാപൂർത്തൈകതാനോ ഭവതു നിയമിതാ-
ഭാസുരോ ഭൂസുരൌഘോ;
വൃഷ്ട്യാ പുഷ്ണാതു പൃഥ്വീമുചിതഹുതഹവി-
സ്സംഭൃതൌജാ വിഡൌജാഃ;
രക്ഷേദക്ഷീണധർമ്മാ ചതുരുദധിതടീ—
മേഖലാം ഭൂതധാത്രീം
പുണ്യാത്മാ പദ്മനാഭപ്രണിഹിതഹൃദയോ
വഞ്ചിമാത്താണ്ഡവർമ്മാ. !!

" ശ്രീനാരായണഭട്ടഗുരുപാദേഭ്യോ നമഃ !! എന്നുകൂടി ഗ്രന്ഥാന്തത്തിൽ എഴുതിക്കാണുന്നു.

മഹാകവി അശ്വതിതിരുനാൾ യുവരാജാവു തിരുമനസ്സിലേക്കു് ഈ കാവ്യം സുപരിചിതമായിരുന്നുവെന്നുള്ളതു് ഇതിലെ " ജൃംഭാരംഭികുസുംഭ !! ഇത്യാദി പദ്യങ്ങളിൽനിന്നു വിശദമാകുന്നുണ്ടു്.

5. വിഷ്ണുവിലാസം കാവ്യം. ഇതു് എട്ടു സർഗ്ഗങ്ങളിലുള്ള ഒരു കാവ്യവും കവി പാലിയത്തച്ചനെ ആശ്രയിച്ചു ചേന്നമംഗലത്തു താമ

Digitized By Kerala Sahitya Akademi

സിച്ചിരുന്ന കാലത്തു നിർമ്മിച്ചതുമാണു്. ഈ കാവ്യത്തിനു് ഒരു ചെറിയ സംസ്കൃതവ്യാഖ്യാനവും കവിതന്നെ രചിച്ചിട്ടുണ്ടു്. മഹാവിഷ്ണുവിന്റെ ആദ്യത്തെ ഒൻപതവതാരങ്ങളെ അധികരിച്ചുള്ള കഥാസംഗ്രഹമാണു് ഇതിലെ പ്രതിപാദ്യവസ്തു. എട്ടാംസർഗ്ഗത്തിൽ കൃഷ്ണാവതാരകഥ ഒരു ഓട്ടപ്രദക്ഷിണത്തിന്റെ രീതിയിൽ മാത്രമേ ഗ്രഥിച്ചുകാണുന്നുള്ളു. "കല്കിരൂപസ്യ ദശമാവതാരസ്യ ഇദാനീമനിഷ്പന്നത്വാദ്ധി തദനനുകീർത്തനമിതി ദ്രഷ്ടവ്യം." അതായതു കല്കിയുടെ അവതാരം ഇനിമേൽ വരുന്നതാകയാലാണു് അതിനെ അനുകീർത്തനം ചെയ്യാത്തതു്, എന്നു കവി വ്യാഖ്യാനത്തിൽ സമാധാനം പറയുന്നു.

"ചകാസ്തി ചൂണ്ടീസരിതസ്തടേ ശുഭേ
നികേതനം യസ്യ ജയന്തമംഗലം;
സനാതനശ്ചേതസി നഃ പ്രകാശതാം
സ നാരസിംഹം വപുരാസ്ഥിതോ ഹരിഃ.

സടാഛടാ യസ്യ കടാഹവിസ്ഫുര-
ത്സ്ഫുലിംഗസന്തിഷ്ണേത്രപുടാരുണാംശുഭിഃ
വിഭാതി ലിപ്സാ, ഗിരിരാജഗൈരിക-
പ്രഭാനുവിദ്ധേവ ശരൽഘനാവലീ.

കരോതു നാരായണഭട്ടദേശിക-
പ്രസാദനിർദ്ദോഷതുഷാരദീധിതിഃ
മദന്തരിന്ദൂപലമുക്തിമാധുരീ-
സ്ഥിരീപരിഷ്യന്ദിതയാതിസുന്ദരം.

നവാംബുദശ്യാമളകോമളത്വിഷോ
നവാവതാരാനനുകീർത്തയേ ഹരേഃ;
നവാർത്ഥകൗശലഃ പുനരസ്തു വാ ന വാ;
ന വാമതാം യാന്തി ബുധാ വിമൽസരാഃ." !!

ഇത്യാദി പദ്യങ്ങളിൽ കവി പെരിയാറ്റിൻകരയിൽ ചേന്നമങ്ങലത്തു വിലസുന്ന നരസിംഹസ്വാമിയേയും തന്റെ ഗുരുവായ നാരായണഭട്ടതിരിയേയും വന്ദിക്കുന്നു. ഗ്രന്ഥാവസാനത്തിൽ

"ശ്രീമദ്ഗ്രാമകുബേരനാമസുമതി-
ശ്രീപാലിയശ്രീപതി-

Digitized By Kerala Sahitya Akademi

പ്രീതിസ്സ്ഫീതതമോദ്യമേന കലിതം
കേനാപി നാനാരസം
കാവ്യം വിഷ്ണുവിലാസനാമ കമലാ-
ജാനേഃ കഥാവർണ്ണനം
പൂർണ്ണം ഹന്ത! ജയന്തമങ്ശലമഹാ-
വിഷ്ണോഃ കൃപാനുഗ്രഹാൽ. ''

എന്നൊരു പദ്യം കാണുന്നതിൽനിന്നു പാലിയത്തു കുബേരൻ എന്ന ബിരുദത്താൽ വിദിതനായിരുന്ന രാമനച്ചന്റെ ആജ്ഞ അനുസരിച്ചാണു് രാമപാണിവാദൻ ഈ കൃതി നിർമ്മിച്ചതെന്നു തെളിയുന്നു. വേറെ രണ്ടു ശ്ലോകങ്ങൾകൂടി ഈ കൃതിയിൽ നിന്നു് ഉദ്ധരിക്കാം.

നരസിംഹാവതാരം.

പർജന്യജന്യകട്ടഗർജനതർജനോർജ-
സ്ഫൂർജത്തരഃ സ്ഫുടനിരുദ്ധകുലാദ്രിരന്ധ്രഃ
ദിക്ഷംഭികർണകുഹരത്രുടനപ്രവീണഃ
സ്ഥൂണോദരാദജനി കോപി തദാ നിനാദഃ. ''

പരശുരാമനും കേരളവും.

മഹേന്ദ്രധരണീധരേ മഹിതമസ്ത്രശസ്ത്രാദികം
നിധായ വസുധാമദാദവനിനിർജരേഭ്യോ മുനിഃ;
തതശ്ച വിശിഖാനലഗ്ലപിതവാരിതോ വാരിധേ-
രപാകൃത കൃപാനിധിർവിപുലസമ്പദഃ കേരളാൻ. ''

"വിപുലസമ്പദഃ" എന്ന വിശേഷണം കേരളത്തിനു പ്രയോഗിച്ച കവിയുടെ ഉചിതജ്ഞതയും ദേശാഭിമാനവും ഒന്നുപോലെ അഭിനന്ദനീയമായിരിക്കുന്നു. ഈ കാവ്യത്തിനു " വിഷ്ണുപ്രിയാ " എന്നൊരു വ്യാഖ്യാനം കവി നിർമ്മിച്ചിട്ടുണ്ടു്.

6. രാഘവീയം. ഇതാകുന്നു രാമപാണിവാദന്റെ അതിപ്രധാനമായ കൃതി. സീതാരാഘവത്തിലെന്നതുപോലെ രാമായണം തന്നെയാകുന്നു ഇതിലും കഥാവസ്തു. 20 സർഗ്ഗങ്ങളിലായി 1572 പദ്യങ്ങൾ ഈ കൃതിയിൽ അടങ്ങീട്ടുണ്ടു്. ഇത്ര ദീർഘവും ഇത്ര രമണീയവും ആയ ഒരു മഹാകാവ്യം യാതൊരു പ്രാചീനകേരളീയകവിയുടെ തൂലികയിൽ

Digitized By Kerala Sahitya Akademi

നിന്നും നിശ്ശ്രമിച്ചിട്ടില്ല. പ്രസാദഗുണംകൊണ്ടു ശ്രീകൃഷ്ണവിലാസത്തോടും, വ്യംഗ്യഭംഗികൊണ്ടു രഘുവംശത്തോടും കിടനിൽക്കുന്ന ഒരു കാവ്യതല്ലജമാണു് രാഘവീയം എന്നു ചുരുക്കത്തിൽ പറയാം. ഇതിലേ ഏതാനും ഭാഗങ്ങൾ ചൊല്ലിക്കേൾപ്പിച്ചു കഴിഞ്ഞ പരിഷദ്വാരത്തിൽ കോട്ടയ്ക്കൽ സാമൂതിരിക്കോവിലകത്തുവച്ചു പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മാ കടത്തനാട്ടു ശങ്കരവർമ്മതമ്പുരാൻ മുതലായ സഹൃദയശിരോമണികളെ ക്ഷണേന അപഹൃതചിത്തവൃത്തികളാക്കുവാൻ എനിക്കു സാധിക്കുകയുണ്ടായി. മാതൃകയ്ക്കായി ചില ഭാഗങ്ങൾ ആ ഗ്രന്ഥത്തിൽനിന്നുദ്ധരിക്കാം.

വിശ്വാമിത്രൻ—

“ തതഃ സ്ഫുരൽപിംഗജടാകലാപം
കൺഠാവതംസസ്ഫടികാക്ഷസൂത്രം
വഹന്തമഭ്യാശവലദ്വലാകം
സന്ധ്യാരുണം മേഘമിവോത്തമാംഗം; (1)

തപഃകൃശാമപ്യതനുപ്രവൃദ്ധൈ-
സ്സന്തമന്യനാം ദധതം മഹോഭിഃ
നിദാഘശുഷ്കാമപി പുണ്യതോയാം
ശമീമിവാലീനശിഖിപ്രകാശൈഃ; (2)

അജസ്രസങ്കീർത്തനയാജനാനാം
മുഖാദ്വേദസ്ഫുരിതാധരോഷ്ഠാൽ
നിസർഗ്ഗശുഭ്രം ദശനാംശുജാല-
മന്തസ്ഥപശ്യൂദ്ധമിവോൽക്കിരന്തം; (3)

കുശാഗ്രദീർഘേണ കരാഞ്ചലേന
ദ്രാഘീയസീമംബുജബീജമാലാം
ശാപാക്ഷരാളീമിവ മേചകാഭാ-
മനേകവാരം പരിവർത്തയന്തം; (4)

ചൂഡാഗ്രജാഗ്രൽകരകോരകാണാം
ദത്താധ്വനാം ദൂരവിസർപ്പണേന
പുരൌകസാം ഭക്തിമതാം മുഖേഷു
സാനുഗ്രഹം ദർശനമർപ്പയന്തം: (5)

Digitized By Kerala Sahitya Akademi

കപ രാജസിംഹോ വലവൈരിബന്ധു-
രിത്യന്തികസ്ഥേഷു കൃതാനുയോഗം
മുനിം സമേത്യാഭിഹിതസ്വനാമാ
ന്യാഷ്ടാംഗപാതം പ്രണനാമ രാജാ." (6)

(2) താടക—

" അഥ തദ്ധ്വനിരുദ്ധകണ്ഠ്യയാ
സഹസാ വിദ്രുതമുദ്രനിദ്രയാ
രുധിരാസവപാനമത്തയാ
നയനോദ്യദ്ദഹനസ്ഫുലിംഗയാ; (1)

ഭ്രമണക്വണിതാന്ത്രമാലയാ
നഖരാഗ്രത്രുടിതാഭ്രജാലയാ
നിബിഡോരുനിപാതപാതിത-
ദ്രുമപാഷാണനിരുദ്ധമാഗ്ര്യയാ; (2)

പ്രവിദാരിതവക്ത്രഗഹ്വര-
സ്ഫുരദസ്രാരുണഘോരദംഷ്ട്രയാ
കരപീഡിതമാംസനിസ്സരൽ-
ക്ഷതജാപ്യായിതദീഘ്ലജിഹ്വയാ; (3)

സ രുഷാ പരുഷാട്ടഹാസയാ
പുരുഷാസ്ഥിവ്രജമാംസ്വളാംസയാ
ദ്രുതമാഗതയാ വനാന്തരാൽ
സ മനസ്താടകയാഭ്യഭ്രയത." (4)

(3) ദണ്ഡകാരണ്യം—

" അഥ സ്തംഭൈരിവോത്തുംഗൈ-
രംബരസ്യാതിഭ്രയസഃ
തൽപാതശങ്കിനാ ധാത്രാ
സ്വഷ്ടൈസ്തരുഭിരാവൃതം; (1)

പഞ്ചാസ്യനഖരാവിദ്ധ-
ഹസ്തിമസ്തകനിസ്സ്യന്ദസ്വതൈഃ

Digitized By Kerala Sahitya Akademi

പകപ്രദാഡിമബീജാഭൈ-
സ്സുരക്തൈത്തൈരൗക്തികൈശ്ചിതം; (2)

തരക്ഷുവദനാകൃഷ്ട-
മൃഗശോണിതബിന്ദുഭിഃ
സിന്ദൂരിതോച്ചപാഷാണ-
കൂടകൂടദ്വിപാനനം; (3)

സുപ്തവ്യാഹസനിശ്വാസൈ-
രുൽഗീർണ്ണവിഷവഹ്നിഭിഃ
ഗുഹാസു തിമിരോദ്ദ്യോത-
പഢ്യായോന്മേഷഭീഷണം; (4)

മുഖോദരബഹിഷ്പാതി
ദീർഘജിഹ്വൈരിതസ്തതഃ
ഉൽക്രാന്തജീവിതൈർവ്യാപ്തം
ഹരിണൈർവ്യാധപാതിതൈഃ; (5)

വരാഹഘ്രോണപഢ്യസ്ത-
മുസ്താസുരഭിമാരുതം;
ലുലായഖുരവിക്ഷുണ്ണ-
വല്മീകോദ്ഗതപന്നഗം; (6)

കണ്ഡൂലചണ്ഡവേതണ്ഡ-
ഗണ്ഡകണ്ഡൂതിഖണ്ഡിതൈഃ
അകാണ്ഡപതിതൈർവൃക്ഷൈ-
രുദ്യച്ചടചടായിതം; (7)

ഭയസ്യൈവോചിതം സ്ഥാനം
മൃത്യോരിവ നികേതനം
ഉപവിന്ധ്യാചലം രാമോ
ദണ്ഡകം വനമാവിശൽ.!! (8)

Digitized By Kerala Sahitya Akademi

(4) ലങ്ക—

" തത്രാഗ്രേ തരുണമണിച്ഛടാമരീചി-
വ്യാജേന പ്രഹസിതശക്രലോകശോഭാം
സപ്രൌഢപ്രമദമദാന്ധയാതുധാന-
വ്യാകീർണ്ണപ്രചുരസുവർണ്ണഹർമ്യരമ്യാം; (1)

ഉത്താളധ്വജപടജാതമാതരിശ്വ-
വ്യാധൂതത്രിദശധുനീവിനിസ്സൃതാനാം
നിഷ്യന്ദൈരനിശമപാമപാകൃതോഷ്ണ-
രുദ്യാനൈരുപഹിതഘർമ്മമർഘ്യാതാം; (2)

സ്വർബന്ദീനയനജവാരിധോരണീഭി-
ശ്ശുഷ്യന്തീരുപവനവൃക്ഷവീരുദാളീഃ
പൌരസ്ത്രീമുഖവിധുസന്നിധാനവാതൈ-
സ്സിഞ്ചന്തീമമൃതകരോപലാംബുപൂരൈഃ; (3)

പ്രാഗത്ഭ്യാദനുകൃതശക്രശുക്രജിൽകൈ-
രന്യോന്യപ്രധനവിഡംബനപ്രവീണൈഃ
സുവ്യക്തപ്രവിഹിതജയ്യജേതൃചേഷ്ട-
രാകൻഠസ്ഥവിരഹസാം നിശാടഡിംഭൈഃ; (4)

* * * * * * *

ഘ്രോണാന്തർവിവശവിനിഷ്പതൽസമീര-
പ്രക്ഷുഭ്യജ്ജലനിധിതുംഗവീചിഭങ്ഗൈഃ
കൃത്രാപി പ്രകഥിതകുംഭകർണ്ണനിദ്രാ-
മദ്രാക്ഷീദമരവിരോധിരാജധാനീം. !!

(5) അഴകിയരാവണൻ സീതയോട്ട്:—

വിഹായ മാമുൽപതതാമസൂനാം
ദയസ്വ ഹേ! മാനിനി! മാമകാനാം;
തതോധികോ യസ്തവയി മേ പ്രസാദ-
സ്സ ഏവ തേഷാമപരാധഹേതുഃ. (1)

ശിലോച്ചയേപ്യപ്രതിബന്ധവീര്യം
തദപ്യമോഘം കുലിശം മഘോനഃ;

Digitized By Kerala Sahitya Akademi

യസ്യ സ്ഥിരേ വക്ഷസി കുണ്ഡമാസീ-
ത്തം ജേതുമീഷ്ടേ കുസുമായുധോ മാം. (2)

വേലാസമുൽക്ഷിപ്തകുബേരശൈലാ-
ബലാൽകൃതാശേഷസുരാവരോധാഃ
അമീ ഭുജാസ്സന്ത്യപി മേ ന സന്തി
സ്മരം നിരോദ്ധും ന യതഃ ക്ഷമന്തേ. (3)

ഐരാവതസ്യാദ്രിതടദ്രുഢിമ്നാ
കുംഭദ്വയേനാഹതമപ്യഭീക്ഷ്ണം
വക്ഷോ മമ ത്വൽകുചകുംഭയുഗ്മ-
സംഘർഷമപ്രാപ്യ ന മാം ധിനോതി. (4)

ഇമമ്മനാഗ്രന്ഥമയാനനേന്ദു-
മാനന്ദനം സുന്ദരി! ചക്ഷുഷാം നഃ
യസ്യ പ്രകാശേ സതി നിഷ്പ്രകാശോ
നാലം തഥാ താപയിതും ശശാങ്കഃ. (5)

വദസ്വ കിഞ്ചിദ്വരവർണ്ണിനി! ത്വം
യേനാധുനാ ശാന്തിമുപൈതു ദർപ്പഃ
അമന്ദമാകന്ദമധൂപയോഗാ-
ദ്വികസ്വരാണാഞ്ച പികസ്വരാണാം. (6)

* * * * * *

മനുഷ്യമാത്രപ്രവണാശയത്വാ-
ജ്ജഗൽപതിമ്മാമവമന്യമാനാ
ഖദ്യോതമാരാധയസി ത്രിസന്ധ്യം
പ്രദ്യോതനേ സത്യപി ദീപ്യമാനേ. (7)

കനീയസാ ശക്തിമതാ സ്വരാജ്യാ-
ന്നിഷ്ക്രാസിതശ്രീഷ്ടഫലാശനസ്ത്വാം
മയാ ഹതാം കേസരിണാ യഥൈണീം
ത്രാതും പ്രഗത്ഭേത കഥം സ രാമഃ. (8)

* * * * * *

Digitized By Kerala Sahitya Akademi

അബുദ്ധപദ്മാമിവ പദ്മവാടി-
മമഞ്ജരീകാമിവ ചൂതശാഖാം
അചന്ദ്രപാദാമിവ യാമിനീം ത്വാ-
മഭ്രഷണാമേവമവേക്ഷ്യ ദൃയേ. (9)

പ്രചേതസാ മേ പ്രഹിതൈരുദാരൈ-
ഷ്ഷ്ഷാണ്മാസികൈരിന്ദുകരാവദാതൈഃ
മുക്താഫലൈർഗ്ഗുംഭിത ഏഷ ഹാരോ
വിനാ കച വിശ്രാമ്യതു തേ സ്തനാഭ്യാം? (10)

സമിദ്ധരാഗഃ സഹജൈണൈഃ, പരേഷാം
ഗുണാംസ്തൃണായാപി ന മന്യമാനഃ,
നാസാമണിശ്ചൈഷ മദേകധന്യാ
ബിബോഷ്ഠമാകാംക്ഷതി ചുംബിതും തേ. (11)

'യദേകമാധ്യംകരണം ഗരീയോ
മമ പ്രസാദീകൃതവാൻ കുബേരഃ
തദേതദുത്തംസയ ശോണരത്നം
പ്രാചീ ഹരിൽ പ്രാതരിവാക്ബിംബം". (12)

6. ഗ്രന്ഥാവസാനം:—

" ചിത്താനന്ദം കല്മഷശമനം കാമദം വാമദേവ-
പ്രീതേരേകം കരണമുചിതം കാരണം സമ്പദാഞ്ച
ദീർഘായുഷ്യം, കിമിഹ ബഹുനാ? സർവദാ സർവദം വഃ
ശ്രേയോ ദേയാദനുപമമിദം രാഘവീയം ചരിത്രം. "

സീതാരാഘവവും രാഘവീയവും കവിയുടെ മാതുലനായ രാഘവൻ നമ്പിയാരുടെ നാമധേയവുമായി ഘടിപ്പിക്കപ്പെട്ടിരിക്കുന്നു. രാഘവീയത്തിനു " ബാലപാഠ്യാ " എന്നൊരു വ്യാഖ്യാനവും പാണിവാദൻ രചിച്ചിട്ടുണ്ട്.

7. മുകുന്ദശതകം. 8. ശിവശതകം. പാണിവാദൻ കുറേക്കാലം മുരിയനാട്ടു നമ്പിയാരുടെ ആശ്രിതനായി മുകുന്ദപുരത്തു താമസിച്ചിരുന്നു. അക്കാലത്തു നിർമ്മിച്ചതാണ് ഈ രണ്ടു ശതങ്ങളും. ഉദാഹരണത്തിനു രണ്ടു ശ്ലോകങ്ങൾ താഴെ ചേർത്തുകൊള്ളുന്നു.

Digitized By Kerala Sahitya Akademi

" സർവാന്തർവിചരിഷ്ണവേ സമതയാ സർവത്ര വർത്തിഷ്ണവേ
ഭക്തൗഘപ്രസഹിഷ്ണവേ ഭവഭയം നിർദ്ധൂയ വർദ്ധിഷ്ണവേ
കൃഷ്ണായാധികധൃഷ്ണവേ കൃതധിയാം വൃന്ദായ രോചിഷ്ണവേ
ദേവേശ! പ്രഭവിഷ്ണവേ ഭഗവതേ തുഭ്യം നമോ വിഷ്ണവേ. "

" അതിവിതതവിരാജന്മാംസളാംസസ്ഥലീക–
സ്ഥൂടതരളവിളംബിശ്യാമപട്ടോത്തരീയഃ
മുരഹര! തവ കണ്ഠഃ കംബുബിംബോകഹാരീ
ഹരതു ദുരിതയോഗാദാഗതാം രോഗിതാം മേ. "

അവസാനശ്ലോകം.

" രാമോ യൽ പാണിവാദോ ഗുരുചരണസരോ–
ജന്മരേണുപ്രസാദാ–
ദേതാവദവിഷ്ണുപാദസ്തവമപി ച ശിവ
സ്തോത്രമേതദ്വ്യതാനീൽ
പ്രീത്യൈ ഭൂയാൽ ബുധാനാം തദിദമഘ–
ഹരം ചാസ്തു നിസ്തന്ദ്രമേത–
ന്നിത്യം ഭക്തിപ്രകർഷോത്തരമനുപഠതാ–
മീഹയാ ദേഹഭാജാം. "

9. ശ്രീകൃഷ്ണവിലാസവ്യാഖ്യാ വിലാസിനി. ഈ വ്യാഖ്യാനം ശ്രീകൃഷ്ണവിലാസം ആദ്യത്തെ നാലു സർഗ്ഗങ്ങൾക്കുമാത്രമേ കണ്ടിട്ടുള്ളു. നാലാംസർഗ്ഗത്തിന്റെ വ്യാഖ്യാനാന്തത്തിൽ

" ദേവക്യാ ഘനസന്തതേരിവ ജവാ–
ദാവിർഭവൻ ഗർഭതഃ
സന്തനന്നഭിവർദ്ധനഞ്ച ജഗതാ–
മംഭോനിധീനാമിവ
ആപീതദ്യുതിരംഗനാജനദൃശാം
ചക്രൈശ്ചകോരൈരിവ
ശ്രീമാനിന്ദുരിവേന്ദിരാസഹചരോ
ബാലശ്ചിരം പാതു വഃ. "

Digitized By Kerala Sahitya Akademi

എന്നൊരു പദ്യം പാണിവാദന്റെ വകയായി കാണുന്നതിൽനിന്നു് ഉപരിസൂചിതങ്ങൾ അദ്ദേഹത്തിന്റെ വ്യാഖ്യയ്ക്കു വിഷയീഭവിച്ചില്ല എന്നു് ഊഹിക്കാം. വ്യാഖ്യാനാരംഭത്തിൽ താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ കാണുന്നു.

" ഗുരുണാ ഭൂസുരേന്ദ്രേണ
കല്പിതം ക്ഷേത്രമുത്തമം
അദ്ധ്യാസീനം നമസ്കുർവേ
സർവേശം ശശിശേഖരം.
ശ്രീനാരായണഗുരുവര–
കരുണാപാത്രേണ പാണിവാദേന
ശ്രീകൃഷ്ണവിലാസസ്യ
ക്രിയതേ ടീകാ വിലാസിനീനാമ്നാ.
സുകുമാരകവേർവാചാം
വിലാസഃ കൃഷ്ണഗോചരഃ
സുകുമാരപദാത്ഥശ്രീ–
ശ്ലേമുഷീം മേ വിശോധയേൽ. "—

" യത്രോദ്യതാനാം കുസുമാപചായേ
കാന്താസു കല്പദ്രുമവാടികാസു
വിഭാന്തി സൂത്രാമവിലാസിനീനാം
പദാനി ലാക്ഷാരസപാടലാനി "

എന്ന കൃഷ്ണവിലാസപദ്യത്തിനു "കുസുമാപചായേ—പുഷ്പോച്ചയേ " ഹസ്താദാനേ ചോരസ്തേയ " ഇതി ന്യായാൽ അധഃസ്ഥിതാനാമേവ ഹസ്തേ ന പുഷ്പാപചയോ യുജ്യതേ. " എന്നും മറ്റും സമഞ്ജസമായി അർത്ഥകല്പനം ചെയ്യുന്ന വ്യാഖ്യാതാവിന്റെ സഹൃദയത്വം ശ്ലാഘനീയമായിരിക്കുന്നു. " ഗുരുണാ ഭൂസുരേന്ദ്രേണ " ഇത്യാദി പദ്യത്തിൽ സൂചിപ്പിക്കുന്ന ദേവാലയം കിള്ളിക്കുറിശ്ശിമംഗലത്തെ ശിവക്ഷേത്രമായിരിക്കണം.

10. ധാതുകാവ്യവ്യാഖ്യാ–വിവരണം. ഈ വ്യാഖ്യാനവും സമഗ്രമാണെന്നു തോന്നുന്നില്ല. ഒന്നിൽചിലപാനം സർഗ്ഗത്തിനുള്ള വ്യാഖ്യാനമേ എനിക്കു കാണ്മാൻ ഇടവന്നിട്ടുള്ളു. ഇതിന്റെ ആരംഭത്തിൽ കാണുന്ന ശ്ലോകങ്ങൾ താഴെ ചേർത്തുകൊള്ളുന്നു.

Digitized By Kerala Sahitya Akademi

" അനേകപ്രക്രിയാരൂപ-
മപരിച്ഛേദ്യഗൌരവം
നിർമ്മമേ യേന സർവസ്വം
വസ്തുവസ്മൈ ബ്രഹ്മണേ നമഃ.

ശ്രീനാരായണകവിനാ
രചിതം യദ്ധാതുകാവ്യമതിഭവ്യം
ക്രിയതേ തസ്യ വിവരണം
കിമപി മയാ പാണിവാദേന. "

ഒന്നാംസർഗ്ഗത്തിന്റെ വ്യാഖ്യാനസമാപ്തിയിൽ—

" ശ്രീനാരായണനാമധേകോപരിനവ-
ഗ്രാമസ്വധാമാധിപ-
ക്ഷോണീദേവകവിപ്രകാണ്ഡകലിതം
യദ്ധാതുകാവ്യം ശുഭം
വ്യാഖ്യാ തസ്യ തു പാണിവാദരചിതാ
സംക്ഷേപരുചൈവ യാ
തസ്യാം പ്രാഥമികോ നികാമഗുരുതാ-
ദുർഗ്രോ ഹി സർഗ്ഗോഽയമൽ. "

പ്രക്രിയാസർവസ്വകാരനായ മേല്പുത്തൂർ നാരായണഭട്ടതിരയുടെ പേരിൽ കവിക്കണ്ടായിരുന്ന ഭക്തി എത്രമാത്രമെന്നു സാക്ഷാൽ ജഗൽസ്രഷ്ടാവായ ബ്രഹ്മാവിനോട്ട് അദ്ദേഹത്തെ പാണിവാദൻ ആദ്യത്തെ പദ്യങ്ങളിൽ തന്നെ ഉപമിക്കുന്നതിൽനിന്നു ഗ്രഹിക്കാം.

11. രാസക്രീഡ. 12. വൃത്തവാർത്തികം—വൃത്തശാസ്ത്രഗ്രന്ഥങ്ങൾ. രാസക്രീഡ വൃത്തങ്ങൾക്കു് ഉദാഹരണശ്ലോകങ്ങളെ പ്രദർശനം ചെയ്യുന്ന ഒരു കാവ്യമാണു്. ഇതിന്റെ അനുഷ്ടുഭപ്രകരണത്തിൽ നാലു പരിച്ഛേദങ്ങളിലായി 276 പദ്യങ്ങൾ അടങ്ങീട്ടുണ്ടു്. മറ്റു പ്രകരണങ്ങൾ ഗ്രന്ഥകാരൻ നിർമ്മിച്ചില്ലെന്നാണു് ഉദ്ദേശിക്കേണ്ടിയിരിക്കുന്നതു്. ഈ ഗ്രന്ഥത്തിൽനിന്നു ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം.

" ഭാസപദ്യംശാദാവിർഭൂതം
ഭാസപദ്മപം മുക്താരത്നം

Digitized By Kerala Sahitya Akademi

സീതാവക്ഷോജാലങ്കാര-
ശ്ശ്രീരാമോ വശ്ശ്രേയോ ദദ്യാൽ.

അഹം വിഷ്ണോരാസക്രീഡാ-
മഹംമോഹാദാചക്ഷാണഃ
പരീഹാസസ്യൈകം പാത്രം
ഭവിഷ്യാമി പ്രജ്ഞാഭാജാം.

കളകളകാഞ്ചീകങ്കണജാലം
മധുരവിഹാരം മാനസചോരം
കമപി പുമാംസം കാമസമാനം
നവഘ്നനനീലം ബാലമുപാസേ. "

" മ്യരസ്തജഭ്നഗൈർലാന്തെ-
രേഭിർദശഭിരക്ഷരൈഃ
സമസ്തം വാങ്മയം വ്യാപ്തം
ത്രൈലോക്യമിവ വിഷ്ണുനാ. "

എന്ന പദ്യം ഈ ശാസ്ത്രകാരൻ കവിതാത്തിൽനിന്നു ശാസ്ത്രനിർമ്മാണസന്ദർഭത്തിലും വിമുക്തനല്ലെന്നു് ഉച്ചത്തിൽ ഘോഷിക്കുന്നു. പ്രക്രിയാസർവസ്വകാരന്റെ ശൈലിയും ഇതുതന്നെയാണു്.

കാരികകളും അവയ്ക്കു വ്യാഖ്യാനവുമടങ്ങിയ ഒരു ശാസ്ത്രഗ്രന്ഥമാണു് വൃത്തവാർത്തികം.

" അനന്തഭക്തിപ്രവണാന്തരംഗാ-
നനന്തരായാജ്ജിതപുണ്യപൂരാൻ
അനന്തവാഗ്ഗുണകണ്ഠധാരാ-
നനന്തധാമ്നസ്സുഹൃതോനുപാസേ.

ബാലാനാമുപയോഗാർത്ഥം
യാ കൃതാ വൃത്തകാരികാ
ഉദാഹരണയോഗേന
സ്വാ മയാ പൂരയിഷ്യതേ.

Digitized By Kerala Sahitya Akademi

ഇഹ താവൽ പിംഗലാദിഭിരാചാര്യൈന്നിബദ്ധാനാം ലൌകികാനാം വർണ്ണമാത്രാവിഭാഗഭാജാം ഛന്ദസാം പ്രപഞ്ചേഷു, കാവ്യാദിപ്രയോഗ സോപയോഗാനി കാനിചിച്ഛന്ദാംസി വേത്തുകാമഃ കശ്ചിദാത്മ ഗുരുപരദേവതാനുസ്മരണപൂർവകം പ്രാരീപ്സിതം പ്രതിജാനീതേ.'' എന്ന വ്യാഖ്യാനത്തിന്റെ ആരംഭത്തിൽ കവി പ്രസ്താവിക്കുന്നു. ഇതിൽ നിന്നു് ഈ ഗ്രന്ഥത്തിൽകാണുന്ന

" ഭവേദുപേന്ദ്രവജ്രാദേ-
രോജോന്തേഷു വികല്പതഃ
നിയമേനേതരേഷ്വന്ത്യ
ഗുരുത്വമപി കല്പിതം. "

ഇത്യാദി പദ്യങ്ങളാണു് വൃത്തകാരികയിൽപ്പെട്ടവ് എന്നും ഊഹിക്കാം. വൃത്തവാർത്തികത്തിൽ ഉപേന്ദ്രവജ്ര, ഇന്ദ്രവജ്ര, ഉപജാതി, വസന്തതിലകം ഈ വൃത്തങ്ങളിൽ മാത്രമേ പ്രഥമതൃതീയപാദാന്ത്യവർണ്ണങ്ങൾ ഗുരുക്കളോ ലഘുക്കളോ ആകാവൂ എന്നും മറ്റു വൃത്തങ്ങളിൽ അവ ഗുരുക്കളായിത്തന്നെയിരിക്കണമെന്ന നിയമമുണ്ടെന്നും

" കേകയാ ച ശിഖിനാം മുദ്ഗുത-
കേതകീയസുമനോമരുതാ ച "

എന്ന പദ്യത്തിൽ തകാരം ലഘുവായി പ്രയോഗിച്ചിരിക്കുന്നതു് അസാധുവാണെന്നും മറ്റും പാണിവാദൻ ഒരു കവിയുടെ സൂക്ഷ്മദൃഷ്ടിയോടുകൂടി സമഞ്ജസമായി ഉപന്യസിച്ചിരിക്കുന്നു. ഒടുവിൽ,

" വൃത്തശാസ്ത്രപ്രപഞ്ചാനാം
ദിങ്മാത്രമിഹ ദർശിതം
യേന തീർത്ഥേന ബാലോപി
ശാസ്ത്രാബ്ധിമവഗാഹതേ. "

പിങ്ഗലജനാശ്രയാദിഭിരാചാര്യൈസ്സവിസ്തരമുപനിബദ്ധത്വാൽ ബഹുലീഭൂതാനാം ഛന്ദശ്ശാസ്ത്രാണാം ദിങ്മാത്രം മാത്രമത്ര ദർശിതം; യേനൈവ തീർത്ഥേന അവതാരേണ ബാലോപ്യജ്ഞോപി ശാസ്ത്രമേവാബ്ധിമവഗാഹതേ അവതരതി; പ്രമുദ്ധ്യോപി ദിങ്മാത്രദർശനദ്വാരാ സ്വാഭീഷ്ടം പ്രാപ്നോതീതി സകലം മംഗലം.

Digitized By Kerala Sahitya Akademi

വിഭാവ്യ വൃത്തശാസ്ത്രാണി
തേഭ്യസ്സംക്ഷിപ്യ ചോദ്ധൃതം
രാമേണ പാണിവാദേന
തദേതദ്വൃത്തവാർത്തികം.

എന്നു കവി തന്റെ വ്യവസായത്തെ ഉപസംഹരിക്കയും ചെയ്യുന്നു.

മേൽ പ്രസ്താവിച്ച സംഗതികളിൽനിന്നു രാമപാണിവാദൻ ഒരു പണ്ഡിതസാർവഭൌമനും മഹാകവിമൂർദ്ധന്യനുമായിരുന്നു എന്നു വിശദമാകുന്നുണ്ടല്ലോ. കേരളീയസംസ്കൃതകവികളിൽ ശങ്കരാചാര്യർ, മേല്പുത്തൂർ നാരായണഭട്ടതിരി ഇവരെ ഒഴിച്ചാൽ അടുത്ത സ്ഥാനത്തിനു് അവകാശി ഇദ്ദേഹമാണെന്നു ധൈര്യപൂർവം പറയാം. ഭാരതീയകവികേസരികളുടെ ഗണനയിലും സ്മരണീയമായ ഒരു പദത്തിനു് ഇദ്ദേഹം അവകാശിയാണു്.

ഇനി രാമപാണിവാദൻ ഭാഷാകവിതകളെന്തെങ്കിലും ഉണ്ടാക്കീട്ടുണ്ടോ എന്നു പരിശോധിക്കാം. പഞ്ചതന്ത്രം, വിഷ്ണുഗീത ഈ രണ്ടു കിളിപ്പാട്ടുകൾ ഇദ്ദേഹത്തിന്റേതെന്നു് ഒരു വിധം തെളിഞ്ഞിരിക്കുന്നു. പഞ്ചതന്ത്രം രാമപാണിവാദന്റെ കൃതിയാണെന്നുള്ളതിനു്,

" പഞ്ചതന്ത്രം നീതിശാസ്ത്രം
ഭാഷയാ സന്നിവേശിതം
രാമേണ പാണിവാദേന
ബാലാനാം ബോധഹേതവേ. "

എന്നു കൊച്ചി ആമ്പല്ലൂർ എളേടത്തു നംപൂരിയുടെ വക ഒരു പഴയ പഞ്ചതന്ത്രം താളിയോലഗ്രന്ഥത്തിൽ കാണുന്നതിൽനിന്നു് അനുമാനിക്കാവുന്നതാണു്. മഹാകവി അശ്വതിതിരുനാൾ ഇളയതമ്പുരാൻ പഠിച്ച പഞ്ചതന്ത്രത്തിന്റെ കൈയെഴുത്തു (താളിയോല) പകർപ്പു് എനിക്കു കാണ്മാൻ ഇടവന്നിട്ടുണ്ടു്. എഴുത്തച്ഛന്റെ ശൈലിയിൽനിന്നു വിഭിന്നവും, എന്നാൽ പ്രസന്നമധുരവും ഫലിതസമ്മിശ്രവും ശബ്ദസുന്ദരവും വർണ്ണനോപബൃംഹിതവുമായ ഒരു രീതിയാണു് രാമപാണിവാദൻ ഭാഷയിൽ സ്വീകരിച്ചുകാണുന്നതു്. വിഷ്ണുഗീത വിഷ്ണുവിലാസത്തിന്റെ ഒരു ഏകദേശഭാഷാവിവർത്തനമാണു്.

" ചൂണ്ടിതടാതേ ജയന്താലയേശ്വരൻ
ചൂണ്ടീകൃതാശേഷദേവാരിമണ്ഡലൻ

Digitized By Kerala Sahitya Akademi

പൂണ്ണാമലാനന്ദപീയൂഷവാരിധി
പൂണ്ണാമൃതാംശുപ്രകാശൻ പുരാതനൻ

* * * * *

പൂണ്ണാവതാരങ്ങൾ പത്തും പറക നീ
പൂണ്ണേന്ദുസുന്ദരാകാരമാമന്നമേ!
ശ്രീകുബേരാഖ്യനാം പാലിയാധിശന്റെ
ശ്രീകുലാഡംബരം ചെമ്മെ വരുത്തുന്ന
ശ്രീകാന്തദേവൻ ജയന്തീലയേശ്വരൻ
ശ്രീകണ്ഠസേവിതൻ ശ്രീനൃസിംഹാകൃതി
ശ്രേയസ്സുനല്കും നിനക്കിന്നഹംസമേ! "

എന്ന കവി അരയന്നത്തോട് അപേക്ഷിക്കുന്നു. ഇതിനു ഹംസം;

" കല്കിരൂപാവതാരം കഴിഞ്ഞീലതു
നിൽക്കട്ടെ മറുള്ളതൊക്കവേ റചാല്ലുവൻ. "

എന്നു മറുപടി പറഞ്ഞുകൊണ്ടു തന്റെ ഗീത ആരംഭിക്കുന്നു. ഈ തിക്കും കുഞ്ചൻനമ്പിയാരുടെ തുള്ളലുകൾക്കും കാണുന്ന അന്യാദൃശ യ സാദൃശ്യം മേൽ ഉപപാദിച്ചുകൊള്ളാം.

ശിവപുരാണം കിളിപ്പാട്ടും നളചരിതം കിളിപ്പാട്ടും, പഞ്ചതന്ത്രം, വിഷ്ണുഗീത ഈ കൃതികൾ രചിച്ച തുലികയിൽനിന്നു തന്നെ വിനിർഗ്ഗമി ച്ചതായി ഊഹിക്കുന്നതിനു പല ആഭ്യന്തരലക്ഷ്യങ്ങളും അവയിൽ കാ ണുന്നുണ്ട്.

പാണിവാദന്റെ ഗുരുവായ ശ്രീനാരായണഭട്ടപാദൻ സാക്ഷാൽ മേല്പുത്തൂരല്ലെന്നു പ്രത്യേകിച്ചു പറയേണ്ടതുണ്ടെന്നു തോന്നുന്നില്ല. മേല്പു ത്തൂർ കൊല്ലം 841-ൽ യശശ്ശരീരനായിത്തീർന്നതായി നെട്ടമ്പയിൽ കൊ ച്ചുകൃഷ്ണനാശാന്റെ ആറന്മുളവിലാസത്തിൽ കാണുന്ന വിവരണത്തിൽ നിന്നും മറ്റും അനുമാനിക്കാം. രാമപാണിവാദൻ 931-ൽ ആണ് സീ താരാഘവം നിർമ്മിച്ചതു്. തെക്കേടത്തു ഭട്ടതിരിമാരിൽ ഒരാളായിരുന്ന പാണിവാദൻ വന്ദിക്കുന്ന നാരായണഭട്ടപാദൻ എന്നു പറയുന്നതും ശരി യല്ല. കിള്ളിക്കുറിശ്ശിമംഗലത്തിൽ തൃക്കാരമൺ (ഐരിലിയെന്നും പ ദം) എന്ന ഒരു ഭട്ടതിരിയില്ലം ഉണ്ടു്. അവിടത്തെ ഒരു ഭട്ടതിരിയാ

Digitized By Kerala Sahitya Akademi

യിരിക്കണം പാണിവാദന്റെ ഗ്രഃങ്ങ എന്നത്രേ ഞാൻ അദ്ധ്യാഹരിക്കുന്നത്. ആ ഭട്ടതിരി ചെമ്പകശ്ശേരിരാജാവിനാൽ ബഹുമാന്യനാകാൻ പാടില്ലായ്കയുമില്ല.

ഇനി രാമപാണിവാദനും കുഞ്ചൻനമ്പിയാരും ഒന്നോ രണ്ടോ എന്നുള്ള വിഷയത്തെപ്പറ്റി വിചിന്തനം ചെയ്യാം. കുഞ്ചൻനമ്പിയാരുടെ കുടുംബത്തിലെ ഐതിഹ്യം പത്താംശതകത്തിൽ രാമനെന്നും കൃഷ്ണനെന്നും പേരോടുകൂടി ജ്യേഷ്ഠാനുജന്മാരായി രണ്ടുപേർ അതിലെ അംഗങ്ങളായി ഉണ്ടായിരുന്നു എന്നും, അവരിൽ രാമൻ തറവാട്ടിലേക്കു വളരെ മുതൽ സമ്പാദിക്കുകയും കൃഷ്ണൻ അങ്ങുമിങ്ങും അലഞ്ഞുനടക്കുകയും ചെയ്തു എന്നുമാണ്. രാമപാണിവാദൻ പത്താംശതകത്തിന്റെ മദ്ധ്യഭാഗത്തിൽ ജീവിച്ചിരുന്നു എന്നുള്ളതിനു സീതാരാഘവത്തിലെ വിശദമായ പ്രസ്താവനയെക്കാൾ അധികമായ ഒരു തെളിവു് ആവശ്യമില്ല.

" ശ്രീബലിപ്രസ്ഥരശ്ശംഭോഃ
ശ്രീശ്രീകാലയവാസിനഃ
രാമേണ പാണിവാദേന
കാരിതോ ഭ്രതയേ ധ്രുവം. "

എന്നു കിള്ളിക്കുറിശ്ശിമംഗലത്തു ക്ഷേത്രത്തിന്റെ ബലിക്കൽപുരയിൽ കൊത്തിക്കാണുന്ന ശ്ലോകം ഈ രാമപാണിവാദനെ പരാമർശിച്ചുള്ളതല്ല. അതു് അടുത്തകാലത്തു ജീവിച്ചിരുന്ന പാറപ്പുറത്തു ഗോവിന്ദൻനമ്പിയാരുടെ അനന്തരവൻ രാമൻനമ്പിയാർ പണിയിച്ച ബലിക്കൽപുരയാണെന്നു സൂക്ഷ്മമായി അറിയുന്നു. കൃഷ്ണൻ എന്നൊരാൾ ആ കുടുംബത്തിൽ അതേകാലത്തിൽ ഉണ്ടായിരുന്നു എന്നുള്ളതിനു മിസ്റ്റർ സി. ഡി. ഡേവിഡ് ആദ്യമായി കണ്ടുപിടിച്ച

" കൊല്ലംതൊള്ളായിരത്തങ്ങിരുപതുമിരു
പത്താറുമേവഞ്ച പത്തും
ചെന്നീടുന്നോരുകാലം മിഥുനമുപഗതേ
ഭാസ്വരേ ധന്യധന്യഃ
കൃഷ്ണേ പക്ഷേ ചതുർത്ഥീചതയയുതദിനേ
മാതുലഃ കൃഷ്ണനാമാ

Digitized By Kerala Sahitya Akademi

വിഷ്ണോസ്സായുജ്യമാപ്നോ വിഹിതഹരിനമ–
സ്യാദികോ വീതദോഷം.''

എന്ന ശ്ലോകം തെളിവായി സ്വീകരിക്കാം. ഇവരിലാരാണ് കുഞ്ചൻ നമ്പിയാർ ?

കുഞ്ചൻനമ്പിയാർ ഫലിതപ്രിയനായിരുന്നു എന്നുള്ളതു നിസ്സംശയമാണല്ലോ. ഈ ഫലിതപ്രിയത്വം പഞ്ചതന്ത്രത്തിൽ അവിടവിടെയും വിഷ്ണുഗീതയിൽ ഏകദേശം അനസ്യൂതമായിത്തന്നെയും കാണുന്നുണ്ട്.

'' സ്ഥാനത്തൊരുത്തൻ കരുത്തനായീടുകിൽ
താനേ മദിച്ചീടുമല്പനെന്നാകിലും;
സൂര്യന്റെ സന്നിധൌ രാഹു വരുംവിധൌ
വീഴും നടിക്കുമഡ്ഡുണ്ഡുഭക്ഷുട്ടവും. ''

1

'' പൊക്കം പിടിക്കും കടക്കുമെന്നല്ലെടോ
പൊക്കണംകെട്ടി നടക്കും മഹീതലേ. ''

2

'' പട്ടികൾ പോലെ പലേടം നടന്നാലു–
മഷ്ടികിട്ടാതെയായന്തണന്മാക്ക്ഹോ! ''

3

'' തൽക്ഷണം തനിക്കുള്ള ഭണ്ഡാരം കെട്ടിപ്പൂട്ടി–
ത്തസ്കരൻ തന്റെ കയ്യിൽത്താക്കോലും കൊടുത്തു നീ, ''

4

ദേഹിയെന്നരചെയ്യു കൈമലത്തുന്നവന്റെ
ദേഹത്തിലനാരതം മേവുന്നോളലക്ഷ്മിതാൻ. ''

5

തുള്ളൽകഥകളിലെന്നപോലെ വിഷ്ണുഗീതയിലും ഹയഗ്രീവന്റെ പട്ടാളത്തിൽ '' മേനോക്കിമാരുമിടപ്രഭുക്കളുട്ടവും '' ഉണ്ടു്. താഴെക്കാണുന്നതും കുഞ്ചൻനമ്പിയാരുടേതെന്നു് ആരും തലകുലുക്കി സമ്മതിക്കേണ്ടതുമായ നായാട്ടവർണ്ണനവും വിഷ്ണുഗീതയിലുള്ളതാണു്.

'' കേട്ടീലയോ നിങ്ങൾ ചങ്ങാതിമാർകളേ!
വേട്ടയ്ക്കു നമ്മുടെ തമ്പുരാൻ കല്പിച്ചു;
നാട്ടിലുള്ളോർകളുമൊക്കെപ്പുറപ്പെട്ട
കാട്ടിന്നരികെത്തിരിഞ്ഞു കൂടീടുവിൻ.

Digitized By Kerala Sahitya Akademi

വീട്ടിലൊളിച്ചങ്ങിരിക്കുന്ന നായക്ക
പെട്ടീട്ടമാപത്തറിഞ്ഞിരുന്നീടുവിൻ.
കല്പന കേൾപ്പാൻ മടിക്കുന്ന നായക്ക
കല്പിച്ചതൊന്നും ലഭിക്കയില്ലെന്നല്ല.
വീട്ടിൽ കുടിയിരിപ്പാനും കഴിവരാ:
വീട്ടുപാത്രങ്ങളും വാതും പരക്കവേ.
ക്രൂന്യം കുലകളും കുത്തുമെന്നാകുന്ന
തമ്പുരാൻ തന്നുടെ കല്പനാശക്തികൾ–
ചേട്ടൻ മരിച്ചതിൽ പിന്നെയിങ്ങെന്നുടെ
വീട്ടിൽ പരാധീനമായിതിണങ്ങരേ!
ഉണ്ണാനുടുപ്പാനുമെണ്ണ തേപ്പാനുമെ–
ന്നമ്മാവനുള്ളന്നു ദാരിദ്ര്യമില്ലെടോ.
അമ്മാവനങ്ങനേ കൺമറഞ്ഞപ്പൊഴേ
നമ്മാലൊരുദ്യോഗമില്ലാതെയായെടോ.
പണ്ടങ്ങനുഭവത്തിന്നു തന്നീട്ടന്ന
കണ്ടങ്ങളെല്ലാമെടുപ്പിച്ചു തമ്പുരാൻ.
രണ്ടു കാശിന്നു മുതലില്ലെനിക്കെന്തു–
കൊണ്ടു ഞാൻ വീട്ടുപുലത്തേണ്ടു ലോകരേ!
കല്പന കേൾക്കാൻ നടക്കയോ വേണ്ടു? ഞാ–
നല്പം കൃഷിയുണ്ടതിന്നു ശ്രമിക്കയോ ?
കുറ്റംവരുമെന്നു പേടിച്ചു ഞാനെന്റെ
കൊറ്റിന്നുകൂടി ശ്രമിക്കുമാറില്ലെടോ.
ആയതിനെക്കാളുമുണ്ടൊരു വൈഷമ്യ–
മായുധംകൊണ്ടു പുറപ്പെടാനില്ലെടോ.
കൊറ്റിന്നുപചാരം മനസ്സുമുട്ടാകയാൽ
വിറ്റുപോയെന്നുടെയൊറ്റവാളുള്ളതു്.
ഭോഷ്ക്കല്ല പിന്നെപ്പണയത്തുകിലായെന്റെ
തോക്കുമോക്കുമെപ്പോഴുതെത്രയും സങ്കടം."

മറ്റൊരു നായർ പറഞ്ഞുതുടങ്ങിനാ–
"നുറ്റമില്ലെന്റെ പരാധീനമിന്നെടോ!

Digitized By Kerala Sahitya Akademi

വീട്ട നിറഞ്ഞു കടക്കാരർ വന്നിട്ട
പാട്ടകിടക്കുന്ന രാപ്പകലൊക്കവേ.
വീട്ടവാനുള്ളൊരു മാഗ്ഗ്വും കണ്ടീല
വീട്ടവിറ്റാല്യം കടം പോകയില്ലെടോ!
പണ്ട പടയ്ക്ക മുലയ്ക്ക താഴേ വെട്ട—
കൊണ്ട മുറിഞ്ഞു മുടങ്ങിച്ചുമഞ്ഞു ഞാൻ.
രണ്ട പണത്തിനു പറ്റുള്ള വേലയ്ക്ക
തെണ്ടി നടപ്പാനുമാളല്ല ഞാനെടോ!
വേട്ടയ്ക്കുപോവാനെനിക്കങ്ങു കെല്പില്ല;
ചേട്ടനെക്കൂടെപ്പറഞ്ഞയച്ചീടുവൻ.''

മെല്ലെന്നൊരുത്തൻ പറഞ്ഞു: ''കുറഞ്ഞൊരു
വ്വില്ലുകമുണ്ട നമുക്കിന്നിണങ്ങരേ!
കൊല്ലപ്പുരയ്ക്കുൽ കിടക്കുന്ന നമ്മുടേ
നല്ലോരു കുന്തമിന്നെന്തുചെയ്യാമെടോ!
നെല്ലു കൊടുപ്പാൻ നമുക്കതു നൽകുവാ—
നില്ലായ്കകൊണ്ട കനക്കേടെനിക്കെടോ!
മൂന്നുപറ നെല്ലെനിക്കു തരുന്നാകി—
ലിന്നുതന്നേ ചെന്നു കൊണ്ടുപോന്നീടുവൻ.''

''സഞ്ചരിക്കുന്ന നേരം ചഞ്ചലീഭൂതങ്ങളാം
കാഞ്ചനകാഞ്ചിമണിക്കാൽച്ചിലമ്പൊലികളും
ചഞ്ചളീകാളികേളിവഞ്ചനം ചെയ്തീടുന്ന
കുഞ്ചിതാളകാവലീചഞ്ചലപ്രകാശവും.''

എന്നു ശൃംഗാരരസം വർണ്ണിക്കുന്ന ഗ്രന്ഥകാരൻ തന്നെയാണ് ഹാസ്യരസം വർണ്ണിക്കുമ്പോൾ പച്ചമലയാളിയായിത്തീരുന്നതു്. വിഷ്ണുഗീത നിർമ്മിച്ച കവി തുള്ളൽകഥകളുടെ പ്രണേതാവാകുന്നതിൽ വിരോധമില്ലെന്നു് ഇതുയുംകൊണ്ടു തീർച്ചപ്പെടുത്താം.

ഈ ഫലിതധോരണി പാണിവാദന്റെ സംസ്കൃതകൃതികളിലും കാണ്മാനുണ്ടു്.

രാഘവീയത്തിൽ സുബാഹുപ്രമുഖന്മാരായ രാക്ഷസന്മാർ വിശ്വാമിത്രനോടു പറയുകയാണു്:—

Digitized By Kerala Sahitya Akademi

"കുശികാത്മജ! കിം മഖേന തേ?
സുരലോകാധിഗമോ യദീഹിതഃ
രജനീചരവക്ത്രകന്ദരാ—
സരണിസ്സാധുതരേതി വാദിഭിഃ. !!

"അല്ലയോ കൌശിക! അങ്ങേയ്ക്കു സ്വർഗ്ഗത്തിലേക്കു പോകണമെങ്കിൽ യാഗത്തേക്കാൾ എളുപ്പവഴി ഞങ്ങളുടെ വായിൽ കയറുന്നതാണു"!!

ശമ്മുപദേശിക്കുന്ന മാരീചനോട്ടു രാവണൻ കയക്കുന്നു:—

" അരേ! ന ധർമ്മാധ്വനി സംശയാല്യു—
രാചാര്യകതേ സമശിശ്രിയം ത്വാം. !!

" എടാ! എനിക്കു ധർമ്മാനുഷ്ഠാനത്തിൽ സംശയം ജനിച്ചിട്ടു നിന്നെ ആചാര്യനാക്കി ആശ്രയിക്കുകയല്ല ഞാൻ ചെയ്യുന്നതു്. !!

പാണിവാദൻ സംസ്കൃതത്തിൽ ദീർഘമായി ഒരു ഫലിതമയമായ സൂത്രധാരപ്രസംഗം നിർമ്മിച്ചിട്ടുള്ളതിൽനിന്നു് ഒരു ഭാഗംകൂടി ഈ ഘട്ടത്തിൽ ഉദ്ധരിക്കുന്നതു് ഉചിതമായിരിക്കും.

" അവതീർണ്ണേ ച കലൌ, അതിവഹത്സു വത്സരേഷു, വ്രജത്സു വാസരേഷു, ഗതേഷു ച യശശ്ശ്ലേഷതാം കാളിദാസാദിഷു കവിസിംഹേഷു, നഷ്ടേ ച നാട്യവേദേ, വിരളേഷു രസികജനേഷു, ,അപഹൃതേഷു ച കാലേ ന സാഹിത്യാരാമപാലകേഷു വിക്രമഭോജപ്രഭൃതിഷു മഹാമതിഷു മഹീപതിഷു, ദൃഷ്ടവികളഭാ ദുർന്നടജംബുകാശ്ച പ്രവിശ്യൈതദാരാമം, കലുഷയന്തോ രസാത്മികാം വാപീം, ഹിംസയന്തോ ഭാവശ്രുകപോതാൻ, ത്രാസയന്തസ്സുന്ദർഭൌചിതീസാരികാ, ഉന്മൂലയന്തോ ലളിതപദവിന്യാസ ചാതുരീവല്ലരീഃ, ഭിന്ദന്തോ ഹൃദയമർമ്മാണി സഹൃദയകല്പപാദപാനാം, 'ആകുലയന്തി നിഖിലമിദമിദാനീമിത്യനാവേദിതമപി വിദിതം സ്യാദ് ഭവദ്ഭിഃ.

ഏവം സ്ഥിതേ വയമപി ഗതാനുഗതികന്യായേന പ്രവൃത്താ സ്മോ യഥാശക്തി ദൂഷയിതുമിദമാരാമം. യതോ വയം ന പ്രഭവോ ഭ്രഷയിതും; തസ്മാദസ്മാകമസ്മിൻ വ്യവസായേ യദുചിതം ലോകാചാരസ്യ, യച്ചാർഹം കാലേയസ്യാസ്യ കുടിലഗതേഃ കാലസ്യ, യച്ചാനുരൂപം നവീനപരിഷ്കൃതേഃ ക്ഷണക്ഷണവിലക്ഷണം ലക്ഷണം ദധാനായാസ്തദുപ

Digitized By Kerala Sahitya Akademi

ദിശ്യ യഥാവയം സതാം ന നിന്ദ്യാ ഭവേമ തഥാസ്മാനനുഗ്രഹ്ണന്തു ഭവന്തസ്തദർത്ഥമേഷോഞ്ജലിരയം പ്രണാമ ഇദഞ്ച പാദഗ്രഹണം.''

വിലാസിനീവ്യാഖ്യ രാമപാണിവാദന്റെ കൃതിയാണെന്ന മുൻപു പ്രസ്താവിച്ചുവല്ലോ. കുഞ്ചൻനമ്പിയാരുടേ കൃഷ്ണവിലാസവ്യാഖ്യാതാവു് എന്നുള്ള ഐതിഹ്യം സുപ്രസിദ്ധമാണു്. ഈ വ്യാഖ്യാനം കുഞ്ചൻനമ്പിയാർ അന്നു കേരളത്തിലേ സംസ്കൃതപണ്ഡിതന്മാരിൽ അഗ്രേസരനായിരുന്ന കൂടല്ലൂർ നമ്പൂരിപ്പാട്ടിലേ കാണിച്ചതായും നമ്പൂരിപ്പാടു രണ്ടർത്ഥത്തിൽ,

''മന്ദാരം മധുമത്തയാ ജയതി തേ വാണീ ഗുണോനാദൃതാ
വിദ്വന്മാനദമൌഖരീ ച ഭവതഃ കാഭാരതീ ഭാസതേ
ഏതാം താമരസേന യത്നഘടിതാം മാലാമിവാത്യാദരാൽ
ലോകഃ കോവിദമാനനിയശിരസാ മാർദ്ദംഗികഃ ശ്ലാഘതേ.''

എന്നൊരു ശ്ലോകം പ്രശംസാപത്രമായും നിന്ദാപത്രമായും ഉപകരിക്കത്തക്ക വിധത്തിൽ സമ്മാനിച്ചതായും കേട്ടിട്ടുണ്ടു്. ഈ ഐതിഹ്യത്തെ അവിശ്വസിക്കുന്നതിനു കാരണമില്ല. അങ്ങനെയാണെങ്കിൽ രാമപാണിവാദനും കുഞ്ചൻനമ്പിയാരും ഒരാളാണെന്നു വന്നുകൂടുന്നു.

ആമ്പല്ലൂർ എളേടത്തുമനയ്ക്കലേ പഴയ താളിയോലഗ്രന്ഥത്തിൽ കാണുന്ന ''പഞ്ചതന്ത്രം നീതിശാസ്ത്രം'' ഇത്യാദി പദ്യവും അസത്യദ്യോതകമെന്നു വരുന്നതല്ല. പഞ്ചതന്ത്രം രാമപാണിവാദന്റെ കൃതിയാണെങ്കിൽ കല്യാണസൌഗന്ധികം തുള്ളലും, വിഷ്ണുഗീത അദ്ദേഹത്തിന്റെ കൃതിയാണെങ്കിൽ മറ്റു തുള്ളലുകളും, ആ കവിയുടേതായി പരിണമിക്കുവാൻ പാടില്ലായ്കയുമില്ല.

ഇനി കൃഷ്ണൻനമ്പിയാരാണു് തുള്ളൽക്കഥകളുടെ നിർമ്മാതാവു് എന്നുവരികിൽ മഹാശയനും കവിചക്രവർത്തിയുമായ തന്റെ ജ്യേഷ്ഠനെ അദ്ദേഹം ഒരു ഘട്ടത്തിലെങ്കിലും വന്ദിക്കാതെ വിട്ടമായിരുന്നുവോ? വാദത്തിനുവേണ്ടി വിഷ്ണുഗീതയെ കൃഷ്ണൻനമ്പിയാരുടേതെന്നു സമ്മതിക്കാം. അങ്ങനെയാണെങ്കിൽ ജ്യേഷ്ഠാനുജന്മാർ വലിയ സൌഭ്രാത്രത്തിലാണു് പെരുമാറിവന്നതെന്നുകൂടി സമ്മതിക്കേണ്ടിയിരിക്കുന്നു. അത്തരത്തിലുള്ള സൌഭ്രാത്രത്തിന്റെ സ്ഥിതിക്കു് ഒട്ടവളരെ ദേവന്മാരേയും മനുഷ്യരേയും വന്ദിക്കുന്ന തുള്ളൽക്കഥാകാരൻ അനുജനായിരുന്നാൽ ജ്യേഷ്ഠനെ വിഷ്ണുഗീതയിലെങ്കിലും പ്രകടമായി വന്ദിച്ചിരിക്കേണ്ടതാണെന്നു ഉപന്യസിക്കുന്നതിൽ അസാംഗത്യമില്ല.

Digitized By Kerala Sahitya Akademi

ഇനി ഈ വാദത്തിന്റെ മറുവശം നോക്കാം. ശംബരവധം കുഞ്ചൻനമ്പിയാരുടെ ആട്ടക്കഥകളിൽ ഒന്നാണെന്നാണ് വയ്പ്. മഹാകവി ഇരയിമ്മൻതമ്പിയാണ് 54 ദിവസത്തെ ആട്ടക്കഥകൾ കേരളവിലാസം അച്ചുകൂടത്തിൽനിന്ന് ആദ്യമായി അച്ചടിപ്പിച്ചത്. ആ മഹാത്മാവിനു് ഈ വിഷയത്തിൽ പ്രമാദം പറ്റിയിരിക്കുവാൻ ഇടയില്ല. എന്നാൽ ചില കഥകളുടെ കർതൃത്വത്തെപ്പറ്റി അദ്ദേഹത്തിനു് അക്കാലത്തുപോലും നിശ്ചയമില്ലായിരുന്നു എന്നു പാലാഴിമഥനത്തിന്റെ നിർമ്മാതാവാരെന്നു് അദ്ദേഹത്തിനറിവില്ലാത്തതിൽനിന്നു് അനുമാനിക്കാം. പാലാഴിമഥനവും ശംബരവധവും ഒരു കവിയുടെ കൃതികളാണെന്നുള്ളതിനു് അവയിൽ രണ്ടിലും കാണുന്ന "നന്ദനന്ദന സുന്ദരാനന്ദ വന്ദേ വന്ദേ." ഇത്യാദി സൗരാഷ്ട്രരാഗത്തിൽ നിർമ്മിതമായ പദം സാക്ഷിനില്ക്കുന്നു. വാസ്തവത്തിൽ ഇവ രണ്ടും അജ്ഞാതനാമാവായ മറ്റു് ഏതോ ഒരു കവിയുടെ കൃതികളാണെന്നും വന്നേക്കാം. * ശംബരവധത്തിന്റെ കവിതാരീതി നോക്കിയാൽ അതു രാമപാണിവാദന്റേതാണെന്നു സഹൃദയന്മാർ ഒരിക്കലും പറയുന്നതല്ല.

"സുരീപരീരംഭവിജൃംഭിതോദ്യമ–
ശ്ചരീകരീതി സ്മ ഗണസ്സുപർവണാം
അരീണരീതിക്രമശീതമാധുരീ–
ധുരീണവീണഃ പരിതോഷതാണ്ഡവം."

ഇത്തരത്തിലുള്ള രാഘവീയകാരന്റെ സൂക്തിഗംഗയെവിടെ?

"കല്യാണകാന്തവസുദേവനിശാന്തഭ്രമൌ
കല്യസ്സുകൃഷ്ണനഖിലാവനിരക്ഷണായ
ഉല്ലാസലക്ഷ്മി മരുവീടിന രൂപമേറ്റം
മല്ലാക്ഷിമാരൊട്ട വസിച്ചു മനോജ്ഞശീലൻ."

ഇത്തരത്തിലുള്ള ശംബരവധകാരന്റെ ദുരുക്തികുല്യയെവിടെ? ആട്ടക്കഥയിലെ ഭാഷാശ്ലോകങ്ങളും സംസ്കൃതശ്ലോകങ്ങളും ഒന്നുപോലെ അതിന്റെ പ്രണേതാവു "ഹരിദാകൃഷ്ണാനാം കതിപയപദാനാം രചയിതാ" എന്നു ഘോഷിക്കുന്നു. അതിലെ

---

* ശ്രീമാൻ പി. ഗോവിന്ദപ്പിള്ള ഭാഷാചരിത്രത്തിന്റെ ആദ്യത്തെ പതിപ്പിൽ ഇതു് ഏറെക്കുറെ സമ്മതിച്ചു. രണ്ടാമത്തെ പതിപ്പിൽ പാലാഴിമഥനം രവീശ്വരത്തു കൃഷ്ണവാരിയരുടേതെന്നും അവ്യവസ്ഥിതമായി പറയുന്നു. ശംബരവധകാരന്റെ 'നന്ദനന്ദന' ഇത്യാദിപദം പാലാഴിമഥനത്തിൽ സ്ഥലംപിടിച്ചു കാണുന്നതിനു് ഉപപത്തി നിർദ്ദേശിക്കുന്നുമില്ല.

Digitized By Kerala Sahitya Akademi

കല്പാന്തോദ്ഭടകങ്കടീകവികടാളീകാക്ഷത്രുക്ഷപ്രഭാ-
നിഷ്ടപ്തസ്ഫുടിതാണ്ഡഗർഭകുഹരസ്ഫാരധ്വനിസ്പർദ്ധിനാ
നിർഭിണ്ണശ്രുവണോ മനോഭവമഹാശംഖസ്വനേനാഞ്ജസാ
ക്രുദ്ധാനദ്ധതധീസ്ഫുരാരിതിലകോ വാചം ബഭാഷേ ഭടാൻ.

എന്ന ഒരു പദ്യത്തിൽ മാത്രമേ രാമപാണിവാദന്റെ ഛായ കാണുന്നുള്ളു. അതുതന്നെയും പതൽപ്രകർഷമെന്ന കാവ്യദോഷത്തിനധീനവുമാണു്.

ഇതിൽനിന്നു് എന്താണു് ഊഹിക്കേണ്ടതു്? ഒന്നുകിൽ ശംബരവധകർത്താവു രാമപാണിവാദനല്ല; അല്ലെങ്കിൽ അദ്ദേഹം അനവധാനതനിമിത്തമോ, ഒരു വലിയ സംസ്കൃതകവിയല്ലാതിരുന്ന കാത്തികതിരുനാൾ തിരുമനസ്സിലെ രീതിയനുസരിച്ചു് "അന്യദ്വിനോദനം പാണിവാദസ്യ" എന്ന നിലയിൽ ഗ്രന്ഥം നിർമ്മിക്കുക നിമിത്തമോ ആ ആട്ടക്കഥ ഇത്ര നിർഗുണമായിപ്പോയി. കുഞ്ചൻനമ്പിയാരുടേതെന്നു വച്ചിട്ടുള്ള ശ്രീകൃഷ്ണചരിതം മണിപ്രവാളം ശംബരവധത്തേക്കാൾ ഭേദമാണെങ്കിലും അതിനും രാമപാണിവാദന്റേയെന്നു പറയത്തക്ക മെച്ചമില്ല. "അഷ്ടമീരോഹണീഭ്യാംസംഗേ" എന്നും മറ്റും ധാതുകാവ്യത്തിനു വ്യാഖ്യാനമെഴുതിയ ഒരു കവി അത്യന്തം അശ്രദ്ധനിമിത്തമല്ലെങ്കിൽ പ്രയോഗിക്കുമോ എന്നു സംശയമാണു്. ഇതു് ഒരു നിമിഷകൃതിയാണെന്നുള്ള ഐതിഹ്യം വാസ്തവമോ എന്നും അറിഞ്ഞുകൂടാ.

ആകെക്കൂടി നോക്കുമ്പോൾ വേറെ തെളിവുകൾ കിട്ടുന്നതുവരെ രാഘവീയാദി വിവിധ സംസ്കൃതഗ്രന്ഥങ്ങളുടെ പ്രണേതാവായ രാമപാണിവാദൻ തന്നെയാണു് തുള്ളൽകഥകളും മറ്റും ഉണ്ടാക്കിയ കുഞ്ചൻനമ്പിയാരെന്നും അദ്ദേഹത്തിന്റെ അനുജനായ കൃഷ്ണൻനമ്പിയാർ ഒരു കവിയായിരുന്നില്ലെന്നും അനുമാനിക്കുവാനാണു് താരതമ്യേന ന്യായം കാണുന്നതു്. "കൊല്ലം തൊള്ളായിരത്തിൽ" എന്ന പദ്യത്തിൽ ഒരു കവിയുടെ നിലയിൽ അദ്ദേഹത്തെ സ്മരിച്ചുകാണാത്തതു് ഈ അവസരത്തിൽ ചിന്താവിഷയമാണു്. ധ്രുവചരിതം തുള്ളലിൽ,

"മാലതീമാധവം ശാകുന്തളം പിന്നെ
ബാലരാമായണം കർപ്പൂരമഞ്ജരീ
മാളവികാഗ്നിമിത്രം വിക്രമോർവശീ
മേളം കലന്നൊരു മുദ്ദിരാരാക്ഷസം
മല്ലികാമാരുതം നല്ല ധനഞ്ജയം
കല്യാണസൗഗന്ധികം പ്രിയദർശിക

Digitized By Kerala Sahitya Akademi

വേണീസംഹാരം പ്രബോധചന്ദ്രോദയം
ഭാണം പ്രഹസനം പിന്നെ രത്നാവലി
ഉത്തരരാമചരിതം നളോദയം *
ഇത്തരംനാടകം കൂടെവായിക്കയും."

ഇത്യാദി നാടകഗ്രന്ഥങ്ങളും അനേകം കാവ്യങ്ങളും പുരാണങ്ങളും വ്യാകരണഗ്രന്ഥങ്ങളും ഉത്താനപാദൻ വായിച്ചുകേൾക്കുന്നതായി കവി വണ്ണിച്ചിരിക്കുന്നതു് ചെമ്പകശ്ശേരി രാജാവിനേയും പക്ഷേ തന്നെത്തന്നെയും ഉദ്ദേശിച്ചാകാം. അങ്ങനെയാണെങ്കിൽ ഈ വിശേഷണം രാമപാണിവാദനു സവിശേഷം യോജിക്കുന്നു. "ഊട്ടുള്ളോടത്തെങ്ങ്ളുക്കില്ല" മുതലായ ഫലിതോക്തികളിൽ താനൊരു വൈയാകരണനാണെന്നു കാണിക്കാതെ കവി പിന്മാറീട്ടില്ലെന്നുള്ളതും പ്രസിദ്ധമാണല്ലോ. തുള്ളൽകഥകളിൽ ഒന്നു രണ്ടു ഘട്ടങ്ങളിൽ തന്റെ പ്രാകൃതകവനസാമർത്ഥ്യത്തെ പ്രത്യക്ഷീകരിച്ചിരിക്കുന്ന കവി സീതാരാഘവകർത്താവാവാനല്ലയോ ന്യായമധികം ?

1104—മലയാളമനോരമ.

---

* ഈ നാളോദയം നീലകണ്ഠദീക്ഷിതരുടെ നളചരിത്രമാകണം. നളചരിതം കിളിപ്പാട്ടു നിർമ്മിച്ച കവി ഈ നാടകം വായിച്ചിരുന്നു എന്നുള്ളതിനു് മതിയായ തെളിവുണ്ടു്.

Digitized By Kerala Sahitya Akademi

13. കിളിമാന്തൂർ വിദ്വാൻ കോയിത്തമ്പുരാൻ *

പണ്ഡിതസാർവഭൌമനായ ഇന്നത്തെ അഗ്രാസനാധിപതിയെ ക്കുത്തുവച്ചു നടന്ന കഴിഞ്ഞ ഭാഷാപോഷിണീസഭായോഗത്തിൽ മലയാളഭാഷയ്ക്കുള്ള പ്രാധാനാഭ്യുദയഹേതുക്കളിൽ ഒന്നായി പ്രസ്താവിച്ചതു കേരളത്തിലെ പ്രഭുകുടുംബങ്ങൾക്കു് അതിനോടുള്ള പ്രതിപത്തിയേയാണം്. തിരുമനസ്സുകൊണ്ടു് അങ്ങനെ അരുളിച്ചെയ്തതു് എത്രമേൽ സൂക്ഷ്മമാണെന്നു ധരിക്കുവാൻ നമുക്കു കേരളീയപ്രഭുകുടുംബങ്ങളെ ഈ വിഷയത്തിൽ അന്യദേശീയ പ്രഭുകുടുംബങ്ങളുമായി താരതമ്യപ്പെടുത്തി നോക്കിയാൽമാത്രം മതിയാകും. മലയാളത്തിന്റെ സഹോദരിയായ തമിഴിന്റെ കഥ നോക്കുകയാണെങ്കിൽ ആ ഭാഷ പ്രചരിക്കുന്ന ജില്ലകളിൽ ജമിന്ദാരന്മാരുടേയും ജന്മിമാരുടേയും സംഖ്യ എത്രയോ വലുതാണെങ്കിലും പരേതനായ രാമനാഥപുരത്തിലെ പാണ്ടിത്തുരയ്ത്തവർ മുതലായി അപൂർവം ചില മഹാനുഭാവന്മാരല്ലാതെ മാതൃഭാഷയോടു് ഇദാനീന്തനകാലങ്ങളിൽ യാതൊരു ആഭിമുഖ്യവും പ്രദർശിപ്പിച്ചിട്ടില്ലെന്നു ആക്ഷേപം അറിയാവുന്നതാണു്. നേരേമറിച്ചു കേരളത്തിൽ ചിറയ്ക്കൽ, കടത്തനാടു, കോട്ടയം, മുതൽ വടക്കുനിന്നുതുടങ്ങി, തെക്കു പന്തളം, തിരുവനന്തപുരം വരെ കണക്കെടുക്കുകയാണെങ്കിൽ ഏതു പ്രഭുകുടുംബത്തിലാണു് മലയാളഭാഷയെ സ്നേഹിക്കുന്ന അംഗങ്ങൾ പണ്ടെന്നപോലെ ഇപ്പോഴുമില്ലാത്തതു് ?

ആ പ്രഭുകുടുംബപങ്ക്തിയിൽ പല കാരണങ്ങളെക്കൊണ്ടും ഒരു അപ്രധാനമല്ലാത്ത സ്ഥാനത്തെ അലങ്കരിക്കുന്നതാണു് സുപ്രസിദ്ധമായ കിളിമാന്തൂർ രാജവംശം. ശൌര്യത്തിനും വൈദുഷ്യത്തിനും പേരുകേട്ട പല പുരുഷരത്നങ്ങളും ആ വംശത്തിൽ അപ്പൊഴപ്പോൾ ആവിർഭവിച്ചിട്ടുണ്ടു്. കംസവധം ആട്ടക്കഥയുണ്ടാക്കിയ രവിവർമ്മകോയിത്തമ്പുരാൻ, വേണീസംഹാരം നാടകം തർജ്ജിമചെയ്ത രാമവർമ്മകോയിത്തമ്പുരാൻ, രാസക്രീഡ ആട്ടക്കഥ നിർമ്മിച്ച രാജരാജവർമ്മ കൊച്ചുകോയിത്ത

---

* കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ചെയ്ത ഒരു വാചാപ്രസംഗം.

Digitized By Kerala Sahitya Akademi

മ്പുരാൻ മുതലായി ആ കുടുംബത്തിൽ ജീവിച്ചിരുന്ന പല കവിശ്രേഷ്ഠന്മാരുടേയും പണ്ഡിതപ്രമാണികളുടേയും നാമധേയം സഭാവാസികൾക്കു അശ്രുതപൂർവമായിരിക്കുവാൻ മാർഗ്ഗമില്ല. അവതാരപുരുഷനായ ചിത്രമെഴുത്തു രവിവർമ്മകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു ആധുനികകാലത്തിൽ ആ വംശത്തിനു ദീപാന്തരങ്ങളിൽകൂടിയും പ്രസിദ്ധി സമ്പാദിച്ചുകൊടുത്തിട്ടുണ്ടെന്നു ഞാൻ പ്രത്യേകിച്ചു പറയേണ്ടതുമില്ല.

ഇന്നത്തേക്കു സുമാർ നൂറുകൊല്ലത്തിനു മുമ്പ് ആ വംശത്തിൽ അവതരിച്ച രാജരാജവർമ്മ വിദ്വാൻ കോയിത്തമ്പുരാൻ വിദ്വത്വംകൊണ്ടും കവിത്വംകൊണ്ടും അക്കാലത്തു് അദ്വിതീയനായ ഒരു പുണ്യശ്ലോകനായിരുന്നു. അവിടുന്നു കേരളത്തിനും കേരളീയരായ നമുക്കും നേടിത്തന്നിട്ടുള്ള അഭിമാനത്തിനു് എത്രയോ തുച്ഛമായ ഒരു നിഷ്കൃതിയുടെ സ്ഥാനത്തിലാണു് അനന്തരകാലിനന്മാരായ ഈയുള്ളവർ അവിടുത്തെ ശതാബ്ദപൂർത്തിയെ ഒരു മഹോത്സവമായി ഇന്നു് ഈ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ആഘോഷിക്കുന്നതു്.

"ശ്രീമൽഭാഗവതാത്പതത്വകഥനേ
യോ വാഗ്പരശ്ശ്രീശുകോ
ദ്വേധാ മൽഗുരുനായകോ ദ്വിജവരോ
നാരായണാഖ്യോ..."

എന്നു് അവിടുന്നു ഭക്തിപൂർവകമായി വന്ദിച്ചിട്ടുള്ള കിഴക്കാഞ്ചേരി ഇല്ലത്തു നാരായണൻ നമ്പൂരിപ്പാടിനെ പിതാവും, വിഷ്ണുമായാചരിതം തുള്ളൽ മുതലായ വാസനാകൃതികൾ എഴുതി പണ്ഡിതപാമരന്മാരെ ഒന്നുപോലെ പരമാനന്ദമഗ്നരാക്കിത്തീർത്ത ഉമാദേവിത്തമ്പുരാട്ടിയെ മാതാവും, ആയി ലഭിക്കുവാൻ ഭാഗ്യമുണ്ടായ ഒരു ബാലൻ കാലാന്തരത്തിൽ ഒരു മഹാകവിയും പണ്ഡിതമൂർദ്ധന്യനുമായിത്തീർന്നു എന്നുള്ളതിൽ എന്താണു് ഞെട്ടിത്തപ്പെട്ടുവാനുള്ളതു്? വാസനാവൈഭവം അവിടുത്തേക്കു നിഃസ്സന്ദേഹസിദ്ധമായിരുന്നു എന്നുള്ളതിനു പത്തുവയസ്സിൽ കിരാതമുദ്രക്ഷേത്രത്തിൽ പ്രദക്ഷിണം വച്ചുകൊണ്ടിരിക്കുമ്പോൾ അവിടുന്നുണ്ടാക്കിയ സുപ്രസിദ്ധമായ

"വിതതകുടിലകേശം വിദ്യുമാനേന്ദുലേശം
കമലശരവിനാശം കാലമേഘപ്രകാശം
വനചരതനുമീശം വൈരിണാം കാലപാശം
ശുകഹരിണപുരേശം ഭാവയേ പാർവതീശം."

Digitized By Kerala Sahitya Akademi

എന്ന പദ്യംതന്നെ ഉത്തമദൃഷ്ടാന്തമാണ്. 'വിതത' എന്നും 'കേശം' എന്നും ഉള്ള പദങ്ങൾക്കുമേൽ കണ്ണുസുഖത്തിനു മാലിനീവൃത്തത്തിൽ പ്രയോഗിക്കേണ്ടതു് 'വിദ്യ' എന്നും 'ലേശം' എന്നുമുള്ള പദങ്ങളാണെന്നും അതുപോലെ 'കമല' 'നാശം' എന്നീ രണ്ടു പദങ്ങളേയും അനുഗമിക്കേണ്ടതു് 'കാല' 'കാശം' ഈ രണ്ടു പദങ്ങളുമാണെന്നും രസനാഗ്രനർത്തകിയായ സാക്ഷാൽ ശ്രീവിദ്യാദേവിയല്ലാതെ ആരാണു് അവിടുത്തെ ധരിപ്പിക്കുവാനുണ്ടായിരുന്നതു്? അതാണു് പരിപൂർണ്ണമായ സരസ്വതീപ്രസാദം; അതാണു് ജന്മസിദ്ധമായ കവിത്വം. അവിടുത്തെ അപദാനം ജഗൽപ്രസിദ്ധമാകുവാൻ അധികം താമസം വേണ്ടിവന്നില്ല. പുരാതനകാലം മുതല്ക്കേ വിദ്വജ്ജനങ്ങളെ അറിയുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനു വഞ്ചിമഹാരാജാക്കന്മാർക്കുള്ള സാമർത്ഥ്യം കേവലം അനിർവചനീയമാണു്. "ന തു വന്ധ്യാ വിജാനാതി ഗ്രുവ്വീം പ്രസവവേദനാം" എന്നു പറഞ്ഞതുപോലെ കുലശേഖരപ്പെരുമാക്കന്മാർക്കുള്ള നിരന്തരവും സർവതോമുഖവുമായ പാണ്ഡിത്യം തന്നേയാണു് അവർക്കു ഈ വിഷയത്തിൽ ഉത്തേജകമായിരുന്നിട്ടുള്ളതെന്നുള്ളതിനു സംശയമില്ല. പണ്ടു തിരുവഞ്ചിക്കുളത്തു നാടുവാണിരുന്ന കുലശേഖരവർമ്മാവെന്ന ചേരമാൻപെരുമാൾ അവിടുന്നുണ്ടാക്കിയ സുഭദ്രാധനഞ്ജയനാടകത്തിൽ തന്റെ ഈ വിഷയത്തിലുള്ള വൃത്തിയെ

"ആസീക്കെതൗ ഗ്രാമരാഗൈർഗ്ഗളദമൃതരസൈ-
ർഭാരതീർഭാവയന്തൌ
കണ്ണൌ നഃ കാളിദാസപ്രവിഹിതരചനാഃ
കണ്ണപൂരീക്രിയാസ്താം;
സ്വീകുർവന്തു സ്വകീയം ധനമിവ സുഹൃദ-
സ്സ്വാപതേയം മദീയം;
ചേതഃ പീതാംബരശ്ച പ്രതിഭവമഭവഃ
പാദപീഠീകരോതു." [1]

എന്ന പദ്യത്തിൽ അനന്തരഗാമികൾക്കു് ഒരു ചട്ടവരിയോലപോലെ രേഖപ്പെടുത്തിയുംവച്ചു തിരോധാനം ചെയ്തിട്ടുണ്ടു്. പാണ്ഡ്യചോളന്മാരെ പരാജിതരാക്കി വേഗവതീതീരത്തിൽ കാഞ്ചീപുരത്തുവച്ചു ദക്ഷിണദേശചക്രവർത്തിയായി കിരീടധാരണം ചെയ്ത കൊല്ലത്തെ രവിവർമ്മമഹാരാജാവു് അവിടുത്തെ പ്രദ്യുമ്നാഭ്യുദയനാടകത്തിൽ,

"സംഗ്രാമഭ്രമിഷു സഭാസു ച ധീര ഏഷ
ശസ്ത്രേണ ബുദ്ധിവിഭവേന ച തൈക്ഷ്ണ്യഭാജാ

Digitized By Kerala Sahitya Akademi

ദർപ്പാന്ധകാരിതധിയോ നൃപതീൻ ബുധാംശ്ച
ജിത്വാ ക്ഷിതൌ വിജയതേ ജയസിംഹസൂനുഃ.''

എന്നു തന്നെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളതും ഈ അവസരത്തിൽ സ്മരണീയമാണു്. ഉണ്ണുനീലിക്കുള്ള സന്ദേശം വഹിച്ച ആദിത്യവർമ്മമഹാരാജാവു ''സർവാംഗനാഥൻ'' എന്ന ബിരുദപദത്താൽ അങ്കിതനായിരുന്നു. ടിപ്പുസുൽത്താനോടു പടവെട്ടിക്കൊണ്ടിരിക്കുമ്പോഴും കുഞ്ചൻനമ്പിയാർ മുതലായ കവികളെ പ്രോത്സാഹിപ്പിക്കുവാനും രാജസൂയം മുതലായ ആട്ടക്കഥകൾ നിർമ്മിക്കുവാനും കൊട്ടാരത്തിനലങ്കാരമായി ഒരു ഗ്രന്ഥപ്പുര സ്ഥാപിക്കുവാനും തന്റെ സമയാംശത്തെ വിനിയോഗം ചെയ്തുകൊണ്ടിരുന്ന കാർത്തികതിരുനാൾ ധർമ്മരാജാവിന്റെ കഥ ഓർത്താൽ ആരാണു് ഇന്നും രോമാഞ്ചകഞ്ചുകിതന്മാരായിത്തീരാത്തതു്? ആട്ടക്കഥകളോടു് അന്യാദൃശമായ ആഭിമുഖ്യം ഭാവിച്ചുവന്ന ഉത്രം തിരുനാൾ മഹാരാജാവിനേയും സംഗീതസാഹിത്യവിചക്ഷണനെന്ന കീർത്തി ശാശ്വതമായി സ്ഥാപിച്ച ആയില്യം തിരുനാൾ മഹാരാജാവിനേയും സഹൃദയസാർവഭൌമനായിരുന്ന വിശാഖം തിരുനാൾ മഹാരാജാവിനേയും പറ്റി അഭിമാനം തോന്നാത്ത കേരളീയർ ആരുംതന്നെ ഉണ്ടായിരിക്കയില്ലെന്നാണു് എന്റെ വിശ്വാസം. നമ്മുടെ ഇപ്പോഴത്തെ പൊന്നുതിരുമേനി ഗുണവാൻ ശ്രീമൂലംതിരുനാൾ രാമവർമ്മമഹാരാജാവു തിരുവനന്തപുരത്തിലേക്കു കവികളോടു് എത്രമാത്രം പ്രതിപത്തിയുണ്ടെന്നുള്ളതു കവിതാനിശ്രേണിയുടെ അടിത്തട്ടിൽ കേറുവാൻ നിഷ്ഫലമായ പരിശ്രമം ചെയ്തുകൊണ്ടിരിക്കുന്ന അന്യാദൃശന്മാർക്കുകൂടി അനുഭവഗോചരമാണു്. പക്ഷേ തിരുമേനി ''The root that worketh out of view''=ഗൂഢമായി പ്രവർത്തിക്കുന്ന മൂലം) എന്നുള്ള വേഡ്സ്വർത്ത് മഹാകവിയുടെ മതത്തെ ആധാരമാക്കി മൂലത്തിന്റെ പ്രവൃത്തി പരോക്ഷമായി വേണ്ടതാണെന്നുള്ള ബോധത്തിന്മേൽ ഈ വിഷയത്തിൽ നിഷ്കാമകർമ്മം ചെയ്യുന്നു എന്നു മാത്രമേ വിശേഷവിധിയായി പറയേണ്ടതുള്ളു. ഈ മഹാരാജവംശത്തിൽ അപ്പോഴപ്പോൾ ഉണ്ടായിട്ടുള്ള പണ്ഡിതപരിജാതങ്ങളുടേയും കവിമയൂരകാളമേഘങ്ങളുടേയും ഇടയിൽ 1022-ാമാണ്ടു നാടുനീങ്ങിയ ഗർഭശ്രീമാൻ സ്വാതിതിരുനാൾ രാമവർമ്മമഹാരാജാവിന്റെ സ്ഥാനം മുക്താഹാരത്തിൽ നടുനായകത്തിന്റേതാണു്. അരിപ്പാട്ടു കൊച്ചുപ്പിള്ള വാരിയർ, അമ്പാടി കുഞ്ഞുകൃഷ്ണപ്പൊതുവാൾ മുതലായി അവിടത്തെ ആശ്രയിച്ചു തിരുവനന്തപുരത്തു സ്ഥിരമായി പാർത്തിരുന്ന അനേകം കാവ്യകർത്താക്കന്മാരുടെ നേതൃത്വത്തെ വഹിച്ചു് അവിടത്തെ വിദ്വൽസദസ്സിനു് അലങ്കാരഭൂതന്മാരായി കാലയാപനം ചെയ്യുവാൻ രണ്ടു മഹാകവികൾക്കു യോഗമുണ്ടായിട്ടുണ്ടു്. അവരിൽ ഒന്നു് ഇരയിമ്മൻതമ്പിയും

Digitized By Kerala Sahitya Akademi

മറ്റേതു് ഇന്നത്തേ സ്ത്രീപുരുഷനായ വിദ്വാൻ കോയിത്തമ്പുരാനുമായിരുന്നു. സ്വാതിതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു കവികളെ എത്ര സ്പൃഹണീയമായ രീതിയിലാണു് പ്രോത്സാഹിപ്പിച്ചുവന്നതു് എന്നു വണ്ണിക്കുവാൻ പ്രയാസമുണ്ടു്.

" ദാരിദ്ര്യസ്യ ദയാലുത്വം
കിം ബ്രവീമി നരാധിപ!
ആത്മനാശമനാദൃത്യ
ഭവന്തം മാമദർശയൽ "

എന്ന അനുഷ്ടുഭ്ശ്ലോകത്തിന്റെ ചുമട്ടുകൂലിക്കെന്നു പറഞ്ഞു 4000 പണം കൊടുത്ത ആ തിരുമേനിയെ ദക്ഷിണഭോജരാജനെന്നു പറയുന്നതിൽ എന്താണു് അസാംഗത്യമുള്ളതു്? ഈ ശ്ലോകം കുറിച്ചു കൊടുത്തയച്ച പണ്ഡിതകേസരിയും അന്നത്തെ കേരളീയമഹാകവികളിൽ അഗ്രഗണ്യനുമായിരുന്ന കൊട്ടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാൻ

" ഷഷ്ടീതൽപുരുഷാഹ്വയോ നൃപതിഷു
പ്രായേണ വിദ്വൽപ്രഭു-
ശബ്ദഃ സമ്പ്രതി കർമ്മധാരയതയാ
വ്യാഭാതി വഞ്ചീശ്വരേ
ഇത്യാകർണ്ണ്യ പുനർവിലോക്യ ച ബഹു-
വ്രീഹീത്വമേതൽപദേ
കിം ശോകാദിവ ന സ്ഥിതിഃ കുചിദപി
ദ്വന്ദ്വാവ്യയീഭാവയോഃ? "

എന്നു് അവിടത്തേപ്പറ്റി പ്രശംസിച്ചിട്ടുള്ളതു എത്ര യഥാർത്ഥമാണു്! നമ്മുടെ വിദ്വാൻ കോയിത്തമ്പുരാനും ആ തിരുമനിയുടെ വൈദുഷ്യത്തെ

" വാണീ യസ്യ മനോരമാ കുവലയാ-
നന്ദപ്രദം യന്മുഖം
പാണീ സന്തതചിന്തിതാർത്ഥഘടനാ-
ചിന്താമണീ ചാർത്ഥിനാം
മീമാംസാപദമേവ മദ്ധ്യമലഘ്വ-
ശ്രുത്യന്തസഞ്ചാരിണീ

Digitized By Kerala Sahitya Akademi

ദൃഷ്ടിസ്തം നൃപമന്തരാ ഭഗവതീ
വിദ്യാ കുതോ വത്തതേ? !!

എന്ന പദ്യംകൊണ്ടു കവിയുടെ പാണ്ഡിത്യത്തിനും വിഷയത്തിന്റെ വിശിഷ്ടതയ്ക്കുമനുരൂപമായി വണ്ണിച്ചിട്ടുണ്ട്. അവിടുത്തെ കാരുണ്യാതിശയത്തിനു വംശവദനായ നമ്മുടെ കഥാനായകനു് കവിതാനിർമ്മാണത്തിൽ ഉന്മേഷം ജനിച്ചതു് സർവഥാ സമുചിതംതന്നെ. കോയിത്തമ്പുരാന്റെ വകയായി രാവണവിജയം ആട്ടക്കഥയും സന്താനഗോപാലം തുള്ളലും ഇങ്ങനെ രണ്ടു പുസ്തകങ്ങൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. ഇവകൂടാതേയും അവിടുന്നു ചില ഗ്രന്ഥങ്ങൾ നിർമ്മിച്ചിരിക്കുവാൻ ഇടയുണ്ടു്. എതായാലും അവിടുന്നു്, ഈ രണ്ടു ഗ്രന്ഥങ്ങളേയുംകൊണ്ടു, ചന്ദ്രനേയും ലക്ഷ്മീദേവിയേയുംകൊണ്ടു ക്ഷീരസമുദ്രംപോലെ, ശാശ്വതയശസ്സിനു ഭാജനമായി ഭവിച്ചിരിക്കുന്നു.

" ശബ്ദേന്ദുശേഖരഃ പുത്രോ
മഞ്ജൂഷാ മമ പുത്രികാ. "

എന്നു മഹാപണ്ഡിതനായ നാഗേശഭട്ടൻ ഒരവസരത്തിൽ പ്രസ്താവിച്ചതുപോലെ ഈ രണ്ടു കൃതികളേയുംകൊണ്ടു പ്രസ്തുത കവിക്കും സ്വയം അഭിമാനിക്കുവാൻ ധാരാളം അവകാശമുണ്ടു്. രാവണവിജയത്തിനു് ആട്ടക്കഥകളുടെ കൂട്ടത്തിലുള്ള സ്ഥാനം ഏതാണെന്നു്

" കോട്ടംതീർന്നൊരു കോട്ടയംകഥകൾ നാ-
ലഞ്ചാതെ വഞ്ചീശ്വര-
ശ്രേഷ്ഠൻതന്നുടെ നാലു തമ്പിയുടെ മൂ-
ന്നൊന്നക്കരീന്ദ്രന്റെയും."

എന്ന പ്രാചീന ശ്ലോകാർദ്ധത്തിൽനിന്നു വെളിപ്പെടുന്നതാണു്. ഈ പദ്യം നിർമ്മിച്ച ആൾ ഒരു നല്ല സഹൃദയനും സാരഗ്രാഹിയുമാണെന്നു് ആരും സമ്മതിക്കണം. ഈ അദ്ധ്യക്ഷൻ തിരുമേനിയുടെ ആധുനികങ്ങളായ പ്രലംബവധാദിഗ്രന്ഥങ്ങളെ ഒഴിച്ചുനോക്കിയാൽ മലയാളത്തിൽ വാസ്തവത്തിൽ പന്ത്രണ്ടു നല്ല ആട്ടക്കഥകളെ ഉള്ളുവെന്നും അവയിൽ ഒന്നു രാവണവിജയമാണെന്നും കാണാവുന്നതാണു്. എന്നാൽ എത്ര വിനയത്തോടുകൂടിയാണു് ആ ഗ്രന്ഥത്തെ കവി സുജ്ജനസമക്ഷം ആവിഷ്കരിക്കുന്നതെന്നുള്ളതു്,

Digitized By Kerala Sahitya Akademi

" തദീയകാരുണ്യവശംവദേന
കൃതം മയേദം ഖലു ബാലബുദ്ധ്യാ
വിനിശ്ചിതാർത്ഥപ്രതിഭാനവന്തോ
വിപശ്ചിതസ്സുസ്മ്രുതി തൽ ക്ഷമന്താം." !!

എന്നും

" വിജ്ഞാനാം വിവിധാഗമേഷു ഭണിതൌ
ഭംഗോപി ചേൽ തം ബുധാ
മൃഷ്യന്തേ ഖലു ഗച്ഛതഃ സ്ഖലനമി–
ത്യാപാദയന്തോ ഗ്രണാൻ;
അജ്ഞാനാമിഹ സാഹിതീപ്രചലനേ
കാ വാ കഥാ മാദൃശാ–
മവ്യക്തതാക്ഷരകോമളാം ശിശ്രൂഗവീം
നോദാഹരിഷ്യന്തി ചേൽ."

എന്നുമുള്ള പദ്യങ്ങളിൽനിന്നും വിശദീഭവിക്കുന്നു. ഇപ്പോഴത്തെ കൂട്ടിത്തരക്കാരുടെ സാഹസം ഇതിൽനിന്നെത്ര ഭിന്നമായിരിക്കുന്നു! ഒരു കവിയശഃപ്രാർത്ഥി എനിക്കു വളരെ മനുഷ്യദയായി മറുപടി വേണമെന്നുള്ള അപേക്ഷയോടുകൂടി ആദ്യം ഒരെഴുത്തയച്ചു. കൃത്യാന്തരവ്യഗ്രതയാൽ എനിക്കു മറുപടി ഉടനയയ്ക്കാനൊത്തില്ല. അപ്പോഴേക്കു് അയാളുടെ ഭാവം മാറി എന്നെ കണക്കിനു ശകാരിച്ചും ഇംഗ്ലീഷു പഠിച്ചവരുമായി കത്തിടപാടു ചെയ്യുന്നതു് ആലോചിച്ചുവേണ്ടതാണെന്നു കാണിച്ചും പിന്നെയും ഒരെഴുത്തയച്ചു. ഇങ്ങനേയുമൊരു ഒരു സാഹസവും അക്ഷമയും ?

" ശ്ലിഷ്ടാ സഭംഗാ സദവർണ്ണ്യാ
നിർദ്ദോഷാ സഗുണാ മൃദുഃ
നാനാഭംഗിവിലാസാ ചേൽ
കൃതിർവികൃതിരന്യഥാ. !!

എന്നാണല്ലോ ആലങ്കാരികമതം. ഈ ലക്ഷണരീത്യാ നോക്കുകയാണെങ്കിൽ രാവണവിജയം ഒരു ഉത്തമകൃതിയായിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.

Digitized By Kerala Sahitya Akademi

" നിത്യം ശ്രീനീലകണ്ഠാർച്ചനനിപുണമതി-
സ്സിദ്ധവിദ്യാധരാണാ-
മുത്തംസീഭ്രതപാദാംബുജയുഗളരുചിഃ
ശ്രീനിവാസൈകധാമാ
അത്യന്തം ശംഖപത്മാദിഭിരനുപമിതൈ-
സ്സാദരം സേവ്യമാനോ
വിഷ്വക്സേനാഭിധ്യേ നിജനഗരവരേ
രാജരാജോ രരാജ്. "

ഈ പദ്യത്തിനു നാലത്ഥംവരെ കല്പിക്കാവുന്നതാണു്.

" കാലേ കാളാഗരുശ്യാമളബഹളതമഃ-
കാളക്ഷ്ടം കരാഗ്രൈഃ
പ്രാലേയാംശൌ നിപീയോരസി നിഹിതപദേ
നീലകണ്ഠോപമാനേ
കൽഹാരോദ്യന്മധുളീപരിമളപവനാ-
മോദിതോപാന്തഭ്രമൌ
രേമേ രാമാസമേതസ്സുരതരുജടിലാ-
രാമദേശേ ധനേശഃ."

ഈ പദ്യത്തിലേ ശബ്ദാത്ഥങ്ങൾക്കുള്ള തുല്യഭംഗി വാചാമഗോചരമാണു്.

" ആശേശേപി നിശാചരേശ്വരശരാ-
വേശാവശേ മന്ത്രിണോ-
പ്യാശാമാശു തദാശുഗാശിതശരീ-
രശ്ലോകശക്ത്യാ വിശൻ
ശശ്വത്തൽപിശിതാശവംശകലശാം-
ഭോരാശിനൈശാകര-
ച്ഛായാകാശനികാശപേശലയശോ-
രാശിസ്തതോജ്ജൃംഭത."

" ആജൌ ജിത്വാ ജവേന ജ്വലിതനിജഭുജാ-
തേജസം രാജരാജം

Digitized By Kerala Sahitya Akademi

രാരാജദ്വാജിരാജീഗജപദജരജോ—
ജാലശ്ലഷ്യജ്ജലാബ്ധിഃ
ജ്യാഘോഷവ്യാജഭാജാ ജഗതി ജയമയം
ജാപയൻ ചാപവല്യാ
രാജാ സഞ്ജാതമോദവ്രജമനുജഭൃജാം
രാജതാദ്രിം ജഗാമ''

ഇത്യാദി പദ്യങ്ങളിൽ കാണുന്ന ബാലിശമെങ്കിലും നിരങ്കുശമായ പ്രാസപ്രയോഗം ആരേയും ആശ്ചര്യപരതന്ത്രന്മാരാക്കാതെയിരിക്കയില്ല.

'' കോകിവിരഹേണ പാരം,'' '' പരിമളചികുരാംബുദനികരേ '', '' അമ്പിളികിരണനെന്നങ്കേ വാണീടുന്നേരം '', '' രാകാധിനാഥരുചരിഞ്ജിതനിശായാം '' ഇത്യാദി പദഖണ്ഡങ്ങളിലേ ചമൽകാരം അനന്യസാധാരണമാണു്.

'' കലിതപുണ്യജനൈകസമാഗമാം
പൃഥുനിതംബവതീമളകാഞ്ചിതാം
അലഘുപീനപയോധരമണ്ഡിതാ-
മചലഭ്രമിമസൌ സമുപാവിശൽ ''

എന്നും,

'' മാ മാ സ്പൃശേതി മുഹുരപ്യനുചാചിതോപി
രാജീവകോരകകരാഞ്ജലിമുദ്രയേവ
ഹാ ഹാ തദസ്പുരസി കാമദവ്യാരുരുക്ഷാ
ചിക്രീഡ തന്നിശി നിശാചരകുഞ്ജരാരിം.''

എന്നുമുള്ള പദ്യങ്ങളുടെ വ്യംഗ്യഭംഗി രണ്ടുമണിക്കൂറുണ്ടെങ്കിലും വേണ്ടപോലെ വിവരിക്കുവാൻ സാധിക്കുന്നതല്ല. ആട്ടക്കഥകൾ നിർമ്മിക്കുവാൻ അശ്വതിതിരുനാൾ തിരുമനസ്സിലേക്കു് ഉണ്ടായിരുന്നതുപോലെയുള്ള സാമർത്ഥ്യം ഇന്നുവരെ ആരിലും കണ്ടിട്ടില്ല. ആ കവിചക്രവർത്തിയെ അധികം സമീപിച്ചിട്ടുള്ളതു രാവണവിജയകർത്താവാണെന്നുള്ളതു നിസ്സംശയമാണു്. ''രീതിരാത്മാ കാവ്യസ്യ'' എന്ന വാമനമതം ഈ രണ്ടു നൃത്യപ്രബന്ധകാരന്മാരും മാത്രമേ സാർവത്രികമായി ആദരിച്ചുകാണുന്നുള്ളു. സാക്ഷാൽ സരസ്വതീകടാക്ഷമില്ലാത്ത കവികളുടെ രസനയിൽ നിന്നത്രേ ശൃംഗാരരസം വഞ്ചിക്കേണ്ട ഘട്ടത്തിലും ഇന്ദുമതീസ്വയംവരകർത്താവിന്റെ

Digitized By Kerala Sahitya Akademi

" ദിഷ്ടസ്ഥിൻ പരപുഷ്ടസൃഷ്ടമധുരോൽ-
ഘുഷ്ടേ സുധാംശുപ്രഭാ-
പുഷ്ടേ തുഷ്ടിതപൃതയഷ്ടിമധു.പ്ല-
ഷ്ട്യാമോദിതോദ്യാനകേ
ദൃഷ്ടാ സേവഷ്ടതമാം ഹരി ശ്രഷ്ടമദനാ-
വിഷ്ടാന്തരംഗഃ പ്രിയാം
ഹൃഷ്ടോസൌ സുഭഗാമഭീഷ്ടകുശലാം
സ്പഷ്ടം സമാചഷ്ടതാം. "

എന്ന മാതിരിയിലുള്ള പദ്യങ്ങൾ ഖരസ്വരത്തിൽ പുറപ്പെട്ടുന്നതു്. ഇര യിമ്മൻതമ്പിക്കുതന്നെയും രൌദ്രരസത്തിനനുഗുണമായ ശബ്ദങ്ങൾ ധാ രാളമായി കിട്ടിയിരുന്നില്ല. മഹാകവി കോട്ടയത്തുതമ്പുരാനുപോലും " ആരെന്നു നീ പറഞ്ഞീടേണമെന്നോട്ട പോരിനായ്വന്നതും ചാരുകളേബര! " ഇത്യാദി ഭാഗങ്ങളിൽ അപൂർവമായി അടി പിഴച്ചിട്ടുണ്ടു്, അശ്വതിതിരുനാൾ തിരുമനസ്സിലേക്കു് ആ കുസലേ ഇല്ല. അവിടത്തെ " ജൃംഭാരംഭികുസുംഭപാടല " ഇത്യാദി പദ്യത്തിനും രാവണവിജയത്തി ലെ " ഉദ്യച്ചാരുശശാങ്കശംഖധവള " ഇത്യാദി പദ്യത്തിനും തമ്മിലുള്ള സാമ്യം അനുസന്ധാനക്ഷമമാണു്. രണ്ടും നാരദന്റെ പുറപ്പാടുതന്നെ. അംബരീഷചരിതത്തിലേ

" സോമകോടിസമധാമകഞ്ചുകിലലാമ
മഞ്ചതലമാസ്ഥിതം
ശ്യാമതാമരസദാമകോ മളരമാദ്യ-
ഗഞ്ചലകലാഞ്ചിതം
കാമദായകമമോഘമേഘകുലകാമ-
നീയകഹരം പരം
സാമജാമയഹരം ഹരിം സ മുനിരാന-
നാമ വനമാലിനം. "

എന്നും രാവണവിജയത്തിലേ

" സാമഗാനപരിമോദമാനമഥ
നാമനാശിതജനാമയം
ശ്യാമതാമരസരാമണീയകവി-
രാമദാമലഗളാഞ്ചിതം

Digitized By Kerala Sahitya Akademi

കാമിനീകലിതസാമിദേഹമഹി-
ദാമശോഭിതഭുജാന്തരം
യാമിനീചരലലാമമാനമ-
ദസീമഭ്രമവിഭവം ഭവം.''

എന്നുമുള്ള പദ്യങ്ങളും സഹൃദയന്മാരുടെ താരതമ്യവിവേചനത്തെ അർഹിക്കുന്നു. എല്ലാത്തരത്തിലുള്ള പ്രേക്ഷകന്മാരേയും ഒന്നുപോലെ രസിപ്പിക്കത്തക്ക ഒരു ഇതിവൃത്തത്തെ സ്വീകരിക്കുകനിമിത്തം നമ്മുടെ കവിക്കു നിവാതകവചവധകർത്താവിനെപ്പോലെ വജ്രകേതുവജ്രബാഹുക്കളെ സൃഷ്ടിക്കുന്നതിനും ശാകുന്തളം ആട്ടക്കഥക്കാരനെപ്പോലെ കണ്വന്റെ പാവനമായ തപോവനത്തെ രാക്ഷസന്മാരെയും കാട്ടാളന്മാരെയും കൊണ്ടു നിറയ്ക്കുന്നതിനുമുള്ള ആവശ്യം നേരിട്ടുന്നില്ല. രാവണനെ ആത്മദമനത്താലും ശിവഭക്തിയാലും ശോഭിക്കുമാറാക്കി ആ ഘട്ടത്തിൽ അവസാനിപ്പിക്കുന്ന കഥയ്ക്കു രാവണവിജയമെന്നു കവി നല്കുന്ന നാമധേയം സർവോപരി യോജിക്കുന്നുണ്ടെന്നുള്ളതും നിസ്തർക്കമാണു്.

ഇനി രണ്ടുവാക്കു പറവാനുള്ളതു സന്താനഗോപാലത്തെപ്പറ്റിയാണു്. സുകുമാരകവിയുടെ കൃഷ്ണവിലാസത്തെ ആരോ പൂരിപ്പിക്കുവാൻ പുറപ്പെട്ടപ്പോൾ ഉണ്ടായതുപോലെ ഒരശരീരിവാക്കു കണ്ടിയൂർ കുഞ്ഞൻവാരിയർ ഈ ഗ്രന്ഥം മുഴുപ്പിക്കുവാൻ ആരംഭിച്ചപ്പോഴും ഉണ്ടാകേണ്ടതായിരുന്നു. ''ഭാഷാകവിത മഹാവൈഷമ്യം'' എന്നു കുഞ്ചൻനമ്പിയാർ ഒരുദിക്കിൽ നെടുവീർപ്പിട്ട പാടിട്ടുണ്ടു്. എന്നാൽ ഭാഷാകവിത എത്ര വിഷമമെന്നു് ആ മഹാകവി പറയുന്നുവോ അതിൽ ആയിരംമടങ്ങു വൈഷമ്യം മറ്റു കവികൾക്കു തുള്ളൽക്കഥ ഉണ്ടാക്കുന്ന വിഷയത്തിൽ അദ്ദേഹം വരുത്തിവച്ചിട്ടുണ്ടു്. ഇന്നു ഭാഷാസാഹിത്യസാമ്രാജ്യത്തിൽ യുവരാജാവായി അഭിഷിക്തനായിട്ടുള്ളതു കൊട്ടങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ടാണു്. അവിടത്തെ സകലകാവ്യഗുണസമ്പൂർണ്ണമായ സുന്ദരകാണ്ഡം തുള്ളലിനുകൂടി പ്രത്യക്ഷമായി ഒരു ന്യൂനതയുള്ളതു സഹൃദയന്മാക്കു് അറിയാവുന്നതാണു്; അതു് ആ മാതിരി കൃതികൾക്കു് ഒഴിച്ചുകൂടാതെ വേണമെന്നു വച്ചിട്ടുള്ള ഫലിതത്തിന്റെ അഭാവമല്ലാതെ മറ്റൊന്നുമല്ല.

'' ഹാസത്തിന്നൊരുമാഗ്ഗം ചിലദിക്കിലതും വേണം ''

എന്നും

Digitized By Kerala Sahitya Akademi

" കഥയിൽ സംഗതിചേർത്തു കഥിക്കുമ്പോളതിൽക്കൂടി-
ക്കഥിക്കേണ്ടിവരും കുഞ്ഞുകവികളും ചിലദിക്കിൽ. "

എന്നും

" കലികാലങ്ങളിലുള്ള കാണികൾക്കു കഥ കേട്ടാൽ
ഫലിതമുള്ളതേ നല്ല പലക്കുമങ്ങനെ തന്നെ;
വലിപ്പമുള്ളവർകൾക്കും വയസ്സുചെന്നവക്കും സൽ-
ക്കലത്തിലുള്ളവർകൾക്കും നാരിമാക്കും ശിശുക്കൾക്കും
ചിരിപ്പാനുള്ളൊരു നല്ല കവികൾ ചൊല്ലിയെങ്കിൽ കേ-
ട്ടിരിപ്പാനാഗ്രഹമുണ്ടാമെന്നിയേ നൽക്കഥ കേട്ടാൽ
തിരിപ്പാനെന്തൊരുമാശ്ശ്മെന്നു തോന്നുന്നവരേറും. "

എന്നും നമ്പിയാർ പറഞ്ഞിട്ടുള്ളതു വാസ്തവമാണ്. ഏവഞ്ച നമ്പിയാരുടെ തുള്ളൽക്കഥകൾക്കു തുല്യമായി പറയത്തക്ക യോഗ്യത ഇന്നുവരെയും വിദ്വാൻ കോയിത്തമ്പുരാന്റെ സന്താനഗോപാലത്തിനു മാത്രമേ സിദ്ധിച്ചിട്ടുള്ളൂ എന്നുള്ളതു നിർവിവാദം തന്നെ.

" മായാമനുജനായ്വന്നു പിറന്നു ഭ-
വായാസഖേദം കളവാൻ ജഗത്തിന്നു-
മേയാനുഭാവനാകുന്ന മുകുന്ദൻ ക-
ളായാതികോമളശ്യാമളാകാരനായ്....."
" പൂജ്യന്മാരായിട്ടുന്ന ഭ്രസുരന്മാക്കൊരുദിക്കിൽ
ഭോജ്യമുണ്ടെന്നതുകേട്ടാൽ പുരുഷാർത്ഥമതുതന്നെ. "
" വാരാളും മുകിലോട്ട പോരാളും തിരുമേനി
നീരാളം തുകിൽ ചാർത്തിപ്പാരോളം മനംതന്നിൽ."
" ഉണ്ണുക്കുമാരാ! ചതിച്ചിതോ പൈതലേ!
കണ്ണും നിറുത്തിക്കിടക്കുന്നതെന്തുനീ!....."
" കട്ടനടക്കുന്ന കള്ളനെക്കൊണ്ടന്നു
പട്ടവുംകെട്ടിപ്പദവിയിൽ വാഴിച്ചു....."
" ആരെടാ നീയെന്റെ സങ്കടംകേൾക്കുവാ-
നാരെന്നെനിക്കു തിരിഞ്ഞില്ല കേൾക്കണം....."

ഇത്യാദി ഘട്ടങ്ങളിൽ പ്രതിഫലിച്ചുകാണുന്ന ഈ മഹാകവിയുടെ വാസനാവൈഭവം വർണ്ണനത്തിനു കേവലം അതിഭ്രമിയാണ്.

Digitized By Kerala Sahitya Akademi

വിദ്വാൻ കോയിത്തമ്പുരാന്റെ ഒറ്റ ശ്ലോകങ്ങളും വിലമതിക്കാവുന്നവയല്ല. " യാനേ വാ ശയനേ " "ബുദ്ധിശ്ലാകന്തലാശിക്ഷണപദവിബ്ധോല്ലം ഘ്ലിനീ താ.വകീനാ " " യം ശംസന്തി സദാഗതിപ്രണയിനം " " വിശ്വാമിത്രാഗ്ര്യകമ്പ്രശമരതസുബാഹ്വരുകണ്ഠപ്രഭേദം " ഇത്യാദി പദ്യങ്ങളുടെ മഹനീയങ്ങളായ ഗുണഗണങ്ങളെപ്പറ്റി എന്തെങ്കിലും പറയുവാൻ സമയമില്ലായ്കയാൽ ചുരുക്കുന്നു.

അവിടത്തെ മാന്യവംശത്തിൽ ജനിച്ചിട്ടുള്ള ചില രാജകുമാരന്മാരുടെ സഹിരോത്സാഹത്തിന്റെ ഫലമാണ് ഇന്നത്തെ യോഗമെന്ന് എനിക്കറിയാം. എന്നാൽ ഇതുകൊണ്ടുമാത്രം അവക്കു ജന്മസാഫല്യം സിദ്ധിച്ചതായി വിചാരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. മലയാളഭാഷയുടെ ഭാവി അവരേയും അവരേപ്പോലെയുള്ളവരേയും ആശ്രയിക്കുന്നതാകയാൽ തങ്ങളാൽ കഴിയുന്നവിധത്തിലെല്ലാം അവർ അതിന്റെ അഭ്യുന്നതിക്കായി പ്രയത്നിക്കുമാറാകണമെന്നാണ് എന്റെ മോഹം. വേണ്ട ശ്രമവും താൽപര്യവുമുണ്ടെങ്കിൽ അവക്കും വേഗത്തിൽ നല്ല ഗ്രന്ഥകാരന്മാരായി തീരാവുന്നതാണ്. കൊമ്പന്റെ പിമ്പു നടക്കുവാൻ ആക്കും വൈഷമ്യമില്ലെന്നു ഞാൻ വിശേഷിച്ചു പറയേണ്ടതുമില്ലല്ലൊ.

1088 കന്നി 8-ാംനു-

Digitized By Kerala Sahitya Akademi

14. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ സാഹിത്യപോഷണം

ഒരു ഭാഷയുടെ ഉൽകൎഷത്തെ തുലനംചെയ്യേണ്ടതു് അതിന്റെ സാഹിത്യത്തെ ആസ്പദീകരിച്ചാണെന്നുള്ളതു സർവസമ്മതമാണല്ലൊ. ഈ മാനദണ്ഡംകൊണ്ടു പരിശോധിക്കുമ്പോൾ മലയാളത്തിനു ലേശവും ലജ്ജയ്ക്കു് അവകാശമുള്ളതായി തോന്നുന്നില്ല. കൃഷ്ണഗാഥയും നൈഷധചമ്പുവും ഇന്ദുലേഖയും കോമപ്പനും ഏതു ഭാഷയിലെഴുതപ്പെട്ടുവോ ആ ഭാഷ നിസ്സാരമല്ല. പുനംനമ്പൂരിയും തുഞ്ചത്തെഴുത്തച്ഛനും കുഞ്ചൻനമ്പിയാരും വെണ്മണി മഹൻനമ്പൂരിപ്പാട്ടും ഏതു സാഹിത്യത്തെ പോഷിപ്പിച്ചുവോ ആ സാഹിത്യം ആദരണീയംതന്നെ. ഗ്രണ്ഥത്തുസായിപ്പിന്റെ നിഘണ്ടുവിൽ ഉദ്ധരിച്ചിട്ടുള്ള രാമചരിതം പാട്ടിന്റെ നഷ്ടശിഷ്ടങ്ങളുടേയും കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു പ്രസിദ്ധീകരിക്കുന്ന ഭാരതതർജിമയുടെ പ്രഥമഭാഗങ്ങളുടേയും ഇടയിൽ കിടക്കുന്ന ഭാഷാസാഹിത്യഭ്രമി വിസ്തൃതവും സുഭിക്ഷവും മനോഹരവും അല്ലെന്നു പറവാൻ ആൎക്കു ധൈൎയ്യംതോന്നും ? അതിലെ പ്രധാന കൎഷകന്മാരുടെ പ്രയത്നത്തെ അഭിനന്ദിക്കാതിരിക്കാൻ ആൎക്കു കൃതഘ്നത ഉണ്ടാകും ? അതിന്റെ ഭാവി ഐശ്വൎയ്യവത്തും ഭാഗ്യഭ്രയിഷ്ടവുമല്ലെന്നു ജല്പിക്കുവാൻ ആൎക്കു ധാർഷ്ട്യം വരും ?

എന്നാൽ കേരളഭാഷയുടെ ഈ വിലവേറില്ലാത്ത സമ്പാദ്യം എല്ലാം ഒരു കാലത്തല്ലാത്തതുപോലെതന്നെ എല്ലാക്കാലങ്ങളിലും ഒന്നുപോലെ ഉണ്ടായിട്ടുള്ളതല്ല. കഴിഞ്ഞ ക്രൈസ്തവശതവൎഷത്തിന്റെ ആരംഭത്തിൽ ഒരു പണ്ഡിതാഗ്രേസരനായിരുന്ന എല്ലിസ്സ് സായിപ്പ് മലയാളത്തെക്കുറിച്ചെഴുതിയ ഒരു പ്രസംഗത്തിൽ അതിനു സാഹിത്യമെന്നൊന്നില്ലെന്നു പ്രകടമായി പ്രസ്താവിച്ചിരിക്കുന്നു. നേരേമറിച്ചു് നൂറുവൎഷങ്ങൾക്കിപ്പുറം എന്റെ മയൂരസന്ദേശത്തിന്റെ ആംഗലഭാഷാതർജിമ വായിച്ചുനോക്കിയ വിദ്വന്മണി രമേശചന്ദ്രദത്തൻ സാഹിത്യദൃഷ്ട്യാ

Digitized By Kerala Sahitya Akademi

പരിശോധിക്കുമ്പോൾ ഭാരതഖണ്ഡത്തിലെ പ്രധാന ഭാഷകൾ ബംഗാളി, ഹിന്ദി, ഗുജറാത്തി, മഹാരാഷ്ട്രി, മലയാളം, തമിഴ്, തെലുങ്ക്, കണ്ണാടകം എന്നീ എട്ടുമാണെന്നു നിർവിശങ്കം അഭിപ്രായപ്പെട്ടിരിക്കുന്നു. സ്വല്പകാലംകൊണ്ടു ഭാഷയ്ക്കു രാത്രി വിട്ടു പകൽ എന്നതുപോലെയുള്ള ഈ വ്യത്യസ്തപദവി വരുവാൻ പല മഹാപുരുഷന്മാരും തീവ്രമായി പ്രയത്നിച്ചിട്ടുണ്ട്. അവരാരെല്ലാമെന്നു് ഇവിടെ എടുത്തുപറയുന്നതു സാദ്ധ്യമല്ലെങ്കിലും അവരുടെയെല്ലാം മാഗ്ദർശിയും നേതാവുമായി കഴിഞ്ഞ നാല്പതിൽപരം സംവത്സരങ്ങളായി ജീവിച്ചിട്ടുള്ളതും, ഇപ്പോഴും കേരളീയ കവിസാമ്രാജ്യത്തിന്റെ ഏകച്ഛത്രാധിപതിയായി സമുല്ലസിക്കുന്നതും, ഇന്നത്തെ ഉപന്യാസത്തിനു വിഷയീഭൂതനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടാണെന്നുള്ളതു നിർവിവാദമാകുന്നു.

ഈ പ്രസംഗത്തിൽ അവിടുത്തെ ഗുണങ്ങളേയോ ജീവചരിത്രത്തേയോ പറ്റി യാതൊന്നും പ്രസ്താവിക്കുവാനുദ്ദേശിക്കുന്നില്ല. അവ ധരിക്കാത്ത കേരളീയർ ഇനിയുമുണ്ടെങ്കിൽ അവക്കു "നമ്മുടെ മഹാന്മാർ" എന്ന ഗ്രന്ഥമാലയിൽ കേരളപാണിനി ആ തിരുമനസ്സിലേക്കുറിച്ചെഴുതീട്ടുള്ള ഗദ്യഗ്രന്ഥമോ കൊട്ടാരത്തിൽ ശങ്കുണ്ണി അവർകളുടെ ലളിതമധുരമായ കേരളവർമ്മശതകമോ പരവൂർ കേശവപിള്ള അവർകളുടെ പ്രൌഢരമണീയമായ ഷഷ്ടിപൂർത്തിഷഷ്ടിയോ വാങ്ങി യഥാവസരം വായിച്ചുകൊള്ളാവുന്നതാണു്. ഇവ കൂടാതേയും സംസ്കൃതത്തിൽ ഒരു കേരളവർമ്മശതകവും, പല പത്രഗ്രന്ഥങ്ങളിലും സരസങ്ങളായ അനേകം ഉപന്യാസങ്ങളും ഇതേ വിഷയത്തെ അധികരിച്ചു് ആവിർഭവിച്ചിട്ടുള്ള വസ്തുത ആലോചിക്കുമ്പോൾ, പ്രഥമദൃഷ്ടിയിൽ കേവലം ചാപലമെന്നുതന്നെ വ്യാഖ്യാനിക്കാവുന്ന ഈ ഗ്രന്ഥകാരപക്ഷപാതത്തിനു

"സ്വസുക്തീനാം പാത്രം രഘുതിലക—
മേകം കലയതാം
കവീനാം കോ ദോഷസ്സ ഉ ഗുണ—
ഗണാനാമപഗുണഃ;
യദേതൈർനിശ്ശ്രേഷ്ഠൈരപരഗുണ—
ല്യുല്ലൈഖിവ ജഗ—
ത്യസാവേകശ്ചക്രേ സതതസുഖ—
സംവാസവസതിഃ."

എന്നു ജയദേവകവി ശ്രീരാമനെപ്പറ്റി വർണ്ണിക്കുന്ന ശ്ലോകത്താൽതന്നെ സമാധാനം പറയാവുന്നതുമാകുന്നു.

Digitized By Kerala Sahitya Akademi

"തങ്ങളുടെ സുക്തികൾക്കെല്ലാം ശ്രീരാമനെമാത്രം വിഷയീകരിക്കുന്നതു കവികളുടെ ദോഷമല്ല, നേരേമറിച്ചു ലോകത്തിലെ സൽഗുണങ്ങളുടെ ദോഷമാകുന്നു. എന്തെന്നാൽ അവയിൽ ഓരോന്നും മറ്റുള്ള ഗുണങ്ങളോടുള്ള അസൂയ കൊണ്ടെന്നപോലെ തമ്മിൽ മത്സരിച്ചു ശ്രീരാമനിൽതന്നെ എല്ലാക്കാലവും സുഖമായി വിശ്രമിക്കുന്നുവല്ലോ." എന്നാകുന്നു ഈ പദ്യത്തിന്റെ സാരം. തിരുമനസ്സിലെ ദിവ്യതൂലികയിൽനിന്നു മലയാളഭാഷയ്ക്കുണ്ടായിട്ടുള്ള പോഷണത്തെ സൂക്ഷ്മമായി തുലാമാനം ചെയ്യണമെങ്കിൽ അവിടുന്നു സംസ്കൃതത്തിൽ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളുടേയും അവസ്ഥായി ചെയ്തിരിക്കാവുന്ന സമയവ്യയത്തിന്റേയും ഏകദേശജ്ഞാനംകൂടി ആവശ്യകമാണു്. സംസ്കൃതത്തിൽ ഗ്രന്ഥനിർമ്മാണം കൊണ്ടു മലയാളത്തിനു ഗുണമൊന്നുമില്ലെന്നു ശഠിക്കുന്നവരും ആ വിശിഷ്ടഭാഷ ഹിന്ദുക്കളുടെ സമുദായസ്വത്താണെന്നും അതിന്റെ ഉൽകർഷത്തിനായി പ്രയത്നിക്കേണ്ടതു് ഏതദ്ദേശീയരായ വിദ്വജ്ജനങ്ങളുടെ കർത്തവ്യകർമ്മമാണെന്നുമുള്ള തത്വങ്ങളെ അപലപിക്കുമെന്നു തോന്നുന്നില്ല. മധുസൂദനദത്തന്റെ മേഘനാദവിജയത്തേയും കമ്പരുടെ രാമായണത്തേയും ബഹുമാനിക്കുന്ന ബംഗാളികളും ദ്രാവിഡന്മാരും, ഗീതഗോവിന്ദകാരനായ ജയദേവനേയും കുവലയാനന്ദാദികർത്താവായ അപ്പയ്യദീക്ഷിതരേയും അവർ സംസ്കൃതത്തിൽ മാത്രമേ ഗ്രന്ഥനിർമ്മാണം ചെയ്തുള്ളു എന്നുവച്ചു ശ്ലാഘിക്കുവാൻ മടിക്കുന്നുണ്ടോ? നമുക്കുതന്നെ ലക്ഷ്മീദാസൻനമ്പൂരിയിലും മേല്പുത്തൂർ നാരായണഭട്ടതിരിയിലും തോന്നുന്ന ആദരം അവർ ഏതെങ്കിലും ഭാഷാഗ്രന്ഥം രചിച്ചിട്ടുണ്ടെന്നു് അദ്യാപി തെളിഞ്ഞിട്ടുള്ളതിനാലല്ലല്ലോ. ശുകസന്ദേശവും നാരായണീയവും കേരളീയന്മാരാണു് നിർമ്മിച്ചതെന്നുള്ള ഖ്യാതി വേണ്ടെന്നുവയ്ക്കുവാൻ നമ്മിൽ എത്രപേർ തയാറുണ്ടു്! അഭിജ്ഞോത്തമനായ വിജ്ഞാനചിന്താമണിപത്രാധിപർ പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മാ അവർകളെ ഏതു ഭാഷാഗ്രന്ഥനിർമ്മാണത്തിനാണു് നാം അഭിനന്ദിക്കുന്നതു്? അതുകൊണ്ടുതന്നെയാകുന്നു ഭാരതഖണ്ഡത്തിലേ കവികളുടെ സാഹിത്യവ്യവസായത്തെ വിചിന്തനം ചെയ്യുമ്പോൾ അവരുടെ സംസ്കൃതകൃതികളെ വിസ്മരിക്കരുതെന്നു പറയുന്നതു്. മിൽട്ടൺ, ഗ്വെക്കൺ, ഗ്രേ, മുതലായ സാഹിത്യകാരന്മാർ ലത്തീൻഭാഷയിലെഴുതിയ ഗ്രന്ഥങ്ങളെക്കൂടി ആങ്ഗലകാവ്യപരിശോധകന്മാർ പരിഗണിച്ചാണു് അവരുടെ മഹിമാതിശയം നിർണ്ണയിക്കുന്നതു്.

വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ പ്രധാന സംസ്കൃതകൃതികൾ (1) വിശാഖവിജയം (2) കംസവധചമ്പു (3) ക്ഷമാപണസഹസ്രം (4) തുലാഭാരശതകം (5) യമപ്രണാമശതകം (6) പാദാരവിന്ദ

Digitized By Kerala Sahitya Akademi

ശതകം (7) വ്യാഘ്രാലയേശശതകം (8) അമൃതമന്ഥനം (9) നക്ഷത്ര മാല (10) ശൃംഗാരമഞ്ജരീഭാണം (11) തിരുനാൾപ്രബന്ധം (12) വിക്ടോറിയാചരിതം മുതലായ പദ്യഗ്രന്ഥങ്ങളും സന്താഗ്ഗസംഗ്രഹം ഗദ്യവും, ശുകസന്ദേശത്തിനും പ്രക്രിയാസർവസ്വത്തിനും ഓരോ വ്യാഖ്യാനവുമാകുന്നു. എണ്ണംകൊണ്ടും വണ്ണംകൊണ്ടും ഗുണംകൊണ്ടും ഈ ഗ്രന്ഥപരമ്പര സവിശേഷം ശോഭിക്കുന്നു. ഇവയെ ഓരോന്നിനേയുംപറ്റി ഗുണദോഷനിരൂപണം ചെയ്യുവാനുള്ള അവസരം ഇതല്ല. എന്നാൽ അവിട്ടത്തേക്കു മൂകകവിയുടേയും ജഗന്നാഥപണ്ഡിതരുടേയും ശബ്ദാഡംബരവും ഭവഭൂതിയുടേയും മുരാരിയുടേയും ശാസ്ത്രപാടവവും ക്ഷേമേന്ദ്രന്റേയും നീലകണ്ഠദീക്ഷിതരുടേയും ലോകവ്യൽപത്തിയും കാളിദാസരുടെ അദ്വിതീയമായ അർത്ഥനിഷ്പുഷ്പവും ഒന്നുപോലെ അധീനമാണെന്നുള്ള വാസ്തവം ഈ സന്ദർഭത്തിൽ ആനുഷംഗികമായെങ്കിലും അനുസ്മരിക്കാതെ നിവൃത്തിയില്ല. അതായതു രസത്തിനനുരൂപമായ വാഗ്ധോരണിതിരുമനസ്സിലേയ്ക്ക് അയത്നസുലഭമാണെന്ന് ഇവയിൽ ഏതുഗ്രന്ഥം വായിച്ചാലും ബോധപ്പെടുന്നതാണ്. വിശാഖവിജയത്തിലേ പതിനാറാം സർഗ്ഗവും തുലാഭാരശതകത്തിലെ ചിത്രശ്ലോകാവലിയും എത്ര അത്ഭുതകരമാകുംവണ്ണം നിർമ്മിക്കപ്പെട്ടിരിക്കുന്നു!

" ശ്രീമാനാനമ്രഭൂമീപതിമകുടതട—
പ്രോതമാണിക്യമാലാ—
സീമാതിക്രാന്തകാന്തിപ്രഗുണിതചരണാം—
ഭോരുഹാരുണ്യഭൂമാ "

എന്നും

" പ്രത്യൂഷോദിതവരാഹസ്ഫുരകിരണതതിഃ
പിഞ്ജരാധിത്യകാഗ്ര—
ശ്രീകണ്ഠാകാരശൈലേശവരശിഖരപരി—
ഷ്കാരകുഞ്ജപ്രകാരം "

എന്നും

" അശ്രാന്തോൽഗീർണ്ണകർണ്ണാമൃതരസമുരജി—
ന്നാമവർണ്ണാഭിരാമ—
ഭ്രാജിഷ്ണുസ്വർണ്ണവീണാഗുണഗണനിപുണ
കാണകേളിപ്രവീണാഃ "

Digitized By Kerala Sahitya Akademi

എന്നും

" പാലാശോഷ്ണീഷശോഭാപരിഗതനിടിലഃ
പത്മപത്രായതാക്ഷ-
സ്ഫുംഗഭ്രാജിഷ്ണുനാസസ്ഫുലിതപരിണമൽ-
ബിംബകത്രാധരോഷ്ഠഃ
കംബുഗ്രീവഃ കവാടപ്രതിഭടവികടോ-
രസ്ഫുടഃ ശാതകുക്ഷിഃ
കുക്ഷിൽ സുക്ഷത്രിയോ മേ കിരതി സഖി! ദൃശോ-
രേഷ പീയൂഷവർഷം. "

എന്നും മറ്റുമുള്ള ഭാഗങ്ങളിലെ ഗംഗാപ്രവാഹസദൃശമായ ശബ്ദലഹരിയേയും,

" പുണ്ഡരീകനികരൈഃ കമലാനാം
മണ്ഡലൈശ്ച വിവിധാണ്ഡജഷണ്ഡൈഃ
മണ്ഡിതം ക്ഷിതിപതിർവനരാജിം
പണ്ഡിതഃ കൃതകമൈക്ഷത തത്ര. "

എന്നും

കസ്മിംശ്ചിദന്യവിഷയേ കഥമുത്സുകാ സ്യാ-
ദുത്സൃജ്യ കേരളമസംശയമേവ ലക്ഷ്മീഃ
സദ്വൃത്ത ഏഷ പരിപൂർണ്ണകലോ വിശാഖ-
ജൈവാതൃകശ്ച ഭുവി കൈരവമാനനീയഃ. "

ഇത്യാദി പദ്യങ്ങളിലെ സഹൃദയന്മാർ കൊണ്ടാടേണ്ട അർത്ഥഭംഗിയേയും പരീക്ഷിച്ചാൽ അവിടത്തേ വശ്യവചസ്ത്വത്തേയും മഹാകവിത്വത്തേയും പ്രശംസിക്കുന്നതിൽ ആക്കാണു് അഹമഹമികാവേശമുണ്ടാകാത്തതു്? ഇതു വിഷയാന്തരമാകയാൽ വിരമിച്ചു് തിരുമനസ്സിലെ മലയാളഭാഷാപോഷണത്തെപ്പറ്റി മാത്രം വിചിന്തനം ചെയ്യാൻ ആരംഭിച്ചുകൊള്ളുന്നു. തിരുമനസ്സുകൊണ്ടു് ഒരു കവിയുടേയും ഗദ്യകാരന്റേയും നിലയിലും ഭാഷാഭിമാനിയുടെ സ്ഥാനത്തിലും മലയാളത്തെ പലപ്രകാരത്തിൽ പോഷിപ്പിച്ചിട്ടുണ്ടു്. ആദ്യമായി പദ്യകൃതികളെത്തന്നെയെടുക്കാം.

Digitized By Kerala Sahitya Akademi

അവിടത്തെ വിദ്യാഭ്യാസം ഒരു വിധത്തിൽ നോക്കിയാൽ സമാപിച്ചതായി വിചാരിക്കാവുന്ന പതിന്നാലാമത്തെ വയസ്സിൽ അതായത് കൊല്ലം 1034-ാമാണ്ടിടയ്ക്ക് ഭാഷാകവിതയുടെ സ്ഥിതി ഒരു വിധത്തിലും സ്പൃഹണീയമായിരുന്നില്ല. സംസ്കൃതരീതിയെ അനുസരിച്ചുള്ള ഭാഷാചമ്പുക്കളുടേയും മറ്റും കാലം അതിനു വളരെ മുമ്പുതന്നെ അസ്തമിച്ചിരുന്നു. ദ്രാവിഡ സമ്പ്രദായത്തിലുള്ള കവനം സംസ്കൃതവ്യുൽപന്നന്മാക്ക് ഗർഹ്യമായും തീർന്നു. തന്നിമിത്തം സംസ്കൃതഭാഷയിൽ ഗ്രന്ഥനിർമ്മാണംചെയ്യ ബാക്കിസമയം ഉണ്ടെങ്കിൽ അന്നത്തെ പണ്ഡിതന്മാർ അത് ആട്ടക്കഥകൾ രചിക്കുന്നതിലേക്കു മാത്രമാണ് വിനിയോഗിച്ചുവന്നത്. സുഭദ്രാഹരണം തിരുവാതിരപ്പാട്ടും മറ്റുമെഴുതിയ ഇരയിമ്മൻതമ്പിയുടേയും സന്താനഗോപാലം തുള്ളൽക്കഥ ഉണ്ടാക്കിയ വിദ്വാൻ കോയിത്തമ്പുരാന്റേയും അനന്തരഗാമികൾക്ക് ഈ നിർബന്ധം ആവശ്യകമല്ലായിരുന്നുവെങ്കിലും, വാസ്തവത്തിൽ കഥകളിയെഴുതിച്ചുള്ള കാവ്യഗ്രന്ഥത്തിനു ഭാഷയിൽ മേന്മയില്ലെന്നു തന്നെയായിരുന്ന ആ കാലത്തെ പണ്ഡിതന്മാരുടെ വിശ്വാസം. ഗതാനുഗതികന്യായേന വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും ഓരോരുത്തരുടെ അപേക്ഷ അനുസരിച്ചു ഹനുമദുത്ഭവം, മത്സ്യവല്ലഭവിജയം, പ്രലംബവധം, ധ്രുവചരിതം, പരശുരാമവിജയം എന്നീ അഞ്ചു ആട്ടക്കഥകളും, തന്റെ മാതുലൻ ചങ്ങനാശേരി രാജരാജവർമ്മകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു പാതി എഴുതി മുഴുപ്പിക്കാതെയിട്ടിരുന്ന സോമവാരവ്രതമാഹാത്മ്യം ആട്ടക്കഥയുടെ ഉത്തരാർദ്ധവും, നിർമ്മിച്ചു.

ഈ ആട്ടക്കഥകളുടെ പ്രചാരം വിരളമാണെന്നു വിചാരിക്കുന്നവർ അതിന്റെ കാരണം കാലവ്യത്യാസമാണെന്നും കാവ്യദോഷമല്ലെന്നും മനസ്സിലാക്കേണ്ടതാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്താലും തജ്ജന്യമായ പരിഷ്കാരത്താലും പ്രൌഢമായ ഏതാനും സംസ്കൃതശ്ലോകങ്ങളും കണ്ണാടകസമ്പ്രദായത്തിൽ കുറെ ഭാഷാപദങ്ങളും മാത്രമടങ്ങിയ ഒരു ഗ്രന്ഥത്തെ മലയാളകവിത തന്നെയെന്നു പറയുവാനുള്ള മടി സഹൃദയന്മാരിൽ കടന്നുകൂടുകയും അതോടുകൂടി യഥാർത്ഥദൃശ്യകാവ്യങ്ങളായ സാക്ഷാൽ നാടകങ്ങൾതന്നെ മലയാളത്തിൽ നിർമ്മിതങ്ങളാകയും ചെയ്തതാണ് ആട്ടക്കഥകളുടെ ആഭിജാത്യത്തിനു ഹാനികരമായിത്തീർന്നത്. ഈ നവീനാഭിപ്രായത്തിന്റെ ഉൽപത്തിക്കു പ്രധാന ഹേതുഭൂതൻ തിരുമനസ്സുകൊണ്ടുതന്നെയായിരുന്നു. ഈ ഒരു സംഗതി ഒഴിച്ചുനോക്കിയാൽ ഏതെല്ലാം ഗുണങ്ങൾ പൌണ്ഡ്രകവധത്തിലും, രുക്മിണീസ്വയംവരത്തിലും, നിവാതകവചവധത്തിലും, ദക്ഷയാഗത്തിലും രാവണവിജയത്തിലും കാണുന്നുവോ അവയെല്ലാം അവിടത്തെ ആട്ടക്കഥകളിലും പരി

Digitized By Kerala Sahitya Akademi

പൂർണ്ണമായി കാണണമെങ്കിലുള്ളതു അവ വായിച്ചിട്ടുള്ള സഹൃദയന്മാർ ഏകകണ്ഠമായി സമ്മതിക്കുന്നതാണു്. ഒരു കഥകളിപ്പാട്ടിന്റെ ഗുണദോഷങ്ങളെ പരീക്ഷിക്കുമ്പോൾ നാം അതിലെ സംസ്കൃതശ്ലോകങ്ങളെ നീക്കിവയ്ക്കുക പതിവില്ലല്ലോ. "മന്ദമന്ദമരവിന്ദസുന്ദര !!" എന്നും, "ഭ്രമ്ഭ്രമ്ഭംഗഭീമോ !!" എന്നും മറ്റുമുള്ള പദ്യങ്ങൾ തള്ളിയാൽ രുക്മിണീസ്വയംവരത്തിന്റെ നില എത്രമാത്രം താഴും ? അതിനാൽ അത്തരത്തിലുള്ള ശ്ലോകങ്ങളേയും ചേർത്തുവേണം ഈ വക നൃത്യപ്രബന്ധങ്ങളെ ചമച്ചെയ്യുവാൻ. അങ്ങനെ ചെയ്യുമ്പോൾ ധ്രുവചരിതവും, ഹനുമദുത്ഭവവും, പ്രലംബവധവും ഇവയെല്ലാം അപേക്ഷിച്ചു് ഉപരിസ്ഥാനത്തിൽ നിൽക്കുന്ന മത്സ്യവല്ലഭവിജയവും വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ അനന്യസാധാരണമായ വാഗ്വിലാസത്തിന്റെ ശാശ്വതസ്തംഭങ്ങളെന്നു കാണാം.

"കല്പാന്തോച്ചണ്ഡചണ്ഡീശ്വരപട്ടനടനാ-
രംഭചഞ്ചൽപദാഗ്ര-
പ്രൌഢാഘാതപ്രഭിന്നസ്ഥടികഗിരിതട
സ്ഥാരഗംഭീരനാദഃ"

എന്നും

"ദാഡ്ഢാകോടിദൃഢോപലഗ്നകരടി
പ്രൌഢാസ്ഥികൂടച്ഛടാ-
ഗാഢാപൂരിതവക്ത്രകോടരഗഭീ-
രാഡ്ഢൌകിതാക്ഷേപളിതാ !!

എന്നും മറ്റുമുള്ള വീരരസപ്രധാനങ്ങളും

"ഉന്മീലത്തിലകാഞ്ചിതാ സുമധുരാ
ശോഭാം വഹന്തീ ഭൃശം
രാജന്മഞ്ജുലതാഭിരാമസുഷമാ
പത്രാവലീഭാസുരാ
അമ്ലാനദ്യുതിരാമണീയകവതീ
ശ്യാമാ വനശ്രീരിവ
സൈരം സാ രമണീ സ്മ കൌതുകജുഷാ
കംസേന സംസേവ്യതേ."

Digitized By Kerala Sahitya Akademi

എന്നും

" മദകളകളകണ്ഠീമഞ്ജുളാരാവരമ്യേ "

എന്നും മറ്റുമുള്ള ശൃംഗാരരസമുഖ്യങ്ങളുമായ പദ്യങ്ങളേയോ

" ഉപവനേ പവനേരിതസൌരഭ–
സ്സുരസമാരസമാകുലമാനസഃ"

എന്നും

" ഉപഗമ്യ കേളിഷു കുതൂഹലിനം
ഹലിനം നിജൈരനുചരൈസ്സഹസാ "

എന്നും മറ്റുമുള്ള ഘട്ടങ്ങളിലേ യമകപ്രയോഗങ്ങളേയോ, മത്സ്യവല്ലഭ വിജയത്തിലേ കുമ്മിയേയോ, കാട്ടാളന്റെ തോടിയില്യുള്ള പദത്തേയോ, പർവതവണ്ണനത്തേയോ, ഹനുമദുത്ഭവത്തിലേ ദണ്ഡകത്തേയോ സാരിയേയോ വനവണ്ണനത്തേയോ അധികം ശ്ലാഘിക്കേണ്ടതെന്നു കാവ്യരസികന്മാരുടെ മനസ്സു ഡോളായമാനമാകുന്നു. അഥവാ " ന ഹി ഗുളഗുളികായാഃ കുപാപി മാധുര്യഭേദഃ." എന്നു് ആപ്തവാക്യമുണ്ടല്ലൊ. ഈ ആട്ടക്കഥകളെ വായിച്ചുനോക്കുന്ന ഏതു സഹൃദയനും

" കോട്ടംതീർന്നൊരു കോട്ടയംകഥകൾ നാ–
ലഞ്ചാതെ വഞ്ചീശ്വര–
ശ്രേഷ്ഠൻ തീർത്തതു നാലുതമ്പിയുടെ മൂ–
ന്നൊന്നക്കരീന്ദ്രന്റെയും"

എന്നു് ഒരു പഴയകവി പാതി തീർത്തിട്ട പദ്യത്തിന്റെ ഉത്തരാർദ്ധം

" ശിഷ്ടൻ കേരളവർമ്മദേവകവിതൻ മൂന്നെങ്കിലും "

എന്നു് ആരംഭിക്കാതെയിരിക്കയില്ലെന്നാണു് എന്റെ പൂർണ്ണമായ വിശ്വാസം. അതിലധികമായ ഒരു മേന്മ കഥകളിപ്പാട്ടുകൾക്കു വരേണ്ടതുമില്ലല്ലോ. പരശുരാമവിജയം മാത്രമേ ഇവയിൽ

" ഭൂഭാരഭൂതഭൂജഭൂഹതകാഭിഭൂത–ഭൂമീസുരാവനകൃതേ "

എന്നും മറ്റുമുള്ള നല്ല പദ്യങ്ങളുണ്ടെങ്കിലും എന്റെ ബുദ്ധിയിൽ മറ്റു് ആട്ടക്കഥകളെക്കാൾ ഒരുപടി താഴ്ന്നു നില്ക്കുന്നതായി തോന്നുന്നുള്ളു. ഇതു

Digitized By Kerala Sahitya Akademi

തീപ്പെട്ടപോയ അത്തംതിരുനാൾ മഹാരാജാവു തിരുമനസ്സിലെ കല്പന പ്രകാരം പ്രസ്തുതകവി ഒരു രാത്രികൊണ്ടുണ്ടാക്കിയതുമാണു്. എനിക്കു ദ്രുതകവികളെപ്പറ്റി ബഹുമാനമാണുള്ളതെങ്കിലും അവരുടെ കവിതയെപ്പറ്റി അതില്ലതന്നെ. ഉദാഹരണത്തിനു കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ ചന്ദ്രികയേയും ഗംഗാവതരണത്തേയും താരതമ്യപ്പെടുത്തിയാൽ മതിയാകുന്നതാണു്. ചന്ദ്രികയുടെ യശസ്സു് ശാശ്വതമാണു്. ഗംഗാവതരണത്തെ ആശുകവിതയാണെന്നുള്ള ഭാഗം ആലോചിക്കാതെ ഗുണദോഷനിരൂപണം ചെയ്താൽ ഗ്രന്ഥകാരന്റെ നില കുഴപ്പത്തിലാകാതെ തരമില്ല. ദ്രുതകവിതയായി ഒരു പ്രൌഢകാവ്യംപോലും യാതൊരു ഭാഷയിലും ആരും രചിച്ചിട്ടുള്ളതായി എനിക്കറിവില്ല. കാളിദാസരുടെ മേഘസന്ദേശമോ മൂകന്റെ ആയ്യ്രാശതകമോ ഒരു ദിവസംകൊണ്ടു നിർമ്മിച്ചിരിക്കാവുന്നതല്ല. നമ്മുടെ കവിസാർവഭൌമന്മാർ ഒരു ദ്രുതവിലാസമണിപ്രവാളമോ, ഉഷാകല്യാണചമ്പുവോ നിമിഷകവിത്വം പ്രദർശിപ്പിച്ചു നിർമ്മിക്കാമോ എന്നു പരീക്ഷിച്ചുനോക്കട്ടെ. കഷ്ടമുള്ളകൂട്ടാൻ വയ്യുവാൻ സമയംവേണം; ഈ ഭ്രമം തിരുമനസ്സിലേക്കു് അനന്തരകാലങ്ങളിൽ ഇല്ലായിരുന്നു എന്നുള്ളതു് അവിടത്തെ മയൂരസന്ദേശനിർമ്മാണത്തിനു വ്യയം ചെയ്തിട്ടുള്ളതായി സമ്മതിക്കുന്ന കാലദൈർഘ്യത്തിൽനിന്നു പ്രത്യക്ഷമാകുന്നു.

ഇനി സംസ്കൃതത്തിൽനിന്നു തർജിമചെയ്യപ്പെട്ടിട്ടുള്ള അഭിജ്ഞാനശാകുന്തളം, അമരുകശതകം, അന്യാപദേശശതകം ഈ മൂന്നു കവിതകളേയും സ്വല്പം പരിശോധിക്കാം. അമരുകശതകം ഐതിഹ്യദൃഷ്ട്യാ ശങ്കരാചാര്യരുടേയും, അന്യാപദേശശതകം നീലകണ്ഠദീക്ഷിതരുടേയും കൃതിയും ഒന്നു ശൃംഗാരരസത്തേയും മറ്റേതു ലോകസ്വഭാവത്തേയും ഏറ്റവും ചമൽക്കാരത്തോടുകൂടി പ്രതിപാദിക്കുന്നതുമാണ്. ഇവയുടെ മണിപ്രവാളരീതി സ്നിഗ്ധവും ഹൃദയംഗമവുമാണെന്നുള്ളതിനു പുറമെ അന്യാപദേശശതകം പോലെയുള്ള ഗ്രന്ഥങ്ങളുടെ ഭാഷാന്തരീകരണത്തിനുള്ള ആവശ്യകതയെപ്പറ്റി അഭിജ്ഞന്മാരുടെ ഇടയിൽ അഭിപ്രായഭേദത്തിനു് അവകാശവുമില്ല. എന്നാൽ അമരുകശതകത്തിന്റെ തർജ്ജിമ വേണ്ടിയിരുന്നുവോ എന്നു ചിലർ ശങ്കിക്കുന്നതായി എനിക്കറിവുണ്ടു്. അതിൽ ശശവിഷാണത്തിനും ആകാശകുസുമത്തിനും സദൃശമായ വൃത്തഭംഗം കണ്ടുപിടിക്കുവാൻ ശ്രമിച്ച പത്രാധിപന്മാർ ഐരാവതത്തിൽ കുറുപ്പോ മഹാമേരുപർവതത്തിൽ കുരയോ കണ്ടുപിടിക്കുവാൻ ഉദ്യമിച്ചിരുന്നാൽ അതു കുറേക്കൂടി ശീഘ്രമായി സാധിക്കുമായിരുന്നു. ആ ഗ്രന്ഥത്തിലെ പ്രതിപാദ്യവസ്തു പ്രൌഢന്മാരായ കാവ്യരസികന്മാക്കു വിനോദത്തിനുതകുമെന്നല്ലാതെ അവ്യുല്പന്നന്മാരായ വിടന്മാരെ അപഥ

Digitized By Kerala Sahitya Akademi

ത്തിൽ നയിപ്പിക്കുമെന്നു് ഞാൻ വിചാരിക്കുന്നില്ല. ശൃംഗാരരസപ്രധാനങ്ങളായ കാവ്യങ്ങൾ മുഴുവൻ ത്യാജ്യകോടിയിൽ തള്ളപ്പെടേണ്ടവയാണെന്നു വിചാരിക്കുന്നവരായി ആരെങ്കിലുമുണ്ടെങ്കിൽ അവരാണു് അരസികസാമ്രാജ്യത്തിലെ അധീശസ്ഥാനത്തിനു് അവകാശികൾ. അമരുകത്തിന്റെ സത്തു കുലങ്കഷമായി മനസ്സിലാക്കണമെങ്കിൽ അതിനധികാരികൾ സഹൃദയന്മാർ മാത്രമാണെന്നുള്ളതു് അനുഭവസിദ്ധമാണു്. ഈ രണ്ടു ഗ്രന്ഥങ്ങളും ഭാഷയ്ക്കു് അനശ്വരങ്ങളും അനർഘങ്ങളുമായ ഭൂഷണങ്ങളെന്നത്രേ നിഷ്പക്ഷപാതന്മാരായ പണ്ഡിതന്മാർ വിശ്വസിക്കുന്നതു്.

അഭിജ്ഞാനശാകുന്തളത്തിന്റെ നില ഒന്നുവേറെതന്നെയാണു്. ഈ നാടകം ഇദംപ്രഥമമായി മലയാളത്തിൽ തർജ്ജിമചെയ്തതിന്റെശേഷം സംസ്കൃതത്തിൽനിന്നും ഇംഗ്ലീഷിൽനിന്നും തർജ്ജിമയായും സ്വതന്ത്രമായും എത്ര ദൃശ്യകാവ്യങ്ങൾ നമ്മുടെ ഇടയിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതു കഴിഞ്ഞുപോയ വറുഗീസുമാപ്പിള അവർകൾ ഭാഷാപോഷിണിയിൽ എഴുതിയിരുന്ന പുതിയ പുസ്തകപ്പട്ടിക എന്ന ലേഖനം വായിച്ചുനോക്കിയാൽ ഏകദേശം മനസ്സിലാകുന്നതാണു്. പ്രസിദ്ധസംസ്കൃത നാടകങ്ങളിൽ ഇനി മുരാരിയുടെ അനർഘരാഘവവും ഭവഭൂതിയുടെ മഹാവീരചരിതവും അഭിനവഭട്ടബാണന്റെ പാർവതീപരിണയവും മാത്രമേ തർജ്ജിമ ചെയ്യുവാനുള്ളു. ഇത്ര സംസ്കൃതനാടകതർജ്ജിമകൾ ഇൻഡ്യയിൽ മറ്റൊരു ഭാഷയിലുമില്ല. ഗാനനാടകങ്ങൾ എന്ന പേരിൽ ഒരുവക രൂപകങ്ങൾ സംസ്കൃതനാടകത്തിന്റേയും തമിഴ്നാടകത്തിന്റേയും ശൈലികളുടെ സമ്മേളനത്താൽ എന്തു ശോഭ സിദ്ധിക്കുമോ അതോട്ടുകൂടി അരങ്ങത്തു് എത്തിയിരിക്കുന്നു. രാമക്കുറുപ്പവർകളുടെ കുംഭാണ്ഡനും മിസ്റ്റർ അന്തപ്പായിയുടെ പേഷ്യാരും ദുർബലന്മാരെന്നു് ഇന്നത്തെ കവനോദയം വായിക്കുന്നവർ നിശ്ചയമായി സമ്മതിക്കണം. ഭാഷാനാടകങ്ങൾക്കെല്ലാം മാഗ്ദർശകമായ അഭിജ്ഞാനശാകുന്തളത്തിന്റെ ഗുണങ്ങളെ എങ്ങനെയാണു് വർണ്ണിക്കുന്നതു്? തന്റെ പുസ്തകത്തിനു കാളിദാസഗ്രഥിതവസ്തുവും ഭാഷയിലെ ആദ്യനാടകവുമാണെന്നുള്ള മാഹാത്മ്യമല്ലാതെ മറ്റൊന്നുമില്ലെന്നു തിരുമനസ്സുകൊണ്ടു് അവിടത്തെ ആ മുഖോപന്യാസത്തിൽ പ്രസ്താവിക്കുന്നുണ്ടു്. ഈ പ്രസ്താവന അവിടുത്തെ വിദ്യയ്ക്കും തജ്ജന്യമായ വിനയത്തിനും അനുരൂപമാണെങ്കിലും വാസ്തവത്തിൽ ഉപപന്നമാണെന്നു തോന്നുന്നില്ല. രാജാവും രജകനും വലിയവനും വണ്ടിക്കാരനും ഒന്നുപോലെ ഇതിലേ മിക്ക ശ്ലോകങ്ങളും മുഖസ്ഥമാക്കുന്നതിനും അന്യഗ്രന്ഥങ്ങളുടെ വിഷയത്തിൽ ആവശ്യപ്പെടാത്ത നാലോളം പതിപ്പുകൾ ഇത്ര സ്വല്പകാലത്തിനിടയ്ക്കുതന്നെ

Digitized By Kerala Sahitya Akademi

ഇതിനു വേണ്ടിവന്നതിനും ഉള്ള ഹേതുക്കൾ മുൻപു നിർദ്ദേശിച്ചവയാണെന്നു ഞാൻ വിചാരിക്കുന്നില്ല. വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ പദ്യതജ്ജിമയ്ക്കു ചില വിശേഷഗുണങ്ങളുള്ളതാണു് ശാകുന്തളത്തിനുള്ള ഈ ആശ്ചര്യകരമായ പ്രചാരത്തിന്റെ മുഖ്യകാരണം. മൂലാർത്ഥം മുഴുവൻ ഇതു ഏറ്റക്കുറച്ചിൽ കൂടാതെ ഭാഷയിൽ സംക്രമിച്ചിട്ടുള്ള നാടകതജ്ജിമ വേറെയില്ലെന്നുള്ളതു് എല്ലാ സഹൃദയന്മാരും സശിരഃകമ്പം സമ്മതിക്കുന്നതാണു്. അതിലെ ഗദ്യസൌഷ്ഠവത്തിൽ ആനന്ദിക്കുകയും കുരുവന്റേയും പോലീസുകാരുടേയും മാധവ്യന്റേയും വാക്കുകളെ മനഃപാഠമാക്കുകയും ചെയ്യാത്ത മലയാളികൾ ചുരുങ്ങുമെന്നുള്ളതും നിസ്സംശയമാണു്. പിന്നെ ഒരു ദോഷം പറഞ്ഞുവരാറുള്ള ചില പദ്യങ്ങളിലേ സംസ്കൃതപദബാഹുല്യമാണു്. ഈ വിഷയത്തിൽ താൻ അപരാധി എന്നു തിരുമനസ്സുകൊണ്ടുതന്നെ ആമുഖോപന്യാസത്തിൽ ഏറ്റു പറയുന്നുണ്ടു്. എന്നാൽ ഈ ന്യൂനത തജ്ജിമയുടെ എല്ലാ ഭാഗങ്ങളേയും സ്പർശിച്ചിട്ടില്ല. " സച്ചന്ദം കടിഞ്ഞൊണവിട്ട !! " " കണ്ടുനാളമഴകിൽ തിരിച്ചു " " ഫുല്ലാബ്ജത്തിനു രമ്യതയ്ക്കു കുറവോ !! " " മേദസ്സറ്റു മെലിഞ്ഞു കുക്ഷി ലഘുവാം !! " " മാനോടൊത്തു വളർന്ന !! " " ഭക്ത്യാ സേവിക്ക പൂജ്യാൻ " മുതലായ പദ്യങ്ങൾ എത്ര ഹൃദ്യമായും, മധുരമായും ലളിതമായും ഭാഷാന്തരീകരിക്കപ്പെട്ടിരിക്കുന്നു ? പിന്നെ ചില ഭാഗങ്ങളിൽ ഭാഷാചമൂകാരന്മാരെ പിൻതുടർന്നു തിരുമനസ്സുകൊണ്ടു കുറെയധികം സംസ്കൃതപദങ്ങൾ പ്രയോഗിച്ചുപോയിട്ടുണ്ടെന്നുള്ളതു് ഇവിടെ ഗ്രഹണം ചെയ്യണമെന്നില്ല. അതിനു കാരണം അവിടുത്തേക്കു സംസ്കൃതകവിതയിലുള്ള അതിപരിചയവും ദ്വിതീയാക്ഷരപ്രാസത്തിൽ സ്വരവ്യഞ്ജനങ്ങൾക്കു് ഐകരൂപ്യം വരുത്തണമെന്നുള്ള നിർബ്ബന്ധവും ആയിരുന്നു. പ്രാസത്തെപ്പറ്റി ഈ അവസരത്തിൽ രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. ശബ്ദാലങ്കാരം കൂടാതെ " ദിവ്യം കിഞ്ചന വെള്ളുമുണ്ടൊരുറിസ്സോമൻ കരുപ്പും ഗളേ " എന്നും മറ്റും അർത്ഥാലങ്കാരംകൊണ്ടുതന്നെ സഹൃദയഹൃദയാഹ്ലാദനം ചെയ്യുവാൻ തക്ക ചമൽക്കാരമുള്ള ശ്ലോകങ്ങളിൽ പ്രാസം കൂടിയുണ്ടെങ്കിൽ അതു കേവലം ഒരു ആഭരണസ്ഥാനത്തിലേ ഗണിക്കേണ്ടതുള്ളു. എന്നാൽ

" എവിടെപ്പോണു പോകുന്ന-
തിവിടെത്താമസിച്ചിടാം;
ഭവനം ഞാനൊഴിച്ചൊന്നു
തവ വേണെങ്കിലും തരാം. !!
" ഇതാ സഖേ! നല്ലൊരുപെട്ടിവണ്ടി
നിതാന്തവേഗത്തൊട്ടു വന്നിടുന്നു

Digitized By Kerala Sahitya Akademi

ഇതാരുടേതെന്നറിയുന്നതിന്നായ്
ധൃതാദരം നാമിതിലേക്കു നോക്കാം. ''

ഇത്തരത്തിൽ ഉള്ള പദ്യങ്ങളിൽ ശബ്ദാലങ്കാരംപോലും ഇല്ലാഞ്ഞാൽ പിന്നെ ആശ്ലോകങ്ങൾക്കു് എന്തുഭംഗിയാണുള്ളതു്? അതിനാൽ ഭാഷാകവികൾക്കു പ്രായേണ പ്രാസപക്ഷപാതം വേണമെന്നാണു് എന്റെ മതം. മലയാളം പോലെയുള്ള ഭാഷകൾക്കു സംസ്കൃതത്തിന്റെ ഗാംഭീര്യമില്ലായ്കയാൽ അവയ്ക്കു് അതു് ആവശ്യകവുമാണു്. എന്നാൽ വ്യഞ്ജനങ്ങൾക്കെന്നപോലെ സ്വരങ്ങൾക്കും ഐകരൂപ്യമില്ലെങ്കിൽ ദ്വിതീയാക്ഷരപ്രാസം നാമമാത്രമാകുന്നതും അതുകൊണ്ടു യാതൊരുവിധത്തിലും ശ്രവണസുഖമുണ്ടാകുവാൻ മാർഗ്ഗമില്ലാത്തതുമാകുന്നു. തിരുമനസ്സുകൊണ്ടു മലയാളഭാഷയിൽ ഇദംപ്രഥമമായി ചെയ്ത ഈ നിർബന്ധത്തെ കൊട്ടങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ, വള്ളത്തോൾ നാരായണമേനോൻ, പരവൂർ കേശവപിള്ള മുതലായ മറ്റു കവികൾ അനുകരിച്ചുതുടങ്ങീട്ടുണ്ടെന്നുള്ളതും ഈ അവസരത്തിൽ വക്തവ്യമാണു്. അതിനാൽ ഈ വിഷയത്തിലുള്ള നിർബന്ധത്താൽ സംസ്കൃതപദങ്ങൾ ചിലപ്പോൾ അധികമായിട്ടുണ്ടെങ്കിൽ അതു ക്ഷന്തവ്യമാണെന്നു കാവ്യപരിശോധകന്മാർ മനസ്സിലാക്കേണ്ടതാണു്. ഈ ഒരു തുച്ഛമായ ദോഷമാണു് സംസ്കൃതത്തിൽ '' ഉത്തരേ രാമചരിതേ ഭവഭൂതിർവ്വിശിഷ്യതേ. '' എന്നു പറയുന്നതുപോലെ ഭാഷയിൽ മന്നാടിയാരുടെ ഉത്തരരാമചരിതത്തെ തിരുമനസ്സിലെ ശാകുന്തളത്തിൽനിന്നു ചില സന്ദർഭങ്ങളിൽ ഒന്നു കടത്തിവയ്ക്കുന്നതു്. ജാനകീപരിണയതജ്ജിമ ശ്ലാഘനീയമെന്നു പറവാനില്ല. '' അഗജാ പാലിക്കണം നിങ്ങളെ '' എന്നു തുടങ്ങി അതിൽ ശ്രവണാനുന്മാദങ്ങളായ പ്രയോഗങ്ങൾ എത്രവേണമെങ്കിലും കാണാം. പക്ഷെ

'' തള്ളിത്തിങ്ങിക്കലങ്ങിപ്പെരുകുമഴലിനെ—
ത്തെല്ലൊതുക്കുന്നതിന്നായ് ''

എന്നും,

'' ചിരിക്കും മദ്ധ്യത്തിൽ കരയുമിതിനേതും നിയമമി—
ല്ലുരയ്ക്കും തെറ്റിക്കൊണ്ടമൃതസമമസ്പഷ്ടമൊഴിയെ. ''

എന്നും മറ്റും ഉള്ള പദ്യങ്ങൾ ഉത്തരരാമചരിതത്തിൽ വായിക്കുമ്പോൾ ശാകുന്തളതജ്ജിമ എല്ലാ ദിക്കിലും '' പുല്ലിനെ മാൻ തുപ്പുന്നു '' എന്നും '' വിജ്ഞന്മാരഭിനന്ദിച്ചേ '' എന്നും '' നാലുകെട്ടിനധികാരമുദ്രയായ് '' എന്നുമുള്ളതുപോലെ ഇരിക്കേണ്ടിയിരുന്ന എന്നു നമുക്കു തോന്നുന്നതു്.

Digitized By Kerala Sahitya Akademi

എന്നാൽ മന്നാടിയാരുടെ ഉത്തരരാമചരിതം നൂറുനാല്പമൊരുപത്തുനാല്പ മുടനാറു പദ്യമത്ര''മുള്ള രാമഭദ്രദീക്ഷിതരുടെ ദീർഘനാടകത്തിന്റെ തജ്ജിമ കഴിഞ്ഞു തഴമ്പിച്ച കൈകൊണ്ടെഴുതിയതാണെന്നുള്ള ഭാഗം അഭിജ്ഞന്മാർ വിസ്മരിക്കരുത്ത്. വലിയകോയിത്തമ്പുരാൻ തിരുമനസ്സു കൊണ്ട രണ്ടാമതൊരു നാടകം തജ്ജിമ ചെയ്തിരുന്നുവെങ്കിൽ അത നിശ്ചയമായി ഉത്തരരാമചരിതത്തെ അതിശയിക്കുമായിരുന്നു. അവിട ത്തേസ്സ ശുദ്ധമലയാളത്തിൽ ശ്ലോകമുണ്ടാക്കുവാൻ പ്രയാസമാണെന്നു വല്ലവരും വിചാരിക്കുന്നുണ്ടെങ്കിൽ അവർ അവിടുന്ന് ഒരിക്കൽ നടുവ ത്തച്ഛൻ നമ്പൂരിസ്സിയച്ച

"പട്ടില്ല നല്ലതിവിടങ്ങളിലൊന്നുപിന്നെ
ക്കിട്ടി ക്ഷിതിശ്വരി മമ പ്രിയതൻ പ്രസാദാൽ;
കെട്ടിപ്പൊതിഞ്ഞമരുകത്തൊടതിന്നയച്ചേൻ;
പൊട്ടിച്ചുനോക്കിയിതമെങ്കിലെടുത്തുകൊൾക.!!

എന്ന പദ്യം ഒരാവൃത്തി വായിച്ചുനോക്കേണ്ടതാണ്. മഹകവികൾക്കു ഇന്നവിധത്തിലേ കവനം ചെയ്യാവൂ എന്നും ഇന്ന പദ്യങ്ങളേ അധീന ങ്ങളാകൂ എന്നും നിയമമുണ്ടോ ? ചില ഭാഗങ്ങളിൽ ഉത്തരരാമചരിത തജ്ജിമസ്സു ഭംഗികുട്ടമെങ്കിലും ആകപ്പാടെ നോക്കുമ്പോൾ ശാകുന്തള തജ്ജിമയുടെ ഗുണപൌഷ്കല്യം അതിനില്ലെന്നതന്നെ പറയേണ്ടിയിരി ക്കുന്നു. മറ്റുള്ള നാടകതജ്ജിമകളുമായ് ശാകുന്തളത്തെ താരതമ്യപ്പെട്ട ത്തുന്നതു് അവയെ കാവ്യാത്ഥാപത്തിക്കു് ഉദാഹരണമാക്കുവാൻ മാത്രമേ പ്രയോജനപ്പെട്ടുകയുള്ളു.

തിരുമനസ്സിലേ സ്വതന്ത്രകൃതിയായി ഭാഷയിൽ ഒരു കാവ്യം മാത്രമെ ഉള്ളു. അതു സരസപ്രാസാലങ്കാരസർവസ്വമായ മയൂരസന്ദേശം മണിപ്രവാളമാണെന്നു പറയേണ്ടതില്ലല്ലോ. തന്റെ ഗ്രന്ഥങ്ങളുടെ എണ്ണംകൊണ്ടു് ഒരു കവിയും വിദ്വൽപ്രതാരണം ചെയ്തതായി ലോക ത്തിൽ കേൾവിയില്ല.

"കരിണീ ചിരേണ സുതേ
സകലമഹീപാലലാളിതം തനയം.!!

എന്നുള്ള ആപ്തവാക്യം കാവ്യകൃത്തുകളും സ്മരിക്കേണ്ടതാണ്. മയൂരസ ന്ദേശത്തെപ്പോലെ സരസവും ഹൃദയംഗമവുമായ ഒരു ഖണ്ഡകാവ്യം ഭാഷയിൽ ഇതുവരെ ഉണ്ടായിട്ടില്ല. ഇതിനുള്ള അർഹതയുണ്ടെന്നു

Digitized By Kerala Sahitya Akademi

മറ്റൊരു ഗ്രന്ഥത്തിനുമില്ല. മലയാളത്തിലേ ആദ്യസന്ദേശമായ "ഉണ്ണുനീലിസന്ദേശകാവ്യം" "രസികരഞ്ജിനി പ്രവർത്തകർന്മാർ പ്രസിദ്ധീകരിക്കുവാൻ ആരംഭിച്ചിട്ടുണ്ട്". അതിനാൽ മയൂരസന്ദേശത്തിനു് ഇപ്പോൾ ഗുണംകൊണ്ടുള്ള പ്രാഥമ്യമേ ഉള്ളു. സന്ദേശകാവ്യപംക്തിയിൽ ഉത്തമങ്ങൾ കാളിദാസരുടെ മേഘസന്ദേശവും ലക്ഷ്മീദാസന്റെ ശുകസന്ദേശവുമാണെന്നുള്ളതു സർവസമ്മതമാണല്ലോ. ശബ്ദാർത്ഥാലങ്കാരങ്ങളിലുള്ള തുല്യനിഷ്കൃഷ്ടത്താൽ മയൂരസന്ദേശം അർത്ഥഭംഗിക്കുമാത്രം കേൾവിപ്പെട്ട കാളിദാസകൃതിയേയും ഇതിവൃത്തം കവിയുടെ ജീവചരിത്രത്തിന്റെ ഒരു ഘട്ടമാകയാൽ കല്പിതകഥാവസ്തുവായ ലക്ഷ്മീദാസകൃതിയേയും സുഗമമായി ജയിക്കുന്നുവെന്നു സമ്മതിക്കാതെ കാവ്യമർമ്മജ്ഞന്മാക്കു ഗത്യന്തരമില്ല. ഈ പുസ്തകത്തിൽനിന്നു ശ്ലോകങ്ങളെ ഉദ്ധരിക്കുന്നതു ഭാഷാഭിമാനികൾ നിറഞ്ഞിട്ടുള്ള ഈ സദസ്സിൽ കേവലം അനാവശ്യമാകയാൽ ഇവിടെ അതിലേയ്ക്കായി ഒരുങ്ങുന്നില്ല.

വലിയകോയിത്തമ്പുരാൻ തിരുമേനിയെ ഒരു ഗദ്യകാരന്റെ നിലയിൽ നോക്കുമ്പോഴാണു് നമുക്കു് അവിടുത്തേക്കുള്ള ആദരവും കൃതജ്ഞതയും ദ്വഗുണീഭവിക്കുന്നതു്. 1042-ാം മാണ്ടു് അവിടുന്നു തിരുവിതാംകൂർ ബുക്കുകമ്മിറ്റിയുടെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടപ്പോൾ ഭാഷാഗദ്യത്തിന്റെ അവസ്ഥ എന്തായിരുന്നു എന്നു ക്ഷണനേരത്തേയ്ക്കു് ഒന്നാലോചിച്ചുനോക്കാം. അന്നു യൂറോപ്യൻപാതിരിമാരുടെ ചില ക്രിസ്തുമതപ്രതിപാദകമായ തർജ്ജിമകളേയും ഉണിശ്രൂക്കളായ കേരളപണ്ഡിതന്മാരുടെ ചില സംസ്കൃതപദബഹുലമായ ഭാഷാവ്യാഖ്യാനങ്ങളേയും ഒഴിച്ചാൽ ഗദ്യകാവ്യമെന്നു പറയുവാൻ തുഞ്ചത്തെഴുത്തച്ഛന്റേതെന്നു പറഞ്ഞുവരാറുള്ള കേരളനാടകമല്ലെങ്കിൽ കേരളോല്പത്തിയും അരിപ്പാട്ടു കൊച്ചുപിള്ളവാരിയർ എഴുതിയ ഈസോപ്പിന്റെ ചില സാരോപദേശ കഥകളും മാത്രമേ ഉണ്ടായിരുന്നുള്ളു. ഭാഷാഗദ്യത്തിനു് അക്കാലംവരെ യാതൊരു രീതിയും നിയമവും ഉണ്ടായിരുന്നില്ല. പാച്ചുമൂത്തതിന്റെ ലളിതമധുരമായ ബാലഭ്രഷണം ബുക്കുകമ്മിറ്റി ഏർപ്പെട്ടതിയ വർഷത്തിലത്രേ ഭ്രജാതമായതു്. ഈവിധത്തിലുള്ള ഒരു കാലത്തിൽ ആരംഭിച്ച ബുക്കുകമ്മിറ്റി വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേ അദ്ധ്യക്ഷതയിൽ ചെയ്ത വിസ്മയനീയമായ ഭാഷാപോഷണം വാക്കുകൾക്കു് അഗോചരമാകുന്നു. സന്മാർഗ്ഗസംഗ്രഹം, വിജ്ഞാനമഞ്ജരി, സന്മാർഗ്ഗപ്രദീപം മുതലായ ഗ്രന്ഥങ്ങളിലേ അനുപലപനീയമായ ഭാഷാരീതി ആസ്വദിക്കുവാൻ ഇടവന്നിട്ടില്ലാത്തവർ അപൂർവമാണല്ലോ. ആ പുസ്തകങ്ങർ ഒക്കെയും ഒന്നുകിൽ തിരുമനസ്സുകൊണ്ടുതന്നെ എഴുതിയുണ്ടാക്കുകയോ അഥവാ അലകുംപിടിയും മാറി നവീക

Digitized By Kerala Sahitya Akademi

രിക്കുകയോ ചെയ്തിട്ടുള്ളതാണ്. അവയിൽ പലതിന്റേയും രസം നാമെല്ലാം ബാല്യത്തിൽ മാതൃസ്തന്യംപോലെ പാനംചെയ്തിട്ടുള്ളതാകയാൽ തത്സംബന്ധമായുള്ള പ്രശംസ മാതൃപ്രശംസപോലെ അസ്ഥാനസ്ഥമാകയില്ലയോ എന്നു ഭയപ്പെട്ടുന്നു.

പാഠപുസ്തകങ്ങളെ കഴിച്ചുനോക്കിയാൽ തിരുമനസ്സിലേ ഗദ്യകൃതികളിൽ സ്മരണീയമായുള്ളവ മഹച്ചരിതസംഗ്രഹവും അക്ബറും ആണ്. അവ രണ്ടും ഏറ്റവും പ്രൌഢമായ രീതിയിൽ നിർമ്മിച്ചിരിക്കുന്നു. അപുഷ്ടാർത്ഥവും ദുഷ്പദപ്രയിഷ്ണുവുമായ വാക്യങ്ങൾ അതിൽ മദ്ധ്യാഹ്നത്തിൽ അന്ധകാരംപോലെ അദൃശ്യമാകുന്നു. അക്ബറുടെ ആദിമാദ്ധ്യായങ്ങളിൽ സ്വല്പം സംസ്കൃതപദങ്ങൾ അധികമാണെങ്കിൽ അതിനുള്ള സമാധാനവും അവിടുന്നു് മുഖവുരയിൽ സ്പഷ്ടമായി വിവരിച്ചിട്ടുണ്ട്.

ഈ ഗ്രന്ഥങ്ങളിൽനിന്നു നമുക്കു ലഭിക്കുന്ന ശബ്ദസംബന്ധമായും അർത്ഥസംബന്ധമായുമുള്ള ജ്ഞാനം അല്പമല്ല. ഇദാനീന്തനന്മാരായ ഭാഷാഗദ്യകാരന്മാർ കൈകാര്യം ചെയ്യുന്ന പ്രസിദ്ധ സംസ്കൃതപദങ്ങളിൽ മിക്കതും വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഇദംപ്രഥമമായി യഥാവസരം പ്രയോഗിച്ചിട്ടുള്ളതാകുന്നു. വിസ്തരഭയത്താൽ അവയുടെ ഒരു പട്ടിക ഇവിടെ ചേർക്കുവാൻ വിചാരിക്കുന്നില്ല. ചുരുക്കിപ്പറയുകയാണെങ്കിൽ ഭാഷാഗദ്യത്തിന്റെ പിതാവു് എന്നു പല പണ്ഡിതന്മാരും തിരുമനസ്സിലെ നാമകരണം ചെയ്തിട്ടുള്ളതു് അനവദ്യമാണെന്നുള്ളതിനു ലേശംപോലും സംശയമില്ല.

ഇനി അവിടത്തേപ്പറ്റി ഭാഷാപോഷണീസഭയുടെ അദ്ധ്യക്ഷനായും, ഗ്രന്ഥപ്പുരയുടെ ഭരണകർത്താവായും, വിദ്വജ്ജനങ്ങളുടെ ആശ്രയമായും, ഭാഷാപുസ്തകങ്ങളുടെ പരിശോധകനായും സ്വല്പം വർണ്ണിക്കുവാനുണ്ടു്. ഭാഷാപോഷിണീസഭയുടെ ആരംഭകാലം മുതൽ ഇന്നുവരെയും അദ്ധ്യക്ഷനെന്നുള്ള നിലയിൽ തിരുമനസ്സുകൊണ്ടു ഭാഷയ്ക്കു ചെയ്തിട്ടുള്ള പോഷണം എത്രയോ മഹനീയമാകുന്നു. ഭാഷാപോഷിണി പരമാർത്ഥത്തിൽ ഭാഷാപോഷിണിയായിരുന്നതു് വിദ്യാവിനോദിനിയുമായി ലയിക്കുന്നതിനു മുമ്പിലായിരുന്നുവല്ലോ. അന്നു കേരളീയപണ്ഡിതന്മാർ പുസ്തകപരിശോധനയിലും സാഹിത്യപരീക്ഷയിലും ചെയ്തുവന്ന ശ്രമം ഏറ്റവും ശ്ലാഘനീയമായിരുന്നു. ആ മഹാസഭയുടെ വാർഷികയോഗങ്ങളിൽ ചിലപ്പോൾ തിരുമനസ്സുകൊണ്ടു് അഗ്രാസനാധിപതിയുടെ നിലയിൽ ചെയ്തിട്ടുള്ള സരസവും സാരഗർഭവുമായ പ്രസംഗങ്ങളും ഈ

Digitized By Kerala Sahitya Akademi

അവസരത്തിൽ സ്മരണീയമാകുന്നു. സഭയിൽനിന്നു സമ്മാനമോ കുറഞ്ഞപക്ഷം പ്രശംസാപത്രമെങ്കിലുമോ കിട്ടുമെന്നാശിച്ചു് ഏതു ഗ്രന്ഥകാരന്മാരാണു് അക്കാലത്തു സാഹിത്യസരണിയിൽ സഞ്ചരിച്ചിരുന്നതു്.

വലിയകൊട്ടാരം ഗ്രന്ഥപ്പുരയുടെ ഭരണാധികാരിയെന്ന നിലയിൽ തിരുമനസ്സിലെ നോക്കുകയാണെങ്കിൽ അവിടുന്നു ഭാരതചമ്പു മുതലായ അനേകം വിശിഷ്ടഗ്രന്ഥങ്ങൾ പകർത്തിഎഴുതിച്ചു പ്രസിദ്ധീകരിപ്പിക്കുകയും നൈഷധചമ്പു, ഉത്തരരാമായണചമ്പു, രാമായണചമ്പു മുതലായ മറ്റനേകം ഉത്തമഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിൽ നിഷ്കൃതവമായി തൽപ്രവർത്തകന്മാരെ സഹായിക്കുകയും ചെയ്തിട്ടുണ്ടു്. കാർത്തിക തിരുനാൾ മഹാരാജാവിനാൽ ഉല്പാദിതമായി, സ്വാതിതിരുനാൾ മഹാരാജാവിനാൽ പോഷിതമായി, വിശാഖംതിരുനാൾ മഹാരാജാവിനാൽ ലാളിതമായി, കരുണാനിധിയും പുണ്യശ്ലോകനുമായ നമ്മുടെ പൊന്നുതമ്പുരാൻ തിരുമേനിയാൽ സുരക്ഷിതമായ വലിയകൊട്ടാരം ഗ്രന്ഥപ്പുരയ്ക്കു് ഇത്ര അനുരൂപനായ ഒരു ഭർത്താവു് ഈശ്വരാനുകൂല്യത്താൽതന്നേയാണു് ലഭിച്ചതു്. അവിടത്തെ സാഹിത്യപ്രണയത്താലാണല്ലോ ഗ്രന്ഥപ്പുര പബ്ലിക്കുലൈബ്രറിപോലെ സൂക്ഷിക്കപ്പെടുന്നതും അവിടെനിന്നു ഭക്തിമഞ്ജരി, ദൈവം മുതലായ സംസ്കൃതഗ്രന്ഥങ്ങൾ ഇപ്പോൾ പ്രസിദ്ധീകൃതങ്ങളാകുന്നതും.

വിദ്വജ്ജനങ്ങൾക്കും കവികൾക്കും വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേ കവിഞ്ഞ ഒരു കല്പവൃക്ഷം അടുത്ത കാലങ്ങളിൽ ഉണ്ടായിട്ടില്ല. സിദ്ധരൂപവ്യുല്പത്തിമാത്രമുള്ളവരോടും വൃത്തഭംഗംകൂടാതെ ഒരൊറ ശ്ലോകമെങ്കിലും എഴുതാവുന്നവരോടും തിരുമനസ്സിലേയ്ക്കുള്ള വാത്സല്യം അറിയുന്നവർക്കേ അറിഞ്ഞുകൂടൂ. ഇത്ര പരോല്കൃഷ്ണസഹിഷ്ണുതയും പരഗുണകാംക്ഷിതവും ചേർന്ന ഒരു പുരുഷൻ വിദ്വജ്ജനങ്ങളുടെ ഇടയിൽ അപൂർവമായേ കാണപ്പെട്ടുകയുള്ളൂ. "വിദ്വാംസോ വസുധാതലേ പരഗുണശ്ലാഘസുവാചംയമാഃ" എന്നു ജഗന്നാഥപണ്ഡിതരും

"നിജഘനമകരന്ദസ്യന്ദപൂർണ്ണാലവാലാഃ
കലശസലിലസേകം നേഹതേ കിം രസാലഃ ?"

എന്നു ജയദേവകവിയും പരസ്പരവിരുദ്ധമായി പണ്ഡിതന്മാരെ വർണ്ണിക്കുന്നുണ്ടു്. എന്നാൽ ജയദേവക്കുകൂടിയും ഊഹിച്ചിരിക്കുവാൻ മാർഗ്ഗമില്ലാത്ത ഒരു സൌജന്യവും കരുണയുമാണു് കവികളുടെ വിഷയത്തിൽ തിരുമനസ്സിൽ പ്രകാശിക്കുന്നതു". അവിടുത്തെ ഔദാര്യത്തിന്റെ കഥ

Digitized By Kerala Sahitya Akademi

നോക്കിയാൽ അതു് ആദായത്തിന്റെ സ്ഥിതിക്കു് എത്രയോ അധികമാണെന്നു് ആരും സമ്മതിക്കും. തിരുമനസ്സിലേ കൈയിൽനിന്നു് ഒരു സമ്മാനമെങ്കിലും വാങ്ങുവാൻ ഇടവന്നിട്ടില്ലാത്ത ഭാഷാകവിയാകട്ടെ ശാസ്ത്രവ്യുല്പന്നനാകട്ടെ കേരളത്തിലെന്നല്ല ദ്രാവിഡദേശത്തിൽപോലും ഇല്ല. അഭിജ്ഞന്മാരോടു് അവിടത്തേക്കുള്ള ആദരവു് എത്രമാത്രമാണെന്നു് നട്ടുവത്തച്ഛൻ നമ്പൂരി അവർകൾ കഴിഞ്ഞവർഷത്തിൽ മലയാളമനോരമയിൽ എഴുതിയിരുന്ന മനോഹരമായ അഷ്ടമീയാത്രാവർണ്ണനത്തിൽനിന്നു സ്പഷ്ടമാകുന്നു.

ഗ്രന്ഥപരിശോധകന്റെ നിലയിൽ നോക്കുകയാണെങ്കിൽ കഴിഞ്ഞ അമ്പതു വർഷങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള മലയാളപുസ്തകങ്ങളിൽ നൂറ്റിനു് എഴുപത്തഞ്ചും അവിടത്തെ പരിശോധനയ്ക്കുമേലോ അഭിപ്രായത്തോടുകൂടിയെങ്കിലുമോ അല്ലാതെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ലെന്നുള്ളതു പരമ്പ്രാധ്യമാകുന്നു. ആരു് എവിടെനിന്നു് എത്ര അബദ്ധങ്ങളോടുകൂടി ഏതുമാതിരി പുസ്തകം എഴുതിഅയച്ചാലും അവിടുന്നു് അതുമുഴുവൻ കുലങ്കഷമായി പരിശോധിക്കുന്നതിൽ ജാഗ്രുകനായിരിക്കുന്നു. ഇതു കേവലം പേരിനുമാത്രമുള്ള പരിശോധനയുമല്ല. ഉദാഹരണത്തിനു് ഞാൻ ഇന്നയിടെ നമ്മുടെ അന്നദാതാവായ പൊന്നുതമ്പുരാൻ തിരുമനസ്സിലെപ്പറ്റി ഉണ്ടാക്കിയ വഞ്ചീശഗീതി നാലഞ്ചു പണ്ഡിതന്മാരെ കാണിച്ചു. അവർ എല്ലാവരും ഒന്നുപോലെ ഗ്രന്ഥം ഏറ്റവും വിശിഷ്ടമാണെന്നും അതിൽ മാറ്റുവാനോ തിരുത്തുവാനോ യാതൊന്നുമില്ലെന്നും അഭിപ്രായപ്പെട്ടു. പിന്നീടാണു് ആ പുസ്തകം വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ കരാരവിന്ദങ്ങളിൽ ചെന്നുചേർന്നതു്. ഓരോ ശ്ലോകവും അവിടുന്നു സാവധാനമായി വായിച്ചു പദഭേദം വേണ്ടഘട്ടത്തിൽ അതു കാണിച്ചുതന്നു്, അർത്ഥത്തിനു് അസ്ഫുടതയുണ്ടെന്നു തോന്നിയ ഭാഗത്തിൽ അതു വിശദീകരിച്ചു്, എന്നുവേണ്ട അതിനെ ഏതെല്ലാം മാർഗ്ഗത്തിൽ പരിഷ്കൃതി വേണമോ അതൊക്കെയും വരുത്തി, എന്നേ മൂന്നോ നാലോ ദിവസത്തിനുള്ളിൽ തിരിയെ ഏല്പിച്ചു. ഇതുതന്നെയാണു് അവിടുന്നു് ഏതു പുസ്തകം കൈയിൽ കിട്ടിയാലും ചെയ്യുന്നതു്. മേശപ്പുറത്തു് അഭിപ്രായത്തിനായും പരിശോധനയ്ക്കായും എപ്പോഴും പുസ്തകങ്ങൾ പുത്തൻപുത്തനായിരുന്നുകൊണ്ടിരിക്കും. സക്കോരിൽനിന്നു് ആണ്ടുതോറും ആയിരം ഉറുപ്പിക ശമ്പളംവച്ചു് ഓരോ കാര്യങ്ങൾക്കായി നിയമിക്കപ്പെട്ടുന്ന മഹാന്മാർക്കുടി ഇത്ര കൃത്യനിഷ്ഠയുള്ളവരായി കാണപ്പെട്ടുന്നതു് അപൂർവ്വമാണു്. അവിടത്തെ ദോഷപ്രഖ്യാപനവൈമുഖ്യത്തെപ്പറ്റി പലരും ദോഷാരോപണം ചെയ്തിട്ടുണ്ടു്. ഇതിനു,

Digitized By Kerala Sahitya Akademi

"ഗുണദോഷൌ ബുധോ ഗൃഹ്ണ-
ന്നിന്ദുക്ഷ്വേളാവിവേശ്വരഃ
ശിരസാ ശ്ലാഘതേ പൂർവം:
പരം കണ്ഠേ നിയച്ഛതി."

എന്നുള്ള ആപ്തവാക്യം അവിടത്തേക്കു സമാധാനമായുണ്ടു്. എന്നുമാത്രമല്ല കവിയശഃപ്രാർത്ഥികളായ യുവാക്കളെ ധൈര്യപ്പെടുത്തേണ്ടതു കവിസാർവഭൌമന്മാരുടെ കർത്തവ്യവുമാകുന്നു. ദുഷ്കവികളെ നശിപ്പിക്കുവാനുള്ള വഴക്കാർ പത്രാധിപന്മാരാണു്. ആ ധർമ്മത്തെ സി. പി. അച്യുതമേനോൻ അവർകൾ വിദ്യാവിനോദിനി പത്രാധിപരായിരുന്നപ്പോൾ വേണ്ടതുപോലെ അനുഷ്ഠിച്ചുകൊണ്ടിരുന്നു. ഇപ്പോൾ ആ സ്ഥാനത്തിൽ ആരുമില്ലെന്നുള്ളതു ഭാഷയ്ക്കു് ഒരു ന്യൂനത തന്നെ. എന്നാൽ അതിനു മാസികാപ്രവർത്തകന്മാരെയല്ലാതെ മഹാകവികളെ കുറ്റപ്പെടുത്തുവാൻ പാടുള്ളതല്ല.

ഈ പ്രസംഗം ഞാൻ ഇന്നു് ഇതിലധികം ദീർഘമാക്കിയാൽ അതു് ഒരു മോചനമില്ലാത്ത പാപമായിത്തീരും. അതിനാൽ അവിടുന്നു രമേശചന്ദ്രദത്തന്റെ അപേക്ഷ അനുസരിച്ചു് ഇപ്പോൾ നാലു ദ്രാവിഡഭാഷകളുടേയും സാഹിത്യചരിത്രം തന്റെ മേലന്വേഷണത്തിൽ എഴുതിക്കുവാൻ ഏർപ്പാടുചെയ്തിരിക്കുന്നു എന്നുള്ള വസ്തുതകൂടി മാന്യസദസ്യരെ അറിയിച്ചുകൊണ്ടു് ഈ ഉപന്യാസത്തെ ഉപസംഹരിച്ചുകൊള്ളുന്നു. തിരുമനസ്സുകൊണ്ടു കേരളഭാഷയ്ക്കും കേരളീയർക്കും ഉപകർത്താവായി മേലും അനന്തരകാലം ജഗദീശ്വരന്റെ കൃപാതിരേകത്താൽ ആയുരാരോഗ്യസൌഖ്യത്തോടുകൂടി ജീവിച്ചിരിക്കുമാറാകട്ടെ.

1081-ചിങ്ങം കന്നി ഭാഷാപോഷണി.

തിരുവിതാംകൂർ വിദ്യാഭിവർദ്ധിനി മഹാസഭയിൽ വായിച്ചതു്.

Digitized By Kerala Sahitya Akademi

15. ശീവൊള്ളിനമ്പൂരി

ഭാഷാകവിതയുടെ അഭ്യുദയത്തിൽ സ്വല്പമെങ്കിലും ആകാംക്ഷയുള്ള സകല ജനങ്ങളും ആലങ്ങാട്ട് അയിത്രർ വൈദ്യൻ ശീവൊള്ളി എസ്സ്. നാരായണൻനമ്പൂരിയുടെ അകാലവിയോഗത്തെപ്പറ്റി പരിതപിക്കാതെയിരിക്കുകയില്ല. കഴിഞ്ഞ ഇരുപതു വഷ്ങ്ങൾക്കിടയിൽ ഭാഷയിൽ ഗദ്യത്തിനും പദ്യത്തിനും അഭ്രതപൂർവമായ ഉൽകഷ്ം ഉണ്ടായിട്ടുണ്ടെന്നുള്ളതു നിർവിവാദമാണ്. നവീനസമ്പ്രദായത്തിലുള്ള ഭാഷാകവിതയുടെ സ്വഭാവത്തെപ്പറ്റി ശ്രീമാൻ സി. പി. അച്യുതമേനോൻ ബി. ഏ. വിദ്യാവിനോദിനിയിൽ വെണ്മണിനമ്പൂരിപ്പാടന്മാരുടെ കൃതികളെ ഗുണദോഷവിവേചനം ചെയ്യുന്ന അവസരത്തിൽ കൂലങ്കഷമായി പ്രതിപാദിച്ചിട്ടുള്ളതിനാൽ അതെന്തെന്നു് ഇവിടെ വിസ്തരിക്കുന്നില്ല. നൂതനരീതിയിൽ എഴുതുന്ന കൃതികളുടെ ഗുണങ്ങൾ ഇന്നതെന്നു ഭാഷാഭിമാനികൾക്കൊക്കെയും ഇപ്പോൾ ഏറെക്കുറെ അറിവുള്ളതാണു്. ഈ ഗുണങ്ങൾ പൂന്തോട്ടത്തുനമ്പൂരി, വെണ്മണി അച്ഛൻ നമ്പൂരിപ്പാട്ട മുതലായ കവികളുടെ പദ്യങ്ങളിൽ ഇദംപ്രഥമമായി അങ്കുരിക്കുകയും, വെണ്മണി മഹൻനമ്പൂരിപ്പാട്ടിലേയും, ശീവൊള്ളി നാരായണൻനമ്പൂരിയുടെയും കൃതികളിൽ വികസിക്കുകയും ചെയ്തു. ഈ ഗുണങ്ങൾതന്നെയാണു് കുഞ്ചൻനമ്പിയാരുടെ കവിതകളിലും അകൃത്രിമമായ രാമണീയകത്തോട്ടുകൂടി വിളങ്ങിക്കൊണ്ടിരിക്കുന്നതു്. ഈ ഗുണങ്ങൾ മലയാളഭാഷയുടെ സ്വത്തും നേട്ടങ്ങളാണു്. ഇവ തികയുന്ന ഭാഷാകൃതികൾ നിർമ്മിപ്പാൻ ശക്തിയുള്ളവർ വാസനക്കാരെന്നും തദിതരന്മാർ വാസനയില്ലാത്തവരെന്നും സഹൃദയന്മാർ ഗണിക്കുന്നു. ഈ ഗുണങ്ങൾ തന്നെയാണു് ഒറവങ്കര നീലകണ്ഠൻനമ്പൂരി (രാജാ) അവർകളെ ഇന്നുള്ള കേരളീയകവികളിൽ ഒരു പ്രമാണിയാക്കിത്തീർക്കുന്നതു്.

" സാ കവിതാ സാ വനിതാ
യസ്ത്യാശ് ശ്രവണേന ദർശനേനാപി
കവിഹൃദയം വിദഹൃദയം
സരളം തരളം ച സത്വരം ഭവതി,!!

Digitized By Kerala Sahitya Akademi

എന്നും,

" സമുല്ലാസോ വാചാം സരസമധുനിഷ്യന്ദലഹരീ-
സമുന്മേഷദോഷീ സകലരസപോഷൈകജനകഃ
ന കേഷാമാധത്തേ മനസി പരിതോഷം നവനൈവർ-
വിലാസൈരുന്മീലദ്വികചിതമധുളീപരിമളഃ? "

എന്നും ആപ്തവാക്കുകൾ സുകവിസൂക്തികളെ പ്രശംസിച്ചിട്ടുള്ളതു വെറുതേയല്ല. ഏതുഭാഷയിലും നല്ല കവിതകൾ വായിച്ചാൽ മനസ്സിനുണ്ടാകുന്ന ആനന്ദം ഒന്നു വേറെതന്നേയാണു്. ആ ആനന്ദത്തെ പ്രദാനംചെയ്യുന്നവർ മഹാനുഭാവന്മാർ തന്നെ. അവരുടെ അകാലവിയോഗം അപരിഹരണീയമായ നഷ്ടവും തന്നെ. അങ്ങനെയുള്ളവർ ഒരു രാജ്യത്തിൽ ഉണ്ടാകുന്നതു് അതിന്റെ സുകൃതവും മരിക്കുന്നതു ദുഷ്കൃതവുമാണു്.

വെണ്മണി മഹൻനമ്പൂരിപ്പാട്ടിലേ കവിതയേക്കാൾ നാരായണൻനമ്പൂരിയുടെ കവിതയ്ക്കു ചില വിഷയങ്ങളിൽ സ്വാരസ്യം അധികമുണ്ടായിരുന്നു എന്നാണു് എന്റെ ബോധം. ഹാസ്യരസപ്രകടനത്തിനുള്ള സാമർത്ഥ്യം നാരായണൻനമ്പൂരിക്കു തുല്യമായി മഹൻ നമ്പൂരിപ്പാട്ടിലേക്കു് ഉണ്ടായിരുന്നതായി തോന്നുന്നില്ല. പിന്നെ നമ്പൂരിക്കു ദുഢമായ വ്യുൽപത്തികൊണ്ടും നിരന്തരമായ നിഷ്കൃഷ്കൊണ്ടും പല പദ്യങ്ങൾക്കും നമ്പൂരിപ്പാട്ടിൽനിന്നു വിചാരിച്ചാൽ സാധിക്കാത്തതായ മാധുര്യം ജനിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. നമ്പൂരിയുടെ കോലേശ്വരീമാഹാത്മ്യം ശ്രീപാർവതീവിരഹം മുതലായ സംസ്കൃതകൃതികളെ ഞാൻ വളരെ ആദരിക്കുന്നില്ല. അവയിൽ ബാലിശത്വം ധാരാളമായി സ്ഫുരിക്കുന്നുണ്ടു്. എന്നാൽ അദ്ദേഹത്തിന്റെ ഭാഷാകൃതികൾക്കുള്ള സ്വാദുത അന്യാദൃശമാണു്. വെണ്മണിനമ്പൂരിപ്പാട്ടിലെ വന്ദനശ്ലോകങ്ങൾ ഭാഷാഭിമാനികൾക്കെല്ലാവക്കും മുഖസ്ഥങ്ങളാണല്ലോ. ശീവൊള്ളിയുടെ ചില വന്ദനശ്ലോകങ്ങൾ താഴെ പകർത്തുന്നു.

" കുന്നിക്കും കുറയാതെ കുന്നൊട്ട കുശു-
മ്പേറും കുചം പേറിട്ടും
കുന്നിൻനന്ദിനി! കുന്ദബാണനു കുല-
ക്കേടൊന്നു പാസായതിൽ
ഒന്നാംസാക്ഷിയതായ നീ കനിവെഴും-
വണ്ണം കടക്കണ്ണിട്ടു-

Digitized By Kerala Sahitya Akademi

ത്തൊന്നെന്നിൽ പെരുമാറണേ! പെരുമന-
ത്തപ്പന്റെ തുപ്പെൺകൊടി! 1

കാരുണ്യം കാളകണ്ടപ്പകൃതി! തവ കട-
ക്കണ്ണു കൈകാഞ്ഞുമേറി-
ത്തീരേദ്ദീപാളിവച്ചോ തിരുമിഴിയിലതോ
ചണ്ഡി! ചെങ്കണ്ണുവന്നോ
നേരേ നോക്കാത്തതെന്താണടിയനടിയിണ-
ത്താമരത്താർ വണങ്ങി-
പ്പോരുന്നോനാണതോത്താലിവനതിനു മുറ-
ക്കുണ്ടു മുഖ്യാവകാശം. 2

അണ്ണാക്കിൽതങ്ങി വെണ്ണക്കഷണമതലിവാൻ
തെല്ലുപാലെന്നു കള്ള-
ക്കണ്ണീരോട്ടം യശോദക്കുടയൊരുട്ടുകിൽ-
ത്തുമ്പു തുങ്ങിപ്പിടിച്ചു്
തിണ്ണം ശാഠ്യം പിടിക്കും കപടമനുജനാം
കണ്ണനണ്ണിക്കെഴും തു-
ക്കണ്ണിൻകാരുണ്യപൂരം കവിത പൊഴിയുമെൻ-
നാക്കു നന്നാക്കിടട്ടേ. 3

പഞ്ചസാര കദളിപ്പഴം ഗുളം
നെഞ്ചസാരമലിയും മിഠായിയും
അഞ്ചു സേറവില്വമപ്പവും തരാം
കൊഞ്ചിവാ കൊതിയ! കുഞ്ജരാനന! 4

ശ്രീപാക്കം സ്ഥാനമല്ലേ ഗിരിശ! തവ ശരം
തുണി രത്നാകരം നൽ-
ചാപം പൊൻകുന്നു സേവൻ നിധിപതി രജത-
ക്കുന്നിരിക്കുന്ന ദേശം
ആപീഡം ചന്ദ്രകാന്തം തനുവിലണിയുവാൻ
ഭൂതി പിന്നെപ്പുരാരേ!
നീപോയിപ്പിച്ചതെണ്ടുന്നതു തലയിലെഴു-
ത്തിന്റെ തായാട്ടമല്ലേ ? 5

Digitized By Kerala Sahitya Akademi

കാലാരാതി കനിഞ്ഞിട്ടന്നതുവരെ-
ക്കാളം തപംചെയ്ത തൽ-
കോലം പാതി പകുത്തെടുത്തൊരു കളർ-
ക്കുന്നിന്റെ കുഞ്ഞോമനേ!
കാലൻ വന്നു കയത്തുനിന്നു കയറെൻ-
കാലിൽ കടന്നിട്ടിടും-
കാലന്താക്കഴവേറിതൻ കഥ കഴി-
ക്കേണം മിഴിക്കോണിനാൽ. 6

കട്ടിപ്പേറും ഗരം തീ ഗളമിഴികളിലീ-
ക്കേട്ടകേറിശ്ശിരസ്സിൽ
തട്ടിപ്പോകാതിരിപ്പാനമൃതകിരണനും
നീരുമെൻ നീരജാക്ഷി!
കെട്ടിപ്പേറുന്ന ഞാനെന്നിയെ ഹരനു ജല-
പ്പെണ്ണിലില്ലിഷ്ടമെന്ന-
ത്തട്ടിപ്പോതും പ്രിയൻമെയ് പുണരുമൊരചല
പ്പെണ്ണു കണ്ണിട്ടിടട്ടെ." 7

വളരെ ഉദാഹരണങ്ങൾ ആവശ്യമില്ല. ഫലിതപ്രയോഗത്തിനു വെണ്മണിനമ്പൂരിപ്പാട്ടിലേക്കാൾ ഒരു പടവു മീതേയാണ് ശീവൊള്ളിയുടെ നില എന്നു മേല്പറഞ്ഞ ശ്ലോകങ്ങളിൽനിന്നു വെളിവാവുന്നതാണ്. ഈ പ്രയോഗം ചിലപ്പോൾ അനൌചിത്യദോഷത്താൽ ദൂഷിതമാകുകകൂടിച്ചെയ്യുന്നുണ്ട്; അതു ശോചനീയംതന്നെ. ഇനി ഹാസ്യരസത്തിനു ചില ദൃഷ്ടാന്തങ്ങൾ താഴെ ചേർത്തുകൊള്ളുന്നു.

"കൊട്ടത്തേങ്ങാഭിരപ്പൈഃ" എന്നുതുടങ്ങി നമ്പൂരി എഴുതീട്ടുള്ള പദ്യങ്ങൾ പ്രസിദ്ധങ്ങളാണല്ലോ. താഴെ കാണുന്നതു യമദൂതന്മാരുടെ വർണ്ണനമാണ്.

"കക്കിഞ്ചൻതാടി,ചെമ്പൻതലമുടി,തുറിയൻ-
കണ്ണു, മാക്കാച്ചിമൂക്ക-
ക്കക്കപ്പല്ല,ക്കുരങ്ങിൻമുകർ,കയറു വടി-
ക്കമ്പു,വൻകുമ്പചാട്ടം,
പൊന്നാലൻകാൽ,കരിങ്കാറെതിർനിറമിവ മേൽ-

Digitized By Kerala Sahitya Akademi

പോട്ട മേൽപോട്ട പോയോ–
രക്കോലം കണ്ടുപോയാലതുമതി മുടല–
പ്പൊട്ടനും ഞെട്ടിവീഴും. !!

അടിയിൽ ഉദ്ധരിക്കുന്നതു ജോനകരെപ്പറ്റിയുള്ള ഒരു പദ്യമാണു്.

" വട്ടത്തൊപ്പി വളന്തോടി വയറും
നെഞ്ഞും നിറഞ്ഞൊപ്പമായ്
കെട്ടിക്കാട്ടപിടിച്ച രോമമരയിൽ
പിച്ചാത്തി മൊച്ചത്തരം
കെട്ടിക്കാങ്കി കുപ്പുട്ടപ്പൊതുമാൽ
ശൌയ്യം ശകാരങ്ങളീ–
മട്ടിൽ ജോനകരെത്രവേണമവിടെ–
ക്കണ്ടേൻ കണക്കെന്നിയേ. !!

ഇനി രണ്ടു ചെട്ടിച്ചികൾ ശകുനംവന്നതു വണ്ണ്ടിക്കുന്ന ഒരു ശ്ലോകം ആകട്ടെ.

" പുത്തൻപുച്ചക്കുപ്പാൽ കവിടിയിവയെഴും
മാല മാറത്തു തൂക്കി
" കിതേയ്രെക്കൊള്ളവേതക്കവെകൊണലകിയെ !!–
ന്നിത്തരം മത്തുരച്ച്
മുത്തിച്ചെട്ടിച്ചിമൂശേട്ടകളിരുവരെതി–
ത്തെത്തി രണ്ടാമതും വ–
ന്നുത്തപ്പാ! പ്രാതലാശ്വയ്മിതനവധി മാ–
റ്റൊത്ത മാറ്റിത്തമല്ലേ? !!

" ഒരു വെറും തെങ്ങൻപുറം താങ്ങുവാൻ !!.

" സ്വാദ്ധ്യായക്കിണ്ടികൊണ്ടാവികൃതിയുടെ തല–
ന്നൊന്നു താങ്ങിക്കൊട്ടത്തു. !!

" വിളിച്ചോതും വെളിച്ചത്തു ഞാൻ. !!

" കൺ–
കെട്ടോ കാലാന്തകപ്പെൺകൊടിയുടെ കരുണാ–
സാരമോ സ്സാരമെന്തോ? !!

Digitized By Kerala Sahitya Akademi

" ശ്രദ്ധം
വിദ്ധ്യാൻപറമ്പനിവനെന്നൊരു പേരുകിട്ടും. "

" സ്ഥാനത്തുനിന്നിളകുവാനിവനദ്ദിവാന്റെ
പേനത്തലയ്ക്കു ദയതോന്നണമെങ്കിലും മേ. "

" എന്തിക്കവിത്വക്കൊതിയൊടിനിയുമ-
ണ്ണാക്കു പുണ്ണാക്കിട്ടന്നു. "

" ജലരുഹാവാസന്റെ മാസംവരെ. "

എന്നും മറ്റും ഈ കവി അദ്ദേഹത്തിന്റെ കൃതികളിൽ കൈയും കണക്കുമില്ലാതെ തട്ടിവീക്കീട്ടുള്ള പൊടിക്കൈകളിൽ ഏതു സാഹിത്യരസികന്റെ മനസ്സാണു ചമൽക്കരിക്കാത്തതു്? ഒരു സ്ത്രീ നല്ല കവിതയെഴുതുവാൻ കാരണമെന്തെന്നു് അവരോടുതന്നെ നമ്പൂരി താഴെക്കാണുന്ന ശ്ലോകത്തിൽ ചോദിക്കയാണു്:—

" സാധിച്ചോ സാധുചിന്താമണിമഹിതമഹാ
മന്ത്രസാരം? മുറയ്ക്കാ-
രാധിച്ചോ നീ നിതാന്തം തുഹിനകരകലാ-
ചൂഡകാന്താപദാന്തം?
ബോധിച്ചാ വെണ്മണിക്ഷ്മാസുരവരകവിതൻ-
ബ്രഹ്മർക്ഷസ്സുകേറി-
ബ്ബാധിച്ചോ ബാധവിട്ടെങ്ങനെ കവിതയിലീ
മട്ടു നീ കാട്ടിടുന്നു? " 12

നമ്പൂരിക്കു പദ്യലേഖനങ്ങൾ എഴുതുവാനുള്ള വാസന അസാമാന്യമായിരുന്നു. താഴെ ചേർത്തിരിക്കുന്ന ശ്ലോകത്തിന്റെ അക്ലിഷ്ടതയും ഒഴുക്കും ഒന്നു വേറെതന്നെയാണു്.

" എനിക്കുമില്ലത്തഖിലക്കുമെന്താ-
നിനക്കുമില്ലത്തലൊരിത്തിരിക്കും
തനിക്കുമത്തങ്കഗിരീന്ദ്രപീന-
സ്തനിക്കുമാതങ്കമതില്ലയല്ലീ? "

ഞാൻ ആദ്യമായി അവിടുത്തെ,

" പയ്യീച്ച പൂച്ച പുലി വണ്ടെലി ഞണ്ടു പച്ച-
പ്പയ്യെന്നതൊട്ട പലമാതിരിയായ ജന്തും

Digitized By Kerala Sahitya Akademi

പയ്യെക്കഴിഞ്ഞു പുനരിപ്പുരുഷാകൃതിത്വം
കയ്യിൽകിടച്ചതു കളഞ്ഞു കളിച്ചൊടല്ലേ''. 14

ഇത്യാദി ഇപ്പോൾ സുപ്രസിദ്ധമായി തീന്നിട്ടുള്ള സാരോപദേശശകവും,

" വെള്ളിക്കുന്നിൽ കൃഷിച്ചെയ്യുക പണി
വതിനും ഭ്രതസാത്ഥം സമൃദ്ധം "

എന്ന സമസ്യാപൂരണവും കേരളചന്ദ്രികയിൽ കണ്ടാണു് ഇങ്ങനെ ഒരു വാസനാകവി കേരളത്തിലുണ്ടെന്നു മനസ്സിലാക്കിയതു്. പ്രതിനിമിഷം എനിക്കവിടത്തേ പേരിലുള്ള ബഹുമാനം വർദ്ധിച്ചു. കേരളചന്ദ്രിക, മനോരമ, മലയാളി എന്നീ പത്രങ്ങളിൽ കണ്ട ഓരോ ശ്ലോകവും അവിടത്തേക്കുണ്ടായിരുന്ന പൂർണ്ണമായ സരസ്വതീകടാക്ഷത്തിന്റെ ഉത്തമദൃഷ്ടാന്തമായിരുന്നു. താഴെ കാണുന്ന പദ്യം നമ്പൂരി മലയാളിപത്രാധിപക്കയച്ചതാണു്.

" ആയതുപോലെ ഭവാനെ-
ന്നായതബുദ്ധേ! പിശുക്കനാണെങ്കിൽ
ആയതു മതി മതി ഞാനീ
വായ തുറന്നീല മിണ്ടിയതുമില്ല." 15

കൊട്ടാരത്തിൽ ശങ്കുണ്ണി അവർകൾക്കുള്ള ഒരെഴുത്തിൽ കവി,

" തീയേത്തും കണ്ണു തിങ്കൾക്കല കല ചുടല-
ച്ചാമ്പൽ പാമ്പില്ല വെള്ളം-
പെയ്യും തുച്ചെഞ്ചിടക്കെട്ടിവ പലതുമെഴും
ദേവനെസ്സേവചെയ്തു്
കയ്യേറി കേളികേൾക്കും കവികടെ റസിഡ-
ണ്ടായി രണ്ടായിരത്താ-
ണ്ടീയുഴിത്തട്ടിൽ വാണീടുക വിമലമതേ!
താങ്കളാതങ്കമെന്യേ. "

എന്നാണു് ആശംസിക്കുന്നതു്. എന്തിനു വളരെ പറയുന്നു? ഈ ഉത്തമകവിയുടെ പദ്യങ്ങളെല്ലാംകൂടി ഒന്നിച്ചുചേർത്തു പ്രസിദ്ധീകരിക്കുവാൻ ലക്ഷ്മീഭായി മാനേജർ ശ്രീമാൻ വെള്ളാട്ടുൽ നാരായണമേനോൻ ചെയ്യുന്ന പരിശ്രമം ഏറ്റവും അഭിനന്ദനീയമായിരിക്കുന്നു.

1081 ഇടവം—രസികരഞ്ജിനി.

Digitized By Kerala Sahitya Akademi

16. കുഞ്ഞിക്കുട്ടൻതമ്പുരാൻ

ചില സ്മരണകൾ

ഞാൻ അവിട്ടത്തെപ്പറ്റി കുട്ടിക്കാലത്തിൽതന്നെ കേട്ടിരുന്നു. കേൾക്കാതിരിക്കുവാൻ നിവൃത്തിയില്ലാത്ത മാതിരിയിലായിരുന്നു എന്റെ പരിതഃസ്ഥിതി. എന്റെ ഗുരുനാഥനും അവിട്ടനും തമ്മിൽ അത്രമാത്രം വേഴ്ചയിലാണു് കഴിഞ്ഞുവന്നതു്.

"ലക്ഷ്മീപുരത്തു രവിവർമ്മനൃപൻ കവീന്ദ്ര-
ലക്ഷ്മീപുരത്തു വിലസുന്ന മണിപ്രദീപം."

എന്നു് അവിട്ടനും

"ശിതമതികൾ ശിരസ്സിൽ ചൂടിട്ടം കോടിലിംഗ-
ക്ഷിതിപരിവൃഢനാകും കുഞ്ഞുകുട്ടാവനീന്ദ്രൻ."

എന്നു ഗുരുനാഥനും പരസ്പരം പ്രശംസിച്ചിട്ടുള്ള ആ രണ്ടു മഹാകവികളും ദേഹംകൊണ്ടുമാത്രമേ രണ്ടുപേരായിരുന്നുള്ളു. രണ്ടുപേർക്കും തമ്മിലുള്ള കത്തിടപാടു മിക്കവാറും ശ്ലോകത്തിലായിരുന്നു. ശ്ലോകങ്ങൾ ചിലപ്പോൾ സംസ്കൃതത്തിലും ചിലപ്പോൾ ഭാഷയിലുമായിരിക്കും. അന്നു ഞാൻ നൈഷധമാണു് കാര്യമായി വായിച്ചുവന്നതു്. നന്നെ കുട്ടി—പത്തോ പന്ത്രണ്ടോ വയസ്സുവരും—ആയിരുന്നുവെങ്കിലും അന്നും കവിതാഭ്രമം ഒരുമാതിരിയൊക്കെ ഉണ്ടായിരുന്നതിനാൽ ആ എഴുത്തുകൾ ഗുരുനാഥൻ എന്നെയും കാണിച്ചുവന്നു. അങ്ങനെയാണു് നമ്മുടെ കേരളവ്യാസനുമായി എനിക്കുള്ള ആദ്യത്തെ പരിചയം.

അവിട്ടത്തെ പുസ്തകങ്ങളിൽ ആദ്യമായി അച്ചടിപ്പിച്ചതു ദക്ഷയാഗശതകമെന്നാണു് തോന്നുന്നതു്. ഏതായാലും അതാണു് ഞാൻ ഒന്നാമതായി വായിച്ച അവിട്ടത്തെ ഗ്രന്ഥമെന്നുള്ളതിനു സംശയമില്ല. ലക്ഷ്മണാസംഗദം എനിക്കു് അഞ്ചാംഫോറത്തിൽ പാഠപുസ്തകമായിരുന്നു. ആ നാടകം അഭിനയിക്കുന്നതിനുവേണ്ടിയുംകൂടി അക്കാലത്തു ഞാനും മറ്റു സ്കൂൾകുട്ടികളും പ്രത്യേകം പഠിക്കുകയുണ്ടായി. അപ്പോഴേയ്ക്കു് മനോരമ,

Digitized By Kerala Sahitya Akademi

സുജനാനന്ദിനി മുതലായ പത്രങ്ങളിൽ അവിടത്തെ ഭാഷാശ്ലോകങ്ങൾ നിയമേന കണ്ടുതുടങ്ങി. അവ കിട്ടുന്നിടത്തോളം മുഖസ്ഥമാക്കിവയ്ക്കുന്നതിനായിരുന്ന അന്നത്തെ ഉത്സാഹം. മുഖസ്ഥമാക്കുന്നതിനെന്താണ് പ്രയാസം? ഒരിക്കൽ ചൊല്ലുകയോ കേൾക്കുകയോ ചെയ്താൽ ഉടൻ മനസ്സിൽ പതിയും. അത്രയധികമായിരുന്ന അവയുടെ ശയ്യാഗ്രണം. കവിഭാരതം, ഗംഗാവതരണം, സ്യമന്തകം, ചന്ദ്രിക, മാനവിക്രമവിജയം, തുപ്പൽ കോളാമ്പി, നല്ലഭാഷ, പാലുള്ളിചരിതം, വിക്രമോർവശീയം, ആശ്ചര്യചൂഡാമണി മുതലായി പിന്നീട് അവിടുന്ന പ്രസിദ്ധപ്പെട്ടത്തിയ പുസ്തകങ്ങൾ ഓരോന്നും അതാതുകാലത്തു വായിച്ചുനോക്കുന്നതിനുണ്ടായിരുന്ന താല്പര്യം എത്രമാത്രമെന്ന പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്. "പടിഞ്ഞാറേടത്തു കുഞ്ഞൻ തമ്പാൻ" എന്ന പേരിൽ അവിടുന്ന് ആയിടയ്ക്ക പല പത്രങ്ങളിലും ഗദ്യമായും പദ്യമായും പല പൊടിക്കൈകൾ പ്രയോഗിക്കാറുണ്ടായിരുന്ന, അവ വായിക്കുവാനുള്ള രസം പുസ്തകങ്ങൾ വായിക്കുന്നതിനുള്ളതിലും തുലോം അധികമായിരുന്ന എന്നു പറയേണ്ടതില്ലല്ലോ. സന്ദേശതർജ്ജിമകൾ, മഹാഭാരതതർജ്ജിമ, കാദംബരീകഥാസാരം, കേരളം മുതലായ ഗ്രന്ഥങ്ങൾ അനന്തരകാലത്തിലുള്ളവയാണ്.

അവിടുന്ന രസികരഞ്ജിനീപത്രാധിപരായതിനു മേലാണ് ഞങ്ങൾ തമ്മിൽ ധാരാളമായി കത്തിടപാടിനു സംഗതി വന്നത്. ഉപന്യാസത്തിനാവശ്യപ്പെട്ടകൊണ്ടുള്ള അവിടത്തെ പദ്യലേഖനം കിട്ടിയാൽ സാമാന്യംപോലെയുള്ളവരാരും അമാന്തിക്കുകയില്ല. അഥവാ അമാന്തിച്ചാൽ അസ്സൽ ശകാരത്തോടുകൂടി അധികം താമസിക്കാതെ വീണ്ടും ഒരു പദ്യലേഖനം രാമബാണംപോലെ വരും. പിന്നെ നിവൃത്തിയുണ്ടോ? ആമാതിരി ലേഖനംകിട്ടണമെന്നുവച്ചു തന്നെ ഞാൻ മനഃപൂർവ്വമായി ചിലപ്പോൾ അമാന്തിക്കാറുണ്ടായിരുന്ന. അത്രയുണ്ടതിന്റെ രസം, ആ മാതിരി അവസരങ്ങളിൽ ആ വാഗമൃതത്തിനുണ്ടായിരുന്ന സ്വാദുത അനുഭവിച്ചവക്കേ അറിഞ്ഞുകൂടൂ.

അവിടത്തെ ഞാൻ ആദ്യമായിക്കണ്ടതു് 1086-ൽ ഭാരതവിലാസസഭാദ്ധ്യക്ഷനായി തൃശ്ശൂക്ക പോയപ്പോളായിരുന്ന. അന്നു് അപ്പൻതമ്പുരാൻ തിരുമനസ്സിലേ കൊട്ടാരത്തിലായിരുന്ന നമ്മുടെ പന്തളത്തു പത്രാധിപരവിടത്തേയും എന്റേയും താമസം. അവിടെ ഒതുങ്ങിയ പ്രകൃതി, ഉദാസീനമായ മുഖഭാവം ഇവയോടുകൂടി കുറുത്തു സാമാന്യം തടിച്ച മദ്ധ്യവയസ്കനായ ഒരു നമ്പൂരി നില്പുണ്ടായിരുന്ന. നമ്പൂരിയോ? അതുതന്നെയാണ് സാക്ഷാൽ കുഞ്ഞിക്കുട്ടൻതമ്പുരാനെന്നു് അവിടത്തെ

Digitized By Kerala Sahitya Akademi

ചരായ മനസ്സിൽ ദൃഢമായി പതിഞ്ഞുകിടന്നിരുന്ന എറിക്ക മനസ്സിലാക്കുവാൻ ഒരു നിമിഷംപോലും വേണ്ടിവന്നില്ല. പക്ഷേ ചരായ കണ്ടിട്ടില്ലാത്തവർ ചുറ്റിപ്പോകുകയേ ഉള്ളു. വേഷത്തിനും വ്യക്തിക്കും തമ്മിലുള്ള അന്തരം അത്ര മഹത്തായിരുന്നു. അവിട്ടത്തേനേക്കു് എനിക്കു് അതിനുമുമ്പുണ്ടായിരുന്ന സ്നേഹബഹുമാനങ്ങൾ സംഭാഷണത്തിൽ പ്രദർശനീഭവിച്ചു. അതിൽ പിന്നീട് അവിട്ടത്തേ ഞാൻ ഒരിക്കൽക്കൂടി കണ്ടു. അതു വൈക്കത്തേ ഭാഷാപോഷിണിസഭയ്ക്കു ഞാൻ പോയിരുന്നപ്പോളായിരുന്നു. അന്നു് അവിട്ടനും ഞാനും എന്നെ വന്ദ്യപുരസ്കർത്താവായ മഹാമഹിമശ്രീ കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ അതിഥികളായാണു താമസിച്ചതു്. ഈ രണ്ടവസരങ്ങളിലും ഞങ്ങൾ മിക്കവാറും സമയം ഒന്നിച്ചുതന്നെയാണു് കഴിച്ചുകൂട്ടിയതു്. ഒടുവിൽ അവിട്ടത്തേ മരണവൃത്താന്തമറിഞ്ഞതും കേരളകാളിദാസൻ തിരുമേനിയുടെ മുഖത്തുനിന്നുതന്നെയായിരുന്നു. ഭാഷാകവിതയുടെ കഥ കഴിഞ്ഞു എന്നാണു് അന്നു കല്പിച്ചരുളിച്ചെയ്തതു്. തിരുമേനിക്കു് അവിട്ടത്തേക്കുറിച്ചുള്ള വാത്സല്യം അനിർവചനീയമായിരുന്നു.

ഈ അടുത്തകാലത്തു കേരളഭൂമി അനേകം വശ്യവാക്കുകളായ സാഹിത്യവീരന്മാരെ പ്രസവിച്ചു ചരിതാർത്ഥയായിട്ടുണ്ടു്. അവരിൽ എല്ലാംകൊണ്ടും പ്രാമാണ്യത്തെ അർഹിക്കുന്നതു കേരളകാളിദാസനും കേരളവ്യാസനുമാണെന്നുള്ളതിനു സംശയമില്ല. നിസർഗ്ഗജമായ പ്രതിഭാവിലാസവും നിരന്തരമായ പരിശ്രമവും രണ്ടുപേക്കും ഒന്നുപോലെ ഉണ്ടായിരുന്നു. എന്നാൽ അവകൊണ്ടു മാത്രമല്ല അവർക്കു് ഈ ഉന്നതസ്ഥാനം സിദ്ധിച്ചതു്. അവക്കുള്ള മനോനൈർമ്മല്യവും സമഭാവനയും കൂടി ഈ സ്ഥാനലബ്ധിക്കു് അവരെ സഹായിച്ചതും ഗണിക്കുന്നതിൽ അസാംഗത്യമില്ല.

കേരളവ്യാസനെക്കൊണ്ടു് ഭാഷാകവിതയ്ക്കു് ഉണ്ടായിട്ടുള്ള അഭിവൃദ്ധി ചില്ലറയൊന്നുമല്ല. അവിട്ടത്തെ പിതാവായ വെൺമണിമഹൻ നമ്പൂരിപ്പാടു കണ്ടുപിടിച്ച വഴി അവിട്ടനു വെട്ടിത്തെളിച്ചു ഘണ്ടാപഥമാക്കി എന്നുതന്നെ പറയാം. മഹൻനമ്പൂരിപ്പാട്ടിലേ കവിതയ്ക്കു പലഗുണവുമുണ്ടെങ്കിലും അദ്ദേഹത്തെ മാത്രമാണു് നവീനപ്രസ്ഥാനം ആശ്രയിച്ചതു് എന്നു വരികിൽ അതിനൊരിക്കലും ഇന്നത്തെ നില കിട്ടുന്നതല്ലായിരുന്നു. മണിപ്രവാളകവിതയെക്കാൾ ഭാഷാകവിതയാണു് നല്ലതെന്നും സംസ്കൃതപ്രത്യയങ്ങളുടെ സഹായംകൂടാതെ നിർമ്മിക്കുന്ന ഭാഷാകൃതികളിലും വേണ്ട രസങ്ങളെല്ലാം സ്ഫുരിപ്പിക്കാൻ കഴിയുമെന്നും ആദ്യമായി തെളിച്ചുകാണിച്ചതും അവിട്ടത്തുതിരുമനസ്സുകൊണ്ടാണു്

Digitized By Kerala Sahitya Akademi

തമ്പുരാനും രവിവർമ്മകോയിത്തമ്പുരാനുമായിരുന്നു. പച്ച മലയാളമായാലും രസസ്ഫൂർത്തിക്കു ഭംഗം വരുന്നതല്ലെന്നു് അവിട്ടനു "നല്ല ഭാഷ"യിൽ തെളിയിച്ചു. ആ മാഗ്ഗത്തെയാണു് കുണ്ടൂർ നാരായണമേനോനും മറ്റും അനുസരിച്ചതു്. മൂന്നുകൊല്ലംകൊണ്ടു മഹാഭാരതം തർജ്ജിമചെയ്യുവാൻ അവിട്ടത്തേയ്ക്കു മാത്രമേ സാധിക്കയുള്ളു എന്നുള്ളതിനു സംശയമില്ല. പഴയ ഭാഷാപദങ്ങളിൽ ജനങ്ങൾക്കുണ്ടായിരുന്ന വൈരസ്യത്തെ ദൂരീകരിച്ചതു് അവിട്ടനാണു്. ഐതിഹ്യത്തിൽ പലക്കും അഭിരുചി ജനിക്കുന്നതിനു് അവിട്ടനുതന്നെയാണു് കാരണം. സഹസ്രമുഖമായി പ്രവഹിച്ച അവിട്ടത്തെ സരസ്വതി കേരളസാഹിത്യഭ്രമി മുഴുവൻ പരിശുദ്ധവും ഫലവത്തുമാക്കിത്തീർത്തിട്ടുണ്ടെന്നു പറയുന്നതിൽ എന്താക്ഷേപമാണുള്ളതു് ?

നിമിഷകവിതയിൽ അവിട്ടത്തേയ്ക്കുള്ള വാസന സുപ്രസിദ്ധമാണല്ലോ. ദക്ഷയാഗശതകം വായിച്ചാൽ അതു് ഒരു ദ്രുതകവനമാണെന്നു് ആരും ശങ്കിക്കുകയില്ല. നാലോ അഞ്ചോ മണിക്കൂറുകൊണ്ടു് ഒരു വിശിഷ്ടനാടകം എങ്ങനെയാണു് എഴുതിത്തീർക്കുന്നതു് ? സാമാന്യന്മാർക്കു് അതു പകർത്തിയെഴുതുവാൻതന്നെ അതിലധികം സമയം വേണം.

"അതുതന്നെയുമല്ല കുട്ടിയേട്ട–
ക്ഷിതിപാലോത്തമദിവ്യകല്പവൃക്ഷം
ഇതിനിന്നൊരു നാഥനായതോർത്താ–
ലതിഭാഗ്യക്കടലിന്റെ കോളിളക്കം;"

ഇത്യാദി പദ്യങ്ങൾ ഒരാലോചനയും കൂടാതെ എവിടെനിന്നോ കാണാതെപഠിച്ചു ചൊല്ലുന്ന മാതിരിയിൽ തട്ടിവീക്കുന്ന ഒരു മഹാകവിയുടെ സരസ്വതീപ്രസാദം അദൃഷ്ടപൂർവമാണെന്നു സമ്മതിക്കാതെ നിവൃത്തിയുണ്ടോ ?

മഹാഭാഗവതം അഞ്ചുസ്കന്ധത്തോളം തർജ്ജിമചെയ്യുവച്ചിട്ടുണ്ടെന്നു് അവിട്ടനൊരിക്കൽ എന്നോടു പറഞ്ഞു. അതുത്തോളമെങ്കിലും വേഗത്തിൽ അച്ചടിപ്പിക്കേണ്ടതാണു്. "കേരളം" എന്ന പേരിൽ ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന പദ്യപുസ്തകം അവിട്ടത്തെ തൂലികയിൽനിന്നു പുറപ്പെട്ടവാനിരുന്ന ഒരു മഹാഗ്രന്ഥത്തിന്റെ ഉപോദ്ഘാതം മാത്രമേ ആകുന്നുള്ളു. പല ഐതിഹ്യങ്ങളുടെയും നിക്ഷേപപാത്രമായിരുന്ന അവിട്ടനു കുറെക്കാലംകൂടി ജീവിച്ചിരുന്നുവെങ്കിൽ ആ ഗ്രന്ഥം നമുക്കു സമഗ്രമായിത്തന്നെ ലഭിക്കുമായിരുന്നു. പതിനെട്ടു പുരാ

Digitized By Kerala Sahitya Akademi

ണവും തജ്ജിമചെയ്യണമെന്നു് അവിട്ടത്തേയ്ക്കു മോഹമുണ്ടായിരുന്നതു സാധിച്ചില്ല. തമിഴിലെ പല ഉത്തമകാവ്യങ്ങളും മലയാളത്തിൽ തജ്ജിമചെയ്യുകാൺമാൻ അവിട്ടത്തേയ്ക്കു് ഔത്സുക്യമുണ്ടായിരുന്നു. ഒരു പ്രാചീനചേരരാജാവായ ചെംകുട്ടുവന്റെ കനിഷ്ഠസഹോദരനായ ഇളംങ്കോ അടികളുടെ കൃതിയായ ചിലപ്പതികാരത്തിന്റെ സാരമെങ്കിലും മലയാളത്തിൽ ഒരു കാവ്യമായി സംക്രമിപ്പിക്കണമെന്നു മരിക്കുന്നതിനു കുറേ ദിവസം മുമ്പു് അവിട്ടന്നു് എന്നോടു് ആവശ്യപ്പെട്ടിരുന്നു.

സ്വതന്ത്രകവിതയിൽ എന്നപോലെ തജ്ജിമയിലും അവിട്ടത്തേയ്ക്കുള്ള പാടവം അദ്വിതീയമായിരുന്നു. ശുകസന്ദേശത്തിലെ പ്രസിദ്ധമായ

''തൽസേവാർത്ഥം തരുണസഹിതാസ്ഥാത്രുപാദാരവിന്ദാ-
സ്ഥാമശ്യന്മദ്ധ്യാഃ സ്തനഭരനതാസ്ഥാരഹാരാവലീകാഃ
താരേശാസ്യാസ്തരളനയനാസ്തർജ്ജിതാംഭോദകേശ്യ-
സ്തത്രസ്ഥാസ്ത്യുഃ സ്തബകിതകരാസ്താലവൃന്തൈസ്തരുണ്യഃ.''

എന്ന ശ്ലോകം

''കാന്തന്മാരൊത്തു കാൽത്താർ, കടി, കട്ടകളവിൽ
ക്ലാന്തമദ്ധ്യം, കനത്തിൽ
ക്കാന്തിപ്പിട്ടുള്ള കൊങ്കക്കുട, മഴകുകല-
ന്നാടിട്ടം കത്രഹാരം,
കാന്തത്തിങ്കൾപ്രഭാസ്യം, കളിയുടയ കയൽ-
ക്കണ്ണു, കാർക്കുന്തലേവം
കാന്ത്യാ കല്യാണിമാർ കൈവിശറിയൊടവിടെ-
ദ്ദേവസേവയ്ക്കു കൂട്ടം.''

എന്ന തജ്ജിമചെയ്യുവാൻ ഒരു മഹാകവിക്കല്ലാതെ സാധിക്കുന്നതല്ല. ആശ്ചര്യചൂടാമണിയിലേയും മറ്റും ചില ശ്ലോകങ്ങളും അവിട്ടത്തേയ്ക്കു വശ്യവചസ്സിത്തിനു പ്രത്യക്ഷലക്ഷ്യമാണു്.

അവിട്ടത്തേ പദ്യങ്ങൾ എല്ലാം ഹൃദയംഗമങ്ങളാണെങ്കിലും ''തഥാപി ഭാവസ്ഥിരതൈരുശ്രേഖരേ'' എന്നു ഭർത്തൃഹരി പറഞ്ഞതുപോലെ അവിട്ടത്തേ ലേഖനങ്ങളുടെ കായ്ത്തിൽ എനിക്കും മറ്റു പലക്കും അസാധാരണമായ ബഹുമാനം തോന്നീട്ടുണ്ടു്. ശ്ലോകത്തിൽ ഇത്ര ഭംഗിയായി

Digitized By Kerala Sahitya Akademi

എഴുത്തുകൾ എഴുതാവുന്നവർ കേരളത്തിൽ ഉണ്ടായിട്ടില്ല; ഇനി ഉണ്ടാകുവാനും പ്രയാസമാണെന്നു തോന്നിപ്പോകുന്നു; മുഴുവൻ അമൃതമയം തന്നെ. അവിടുത്തെ ശ്ലോകക്കുത്തുകൾ കിട്ടുന്നിടത്തോളം ഒന്നിച്ചുചേർത്തടിക്കുവാൻ ഉത്സാഹിയും സഹൃദയനുമായ കവനകൌമുദീമാനേജർ പി. വി. കൃഷ്ണവാരിയർ ശ്രമിക്കുന്നുണ്ടെന്നു് എനിക്കറിയാം. ആ ശ്രമം അചിരേണ ഫലവത്തായാൽ അതു കേരളീയർക്കു് അപൂർവമായ ഒരനുഗ്രഹമായിരിക്കും.

അവിടുത്തെ ഗദ്യം സരസവും ഉജ്ജ്വലവുമായിരുന്നു. പുരാണപുരുഷന്മാരുടെ ചരിത്രമെല്ലാം ഭാഷാഗദ്യരൂപേണ വെളിക്കു വരുത്തണമെന്നു് അവിടുത്തേക്കു മോഹമുണ്ടായിരുന്നു. ആ മോഹവും അവിടുന്നു സ്വല്പകാലം കൂടി ജീവിച്ചിരുന്നുവെങ്കിൽ ഫലിക്കുമായിരുന്നു. കേരളത്തിന്റെ പ്രാചീനചരിത്രത്തെ പുരസ്കരിച്ചു് അവിടുന്നു പല ഉപന്യാസപരമ്പരകളും എഴുതി പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്.

അവിടുത്തെ മനോഹ്രണമാണു് ബുദ്ധിശക്തിയിലധികം എന്നെ വിസ്മയിപ്പിച്ചിരുന്നതു്. അതിനു രണ്ടു ഉദാഹരണം മാത്രം എടുത്തു കാണിക്കാം. അവിടുന്നു് ഒരിക്കൽ വൈക്കത്തുവച്ചു് എന്നെ "കേരളത്തിന്റെ കൈയെഴുത്തുപകർപ്പിൽ ചില ഭാഗങ്ങൾ വായിച്ചു കേൾപ്പിക്കുകയായിരുന്നു. ഒരു ശ്ലോകം എനിക്കു നല്ലപോലെ രസിച്ചില്ല. അതു കേട്ടപ്പോൾ "ഈ ശ്ലോകം അത്ര ഭംഗിയായോ എന്നു സംശയിക്കുന്നു." എന്നു ഞാൻ പറഞ്ഞു. "പരമേശ്വരയ്ക്കു് ഈ ഒരു ശ്ലോകത്തെപ്പറ്റി മാത്രമല്ലേ ഇതുവരെ സംശയം വന്നിട്ടുള്ളു; എനിക്കു് എല്ലാ ശ്ലോകങ്ങളെപ്പറ്റിയും മുമ്പേതന്നെ നല്ല നിശ്ചയം വന്നിട്ടുള്ളതാണു്—ഒന്നെങ്കിലും ഭംഗിയായിട്ടില്ലെന്നു്—" എന്നായിരുന്നു അവിടുത്തെ മറുപടി. ഞാൻ അവിടുത്തെ മുഖത്തു സൂക്ഷിച്ചുനോക്കി; ഒരു ഭാവഭേദവുമവിടേയില്ല; വ്യാജമല്ല അവിടുന്നു പറഞ്ഞതു്; ഉള്ളിലുള്ള വിചാരം അതേനിലയിൽ തന്നേയാണു് പുറത്തുവന്നതെന്നു് എനിക്കു മനസ്സിലായി. "അവിടുന്നു തന്നെയാണു് മഹാൻ" എന്നു് എന്നെ അറിയാതെ ഞാൻ ഉടൻ പറഞ്ഞുപോയി. ഇതല്ലെങ്കിൽ മറ്റെന്താണു് മഹാന്മാരുടെ ലക്ഷണം ? അവിടുത്തേക്കും കഷ്ടപ്പെട്ടു് എട്ടോപത്തോ ശ്ലോകമുണ്ടാക്കി മഹാകവിസിംഹാസനത്തെ സ്വയമേവ ആരോഹണം ചെയ്തതായി നടിച്ചു ഞെളിയുന്ന കുശബുദ്ധികൾക്കും തമ്മിലുള്ള അന്തരം ആലോചിക്കുംതോറും അധികമധികമായി നമുക്കു കാണാവുന്നതാണു്. അഥവാ

"സ്വർഗ്ഗാനഗ്ഗളനിഗ്ഗളൽസുരസരിൽ—

പാഥഃപ്രപാതപ്രഥാ—

Digitized By Kerala Sahitya Akademi

പ്രത്യാഖ്യാനപടീയസാപി വചസാ
ജിഹ്രേതി ജിഹേവഹ നഃ;
ഏകദ്വ്യക്ഷരകഷ്ടപിഷ്ടരചനാ—
ദുർവാരഗർവഗ്രഹാഃ
കന്ഥാമാത്രകവിന്ദകാഃ കവയിതും
സജ്ജന്തി ലജ്ജാമുചഃ.''

എന്നാണല്ലോ അഭിയുക്തവചനം.

മറ്റൊരിക്കൽ അവിട്ടന്ന കവിഭാരതത്തിൽ തനിക്ക നൽകീട്ടുള്ള ''കൃതവമ്മാവെന്നൊരായാദവസ്ഥാനം'' ഒട്ടും മതിയായിട്ടുള്ളതല്ലെന്നും അവിട്ടത്തേയ്ക്ക ഭീമസേനന്റേയും വലിയകോയിത്തമ്പുരാൻതിരുമനസ്സി ലേക്ക ഭീഷ്മരുടേയും സ്ഥാനത്തിനാണ് യോഗ്യതയെന്നും ഞാൻ പറ ഞ്ഞു. ''നിങ്ങൾ കുട്ടികൾ എങ്ങനെ വേണമെങ്കിൽ പറഞ്ഞുകൊള്ളു വിൻ: ഞാൻ കൃതവമ്മാവിന്റെ സ്ഥാനംതന്നെ സ്വീകരിച്ചതു യൌവന ത്തിലുള്ള അവിവേകംകൊണ്ടാണ്'' എന്ന പറഞ്ഞു. കേരളകാളിദാ സനെ കഴിച്ചാൽ ഇത്ര മനോനൈർമ്മല്യമുള്ള ഒരു പരഗുണകാംക്ഷിയെ ഞാൻ കണ്ടിട്ടില്ലെന്ന തീർത്തു പറയുവാൻ ധൈര്യം തോന്നുന്നുണ്ട്.

ഏതെല്ലാം വിധത്തിൽ നോക്കിയാലും കേരളവ്യാസൻ അമാനുഷ നായ ഒരു മഹാനുഭാവൻതന്നെയായിരുന്ന. അവിട്ടത്തെ സ്മാരകമായി പുറപ്പെടുന്ന മാസികയ്ക്ക് എന്തു മംഗലത്തെയാണ് ഞാൻ വിശേഷിച്ചു പ്രാർത്ഥിക്കുവാനുള്ളതു് ?

''ഇത്തമ്പുരാനിൽ പുരുഷക്ക വേണ്ടും
ഗുണങ്ങൾ മുറ്റും വിധി ചേർത്തിണക്കി;
എന്നിട്ടമയ്യോ! പുരുഷർദ്ധമായു—
ള്ളായുസ്സിലർദ്ധാംശവുമേകിയില്ല.''

എന്നാണ് കവികൾ അവിട്ടത്തെ നിര്യാണകാലത്തിൽ വിലപിച്ചതു്. ആ ദോഷം കൂടാതെ അവിട്ടത്തെ പേരിൽ പുറപ്പെടുന്ന മാസിക നില നില്ക്കണമെന്ന മാത്രമേ നമുക്ക് ആഗ്രഹമുള്ളു. മറ്റു ഗുണങ്ങൾ ഉണ്ടാകേ ണ്ടതിനു പ്രത്യേക പ്രാർത്ഥനയുടെ ആവശ്യം കാണുന്നില്ല.

മറ്റൊരു പ്രാർത്ഥനയുമില്ലെന്നില്ല. ഇനി ഇപ്പോൾ ''കവി'' എന്ന രണ്ടക്ഷരങ്ങളും പൂർണ്ണമായി ചേർത്തു സംഘടിപ്പിക്കുവാനുള്ള യോഗ്യത

Digitized By Kerala Sahitya Akademi

ഒരു പുണ്യപുരുഷനിൽ മാത്രമേ കാണുന്നുള്ളൂ. അതു കേരളവ്യാസന്റെ ജ്യേഷ്ഠസഹോദരനായ

"സർവജ്ഞമൌലിയിൽ
കൊച്ചുണ്ണിരാജാവുപോലെ വിളങ്ങുന്ന
കൊച്ചുണ്ണിരാജാവു കോടിലിംഗേശ്വരൻ."

ആണെന്നു ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ. അവിടുത്തേക്കും കേരളവ്യാസമാനസികന്റെയും ദീർഘായുഷ്ടുണ്ടാകുമാറു ശ്രീകുരുംബേശ്വരി അനുഗ്രഹിക്കട്ടെ.

Digitized By Kerala Sahitya Akademi

17. ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ

"ദൈവേ പരാഗ്വദനശാലിനി ഹന്ത! ജാതേ
യാതേ ച സമ്പ്രതി ദിവം പ്രതി മിത്രരത്നേ
കസ്മൈ മനഃ! കഥയിതാസി നിജാമവസ്ഥാം
കശ്ചീതളൈശ്ശമയിതാ വചനൈസ്തവാധിം ?"

ജഗന്നാഥപണ്ഡിതർ.

പണ്ഡിതസാർവഭൌമനും ഭാഷാദേവിയുടെ പ്രാണപ്രിയനുമായിരുന്ന പ്രൊഫസർ ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ എം. ഏ. എം. ആർ. ഏ. എസ്. തിരുമനസ്സിലേ അകാലദേഹവിയോഗം കേരളത്തിനു് അസഹ്യമായ ഒരു അശനിപാതം തന്നെയെന്നുള്ളതിൽ പക്ഷാന്തരമില്ല. ഏതാനും കൊല്ലങ്ങൾക്കു മുൻപു കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു കഥാവശേഷനായിത്തീർന്ന അവസരത്തിൽ കേരളീയരുടെ അപാരസങ്കടത്തിനു, പൂർണ്ണമല്ലെങ്കിലും പറയത്തക്ക നിലയിൽ ഒരു പരിഹാരമാർഗ്ഗമുണ്ടായിരുന്നു. അതു് അവിടുത്തേ പ്രിയഭാഗിനേയനും ശിഷ്യാഗ്രഗണ്യനുമായ കേരളപാണിനി പിൻവാഴ്ച്ചയുണ്ടല്ലോ എന്നുള്ള സമാധാനം അല്ലാതെ മറ്റൊന്നുമല്ല. ആമാതിരി ഒരാശ്വാസത്തിനു് ഇനിമേൽ തരമില്ലല്ലോ. അവിടുത്തേ അഭാവത്തിൽ പണ്ടേ തുടങ്ങി സർവതന്ത്രസ്വതന്ത്രരായ ഓരോ മഹാവിദ്വാന്മാർ. "മുറമുറയേ ചെങ്കോൽ ചെലുത്തിയാണ്ടു" വന്ന കേരളസാഹിത്യസാമ്രാജ്യം അരാജകമായി പരിണമിച്ചിരിക്കുന്നു എന്നു പറയുന്നതിൽ ആക്ഷേപപരിഭവത്തിനു് അവകാശമില്ല. സൂര്യാസ്തമനം കഴിഞ്ഞാൽ ചന്ദ്രോദയമാകും; ചന്ദ്രോദയമില്ലാഞ്ഞാൽ നാട്ടുവെളിച്ചമെങ്കിലും കാണും. ഇതു ശ്രുദ്ധശൂന്യമായ ഒരു ഘോരാന്ധകാരം ഇതുവരെയും കേരളസാഹിത്യമണ്ഡലത്തെ ഗ്രസിച്ചിട്ടുള്ളതായി ഓർമ്മ തോന്നുന്നില്ല. "അദ്യധാരാ നിരാധാരാ നിരാലംബാ സരസ്വതീ". എന്ന കവിവാക്യം ഇന്നത്തെ കേരളസാഹിത്യവിഷയത്തിൽ അതിശയോക്തിയല്ല.

Digitized By Kerala Sahitya Akademi

"ചന്ദ്രം ഗതാ പത്മഗുണാൻ ന ഭുക്തേ
പത്മാശ്രിതാ ചാന്ദ്രമസീമഭിഖ്യാം."

എന്നു പറഞ്ഞുതുപോലെ പൌരസ്ത്യവിദ്യയോ പാശ്ചാത്യവിദ്യയോ മാത്രം സ്വാധീനമായ പണ്ഡിതന്മാരോട്ട് ഇന്നത്തെ കാലപ്പുകർച്ചയ്ക്ക് ഇണങ്ങുവാൻ മടിക്കുന്ന ഭാഷാഭഗവതി ഇനി ഏതൊരു പുരുഷരത്നത്തെ തേടിപ്പിടിച്ചാണ് "ദ്വിസംശ്രയയായ പ്രീതി" യെ ലഭിക്കുവാൻ പോകുന്നതു് ? അഹോ! ആത്യന്തികമായ ആശാഭംഗം! അപ്രതീക്ഷിതമായ അത്യാഹിതം!

പ്രൊഫസർ കോയിത്തമ്പുരാൻ 1038-കുംഭം 9-ാംനു- ചങ്ങനാശേരി ലക്ഷ്മീപുരത്തുകൊട്ടാരത്തിൽ ജനിച്ചു. അവിടത്തെ അച്ഛൻ ഓണംതുരുത്തി വാസുദേവൻനമ്പൂതിരിയും അമ്മ ഭരണിതിരുനാൾ അമ്മതമ്പുരാട്ടി ആയിരുന്നു. ബാല്യത്തിൽ ചുനക്കര ശങ്കരവാരിയരിൽനിന്നും മറ്റും സ്വല്പം സംസ്കൃതം അഭ്യസിക്കുകയുണ്ടായെന്നു വരികിലും ആ അഭ്യസനത്തിനു പരിപുഷ്ടിവന്നതു തന്റെ മാതുലനായ കേരളകാളിദാസൻ തിരുമനസ്സിലേ അന്തേവാസിത്വത്തിനു യോഗം ലഭിച്ചതിനു മേലാണ്. അവിടുന്ന് "ഇഷ്ടപ്രാണേശ്വരിയുടെ വിയോഗത്തിനാലും" മറ്റും കഷ്ടപ്പെട്ട നാലഞ്ചുകൊല്ലം അരിപ്പാട്ട താമസിച്ച കഥ ചരിത്രപ്രസിദ്ധമാണല്ലോ. ഈ ഏകാന്തവാസത്തിനു നിദാനഭൂതമായ നിയതിവൈപരീത്യത്തെ കേരളീയർക്ക്, ഒന്നു വിചാരിച്ചാൽ, കൃതജ്ഞതയോട്ടുകൂടിയല്ലാതെ സ്മരിക്കുവാൻ നിവൃത്തിയില്ല. ഇങ്ങനെ ഒരു സംഭവം ഇല്ലായിരുന്നുവെങ്കിൽ സരസസാഹിതീസർവസ്വമായ മയൂരസന്ദേശത്തിന്റെ നിർമ്മിതിക്കും തീഷ്ണബുദ്ധികളായ തുറവൂർ നാരായണശാസ്ത്രികളുടേയും, ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാന്റേയും അദ്ധ്യാപകത്വത്തിനും അവിടത്തേയ്ക്കു സംഗതി വന്നിരിക്കുമോ എന്നു സംശയമാണ്. തിരുമനസ്സുകൊണ്ട് ഈ അവസരത്തിൽ തന്റെ ഭാഗിനേയനെ നൈഷധീയചരിതം, മാനവേദചമ്പു, മാലതീമാധവം, കുവലയാനന്ദം മുതലായ ഗ്രന്ഥങ്ങളും സിദ്ധാന്തകൌമുദിയും വായിപ്പിക്കുകയുണ്ടായി. ഒരിക്കൽ ഗണേശപരമായി ഒരഷ്ടകം ഉണ്ടാക്കണമെന്നു ഗുരുനാഥൻ ശിഷ്യനോടാജ്ഞാപിച്ചു. പിറ്റേദിവസം ഉച്ചതിരിഞ്ഞാണ് അഷ്ടകം എഴുതിക്കൊണ്ടുചെല്ലേണ്ടിയിരുന്നതു്. സഹപാഠികളിൽ ഒരാൾ തന്നെക്കൊണ്ടു നിവൃത്തിയില്ലെന്നുപറഞ്ഞു് ഒഴിയുകയും മറ്റൊരാൾ ഊണുമുറക്കവുമുപേക്ഷിച്ചു കവിതയെഴുതിത്തുടങ്ങുകയും ചെയ്തു. കൊച്ചപ്പൻ (അതാണ് രാജരാജവർമ്മകോയിത്തമ്പുരാന്റെ ഓമനപ്പേർ) നിഷ്പ്രയാസമായി ഒരഷ്ടകം സമയത്തിനുണ്ടാക്കിച്ചൊല്ലുകയല്ലാതെ മറ്റൊന്നും ചെയ്തില്ല.

Digitized By Kerala Sahitya Akademi

വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്ക് അതു കണ്ടപ്പോൾ വലിയ ആശ്ചര്യം തോന്നി താനും ഒരഷ്ടകമുണ്ടാക്കി രണ്ടുംകൂടെ അവിടത്തെ ജ്യേഷ്ഠനും സർവശാസ്ത്രവിശാരദനുമായ അനന്തപുരത്തു മൂത്തകോയിത്തമ്പുരാൻ തിരുമനസ്സിലേയ്ക്ക് അയച്ചുകൊടുത്തു. അവിടുന്ന് അവ വായിച്ചുനോക്കി രണ്ടും ഒന്നുപോലെ നന്നായിരിക്കുന്നു എന്നാണ് അഭിപ്രായപ്പെട്ടതു്. നമ്മുടെ യുവകവിയുടെ യശസ്സു ക്ഷണത്തിൽ അരിപ്പാട്ടവിട്ട ദൂരദേശങ്ങളെ ആക്രമിച്ചുതുടങ്ങി. അവിടത്തെ ലഘുകൃതികൾ വായിച്ചുനോക്കിയ സർവതന്ത്രസ്വതന്ത്രനായ ഇലത്തൂർ രാമസ്വാമിശാസ്ത്രികളും മഹാമഹിമശ്രീ വിശാഖംതിരുനാൾ തിരുമനസ്സുകൊണ്ടും ഭാവിയിൽ അവിടുന്ന് ഒരു മഹാകവിയായിത്തീരുമെന്നു ദിവ്യചക്ഷുസ്സിന്റെ സഹായം കൂടാതെതന്നെ പരസ്യമായി പ്രസ്താവിച്ചു.

1056 ൽ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു വീണ്ടും തിരുവനന്തപുരത്തു് എഴുന്നള്ളിത്താമസമായപ്പോൾ രാജരാജവർമ്മകോയിത്തമ്പുരാൻ തിരുവനന്തപുരത്തു ഗവണ്മെന്റ് ഹൈസ്കൂളിൽ ഫോർത്തു ക്ലാസ്സിൽ ചേർന്ന് ഇംഗ്ലീഷു പഠിക്കുവാൻ ആരംഭിച്ചു. അപ്പോഴേയ്ക്കും സംസ്കൃതത്തിൽ അവിടുന്ന് ഒരു വിശിഷ്ടകവിയായിത്തീർന്നിരുന്നു എന്നുള്ളതു ദേവീപരമായി 17-ാമത്തെ വയസ്സിൽ അവിടുന്നെഴുതീട്ടുള്ള ഏതാനും പദ്യങ്ങളിൽനിന്നു വിശദമാകുന്നതാണ്.

"സമസ്തഷ്ടിസുരസ്തോമ—
സംസ്തുതായാസ്തു വസ്തുനേ
മഹിഷാസുരസംഹാരി—
മഹാവീര്യായ മംഗലം.

ചണ്ഡമുണ്ഡമഹാദൈത്യ-
മുണ്ഡഖണ്ഡനചുഞ്ചുവേ
ചാമുണ്ഡാനാമധേയായ
ചിൽപിണ്ഡായാസ്തു മംഗലം

വിമതൌഘവിനാശേന
വികസന്മുഖസാരസൈഃ
വിബുധൈഃ സ്തൂയമാനായ
വിശ്വമൂലായ മംഗലം."

ഇത്യാദി പദ്യങ്ങളിൽ വിഹരിക്കുന്ന സർവതോമുഖമായ ശക്തിവൈഭവം അവിടുന്നു ബാല്യത്തിൽതന്നെ സംസ്കൃതഭാഷയിൽ ജ്ഞാനവൃദ്ധ

Digitized By Kerala Sahitya Akademi

നായിത്തീന്നിരുന്നുവെന്നു വിളിച്ചുപറയുന്നു. ഗഹനമായ ഗീർവാണ സാഹിത്യവനത്തിൽ അവിട്ടത്തേ പ്രഥമസഞ്ചാരം ചകിതമായ ഒരു മാൻകിടാവിന്റേതല്ല ധീരഗംഭീരമായ ഒരു സിംഹക്കുട്ടിയുടേതാണെന്നു് കവിതാമാഹ്മികന്മാർക്കു കാണാവുന്നതാണു്. മറിച്ചുവരുവാൻ മാർഗ്ഗവുമില്ലല്ലോ.

"പാത്രവിശേഷേ ന്യസ്തം
ഗുണാന്തരം വ്രജതി ശില്പമാധാതുഃ
ജലമിവ സമുദ്രശുക്തൌ
മുക്താഫലതാം പയോദസ്യ."

എന്നല്ലേ മഹാകവിവാക്യം? ഫോർത്തുക്ലാസ്സിൽ അവിട്ടനു പഠിക്കുമ്പോൾ കോളെജ്ജിലേയും ഹൈസ്കൂളിലേയും വിദ്യാർത്ഥികൾക്കു ചേരാവുന്ന ഒരു സംസ്കൃതോപന്യാസപരീക്ഷയിൽ അവിട്ടനു് ഒന്നാമനായി ജയിച്ചു സമ്മാനം വാങ്ങിച്ചതിനും ഇതുതന്നെ കാരണമായികരുതേണ്ടതാണു്.

1064-ൽ രസതന്ത്രം ഐച്ഛികവിഷയമായി സ്വീകരിച്ചു ബി. എ. പരീക്ഷയ്ക്കു ചേരുകയും ഐച്ഛികവിഷയത്തിൽ തോറ്റുപോകയും ചെയ്തു. പരീക്ഷാഫലം അറിഞ്ഞപ്പോൾ അവിട്ടനു മനസ്സുചുട്ടു് എഴുതിയ "ഭംഗവിലാപം" എത്ര ഭംഗിയുള്ള ഒരു കൃതിയെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാണു്. അതിലേ

"വിജയോത്സവവൈജയന്തികാ-
നിഭമന്ദസ്മിതമീക്ഷദുർറിതം
അവലേപവിലേപസുന്ദരം
മുഖമീക്ഷേ സഹപാഠിനാം കഥം?

നിയതിർജയതീഹ കേവലാ
ജഗതി സ്ഥാവരജംഗമാത്മകേ;
നിജസർവപഥീനചേഷ്ടിതേ
പ്രതിബന്ധം ന കദാപി വേദ യാ.

സ്വയമാതപതാപശോഷിണീം
മൃദു സമ്പോഷ്യ ശിരീഷവല്ലരീം

Digitized By Kerala Sahitya Akademi

കുസുമോദ്ഗമവാസരേ പുനഃ
കുധിയോപി കാ ല്പനന്ത്യശങ്കിതം?

അഭവദ്വിപദേ പദേ കൃതാ
തവ സേവാപി മമാദ്യ ഭാരതി!
മണിതാവസരേഷ്വ മന്ത്രുവാങ്
മഹിതാപി കാ ന ഹാസഭാജനം?''

ഇത്യാദി പദ്യങ്ങൾ ഒരിക്കൽ വായിച്ചിട്ടുള്ള സഹൃദയന്മാക്ക് അവ ഒരിക്കലും മനസ്സിൽനിന്നു മായുന്നതല്ല. അടുത്ത കൊല്ലത്തിൽ ബി. എ. യിലും രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ എം. ഏ. യിലും കോയിത്തമ്പുരാൻ വിജയിയായി. എം. ഏ. പരീക്ഷ ജയിച്ചതു് പ്രസിഡൻസിയിൽ ഒന്നാമനായാണു്. അവിടത്തെ ഉത്തരക്കടലാസുകൾ നോക്കിയ ശേഷ ഗിരിശാസ്ത്രി അദ്ധ്യേതാവ് അവയിൽ പ്രദർശിപ്പിച്ചിരുന്ന പാണ്ഡിത്യം കണ്ടു് ആശ്ചര്യപരതന്ത്രനായിത്തീർന്നുപോയി എന്നു കേട്ടിട്ടുണ്ടു്. 1064-ൽ നമ്മുടെ കഥാനായകൻ മാവേലിക്കര കൊട്ടാരത്തിൽ സ്വാതി തിരുനാൾ തമ്പുരാട്ടിയെ വിവാഹംചെയ്തു. 1067-ൽ സംസ്കൃതമഹാ പാഠശാലയിൽ ഇൻസ്പെക്ടരായി നിയമിക്കപ്പെട്ടുകയും 1069-ൽ ആ വി ദ്യാലയത്തിലേ പ്രിൻസിപ്പാലാകുകയും ചെയ്തു. അവിടെനിന്നു് 1074-ൽ രാജകീയമഹാപാഠശാലയിൽ നാട്ടുഭാഷാസൂപ്രണ്ടായും 1087-ൽ സം സ്കൃതദ്രാവിഡഭാഷകളിൽ പ്രൊഫസറായും നിയമിതനായി. ഈ ഉദ്യോ ഗങ്ങളിലെല്ലാം ഒന്നുപോലെ അസാമാന്യമായി ശോഭിച്ചതിനുപുറമെ ഒന്നിലധികം പ്രാവശ്യം രാജകീയ മഹാപാഠശാലയിലെ പ്രിൻസി പ്പാൽപ്പണിയും അവിടന്നു സ്തുത്യർഹമായ രീതിയിൽ നോക്കീട്ടുണ്ടു്. പാഠ്യപുസ്തകകമ്മിറ്റി പ്രസിഡന്റ്, ലെക്ചർകമ്മിറ്റിസെക്രട്ടറി, ബോർഡ് ഓഫ് സ്റ്റഡീസ് മെംബർ, സംസ്കൃതം, മലയാളം ഈ വിഷ യങ്ങളിൽ പരീക്ഷകൻ, ഈ മാതിരി പല നിലകളിലും അവിടന്നു ഗണ്യ മായ സദ്വ്യവസായം ചെയ്തിട്ടുള്ളതു വിവരിക്കുവാൻ ഈ ഉപന്യാസ ത്തിൽ സ്ഥലസൌകര്യം പോരാതെയിരിക്കുന്നു. അവിടത്തെ ഗ്രന്ഥസമു ഹത്തെപ്പറ്റിയുള്ള ഒരു ചുരുങ്ങിയ വിമർശമാണു് പ്രതിപാദ്യവിഷയം.

സംസ്കൃതത്തിലും മലയാളത്തിലും പ്രൊഫസർ തമ്പുരാനെ ഒരു കവിയുടേയും ശാസ്ത്രകാരന്റേയും നിലയിൽ പരിഗണിക്കേണ്ടതുണ്ടു്. ബി. എ. ക്ലാസിൽ പഠിക്കുമ്പോൾതന്നെ സംസ്കൃതത്തിൽ അവിടന്നു് ഒരു പ്രൌഢകവിയായി കഴിഞ്ഞിരുന്നു എന്നുള്ളതിനു മുൻപുദ്ധരിച്ച ഭഗ

Digitized By Kerala Sahitya Akademi

വിലാപപദ്യങ്ങൾ ദൃഷ്ടാന്തമാണല്ലോ. അവിടത്തെ പ്രധാന സംസ്കൃത കാവ്യങ്ങൾ

(1) ആംഗലസാമ്രാജ്യമഹാകാവ്യം
(2) വിടവിഭാവരി
(3) ഗൈർവാണീവിജയം
(4) തുലാഭാരപ്രബന്ധം
(5) ഋഗ്വേദകാരികാ
(6) ഉദ്ദാലചരിതം ഗദ്യം.

ഇവയാകുന്നു. ഇവകൂടാതെ അനേകം ഖണ്ഡകൃതികളും അവിടുന്ന് അപ്പോഴപ്പോൾ ഉണ്ടാക്കീട്ടുണ്ട്. ഇവയിൽ തുലാഭാരപ്രബന്ധവും ഋഗ്വേദകാരികയും അച്ചടിപ്പിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

ഖണ്ഡകൃതികളെപ്പറ്റി രണ്ടുവാക്ക പറഞ്ഞുകൊള്ളട്ടെ. തൻറെ സദ്യോജാതയായ ഒരു പുത്രിയുടെ മരണത്തെ വിഷയമാക്കി പിതൃവചനമെന്നും മാതൃവചനമെന്നുമുള്ള തലക്കെട്ടിൽ അവിടുന്നെഴുതീട്ടുള്ള ഏതാനും പദ്യങ്ങൾക്കുള്ള സ്വാരസ്യം വാചാമഗോചരമാണെന്നേ പറയുവാൻ തോന്നുന്നുള്ളു. ഇങ്ങനേയുമുണ്ടോ ഒരു തന്മയത്വം? നോക്കുക—

" സരളേ! പരിഭ്രതിനിസ്സഹാ
കിമഭിക്രുദ്ധ്യസി വേധസം ശഠം
ഫണിനിവ മയൂരശാബകം
ഫണമാണിക്യഹഠാപഹാരിണം?
തവ കഷ്ടമരിഷ്ടശയ്യയാ
ദയിതേ! ധൂസരശ്രുന്യപ്പുഷ്പയാ
ചമരാംഗനയേവ ഖിദ്യതെ
നിയതം ചോരിതചാരുബാലയാ?

കഥ മമാംബ! കനീയസീ വദേ-
ത്യുരുവാത്സല്യമുപേത്യ പപ്രുതീം
തനയാമനതീതഹായന-
ദ്വിതയാം വാ! ബത! കിം വദിഷ്യസി?

Digitized By Kerala Sahitya Akademi

അയി! ഹാ! ദുഹിതസ്തുരാവതാ
കത ഏവ പ്രഹിതാസി വേധസാ?
ത്രിദിവം കരജാനുചംക്രമേ-
പ്യുപട്ടസ്തുവം കഥമാരുരുക്ഷസേ ?

പ്രണയാത്തവ ജാതകമ്മണഃ
പുരതോ ജാതകമൂഹിതം മയാ;
വിധിനാ തു നിവാപവാരി തേ
ഗളനാളെ പയസഃ പുരോപ്പിതം.

ഉര ഇവ ഹൃതകൌസ്തുഭം മുരാരേഃ
കര ഇവ നഷ്ടകമണ്ഡലുർവിധാതുഃ
ശിര ഇവ മുഷിതേന്ദു ചന്ദ്രമൌലേഃ
ശയനമിദം മമ ഹാ! ക്ഷണേന ജാതം.

നിയതമമൃതപിണ്ഡഖണ്ഡബുദ്ധ്യാ
മമ സുകുമാരസുധോപമം കുമാര്യ്യാഃ
ഉരുഗദമയദംഷ്ട്രികാഗ്രദഷ്ടം
കബളയതി സ്മ കളേബരം കൃതാന്തഃ. ''

മതി മതി! ഞാൻ ഇങ്ങനെ ശ്ലോകങ്ങൾ പകർത്തിത്തുടങ്ങിയാൽ പകർപ്പവകാശക്കാർ കലശലുകൂട്ടിയേക്കും. കരുണരസം ഇതിലധികം വഴിഞ്ഞൊഴുകുന്ന പദ്യങ്ങൾ കാളിദാസർ അജവിലാപസന്ദർഭത്തിൽ കൂടി നിർമ്മിച്ചിട്ടുണ്ടോ എന്നു സന്ദിഗ്ദ്ധമാണു്. ഈ ഖണ്ഡകൃതി അവിടുന്നുണ്ടാക്കിയതു് ഇരുപത്താറുകൊല്ലം മുമ്പാണു്.

'' ഉൽബുദ്ധകോകനദകോമളപാദയുഗ്മം
വൃത്താനുപൂർവപൃഥുലായതചാരുജംഘം
ദൂരോന്മദിഷ്ണുമധുകൈടഭദാനവേന്ദ്ര-
സൂനായമാനപരിവൃത്തുളപീവരോരും;

ബ്രഹ്മാണ്ഡഗോളനിധിഭാണ്ഡനിധാനപേടീ-
ലക്ഷ്മീവിധായിപരമാത്ഭുതകുക്ഷിഗർഭം

Digitized By Kerala Sahitya Akademi

പൈതാമഹാഭിജനപങ്കജപുണ്ഡ്രനാഭിം
ശ്രീവത്സകൌസ്തുഭവിരാജിവിശാലവക്ഷം. "

ഇത്യാദി ശ്രീപദ്മനാഭപഞ്ചകാന്തർഗ്ഗതങ്ങളായ പദ്യങ്ങളുടെ ശയ്യാഗ്രഹണം വിസ്മയനീയംതന്നെ.

ആംഗലസാമ്രാജ്യം സർവഥാ അഭിനന്ദനീയമായ ഒരു മഹാകാവ്യമാകുന്നു. ബ്രിട്ടീഷിൻഡ്യാചരിത്രത്തിലെ ശുഷ്കാസ്ഥികളിൽനിന്നു് ഈ വിധത്തിലൊരു ദിവ്യവിഗ്രഹം നിർമ്മിക്കുവാൻ ഒരു കവിചക്രവർത്തിയെക്കൊണ്ടല്ലാതെ ഒരിക്കലും സാധിക്കുന്നതല്ല.

" യത്രാഗ്നിയാനാനി സുരംഗികാഭിർ-
വീഥിഷ്വധസ്താല്ലഘു പര്യടന്തി
ഗൃഹപ്രണാളീഗൃഹഖേലദാഖു-
വിചേഷ്ടിതാനീഹ വിഡംബയന്തി

സാംയാത്രികാസ്തേ മഹാസമുദ്രാൻ
ദിങ്മൂലകൂലങ്കഷവാരിമുദ്രാൻ
ഝംകാരിഝഞ്ഝാനലസ്തുത്യരാഗാൻ
ദുർദ്ധാന്തജന്തുവ്രജദന്തുരാംഗാൻ. "

ഈ രണ്ടു പദ്യങ്ങളിലെ അർത്ഥചമൽക്കാരവും ശബ്ദഭംഗിയും യഥാക്രമം പരിശോധിച്ചുനോക്കുക. കാളഗർത്തവർണ്ണന, ടിപ്പുവിന്റെ കേരളാക്രമണം, മുതലായ ഭാഗങ്ങൾ വായിക്കുമ്പോൾ ലഭിക്കുന്ന നിർവൃതി അന്യാദൃശംതന്നെ. തിരുവിതാംകൂർ മഹാരാജാവു ടിപ്പുസുൽത്താനെ തോല്പിച്ചതിനെ കവി എന്തിനോടു് ഉപമിക്കുന്നു എന്നു നോക്കുക!

" ഗ്രളികാവിസരഃ സ സാരശ്രുന്യോ-
പ്യലമുത്ത്രാസയതി സ്മ ശത്രുസൈന്യം
ഗജയൂഥമിവാശ്മഖണ്ഡഷണ്ഡോ
വിപിനേ വ്യാധകുമാരഹസ്തമുക്തഃ.

അവിശൽ സ പടീകൂടീരമാരാ-
ദഭിമുഷ്ടാൽ കുലശേഖരസ്യ സാലാൽ
ഹതശൃംഗ ഇവ ശ്വസൻ മഹോക്ഷാ
വ്രജവാടം കൃഷകസ്യ കാളമീനാൽ. "

Digitized By Kerala Sahitya Akademi

ഈ കാവ്യത്തിൽ 1858-ൽ വിക്ടോറിയാ ചക്രവർത്തിനി പ്രസിദ്ധപ്പെടുത്തിയ ഇൻഡ്യാസാമ്രാജ്യശാസനത്തിലേ ചില ഭാഗങ്ങളാണ് താഴെ ചേർക്കുന്നതു്.

" ക്രിസ്തോമ്മതേ ബഹുമതേ ദൃഢഭാവബന്ധാ-
പ്യന്യൽ സമാദ്രിയത ഏവ മതം മതിന്നഃ
വാചംയമാ വയമഗർഹ്യജുഷാം പ്രജാനാ-
മാചാരപദ്ധതിഷു കേവലവൈദികീഷു.

ഇന്ദ്യാജനഃ പുനരിദം ച വിദാംകരോതു
നോ ജാതു ജാതിമതവഗ്ഗ്രുഖാനുപാധീൻ
സ്വീയപ്രജാസു ഗണയിഷ്യതി ദൃഷ്ടിരത്ര
നാനാധികാരഭരണാഹ്ഗവേഷിണീ നഃ. "

അത്ര പ്രജാകുശലമേവ ഭവേദ് ബലം ന-
സ്സൽപ്രീതിരേവ ഖലു ഗ്രുപ്തിരഥാസ്മദീയാ
താസാം കൃതജ്ഞമനസാമനുരാഗ ഏവ
സർവോത്തരം പ്രതിഫലം ച ഭവത്യഥോ നഃ. "

ഇത്യാദി ശ്ലോകങ്ങൾ വായിക്കുമ്പോൾ ആംഗലഭാഷയിലുള്ള മൂലത്തെക്കാൾ ഈ സംസ്കൃതതർജ്ജിമയ്ക്ക മാഹാത്മ്യം കൂട്ടമെന്നു് എനിക്കു പലപ്പോഴും തോന്നാറുണ്ടു്.

ഇനിപ്പറവാനുള്ളതു വിടവിഭാവരിയെപ്പറ്റിയാണു്. ആംഗലസാമ്രാജ്യമാണു് അവിടത്തേ ഉത്തമകാവ്യമെന്നു പലരും വാദിക്കുമെങ്കിലും വിടവിഭാവരിപാരമ്യം സ്ഥാപിക്കുവാൻ വലിയ പ്രയാസമുണ്ടാകുമെന്നു് എനിക്കു ശങ്കയില്ല. അത്രമാത്രം ആ കൃതിക്കു ഗുണമുണ്ടെന്നു് ഏതു സഹൃദയനും വായിച്ചാൽ സമ്മതിക്കാതെ തരമില്ലതന്നെ.

" അസ്തശൈലശിഖരാഗ്രമണ്ഡനം
മണ്ഡലം വഹതി ചണ്ഡരോചിഷഃ
പാശപാണിപുരഗോപുരസ്ഫുര-
ച്ഛ്യാതകുംഭമയകുംഭവിഭ്രമം.

മാനിനീഹൃദയമാനഭേദനോ
മാദൃശേഷ്വദയമാനമാനസഃ

Digitized By Kerala Sahitya Akademi

വാതി ഗന്ധവഹ ഏഷ മനഥരം
ജാതിഗന്ധവഹനശ്രമാലസഃ.

ദ്യാമിസംകുചിതപത്മലോചനാ
ഹീയമാനകളഹംസകസ്വനാ
ഉന്മുഖീസ്വപിതി പത്മിനീ ശനൈഃ
കാമിനീവ...ക്ലമാലസാ. ''

ഇത്യാദി പദ്യങ്ങൾ ഇദാനീന്തനകവികളിൽ ഒരാളുടേയാണെന്നു സാഹിത്യമർമ്മവേദികൾ പ്രഥമശ്രവണത്തിൽ സമ്മതിക്കുകയില്ല.

'' സീമലംഘനവിശൃംഖലോച്ചല-
ന്നീനലാഞ്ഛനരസൌഘപൂരിതാ
കിം കരിഷ്യതി ധുനീ ച കാമിനീ
സപ്രിയാഭിസരണോദ്യമാദൃതേ?

അഹ്നമുത്തിഹരിവിഷ്ടരശ്രവ-
സ്സ്രുഷ്ടപുഷ്യജയദുഷ്ടവൈഭവേ
ശംബരാരിവിശിഖേപി വന്ദ്യതാം
ശങ്കമാന ഇഹ ലജ്ജസേ ന കിം? ''

ഈ പദ്യങ്ങളിലേ പൂർവാദ്ധങ്ങളിലുള്ള പദസംഘടന പരിശോധിക്കുക. ഈ മഹാനുഭാവനെപ്പോലെ ശബ്ദാലങ്കാരപ്രണയി ലോകത്തിലുണ്ടോ ?

ഗൈർവാണീവിജയം ഒരങ്കത്തിലുള്ള ഒരു സരസത്രുപകമാണ്. ഇതിന്റെ മലയാളതർജ്ജിമ പലരും വായിച്ചിരിക്കുമെങ്കിലും സ്വാദുത മുഴക്കെ അറിയണമെങ്കിൽ മൂലം വായിച്ചേ മതിയാകയുള്ളു. സംസ്കൃതം, ഇംഗ്ലീഷ് ഈ രണ്ടു ഭാഷകളുടേയും ഗുണദോഷങ്ങളെ ഈ ഗ്രന്ഥത്തിൽ ഭംഗിയായി പ്രതിപാദിച്ചിട്ടുണ്ട്. ഇംഗ്ലീഷ് ഭാഷയ്ക്കുള്ള ഗുണം മുഴവൻ താഴെ ഉദ്ധരിക്കുന്ന ശ്ലോകത്തിൽനിന്നു ഗ്രഹിക്കാവുന്നതാണ്.

വക്തവ്യാംശം സ്പൃശതി നിഖിലം;
പ്രസ്തുതാന്ന പ്രമാദ്യ.–
ത്യുച്ചൈഃ പ്രൌഢിം പ്രഥയതി; പദാ-
ഡംബരം നാപ്നുതേ തു;

Digitized By Kerala Sahitya Akademi

സ്പഷ്ടാർത്ഥത്വം ഭജതി; കുരുതേ
നൈവ കിഞ്ചിൽ പ്രപഞ്ചം;
കിഞ്ചൌദ്ധത്യം വഹതി; വിനയം
നോ പുനർന്യക്കരോതി.''

ഉദ്ദാലചരിതം Othello എന്ന കഥയുടെ തർജ്ജിമയാണു്. അതും വളരെ ലളിതമായിട്ടുണ്ടു്.

അവിടത്തേക്കു ശബ്ദസൌഷ്ഠവമോ ആശയചമൽക്കാരമോ പ്രയോഗചാതുര്യമോ ഏതാണു് അധികം സ്വാധീനമെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാകത്തക്കവിധത്തിൽ അവയെല്ലാമൊന്നുപോലെ അവിടത്തെ അഹമഹമികയാ ആശ്രയിച്ചുവന്നു എന്നു മേല്പറഞ്ഞിച്ച പദ്യങ്ങളിൽനിന്നു വിശദമാകുന്നതാണു്. അവിടത്തെ ഗ്രന്ഥങ്ങളിൽ വിശിഷ്ടവ്യാകരണപ്രയോഗങ്ങൾക്കു് ഒരു കൈയും കണക്കുമില്ല. ഇതു കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലേ സംസ്കൃതകൃതികളിലും കാണാവുന്ന ഒരു വിദ്വൽകവിലക്ഷണമാണു്. ഈ പ്രയോഗങ്ങൾ മേൽപുത്തൂർ നാരായണഭട്ടതിരിയുടെ കൃതികളിൽ സ്വയമേവാഗതമായും മാനവേദചമ്പുവിൽ ബലാദാകൃഷ്യമാണമായും തോന്നും. വലിയകോയിത്തമ്പുരാന്റേയും ഏ. ആർ. തമ്പുരാന്റേയും ശൈലി ഈ വിഷയത്തിൽ ഭട്ടതിരിയുടേതു തന്നേയാണു്. ആങ്ഗലസാമ്രാജ്യത്തിൽ ചില അപൂർവപദപ്രയോഗങ്ങളുമില്ലെന്നില്ല.

ഇനി ശാസ്ത്രഗ്രന്ഥങ്ങളെപ്പറ്റി സ്വല്പം ഉപന്യസിക്കാം. ഇവയിൽ പ്രധാന്യത്തെ അർഹിക്കുന്നതു ലഘുപാണിനീയം എന്ന വ്യാകരണവും കരണപരിഷ്കരണം, പഞ്ചാംഗശുദ്ധിപദ്ധതി ഈ ഉപന്യാസങ്ങളടങ്ങിയ ഒരു ജ്യൌതിഷഗ്രന്ഥവുമാണു്. രാജരാജവർമ്മകോയിത്തമ്പുരാൻ തിരുമനസ്സിലേക്കു വ്യാകരണത്തിലും ജ്യോതിശ്ശാസ്ത്രത്തിലും കുലങ്കഷമായ പാണ്ഡിത്യമുണ്ടായിരുന്നു എന്നുള്ളതു് എല്ലാവർക്കും അറിവുള്ളതാണല്ലോ. ലഘുപാണിനീയം സംസ്കൃതവിദ്യാർത്ഥികൾക്കു് ഒരു വലുതായ അനുഗ്രഹമാണെന്നുള്ളതിനു സംശയമില്ല. കാശികാദിഗ്രന്ഥാനുസാരേണ സൂത്രക്രമത്തിനു് അർത്ഥം മനസ്സിലാക്കിക്കൊണ്ടു പോകുവാൻ അവരെക്കൊണ്ടു സാധിക്കുകയില്ല. ''വൃദ്ധിരാദൈച്'' ''അദേങ്ഗുണഃ'' ''ഇകോഗുണവൃദ്ധീ'' ഈ മൂന്നു സൂത്രങ്ങളും കഴിഞ്ഞാൽ പിന്നീടു വരുന്നതു ''ന ധാതുലോപ ആർധ്ധാതുകേ'' ''ക്ങിതി ച'' ''ദീധീവേവീടാം'' ഈ മൂന്നു സൂത്രങ്ങളുമാണു്. ഇവയുടെ സാരം ഗ്രഹിക്കണമെങ്കിൽ വ്യാകരണത്തിൽ കുറെയൊരു പ്രവേശം മുൻകൂട്ടിത്തന്നെ ഉണ്ടായിരി

Digitized By Kerala Sahitya Akademi

ക്കേണ്ടിയിരിക്കുന്നു. മൊത്തത്തിൽ നോക്കിയാൽ ശാസ്ത്രം മുഴുവൻ പഠിച്ചുകഴിഞ്ഞെവക്കില്ലാതെ കാശികകൊണ്ടു പ്രയോജനമില്ലെന്നു പറയേണ്ടിയിരിക്കുന്നു. ശ്രുപാവതാരം, സിദ്ധാന്തകൌമുദി, മുതലായ ഗ്രന്ഥങ്ങളിൽ വിദ്യാർത്ഥികളുടെ സൌകര്യത്തിനുവേണ്ടി പാണിനിസൂത്രങ്ങളെ വ്യാഖ്യാതാക്കന്മാർ ബോധിച്ച രീതിയിൽ മുന്നും പിന്നുമായെടുത്തു് അർത്ഥവിവരണം ചെയ്തുകൊണ്ടുപോകുന്നു. ഈ രീതിതന്നേയാണു് പഠനത്തിനു പറ്റിയതു് എന്നിരുന്നാലും പല കുഴപ്പങ്ങൾ ഉണ്ടാകുന്നുണ്ടു്. ശാസ്ത്രം മുഴുക്കെ പഠിച്ചുകഴിഞ്ഞാലും പിന്നെയും അതിൽ ഒരു ഉപസ്ഥിതിയില്ലാതെ കഴിഞ്ഞുകൂട്ടുന്നതിനേ കൌമുദി മാത്രം തോന്നിച്ചവക്കു നിവൃത്തിയുള്ളു. പാണിനി തുടർച്ചയായി എഴുതിക്കൊണ്ടുപോയിരിക്കുന്ന സൂത്രങ്ങളെ അങ്ങുമിങ്ങുമായി ഉദ്ധരിച്ചു പഠിപ്പിക്കുന്നതുകൊണ്ടു ഗുണത്തേക്കാൾ അധികം ദോഷമല്ലയോ സംഭവിക്കുന്നതു് എന്നും ചിലപ്പോൾ തോന്നാറുണ്ടു്. സംജ്ഞാപ്രകരണത്തിൽ വിവരിക്കാത്ത പല സംജ്ഞകളും സന്ധിപ്രകരണത്തിൽ പ്രതിപാദിക്കാത്ത പല സന്ധികാര്യങ്ങളും പിന്നീട്ടുള്ള പ്രകരണങ്ങളിൽ കാണാം. "ചോഃ കുഃ" മുതലായ സൂത്രങ്ങൾ കൌമുദിയിൽ അസ്ഥാനത്തിലാണു് കിടക്കുന്നതെന്നു സമ്മതിക്കാതെ തരമില്ല. അദ്ധ്യേതാക്കളുടെ ബുദ്ധിമുട്ടു നല്ലപോലെ ധരിച്ചിരുന്ന അഭിനവപാണിനി മൂന്നാമതൊരു മാർഗ്ഗത്തേയാണു് പിൻതുടരുന്നതു്. കഴിവുള്ളിടത്തോളം പ്രകരണവിഭാഗവും വിടരുതു; സൂത്രക്രമവും വിടരുതു; ഇതാണു് അദ്ദേഹത്തിന്റെ വ്രതം. അപ്രധാനങ്ങളായ സൂത്രങ്ങളെ ചെറിയ അക്ഷരത്തിൽ ചേർക്കുകയും വിരളപ്രയോഗങ്ങളായ ചില സൂത്രങ്ങളെ മിശ്രപ്രകരണം എന്നു പുത്തനായ് ഒരു വിഭാഗമുണ്ടാക്കി അതിനിടയിൽ കൊണ്ടുചെന്നു തള്ളുകയും ഏതാനും ചില സൂത്രങ്ങൾ വിട്ടുകളയുകയും പ്രക്രിയാജടിലങ്ങളായ ഭാഗങ്ങളിൽ നാരായണഭട്ടതിരിയുടെ രീതിപിടിച്ചു പല കാരികകൾ എഴുതിച്ചേർക്കുകയും നൈരുക്തന്മാക്കുവേണ്ട കൃത്തദ്ധിതസമാസപ്രകരണങ്ങൾ ചുരുക്കുകയും മറ്റും ചെയ്തിട്ടുള്ളതു ലഘുപാണിനീയത്തിന്റെ പ്രയോജനത്തെ വർദ്ധിപ്പിക്കുന്നു. തദ്ധിതകൃൽപ്രകരണങ്ങളിൽ പ്രത്യയങ്ങളെ ക്രോഡീകരിക്കുന്നതിനു വളരെ ശ്രദ്ധിച്ചിട്ടുണ്ടു്. കിതപ്രകരണം പ്രത്യേകമായി സ്വീകരിക്കാത്തതു സിദ്ധാന്തകൌമുദിക്കു് ഒരു ന്യൂനതയും ലഘുപാണിനീയത്തിനു് ഒരു ഭൂഷണവുമാണെന്നുതന്നെ ഞാൻ വിചാരിക്കുന്നു. അഭിനവപാണിനിയുടെ ഔചിത്യബോധവും സ്വാതന്ത്ര്യപ്രിയും ആരേയും ആശ്രയപരതന്ത്രന്മാരാക്കുന്നതാണു്. "അന്യാരാദിതരർത്തേ" ഇത്യാദി സൂത്രംകൊണ്ടു് ഋതെ എന്ന അവ്യയത്തിന്റെ യോഗത്തിൽ പഞ്ചമി വരുമെന്നാണു് പാണിനി വിധിക്കുന്നതു്. ഈ സൂത്രം വ്യാഖ്യാനിക്കുമ്പോൾ ബാലമനോരമാകാരൻ "കാ കർത്തൃപ്രദ്ധ്വംസഃ

Digitized By Kerala Sahitya Akademi

ഫലതി പുരുഷാരാധനമുതേ '' എന്ന പാദത്തിൽ '' പുരുഷാരാധനം '' എന്ന പ്രയോഗം ആഷ്മാണെന്നു വരുന്നാമെന്നും അല്ലെങ്കിൽ

'' ഉഭസർവതസോഃ കാര്യാ
ധിഗുപര്യാദിഷു ത്രിഷു
ദ്വിതീയാമ്രേഡിതാന്തേഷു
തതോന്യത്രാപി ദൃശ്യതേ. ''

എന്ന വാർത്തികത്തിലേ ''അന്യത്രാപിദൃശ്യതേ'' എന്ന വിധികൊണ്ടു സിദ്ധിച്ചതായി വിചാരിക്കാമെന്നും ''ഗതേ ദ്വിതീയാച'' എന്ന പാന്ത്ര സൂത്രമുണ്ടെന്നും പറഞ്ഞു് ഒഴിയുന്നു. ഈ മഴുമഴപ്പൊന്നും കോയിന്നുരാനില്ല. ''അഭിതഃ പരിതഃ സമയാ നികഷാഹാ പ്രതിയോഗേപി'' എന്ന വാർത്തികത്തെ ''അഭിതഃ പരിതഃ സമയാനികഷായാവദ്ധതേയോഗേപി'' എന്നു മാറ്റിക്കൊണ്ടാണു് അദ്ദേഹത്തിന്റെ വ്യാഖ്യാനം. ഇതു് ഒരു കട്ടംകൈയാണെന്നു തോന്നുന്ന പണ്ഡിതന്മാരുമുണ്ടാകാം. അവർ അദ്ദേഹത്തിന്റെ സ്വതന്ത്രബുദ്ധിയുടെ ഗതി അറിയുന്നില്ലെന്നേ സമാധാനപ്പെടേണ്ടതുള്ളു. പണ്ടത്തേ വാമനനു വാർത്തികങ്ങൾ മാറ്റാമെങ്കിൽ ഇന്നത്തെ പ്രാംശുവിനു് എന്തുകൊണ്ടു പാടില്ല എന്നായിരിക്കും അവിടത്തേ ചോദ്യം. ആകപ്പാടെ വയൽപഞ്ഞി ഉറുഞ്ഞുന്നതിനു കുട്ടിത്തരത്തിൽ ഇത്രയും നല്ല ഒരു വ്യാകരണഗ്രന്ഥം സംസ്കൃതത്തിൽ ഇല്ലെന്നു പറഞ്ഞാൽ അതുകൊണ്ടു ലഘുപാണിനീയത്തിന്റെ ഗുണപൌഷ്കല്യം വ്യക്തമായി എന്നാണു് ഞാൻ ഊഹിക്കുന്നതു്. ഈ ഗ്രന്ഥത്തിന്റെ ദ്വിതീയഭാഗത്തിൽ എഴുതിച്ചേർത്തിട്ടുള്ള തന്ത്രപ്രതിഷ്ഠയും ഭാഷാചരിത്രവും പാണിനീയപാരംഗതന്മാർപോലും മനസ്സിരുത്തിപ്പഠിക്കേണ്ടതാകുന്നു.

മലയാളഭാഷയ്ക്കു് അവിടന്നു ചെയ്തിട്ടുള്ള സഹായങ്ങളെപ്പറ്റി എന്തെല്ലാമാണു് പറയേണ്ടതെന്നും പ്രത്യേകം പറഞ്ഞാലാണു് മതിയാകുന്നതെന്നും തുപമില്ല. അതിൽ അവിടത്തെ പദ്യകൃതികളായ മേഘസന്ദേശം, കുമാരസംഭവം, മലയാളശാകുന്തളം, മാളവികാഗ്നിമിത്രം, ചാരുദത്തൻ, സ്വപ്നവാസവദത്തം ഇവയെല്ലാം തർജ്ജിമകളാണു്. പ്രസാദമാല മാത്രമേ സ്വതന്ത്രകൃതിയായുള്ളു. മൂലാർത്ഥത്തിനു് ഏറ്റക്കുറച്ചിൽ വരുത്താതെ തർജ്ജിമചെയ്യുന്ന വിഷയത്തിൽ ഇത്രമാത്രം നിഷ്കർഷവച്ചിട്ടുള്ള കവികൾ വേറെയില്ല. ഇതിനു് ഒരു ഉദാഹരണം കാണിക്കാം.

'' സംസ്കൃതാനിവ പാത്രമൌപനിഷദ–
വ്യാഹാരമധ്വരസാ–

Digitized By Kerala Sahitya Akademi

നന്മാർഷ്ട്ടം വ്രജസുന്ദരികുചതടീ-
പാടീരരേണുനിവ
ഉന്മീലന്മുരളീനിനാദബഹളാ-
മോദോപസീദൽഗവീ-
ജിഹ്വാലീഢമളികവല്ലവശിശോഃ
പാദാംബുജം പാതു വഃ. ''

എന്ന ജാനകീപരിണയത്തിലെ നാന്ദീശ്ലോകം മന്നാടിയാർ എങ്ങനെ തർജ്ജിമ ചെയ്തിരിക്കുന്നു എന്നു പരിശോധിക്കുക.

'' ഒന്നായ്പ്പറ്റിയ വേദവാങ്മധു കുടി-
പ്പാനോ വ്രജസ്ത്രീകുച-
ക്കുന്നിന്നൊട്ടിയ ചന്ദനപ്പൊടി തുട-
പ്പാനോ രസാലെന്നപോൽ
മന്ദം പൊങ്ങി ലയംകലർന്ന മുരളീ-
നാദം മുദാ കേട്ട പൈ
വന്നിട്ടങ്ങനെ നക്കുമക്കപടഗോ-
പാലന്റെ കാൽ പാതു വഃ. ''

എന്നാണ് ഭാഷാന്തരം. മൂലശ്ലോകത്തിലെ ശിശുവും അംബുജവും മറഞ്ഞപ്പോൾ തർജ്ജിമയ്ക്കു ജീവനില്ലാതെയായെന്നു മാത്രമല്ല അർത്ഥയോജന അസാദ്ധ്യമായും തീർന്നു. വ്രജസ്ത്രീകുചക്കുന്നിനും കപടഗോപാലന്റെ കാലിനും തമ്മിലുള്ള സംബന്ധം ഏതുമാതിരിയാണ്? മാധ്വിയും രേണുവും പാദാംബുജത്തിൽ ചേരുന്നതല്ലേ ഭംഗി? ഇതൊന്നും നിഷ്കൃഷ്ടിച്ചു നോക്കീട്ടല്ല ഈ ശ്ലോകം മന്നാടിയാർ തർജ്ജിമ ചെയ്തിട്ടുള്ളത്. കോയിത്തമ്പുരാൻ തിരുമനസ്സിലെ തർജ്ജിമകളെ ഈ മാതിരിയിലുള്ള വൈകല്യങ്ങൾ സ്പർശിക്കുന്നതേയില്ല. അവിടുന്നു മൂലത്തിന്റെ അർത്ഥം മുഴുക്കെ മനസ്സിലാക്കി പല പാഠഭേദങ്ങളും പരിശോധിച്ച് ഉത്തമപാഠം സ്വീകരിച്ച് അബദ്ധം വല്ലതുമുണ്ടെങ്കിൽ തിരുത്തി പിന്നീടാണ് സാധാരണമായി തർജ്ജിമയ്ക്ക് ആരംഭിച്ചുവന്നതെന്നുള്ളത് അസ്മാദൃശന്മാക്ക് നല്ലപോലെ അനുഭവമുള്ളതാണ്. ഇതിലേക്കാണ് തർജ്ജിമയ്ക്കുപയോഗിക്കുന്ന സമയത്തിൽ ഏറിയകൂറും അവിടുന്നു വ്യയംചെയ്തുവന്നത്. അല്ലാതെ കേവലം ഗദ്യപദ്യങ്ങൾ ഭാഷയാക്കുന്നതിലേക്കല്ല. തർജ്ജിമക്കുള്ള ഗുണവും ഉത്തരോത്തരം ഉൽക്കർഷത്തെത്തന്നെ പ്രാപിച്ചുവന്നു.

Digitized By Kerala Sahitya Akademi

" വേടപ്പേടമൃഗാക്ഷിമാർകളികളും
കണ്ടൊന്നിരുന്നിട്ടടൻ
ശ്രേഷ്ഠിക്കും മഴപെയ്യുതീർത്തു തരസാ
ദൂരംകടന്നീടവേ
വെണ്ണീറിൻകറി വൻകരീന്ദ്രമുതുകിൽ
ത്തുക്കെപ്പരക്കുംവിധം
കാണാം കല്ലുകഴന്ന വിന്ധ്യകഴലിൽ
കേഴും നദീ നമ്മദാ. "

(മേഘസന്ദേശം)

എന്ന പദ്യം എഴുതിയ കവിതന്നേയാണോ

" സരസോജപലരാഗമോമലാളിൻ-
ചരണാഗ്രത്തിൽ വരച്ച രേഖ നോക്കൂ!
ഹരവീക്ഷണമേറു നീറിനിൽക്കും
സ്മരവൃക്ഷത്തിൽ മുളച്ച നാമ്പുപോലെ. "

മാളവികാഗ്നിമിത്രം.

സരസപല്ലവകോമളമായ നിൻ-
ചരണതാരിനു ചഞ്ചലലോചനേ!
പരുപരുത്ത മരത്തിലണഞ്ഞയാൽ
പറക ചെറ്റൊരു വേദന പറ്റിയോ? "

മാളവികാഗ്നിമിത്രം.

" സംസത്തിൽ സ്വാവമാനോദ്യതന്നുപഭടരോ-
ടാത്തരോഷൻ, സ്വവീര്യം
ശംസിക്കും സാധുപൌരപ്പരിഷയിലലിവാ-
ന്നന്തിഷന്മന്ദഹാസൻ,
അംസത്തിൽ ചന്ദ്രലേഖാവിമലകുവലയാ-
പീഡദന്തങ്ങളേന്തി-
ക്കംസധ്വംസത്തിനോങ്ങും മുരരിപു ഭഗവാൻ
നിങ്ങളെക്കാത്തുകൊൾക. "

ചാരുദത്തൻ.

Digitized By Kerala Sahitya Akademi

ഇത്യാദി പദ്യങ്ങൾ രചിച്ചതെന്നു് ഏതു സഹൃദയനും ചോദിക്കത്തക്ക നിലയിൽ ഈ മൂന്നു പദ്യങ്ങളും അത്രമാത്രം നന്നായിട്ടുണ്ടു്. ഒട്ടവില്ലു ദ്ധരിച്ച പദ്യം എഴുതിത്തീർന്ന സന്ദർഭത്തിൽ ഒരിക്കൽ ഞങ്ങൾ തമ്മിൽ കാണുന്നതിനു ഇടയാകയും അന്നു് അവിടുന്നു് അതു എന്നെ വായിച്ചു കേൾപ്പിച്ചു് "ഇതു ഞാൻ പരമേശ്വരയ്ക്കു വേണ്ടിയാണു് ഉണ്ടാക്കിയതു്" എന്നു പറയുകയും ചെയ്തു. ഇതു പ്രാസവാദത്തെ സൂചിപ്പിച്ചുകൊണ്ടായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. എനിക്കു് അതിലൊട്ടും സങ്കടമില്ലെന്നും അങ്ങനെ കുറേക്കൂടി പദ്യങ്ങൾ എനിക്കുവേണ്ടി അവിടുന്നു് ഉണ്ടാക്കുമാറാകണമേ എന്നാണു് എന്റെ പ്രാർത്ഥന എന്നും ഞാൻ മറുപടി പറഞ്ഞു. പ്രസാദമാലയിലേ,

"ഇരുളാം ലോകത്തിൽ കുഴയും ലോകരെ-
ക്കരജാലം നീട്ടിക്കരകേറ്റി
വിതതവിശ്വത്തിൻ വിവിധവൈചിത്ര്യം
പുതുതാക്കിക്കാട്ടി പ്രിയമേകാൻ
കുതുകക്കാതലാം കതിർകോല്യം കാല-
മെതിരേ കാണിക്കും രവിയെ."

ഇത്യാദി ഭാഗങ്ങൾക്കുള്ള വിശ്വാതിശായിയായ രചനാസൌകുമാര്യം ഭാഷാഭിമാനികളെ എന്നെന്നേയ്ക്കും അപഹൃതചിത്തവൃത്തികളാക്കുവാൻ മതിയാകുന്നതാണു്. യഥാർത്ഥത്തിൽ മണിപ്രവാളകവിതയെ കാലോചിതമായ പരിഷ്കാരത്തിനനുസരിച്ചു മലയാളകവിതയാക്കി മാറ്റുന്നു വിഷയത്തിൽ മനഃപൂർവമായി ഉദ്യമിച്ചിട്ടുള്ള മഹാകവികളുടെ ഇടയിൽ ഗണനീയമായ ഒരു സ്ഥാനത്തിനു് അവിടുന്നും അവകാശിയാണു്.

ഭാഷാഭൂഷണം, വൃത്തമഞ്ജരി, സാഹിത്യസാഹ്യം ഇവയെല്ലാം ഓരോ ആവശ്യത്തെ പുരസ്കരിച്ചു് എഴുതീട്ടുള്ളവയും ഭാഷയ്ക്കു് അത്യന്തോപയുക്തങ്ങളുമായ ഗ്രന്ഥങ്ങളാകുന്നു. ഭാഷാഭൂഷണം അലങ്കാരശാസ്ത്രത്തിന്റെ ഏതാനും പ്രകരണങ്ങളെ മാത്രമേ സ്പർശിക്കുന്നുള്ളൂ. വിദ്യാർത്ഥികളുടെ ആവശ്യത്തിനുവേണ്ടി എഴുതീട്ടുള്ള ഒരു ഗ്രന്ഥത്തിൽ ഇതിലധികമായി വിഷയവിസ്താരത്തിനു സൌകര്യവുമില്ല. രസഗംഗാധരത്തിന്റെ രീതിയിലല്ലെങ്കിലും, സാഹിത്യദർപ്പണത്തിന്റെ രീതിയിൽ സമഗ്രമായ ഒരു അലങ്കാരഗ്രന്ഥം ഭാഷയ്ക്കു് ഇനിയും ഉണ്ടാകേണ്ട നിലയിൽ ഇരിക്കുന്നതേയുള്ളൂ. സാഹിത്യസാഹ്യത്തിൽ വർണ്ണനം എന്ന ഘട്ടത്തിൽ അവിടുന്നു ചെയ്തിട്ടുള്ള ഭാരവിമാഘശ്രീഹർഷാദിമഹാകവി പ്രസ്ഥാന

Digitized By Kerala Sahitya Akademi

ചർച്ച വാസ്തവത്തിൽ അയുക്തമെന്നു പറവാൻ പാടില്ലെങ്കിലും അതു് ആ ഗ്രന്ഥം ആക്കുവേണ്ടി നിർമ്മിക്കപ്പെട്ടവോ അവരുടെ ഇടയിൽ ഉദ്ദിഷ്ടമായ ഫലത്തിനു മാത്രമേ കാരണമായിത്തീർന്നിട്ടുള്ളുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സംസ്കൃതത്തിൽ അവിടത്തേ സ്വതന്ത്രകൃതികൾ വായിച്ചുഗ്രഹിക്കുവാനുള്ള വൈദുഷ്യം അവർക്കില്ല; സാഹിത്യസാഹിത്തിലേ ഖണ്ഡനങ്ങളെല്ലാം അവർക്കു മുഖസ്ഥവുമാണു്.

" ചന്ദ്രകാന്തരമണീയവിഗ്രഹൈ—
സ്സാന്ദ്രമേഷ ചിതകൂട്ടിമോ ജനൈഃ
രക്ഷിവർഗ്ഗധൃതചന്ദ്രഹാസരുക്
സേവിതഃ സ്മൃതജലോൽക്കിരാബഭൌ.

കരം ച ജഗ്രാഹ സമർപ്യമാണം
കുരംഗനേത്രാ നൃപതേഃ കുമാരീ;
അപോഹ്യ ബാധാ നിഖിലാഃ പ്രയത്നാ—
ദപോഷയച്ച പ്രചുരാഃ പ്രജാഃ സ്വാഃ !!

ഇത്യാദി പദ്യങ്ങൾ നിർമ്മിച്ച നമ്മുടെ ഈ മഹാകവിയുടെ നിലയെപ്പറ്റി തെറ്റായ ധാരണ സാഹിത്യസാഹ്യം വായിക്കുന്ന അപരിപക്വബുദ്ധികൾക്കു് ഉണ്ടാകാവുന്നതാണു്. ഗൈർവാണീവിജയത്തിൽ മൊത്തത്തിൽ ഗൈർവാണി ഹൌണിയെപ്പറ്റി ബ്രഹ്മാവിനോടു—

" കഥയതി മദമൂഢാ ശ്ലേഷമൂലാന്തമാല—
കൃതിവിവിധവിശേഷാനാരകൂടോപകൻഠപ്പാൻ
അനിശമതിശയോക്തിം ദേവ! മേ കണ്ഡസൂത്രം
പരിഹസതി ഹതാശാഃ കാചമാലേതി ചോച്ചൈഃ. "

എന്നു് അറിയിച്ച ആവലാതി സാഹിത്യസാഹ്യം പഠിക്കുന്ന ചിലരെപ്പറ്റിയും അറിയിക്കേണ്ടതായി വന്നുപോകുന്നുണ്ടു്. ഇതൊക്കെയായാലും ഈ പുസ്തകം ഭാഷാഗദ്യനിർമ്മിതിക്കു് ഏറ്റവും പ്രയോജകീഭവിക്കുന്ന ഒരു ഉത്തമ കൃതിയാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. നാഗരാക്ഷരത്തിലുള്ള വ്യാകരണഗ്രന്ഥങ്ങൾ വായിക്കുവാൻ നിവൃത്തിയില്ലാത്തവർക്കു മണിദീപികയും ഉപകാരപ്രദമാണു്.

അവസാനമായി പറയേണ്ടതു കേരളപാണിനീയത്തെപ്പറ്റിയാണു്. ഈ വ്യാകരണഗ്രന്ഥത്തിന്റെ ഒന്നാമത്തെ പതിപ്പു് 1071-ലും പരിഷ്ക

Digitized By Kerala Sahitya Akademi

രിച്ച രണ്ടാമത്തെ പതിപ്പ് 1092-ലുമാണ് അച്ചടിപ്പിച്ചതു്. ആഗമിക പ്രസ്ഥാനത്തിൽ എഴുതീട്ടുള്ള ഈ വ്യാകരണമാണ് അവിടത്തെ സർവപ്രധാനമായ കൃതി; കേരളഭാഷയ്ക്ക് ഇതിനേക്കാൾ വിലയേറിയ ഒരു ഭൂഷണം ഇന്നേവരെ ലഭിച്ചിട്ടില്ല. വിസ്തൃതമായ ഈ ഗ്രന്ഥത്തിന്റെ പീഠിക വായിച്ചാൽ അവിടത്തേക്കു ശബ്ദശാസ്ത്രത്തിലുള്ള അന്യാദൃശമായ അവഗാഹം ആർക്കും അനായാസേന ബോധപ്പെടുന്നതാണ്.

രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സിലെ ഭാഷാഗദ്യത്തിനുള്ള ഒരു വൃത്തിയും വെടിപ്പും ഒഴുക്കും ഓജസ്സും അതു വായിച്ചുതന്നെ അറിയേണ്ടതാണ്. ഫലിതസമ്മിശ്രമായ അവിടത്തെ സംഭാഷണവും ശ്രോതാക്കളെ ആകർഷിക്കുന്നതുതന്നെയായിരുന്നു. അവിടുന്നും ഞാനും ഒരിക്കൽ സർവകലാശാലയിൽ ഒരേ വിഷയത്തിൽ പരീക്ഷകന്മാരായിരുന്നു. അന്നു മദിരാശിയിൽ അവിടുന്നു താമസിച്ച സ്ഥലത്തു് ഞാനൊരു റിക്ഷാവണ്ടിയിലാണ് ചെന്നിറങ്ങിയതു്. എന്നെക്കണ്ടപ്പോൾ അവിടുന്ന് "പരമേശ്വരയ്യർ ഈ വണ്ടിയിൽ കയറിയതു നന്നായില്ല; ഒരു കാളവണ്ടിയിലാണ് കയറേണ്ടിയിരുന്നതു്; ഈ വണ്ടി എനിക്കുള്ളതാണ്." എന്നുപറഞ്ഞു. എനിക്കു സംഗതി ഒന്നും മനസ്സിലായില്ല. "പരമേശ്വരൻ വൃഷഭവാഹനനല്ലേ? എന്താ മിഴിക്കുന്നതു്?" എന്നു ചോദിച്ചപ്പോഴാണ് കാര്യം ഗ്രഹിച്ചതു്. "ശരിതന്നെ. രാജരാജൻ തന്നെ നരവാഹനൻ" എന്നു ഞാനും പറഞ്ഞു. അവിടത്തെ കണ്ണുകൌപീനാദിപദങ്ങൾ സർവവിദിതങ്ങളാണല്ലോ. മറ്റൊരിക്കൽ അവിടുന്നു "കൊലയ്ക്കുമേൽ കൊലയുണ്ടോ?" എന്നു ചോദിച്ചുകൊണ്ട് അതിനെ സമർത്ഥിക്കുന്നതിനായി "ന സന്ത്രസാരണേ സന്ത്രസാരണം." എന്നു പറഞ്ഞതു ഞാനിപ്പോഴും ഓർക്കുന്നുണ്ട്.

കോയിത്തമ്പുരാൻ തിരുമനസ്സിലേയ്ക്കു സ്വതന്ത്രമായി ഒരു ഭാഷാനാടകമെഴുതണമെന്നും ഒരു ഇംഗ്ലീഷുനിഘണ്ടു മലയാളത്തിൽ തർജ്ജിമചെയ്യണമെന്നും മോഹമുണ്ടായിരുന്നു. നിഘണ്ടുതർജ്ജിമയ്ക്ക് ഒരു കമ്മറ്റിയെ ഏർപ്പെടുത്തുകയുണ്ടായെങ്കിലും അതു സംബന്ധിച്ചുള്ള പണിമുഴുവൻ അവിടുന്നുതന്നെയാണു് നിർവഹിച്ചുവന്നതു്. ഓക്സ്ഫോർഡ് ഇംഗ്ലീഷുനിഘണ്ടുവിൽ ആദ്യത്തെ കുറെഭാഗം തർജ്ജിമചെയ്തു കഴിഞ്ഞിട്ടുമുണ്ട്. ഇതു മുഴുപ്പിക്കുന്നതു ആരോ എന്നോ?

കാദംബരീതാരകം മുതലായ ഭാഷാവ്യാഖ്യാനങ്ങളേയും മറ്റും പറ്റി സ്ഥലദൌർല്ലഭ്യത്താൽ ഒന്നും പ്രസ്താവിക്കുവാൻ നിവൃത്തിയില്ലാതെയിരിക്കുന്നു.

Digitized By Kerala Sahitya Akademi

ആകെക്കൂടി നോക്കിയാൽ ഇത്രമാത്രം കുശാഗ്രബുദ്ധിയായും സൂക്ഷ്മദൃക്കായും ഉചിതജ്ഞനായും പ്രതിഭാശാലിയായും വ്യവസായശീലനായും ഉള്ള ഒരു മഹാപണ്ഡിതൻ കേരളത്തിൽ സമീപകാലങ്ങളിൽ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. ഇത്രമാത്രം കേരളഭാഷയുടെ സുസ്ഥിതിക്കും അഭിവൃദ്ധിക്കും ഉപയുക്തങ്ങളായ ശാസ്ത്രഗ്രന്ഥങ്ങൾ നിർമ്മിച്ച മഹാനുഭാവന്മാർ വേറെയില്ല എന്നു മുക്തകണ്ഠമായിപ്പറയാം. ഇങ്ങനെയുള്ള ഒരു അമാനുഷന്റെ വിയോഗം കൈരളി എങ്ങനെ സഹിക്കും? ഇതുപോലെ ഒരു പണ്ഡിതചൂഡാമണി ഇനി കേരളത്തെ ഏതു കാലത്തു് അലങ്കരിക്കും? ആലോചിച്ചുനോക്കുന്തോറും നിരാശപ്പെടാതെ വഴിയില്ല. അരോഗദൃഢഗാത്രനായിരുന്ന ആ മഹാപുരുഷൻ ഇത്ര പെട്ടെന്നു് പ്രപഞ്ചയവനികയ്ക്കുള്ളിൽ മറയുമെന്നു് ആർക്കു് ശങ്കിക്കുവാൻ ന്യായമുണ്ടായിരുന്നു? അഥവാ അവിടുത്തെ വാക്കിൽ,

"ഗണയതി ഗണകസ്സുദീർഘമായു-
ർഗ്ഗനഗതഗ്രഹഗോളസന്നിവേശൈഃ
വനതൃണരസമേളനൈശ്ച വൈദ്യോ;
ഹരതി വിധിമ്മിഷിതാമഥോഭയേഷാം."

എന്ന പദ്യത്തിലെ തത്വം തന്നെയാണു് നമുക്കു് ഈ വിപത്തിൽ ശരണീകരണീയമായിട്ടുള്ളതു്. അവിടുന്നു ബാല്യംതുടങ്ങി മരണപര്യന്തം ആരെ അനന്യചിന്തനായി ആരാധിച്ചുവന്നുവോ; തന്നാൽ "ചിരചോരിതചാരുദക്ഷിണസ്തനകുംഭ" എന്നു് അവിടുന്നു വർണ്ണിച്ചിട്ടുള്ള സരസ്വതീരൂപിണിയായ ആ പരാശക്തിതന്നെ അവിടുത്തെ ആത്മാവിനു നിത്യശാന്തിയെ വിതരണം ചെയ്യുമാറാകട്ടെ.

1093 കർക്കടകം.

Digitized By Kerala Sahitya Akademi

18. ഒട്ടവിൽ കുഞ്ഞുകൃഷ്ണമേനോൻ

ഭവനപ്പേരുകൊണ്ട് 'ഒട്ട'വെങ്കിലും പ്രഭാവപ്പേരുകൊണ്ട് ''ഒന്നാമൻ'' എന്നു തന്റെ സമകാലികന്മാരായ സകലസഹൃദയന്മാരെക്കൊണ്ടും തലകുലുക്കി സമ്മതിപ്പിച്ചിരുന്ന ഒരു അനുഗൃഹീതനായ കവിയായിരുന്ന എന്റെ പ്രാണസുഹൃത്തായ ശ്രീമാൻ ഒട്ടവിൽ കുഞ്ഞുകൃഷ്ണമേനോൻ. ഇരുപതു കൊല്ലത്തിൽ അധികം കാലം ഞങ്ങൾ തമ്മിൽ സഹോദരനിർവിശേഷമായ സൌഹാർദ്ദത്തിൽ വർത്തിച്ചുവന്നിരുന്നതിനാൽ എനിക്ക് അദ്ദേഹത്തിന്റെ കവികർമ്മകൌശലത്തേയും, ഗദ്യരചനാപാടവത്തേയും, സഹൃദയധർമ്മമർമ്മജ്ഞതയേയും, ഫലിതപ്രയോഗനൈപുണ്യത്തേയും പറ്റി ധാരാളം അറിവാൻ ഇടവന്നിട്ടുണ്ട്. സംസ്കൃതഭാഷയിൽ അത്യഗാധമായ അവഗാഹം ഭാഷാകവികൾക്കു ശാപസമ്മിശ്രമല്ലാത്ത ഒരനുഗ്രഹമാണോ എന്ന സംശയം തോന്നത്തക്ക നിലയിൽ പ്രതിഭയുടെ പരിപൂർണ്ണമായ പ്രകാശത്താൽ ലക്ഷ്യശുദ്ധി ലഭിച്ചു, ഒരു ആജാനപണ്ഡിതനായി പ്രശോഭിച്ച ഈ കവിപുംഗവൻ ആധുനിക സാഹിത്യനഭോമണ്ഡലത്തിലെ അതിജാജ്വല്യമാനമായ ഒരു തേജഃപുഞ്ജമായിരുന്നു. 'ദ്രഷ്ടവ്യൻ' എന്ന പദം പ്രയോഗിക്കുവാൻ താൻ അധികാരിയല്ലെന്നും, 'കാണവ്യൻ' എന്നു പറയുവാൻ മാത്രമേ താൻ സമ്പാദിച്ച സംസ്കൃതവ്യുല്പത്തി തന്നെ അനുവദിക്കുന്നുള്ളു എന്നും തനിക്കു സ്വതന്ത്രസിദ്ധമായ ഫലിതശൈലിയിൽ കുഞ്ഞുകൃഷ്ണമേനോൻ ഒരു വിദ്വൽസദസ്സിൽ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. അതിൽ അദ്ദേഹത്തിനുള്ളതായി സംഭാവനം ചെയ്ത അജ്ഞത അയഥാർത്ഥമാണെന്ന് അസ്മാദൃശന്മാക്ക് അറിയാം. ഭാഷാകവിതയ്ക്ക് അവശ്യമായി വേണ്ട സംസ്കൃതജ്ഞാനം എന്റെ സ്നേഹിതനുണ്ടായിരുന്നു; എന്നാൽ ആ ഭാഷയിൽ വലിയ ഗ്രന്ഥപരിചയമോ ശാസ്ത്രപാണ്ഡിത്യമോ അദ്ദേഹം സമ്പാദിച്ചിരുന്നില്ല.

''ന ജായതേ ലക്ഷണമന്തരേണ;

തദേകതാനാ തു വിനാശമേതി;

Digitized By Kerala Sahitya Akademi

കൃപാണധാരാവ്രതവൽ കവീനാം
സുദുഷ്കരാ കാപി കവിതാരീതിഃ.''

എന്ന ഭാവുകന്മാർ പണ്ടുപണ്ടേ സമ്മതിച്ചിട്ടുണ്ട്. എന്നാൽ പറയത്ത ക്ക ലക്ഷണജ്ഞാനം കൂടാതെയുള്ള കാവ്യാല്പത്തി-വിഭാവനാലങ്കാരത്തിനു് ഉദാഹരണമായി പോലും സാമാന്യംലോകം കരുതിയേക്കാവുന്ന ആ അപൂർവസംഭവം—ആരെത്തന്നെ ആശ്ചര്യപരവശന്മാരാക്കുന്നതല്ല! അഥവാ സരസ്വതീദേവിയുടെ പരിപൂർണ്ണാനുഗ്രഹം സിദ്ധിച്ച പുണ്യശ്ലോകന്മാക്കുണ്ടോ ശാസ്ത്രസാമഗ്രിയുടെ ആവശ്യകത? ആകാശഗാമികളായ അവരുടെ സിദ്ധിവൈഭവം അന്യാദൃശ്യമാകുന്നു; അവക്കു സാധാരണ മനുഷ്യരുടെ ശകടാദ്യുപകരണങ്ങൾ ഭാരമായിത്തന്നെ തീരാവുന്നതാണു്. അത്തരത്തിലുള്ള ഒരു മഹാപുരുഷനായിരുന്നു കുഞ്ഞുകൃഷ്ണമേനോൻ. അന്തഃകരണത്തിന്റെ നിർവൃതിയാകുന്ന കവിതയുടെ പരമപ്രയോജനമെങ്കിൽ അതു് ഒട്ടവിനെപ്പോലെ നൽകുവാൻ കഴിഞ്ഞിട്ടുള്ള ഭാഷാകവികൾ അധികം പേരില്ല. കുറകളഞ്ഞതും കരടറ്റതുമായ ഭാഷയിൽ തന്മയത്വത്തോടുകൂടി പറയാനുള്ളതു ഭംഗിയായി വളച്ചുകെട്ടൊന്നും കൂടാതെ പറയുക എന്ന ആ അതിദുഷ്കരമായ കർമ്മം അദ്ദേഹത്തെപ്പോലെ മറ്റാക്കെങ്കിലും സാധിക്കുമോ എന്ന സംശയമാണു്. ഫലിതം കൊണ്ടു് കടുകുവറുക്കുന്ന വിദ്യ ഒന്നു് അദ്ദേഹം വേറെയും അഭ്യസിച്ചിരുന്നു. ഈ കാരണങ്ങളാൽ ഒട്ടവിന്റെ കവിതയ്ക്കു വിജ്ഞന്മാരെയും അജ്ഞന്മാരെയും ഒന്നുപോലെ പ്രസാദിപ്പിക്കുന്നതിനു ശക്തിയുണ്ടായിരുന്നു. കുഞ്ഞിക്കുട്ടൻതമ്പുരാൻ കുഞ്ചൻനമ്പിയാരായി വേഷംമാറിയാലത്തെ നിലയെന്തെന്നു് അദ്ദേഹം നമ്മെ പലപ്പോഴും അനുഭവപ്പെടുത്തിയിരുന്നു. ഭാഷാസാഹിത്യത്തിന്റെ ദുരദൃഷ്ടത്താൽ പ്രാപ്തകാലത്തായിരുന്നില്ല നിർമ്മാണം; ജീവിച്ചിരുന്ന കാലത്തുതന്നേയും ഉദ്യോഗപാരതന്ത്ര്യം നിമിത്തം വേണ്ടപോലെ ലഭിച്ചിരുന്നില്ല വിശ്രമാവസരം; അല്ലെങ്കിൽ എന്റെ സ്നേഹിതനു തന്റെ നൈസർഗ്ഗികമായ ആത്മവീര്യം മുഴുവൻ ആവിഷ്കരിക്കുന്നതിനും, ഭാഷാസാമ്രാജ്യത്തിൽ അനന്യസുലഭമായ ഒരു സ്ഥാനത്തെ അലങ്കരിക്കുന്നതിനും ഇടവരുമായിരുന്നു. എന്തുചെയ്യാം! ഇന്നു് അദ്ദേഹത്തിന്റെ കൃതികൾ നിശ്രവണം ചെയ്യുന്നവർ,

''അന്യതരിവ ഘർമ്മാംശോ—
രർദ്ധേന്ദുരിവ ധൂർജ്ജടേഃ.''

എന്ന നിലയിലാണു് അവയെ പര്യവേക്ഷണം ചെയ്യേണ്ടതെന്നുള്ള വസ്തുത വിസ്മരിക്കുവാൻ പാടുള്ളതല്ല.

Digitized By Kerala Sahitya Akademi

ഒട്ടുവിനെ ആദ്യമായി എനിക്കു കണ്ടു പരിചയം 1896-ജനുവരി മാസത്തിൽ അദ്ദേഹം തിരുവനന്തപുരത്തെ ആങ്ങ്ലമഹാപാഠശാലയിൽ ബി. എ ക്ലാസ്സു വായിക്കുവാൻവന്ന അവസരത്തിലായിരുന്നു. അന്നു ഞാൻ ആ കോളെജ്ജിൽ സീനിയർ ബി. എ. ക്ലാസ്സു പഠിച്ചുകൊണ്ടിരിക്കയായിരുന്നു. അതിനു മുമ്പുതന്നെ അദ്ദേഹത്തിന്റെ

"എട്ടാണ്ടായൊരു മോരുമെന്റെ ശിവനേ!
ചുണ്ണാമ്പുചോറും പുഴ-
ക്കുട്ടം തത്തിട്ടുപ്പിലിട്ടതുമഹോ!
കൈപ്പേറുമുപ്പേരിയും
പൊട്ടച്ചക്കയിൽ മോരൊഴിച്ചു വഷളാ-
ക്കിത്തിൻകൂട്ടാനുമീ-
മട്ടിൽ ഭക്ഷണമുണ്ടു ചർദ്ദിവതുമാ-
റെണ്ണാകുളം ഹോട്ടലിൽ."

ഇത്യാദി പദ്യങ്ങൾ മനോരമവഴിയായും

"മഞ്ഞപ്പോട്ട കറുപ്പു ചോപ്പിഹ വെളു-
പ്പെന്നുള്ള വണ്ണങ്ങളാൽ
മഞ്ജുത്വം കലരുന്നൊരീയുപവനം
സൂക്ഷിച്ചു കണ്ടീടുകിൽ
മഞ്ഞോടംബുദഹേമകുങ്കുമമിതെ-
ല്ലാം ചേർന്നു മിന്നുന്നതായ്
നെഞ്ഞിൽ ഭ്രാന്തിവരാതെയുള്ള രസിക-
ന്മാരില്ല പാരുള്ളതിൽ."

ഇത്യാദി പദ്യങ്ങൾ ഭാഷാപോഷിണിവഴിയായും എന്റെ ഹൃദയത്തിൽ സ്ഥലംപിടിച്ചിരുന്നു. തമ്മിൽ കണ്ട ദിവസംമുതല്ലുതന്നെ സരസ്വതീദാസന്മാരായ ഞങ്ങൾ രണ്ടുപേരും പരസ്പരം സൌഹാർദ്ദഭാജനങ്ങളായിത്തീർന്നുവെന്നു പറയേണ്ടതില്ലല്ലോ. വിശ്രമം കിട്ടുമ്പോൾ വിനോദപദ്യങ്ങളെഴുതുക, മലയാളി മുതലായ പത്രങ്ങളിൽ സാഹിത്യസമരങ്ങൾ നടത്തുക, മുതലായി യുവജനസാധാരണങ്ങളായുള്ള ചാപല്യങ്ങളെല്ലാം ആ പ്രായത്തിൽ ഞങ്ങളേയും പിടികൂട്ടുകയുണ്ടായി. ആയിടയ്ക്കു് ഒട്ടുവെഴുതിയ "പങ്കപഞ്ചകം" എന്ന ലഘുകൃതിയിലെ ഒരു

Digitized By Kerala Sahitya Akademi

ശ്ലോകം താഴെ ഉദ്ധരിക്കുന്നതിൽനിന്നു് അന്നതന്നെ അദ്ദേഹത്തിന്റെ പദ്യനിർമ്മാണചാതുരി ഏത്ര അത്യുച്ചമായ ഒരു സ്ഥാനത്തിൽ എത്തിയിരുന്നുവെന്ന വായനക്കാക്കു കാണാവുന്നതാണു്.

"തങ്കക്കണ്ണാടിനോക്കിത്തലമുടിയെ വകു-
ത്തിട്ട കൈയാലൊതുക്കി-
ത്തിങ്കൾക്കീറൊത്ത നെറ്റിത്തടമതിലഴകിൽ
ക്കുങ്കുമപ്പൊട്ടു കുത്തി
കൊങ്കക്കണ്ണൊന്നിളക്കി ജ്ഝടിതി തലകുലു-
ക്കുമ്പൊൾ മാഴ്കിൽനിന്നോ-
രെങ്കൽ കണ്ണിട്ടടിച്ചോരടി ബഹുകഠിനം!
പങ്കി! പങ്കേരുഹാക്ഷി!!"

ശ്രീമാൻ മൂലൂർ എസ്സ്. പദ്മനാഭപ്പണിക്കരുടെ കവിരാമായണത്തിൽ ആ കവി ചിലക്കു കൊടുത്ത സ്ഥാനങ്ങൾ സമുചിതങ്ങളായില്ലെന്നുള്ള കാരണത്താൽ ഒട്ടവു് അക്കാലത്തു നടത്തിയ വാഗ്വാദം വയസ്കരായ സഹൃദയന്മാർ ഇന്നും മറന്നിരിക്കുവാനിടയില്ല. കുമാരനാശാൻ ഗലസ്സു നീലകണ്ഠൻനമ്പൂതിരിപ്പാട്ടിലേയ്ക്കു കവിതയില്ലാതിരുന്നതിനാൽ അദ്ദേഹത്തെ ആ ഗ്രന്ഥത്തിൽ സ്മരിച്ചതു ശരിയായില്ലെന്നും, അദ്ദേഹത്തിന്റെ ധനാഢ്യതയാണു് പണിക്കരെ ആ വിഷയത്തിൽ പ്രേരിപ്പിച്ചതെങ്കിൽ ആ സ്ഥാനം "പാറായിത്തരുകന്നു ചേക്കിലിതിലും നന്നാകുമെന്നെൻമതം." എന്നും മറ്റും പറഞ്ഞുകൊണ്ടുള്ള ഒട്ടവിന്റെ സമരാഹ്വാനവും, അതിനു പണിക്കരുടെ ശൌര്യപ്രകാശകമായുള്ള ഉത്തരവും മറ്റും എത്ര നേരമ്പോക്കായിരുന്നു! ആ വാദത്തിൽ 'ലക്ഷ്മണൻ' എന്ന വ്യാജനാമത്തിൽ ഞാനും ഒരു ചില്ലറപ്പങ്കുചേരുകയും പണിക്കർ എന്നെ ഒട്ടവെന്നസംശയിച്ചു്,

".....കവി ലക്ഷ്മണൻ താൻ
സത്യം സുധാസദൃശഗീതികളാൽ ഭവാനൊ-
ട്ടൊത്തിട്ടുവാൻ വളരെയർഹതയാന്ന കണ്ടേൻ."

എന്ന മലയാളിയിൽ എഴുതിയതും എനിയ്ക്കു് ഈ അവസരത്തിൽ ഓർമ്മവരുന്നു. അനന്തരകാലങ്ങളിലും ഇതുപോലെ പല വാദങ്ങളിൽ ഒട്ടവു് ഏർപ്പെട്ടുകയുണ്ടായിട്ടുണ്ടു്. അദ്ദേഹം "രാമരാജൻ" എന്നൊരു മലയാ

Digitized By Kerala Sahitya Akademi

ഉപത്രം ബി. എ. ക്ലാ വായിക്കുന്ന കാലത്തു തിരുവനന്തപുരത്തുവച്ചു നടത്തിക്കൊണ്ടിരുന്നു. അതിലെ കവിതാപങ്ക്തിയിൽ "മാഗ്ദർശിപ്രിയൻ" എന്ന പേരിൽ

"തള്ളതൻകഥ! മൽപ്രിയന്റെ മൊഴികേൾ–
ക്കു, സങ്കടക്കുട്ടിൽനി–
ന്നുള്ളുംപടി പദ്യപങ്ക്തിയെഴുതി–
തീർക്കു മുറയ്ക്കിന്നിയും."

എന്നു് ഒരു യുവകവിയെ ഹാസ്യരസത്തിൽ ഉപദേശിച്ചതു് അദ്ദേഹത്തിനു പദ്യങ്ങൾ ഞാനെഴുതിക്കൊടുത്തിരുന്നുവെന്നുള്ള തെറ്റിദ്ധാരണയാലാണു്, പിന്നീടാണു് തന്റെ അനുമാനം അബദ്ധമെന്നും, ആ കവിക്കു കവിതയുണ്ടെന്നും ഒട്ടവിനു ബോദ്ധ്യമായതു്. മനോരമയിൽ പരേതനായ ശ്രീമാൻ ഏവൂർ എൻ. വേലുപ്പിള്ള വേദാന്തവിഷയകമായി ഏതാനും ശ്ലോകങ്ങൾ പ്രസിദ്ധപ്പെടുത്തുകയും അതിനെ ഏതോ ഒരു കള്ളപ്പേരിൽ ഒട്ടവു ഖണ്ഡിക്കുവാൻ ശ്രമിക്കുകയും,

"അഹങ്കാരംകൈക്കൊ.....ടെ–
നഹംകാരംകാരം മരുവുമവനെ നാസ്തികനഹോ!"

എന്നു് ഏവൂർ അതിനു മറുപടി പറഞ്ഞപ്പോൾ—

"കാരംകാരമതെന്നു നൂറുവൊരേ–
പദത്തിൽ വച്ചീടിലും
....."

ഇത്യാദി ശ്ലോകങ്ങൾ എഴുതി ഒട്ടവു് അദ്ദേഹത്തെ കളിയാക്കുകയും ചെയ്തതു പലക്കും ഓർമ്മയുണ്ടായിരിക്കും. കവനകൌമുദിയിൽ സ്ത്രീഗ്രഹണം എന്ന വിഷയംസംബന്ധിച്ചു് ഒട്ടവും ഞാനുമായി വ്യാജവേഷത്തിൽ വാക്കലഹമുണ്ടായിട്ടുണ്ടു്. ഇതിൽനിന്നെല്ലാം ഒട്ടവു് ഒരു കുസൃതിക്കാരനാണെന്നു പ്രഥമദൃഷ്ടിയിൽ തോന്നിയേക്കാമെങ്കിലും വാസ്തവത്തിൽ ഇത്ര ഹൃദയശുദ്ധിയുള്ളവരെ അപൂർവമായി മാത്രമേ ഞാൻ കണ്ടിട്ടുള്ളൂ എന്നു ധൈര്യപൂർവം പറയാം. ഉറങ്ങിക്കിടക്കുന്ന കവിതാപങ്ക്തികൾക്കു് ഒരുണർച്ച നൽകുന്നതിനുവേണ്ടിമാത്രമാണു് പലപ്പോഴും അദ്ദേഹം ഈവക വിനോദങ്ങളിൽ ഏർപ്പെട്ടിരുന്നതു്. താക്കറെ എന്ന പ്രസിദ്ധനായ ആങ്ഗല സാഹിത്യകാരന്റെ ഗ്രന്ഥങ്ങളിൽ പലതും ഒട്ടവിനെ ആശ്ലേഷിച്ചിരുന്നു.

Digitized By Kerala Sahitya Akademi

കുറേക്കാലം കഴിഞ്ഞു് എന്റെ പ്രാണസ്നേഹിതൻ പരേതനായ കേരളവർമ്മതമ്പുരാൻ കവനകൌമുദി ഒരു വൃത്താന്തപത്രരൂപത്തിൽ ആരംഭിക്കുകയും, അതിൽ ഒട്ടവു് ഒരു പ്രധാനലേഖകനായിത്തീരുകയും ചെയ്തു. അവർ തമ്മിലുള്ള സ്നേഹം ഒന്നിനൊന്നു ഗാഢതയെ പ്രാപിച്ചു് ഒട്ടവിന്റെ കനിഷ്ഠസഹോദരി ശ്രീമതി അമ്മുക്കുട്ടിഅമ്മയെ തമ്പുരാൻ വിവാഹംചെയ്ത വിവരം ഭാഷാഭിമാനികളിൽ പലക്കും അറിവുള്ളതാണല്ലോ. ആയിടയ്ക്കു ഞാൻ മാവേലിക്കര തഹശീൽമജിസ്ട്രേട്ടായിരുന്നു. 1084-ലെ തൃശ്ശൂർപൂരത്തിനു ഭാരതവിലാസസഭയുടെ അദ്ധ്യക്ഷനായി ഞാനും എന്നോടുകൂടി തമ്പുരാനും പോകുകയും, അവിടെവച്ചു് ഒട്ടവിനെ അനേകകൊല്ലങ്ങൾക്കിപ്പുറം ഞാൻ വീണ്ടും കാണുകയും ചെയ്തു. അന്നത്തെ ഒട്ടവു പണ്ടത്തെ ഒട്ടവു്—ഫലിതമുത്തിയായ ആ ഒട്ടവുതന്നെയായിരുന്നു. കുണ്ടൂർ, ഒട്ടവു്, തമ്പുരാൻ, ഞാൻ ഈ ഞങ്ങൾ നാലുപേരുമായി ഒരു ചായക്കടയിൽ ചായകുടിക്കാൻ കേറിയതും, കുണ്ടൂരിന്റെ കൈയിൽനിന്നു ചായപ്പാത്രം തട്ടിപ്പറിച്ചുകൊണ്ടു് ഒട്ടവു് "ചായാമപഹരതി കവിഃ എന്നല്ലേ നിങ്ങളൊക്കെ പറയുന്നതു്? ഞാൻ കവിയാകണമെങ്കിൽ ചായ അപഹരിക്കാതെ നിവൃത്തിയില്ല; അതാണു് ഇങ്ങനെ ചെയ്തതു്." എന്നുപറഞ്ഞതും ഞാൻ ഇപ്പോഴും ഓർക്കുന്നുണ്ടു്. അവിടെവച്ചു നടന്ന കവിതാവേഗപരീക്ഷയിൽ ഒട്ടവിനും പ്രശസ്തമായ വിജയം സിദ്ധിക്കയുണ്ടായി. 'ശ്രീമതി' എന്ന ഖണ്ഡകാവ്യം ആ സന്ദർഭത്തിലാണു് ഞങ്ങൾ രചിച്ചതു്. കുറേക്കൊല്ലംകൂടി കഴിഞ്ഞു തമ്പുരാൻ തിരുവനന്തപുരത്തു മലയാളപണ്ഡിതരായി വന്നതിന്റെശേഷം ശ്രീവരാഹത്തു് ഒരു വാഷ്ികയോഗത്തിൽ അദ്ധ്യക്ഷനായി ഒട്ടവു വന്നുചേരുകയും, അക്കാലത്തു് 'ആഞ്ജനേയവിജയം' ഞങ്ങൾ പലരുംകൂടി രചിക്കുകയും ചെയ്തു. പിന്നീടു ഞങ്ങൾക്കു തമ്മിൽ കാണുവാൻ യോഗമുണ്ടായില്ല. എന്റെ അകൈതവസുഹൃത്തിന്റെ അകാലനിര്യ്യാണം തമ്പുരാന്റെ മുഖത്തുനിന്നു കേൾക്കുന്നതിനുള്ള ദൌർഭാഗ്യംമാത്രമാണു് എനിക്കു് അവശേഷിച്ചിരുന്നതു്!

ഒട്ടവിന്റെ കവിതാഗുണങ്ങൾ പരിപൂർണ്ണമായി പ്രകാശിക്കുന്ന കൃതികൾ പലതുമുണ്ടെങ്കിലും ഈ പുസ്തകത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ചണ്ഡാലിമോക്ഷത്തെത്തന്നെ അവസ്സു് മഹിതാദർശമായി സ്വീകരിക്കാവുന്നതാണു്. അദ്ദേഹത്തിന്റെ തൂലിക വരച്ച ആ ചണ്ഡാലിയുടെ ചിത്രം ഏതു സഹൃദയന്റെ ഹൃദയഭിത്തിയിൽ നിന്നാണു് മായുക?

"കറുകറനെയിരുന്നിരുട്ടുഭൂതം
പെറുമൊരുന്മത്തനമായ പൈതൽപോലെ

Digitized By Kerala Sahitya Akademi

തുറുകവിൾ, പതിമുക്കു, നല്ലവൈക്കോൽ–
ത്തുറുവയ,റിത്തരമാണു വേഷശ്ലോഷം.
ഇരുമിഴികളുമില്ല; മെയ്യിലെല്ലാ–
മൊരുവിരലിൻഘ്നമുണ്ടു കുഷ്ഠബീജം;
പെരുമുറകരയും കിടാവജസ്രം
പുരുദ്ദരിതപ്പുളിനീർപൊതിഞ്ഞപോലെ.''

ഇങ്ങനെയൊരു ബീഭത്സചിത്രം മറ്റാക്കെങ്കിലും നിഷ്കൃഷ്ടിക്കുവാൻ കഴിയുമോ എന്നു സംശയമാണ്. പൂർവ്വജന്മത്തിൽ തേവിടിശ്ശിയായിരുന്ന അവസ്ഥയേയും ഇഹജന്മത്തിൽ അന്ധയും കുഷ്ഠരോഗിണിയും പറച്ചിയുമായിരിക്കുന്ന സ്ഥിതിയേയും ഭാവനാകുശലനായ മഹാകവി എത്ര ഭംഗിയിൽ താരതമ്യപ്പെടുത്തുന്നുവെന്നു പരിശോധിക്കുക.

''കഴുകി മിനുസമാക്കി മുൻപു പച്ച–
പ്പുഴ പനിനീരൊടണിഞ്ഞ കൊങ്കയുഗ്മം
കഴുകിനവസരം വാരാന്ധ്രമൂലം
പുഴപനിനീരിടചേന്നു തത്തിടുന്നു.

ഹിതമെഴുമൊളിപുരുഷൻ വരുമ്പോൾ
കതകിനുവച്ചൊരു സാക്ഷയാശു നീക്കാൻ
ഉതകിന വിരലൊക്കെയറ്റു ചോര–
പ്പുത ചലമൊഴുകുന്നമട്ടിലായി!''

ഇങ്ങനെതുടങ്ങിയുള്ള ആ രോമഹർഷദമായ ചിത്രണത്തിന്റെ ആസ്വാദ്യത അനുഭവിച്ചുതന്നെ അറിയണം. പരസ്പര വിരുദ്ധങ്ങളായ ശൃംഗാരബീഭത്സരസഹയങ്ങളെ ഇടവുംവലവുമായി കെട്ടി കാവ്യരഥം ഓടിക്കുക എന്ന അത്ഭുതകർമ്മം ഇത്ര ഹൃദയാകർഷകമായ വിധത്തിൽ ആരുംതന്നെ അനുഷ്ഠിച്ചു വിജയംനേടിയതായി ഓർമ്മവരുന്നില്ല.

ഒട്ടുവിന്റെ ഫലിതപ്രയോഗങ്ങൾ അഥവാ ''പൊടിക്കൈകൾ!!'' എല്ലാ കേരളീയർക്കും വിസ്മയാവഹമായിട്ടുള്ളവയാണ്.

''അന്തർജ്ജനം പലരെയും തകരാറിലാക്കി,–
യെന്തക്രമം ? തലതെറിച്ചൊരു ധർമ്മവൃക്ഷം.!!

''മല്ലീശരന്റെ വികടപ്പണിയാരറിഞ്ഞു ?!!

Digitized By Kerala Sahitya Akademi

"പിണ്ണാക്കുമാടനു പിണഞ്ഞ പിണാച്ചിൽ നോക്കു"

"മുതലാവില്ലവനിങ്ങട്ടുത്തുവന്നാൽ"

"പ്രണയക്കരുവായ കാന്തയാളിൽ
പണയം വച്ച മനസ്സൊടാമനുഷ്യൻ."

ഈ മാതിരിയുള്ള ഫലിതപ്രയോഗങ്ങൾ വെണ്മണി, ശീവൊള്ളി ഇവരുടെ കാലത്തിനിപ്പുറം ഒട്ടുവിന്റെ കൃതികളിലേ നാം ധാരളമായി കണ്ടിട്ടുള്ളു. ഇന്നു് ആ സ്ഥാനത്തു "മന്ദാത്മശേഷം കൂലം" എന്ന നിലയിൽ നില്ക്കുന്നതു് നട്ടവം മഹാനാണു്. ഈ വിഷയത്തെപ്പറ്റി എന്റെ സ്നേഹിതൻ കോയിപ്പള്ളി പരമേശ്വരക്കുറുപ്പു് ഒരു ദീർഘമായ ഉപന്യാസം ഈയിടയ്ക്കു പ്രസിദ്ധപ്പെടുത്തീട്ടുള്ളതിനാൽ അതിലേക്കു വായനക്കാരുടെ ശ്രദ്ധയെ ആകർഷിക്കുക മാത്രമേ ചെയ്യേണ്ടതായുള്ളു.

അതാതു പാത്രങ്ങൾക്കു് അനുരൂപമായ വിധത്തിൽ സംഭാഷണം ചെയ്യിക്കുന്നതിനു് ഒട്ടുവിനുള്ള സാമർത്ഥ്യം അന്യാദൃശമാണു്.

"പെരുവഴിനടുവേ നടന്നു പോകും
പെരുമ പെട്ടന്നവരേ! കുറച്ചു നില്പിൻ;
ഒരുചെവിയിവൾ തന്റെയല്ലൽകേൾപ്പാ-
നരുളുവിനൊന്നു പറഞ്ഞുതീർത്തിടട്ടേ.

പറയനുടെ പഴങ്കിടാവു ഞാനെൻ-
പിറവിയിലേ മിഴി രണ്ടുമില്ലയല്ലോ;
കുറപെറുമുടൽകണ്ടു തന്തയെന്തോ
പറവതു? ക്രൂരൻ വെടിഞ്ഞു വിട്ടെറിഞ്ഞു"

മുതലായ ഭാഗങ്ങൾ നോക്കുക, പറച്ചിയുടെ വാക്കാകയാൽ പച്ചമലയാളം 'സ്വയമേവാഗത'യാണു്. സന്ദർഭോചിതങ്ങളായ നവനവോല്ലേഖങ്ങളും കവിക്കു സ്വാധീനമാണു്.

"ചരണങ്ങൾ കുറച്ചുരച്ചു, മന്തുഃ-
കരണം തെന്തൊഴിയിൽ പ്രതിഷ്ഠചെയ്യും,
ചിരമങ്ങനെ വാണിതുള്ളിലേതോ
സരസോല്ലേഖമെഴും കവിക്കു തുല്യം."

Digitized By Kerala Sahitya Akademi

എന്ന പദ്യം ഒറവങ്കരരാജാവിന്റെ

"മർത്യാകാരേണ ഗോപീവസനനിരക-
വന്നോരു ദൈത്യാരിയെ"

എന്ന പദ്യംപോലെ, മറ്റൊന്നുംതന്നെ തൽകർത്താവു നിശ്ചിച്ചില്ലെങ്കിലും, അദ്ദേഹത്തിനു മഹാകവിപദത്തെ പ്രദാനംചെയ്യുവാൻ പയ്യാപ്തമാണു്.

"ചെറുനരനതിബുദ്ധിയെന്നു ഭാവി-
ച്ചുറുവഷളാം ക്രിയചെയ്തതോക്കുമൂലം
ചെറുതൊരുപരിഹാസഭാവമുണ്ടാ-
നുനളിനോപമകോമളാനനത്തിൽ."

"ഒരിക്കൽക്കിടക്കും തെരിക്കെന്നെഴന്നേ-
റ്റിരിക്കും കുറെസ്സുഞ്ചരിക്കും തിരക്കും
മരിക്കാൻകിടക്കുന്നൊരുത്തൻ നടത്തും
സ്ഥിരക്കേടവൻ കാട്ടിയൊപ്പിച്ചു സർവം."

ഇത്യാദി പദ്യങ്ങളിൽകാണുന്ന മനോധർമ്മവും പ്രത്യേകം പ്രശംസനീയമാണു്.

പച്ചമലയാളകവിതയ്ക്കു കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമേനിയേയും, ശ്രീമാൻ കുണ്ടൂരിനേയും കഴിച്ചാൽ ഒട്ടവിനെപ്പോലെ വിദഗ്ധനായ ഒരു ഭാഷാകവി ഇതുവരെ ഉണ്ടായിട്ടില്ലെന്നുവേണം പറവാൻ. അദ്ദേഹത്തിന്റെ 'മദിരാശി കടൽക്കര'യോട്ട കിടപിടിക്കുന്ന വർണ്ണനാത്മകമായ ഒരു പച്ചമലയാള ഖണ്ഡകാവ്യം ഞാൻ ഇതുവരെ വായിച്ചിട്ടില്ല. ഈ പുസ്തകത്തിൽ കാണുന്ന 'നല്ലഭാഷ' നാല്പതിൽപ്പരം ശ്ലോകങ്ങളോളം ഒട്ടവെഴുതിയതായി എനിക്കു് ഓർമ്മയുണ്ടു്. കുറേയധികം പച്ചയായിപ്പോകയാൽ വേണ്ടെന്നു ഞാൻ ഗ്രണദോഷിക്കുകനിമിത്തം മുഴുപ്പിക്കാത്തതാണു്. ഈ ഖണ്ഡകാവ്യത്തിന്റെ ഒരു കൈയെഴുത്തുപ്രതി എന്റെ കൈവശമുണ്ടായിരുന്നു. "നള്ളിക്കളഞ്ഞിതു മിട്ടുക്കനൊരുമ്മയാലേ" മുതലായി ഒട്ടവിന്റെ വിജാതീയരീതിയിലുള്ള പല ഫലിതപ്രയോഗങ്ങളും അതിലുണ്ടു്. ഇപ്പോൾ അച്ചടിച്ചിരിക്കുന്ന ഭാഗത്തിൽതന്നെ എന്തെല്ലാം രസികത്തങ്ങളുണ്ടെന്നു കാണുക!

"മിന്നൽകൊക്കുന്ന പൂമെയ്പ്പൊലിമയുമകതാ-
രിട്ടലഞ്ഞും ...ക്കു-

Digitized By Kerala Sahitya Akademi

ന്നന്നപ്പോക്കും മഴക്കാറെതിർതലമുടിയും
മുല്ലമൊട്ടൊത്ത പല്ലും
കന്നൽക്കണ്ണും കട്ടംചോപ്പുടയ ചൊടികളും
കാണുകിൽ കൊച്ചുതെക്കൻ—
തെന്നൽത്തേരിൽകരേറുന്നവനുടെ തറവാ—
ട്ടമ്മയോയെന്നു തോന്നും.''

ഇത്യാദി പദ്യങ്ങൾ നിർമ്മിക്കുവാൻ ഒരാൾ എത്രവലിയ ഭാഷാപദവൈശ്രുവണനായിരിക്കണം!

ഒട്ടവിന്റെ നിസർഗ്ഗസുന്ദരമായ ഗദ്യരീതിയെപ്പറ്റി അപ്രകൃതമാകയാൽ ഇവിടെ വിവരിക്കുന്നില്ല. ചെറുകഥകൾ എഴുതുവാൻ ഇതുപോലെ വാസനയുള്ളവർ ആരെങ്കിലും ഇന്നുണ്ടോ എന്നു സംശയമാണ്. രാഷ്ട്രീയവിഷയങ്ങളെപ്പറ്റി ഫലിതസമ്മിശ്രമായ ലേഖനപരമ്പരയെഴുതുവാൻ ഒട്ടവിനുള്ള പാടവവും അസാധാരണമായിരുന്നു. മനോരമയിൽ "കോരപ്പപ്പട്ട" എന്ന പേരിൽ അദ്ദേഹം എഴുതിക്കൊണ്ടിരുന്ന ലേഖനങ്ങളുടെ സ്വാരസ്യം ഭാഷാഭിമാനികൾ മറന്നിരിക്കയില്ല. വേങ്ങയിൽ കുഞ്ഞുരാമൻനായനാർ, ഇരുവനാട്ടു നാരായണൻനമ്പിയാർ, ഒട്ടവിൽ കുഞ്ഞുകൃഷ്ണമേനോൻ ഈ അംഗങ്ങളാൽ അലംകൃതമായിരുന്ന ആ സാഹിത്യത്തറവാട്ട് ഇപ്പോൾ അന്യംനിന്നതുപോലെ തോന്നിപ്പോകുന്നു.

ഏതുവിധത്തിൽ നോക്കിയാലും ഒട്ടവിൽ കുഞ്ഞുകൃഷ്ണമേനോൻ വാഗ്ദേവതയുടെ ഒരു വരിഷ്ഠവത്സലസന്താനമായിരുന്നു എന്നുള്ളതിനു സംശയമില്ല. ഇത്രവളരെ ഭിന്നഭിന്നങ്ങളായ സാഹിതീസരണികളിൽ സൈരസഞ്ചാരം ചെയ്യ വിജയലക്ഷ്മിയാൽ സ്വയംവൃതരായ കേരളീയകവികൾ അധികംപേരില്ല. ചുരുക്കിപ്പറഞ്ഞാൽ ഈ മഹാത്മാവു ഭാഷാഭിമാനികളായ സകല കേരളീയരുടേയും നിഷ്കൃതവമായ നിത്യാരാധനത്തെ അർഹിക്കുന്നു. ആ ആരാധനത്തിനു് അദ്ദേഹത്തിന്റെ കവിതകളുടെ പ്രസാധനംമൂലം സൌകര്യം നല്കുന്ന ഭാഷാപോഷകമൂർദ്ധന്യൻ ശ്രീമാൻ പി. വി. കൃഷ്ണവാരിയരുടെ ഏതാദൃശമായ സദ്വ്യവസായം ശ്ലാഘ്യസീമയെ സർവ്വഥാ അതിവർത്തിക്കുകതന്നെ ചെയ്യുന്നു. പരോപകാരപ്രവണനായ എന്റെ പ്രിയസുഹൃത്തിനെ ഈശ്വരൻ മേല്ക്കുമേൽ സഹായിക്കട്ടെ.

(ഒട്ടവിന്റെ കൃതികൾ—രണ്ടാംഭാഗം—അവതാരിക)

Digitized By Kerala Sahitya Akademi

19. ഭാഷാസാഹിത്യവും കേരളീയവനിതകളും

"മല്ലാരിപ്രിയയായഭാമ സമരം
ചെയ്തീലയോ ? തേർതെളി-
ച്ചില്ലേ പണ്ടു സുഭദ്ര ? പാരിതു ഭരി-
ക്കുന്നില്ലെ വിക്ടോറിയാ ?
മല്ലാക്ഷീമണികൾക്കു പാടവമിവ-
യ്ക്കെല്ലാം ഭവിച്ചീടുകിൽ
ചൊല്ലേറും കവിതയ്ക്കുമാത്രമിവരാ-
ളല്ലെന്നു വന്നീടുമോ ?"

ഒരിക്കലും വരികയില്ല എന്നതന്നെയാണ് എന്റെ വിശ്വാസം. ഗ്രന്ഥനിർമ്മാണം പുരുഷന്റെ പ്രത്യേകസ്വത്താണെന്നു ലോകത്തിലെ സാഹിത്യചരിത്രം ഗ്രഹിച്ചിട്ടുള്ളവർ ആരും വാദിക്കുമെന്നു തോന്നുന്നില്ല. മാഡം ഡെസ്റ്റീൽ, മിസ്സസ് ബ്രൌണ്ടിങ്ങ്, ജോജ്ജ് എലിയട്ട്, മിസ്സ് എമ്മാ ബ്രാഡൺ, മേരികൊറിലി തുടങ്ങിയ പാശ്ചാത്യ വിദുഷികളുടെ സൂക്തികൾ ഏതു സഹൃദയനേയാണ് ആനന്ദഭരിതനാക്കിത്തീർക്കാത്തതു ? 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന ധർമ്മശാസ്ത്രവചനത്തിനു് അധർമ്മദ്യോതകമായ വ്യാഖ്യാനം ഉണ്ടാക്കി പുരുഷന്നു മാത്രമേ വിദ്യാഭ്യാസത്തിന്നർഹതയുള്ളു എന്നും സ്ത്രീകളിൽ ഹൃദ്യകലകൾ സൈരിണികൾക്കു മാത്രമേ വിധിച്ചിട്ടുള്ളു എന്നുമുള്ള അന്ധവിശ്വാസം ജനസമുദായത്തിനിടയിൽ അങ്കുരിപ്പിച്ച പൂർവാചാര്യന്മാർപോലും ഭാരതവർഷത്തിൽനിന്നും സ്ത്രീകൾക്ക് ഈ വിഷയത്തിലുള്ള അശിക്ഷിതപട്ടത്വത്തെ നിശ്ശേഷം മാർജ്ജനംചെയ്യുവാൻ ശക്തന്മാരായിട്ടില്ലെന്നുള്ളതു ചാരിതാർത്ഥ്യജനകമാണു്. ഗാഗ്ഗിയുടേയും മൈത്രേയിയുടേയും കാലം പൊയ്പ്പോയി. മദ്ധ്യകാലങ്ങളിൽ വൈദേശികഭരണത്തിന്റെ വ്യർത്ഥപൂർണ്ണമായനുഭവിച്ച ഹിന്തുക്കളുടെ ഇടയിൽ 'മീരാബായി' മുതലായ ചില വിദുഷികൾ വർഷാകാലഗഗനത്തിലേ നക്ഷത്രങ്ങളെപ്പോലെ അവിടവിടെമാത്രം കാണപ്പെട്ടു. ആംഗലഭാഷാജ്ഞാനം

Digitized By Kerala Sahitya Akademi

ശീഘ്രസമ്പാദ്യമായിത്തീന്നിട്ടുള്ള ആധുനികകാലത്താണ് നമ്മുടെ സ്ത്രീകൾ വിദേശീയ സ്ത്രീകളെ അപേക്ഷിച്ചു വിഭിന്നസൃഷ്ടികളല്ലെന്നും അവക്കും സൌകര്യം മാത്രമുള്ളപക്ഷം സാഹിത്യപരിശീലനം സാദ്ധ്യമാണെന്നുമുള്ള ബോധം ജനങ്ങൾക്കു ദൃഢീഭവിച്ചതു്. ഈ ശരദൃതുവിൽ താരാപഥം സവിശേഷം ദർശനീയമായിരിക്കുന്നില്ലയോ? മൃണാളിനീ രാജ്ഞി, ഹേമലതാദേവി, സരളാദേവി ഗോശാല, കമലാസത്യനാഥർ, ആച്ചുമാംബ, തരുലതാദത്ത, പണ്ഡിതരമാബായി, കണ്ണീലിയ സൊറാബ്ജി, സരോജിനീനായിഡു എന്നീ സ്ത്രീരത്നങ്ങളാൽ ബംഗാളി, ഗുജറാത്തി മുതലായ ഏതദ്ദേശീയഭാഷകളിലും സർവോൽകൃഷ്ടമായ ആംഗലഭാഷയിലും നിർമ്മിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ എത്ര മനോഹരങ്ങളായിരിക്കുന്നു! സരോജിനിയുടെ 'ഗോൾഡൻ ത്രെഷോൾഡ്' എന്ന ഇംഗ്ലീഷുപദ്യഗ്രന്ഥം തലകുലുക്കിക്കൊണ്ടു കൊണ്ടാടാത്ത കവിതാരസികൻ ലോകത്തിലുണ്ടോ? സരസ്വതീഭഗവതിയുടെ സജാതീയകളായ സ്ത്രീകൾ കവിതയ്ക്കുമാത്രമാളല്ല എന്നു് ഇനി ഏവൻ ജല്പിക്കും? ആ നിലയൊക്കെവിട്ടു് ഇന്ത്യയിലും കവയിത്രികളും വിദുഷികളും ധാരാളം ഉണ്ടാകേണ്ട അവസരം ഏറ്റവും സന്നിഹിതമായിരിക്കുന്ന എന്നു് ആക്കും സധൈര്യം ഉൽഘോഷിക്കാവുന്ന ഒരു കാലമല്ലേ നാം ഇപ്പോൾ കാണുന്നതു്? ഇംഗ്ലീഷുവിദ്യാഭ്യാസം സർവോല്കൃഷ്ടേണ വർത്തിക്കട്ടെ; തന്നിമിത്തം സ്ത്രീക്കും പുരുഷനും തമ്മിൽ ഇപ്പോൾ കാണപ്പെടുന്ന അവസ്ഥാന്തരം കാലക്രമേണ നശിച്ചു് സ്ത്രീകൾ ഏതദ്ദേശീയസാഹിത്യവർദ്ധനത്തിനു് ഉത്തരോത്തരം ഹേതുഭൂതകളാകട്ടെ.

കേരളത്തിൽ, ഇന്ത്യയിലുള്ള അന്യരാജ്യങ്ങളെ അപേക്ഷിച്ചു സ്ത്രീവിദ്യാഭ്യാസം ജനസമുദായത്താൽ ആദൃതമായിരുന്നു എന്നുള്ളതു് അനുകതസിദ്ധമാണല്ലോ. തമിഴിൽ 'ഔവയാർ' എന്ന ഒരു വിദുഷിയുടെ നാമധേയം മാത്രമേ നാം സാഹിത്യചരിത്രത്തിൽ പ്രാധാന്യേന കാണുന്നുള്ളു. ആ സ്ത്രീരത്നംതന്നെ വാസ്തവത്തിൽ ജീവിച്ചിരുന്നുവോ എന്നുള്ള വാദം ഇനിയും അവസാനിച്ചിട്ടില്ല. 'ആത്തിചൂടി' 'കൊന്നൈവെന്തൻ' മുതലായ ഗ്രന്ഥങ്ങൾ ആ കവയിത്രിയുടെ കൃതികളല്ലെന്നും സരസ്വതീദേവിയെപ്പറ്റിയുള്ള ആദരത്തെ ജനങ്ങൾ ഔവയുടെ ചരിത്രത്തെ അർത്ഥവാദരൂപമായി നിർമ്മിച്ചു പ്രദർശിപ്പിക്കയാണു് ചെയ്തതെന്നും ഇന്നും ചില ദ്രാവിഡപണ്ഡിതന്മാർ സയുക്തികമായി വാദിക്കുന്നുണ്ടു്.

എന്നാൽ മലയാളത്തിന്റെ അവസ്ഥ അങ്ങനെയല്ല. നമ്മുടെ സാഹിത്യചരിത്രത്തിൽ പ്രാചീനകാലം മുതല്ക്കുതന്നെ അനേകം വിദുഷികളെ നാം കാണുന്നുണ്ടു്. 'യുധിഷ്ഠിരവിജയ'കർത്താവായ വാസുഭട്ട

Digitized By Kerala Sahitya Akademi

തിരിയോട്ടക്കുടി പഴത്തൊലി തിന്ന വാരസ്യാരുടെ കഥ ഭാഷാചരിത്ര കത്താവു നമ്മെ ഗ്രഹിപ്പിച്ചിട്ടുണ്ടല്ലോ. ആ സ്ത്രീ ഏതെങ്കിലും കൃതികൾ രചിച്ചിരുന്നുവെങ്കിൽ അവ ഇപ്പോൾ നഷ്ടപ്രായങ്ങളായിരിക്കുന്നു എന്നു തീർത്തു പറയാവുന്നതാണു്.

'നാഴികമണിയാറായീ
നാരീണാം ഭ്രഷണൌഘമണിയാറായീ.'

എന്നു തുടങ്ങിയുള്ള യമകശ്ലോകം വാരസ്യാരുടെ കൃതിയാണെന്നു ഗോവിന്ദപ്പിള്ള സർവാധികാര്യക്കാരവർകൾ പ്രസ്താവിച്ചിട്ടുള്ളതു ശരിയല്ലെന്നും അതു പ്രസിദ്ധനായ കിളിമാനൂർ 'ഗജേന്ദ്രൻ' വിദ്വാൻ കോയിത്തമ്പുരാൻ ഇരുപത്തിരണ്ടാമാണ്ടു മഹാരാജാവു തിരുമനസ്സിലേ ആജ്ഞാനുസാരം നിർമ്മിച്ചതാണെന്നും കഴിഞ്ഞുപോയ രാജരാജവർമ്മ കൊച്ചുകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് എന്നോടു് ഒരിക്കൽ പ്രസംഗവശാൽ പറയുകയുണ്ടായിട്ടുണ്ടു്. ആ ശ്ലോകം ആരുടെ കൃതിയായാലും പെരുമാക്കന്മാരുടെ കാലത്തു ജീവിച്ചിരുന്ന വാസുഭട്ടതിരിയുടെ സമകാലീനയായ ഒരു സ്ത്രീ നിർമ്മിച്ചതല്ലെന്നു നാഴികമണി ആ കാലത്തു ഇല്ലായിരുന്നുവെന്നുള്ളതിൽനിന്നുതന്നെ സൂക്ഷ്മമായി ധരിക്കാവുന്നതാണു്. ഇതുപോലെതന്നെ കണ്ണശ്ശപ്പണിക്കരുടെയും തുഞ്ചത്തെഴുത്തച്ഛന്റെയും പുത്രികൾ വിദുഷികളായിരുന്നുവെന്നു നാം കേട്ടിട്ടുള്ളതല്ലാതെ അവർ ഏതെങ്കിലും ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ടോ എന്നു് ഇപ്പോൾ കണ്ടുപിടിക്കുവാൻ നിവൃത്തി കാണുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ മനോരമത്തമ്പുരാട്ടിയുടെ കാലംവരെ മലയാളത്തിൽ കവയിത്രികൾ ഉണ്ടായിട്ടുണ്ടോ എന്നുള്ളതു സന്ദിഗ്ധമാണു്.

പണ്ഡിതോത്തമയും, കാവ്യരസികകളിൽ അഗ്രഗണ്യയും, ആര്യർ അടിതിരിപ്പാട്ടു മുതലായമഹാകവികൾക്കു ഗുരുസ്ഥാനം വഹിച്ച മഹാഭാഗയും ആയ ആ സ്ത്രീരത്നത്തിന്റെ നാമധേയം ഇന്നും രോമാഞ്ചത്തോടുകൂടാതെ എങ്ങനെയാണു സ്മരിക്കുന്നതു് ? തമസ്സംവൃതമായ ഒരു രാജ്യത്തിൽ വിദ്യുച്ഛക്തിയാൽ ജ്വലിക്കുന്ന ദീപത്തിനൊപ്പം ശൈലാബ്ധീശ്വരകുലത്തെ അലങ്കരിച്ച ആ രാജ്ഞിയുടെ ചരിത്രം ഒരാഖ്യായികപോലെ രസകപ്രദമാകുന്നു. തനിക്കരുതുപനല്ലാത്ത ഒരു ഭർത്താവോടുകൂടി ആ വിദുഷി വസിക്കുവാനിടവന്നതും അതു സംബന്ധിച്ചു കവികളുമായുണ്ടായ വാഗ്വാദത്തിൽ തമ്പുരാട്ടി 'യോഷാദോഷം മൃഷാ യഃ കഥയതി വിദുഷേ ഹന്ത! തസ്മൈ നമോസ്തു.'' എന്നവസാനിക്കുന്ന അതിവിശിഷ്ടമായ പദ്യവും മറ്റും നിർമ്മിച്ചതും ഇന്നും സാഹിത്യരസികന്മാർ എത്ര

Digitized By Kerala Sahitya Akademi

മനമഴിഞ്ഞൊണ്ട് വണ്ണ്ണ്ടിക്കുന്നതു് ? ആ തിരുമനസ്സിലേ സംസ്കൃതപദ്യങ്ങൾ കിട്ടുന്നിടത്തോളം ഒന്നിച്ചുചേത്തച്ചടിപ്പിക്കുവാൻ സ്വദേശാഭിമാനികളായ 'കേരളഗ്രന്ഥമാലാ'പ്രവത്തകന്മാർ യത്നിക്കുമെന്നു വിശ്വസിച്ചുകൊള്ളുന്നു.

അക്കാലത്തും അതിനുമുമ്പും ചന്ദ്രോത്സവകാരന്റെ 'മേദിനീവെണ്ണിലാവി'നെപ്പോലെ 'ശാകുന്തളം തദനു മാളവികാഗ്നിമിത്രം' ഇത്യാദി സംസ്കൃതകൃതികളേയും 'വൈകിനക്കുറു" ഭാവമധുരങ്ങളായ മണിപ്രവാളകാവ്യങ്ങളേയും വായിക്കുന്നവരും 'മന്ദാരകുന്ദമകരന്ദാദി' പതുഷ്പതരങ്ങളായ പദങ്ങൾ മാത്രം "ചെവിയിൽ പോരുന്നവരായും" അനേകം സാഹിത്യരസികകളും കവയിത്രികളും ജീവിച്ചിരുന്നിരിക്കണം. എന്നാൽ അവരുടെ കൃതികൾ ഒക്കെയും ഇപ്പോൾ നശിച്ചുപോയിരിക്കുന്നു.

'മകയിരംതിരുനാൾ തമ്പുരാട്ടി' 'ഉമാദേവിത്തമ്പുരാട്ടി' മുതലായി ചില രാജ്ഞിമാർ ചില ഓട്ടൻതുള്ളൽപാട്ടുകൾ രചിച്ചിട്ടുണ്ട്. അവയിൽ ചിലതൊക്കെയും അച്ചടിച്ചിട്ടുമുണ്ട്. നമ്പിയാരുടേയും വിദ്വാൻ കോയിത്തമ്പുരാന്റേയും തുള്ളൽക്കഥകളോട തുല്യങ്ങളല്ലെന്നു വിചാരിച്ചു് അവയ്ക്കു രസികത്വമില്ലെന്നു പറയുന്നതു് അസംബന്ധമായിരിക്കും. വേണ്ടദിക്കിൽ ശബ്ദാഡംബരവും സാമാന്യംപോലെ അത്ഥഭംഗിയും ക്ലേശകരമായ ഭക്തിരസപ്രവാഹവും അവയിലുണ്ടെന്നു് ഏതു കാവ്യപരിശോധകനും സമ്മതിക്കുന്നതാണു്.

ഇദാനീന്തനകാലത്തിലേ പ്രധാനപദ്യകർത്രികൾ നാട്ടനീങ്ങിയ റാണി ലക്ഷ്മീഭായി ആറ്റിങ്ങൽ മുത്തതമ്പുരാൻ തിരുമനസ്സുകൊണ്ടു്, കൂട്ടിക്കുഞ്ഞുതങ്കച്ചി, കൊച്ചി വലിയ ഇക്കുവമ്മ തമ്പുരാൻ തിരുമനസ്സുകൊണ്ടു്, ശ്രീമതി തോട്ടത്തുപാട്ടു് ഇക്കാവമ്മ, കടത്തനാട്ട ലക്ഷ്മീറാണി, പരുവക്കാട്ടു് അമ്മുഅമ്മ, കരുവേലി ഗൌരിക്കുട്ടിഅമ്മ ഇവരാകുന്നു.

സകലസൽഗുണസമ്പന്നയും 'ശ്രീവഞ്ചിക്ഷ്മാവലരിപുകുലത്തിന്നൊരുത്തംസമുത്തു'മായിരുന്ന റാണി ലക്ഷ്മീഭായി സി. ഐ. തിരുമനസ്സിലേ കവിതാവാസന അസാധാരണമായിരുന്നു. അവിടുന്നു വളരെ ഒറ്റശ്ലോകങ്ങളും സങ്കീത്തനങ്ങളും കൈകൊട്ടിക്കളിപ്പാട്ടുകളും ഉണ്ടാക്കീട്ടുണ്ടു്. അവയിൽ നളചരിതം തിരുവാതിരപ്പാട്ടു മാത്രമേ അച്ചടിച്ചിട്ടുള്ളു. തിരുവിതാംകൂറിൽ സ്ത്രീവിദ്യാഭ്യാസാഭിവൃദ്ധിക്കായി അവിടുന്നു പലേ വിധത്തിലും യത്നിച്ചിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

കുട്ടിക്കുഞ്ഞുതങ്കച്ചിയുടെ ജീവചരിത്രം വിശദമായി കഴിഞ്ഞ ഒരു ലക്കം ''ലക്ഷ്മീഭായി''യിൽ കൊട്ടാരത്തിൽ ശങ്കുണ്ണി അവർകൾ പ്രസിദ്ധീകരിച്ചിരുന്നു. ഏകദേശം പൂർണ്ണായുസ്സിൽ ഈയിടയ്ക്ക് ചരമഗതിയെ പ്രാപിച്ച ആ സാദ്ധ്വിയുടെ കവിതാവാസന ലോകപ്രസിദ്ധമാകയാൽ അതിനെപ്പറ്റി ഇവിടെ വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല. തങ്കച്ചി മിത്രസഹമോക്ഷം മുതലായി ചില ആട്ടക്കഥകളും തിരുവനന്തപുരം സ്ഥലപുരാണം മുതലായി ചില കിളിപ്പാട്ടുകളും കിരാതം കൂത്തിപ്പാട്ടും അജ്ഞാതവാസം ഭാഷാനാടകവും മറ്റനേകം ഒറ്റശ്ലോകങ്ങളും പാട്ടുകളും ഉണ്ടാക്കീട്ടുണ്ട്; കവികുലസാർവഭൌമനായ ഇരയിമ്മൻതമ്പിയുടെ പുത്രിയിൽ കവിതാവാസന ഇത്ര നിരർഗ്ഗളമായി പരിലസിച്ചതു് ആശ്ചര്യ്യമാണോ? അജ്ഞാതവാസവും കിരാതവും ശാശ്വതങ്ങളായ ഗ്രന്ഥങ്ങളെന്നാണു് എന്റെ വിശ്വാസം. തങ്കച്ചിയുടെ കവിതയ്ക്കു് എന്തെങ്കിലും ഒരു ദോഷം പറവാനുണ്ടെങ്കിൽ അതു്, എഴുത്തച്ഛൻ, നമ്പിയാർ മുതലായി അപൂർവം ചിലരെ ഒഴിച്ചു മറ്റുള്ള പൂർവികകവികളെ ഒക്കെയും ഒന്നുപോലെ ബാധിക്കുന്ന, മണിപ്രവാളത്തിന്റെ ശ്രുദ്ധിഹീനതയാണു്. എന്നാൽ ആ ദോഷം എല്ലാദിക്കിലും കാണുന്നില്ലെന്നുള്ളതു പ്രത്യേകിച്ചു പറയേണ്ടിയിരിക്കുന്നു. അതായതു് സ്തോഭങ്ങളേയും രസങ്ങളേയും വർണ്ണിക്കുവാൻ തങ്കച്ചിക്കുള്ള സാമർത്ഥ്യം ഒന്നു വേറെതന്നെയാണു്.

''നാടും പാടേ വെടിഞ്ഞിട്ടടവികളിൽ നടന്നെങ്ങുമേ കാന്തരോടും
കൂടും താപങ്ങളോടും പരമെഴുമവമാനങ്ങളെല്ലാം സഹിച്ചും
വീടുംവിട്ടന്യഗേഹേ വിടുപണികളെടു-
ക്കേണ്ടതും വന്നു; കഷ്ട-
പ്പാടിന്നാരോടു ചൊൽവൂ ശിവശിവശിവനേ!
ശങ്കരാ! കിംകരോമി ?

എന്നുള്ള പാഞ്ചാലിയുടെ പ്രലാപവും,

ഉള്ളിൽകാമാർത്തനായ്പ്പുണ്ടഹിമകിരണനും
സൂതനെപ്പുല്ലിയില്ലേ ?
ചൊല്ലീടന്നെന്തു മാനക്ഷയമതിലുള്ളവാ-
യമ്മഹാനംബുജാക്ഷി ?

Digitized By Kerala Sahitya Akademi

എന്നുംമറ്റുമുള്ള കീചകന്റെ നിന്ദ്യോദങ്ങളായ ചോദ്യങ്ങളും എത്ര ഹൃദയംഗമമായിട്ടുണ്ടെന്നുള്ളതു് 'അജ്ഞാതവാസം' മനസ്സിരുത്തി വായിച്ചിട്ടുള്ളവക്കേ അറിഞ്ഞുകൂടൂ.

'കിരാതം' കൂറത്തിപ്പാട്ടിനു തിരുവിതാംകൂറിലുള്ള പ്രചാരം വാചാമഗോചരമാകുന്നു. കൂത്തിപ്പാട്ടുകളിൽ പ്രഥമസ്ഥാനത്തെ, നാടകങ്ങളിൽ ശാകുന്തളംപോലെ, ഇതു നിർവാദമായ് അർഹിക്കുന്നുണ്ടു്. കൂത്തിക്കളിക്കാർ ഇതല്ലാതെ അരങ്ങത്തു മുഖ്യമായി മറ്റൊന്നും ചൊല്ലിക്കേൾക്കാറുമില്ല. 'മന്നവനാം പാണ്ഡുവിന്റെ സുന്ദരകുമാരൻ' എന്നുംമറ്റുമുള്ള അതിലേ ലളിതമധുരങ്ങളായ ശീലുകൾ സഹൃദയന്മാരുടെ ഹൃദയത്തെ ഹഠാദാകർഷിക്കുന്നു.

തങ്കച്ചിക്കു കവിതാഭ്യാസനപോലെതന്നെ ഫലിതവും സ്വതസ്സിദ്ധമായിരുന്നുവെന്നുള്ളതു് എല്ലാവരും ധരിച്ചിട്ടുണ്ടോ എന്നറിവില്ല. ഒരിക്കൽ തങ്കച്ചി ഒരു "പാന"യുണ്ടാക്കി വിദ്വൽക്കുലാലങ്കാരമായ നാട്ടുനീങ്ങിയ വിശാഖംതിരുനാൾ തിരുമനസ്സിലേ തൃപ്പാദങ്ങളിൽ അടിയറവച്ചുകയും അവിടുന്നു മന്ദസ്മിതത്തോടുകൂടി 'എന്താണിതു്" എന്നു കല്പിച്ചു ചോദിച്ചതിനു മറുപടിയായി 'അടിയങ്ങൾക്കു് ഏതെടുത്തു കൈകാര്യം ചെയ്യാമോ അതു്.' എന്നു് ലേശവും കൂസൽകൂടാതെ അറിയിക്കുകയും ചെയ്തതായി കേട്ടിട്ടുണ്ടു്. സംഭാഷണവിഷയത്തിൽ തങ്കച്ചി ചെയ്തിട്ടുള്ള ഇത്തരം അത്ഭുതകർമ്മങ്ങൾ ഒന്നിച്ചുചേർത്തു് ഒരു പുസ്തകമായി എഴുന്നതിനും ആ സ്ത്രീരത്നത്തിന്റെ വകയായി ഇനിയും പ്രസിദ്ധീകൃതങ്ങളാകാതെ കിടക്കുന്ന കവിതകളെ അച്ചടിപ്പിക്കുന്നതിനും തങ്കച്ചിയുടെ പുത്രനും ഭാഷാഭിമാനിയുമായ ശ്രീമാൻ ചിത്രമെഴുത്തു പദ്മനാഭൻതമ്പി ശ്രമിക്കേണ്ടതാണു്.

സുഭദ്ര എന്നു തിരുനാമമുള്ള വലിയ ഇക്കൂഅമ്മതമ്പുരാൻ തിരുമനസ്സുകൊണ്ടു പാവനമായ കൊച്ചി രാജകുടുംബത്തിനു ഭൂഷണവും, വിദ്വാനും സർവകലാശാലയിൽ മലയാളപരീക്ഷകനുമായ കേരളവർമ്മ ബി. എ. തിരുമനസ്സിലേ മാതാവുമാകുന്നു. അവിടത്തേ വകയായ " രാമായണം യുദ്ധകാണ്ഡം പാന" മാണിക്കത്തു ശങ്കരമേനോൻ ബി. എ. അവർകൾ ഈയിടെ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ആ ഗ്രന്ഥത്തിന്റെ മുഖവുരയിൽ, 'സൌഭദ്രസ്തവം' മുതലായ അനേകം സസ്കൃതകാവ്യങ്ങളും മണിപ്രവാളത്തിൽ (1) പൂണ്ണത്രയീശനെക്കൊണ്ടു പാന; (2) അഷ്ടമിരോഹിണീമാഹാത്മ്യം കിളിപ്പാട്ടു്; (3) കംസവധം ശീതങ്കൻതുള്ളൽ; (4) അമൃതഹരണം പറയൻതുള്ളൽ; (5) ഭിക്ഷുഗീത ശീതങ്കൻതുള്ളൽ; (6) പൂതനാ

Digitized By Kerala Sahitya Akademi

മോക്ഷം പതിനെട്ടുവൃത്തം; (7) തുണാവത്തവധം; പന്ത്രണ്ടുവൃത്തം; (8) ധമ്മനിണ്ണയപാന; എന്നീപ്രബന്ധങ്ങളും ഈ വിദുഷിയുടെ കൃതികളായുണ്ടെന്നു പ്രസാധകൻ പ്രസ്താവിക്കുന്നു. രാജ്ഞിയുടെ

'നാരായണ! ത്വദവതാരകഥാവിരാജൽ-
സ്തോത്രസ്വരൂപസുതമാപ്തവതീ പുരാദ്യ
രാമാഭിഷേകവരഭൂഷണശോഭമാന-
പാനാഭിധാനതനയശ്ച തവ പ്രസാദാൽ.'

എന്നുള്ള സമർപ്പണപദ്യത്തിൽനിന്നു് അവിടത്തെ കവിതാവാസന അനുമേയമാകയാൽ വിസ്തരഭയംകൊണ്ടു പാനയിൽനിന്നു് ഈ ഘട്ടത്തിൽ ഉദാഹരണങ്ങൾ ഉദ്ധരിക്കുന്നില്ല.

തോട്ടയ്ക്കാട്ടു ഇക്കാവമ്മ, ഈയിടെ പ്രസിദ്ധീകരിച്ച 'ആയ്ശ്വാശതക'മുൾപ്പെടെ അനേകം കൃതികൾ രചിച്ചിട്ടുണ്ടെങ്കിലും അവയിൽ പ്രാധാന്യത്തെ അർഹിക്കുന്നതു 'സുഭദ്രാർജ്ജുനം' 'നളചരിതം' എന്നീ ഭാഷാനാടകങ്ങളാണെന്നു തോന്നുന്നു. സുഭദ്രാർജ്ജുനത്തെ സർവ്വകലാശാലക്കാർ ഒന്നിലധികം പ്രാവശ്യം പാഠപുസ്തകമായി തിരഞ്ഞെടുക്കുകയും, അനവധി നാടകസംഘക്കാർ അഭിനയത്തിനായി സ്വീകരിക്കുകയും ചെയ്തിട്ടുള്ളതിൽനിന്നുതന്നെ അതിന്റെ വൈശിഷ്ട്യം അനുമേയമാകുന്നു. സുഭദ്രാർജ്ജുനത്തിലേ കഥാബന്ധം രമണീയമായിരിക്കുന്നു. അതു കേവലം കുറെ സംഭാഷണവും അതിനിടയിൽ ചില ശ്ലോകങ്ങളും തിലതണ്ഡുലന്യായേന കൂട്ടിക്കലർത്തി സഹൃദയന്മാക്കു വൈരസ്യത്തെ ജനിപ്പിക്കുന്ന ഒരു ശ്രുപകാഭാസമാണെന്നു് ആരും വിവാദിക്കുമെന്നു തോന്നുന്നില്ല.

നല്ലാമോദമിയന്നു മാധവസഖൻ
മന്ദാനിലൻ ശ്രദ്ധമായ്
ചെല്ലുന്നു യതിപോലെ മാധവിയെയൊ-
ന്നാലിംഗനം ചെയ്യുവാൻ,''

എന്നുംമറ്റുമുള്ള പദ്യങ്ങളിൽ പ്രയോഗിച്ചിരിക്കുന്ന അലങ്കാരങ്ങൾ ഇക്കാവമ്മയ്ക്കു കവിയശസ്സു് അലഭ്യമായ ഒരു ഫലമല്ലെന്നു നമ്മെ അനായാസേന ബോധപ്പെടുത്തുന്നു.

ഇക്കാവമ്മയുടെ കവിതയിലേ ഗുണവും ദോഷവും ഞാൻ വിദ്യാർത്ഥിനികളുടെ ഉത്തരക്കടലാസുകളിൽ സാധാരണമായി കാണാറുള്ളവ

Digitized By Kerala Sahitya Akademi

തന്നേയാണു്. സ്ത്രീകൾക്കു പുരുഷന്മാരെപ്പോലെതന്നെ ചമൽക്കാരപൂർണ്ണമായും സർവതോമുഖമായും ഒരു ചോദ്യത്തിനുത്തരമെഴുതാൻ സാധിക്കുന്നില്ലെന്നിരിക്കട്ടെ; എങ്കിലും അവർ സംഗതിവിടാതെയും കവിതക്കുടാതേയും തങ്ങൾക്കറിയാവുന്നതു സംക്ഷിപ്തമായെഴുതുന്നതാണു് പതിവു്. സുഭദ്രാജ്ജുനത്തിലെ ശ്ലോകങ്ങൾക്കു് 'ഉമാവിവാഹ'ത്തിലെ 'വാമാങ്കത്തിങ്കൽ വാർപൂങ്കുഴൽ' ഇത്യാദിയായുള്ള പദ്യങ്ങളെ ജയിക്കുവാൻ ശക്തിയില്ല; എന്നാൽ അവ മറ്റു ചില പുരുഷഗർദ്ദഭങ്ങളുടെ പദ്യങ്ങളെപ്പോലെ ഹേയങ്ങളായി തോന്നുന്നതുമില്ല. ഇക്കാവമ്മയുടെ ശ്ലോകങ്ങൾക്കു പ്രധാനമായി ഞാൻ കാണുന്ന ഒരു ദോഷം അവയുടെ രചനയിലുള്ള ഉപരിപ്ലവത്വമാണു്.

" കാടൊക്കെത്തെണ്ടിമണ്ടിക്കമലനയനനെ—
കണ്ടുകിട്ടാഞ്ഞു കൂട്ടം—
കൂടിക്കൊണ്ടങ്ങു ഗോപീജനമഥ പുളിനേ
വാണുടൻ കേണിടുമ്പോൾ. "

എന്നു കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും

" കാലാരാതി കനിഞ്ഞിടുന്നതുവരെ-
ക്കാളംതപംചെയ്തു തൽ—
ക്കോലം പാതി പകുത്തെടുത്തൊരു കളർ—
ക്കുന്നിന്റെ കുഞ്ഞോമനേ! "

എന്നു ശീവൊള്ളി നാരായണൻനമ്പൂരി അവർകളും എഴുതുമ്പോൾ നമുക്കു് ആ സുകവികളുടെ ശബ്ദാർത്ഥങ്ങളിൽ ഉള്ള നിഷ്കൃഷ്ടം ക്ഷണേന അനുഭവവേദ്യമാകുന്നു. മേല്പറഞ്ഞ കവികൾ തങ്ങളുടെ പദ്യത്തെ കഴിവുള്ളിടത്തോളം രാകിത്തേച്ചു മിനുസപ്പെടുത്തിയല്ലാതെ വെളിക്കിറക്കുകയില്ല. അതുകൊണ്ടാണു് അവരുടെ കവിത സഹൃദയന്മാർ ഏതു വർത്തമാനപ്പത്രത്തിന്റെ കോണിൽകണ്ടാലും തൽക്ഷണം വായിച്ചു് അവയിലെ രസം ആസ്വദിക്കുവാൻ താല്പര്യപ്പെടുന്നതു്. ഇക്കാവമ്മയുടെ കവിത വായിക്കുമ്പോൾ മനസ്സിരുത്തിയാൽ ഈ ഗ്രന്ഥകർത്രിക്കു ഇതിലും ഭംഗിയായി പദ്യം രചിക്കാവുന്നതാണെന്നു മിക്ക ശ്ലോകങ്ങളും വിളിച്ചുപറയുന്നതുപോലെ തോന്നും. ഈ ഒരു ദോഷമേ ഞാൻ 'സുഭദ്രാജ്ജുന'ത്തിൽ കാണുന്നുള്ളു. കഴിയുന്നതും മനസ്സിരുത്തി ഒരു പദ്യകൃതി

Digitized By Kerala Sahitya Akademi

വാസനാബലവും പാണ്ഡിത്യവുമുള്ള ഈ കവയിത്രി നിർമ്മിച്ചുകാണുവാൻ ഞാൻ ആഗ്രഹിക്കുന്നു.

കടത്തനാട്ട ലക്ഷ്മീരാണി തിരുമനസ്സുകൊണ്ടു സന്താനഗോപാലം സംസ്കൃതകാവ്യവും ചില ഭാഷാപദ്യങ്ങളും ഉണ്ടാക്കീട്ടുണ്ടു്.

ശ്രീമതി കരുവേലി ഗൌരിക്കുട്ടിയമ്മയുടെ 'സന്താനഗോപാലം' ഭാഷാചമ്പുവും ശ്രീമതി പരുവക്കാട്ടു് അമ്മുഅമ്മയുടെ 'ഗോഗ്രഹണ' മണിപ്രവാളവും ദോഷരഹിതമായ കൃതികളാണു്. എന്നാൽ ഈ സ്ത്രീരത്നങ്ങൾ അതിൽപിന്നീടു് യാതൊരു ഗ്രന്ഥവും നിർമ്മിക്കാത്തതു് എന്തുകൊണ്ടാണെന്നറിയുന്നില്ല. 'ഒരു പുസ്തകം മാത്രമെഴുതുന്നവർ ഒരു പുസ്തകവുമെഴുതാത്തവരാണെ'ന്നു ഒരു ആംഗലകവിതാപരിശോധകൻ പ്രസ്താവിച്ചിട്ടുള്ളതു കേവലം അയഥാർത്ഥമല്ല. അതുകൊണ്ടു് ഈ വിദുഷികൾ ഇനിയും ഗ്രന്ഥനിർമ്മിതിക്കായി ഉദ്യമിക്കുമെന്നു കരുതുന്നു. ഇതു പോലെതന്നെയാണു് പ്രബോധചന്ദ്രോദയം പരിഭാഷാകർത്രികയുടെ കാര്യവും.

കാലക്രമേണ നല്ല കവയിത്രികളായിത്തീരത്തക്ക ലക്ഷണങ്ങളോടുകൂടിയ യുവതികൾ വർത്തമാനപ്പത്രങ്ങളിൽ പദ്യം പ്രസിദ്ധീകരിക്കുന്നതു് അഭിലഷണീയമാണു്. 'മനോരമ'യുടെ പദ്യങ്ങൾ അയച്ചുകൊണ്ടിരുന്ന ശ്രീമതി എസ്സു്. എൽ. ഗൌരിക്കുട്ടിഅമ്മ, അനേകപത്രങ്ങളിൽ പല ശ്ലോകങ്ങളും എഴുതീട്ടുള്ള ശ്രീമതി ചുനങ്ങാട്ടു കല്യാണിക്കുട്ടിയമ്മ, ഇപ്പോൾ 'കവനകൌമുദി'യിൽ ചില നല്ല പദ്യങ്ങളെഴുതുന്ന ശ്രീമതി ഒ. അമ്മുക്കുട്ടിയമ്മ എന്നീ വിദുഷികളുടെ നാമധേയങ്ങൾ ഇവിടെ വിശേഷിച്ചു സ്മരണീയമാണു്. ഇവർ തങ്ങൾ ആരംഭിച്ചിട്ടുള്ള സാഹിത്യവ്യവസായത്തെ വിടാതെ പിന്തുടർന്നു് അനശ്വരമായ യശസ്സിനു ഭാജനങ്ങളായി ഭവിക്കട്ടെ. അനന്തപുരത്തു കൊട്ടാരത്തിലെ തമ്പുരാട്ടിമാരുടെ സംസ്കൃതത്തിലും മലയാളത്തിലുമുള്ള അനേകം പദ്യങ്ങൾ വർത്തമാനപ്പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ആ മഹിളാമണികളുടെ വകയായി ചില ഭാഷാകൃതികൾ ഉള്ളതും അവയിൽ ഒന്നു് കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു പരിശോധിച്ചു അച്ചടിപ്പിക്കുവാൻ തയ്യാറാക്കിവച്ചിട്ടുള്ളതും ആകുന്നു. ഇതുപോലെതന്നെ ഇനിയും,

" നോക്കെത്താത്തവിധം കഠോരതരമാ-
മാഴത്തിലങ്ങാഴിയിൽ

Digitized By Kerala Sahitya Akademi

ചൊല്ലൊള്ളന്നൊരു രത്നജാലമുളവാ–
കുന്നുണ്ടു വേണ്ടോളവും;
വാസ്സും കാന്തിയൊട്ടും വനത്തിൽവിരിയും
പുഷ്പങ്ങളപ്പാടു നി–
ന്നാക്കും തെല്ലുപകാരമെന്നിയെ വൃഥാ
പോകുന്നതൽഗന്ധവും.''

എന്നു പറഞ്ഞതുപോലെ തിരശ്ശീലനീക്കി അരങ്ങത്തു കയറുവാൻ "മന്ദാക്ഷം പിന്നിൽനിന്നിട്ടിടയിടയിൽ വലിക്കുന്ന" കാവ്യകർത്രികൾ അനേകമുണ്ടായിരിക്കണം. അവരോടു എനിക്കു് ഒന്നേ പറവാനുള്ളു. അതു മറ്റൊന്നുമല്ലതാനും.

''ഇക്കാലത്തൊരുപണ്ടു തെറ്റുകളക–
ന്നുള്ളോരെഴുത്തെങ്കിലും
മുക്കാലും ശരിയാക്കിയങ്ങെഴുതിയാ–
ലൊട്ടല്ലതാശ്ചര്യമാം.''

എന്നുള്ള കാരണത്താൽ മാത്രം സ്ത്രീകളുടെ കവിതയെ പുരുഷന്മാർ ശ്ലാഘിക്കയില്ല. വാസനാബലവും താമ്രപർണ്ണിയിലെ പ്രവാഹവുമൊപ്പമാണു്. അവസ്സു 'വഴിയിൽ തങ്ങു'വാൻ മാത്രമില്ല. കവിയശസ്സോടും സമുദ്രത്തോടും ചേരുവാൻ ദൈവത്താൽ സങ്കല്പിക്കപ്പെട്ടവയെ തടുത്തുനിറുത്തുവാൻ ആർക്കുകഴിയും? നിങ്ങൾക്കു വാസനയുണ്ടെന്നു തോന്നുന്നപക്ഷം ലജ്ജയും ഭയവും ആവശ്യമില്ല.

''വാത്താ ച കൌതുകവതീ വിമലാ ച വിദ്യാ
ലോകോത്തരഃ പരിമളശ്ച കുരംഗനാഭേഃ
തൈലസ്യ ബിന്ദുരിവ വാരിണി ദുർന്നിവാര-
മേതത്ത്രയം പ്രസരതി സ്വയമേവ ഭൂമൌ.''

എന്നല്ലേ ആപ്തവാക്യം. മുറ്റുള്ള കവിതയെഴുതിക്കൊള്ളുവിൻ. വായിച്ചു് ആനന്ദിക്കുവാൻ ജനങ്ങൾ അസംഖ്യമുണ്ടാവും. ബലാദാകർഷണവും പരാശ്രയവും കവിതാവിഷയത്തിൽ പാടുള്ളതല്ല.

''പരാശ്രയം'' എന്നു പറഞ്ഞ ഈ അവസരത്തിൽ ഒരു കാര്യംകൂടി ഞാൻ കവികളെ അറിയിച്ചുകൊള്ളുന്നു. അനേകം പുരുഷന്മാർ സ്ത്രീകളുടെ പേരുവച്ചു പത്രങ്ങളിൽ എഴുതുകയും പുസ്തകങ്ങൾകൂടി നിർ

Digitized By Kerala Sahitya Akademi

ത്തികയും ചെയ്തിട്ടുള്ളതായി അറിവുണ്ട്. ഈ ഭ്രൂകാസത്വത്തിന്റെ ഉദ്ദേശ്യം എന്താണെന്നു് എനിക്കു് ഇന്നുവരെയും മനസ്സിലായിട്ടില്ല. ഈ കൂട്ടത്തിൽ ചില വൻകവികളും അപരാധികളാണെന്നു കാണുന്നതു പരിതാപജനകമാണു്. ഈ ദുഷ്ടന്മാർ സാഹിത്യചരിത്രകാരന്മാരെ വഞ്ചിക്കുന്നു. കവികൾ വടക്കാഞ്ചേരി നാരായണവാദ്ധ്യാരെന്നോ പടിഞ്ഞാറേത്തു കുഞ്ഞൻതമ്പുരാനെന്നോ ഇല്ലാപ്പേർവച്ചു പദ്യങ്ങളെഴുതുന്നതുകൊണ്ടു് ആക്ഷേപയാതൊരു നഷ്ടവുമില്ല. എന്നാൽ വാസ്തവത്തിൽ ജീവിച്ചിരിക്കുന്ന സ്ത്രീകൾ ഉണ്ടാക്കിയതാണെന്നുള്ള അബദ്ധവിശ്വാസം ജനമദ്ധ്യത്തിൽ അംകുരിപ്പിച്ചു സ്വകപോലകല്പിതങ്ങളായ പദങ്ങളെ നിർല്ലജ്ജം പ്രചരിപ്പിക്കുന്ന പുരുഷകിടങ്ങളെ സ്ത്രീകൾ വൽഗൽക്കുചമായും സഹസ്രതാളമായും അപഹസിക്കേണ്ടതാണു്. ഇംഗ്ലണ്ടിലെ കവയിത്രികൾക്കു പുരുഷന്മാരാകുവാനാണു് മോഹം. ജോജ്ജു എലിയട്ട്, ജോൺഒളിവർഹോബ്സ്, ലൂക്കാസ്മാലറ്റ് മുതലായ ആഖ്യായികാകർത്രികളുടെ അവസ്ഥ പ്രസിദ്ധമാണല്ലൊ. പുളിച്ചിമ്പോത്തു് അമ്മുണ്ണിഅമ്മയെന്നു വടക്കൻ 'ചക്കീചങ്കര'ത്തിന്റെ ഗ്രന്ഥകാരൻ തന്നെ നാമകരണം ചെയ്തുകൊള്ളുന്നതിലും എനിക്കു വിരോധമില്ല. സാക്ഷാൽ കുട്ടിക്കുഞ്ഞുതങ്കച്ചിയെ ഒരിക്കൽ ഒരു കവി കാണുവാൻ പോയിരുന്നു. സംഭാഷണമദ്ധ്യത്തിൽ ആ ആധുനികസരസ്വതി "ഞങ്ങളുടെ കാലം ഒന്നുവേറെ; ഇപ്പോഴത്തേതു് ഒന്നുവേറെ; ഇപ്പോൾ പെണ്ണുങ്ങൾക്കു കവിതാനിർമ്മാണത്തിനു് എത്ര മഹത്തായ സൌകര്യം സിദ്ധിച്ചിരിക്കുന്നു?" എന്നു പറഞ്ഞപ്പോൾ ശ്രോതാവു് 'അതേ, അതേ. ഇപ്പോൾ നോക്കുന്നിടത്തിലെല്ലാം ബാലികാപാഠശാലകളുണ്ടല്ലോ. എഴുത്തറിയാൻ വയ്യാത്ത സ്ത്രീകൾ ഇക്കാലത്തു ചുരുങ്ങും' എന്നു മറുപടിപറഞ്ഞു. തങ്കച്ചിയുടെ പരിഹാസസൂചകമായ മന്ദസ്മിതത്തിന്റെ താല്പര്യം ആ വിദ്വാനു മനസ്സിലായില്ല. 'അതല്ല ഞാൻ പറഞ്ഞതു്" എന്നു മധുരമായിത്തുടങ്ങി 'ഞാൻ കാവ്യനാടകങ്ങൾ പരിശീലിച്ചതിനുമേലാണു് പദ്യനിർമ്മാണത്തിനാരംഭിച്ചതു്. ആദ്യം എഴുതിയ ചില ശ്ലോകങ്ങൾ കാണിക്കുവാൻ എനിക്കു് എന്റെ സ്നേഹഭാജനമായ അച്ഛൻ ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അദ്ദേഹത്തിന്റെ കൈയിൽ അവ കൊടുത്തപ്പോൾ 'വരട്ടേ കവിതയ്ക്കിനിയും കാലമായില്ല; അലങ്കാരവും വ്യാകരണവുംകൂടി കഴിഞ്ഞു ബുദ്ധിക്കു പരിപക്വതയും അസാമാന്യമായ ലോകപരിചയവും വന്നതിനുമേലല്ലാതെ പദ്യനിർമ്മാണം പാടില്ല.' എന്നാണു് അദ്ദേഹം ശാസിച്ചതു്. ഇപ്പോൾ അതൊക്കെപ്പോയില്ലേ? നിങ്ങളെപ്പോലെയുള്ളവർ ഏതു പെണ്ണിന്റെപേരുംവച്ചു എന്തുവേണമെങ്കിലും പ്രസിദ്ധപ്പെടുത്തുവാൻ തയ്യാറുള്ളപ്പോൾ സ്ത്രീകൾക്കു ഗ്രന്ഥനിർമ്മാണത്തിനു് എന്താണു് വൈഷമ്യം? പക്ഷേ അവർ നിങ്ങളുടെ ഈ സഹായം ആവ

Digitized By Kerala Sahitya Akademi

ശ്യമില്ലെന്നു നിങ്ങൾക്കു രജിസ്റ്റർചെയ്തു് എഴുതിഅയയ്ക്കുവാത്തതു് അവക്കു് എഴുതുവാനും വായിക്കുവാനും അറിവില്ലാത്തതുകൊണ്ടു മാത്രമാണു്.' എന്നു് അവസാനിപ്പിച്ച ഉത്തരം ശ്രോതാവിന്റെ ഹൃദയമർമ്മങ്ങളെ ഭേദിച്ചിരിക്കണമെന്നു ഞാൻ വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

"യഥാ സ്ത്രീണാം തഥാ വാചാം
സാധുതൈ ദുർജ്ജനോ ജനഃ. !!

എന്നുള്ള ഉത്തരരാമചരിതത്തിലേ പ്രസിദ്ധമായ ശ്ലോകാർദ്ധത്തിൽ മേൽ പറഞ്ഞ ദുഷ്പ്രവികളുടെ ശല്യംനിമിത്തം 'സ്ത്രീണാം' എന്ന പദത്തെ 'സാധുതൈ' എന്നതിനു പകരം 'വാചാം' എന്നതിനോടു് അന്വയിക്കുവാൻ സഹൃദയന്മാർ പ്രേരിതരായിപ്പോകുന്നു. ശ്രീമതി ഇക്കാവമ്മതന്നെ കവയിത്രീപദത്തെ പ്രാപിക്കുവാൻ കാംക്ഷിക്കുന്ന ആധുനിക വിദുഷികളുടെ ഒരു സംക്ഷിപ്തചരിത്രമെഴുതി പ്രസിദ്ധപ്പെടുത്തുന്നതു ഭാവിയിൽ ഏറ്റവും ഉപയുക്തമായിരിക്കും.

ഇനി ഗദ്യകർത്തൃികളെപ്പറ്റിയാണല്ലോ രണ്ടുവാക്കു പറയേണ്ടതു്. അവരിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു 'നമ്മുടെ അമ്മമാരാണി' 'ഈസ്സോപ്പിന്റെ സാരോപദേശകഥകൾ' മുതലായ ഗ്രന്ഥങ്ങളുടെ നിർമ്മാത്രിയും 'ശാരദ' എന്ന പത്രഗ്രന്ഥത്തിന്റെ പ്രസാധികയും ആയ ശ്രീമതി ടി. സി. കല്യാണിയമ്മയാണു്. ഈ വിദുഷിയുടെ വാചകങ്ങൾക്കുള്ള മസൃണതയും ലാളിത്യവും സ്വതസ്സിദ്ധമാണു്. മേലും ഇവയെക്കാൾ വലിയഗ്രന്ഥങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്തുവാൻ ഇവക്കു സംഗതിവരട്ടെ. മിസിസ്സു് സക്കേറിയ മുതലായി ഗദ്യഗ്രഥനത്തിൽ വാസനയുള്ളവരായ സ്ത്രീകൾ അലസകളായിരിക്കാതെ ഭാഷാപോഷണത്തിനു തങ്ങളാൽ കഴിയുന്നിടത്തോളം ശ്രമിക്കേണ്ടതാണു്.

കോഴിക്കോട്ടെയും പാലക്കാട്ടെയും സ്ത്രീസമാജങ്ങൾ സ്ത്രീകളെ ഭാഷാപോഷണവിഷയത്തിൽ തൽപരകളാക്കിത്തീർക്കുന്നുണ്ടെന്നുള്ളതിനു തർക്കമില്ല. അതുപോലെതന്നെ സ്ത്രീകളുടെ പ്രത്യേകോപയോഗത്തിലേക്കായി പ്രസിദ്ധീകരിക്കപ്പെട്ടുന്ന 'ലക്ഷ്മീഭായി'യും 'ശാരദ'യും സ്ത്രീകളെ സാഹിത്യരസികകളാക്കുന്നുണ്ടു്. ആകപ്പാടെ നോക്കുന്നതായാൽ സ്ത്രീകൾ ചെയ്യേണ്ട സാഹിത്യപോഷണം ഇനിയും കർത്തവ്യപരിധിക്കുള്ളിൽ നില്ക്കുന്നതേയുള്ളു. ഇതുവരെ അവരെക്കൊണ്ടുണ്ടായിട്ടുള്ള സഹായം സ്മരണീയമാണെങ്കിലും സാരമെന്നു പറവാനില്ല. പാർസിസ്ത്രീ

Digitized By Kerala Sahitya Akademi

കളേയും ബങ്കാളിസ്ത്രീകളേയും കേരളസ്ത്രീകളുമായി താരതമ്യപ്പെട്ടുത്തി നോക്കുമ്പോൾ നമ്മുടെ കവയിത്രികൾക്കും ഗദ്യകർത്രികൾക്കും അശേഷം അഹമ്മതിക്കു് അവകാശമില്ല. ഇംഗ്ലീഷു, സംസ്കൃതം, എന്നീ ഭാഷകളിൽ സ്ത്രീകൾക്കു പൂർവാധികമായ ജ്ഞാനം ഉണ്ടാകുന്നതോടുകൂടി മലയാളവും, ഗുജറാത്തിയേയും ബംഗാളിയേയും പോലെ സവിശേഷം സ്ത്രീപോഷിതമായിത്തീരുമെന്നു നമുക്കു ന്യായമായി ആശംസിക്കാം.

(1082–ധനു)

Digitized By Kerala Sahitya Akademi

20. ആധുനികഭാഷാകവിത

മുൻകാലത്തെ മണിപ്രവാളകവിതയിൽനിന്നു് ഇന്നത്തെ ഭാഷാകവിത വളരെ ഭേദപ്പെട്ടിട്ടുണ്ടു്. നവീനസമ്പ്രദായത്തിനു് അസ്ഥിവാരക്കല്ലിട്ടതു പൂന്തോട്ടത്തു നമ്പൂതിരിയും വെണ്മണി അച്ഛൻനമ്പൂതിരിപ്പാട്ടുമാണു്. ഈ പ്രസ്ഥാനത്തിന്റെ ലക്ഷണങ്ങൾ മണിപ്രവാളശുദ്ധി, പദസ്നിഗ്ധത, പ്രാസനിഷ്ഠം ഇവയാണെന്നു ശ്രീമാൻ സി. പി. അച്യുതമേനോൻ ബി. എ. അഭിപ്രായപ്പെട്ടതു.

പ്രാചീനകവികളിൽ എഴുത്തച്ഛനേയും കുഞ്ചൻനമ്പിയാരേയും ഒഴിച്ചാൽ ശേഷംപേക്കു മണിപ്രവാളശുദ്ധി മുതലായ വിഷയങ്ങളിൽ അശേഷം നിഷ്ഠ കാണുന്നില്ല. ആ രണ്ടു മഹാകവികൾ തന്നെയും പ്രായേണ ദ്രാവിഡവൃത്തങ്ങളെ ആശ്രയിക്കുകയാലാണു് അവക്കു് ആ നിഷ്ഠ സഫലീഭവിച്ചതു്. നമ്പിയാർ സംസ്കൃതവൃത്തങ്ങളിൽ നിബ്ധിച്ച ശ്രീകൃഷ്ണചരിതം കാവ്യത്തിനും ദ്രാവിഡവൃത്തങ്ങളിൽ എഴുതിയ ഭാഗവതം ഇരുപത്തിനാലുവൃത്തത്തിനും തമ്മിൽ രചനാരീതിയിൽ വ്യത്യാസമുണ്ടു്. അപ്രസിദ്ധ സംസ്കൃതപദങ്ങൾ, സംസ്കൃതക്രിയാപദങ്ങൾ, സംസ്കൃതവിഭക്തിപ്രത്യയങ്ങൾ ഇവയുടെ പ്രയോഗം ശ്രീകൃഷ്ണചരിതത്തിൽ അവിടവിടെ കാണ്മാനുണ്ടു്. "വസ്തുമേതദുൽസൃജാമി ചാമിവ" മുതലായ വിലക്ഷണപ്രയോഗങ്ങൾക്കു് ഉണ്ണായിവാരിയരുടെ നളചരിതം ആട്ടക്കഥതന്നെയാണു് സങ്കേതമെങ്കിലും അന്യകവികളും ഈ വിഷയത്തിൽ ഏറെക്കുറെ അപരാധികൾ തന്നെയായിരുന്നു. ഉണ്ണുനീലിസന്ദേശം, ചന്ദ്രോത്സവം, മുതലായ ഖണ്ഡകാവ്യങ്ങളിലും, രാമായണം, ഭാരതം മുതലായ ചമ്പുക്കളിലും, കിമ്മീരവധം, പൌണ്ഡ്രകവധം മുതലായ ആട്ടക്കഥകളിലും മണിപ്രവാളശുദ്ധി ലവലേശമില്ല.

പദസ്നിഗ്ധതയുടെ കാര്യം ആ കാലത്തു സന്നിഗ്ധമായിരുന്നു. പ്രാചീനസമ്പ്രദായത്തിന്റെ നഷ്ടശിഷ്ടങ്ങൾ ജാനകീപരിണയം നാടകത്തിൽക്കൂടി കാണാവുന്നതാണു്. വ്യത്യനപ്രസാദിശബ്ദാലങ്കാരങ്ങളിൽ ശ്രദ്ധവച്ചു കണ്ണസുഖം ഉണ്ടാക്കുന്ന പദ്യങ്ങൾ നിബ്ധിക്കുന്നതിനുള്ള താല്പര്യവും പ്രാചീനന്മാക്കുണ്ടായിരുന്നില്ല.

Digitized By Kerala Sahitya Akademi

എന്നാൽ ആ കാലം ഇനി തിരിയെ വരാത്തവണ്ണം പൊയ്പോയിരിക്കുന്നു. "പാലാഴിമഥനം" എന്നൊരൊറ്റ ഭാഷാചമ്പുവല്ലാതെ പഴയതോതനുസരിച്ചു യാതൊരു പദ്യഗ്രന്ഥവും ഈയിടയ്ക്കുണ്ടായിട്ടില്ല. "പൂമെത്തേലെഴുനേറ്റിരുന്ന ദയിതേ! പോകുന്നു ഞാൻ" ഇത്യാദി പദ്യങ്ങൾ പൂന്തോട്ടത്തുനമ്പൂതിരി എഴുതിത്തുടങ്ങിയപ്പോൾ ഭാഷാകവിത സംസ്കൃതത്തിന്റെ ദാസ്യത്തിൽനിന്നു വിമുക്തയായി. ആ രീതിയെ വെണ്മണിനമ്പൂരിപ്പാടന്മാർ, നടുവത്തു് അച്ഛൻനമ്പൂരി, കൊട്ടങ്ങല്ലൂർ തമ്പുരാക്കന്മാർ മുതൽപേർ പ്രചരിപ്പിച്ചു. അതിനെത്തന്നെയാണു് അനന്തരകവികൾ ആദരിക്കുന്നതു്.

അതോടുകൂടി ദേശ്യഭാഷാപദങ്ങൾ, കുസുമ്പികൾ ഇവ വർജ്യമാണെന്നുള്ള ബോധം കവികൾക്കു് ഉണ്ടായിത്തുടങ്ങി. മാത്താണ്ഡവർമ്മയിലേ ശങ്കുആശാനോ ധർമ്മരാജാവിലെ ചന്ത്രക്കാരനോ മാത്രം ഉപയോഗിക്കാവുന്ന പദങ്ങൾക്കു കവിതയിൽ പ്രവേശമില്ലെന്നു വന്നുകൂടി. "വാഴ്ത്തിപ്പരത്തുന്നഹോ" "അഗജാ പാലിക്കണം നിങ്ങളെ" മുതലായ പ്രയോഗങ്ങൾക്കും ഭംഗിയില്ലെന്നു് ആധുനികകവികൾ സാമാന്യേന ധരിച്ചുവച്ചിട്ടുണ്ടു്.

പണ്ടു സംസ്കൃതവൃത്തങ്ങളിൽ ഉള്ള ഭാഷാപദ്യങ്ങൾ പ്രായേണ യതിഭംഗദുഷ്ടമായിരുന്നു. നവീനപ്രസ്ഥാനത്തിൽ യതിഭംഗത്തെ വലുതായ ഒരു ദോഷമായിട്ടാണു് കരുതിയിരിക്കുന്നതു്. ഇതു വളരെ ആവശ്യകവുമാണു്. സംസ്കൃതകവികൾക്കു പ്രസ്തുതവിഷയത്തിൽ എത്രമാത്രം നിർബ്ബന്ധമുണ്ടെന്നു് അവരുടെ ഏതു ഗ്രന്ഥം നോക്കിയാലും നമുക്കു കാണാവുന്നതാണു്.

എന്നാൽ ഈ പരിഷ്കാരങ്ങളെല്ലാം ശബ്ദത്തെ സംബന്ധിച്ചു് മാത്രമാണെന്നുള്ള ഭാഗം നാം പ്രത്യേകം ഓർമ്മിക്കണം. അർത്ഥത്തെ സംബന്ധിച്ചു വെണ്മണി നമ്പൂരിപ്പാടന്മാർ വിശേഷവിധിയായി യാതൊരു നിഷ്കർഷയും ചെയ്തിരുന്നില്ല. എന്നു മാത്രമല്ല, അവരും അവരുടെ അനന്തരഗാമികളും കേവലം ബാഹ്യാഡംബരത്തിൽ ഭ്രമിച്ചു് അർത്ഥത്തിൽ വേണ്ടപോലെ ശ്രദ്ധിക്കാതെയുമായി. മണിപ്രവാളശ്ലോകങ്ങളിൽനിന്നു വ്യതിരിക്തമായ ഭാഷാപദ്യങ്ങൾതന്നെ ആദ്യമായ് അമ്മായിശ്ലോകങ്ങളുടെ സമ്പ്രദായത്തിലാണു് പുറപ്പെട്ടുതുടങ്ങിയതു്. ആ പുവ നവീനപ്രസ്ഥാനത്തിന്റെ മാഗ്ദർശികളുടെ കൃതികളിൽ ഏറെക്കുറെ നിലനിന്നുപോന്നു. നിരർത്ഥകപദങ്ങൾ പ്രയോഗിക്കുന്നതിനു് അവക്കു് ഒരു കുസലുമുണ്ടായിരുന്നില്ല. "പിന്നെ പ്രിയേണ പികഭാഷിണി" ഇത്യാദി പദ്യങ്ങൾ ഇന്നു് ആക്ഷേപിക്കുകയുമെഴുതി പ്രസിദ്ധീകരിക്കുവാൻ ധൈ

Digitized By Kerala Sahitya Akademi

യ്യുംവരുമെന്നു തോന്നുന്നില്ല. പ്രാചീനപ്രസ്ഥാനത്തിലുള്ള ചന്ദ്രോത്സവത്തിലെ ഓരോ പദ്യവും എത്ര സന്ദർഭോചിതമായും ഭാവഗർഭമായും രസപൂർണ്ണമായുമിരിക്കുന്നു ? നവീനപ്രസ്ഥാനത്തിലുള്ള ഭ്രതിഭ്രഷചരിതത്തെപ്പറ്റി ആ വിധത്തിൽ ഒരഭിപ്രായം പറവാൻ ആക്കെങ്കിലും സാധിക്കുമോ ? ഒരിക്കലും ഇല്ല. ആകപ്പാടെ ഭാഷാകവിതയ്ക്കു ശബ്ദത്തിൽ കിട്ടിയ ലാഭം അർത്ഥത്തിൽ പോയി എന്നാണു് വന്നുകൂടിയതു്.

ഈ സങ്കടത്തിൽനിന്നു ഭാഷാകവിതയെ മോചിപ്പിച്ചതു ചങ്ങനാശേരി രവിവർമ്മകോയിത്തമ്പുരാനും വള്ളത്തോൾ നാരായണമേനോനുമാണു്. അതിനു മുൻപുതന്നെ കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും കൊട്ടാരത്തിൽ കൊച്ചുണ്ണിത്തമ്പുരാനവർകളും ശബ്ദാർത്ഥങ്ങളിൽ തുല്യ നിഷ്കൃഷ്ടത്തോടുകൂടി ഭാഷയിൽ കവനം ചെയ്തുകൊണ്ടു വന്നിരുന്നു. എന്നാൽ അവരെ സാമാന്യജനങ്ങൾ അമാനുഷന്മാരെന്നു സങ്കല്പിച്ചിരുന്നതിനാൽ ആരും ആദ്യം അവരെ അനുകരിക്കുവാൻ ധൈര്യപ്പെട്ടില്ല. വലിയ ശാസ്ത്രപാണ്ഡിത്യമൊന്നും കൂടാതെ വാസനമാത്രമുണ്ടെങ്കിൽ ശബ്ദാർത്ഥങ്ങളിൽ ഒന്നുപോലെ നിഷ്കൃഷ്ടിച്ചു സഹൃദയഹൃദയാഹ്ലാദകങ്ങളായ പദ്യങ്ങൾ നിർമ്മിക്കാമെന്നു് ആദ്യമായി കാണിച്ചതു ചങ്ങനാശേരി ലക്ഷ്മീപുരത്തു രവിവർമ്മകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടാണു്.

" ശ്രീമൽകുമാരപുരിയിൽ
കോമളഘനനീലകാന്തികൈക്കൊള്ളും
ഓമൽകല്പകലതയൊ—
ന്നാമോദമൊടേറ്റമുല്ലസിക്കുന്നു.

ലളിതകരത്തളിരുകളും
കുളിരുചികരിക്കുന്തലാകുമളിനിരയും
കുളിർ**യാം പൂങ്കുലയും
നലമോടിതിൽ നിത്യവും വിളങ്ങുന്നു. "

ഇത്യാദി പദ്യങ്ങൾ ഭാഷയിൽ കണ്ടപ്പോൾ സംസ്കൃതത്തിനും മലയാളത്തിനും തമ്മിൽ വേഷംകൊണ്ടല്ലാതെ വ്യത്യാസമില്ലെന്നും സംസ്കൃതത്തിലെന്നപോലെ മലയാളത്തിലും വശ്യവാക്കുകളായ വാസനാകവികൾക്കു അർത്ഥഭ്രയിഷ്ഠങ്ങളായ പദ്യങ്ങൾ രചിക്കുവാൻ പ്രയാസമില്ലെന്നും ജനങ്ങൾക്കു ബോധംവന്നു. ഈ ബോധത്തെ വള്ളത്തോൾ നാരായണമേനോൻ മുതലായവരുടെ കവിതകൾ ദൃഢീകരിച്ചിട്ടുമുണ്ടു്. കവനകൌ

Digitized By Kerala Sahitya Akademi

മുദിയുടെ ഏതദ്വിഷയകമായ പ്രയത്നം ഭാഷാഭിമാനികളുടെ പ്രശംസയ്ക്കു സർവഥാ അർഹമാണു്.

ഇപ്പോഴും രസത്തിൽ കവികൾ വേണ്ടപോലെ ശ്രദ്ധിക്കുന്നുണ്ടോ എന്നു സംശയമാണു്. ഇടയ്ക്കു് അജ്ഞാതനാമാവായ ഒരു കവി കവനകൌമുദിയിൽ എഴുതിയിരുന്ന ശൃംഗാരവിംശതി എത്ര മനോഹരമായിരുന്നു! * സർവതോമുഖമായ നിഷ്കൃഷ്ടത്തോടുകൂടി ആ തരത്തിൽ കവിതയെഴുതുവാൻ കഴിയുന്നവരെല്ലാം ശ്രമിക്കേണ്ടതാണു്.

ശബ്ദഭംഗിക്കുവേണ്ടി അപൂർവം ചിലർ അപശബ്ദങ്ങളേയും അർത്ഥദാരിദ്ര്യം നീക്കുവാൻ ഔചിത്യബോധമില്ലാതേ അലങ്കാരങ്ങളേയും പ്രയോഗിച്ചുതുടങ്ങിയിരിക്കുന്നതായി കാണുന്നതു ശോചനീയമാണു്. കാവ്യനാടകാലങ്കാരങ്ങളിൽ സാമാന്യവ്യുല്പത്തിയെങ്കിലും സമ്പാദിച്ചതിനുമേലല്ലാതെ കവിത എഴുതരുതു് എന്നുവച്ചാൽ എത്ര നന്നായിരിക്കും? അവ്യുല്പന്നന്മാരും വാസനയില്ലാത്തവരുമായ ഒരു കൂട്ടമാളുകളുടെ ഉപദ്രവമാണു് അസഹ്യമായിത്തീർന്നിരിക്കുന്നതു്. ഇതു പണ്ടത്തെകാലത്തു് ഇത്രതന്നെ ഉണ്ടായിരുന്നതായി തോന്നുന്നില്ല.

നാടകം ഭാഷയിൽ ആദ്യമായുണ്ടായതു് ആധുനികകാലത്താണല്ലോ. സ്വതന്ത്രകൃതികളായ നാടകങ്ങളിൽ പലതും മോശമാണെങ്കിലും കല്യാണീനാടകം മുതലായവയ്ക്കു് ആസ്വാദ്യതയുണ്ടു്.

ഈയിടയ്ക്കു് ആരംഭത്തെ നാടകങ്ങൾ നിമ്മിച്ചുകാണുന്നില്ല. സംഗീതനാടകം വരികനിമിത്തം സാക്ഷാൽനാടകം അനുമിക്കുകയാണെങ്കിൽ അതില്പരം സങ്കടം യാതൊന്നുമില്ല. ഇംഗ്ലീഷുസമ്പ്രദായത്തിൽ ആരെങ്കിലും ഒരു നല്ലനാടകം മലയാളത്തിൽ എഴുതിക്കണ്ടാൽകൊള്ളാം.

സന്ദേശകാവ്യങ്ങളിൽ കാലംകൊണ്ടു് ഒന്നാമത്തേതു് ഉണ്ണുനീലിസന്ദേശമാണെങ്കിലും കായ്മംഒകൊണ്ടു് ഒന്നാമത്തേതു് മയൂരസന്ദേശംതന്നെയാണു്. പി. ജി. രാമയ്യരുടെ വിപ്രസന്ദേശവും ഹൃദ്യമാണു്. മഹാകാവ്യങ്ങൾ ഇദംപ്രഥമമായി ഭാഷയിലുണ്ടായതും ആധുനികകാലത്താണു്.

പച്ചമലയാളകവിത എന്നുള്ളതു് ഒരു സ്മരണീയമായ നവീനപ്രസ്ഥാനമാണു്. ഇതിന്റെ മാഗ്ദർശി കുഞ്ഞിക്കുട്ടൻതമ്പുരാനാണെങ്കിലും

---

* ഇതു വള്ളത്തോളിന്റെ വിലാസലതികയിലെ ഒരു ഭാഗമെന്നു പിന്നീടു മനസ്സിലായി.

Digitized By Kerala Sahitya Akademi

ഈ വഴി വെട്ടിത്തെളിച്ചു സഞ്ചാരയോഗ്യമാക്കിയതു ശ്രീമാൻ കുണ്ടൂർ നാരായണമേനോനാണെന്നുള്ളതു ഭാഷാഭിമാനികൾ എല്ലാക്കാലത്തും ഓർമ്മിക്കുന്നതാണു്.

രാമായണം, മഹാഭാരതം, ദേവീഭാഗവതം മുതലായ ഗ്രന്ഥങ്ങളുടെ വൃത്താനുവൃത്തമായ തർജ്ജിമയും ഇക്കാലത്തെ വിശേഷസംഭവങ്ങളിൽ ഒന്നാണു്. പരേതനായ മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ കുറേനാൾ കൂടി ജീവിച്ചിരുന്നു എങ്കിൽ പതിനെട്ടു പുരാണവും നമുക്കു ഭാഷയായി കിട്ടുമായിരുന്നു. ഇനി ആ അതിമോഹം അസാദ്ധ്യമാണെങ്കിലും ശ്രീമൽഭാഗവതം മാത്രമെങ്കിലും ആരെങ്കിലും തർജ്ജിമചെയ്യുതരാതെ നിവൃത്തിയില്ലാത്തതിനാൽ * അതിലേക്കായി മഹാകവികളോടു പ്രാർത്ഥിച്ചുകൊള്ളുന്നു.

ദ്രാവിഡവൃത്തങ്ങളിലും പല നല്ല കൃതികളും ഈയിടയ്ക്കു പ്രസിദ്ധമായിട്ടുണ്ടു്. ഹാലാസ്യമാഹാത്മ്യം, ലക്ഷ്മീസ്വയംവരം, ജ്ഞാനവാസിഷ്ഠം, കല്ലിപുരാണം മുതലായ കിളിപ്പാട്ടുകൾ വളരെ നന്നായിട്ടുണ്ടു്. വൻകിടയിൽ അശ്വതിതിരുനാൾ ഇളയതമ്പുരാനേയോ കോട്ടയത്തു രാജാവിനേയോ ജയിക്കത്തക്ക ആട്ടക്കഥകളൊ നമ്പിയാരോട്ടു് അടുക്കുന്ന തുള്ളലുകളോ രാമപുരത്തുവാരിയക്കു ലജ്ജതോന്നത്തക്ക വഞ്ചിപ്പാട്ടുകളോ ആധുനികകാലത്തു് ഉണ്ടായിട്ടില്ലെന്നുള്ളതു നമുക്കു് അഭിമാനക്ഷയമാണു്.

സംസ്കൃതവൃത്തത്തിൽ രചിക്കപ്പെട്ടന്ന പദ്യങ്ങൾ മുക്തകങ്ങൾ എന്നുള്ള നിലയിലേ ശോഭിക്കൂ എന്നും അനന്യഥാമായി ഒരു വിഷയത്തെ വർണ്ണിച്ചുകൊണ്ടുപോകുവാൻ ആ വൃത്തബന്ധനിയമം പ്രതിബന്ധമാണെന്നും ഒരു അപവാദമുള്ളതു യഥാർത്ഥമാണു്. ഇംഗ്ലീഷിൽ ബ്ലാങ്കു വെഴ്സിന്റെ സ്ഥാനത്തിൽ ഒരു കവിതാരീതി ഭാഷയിലും നാം കണ്ടുപിടിക്കേണ്ടതാണു്. ഇതിനു സംസ്കൃതവൃത്തങ്ങൾ പ്രയോജനപ്പെടുകയില്ല. കിളിപ്പാട്ടിലെ കേകാവൃത്തമാണു് ഞാൻ നോക്കിയിടത്തോളം ഭേദം. ആ വൃത്തത്തിൽ ദ്വിതീയാക്ഷരപ്രാസമില്ലാതെ ഇംഗ്ലീഷുസമ്പ്രദായത്തിൽ വാസനക്കാരായ കവികളാരെങ്കിലും ഒരു നാടകമെഴുതിക്കാണ്മാൻ ഞാൻ ആഗ്രഹിക്കുന്നു.

ഗതാനുഗതികത്വമാണു് ഭാഷാകവിതയ്ക്കു് ഇപ്പോഴുള്ള ഒരു വലിയ ദോഷം: ചെറിയ കഥകൾ തിരഞ്ഞെടുത്തു ഖണ്ഡകാവ്യമായി എഴു

---

* കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ ഇതു ഗാഥാരീതിയിൽ പിന്നീടു തർജ്ജിമചെയ്തു പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

Digitized By Kerala Sahitya Akademi

തുന്ന സമ്പ്രദായം കൊള്ളാമായിരുന്നു. ആ മാതിരി കവിത ഇപ്പോൾ വേണ്ടതിലധികമായിപ്പോയി എന്നാണു് എനിക്കു തോന്നുന്നതു്. "അതി സർവത്രവജ്ജയേൽ" എന്നാണല്ലോ അഭിയുക്തവചനം. ഛായാപഹരണം കഷ്ടമാണു്. സംസ്കൃതകാവ്യങ്ങളിലെ അത്ഥകല്പനകൾ തജ്ജിമയാണെന്നറിയിക്കാതെ അതേനിലയിൽ മലയാളത്തിൽ പകർത്തുന്നതു നല്ലതല്ല. പുരാണകഥകളെത്തന്നെ തിരിച്ചും മറിച്ചും മറിച്ചും തിരിച്ചും ഇട്ടടിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു് എന്തു പ്രയോജനമാണുള്ളതു്? കല്പനാശക്തി ആദ്യമായി പ്രവർത്തിക്കേണ്ടതു് ഇതിവൃത്തത്തിലാണു്. കുറച്ചു് എഴുതിയാലും എഴുതുന്നതു നന്നായിരിക്കണമെന്നുള്ള വിചാരം കവികൾക്കു് എല്ലാറ്റിനുംമീതെ ഉണ്ടായിരിക്കണം.

തജ്ജിമയായും പല പദ്യഗ്രന്ഥങ്ങളും ഭാഷയിൽ ഉണ്ടാക്കേണ്ടതുണ്ടു്. ഷേക്സ്പീയർ, ഗേഥേ, എഷിലസ്, സൊഫൊക്ലീസ് മുതലായ പാശ്ചാത്യ കവികളുടെ നാടകങ്ങളും വേഡ്സ്വർത്ത് മുതലായ കവികളുടെ കാവ്യങ്ങളും ഭംഗിയായി ഭാഷാന്തരീകരിച്ചുകണ്ടാൽ കൊള്ളാം. ഭാഷാഭ്രഷണമല്ലാതെ മലയാളത്തിൽ മറ്റൊരു സമഗ്രമായ അലങ്കാരഗ്രന്ഥവും ഉണ്ടായിക്കാണാത്തതു ശോചനീയമാണു്. "ഉദയാലങ്കാരം" ഇടയ്ക്കുവച്ചു മുടങ്ങിപ്പോയി. വിദ്യാവിനോദിനിയിൽ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് എഴുതിക്കൊണ്ടിരുന്ന അലങ്കാരഗ്രന്ഥവും മുഴുവനായിട്ടുണ്ടെന്നു് തോന്നുന്നില്ല. അതു പൂർത്തിയാക്കിയാൽ കൊള്ളാമെന്നു് അവിടത്തെ സന്നിധാനത്തിൽ അപേക്ഷിക്കുന്നതോടുകൂടി മമ്മടന്റെ കാവ്യപ്രകാശം തജ്ജിമചെയ്തയോ മറ്റേതെങ്കിലും സ്വതന്ത്രമായി ഒരു അലങ്കാരഗ്രന്ഥം എഴുതുകയോ ചെയ്യണമെന്നു പന്തളത്തു കേരളവർമ്മത്തമ്പുരാനവർകളോടും പ്രാർത്ഥിച്ചുകൊള്ളുന്നു.

1089 ഭാഷാവിലാസം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

വിജ്ഞാനദീപിക.

ഒന്നാംഭാഗം

(സംസ്കൃതശ്ലോകങ്ങളുടേയും മറവും സാരാർത്ഥവിവരണവും)

1. ഭാഷാകവിത

(1) 'നൈവ വ്യാകരണജ്ഞം'—ഇത്യാദി.

കവിതയാകുന്ന സുന്ദരി, വ്യാകരണപണ്ഡിതനേ തന്റെ പിതാവിനെപ്പോലെ കരുതിയും, തർക്കപണ്ഡിതനെ സഹോദരനെപ്പോലെ വിചാരിച്ചും, അവരുടെ അടുക്കൽ ചെല്ലുന്നില്ല; വൈദികശ്രേഷ്ഠനെ ഒരു ചണ്ഡാലനെപ്പോലെ ഭാവിച്ചു്, വളരെ അകലെവച്ചുതന്നെ, ഒഴിഞ്ഞുമാറി ഒളുങ്ങിപ്പോയിക്കളയുന്നു; മീമാംസാപണ്ഡിതൻ ഒരു നപുംസകമാണെന്നു ധരിച്ചു്, അയാളോടു നിന്ദ പ്രകടിപ്പിക്കുന്നു–കവിതാകാമിനി; കാവ്യനാടകാലങ്കാരങ്ങളിൽ വിദഗ്ധനായിട്ടുള്ള ആളേമാത്രം അവൾ സ്വന്തം ഭർത്താവായി സ്വയം വരിക്കുന്നു.

(2) 'സാഹിത്യേസുകുമാര'—ഇത്യാദി:—

അതിമനോഹരമായ സാഹിത്യവിദ്യയിലും, അതികഠിനവും, ദുർഗ്രഹവും ആയ തർക്കശാസ്ത്രത്തിലും, ഞാൻ പ്രവർത്തിക്കാൻ തുടങ്ങുമ്പോൾ സരസ്വതീദേവി ഒരുപോലെ (ഭേദംകൂടാതെ) വിഹരിക്കുന്നു.

(3) 'കസ്തൂരീഘനസാര'—ഇത്യാദി.

കസ്തൂരിക്കും കർപ്പൂരത്തിനും ഉള്ള സുഗന്ധത്തിന്റെ (രണ്ടും പലപ്രകാരത്തിൽ ഭിന്നഗുണങ്ങളോടുകൂടിയതാണല്ലോ) സുഹൃത്തായ വ്യുൽപത്തിയും, രസികത്വവും.

Digitized By Kerala Sahitya Akademi

(4) 'യസ്യഷഷ്ഠീ'—ഇത്യാദി.

വിഹസ്യ, വിഹായ—ഈ രണ്ട പദങ്ങളും, ഷഷ്ഠ്യന്തമായും, ചതുത്ഥ്യന്തമായും അ ഹം. കഥം, ഇവ രണ്ടും ദ്വിതീയാന്തമായും ധരിച്ചിരിക്കുന്ന ആൾക്കു്, ഞാൻ എങ്ങനെ ദ്വിതീയ (ഭാര്യ)യായിത്തീരും ?

(5) 'കോനങ്ഗഃ' ഇത്യാദിയും 'നവേദജ്ഞാനം'—ഇത്യാദിയും. അബദ്ധങ്ങൾക്കുദാഹരണം.

(6) 'ആനന്ദമന്ദം'—ഇത്യാദിയിൽ അത്ഥശുദ്ധയില്ല; ഗുരുലഘുമാത്രകങ്ങളായ അക്ഷരങ്ങളിൽമാത്രം നിഷ്കൃഷ്ടം.

(7) 'ആത്മന്യേവ'—ഇത്യാദി.

ദരിദ്രന്മാരുടെ ആഗ്രഹങ്ങൾ അവരിൽത്തന്നെ ലയിച്ചുപോകുന്നതേയുള്ളു; ഫലിക്കുന്നില്ല എന്നത്ഥം.

(8) 'വിവക്ഷിതേ'ത്യാദി.

താൻ വിവരിച്ച അത്ഥം ശ്രോതാവിനു തോന്നത്തക്കവണ്ണമുള്ള പദവിന്യാസവിശേഷം അറിഞ്ഞുകൂടാത്തവക്കു് ഉണ്ടാകുന്ന അത്ഥാപ്പേഖങ്ങൾ, ദരിദ്രന്മാക്കു പുത്രലാഭം എന്നപോലെ, തുലോം സങ്കടകരം ആകുന്നു.

(9) 'പദാനിഭവ്യാന്യപി' ഇത്യാദി: —

നല്ല നല്ല പദങ്ങളാണെങ്കിലും, വേണ്ടാത്തിടത്തു കൊണ്ടുചെന്നിട്ടാൽ, അവ കാവ്യരീതിയെ ശോഭിപ്പിക്കുന്നില്ല; കാതിലിടേണ്ടതായ തോട, മൂക്കിന്റെ അറ്റത്തു കെട്ടിത്തൂക്കിയാൽ, സ്ത്രീക്കു മുഖശ്രീ ഉണ്ടാകുന്നതല്ലല്ലോ.

(10) 'സാഹിത്യവിദ്യാം'—ഇത്യാദി:—

ഞെങ്ങിഞെരുങ്ങി നില്ക്കുന്ന ഒരൊറ്റപ്പദംമതി, മറ്റെന്തുകൊണ്ടും സുന്ദരമായ സാഹിത്യവിദ്യയെ (കവിതയെ) നിഹനിക്കുവാൻ; മുത്തുമാലപോലെ മനോഹരമായ പല്ലുകളുടെ ഇടയ്ക്കു് ഒരു 'കൊന്ത്രംപല്ലു്' ഉണ്ടായാൽ പോരേ? സർവസൗന്ദര്യവും തുലഞ്ഞില്ലേ?

(11) 'അനഭ്രവൃഷ്ടിഃ'—ഇത്യാദി:—

Digitized By Kerala Sahitya Akademi

ശ്രവണാനന്ദപ്രദമായ അമൃതിന്റെ അനഭ്രവൃഷ്ടി (മേഘങ്ങളെക്കൂടാതെയുള്ള വർഷം)യും, സരസ്വതീദേവിയുടെ പുഞ്ചിരിക്കൊഞ്ചൽ മുതലായവയ്ക്കു വിളനിലവും ആകുന്ന, വൈദർഭീരീതി; പദങ്ങൾക്കു് അന്യോന്യം യോജിപ്പും സൌന്ദര്യവും ഉണ്ടാക്കിത്തീർക്കുന്നതായ ആ രീതി, പുണ്യവാന്മാർക്കേ സ്വാധീനപ്പെട്ടുകയുള്ളു.

(12) 'ബന്ധപാരുഷ്യ'—ഇത്യാദി:—

രചനയ്ക്കു 'പരുപരുപ്പു്' ഇല്ലാതേയും, കഠിനശബ്ദങ്ങളോടുകൂടാതേയും, ഏറെ നീണ്ട സമാസങ്ങളോടുകൂടാതേയും ഇരിക്കുന്നതാണു് വൈദർഭീരീതി.

(13) 'ടവർഗ്ഗവർജ്ജിതാ'—ഇത്യാദി:—

ടവർഗ്ഗം ഒഴിച്ചുള്ള സ്പർശങ്ങൾ, (ക–മുതൽ, മ–വരെയുള്ള വ്യഞ്ജനങ്ങൾ) അവതന്നെ, താന്താങ്ങളുടെ വർഗ്ഗങ്ങളുടെ ഒടുക്കമുള്ള അനുനാസികാക്ഷരങ്ങ(ങ–ഞ–ണ–ന–മ)ളോടുകൂടി, ങ–ഞ്ച–ങ്ഗ–ഞ്ജ–ന്ത–ന്ദ എന്നിങ്ങനെ തീർന്നിട്ടുള്ളവ, ദീർഘരഹിതമായ 'ര' യും 'ല' യും;—ഇവയാണു് കോമളവർണ്ണങ്ങൾ.

(14) 'രേഫേണയസ്യകസ്യാപി'—ഇത്യാദി:—

രേഫം ചേർന്ന ഏതെങ്കിലും വ്യഞ്ജനം, ക്ഖ, ഗ്ഘ, ക്ക, ഗ്ഗ മുതലായ കൂട്ടക്ഷരങ്ങൾ, ടവർഗ്ഗം, ശ, ഷ എന്നിവ പരുഷവർണ്ണങ്ങൾ ആകുന്നു.

(15) 'മന്ദമന്ദമരവിന്ദ'—ഇത്യാദി:—

ആ ശ്രീകൃഷ്ണഭഗവാൻ, കൈയിൽ പൂമാലയോടുകൂടി, പൊന്താമരാക്ഷിയായി, ലക്ഷ്മീദേവിക്കൊത്തവളായി, കാമദേവന്റെ ജയലക്ഷ്മിയായി വിളങ്ങുന്നവളും ഭഗവതീക്ഷേത്രത്തിൽനിന്നു മെല്ലെ മെല്ലെ രാജാക്കന്മാരുടെ നടുക്കു് എത്തിച്ചേർന്നവളും ആയ അവളെ (രുക്മിണിയെ) തേരിൽ കയറ്റി സന്തോഷിപ്പിച്ചു. (ഈ പദ്യത്തിന്റെ ശബ്ദഗുംഭനത്തിലാണു് നിഷ്കൃഷ്ടിച്ചു നോക്കുവാനുള്ളതു്.)

(16) 'ബഭ്രുംഭ്രുഭങ്ഗഭീമഃ'—ഇത്യാദി:—

ചെമ്പിച്ച പുരികങ്ങൾ വളച്ചു ഭയങ്കരനായി, കൈയിൽ ഒരുതരം കുന്തവും പിടിച്ചു്, വളഞ്ഞ ദംഷ്ട്രകളേ പുറത്തു ചാടിച്ചു പേടിപ്പിക്കുന്ന

Digitized By Kerala Sahitya Akademi

മുഖത്തോട്ടഴുടിയവനും, കണ്ണുചുകത്തി, അട്ടഹസിച്ചുകൊണ്ട്, ശത്രുസൈന്യത്തെ ഇളക്കിയിരിക്കുന്നവനും ആയ ശിശുപാലൻ, വഴിക്കു ശ്രീകൃഷ്ണഭഗവാനെ തടുത്തിട്ട് ഉടനെ ഇങ്ങനെ കോപാന്ധനായിട്ടു പറഞ്ഞു:—(ഇതിലേയും ശബ്ദപ്രയോഗത്തെയാണ് ശ്രദ്ധിക്കേണ്ടതു്.)

(17) 'ചരായോപ' ഇത്യാദി:—

ചാരായാനുകരണം ചെയ്യുന്നവൻ, പദാപഹരണം ചെയ്യുന്നവൻ, പദംതന്നെ 'തട്ടുന്ന'വൻ, മുഴവൻതന്നെ കക്കുന്നവൻ.

(18) 'രസംരസജ്ഞാഃ'—ഇത്യാദി:—

രസജ്ഞന്മാർ രസത്തെ (രസോപയോഗികളായ ശബ്ദാത്ഥങ്ങളേ) യാണ് കവിതയിൽ ഘടിപ്പിക്കുക; മറ്റുള്ളവരോ, രസശ്രദ്ധയില്ലാതെ, വെറും ഉല്ലേഖങ്ങളേ; വേറെ ചിലർ, അതും വിട്ട്, കേവലം പദങ്ങളേ: എന്തുപോലെ എന്നുവെച്ചാൽ, നെയ്ത്തുകാർ വസ്ത്രമുണ്ടാക്കിക്കൊട്ടുക്കും, യുവതിക്കു്; കച്ചവടക്കാർ ആഭരണങ്ങൾ കെട്ടിക്കും; എന്നാൽ യുവാക്കന്മാർ ആണു് അവൾക്കു സൌന്ദയ്യം സമ്പാദിച്ചുകൊടുക്കുന്നതു്. (ഈ പദ്യം പലവിധത്തിൽ വ്യാഖ്യാനിക്കാം.)

(19) 'അത്ഥാൻ കേചിൽ' ഇത്യാദി:—

ചിലർ ലുബ്ധന്മാരേപ്പോലെ എപ്പോഴും അത്ഥത്തെത്തന്നെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു; മറ്റു ചിലർ കഷ്ടം, വേശ്യകളെപ്പോലെ എങ്ങും അലങ്കരിക്കുകയാണു്; രസതന്ത്രവിദശ്ധന്മാരേപ്പോലെ വേറെ ചിലർ എങ്ങനെയെങ്കിലും രസത്തെ ഉദ്ബന്ധനം ചെയ്യുന്നു; വാസ്തവത്തിൽ അവരാരും കവികളല്ല: അത്ഥം, അലങ്കാരം മുതലായവയോടുകൂടി രസവഷ്ടികളായിരിക്കുന്ന വൈഖരീലഹരികളുടെ കത്താക്കളായ ചിലർ മാത്രം അഗണ്യമായ പുണ്യംമൂലം കവികളായി ഭവിക്കുന്നു!

(20) 'സാഹിത്യവിദ്യാ'—ഇത്യാദി:—

കവികൾ സാഹിത്യവിദ്യായാകുന്ന വിജയമണിവഴിക്കാണു് തങ്ങളുടെ കീർത്തിയെ ലോകത്തിനറിയിക്കുന്നതു്; ആ മണിയാൽ എത്രമാത്രം കൂട്ടുതൽനാദം, (വ്യംഗ്യം) ഉളവാകുന്നുവോ, അത്രമാത്രം അതു് ഉൽകൃഷ്ടതരമായിത്തീരുന്നു.

Digitized By Kerala Sahitya Akademi

കവിവാക്യത്തിനു മാർദ്ദവവും, സഹൃദയഹൃദയത്തിന്റെ കോമളത്വവും എത്രമാത്രമുണ്ടോ, അത്രമാത്രമാണു്, അവ രണ്ടിന്റേയും വൈശിഷ്ട്യംകൊണ്ടുണ്ടാകുന്ന ധ്വനിക്കു് ഉൽക്കർഷം എന്നു് ആലങ്കാരികന്മാർ പറയുന്നു. (കവിസഹൃദയാഖ്യമാണു് സരസ്വതിതത്വമെന്നു സാരം.)

(22) 'അന്തർഗ്ഗൂഢാൻ' ഇത്യാദിപദ്യം:—

അകത്തൊതുങ്ങിയിരിക്കുന്ന അർത്ഥങ്ങളേ (ഓരോ വസ്തുക്കളേ എന്നും, ആശയങ്ങളേ എന്നും) പ്രകാശിപ്പിക്കാത്തതും (ധ്വനിപ്പിക്കാത്തതെന്നും) പ്രസാദമില്ലാത്തതും ആയ കൃതിയുടേയും, കയ്ത്തിന്റേയും രസം, (വെള്ളമെന്നും,) സഹൃദയന്മാരുടെ സന്തോഷത്തിനായിക്കൊണ്ടു ഭവിക്കുന്നില്ല.

(23) 'ആന്തരമിവ'—ഇത്യാദി:—

അകത്തുള്ള രസത്തെ (സന്തോഷം-ശൃംഗാരാദി-ജലം) പുറത്തേയ്ക്കു് എപ്പോഴും പ്രകാശിപ്പിക്കുന്നവ മൂന്നുകൂട്ടം; അതായതു്—വേശ്യ, മഹാകവികളുടെ കൃതി, ഒരുതരം മണ്ണുകൊണ്ടുള്ള കുടം.

(24) 'അത്യോഗിരാം'—ഇത്യാദി:—

കാവ്യാത്മം ചിലപ്പോൾ കുറഞ്ഞൊന്നു മറഞ്ഞും, ചിലപ്പോൾ കുറഞ്ഞൊന്നു തെളിഞ്ഞും ഇരിക്കുകയാണു് വേണ്ടതു; എങ്കിലേ സുന്ദരമാവുകയുള്ളു. എന്നാൽ ഗുജറാത്തിസ്ത്രീകളുടെ വക്ഷോജംപോലെ തീരെ മൂടിക്കെട്ടിയിട്ടാലും, ആന്ധ്രസ്ത്രീകളുടെ സ്തനംപോലെ ശുദ്ധനഗ്നമാക്കിയാലും ഭംഗിയാവില്ല; പിന്നെയോ മറാട്ടിസ്ത്രീകളുടെ കുചകുംഭംപോലെ മറഞ്ഞും തെളിഞ്ഞുംതന്നെയിരിക്കണം.

(25) 'യന്ത്രാകൃഷ്ടസുവർണ്ണ'—ഇത്യാദി:—

അച്ചിലിട്ടു വലിച്ചെടുത്ത കനകക്കമ്പിപോലെ, നിരപ്പോട്ടം മിനുപ്പോട്ടം കൂടിയതായിരിക്കണം പദ്യം; മഹാമേരുപർവതത്തിന്റെ തടത്തിൽനിന്നു പൊടിച്ചുവന്ന കുരുക്കുത്തിയുടെ മുളപോലെ സ്പഷ്ടമായി പ്രതിഭാസിക്കണം അതിലുള്ള അർത്ഥം; അതും പോരാ—പട്ടാംബരത്തിനടിയിൽ വിലസുന്ന സുന്ദരീസ്തനാഗ്രമെന്നപോലെ വ്യംഗ്യവും വിദ്യോതിക്കണം അതിൽ; ഇത്രയൊക്കെ ഗുണങ്ങളോടുകൂടിയതായാലേ

Digitized By Kerala Sahitya Akademi

കാവ്യമാകൂ. ഇങ്ങനെ അല്ലാത്തത് ഒരുതരം വാണീദ്രോഹം മാത്രം!

(26) 'ഗ്രംഭഃ പങ്കജ'—ഇത്യാദി:—

താമരപ്പൂവിന്റെ അല്ലികളുടെ സൌന്ദര്യത്തോടുകൂടിയിരിക്കണം പദസന്ദർഭം; ആ അല്ലികളുടെ ഉല്ലാസത്തോടുകൂടിയതായിരിക്കണം അർത്ഥം; ആ പൂവിന്റെ ആഭ്യന്തരസൌരഭ്യംപോലെ ചമല്ക്കാരകാരിയായിരിക്കണം വ്യംഗ്യം; സഹൃദയധുരീണന്മാരായ രണ്ടുമൂന്നു രസികാഗ്രണികളാൽ ഭൃംഗങ്ങളാലെന്നപോലെ ആസ്വദിച്ച്, അഭിനന്ദിക്കപ്പെടുന്നതും ആയിരിക്കണം ഇതെല്ലാം; ഇങ്ങനെയുള്ള പദ്യമാണ യഥാർത്ഥ കാവ്യം; അല്ലാതെ തൊഴിലില്ലാത്ത കവിമ്മന്യന്മാരുടെ വിട്ടവാഗ്വിഡംബനം ഒരിക്കലും കാവ്യമാകയില്ല.

(27) 'കണ്ഠംഗതം'—ഇത്യാദി:—

മണൽപുറത്തു വീഴുന്ന വെള്ളം ഉടനെ അവിടെവച്ചുതന്നെ വറ്റിപ്പോകുന്നു; അതുപോലെ പാട്ട് (അതിലുള്ള രസം) ചെവിപുകി അവിടെവച്ചുതന്നെ ഉണങ്ങിച്ചമയുന്നു; അകത്തു് (ഹൃദയത്തിൽ) കടന്നും ആനന്ദിപ്പിക്കുന്നതു് അമൃതോപമങ്ങളായ സൽകവിഭാഷിതങ്ങൾ തന്നെയാകുന്നു.

(28) 'ധന്യാസ്തേ കവയഃ'—ഇത്യാദി:—

ആ കവികൾ ധന്യന്മാർതന്നെ; യാവർചിലരുടെ രസന (നാവു്) ആകുന്ന കഠിനമാർഗ്ഗത്തിൽ സഞ്ചരിക്കുന്ന സരസ്വതീദേവി, (കാൽവേദനിച്ചിട്ടു്) ഓട്ടകയാണോ എന്നതോന്നുമാറു് അത്ര ദ്രുതപദന്യാസത്തോടുകൂടി (പദം=കാൽ; വാക്കെന്നും) കടന്നുകളയുന്നുവോ, ആ കവികൾ. ഞങ്ങളുടെ വഴി, രസം ഒഴുകി 'വഴുവഴുത്തു' കിടക്കുന്നതാണു്; വാഗ്ദേവി വളരെ സാവധാനയായേ അവിടെ നടക്കുകയുള്ളു: അത്യുന്നതമായ പയോധരധരാധരത്തിന്റെ ഭാരംകൊണ്ടു കുലഞ്ഞുചമഞ്ഞ ഒരു തരുണീമണി എത്ര മന്ദഗതിയായിരിക്കുമോ, അതുപോലെ.

(29) 'മത്വാപദഗ്രന്ഥനം'—ഇത്യാദി:—

വെറുതെ പദങ്ങളെ കൂട്ടിക്കെട്ടുകമാത്രം ആണു് കവികർമ്മം എന്നു കരുതി മന്ദമതികൾ ആപദഗ്രന്ഥനത്തിൽ സ്വയമേ ചേഷ്ടിച്ചു്

Digitized By Kerala Sahitya Akademi

ഒന്നോടെ താണുപോകുന്നു; എന്തുപോലെ എന്നാൽ, കൈകാലുകളെ ഇളക്കുകമാത്രമാണു് നീന്തൽ എന്നു ധരിച്ചു കുട്ടികൾ നിലയില്ലാത്ത വെള്ളത്തിൽ ഇറങ്ങി താണുപോകുന്നില്ലേ, അതുപോലെ.

---

2. കുലശേഖരആൾവാർ

---

(1) 'തസ്യാദഭ്രൽ'—ഇത്യാദി:—

അദ്ദേഹത്തിൽനിന്നു ചേരവംശത്തിന്റെ മണിവിളക്കായും, സാക്ഷാൽ കൌസ്തുഭത്തിന്റെ അവതാരമായും, മഹാവിഷ്ണുവിന്റെ പൂർണ്ണ കടാക്ഷപാത്രമായും, കുലശേഖരാഹ്വയനായും ഉള്ള രാജാവു മാഘമാസത്തിൽ പുണർതത്തിൻനാൾ ഉണ്ടായി.

(2) 'ചതുർദശ'—ഇത്യാദി:—

ഭയങ്കരങ്ങളായ ഓരോരോകർമ്മങ്ങൾ ചെയ്യുന്നരാക്ഷസന്മാർ 14000 എണ്ണം; കേവലം ധർമ്മാത്മാവായ ശ്രീരാമഭദ്രൻ ഒരേഒരാൾ; എങ്ങനെയാണു് യുദ്ധംഭവിക്കുക ?

(3) 'ഇതി രാജഷ്യഃ'—ഇത്യാദി:—

ഇപ്രകാരം രാജഷ്ടികൾ, ഗണങ്ങളോടുകൂടിയ സിദ്ധന്മാർ, ബ്രാഹ്മണർ–ഇവരൊക്കെ അത്യൽക്കണ്ഠയോടുകൂടി നോക്കിനിന്നു; ദേവന്മാരും വിമാനത്തിൽ കയറി നോക്കിനില്പായി.

(4) 'തതോരാമസ്തു'—ഇത്യാദി രണ്ടുപദ്യം:—

അനന്തരം ജയംനേടിയ വീരനായ രാമഭദ്രൻ മഹർഷിമാരുടെ പൂജ ഏറ്റുകൊണ്ടു് ആശ്രമത്തിലേയ്ക്കു ചെല്ലുകയും ലക്ഷ്മണനാൽ പൂജിക്ക

Digitized By Kerala Sahitya Akademi

പ്പെട്ടകയും ചെയ്തു. ശത്രുക്കളെ ഒക്കെ കൊന്ന മഹർഷിമാക്ക സുഖകരനായി വിളങ്ങിയ ഭർത്താവായിരിക്കുന്ന അദ്ദേഹത്തെകണ്ടിട്ട ജാനകി ഏറ്റവും സന്തോഷിച്ചു് ആലിംഗനം ചെയ്തു.

(5) 'തതസ്താം'—ഇത്യാദി നാലുശ്ലോകം:—

അതിൻെറശേഷം, (രാവണൻ) അലറിക്കൊണ്ടു്, ദുർവ്വാക്കുപറഞ്ഞു നിന്ദിച്ചു്, ആ വൈദേഹിയെ മടിയിൽ എടുത്തു തേരിൽ കയറ്റി. രാവണൻ കടന്നുപിടിക്കവേ, യശസ്വിനിയായ സീതാദേവി, അകന്നുകാട്ടിൽപ്പെട്ട ശ്രീരാമനെ, "രാമ! രാമ!!" എന്നു വിളിച്ചു്, അത്യന്തദുഃഖത്തോടുകൂടി നിലവിളിച്ചു. അകാമയായ ആ സീതയെ കാമാർത്തനായ കള്ളൻ രാവണൻ, വളഞ്ഞുപുളയുന്ന പെൺപാമ്പിനെ എന്നപോലെ എടുത്തിട്ടു് മേല്പോട്ടുപോയിപിന്നെ. രാവണൻ കട്ടകൊണ്ടു് ആകാശത്തിൽകൂടി കൊണ്ടുപോകുമ്പോൾ ആ സീതാദേവി സംഭ്രമത്തോടും സങ്കടത്തോടുംകൂടി ഭ്രാന്തുപിടിച്ചവളെപ്പോലെ തുലോം വിലപിച്ചു.

(6) 'ഘുഷ്യതേയസ്യ'—ഇത്യാദി:—

യാതൊരാളുടെ നഗരത്തിൽ പതിവായി ശ്രീരംഗയാത്ര ഘോഷിക്കപ്പെട്ടുന്നുവോ, ആ കുലശേഖരമഹാരാജാവിനെ ഞാൻ തലകുനിച്ചു വന്ദിച്ചുകൊള്ളുന്നു.

(7) 'വരം ഹുതവഹ' ഇത്യാദിപദ്യം:—

തീജ്വാലകൊണ്ടു് ഒരു കൂട്ടണ്ടാക്കി അതിൽ കഴിച്ചുകൂട്ടുകയാണെങ്കിലും അതാണു നന്നു്; വിശുദ്ധ്യാനവിമുഖന്മാരായ ജനങ്ങൾ ഒന്നിച്ചു കഴിഞ്ഞുകൂടുന്ന കഷ്ടത എനിക്കു വേണ്ടേവേണ്ട.

(8) 'ഏവമേനമതി' ഇത്യാദി 3½ പദ്യം:—

ഇപ്രകാരം അമാനുഷികങ്ങളായ അപദാനങ്ങളോടുകൂടിയും, സേവിക്കുന്നവരുടെ സങ്കടങ്ങളെ നിഹനിക്കുന്ന ആളായും ഉള്ള ഇദ്ദേഹത്തെ (ശങ്കരഭഗവൽപാദരെ) കാണ്മാൻ കൌതുകത്തോടുകൂടി, സന്യാസിഭക്തനായിരുന്ന കേരളരാജാവു തൻെറ മന്ത്രിയെ ഭഗവൽപാദസന്നിധിയിലേയ്ക്കു പറഞ്ഞയച്ചു.

അദ്ദേഹം (ഭഗവൽപാദർ) കുശലപ്രശ്നം ചെയ്തതിനുമേൽ, ശത്രുഹന്താവായ ആ രാജാവു്, ഭഗവൽപാദക്കു് അനവധി സ്വർണ്ണം കാഴ്ച

Digitized By Kerala Sahitya Akademi

വെക്കുകയും, താനുണ്ടാക്കിയ മൂന്ന് അപൂർവനാടകങ്ങളെ ഭഗവൽപാദരെ ചൊല്ലിക്കേൾപ്പിക്കുകയും ചെയ്തു.

കവിതാകുശലനായി രാജശേഖരൻ എന്ന പേരോട്ടുകൂടിയിരുന്ന ഒരു കേരളരാജാവു സസന്തോഷം ഈ സന്യാസിവയ്യനെ, തന്റെ കിരീടത്താൽ ഘഷ്ണംചെയ്യ (ഉരസ) പ്പെട്ട നഖാഗ്രത്തോടുകൂടിയവനാക്കി.

'ആ നാടകത്രയി പ്രസിദ്ധമായിത്തീർന്നവോ' എന്നിങ്ങനെ ഈയതീന്ദ്രനാൽ നിയുക്തൻ (ചോദിക്കപ്പെട്ടവൻ) ആയ (രാജശേഖരൻ).

(9) 'ഹൃതസടക'—ഇത്യാദി:—

കർപ്പൂരമഞ്ജരീ എന്ന സട്ടകത്തിന്റെയും (രൂപകഭേദം) ബാലരാമായണം, വിദ്ധസാലഭഞ്ജിക, ബാലഭാരതം എന്നീ നാടകാദികളുടെയും കർത്താവായി യായാവരകുലപ്രസൂതനായിരിക്കുന്ന രാജശേഖരന്റെ ആസ്ഥയത്തെ തീർത്തവനും, അനവധി മന്ത്രസിദ്ധിയോടുകൂടിയ ആളും, പ്രശസ്ത്യാർത്ഥങ്ങളോടുകൂടിയ സൂക്തികൾ (വാക്കുകൾ-കൃതികൾ) ഉള്ള ആളും ആയ ഗംഗാധരവ്രതിയെ ഞാൻ ആശ്രയിക്കുന്നു.

(10) 'ഭാവി കഥ്യതാം'—ഇത്യാദി 3 പദ്യം:—

രാജശേഖരൻ എന്നു പറയപ്പെടുന്നതാരു് ? ശ്രീരാമവംശജനായ മഹേന്ദ്രപാലന്റെ ഗുരു ആരു് ? അതുരണ്ടും പറയുക.

ബാലകവി, കവിരാജൻ, നിർഭയരാജാവിന്റെ ഉപാദ്ധ്യായൻ ഇത്യാദി നിലകളാൽ ഒരു മഹാത്മാവായിത്തീർന്നിട്ടുണ്ടു് അദ്ദേഹം, (രാജശേഖരൻ.)

ചോഹൻ എന്ന രാജപുത്രവംശത്തിനു് അലങ്കാരഭൂതയും, അവന്തിസുന്ദരി എന്ന പേരോട്ടുകൂടിയവളും ആയ ആ രാജശേഖരപത്നി, തന്റെ ഭർത്താവു രചിച്ചിട്ടുള്ള ഈ കൃതിയെ അഭിനയിച്ചുകാണ്മാൻ ആഗ്രഹിക്കുന്നു.

(11) 'നമിതമുരള' ഇത്യാദി:—

മുരളന്മാർ, മേകലന്മാർ, കലിംഗന്മാർ, കുലൂതന്മാർ, കേരളന്മാർ, കുന്തളന്മാർ, രമഠന്മാർ എന്നിവരെ ഒക്കെ ശ്രീമഹീപാലരാജാവു ജയിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

(12) 'തേനച—ഇത്യാദി ഗദ്യം:—

രഘുവംശജാതനും, ആയ്യാവർത്തചക്രവർത്തിയും നിർഭയൻ എന്ന രാജാവിന്റെ പുത്രനും ആയ ആ മഹീപാലൻ തന്റെ സദസ്യരോട് പറഞ്ഞിരിക്കുന്നു.

(13) 'രാജശേഖരകവേഃ'—ഇത്യാദി 3 പദ്യം:—

മഹാത്മാവായിരിക്കുന്ന രാജശേഖരകവിയുടെ ബാലഭാരതമെന്ന ഈ നാടകത്തെ രസവൈകല്യം വരാത്തവിധം ആരഭിനയിക്കുന്നവോ ആ ആളാണ്—അതാരായാലും വേണ്ടില്ല—എന്റെ പുത്രിയെ വിവാഹം ചെയ്യുക; ആ ആൾക്കാണ് ഞാനെന്റെ പുത്രിയെ കൊടുക്കുക.

സർവഗുണരത്നങ്ങൾക്കും ഉല്പത്തിപർവതമായിരിക്കുന്ന അദ്ദേഹത്തിന്റെ (രാജശേഖരന്റെ) എന്തൊന്നാണ് വർണ്ണിക്കുവാൻ കഴിയുക? സർവ്വഗുണങ്ങളും അവർണ്ണനീയം തന്നെ എന്നു താല്പര്യം. എന്തെന്നാൽ ദീനദയാലുവും, അതിപരാക്രമിയും, സൌജന്യസമുദ്രവും, മഹാത്യാഗിയും, സത്യസന്ധനും, കവിമിത്രവും ആയ ആ രഘുപതികുലതിലകം മഹേന്ദ്രപാലരാജാവു പ്രസ്തുത രാജശേഖരന്റെ മുഖ്യശിഷ്യനായിരിക്കുന്നു.

ആരാണ് ആദ്യം ആദികവി വാല്മീകിയായിട്ടു ജനിച്ചതു്; പിന്നെ ഭർത്തൃമേണ്ഠകവിയായി ജനിച്ചതും; കാലാന്തരത്തിൽ ഭവഭൂതിയായിത്തീർന്നതും ഇന്നു രാജശേഖരകവിയായിരിക്കുന്നതും ആ ആളുതന്നെയാകുന്നു.

(14) 'നിർഭയ—ഇത്യാദി പദ്യഭാഗങ്ങളും അടുത്തുള്ള ഗദ്യഭാഗങ്ങളും:—

നിർഭയരാജന്റെ ഗുരുനാഥൻ വാല്മീകികഥയെ അനുസരിച്ചു് എന്താണ് ഉണ്ടാക്കിയതു്.

രഘുവംശതിലകമായ മഹേന്ദ്രപാലൻ വിളിച്ചുകൂട്ടിയിരിക്കുന്ന സദസ്യരേ!

ഗുണഗണങ്ങളുടലെടുത്ത അകാലജലദൻ, മനോഹരവാഗ്വിലാസത്തോടുകൂടിയ സുരാനന്ദൻ, അത്രയുമല്ല,—തരളൻ തുടങ്ങിയ മഹാകവികൾ എന്നിവരൊക്കെ ജനിച്ച യായാവരവംശത്തിലാണ് ഈ മഹാഭാഗൻ (രാജശേഖരൻ) ജനിച്ചിരിക്കുന്നതു്.

Digitized By Kerala Sahitya Akademi

സുപ്രസിദ്ധനായ പിതാവിൽനിന്നു സംജാതനും, മഹാരാഷ്ട്രദേശത്തിനു് അലങ്കാരഭൂതനും, ആയ അകാലജലദനിൽനിന്നു നാലാംതലമുറക്കാരൻ, ദുർദ്ദകവംശ്യൻ, ഉപാദ്ധ്യായൻ, ശീലാവതീതനയൻ, ശ്രീരാജശേഖരൻ എന്നിത്രയും പറഞ്ഞാലും അദ്ദേഹത്തിനുള്ള ബഹുമതികൾ മുഴുവനായില്ല.

(15) 'സൂത്രധാരഃ ഇത്യാദി ഗദ്യപദ്യങ്ങൾ:—

ഓ! യായാവരനും, ദുർദ്ദകിയും ആയ രാജശേഖരകവി ഉണ്ടാക്കിയ വിദ്ധസാലഭഞ്ജിക എന്ന നാടികയുടെ കഥാവസ്തു ഗാനംചെയ്യപ്പെടുന്നു.

(ആകാശത്തിൽ) കൂട്ടുകാര! സോമദ! ആ അകാലജലദന്റെ പ്രണപ്പാവു (മകന്റെ മകന്റെ മകൻ) ആയ അദ്ദേഹത്തിന്റെ (രാജശേഖരന്റെ) ഗുണഗണങ്ങൾ എന്തുകൊണ്ടു് വർണ്ണിക്കപ്പെടുന്നില്ല, എന്നോ പറയുന്നതു ? കേട്ടാലും;

പരോപകാരത്തിൽ പരമതല്പരനായ ഇദ്ദേഹത്തിന്റെ (രാജശേഖരന്റെ) മറ്റു ഗുണങ്ങളെ കണക്കാക്കീട്ടു് എന്തുകായ്യം ? സർവകലാകുശലനും, രഘുകുലശ്രേഷ്ഠനും ആയ മഹേന്ദ്രഭൂപാലൻ അദ്ദേഹത്തിന്റെ (രാജശേഖരന്റെ) ശ്യഷ്യനാണെന്നുള്ളതുമാത്രം ഗ്രഹിച്ചാൽ മതിയല്ലോ.

(16) 'ശ്രീയഃപ്രസൂതേ—ഇത്യാദി പദ്യം—

സമ്പത്തുണ്ടാക്കിത്തരും: ആപത്തുകളെ തട്ടത്തുകൊള്ളും; യശസ്സിനെ ദോഹനം (കറന്നെടുക്കുക) ചെയ്യും; മാലിന്യം തുടച്ചുകളയും; സംസ്കാരവും ശുചിത്വവുംകൊണ്ടു പരിശുദ്ധമാക്കുകയും ചെയ്യും; ഇപ്രകാരം ശുദ്ധിയുള്ള ബുദ്ധികുലത്തിനു കാമധേനുവായിത്തന്നെ ഭവിക്കുന്നു.

(17) 'ഉക്തം ഹിതേനൈവ' ഇത്യാദി ഗദ്യം:—

ആ മഹാസുമന്ത്രിയുടെ പുത്രൻതന്നെ പറഞ്ഞിട്ടുണ്ടല്ലോ.

(18) 'യായാവരകുലശ്രേണേഃ' ഇത്യാദി പദ്യം —

യായാവരകുലപരമ്പരയ്ക്കും മുത്തുമാലയ്ക്കും അലങ്കാരം ആയിരിക്കുന്ന 'തരള'നും, നടനായകവും സുവർണ്ണബന്ധത്താൽ (ശോഭനശബ്ദഗ്രംഭനത്താൽ,—തലക്കെട്ടുകൊണ്ടു് എന്നും) ഹൃദയാവർജ്ജനം ചെയ്യുന്നു.

Digitized By Kerala Sahitya Akademi

(19) 'ഇദം പുനഃ—ഇത്യാദി ഗദ്യം:—

ഇതാ അതിന്റെ അപ്പുറത്തു ഗംഗാനദീപ്രവാഹത്താൽ പ്രശോഭിതമായ 'മഹോദയ'നഗരം കാണപ്പെടുന്നു.

(20) 'ശശ്വൽസുധാമ'സ്—ഇത്യാദി രണ്ടു പദ്യം:—

ബലിഷ്ഠങ്ങളും മനോഹരങ്ങളുമായ സൌധങ്ങളോടുംകൂടിയ ദേശങ്ങളിൽവച്ചു് അഗ്രഗണ്യവും, ശത്രുക്കളാൽ അസ്പൃഷ്ടവും ആയ കാന്യകുബ്ജം അതാ മുമ്പിൽ കാണുന്നു. ഹേ വൈദഹി! സുന്ദരി! ഗംഗാംഭഃസംപൂതമായ ആ നഗരിയെ നല്ലവണ്ണം നോക്കിക്കണ്ടാലും!

(21) 'ഇദം ദ്വയം'—ഇത്യാദി പദ്യം:—

ഇതുരണ്ടുമാണു് എല്ലാറ്റിലുംവച്ചു് ഏറെപ്പരിശുദ്ധവും അന്യോന്യമലങ്കാരമായിരിക്കുന്നതും. അല്ലയോ ജാനകി! ഒന്നു് കാന്യകുബ്ജനഗരം; മറ്റൊന്നു് ഗംഗാനദിയും.

(22) 'ബാലരാമായണേ'—ഇത്യാദി മൂന്നുവരി:—

ബാലരാമായണത്തിൽ താൻ മഹാരാഷ്ട്രദേശക്കാരനാണെന്നു വിണ്ടിച്ചിരിക്കുന്നു. അതുകൊണ്ടു മഹാരാഷ്ട്രദേശക്കാരനായ ഈ കവി (രാജശേഖരൻ) പ്രായേണ സ്വദേശഭാഷ പ്രയോഗിച്ചുകളഞ്ഞു. അതു നമുക്കു് സുഗ്രഹവുമാണു്.

(23) 'നദീനാം മേകലസ്സുതാ'—ഇത്യാദി:—

പുഴകളിൽവച്ചു നർമ്മദ; രാജാക്കന്മാരിൽ രണവിഗ്രഹൻ; കവികളിൽ സുരാനന്ദൻ; ഇങ്ങനെ മൂന്നാണു് ചേദിരാജ്യത്തിന്റെ ഭൂഷണം.

(24) 'അകാലജലദ'—ഇത്യാദി:—

അകാലജലദനാകുന്ന ചന്ദ്രന്റെ വചശ്ചന്ദ്രിക അത്യന്തം മനോഹരംതന്നെ; എന്തെന്നാൽ എല്ലാ കവിചകോരങ്ങളാലും അതു പതിവായി പാനംചെയ്യപ്പെടുന്നു, ഒരിക്കലും ത്യജിക്കപ്പെടുന്നില്ല.

(25) 'പൌലസ്ത്യഃപ്രണയേന'—ഇത്യാദി പദ്യം:—

രാവണൻ സന്നേഹം യാചിക്കുന്നു എന്നു കേട്ടിട്ടു സന്തോഷം തോന്നുന്നുണ്ടു്; എന്നാൽ, ഹരപ്രസാദരൂപമായ ഈ പരശു തരത്തക്കതെ

Digitized By Kerala Sahitya Akademi

ല്ലെന്നു വിചാരിക്കുമ്പോൾ വളരെ വ്യസനവും തോന്നുന്നു. അതുകൊണ്ട്, ആ രാവണനോടു ഞാൻ പറഞ്ഞതായിട്ടു പറയുക. ഭൂമിയേ ഞാൻ ബ്രാഹ്മണർക്കു ദാനംചെയ്തുപോയി; നിനക്കു പാതാളമോ സ്വർഗ്ഗമോ ഏതാണു് ഞാൻ പിടിച്ചടക്കിത്തരേണ്ടതു് ?

(26) 'മായാ-അസ്തി'—ഇത്യാദി ഗദ്യം: (3 വരി)

മായാ—ഭൂസ്വർഗ്ഗപാതാളങ്ങളിലെങ്ങും അന്യന്മാരുടെ പരാക്രമത്തിനു പ്രവേശമില്ലെന്നു വിചാരിച്ചു് ആ ബ്രഹ്മവീരൻ വല്ലാതെ അഹങ്കരിക്കുന്നു;

രാവ:-നിന്റെ ആ ബ്രഹ്മവീരൻ എവിടെ ഇരിക്കുന്നു ?

(27) 'നിശ്ശേഷം കാശ്യപായ'—ഇത്യാദി പദ്യം:—

ശ്രീകാശ്യപനു സകലഭൂമിയും യാഗദക്ഷിണയായി കൊടുത്തിട്ടു്, ഭർഗ്ഗശിഷ്യനായ ആ ഭാർഗ്ഗവമഹർഷി, തന്റെ നിശിതങ്ങളായ അസ്ത്രങ്ങളെ പ്രയോഗിച്ചു യാതൊരേടത്തുനിന്നു വെള്ളമൊക്കെ സമുദ്രത്തിലേയ്ക്കു നീക്കിയോ ,ആ ഏലം, തെങ്ങു്, കവുങ്ങു്, വെറ്റിലക്കൊടി, ഏത്തവാഴ മുതലായവയോടുകൂടിയ അംഭോധിഗർഭത്തിൽ—കേരളത്തിൽ—ആണു് ഇപ്പോൾ സ്ഥിതിചെയ്യുന്നതു്.

(28) 'തർഹി മിഥിലാതഃ' ഇത്യാദി ഗദ്യം—

എന്നാൽ മിഥിലയിങ്കൽനിന്നു സിംഹളത്തിന്റെ (സിലോണിന്റെ) വടക്കുപുറത്തുകൂടി ലങ്കയിലേയ്ക്കു പോകുന്നവക്കു് അടുത്തായിരിക്കും.

(29) 'സകലസ്യാസ്യ'—ഇത്യാദി 3 പദ്യം:—

ഇക്കാണായ ഏതവക്കും, അമ്മയുടെ ജാതിയാണു് സ്വന്തം ജാതിയും; എന്നാൽ വേദചക്ഷുസ്സുകളായ ഋഷികൾക്കാകട്ടെ, പിതാവേതു ജാതിയിലുള്ള ആളാണോ ആ ജാതിയായിരിക്കും പുത്രൻ എന്നു ധർമ്മശാസ്ത്രം സിദ്ധാന്തിക്കുന്നു.

വിവാഹം കഴിച്ചവന്റെ മുമ്പിൽവച്ചുതന്നെ ഞാൻ അവളെ പിടിച്ചുകൊണ്ടുപോരുന്നുണ്ടു്; സ്ത്രീവിഷയകമായ ഒരു തോൽവി സഹിച്ചിരിക്കുന്നതിനു തെക്കർ ശീലിച്ചിട്ടില്ലല്ലോ, ഹേ സുന്ദരി! ഒന്നാംതരം വെറ്റില, അടയ്ക്ക, ഏലം, കർപ്പൂരം മുതലായവയോടുകൂടിയ മുറുക്കുയോഗത്തിനു പ്രസിദ്ധമായ കേരളദേശമാണു് ഇതു്. മന്മഥന്റെ ലീലാസൌധ

Digitized By Kerala Sahitya Akademi

മായ ഈ ദേശത്തെ വേണ്ടംവണ്ണം കണ്ട്, നിണ്ട കണ്ണിണയെ നീ സഫലീകരിച്ചാല്യം!

(30) 'ഹാരോയം കേരളസ്ത്രീ' ഇത്യാദി പദ്യം:—

കേരളീയസുന്ദരികളുടെ നറുംപുഞ്ചിരിപോലെ പരിസ്ഫുരത്തായ മുത്തുമണികൾകൊണ്ട നിൎമ്മിച്ചിട്ടുള്ളതും മറ്റുമായ ഈ മാലയുടെ നടുനായകമായ മാണിക്യം സകലദിക്കുകളേയും കുങ്കുമപ്രഭങ്ങളാക്കിത്തീൎത്തിരിക്കുന്നു.

(31) 'കണ്ണാടിദശനാങ്കിതഃ' ഇത്യാദി പദ്യം:—

കണ്ണാടകം, മഹാരാഷ്ട്രം, ആന്ധ്രാ മുതലായ ദേശങ്ങളിലേ സുന്ദരികളോടുകൂടി പലതരത്തിൽ ക്രീഡിച്ചിട്ടുള്ള രാജശേഖരമഹാകവി ഇതാ ഇപ്പോൾ കാശിയിലേയ്ക്കു പോകുവാൻ കൊതിക്കുന്നു.

(32) 'യസ്യപ്രിയൌ ശ്രുതി' ഇത്യാദി പദ്യം:—

ഇരവിനംപൂതിരിയും, ലോകവീരൻ വാരിയരും യാതൊരാൾക്കു് അത്യന്തമിത്രങ്ങളായിരിക്കുന്നവോ, ആ വിഷ്ണുഭക്തോത്തമനായ കുലശേഖരരാജാവു് ഈ സ്തോത്രം ചമച്ചിരിക്കുന്നു.

(33) 'നിജയാ തനുവാ' ഇത്യാദി പദ്യം:—

കാണികൾക്കു കൺകുളുൎപ്പിക്കുന്ന ഇവിടെവച്ചു് തുലോം ബുദ്ധിപൂർവകമായിട്ടു രവിയുടെ പുത്രൻ ത്രിപുരദഹനം ചുരുക്കിഉണ്ടാക്കി.

(34) 'ത്രിപുരദഹനസംജ്ഞം' ഇത്യാദി പദ്യം:—

ത്രിപുരദഹനമെന്ന ഈ കാവ്യത്തെ നിൎമ്മിക്കുന്ന വിഷയത്തിൽ, യാതൊരു വിഘ്നവും വരാതിരിക്കുവാൻ രവിപുത്രനായ വാസുദേവനെന്ന കവി പരമദയാലുവായ പരമേശ്വരനെ സ്തുതിച്ചിരിക്കുന്നു.

(35) 'ഇഹഖലു' ഇത്യാദി ഗദ്യം:—

മഹാകവിയും, കുലശേഖരന്റെ ആസ്ഥാനസദസ്സിലേ പ്രമാണിയും, മഹാവിദ്വാനും, ഗുരുകുലക്ലിഷ്ടനും, ഭാരതഭട്ടതിരിയുടെ പ്രശസ്തഭക്തനും, വിഷ്ണുഭക്തനും ആയ വാസുദേവൻനമ്പൂതിരി.

Digitized By Kerala Sahitya Akademi

(36) 'അസ്ത്യുത്തരസ്യാം ദിശി' ഇത്യാദി 7 പദ്യം:—

മഹാപുരുഷലക്ഷണത്തോടുകൂടി ആ മഹാരാജാവു വിജയിക്കുന്നു; അദ്ദേഹം ലോകത്തെ ശരിക്കു രക്ഷിക്കുന്നു; അദ്ദേഹം മഹായോദ്ധാവാണു; അദ്ദേഹത്തിന്റെ രാജ്യം വളരെ ഫലപ്രദവും വിദ്വാന്മാരും വിനീതന്മാരുമായ ജനങ്ങളാൽ നിബിഡീഭൂതവും ആകുന്നു. അദ്ദേഹം വലിയ കീർത്തിമാനും ആണു.

കുലശേഖരനെന്ന ആ മഹാരാജാവിന്റെ കാലത്തു, സർവഥാ മഹാത്മാവും പ്രമാണഭൂതനും, ശ്രോത്രിയനുംമറ്റുമായിട്ടു ഒരു നംപൂതിരി ഉണ്ടായിരുന്നു. ആ മഹാത്മാവിന്റെ ശിഷ്യനായിട്ടു വാസുദേവൻ എന്നൊരാൾ ഉണ്ടായി; ആ ആൾ ഭാരതപാരായണത്തിൽ ബഹുതല്പരനായിരുന്നു; കീർത്തിക്കും ലോകോപകാരത്തിനും ആയിട്ടു അദ്ദേഹം ഈ യുധിഷ്ഠിരവിജയം നിർമ്മിച്ചിരിക്കുന്നു.

(37) "അസ്ത്യുത്തരസ്യാം.. .." ഇത്യാദി 4 പദ്യം:—

കവികൾക്കു് ആശ്രയമായും ശത്രുക്കൾക്കു ഭയങ്കരനായും, സാധുക്കൾക്കു് രക്ഷിതാവായും, ഖലന്മാർക്കു ദണ്ഡധാരിയായും, ജനരഞ്ജകനും, ശ്രീനിധിയും ശ്രീരാമതുല്യനും മറ്റുമായും രാമനെന്ന പേരോടുകൂടിയ രാജശേഖരൻ സർവോൽക്കർഷേണ വർത്തിക്കുന്നു.

(38) തപതീസംവരണത്തിലെ ഗദ്യപദ്യങ്ങൾ:—

സൂത്ര—അപൂർവ്വവും അതിപ്രശസ്തവും ആയ തപതീസംവരണം നാടകത്തിലെ നവരസങ്ങളേയും, അങ്ങു ഞങ്ങളെക്കൊണ്ടു പാനം ചെയ്യിക്കണം.

നടി—ആര്യ! ശൂദ്രകൻതുടങ്ങിയ മഹാകവികളിൽ വെച്ചു് ആരുടെ കൃതിയാണിതു്? ആരാണു് സദസ്യരെ ഇത്ര ആകർഷിച്ചിരിക്കുന്നതു്?

സൂത്ര—ആര്യേ! അങ്ങനെയല്ല; യാതൊരാൾ പരമഭാഗവതനും, വദാന്യവര്യനും ആയി ആശ്ചര്യമഞ്ജരിയുടെ കർത്താവായി, ഉയർന്ന മൂക്കു്, ഉരുണ്ട കഴുത്തു്, ഉന്നതങ്ങളായ തോളുകൾ, തോൾതൊട്ടുന്ന കുണ്ഡലങ്ങൾ, മുട്ടുതൊട്ടുന്ന കൈകൾ, തങ്കത്തിന്റെ നിറം—ഈവ്വിധം പ്രജകൾക്കു വിലോചനാസേചനകമായ ശരീരത്തോടുകൂടിയവനായി വി

Digitized By Kerala Sahitya Akademi

ളങ്ങുന്നുവോ, ആ കേരളചക്രവത്തി കുലശേഖരവമ്മാവിന്റെ കൃതിയാണ് ഇപ്പോൾ അരങ്ങത്തു് അഭിനയിക്കാൻ ഭാവിക്കുന്നതു്.

(39) സുഭദ്രാധനഞ്ജയഗദ്യപദ്യങ്ങൾ:—

പാരി—ശാകുന്തളം മുതലായവ കണ്ടു സന്തുഷ്ടനായിരിക്കുന്ന വിദ്വാന്മാരെ കൌതുകപ്പെട്ടുത്തുന്ന ഈ കവി ആരാണു് ?

സൂത്ര—കേട്ടോളൂ! അത്യന്തവിഷ്ണുഭക്തനും, വലിയൊരു ജ്ഞാനിയും, മിത്രങ്ങൾക്കു സകലവും സമ്മാനിക്കുന്നവനും, തപതീസംവരണകർത്താവും.....മറ്റുമായ കുലശേഖരവമ്മാവിന്റെ സ്വന്തം കൃതിയാണു് സദസ്യരെ ആകഷ്ടിച്ചിരിക്കുന്നതു്. ആ കവിരാജൻ ഇങ്ങനെ പതിവായി പ്രാർത്ഥിക്കുന്നു:—

സരസസംഗീതത്താൽ സർവ്വദാ സികതങ്ങളായിരിക്കുന്ന എന്റെ കണ്ണുങ്ങൾ കാളിദാസകൃതികളെ കണ്ണപൂരങ്ങൾ (കണ്ണാലങ്കാരങ്ങൾ) ആക്കിച്ചെയ്യട്ടെ; സുഹൃത്തുക്കളൊക്കെ എന്റെ ധനത്തെ സ്വന്തം ധനമെന്നപോലെ കൈക്കൊള്ളട്ടെ; വിഷ്ണുഭഗവാൻ എല്ലാജ്ജന്മങ്ങളിലും എന്റെ ഹൃദയത്തെ പാദപീഠമാക്കിച്ചെയ്യട്ടെ.

(40) 'ലക്ഷ്മീർഘർമ്മ' ഇത്യാദി പദ്യം:—

സർവ്വാംഗസുന്ദരിയും വിഷ്ണുവല്ലഭയുമായ ലക്ഷ്മീദേവി നിങ്ങൾക്കു സർവ്വാഭീഷ്ടങ്ങളും നൽകുമാറാകട്ടെ.

(41) 'ലക്ഷ്മീപങ്കജനേത്രയോഃ' ഇത്യാദി പദ്യം:—

ശ്രീലക്ഷ്മീനാരായണന്മാരുടെ സപ്രണയവും സസ്പൃഹവുമായ പ്രഥമസമാഗമം നിങ്ങൾക്കു സർവ്വമംഗളങ്ങളും അരുളട്ടെ.

(42) 'അന്യോന്യം ജഗതാം' ഇത്യാദി പദ്യം:—

ലോകം എന്നും പരസ്പരം സ്നേഹിച്ചിരിക്കട്ടെ; കാവ്യഗ്രണങ്ങളെ വിദ്വാന്മാർ മാനിക്കട്ടെ; എനിക്കു വിഷ്ണുഭഗവാനിൽ പതിവായി ഭക്തി വർദ്ധിച്ചുവരട്ടെ.

(43) 'മേഘാഃ കുർവന്തു' ഇത്യാദി പദ്യം:—

Digitized By Kerala Sahitya Akademi

മേഘങ്ങൾ ഭൂമിയെ സസ്യസമൃദ്ധമാക്കട്ടെ; പ്രജകളുടെ സങ്കടങ്ങളെ സർവേശ്വരനായിരിക്കുന്ന നിന്തിരുവടി നീക്കിത്തരട്ടെ; അവച്ഛിന്നമെല്ലാമിരിക്കുന്ന നിന്തിരുവടിയുടെ സ്നേഹത്തിനു് ഇനിയുള്ള ജന്മങ്ങളിലും ഞാൻ പാത്രമായിത്തീരുമാറാകട്ടെ.

(44) 'നാസ്ഥാ'-ഇത്യാദി അഞ്ചുപദ്യം:—

എനിക്കു ധർമ്മാത്ഥകാമങ്ങളിൽ ഒന്നും ആവശ്യമില്ലാതായിരിക്കുന്നു; വരാനുള്ളതെല്ലാം കർമ്മഫലമായി വന്നുകൊള്ളട്ടെ; ഇതാണു് എനിക്കു വീണ്ടും വീണ്ടും അവിടെ അറിയിക്കാനുള്ളതു്; അവിടത്തെ പാദാരവിന്ദങ്ങളിൽ എനിക്കുള്ള ഭക്തി ഒരുകാലത്തും വേർപെടാതെ ഉറച്ചിരിക്കട്ടെ!

ഹേ! ശ്രീകൃഷ്ണ പരമാത്മാവേ! ഞാനിതുതന്നെയാണു് നമസ്കരിച്ചുകൊണ്ടഭ്ത്ഥിക്കുന്നതു്—ഏതു ജന്മത്തിലും അവിടത്തെ പാദാരവിന്ദങ്ങളെ ഞാൻ മറക്കാതിരിക്കട്ടെ.

അല്ലയോ ഭഗവൻ! അവിടത്തെ പാദാരവിന്ദങ്ങളിൽ ഭക്തിയില്ലാത്ത പാപികളെ എനിക്കു കാണേണ്ട; അവിടത്തേ കഥയോടുകൂടാത്തയാതൊരു കൃതിയും എനിക്കു കേൾക്കുകയും വേണ്ട; മനസ്സുകൊണ്ടുപോലും അവിടത്തെ ഒരാൾ അപലപിച്ചാൽ ഞാനവനെ തൊട്ടനന്തല്ല; ഒരു ജന്മത്തിലും ഞാൻ അവിടത്തേ അർച്ചിക്കാതിരിക്കുന്നതുമല്ല.

ഹേ നരകാന്തക, ഞാൻ ഭൂമിയിലോ, സ്വർഗ്ഗത്തിലോ, നരകത്തിലോ—എവിടെയെങ്കിലും ഇരുന്നുകൊള്ളട്ടെ; അവിടത്തെ തൃക്കാലുകളെ എന്നുമെന്നും—മരണത്തിലും—ഞാൻ ധ്യാനിച്ചുകൊണ്ടുതന്നെയിരിക്കും.

ഹേ കൃഷ്ണ! കൈകൂപ്പിയും തലതാഴ്ത്തിയും, കോൾമയിർക്കൊണ്ടും, തൊണ്ട ഇടറിയും, കണ്ണീർകലർന്നും അവിടത്തെ ചേവടിത്തളിരുകളെ ധ്യാനിച്ചുകൊണ്ടുതന്നെ കഴിഞ്ഞുകൂട്ടുന്ന എന്റെ ജീവിതം ചിരസ്ഥായിയായിരിക്കട്ടെ.

(45) 'ഭവന്തൗരജസഃ' ഇത്യാദി പദ്യം:—

ഗോക്കൾക്കു കുശലംഭവിക്കട്ടെ; ശത്രുക്കൾ അടങ്ങട്ടെ; ഈ ഭൂമിയെ മുഴുവൻ മഹാരാജാവു രക്ഷിക്കട്ടെ;

(46) 'കത്ഥാ ന്യത്ഥസ്യ' ഇത്യാദി പദ്യഗദ്യങ്ങൾ:—

Digitized By Kerala Sahitya Akademi

കാണ്മോരുടെ കല്മഷം കളഞ്ഞുകൊണ്ട് ആദ്യമേ നൃത്തംതുടങ്ങിയ ആ മഹാനടനായികൊണ്ട നമസ്കാരം!

ബ്രഹ്മനിർമ്മിതമായ നാട്യശാസ്ത്രത്തെ ആദ്യമായിട്ടഭിനയിച്ച്, ലോകോപകാരകമാക്കിത്തീർത്ത ശ്രീഭരതമുനിക്കായികൊണ്ട നമസ്കാരം!

ഭരതമുനിയുടെ നാട്യശാസ്ത്രത്തെ കുലശേഖരപ്പെരുമാൾ നല്ലവണ്ണം പഠിക്കുകയും, അതനുസരിച്ചു സരസങ്ങളും സാരമയങ്ങളും ആയ രണ്ടു നാടകങ്ങളെ അദ്ദേഹം നിർമ്മിക്കുകയും ചെയ്തു. ആ നാടകങ്ങളിലുള്ള ധ്വനി മുതലായവയെ വിശദപ്പെടുത്തികൊണ്ട ആകുന്നു ഞാൻ ഈ വ്യാഖ്യാനം നിർമ്മിച്ചിരിക്കുന്നത്. സുഭദ്രാധനഞ്ജയത്തിലുള്ള ധ്വനി മുതലായവയെയാണ് ഞാൻ ഇവിടെ പ്രദർശിപ്പിക്കുന്നത്. കാറ്റും കുളിരും മറ്റുംമൂലം കഴിച്ചുകൂട്ടുവാൻ ബുദ്ധിമുട്ടണ്ടായിരുന്ന ഒരിക്കൽ ഒരു പുലർകാലത്തു്, ഞാൻ ആലുവാപ്പുഴയിൽ കുളിച്ചു നിത്യകർമ്മാദി കഴിച്ചു്, അമ്പലത്തിൽ തൊഴുതു് ഇല്ലത്തെത്തി, തീകാഞ്ഞു്, തണുപ്പുമാറ്റിക്കൊണ്ടിരിക്കയായിരുന്നു; അപ്പോൾ കുലശേഖരപ്പെരുമാളുടെ അടുക്കൽനിന്നു് ഒരു ബ്രാഹ്മണൻ വന്നുകയറി; സൽക്കരിച്ചിരുത്തി കാര്യം ചോദിച്ചപ്പോൾ പെരുമാൾ എന്നെ കാണാനാവശ്യപ്പെട്ടന്നു എന്നും ഉടൻ പുറപ്പെടണമെന്നും പറഞ്ഞു: ഉടനെ ഞങ്ങൾ പുറപ്പെട്ടുകയും, ആലുവാപ്പുഴയിൽകൂടി സുഖമായി തിരുവഞ്ചിക്കുളത്തു വന്നുചേരുകയും ചെയ്തു. അപ്പോൾ അവിടെ ആസ്ഥാനത്തിൽ സിംഹാസനസ്ഥനായും, രാജചിഹ്നധാരിയായും, പരമഭാഗവതനായും, ഭഗവൽ കഥാകഥകനായും മറ്റും പ്രശോഭിക്കുന്ന സാക്ഷാൽ പെരുമാളേ ഞാൻ കണ്ടു. ഞാൻ ഒരുങ്ങിസദസ്സിൽ പ്രവേശിക്കുകയും, മഹാരാജാവു നല്ലവാക്കു പറഞ്ഞു് എന്നെ മാനിക്കുകയും ചെയ്തു. അവിടെ അല്പനേരം അങ്ങനെ ഇരുന്നു; അനന്തരം സദസ്യരോടു് അനുവാദംവാങ്ങി, പെരുമാൾ എന്നെ കൂട്ടിക്കൊണ്ടു് ഏകാന്തമായ മന്ത്രശാലയിൽ പോകുകയും, എന്നെ സുഖമായിരുത്തിയതിനുശേഷം എന്നോടിങ്ങനെ പറയുകയും ചെയ്തു:—

"പ്രസിദ്ധ പണ്ഡിതനായ അങ്ങയെ ഇവിടെ വരുത്തിയിരിക്കുന്നതു്, ഇത്തിരി ഒരാവശ്യം നേരിട്ടതുകൊണ്ടുതന്നെയാണു്. അതു പറയാം; ഞാൻ നന്നെ ശ്രമപ്പെട്ട രണ്ടു നാടകം ഉണ്ടാക്കീട്ടുണ്ടു്. ഒന്നു സംവരണം; മറ്റേതു ധനഞ്ജയം. രണ്ടും ധ്വനിപ്രസ്ഥാനം അനുസരിച്ചുണ്ടാക്കീട്ടുള്ളതാണു്; അങ്ങനെയുള്ളവയെയാണല്ലൊ പണ്ഡിതന്മാരും സഹൃദയന്മാരും ശ്ലാഘിക്കുന്നതു്. നല്ലൊരു നാട്യശാസ്ത്രപണ്ഡിതനായ അങ്ങു് ആ നാടകങ്ങളെ ശരിയായിട്ടൊന്നു പരിശോധിക്കണം.

Digitized By Kerala Sahitya Akademi

ഗുണദോഷങ്ങളെ പറയണം. കൊള്ളാമെന്നാണു് അങ്ങു് അഭിപ്രായപ്പെട്ടന്നതെങ്കിൽ, അങ്ങു പ്രേക്ഷകനായിരിക്കുക; ഞാൻ അഭിനയിച്ചു കാണിച്ചുതരാം. പിന്നെ മുറയ്ക്കു് അരങ്ങേറ്റം നടത്തുകയും ചെയ്യാം. !!

ഇങ്ങനെ പറഞ്ഞു ശ്രീകുലശേഖരൻ തന്റെ നാടകങ്ങളുടെ പ്രയോഗമാഗ്ഗങ്ങളെല്ലാം എനിക്കു കാണിച്ചുതന്നു; അതുകൊണ്ടു് അദ്ദേഹത്തിന്റെ ആ ധനഞ്ജയത്തിലുള്ള സ്ഥായിഭാവാദികളെ ഞാനിവിടെ വെളിവാക്കാം.

(47) 'അഥാഹം കേരള' ഇത്യാദി പദ്യങ്ങൾ;—

ഇനി ഞാൻ കേരളചക്രവത്തി ഉണ്ടാക്കിയിട്ടുള്ള ഈ നാടകത്തിലെ സ്ഥായിഭാവാദിയെ വിവരിക്കാം. എങ്ങനെയെന്നാൽ, രാജാവുതന്നെ വേഷംകെട്ടിപ്പുറത്തുവന്നു വേണ്ടവിധം അഭിനയിച്ചു കാണിച്ചുതരികയാൽ ഇന്നവിധമാണെന്നു് എനിക്കു നല്ല ഉറപ്പുകിട്ടിയിരിക്കുന്നു. ഇതു കൂടിയേ തീരൂ എന്നുള്ളതല്ലായിരിക്കാം; എങ്കിലും കവിയുടെ അഭിപ്രായം മനസ്സിലാക്കുവാനായിട്ടു ഞാനിതു നിശ്ചിച്ചിരിക്കുന്നു. നാടകലക്ഷണവും നായകലക്ഷണവും മറ്റും ദശരൂപകം നോക്കി ഗ്രഹിച്ചുകൊള്ളുക.

(48) 'വിഷ്ണോഃസുതേന'—ഇത്യാദി പദ്യം:—

മുഞ്ജരാജാവിന്റെ സദസ്യപണ്ഡിതനായ ധനഞ്ജയൻ ഈ ഗ്രന്ഥത്തെ വിദ്വൽപ്രീതിക്കായിട്ടു ചമച്ചിരിക്കുന്നു.

(49) 'രണ്ഡാചണ്ഡാ'—ഇത്യാദി:—

ഇതൊരു പരിഹാസോക്തിയാണു്. ക്രൂരയായിരിക്കുന്ന വിധവയാഗത്തിനു പത്നിയായിരിക്കുന്നു; കുടിക്കാൻ മദ്യവും കടിക്കാൻ മാംസവും ആണ്ടതാനും.

(50) 'കൈലാസേ'—ഇത്യാദി:—

ദേവന്മാരാൽ സേവിക്കപ്പെട്ടിരിക്കുന്ന കൈലാസപർവതത്തിൽവെച്ചു്, കിന്നരസ്ത്രീകൾ വളരെ ഹൃദ്യമായി പാടി.

(51) 'സുധാബദ്ധ ' ഇത്യാദി:—

Digitized By Kerala Sahitya Akademi

ചകോരങ്ങൾ അത്യാർത്തിയോടെ ആസ്വദിച്ചുകൊണ്ടിരിക്കുന്ന തുനിലാവിനെ ചൊരിഞ്ഞുകൊണ്ടും, കളങ്കമില്ലാതേയും, അനാകാശത്തിൽ ശോഭിക്കുന്ന ഈ കുളിർതിങ്കൾ ഏതാണു്? നോക്കുക, ആ പ്രകാരാഗ്രത്തിന്റെ സമീപത്തു കണ്ണയച്ചുനോക്കുക; ആലോചിച്ചു പറയുക!

(52) 'ധ്വനിനാ' ഇത്യാദിപദ്യം:—

അതിഗംഭീരമായിരിക്കുന്ന ധ്വനിപ്രസ്ഥാനത്തിന്റെ പരമാചാര്യൻ ശ്രീമദാനന്ദവർദ്ധനൻ ആക്കാണു് ആനന്ദത്തെ വർദ്ധിപ്പിക്കാത്തതു്?

ഇനി ഈ നാലുരത്നാകരങ്ങൾ ആവശ്യമില്ല എന്നു വിചാരിച്ചായിരിക്കണം ബ്രഹ്മാവു്, മഹാകവി രത്നാകരനെ സൃഷ്ടിച്ചതു്.

(53) 'ദൂരാദപി' ഇത്യാദിപദ്യം:—

വളരെ അകലെവച്ചുതന്നെ സജ്ജനങ്ങളെ അത്ഭുതപരതന്ത്രരാക്കിക്കൊണ്ടു് ശ്രീകുലശേഖരവർമ്മാവു് ആശ്ചര്യമഞ്ജരിയെ നിർമ്മിച്ചു.

(54) 'കാവ്യസ്യാത്മാ' ഇത്യാദിപദ്യം:—

കാവ്യത്തിന്റെ ആത്മാവു ധ്വനിയാണെന്നു പണ്ടുള്ളവർ പറഞ്ഞിരിക്കുന്നു, എന്നാൽ ധ്വനി എന്നൊന്നില്ലെന്നു ചിലരും, അതൊരു ഗുണം മാത്രമാണെന്നു മറ്റു ചിലരും, അതു് അനിർവചനീയമായ ഒരു കാവ്യതത്വമാണെന്നു വേറേചിലരും പറയുന്നു; ആകയാൽ അതിന്റെ യഥാർത്ഥസ്വരൂപം സഹൃദയന്മാർക്കുവേണ്ടി ഞാൻ പറയാം.

(55) 'ക്ഷീരസാഗര' ഇത്യാദി 3 വരി:—

പാലാഴിത്തിരത്തുള്ളികൾ നിറഞ്ഞിട്ടുള്ളതും, അതഏവ മനോഹരവും ആയ മുത്തിക്കായിട്ടു്.

ലാടദേശത്തുള്ള സുന്ദരിമാരുടെ കേശാദിപാദാദിയും മറ്റും വർണ്ണിച്ചുകൊണ്ടു ദുഷ്ടവികൾ കാലം കഴിക്കുന്നു.

(56) 'ആമ്നായാഭ്യസന' ഇത്യാദി രണ്ടുപദ്യങ്ങൾ:—

വേദാഭ്യാസം വെറും വനരോദനം; കൃച്ഛ്രചാന്ദ്രായണാദി വ്രതങ്ങളെല്ലാം ദേഹം തടിക്കാതിരിക്കാൻ മാത്രം; യാഗാദിഹോമങ്ങളോ

Digitized By Kerala Sahitya Akademi

ക്കെ ഭസ്മത്തിനു മത്രം; തീർത്ഥസ്നാനങ്ങളൊക്കെ വെറും ഗജസ്നാനപ്രായം; ഭഗവൽ സ്മരണകൂടാതെ ഏതു പുണ്യകർമ്മം ചെയ്താലും ഇതാണ് തോതു്; അതുണ്ടെങ്കിൽ സർവം ഫലം.

ഹേ ഭഗവൻ! ആശയാകുന്ന വെള്ളം, കാമനാകുന്ന കാറ്റ്, അടിച്ചിളക്കിയ മോഹമാകുന്ന കല്ലോലം, ഭാര്യയാകുന്ന ചുഴി, അനുജൻ, തനുജൻ മുതലായ മുതലകളും മറ്റും; ഈ വിധത്തിലുള്ള സംസാരസാഗരത്തിൽ മുങ്ങിമറയുന്ന എന്നെ നിന്തിരുവടിയുടെ പാദാരവിന്ദങ്ങളാകുന്ന തോണിയിൽ കയറ്റി രക്ഷിപ്പാൻ, ഹേ ഭഗവൻ! കനിയണമേ!

(57) 'മദനാ! പരി' ഇത്യാദി 2 പദ്യം:—

എടോ മദന! താൻ എന്റെ മനസ്സുവിട്ടൊഴിഞ്ഞുകൊള്ളുക; അതു ഭഗവൽപാദാരവിന്ദങ്ങൾക്കു വിശ്രമിപ്പാനുള്ളതാണ്; തനിക്കുള്ളതല്ല: നീ പണ്ടേതന്നെ ശിവന്റെ നേത്രാഗ്നിയാൽ അനംഗനായിരിക്കുകയാണല്ലോ; മുരാരിയുടെ തുച്ചക്രത്തിന്റെ പ്രഭാവത്തെ നീ ഓർമ്മിക്കുന്നില്ല; അതാണിവിടെ സ്ഥലംപിടിച്ചതു്; വേണ്ട പൊയ്ക്കോൾക.

പാപികൾക്കുപോലും അഭീഷ്ടപ്രദമായ ശ്രീനാരായണനാമത്തെ അഹോ! ഞാൻ മുമ്പേതന്നെ അഭ്യസിച്ചുകൊള്ളാമായിരുന്നു; എന്താൽ ഈ ഗർഭവാസാദിക്ലേശംകൂടാതെ കഴിക്കാമായിരുന്നു.

(58) 'വാത്സല്യാൽ' ഇത്യാദിപദ്യം:—

വാത്സല്യം, അഭയദാനം, ആത്ത്രരക്ഷണം, ഔദാര്യം, പാപനിവർത്തനം, ശ്രേയഃപ്രദത്വം എന്നിങ്ങനെ എല്ലാംകൊണ്ടും ശ്രീവിഷ്ണുഭഗവാൻ തന്നെയാണ് ആക്കൂട്ടം ആരാധനീയൻ; ഉദാഹരണത്തിനു പ്രഹ്ലാദൻ, വിഭീഷണൻ, ഗജേന്ദ്രൻ, (ഇന്ദ്രദ്യുമ്നൻ), പാഞ്ചാലി, അഹല്യ, ധ്രുവൻ എന്നിവരുടെ കഥ യഥാക്രമം വിചാരിച്ചു നോക്കിക്കൊള്ളുക.

(59) 'നാസ്ഥാധർമ്മേ' ഇത്യാദിപദ്യം:—

ഇതിന്റെ അർത്ഥം പൂർവം പ്രസ്താവിതമത്രേ.

(60) 'കുംഭേ പുനർവസൌ' ഇത്യാദി:—

Digitized By Kerala Sahitya Akademi

കുംഭമാസത്തിൽ പുണർതംനാളിൽ ചോളദേശത്ത് അവതരിച്ചു കേരളാധീശ്വരനായും മഹാവൈഷ്ണവാഗ്രേസരനായും തീർന്ന ശ്രീകുലശേഖരനെ ഞാൻ ആശ്രിക്കുന്നു.

---

3. ചേരമാൻപെരുമാൾ നായനാർ

---

(1) 'അഥ മൂർത്തിമതീ' ഇത്യാദി 3 പദ്യങ്ങൾ:—

അനന്തരം ശ്രീപാർവതീദേവി ഉടലോടെ ഇദ്ദേഹത്തിന്റെ അടുക്കൽവന്ന്, കുട്ടിയെ മടിയിൽകിടത്തി മന്ദഹാസത്തോടുകൂടി, മുലപ്പാൽ കറന്നെടുത്ത് ഒരു പൊൻതളികയിലാക്കി കുഞ്ഞിന്റെ വായിൽ ഒഴിച്ചു കൊടുത്തു; വിശന്നിരുന്ന കുഞ്ഞ് അതു കുടിക്കുകയും ചെയ്തു. ആത്മതത്വജ്ഞാനമയമായിരിക്കുന്ന സ്തന്യാമൃതത്തെ ദേവികൊടുത്തു, കുടിച്ചു കഴിഞ്ഞപ്പോഴേയ്ക്കും, പരിപാവനമായ സൂക്തിസുധ കുഞ്ഞിന്റെ വക്ത്രാരവിന്ദത്തിൽ നിന്നു പ്രവഹിച്ചുതുടങ്ങി.

(2) 'നവസ്തന്യം'—ഇത്യാദിപദ്യം:—

ഹേ! മഹാമായേ! നിന്തിരുവടിയുടെ മുലപ്പാല്, ഒരു സാരസ്വതപ്പാലാഴിയെ ഉൾക്കൊണ്ടിരിക്കുന്നതായിട്ട ഞാൻ വിചാരിക്കുന്നു; എന്തെന്നാൽ കനിവേറിയ നിന്തിരുവടി നൽകിയ സ്തന്യം നുകർന്നിട്ട് ദ്രാവിഡശിശു മഹാകവികളിൽ അഗ്രേസരനായിത്തീർന്നുവല്ലോ.

(3) 'സ്തന്യേന കശ്ചിൽ' ഇത്യാദിപദ്യം:—

ഒരാൾ (ദ്രാവിഡശിശു) മുലപ്പാൽ (ദേവിയുടെ) നുകർന്നു മഹാകവിയായി; മറ്റൊരാൾ (മൂകൻ) ദേവിയുടെ താംബൂലസാരംകൊണ്ടും.

Digitized By Kerala Sahitya Akademi

ഞാൻ അവരെക്കാളും ഉൽകൃഷ്ടനാവാൻവേണ്ടി, സ്തനത്തെക്കാളും വക്ത്രത്തെക്കാളും ഉപരിസ്ഥിതമായ ദേവിയുടെ കടാക്ഷത്തെയാണ് സേവിച്ചുകൊള്ളുന്നത്.

(4) 'മാഗ്ഗാവത്ഥിത' ഇത്യാദിപദ്യം:—

ഇട്ടനടക്കുന്ന മെതിയടി ഭഗവാന്റെ ക്ഷേത്രസ്ഥാനത്തു കയറുന്നു; 'കലുക്കഴിഞ്ഞു' തുപ്പുന്ന ജലധാര അവിടത്തേയ്ക്കു ദിവ്യാഭിഷേകമായും തീരുന്നു; പാതി തിന്ന വായിലിട്ടുകൊണ്ടിരിക്കുന്ന മാംസകഷണം ഭഗവാനു നിവേദ്യമായും ഭവിക്കുന്നു; യഥാർത്ഥമായ ഭക്തി എന്തെല്ലാചെയ്യുന്നില്ല? കാട്ടാളനെ പരമഭക്തനാവതംസവും ആക്കിച്ചെയ്യുന്നു.

(5) 'ന ശകേ്നാമി' ഇത്യാദിപദ്യം:—

പരദ്രോഹംചെയ്യാൻ എന്നെക്കൊണ്ടാവില്ല. അങ്ങു പിന്നെ എങ്ങനെ പ്രസാദിക്കും? എനിക്കറിഞ്ഞുകൂടേ, എന്റെ ഭഗവാനേ? അപ്പൊഴാണല്ലോ അങ്ങു പ്രസന്നനാകുന്നത്; ഒരാൾ ഭാര്യയേയോ, പുത്രനേയോ, അച്ഛനേയോ ഉപദ്രവിച്ചാൽ അപ്പൊഴൊക്കെ; എനിക്കറിഞ്ഞുകൂടേ, ഭഗവാനേ?

(6) 'വിദ്വൽപ്രിയം' ഇത്യാദിപദ്യം:—

കലിയുടെ വിലാസവൈഭവത്താൽ, വിദ്വൽപ്രിയമായിരിക്കുന്ന വ്യംഗ്യമാർഗ്ഗത്തെ വെടിഞ്ഞു, ശബ്ദചിത്രത്തിലും, അർത്ഥചിത്രത്തിലും ആയിരിക്കുന്ന ആളുകൾക്കനുരാഗം; പാമരന്മാർ ശാസ്ത്രാദികളെ ഉപേക്ഷിച്ചു, ഭാഷാപ്രബന്ധലമ്പടന്മാരായിക്കാണ്മാനില്ലേ, അതുപോലെ.

(7) 'ദ്വാവപ്യഭ്രതാവഭി' ഇത്യാദി 3 വരി.

രണ്ടുപേരും തുലോം പ്രശംസനീയന്മാരായി; ഗുരുവിനു ദക്ഷിണചെയ്വാനുള്ളതിലധികം ധനം വാങ്ങുകയില്ലെന്നു പറയുന്ന 'കൌത്സ്യനും' അർത്ഥിക്കു് ആവശ്യമുള്ളതിൽ കൂട്ടതലേ താൻ കൊട്ടുള്ളു എന്ന പതിവുള്ള ശ്രീരഘുവും കീർത്തനീയരായി ചമഞ്ഞു.

Digitized By Kerala Sahitya Akademi

4. രാമചരിതവും രാമകഥപ്പാട്ടും.

---

(1) 'അദ്ധം ദാനവ' ഇത്യാദി:—

പാതി പത്മനാഭസ്വാമിയും, പിന്നത്തെ പാതി പാർവതീദേവിയും പങ്കിട്ടെടുത്തുകഴിഞ്ഞപ്പോഴേയ്ക്കും, അല്ലയോ മഹാരാജാവേ! ലോകത്തിലെങ്ങും ശ്രീപരമേശ്വരൻ ഇല്ലാതായി.

---

6. ഉണ്ണുനീലീസന്ദേശം.

---

(1) 'കാന്താരൌഘ' ഇത്യാദി രണ്ടുപദ്യം:—

കാട്ടും പടലും നിറഞ്ഞു ഭയങ്കരമായിരിക്കുന്ന ആ ഒരു സ്ഥലം കടന്നുപോയാൽ, ജനമനോഹരമായ ബിംബലീദേശത്തുചെല്ലാം; അവിടെചെന്നു്, അവിടത്തെ പ്രധാന പട്ടണത്തിൽ ഉള്ള തേന്മാവിന്റെ അതിഥിയായിക്കൂട്ടുക; എന്തെന്നാൽ, ഉന്നതന്മാർ അതിഥികൾക്കു സഫലമായ സമുല്ലേഷം നൽകുമല്ലോ.

അവിടെനിന്നും അപ്പുറത്താണു് വടക്കുംകൂർ രാജാക്കന്മാരുടെ പടവീടു് ആയ കടൽത്തുരുത്തു് (കടുത്തുരുത്തി); അതു വലിയ വലിയ മദയാനകളാൽ ചൂഴപ്പെട്ടിരിക്കുന്നു; സുന്ദരികളായ മഹിളകളെക്കൊണ്ടു് അത്യന്തം രമണീയമത്രേ ആ പ്രദേശം; നീയവിടെച്ചെന്നുകൂട്ടുക.

Digitized By Kerala Sahitya Akademi

(2) 'ആസ്ഥാ ലോകേ' ഇത്യാദിപദ്യം;—

ലോകത്തിൽ മഹാന്മാരായിട്ടുള്ളവക്ക്, ആത്തന്മാരുടെ ഇഷ്ടം സാധിപ്പിക്കുവാനും, അനിഷ്ടം പരിഹരിക്കുവാനും ഉള്ള താൽപര്യവും, ദീനന്മാക്ക് ആ ഇഷ്ടപ്രാപ്ത്യനിഷ്ടപരിഹാരങ്ങൾക്കായി അന്യന്മാരെ ആശ്രയിക്കുന്ന സ്വഭാവവും തുലോം വല്യതാണ്; അങ്ങുമിങ്ങുമുള്ള വ്യത്യാസങ്ങളെ ആ ആസ്ഥയും അത്ഥിതയും നോക്കാറും അറിയാറുമില്ല; ആസ്ഥയും അത്ഥിതയും മഹാന്മാരിലും ദീനന്മാരിലും സഹജങ്ങളത്രേ.

(3) 'തസ്സേവാത്ഥം' ഇത്യാദിപദ്യം:—

ശ്രീപത്മനാഭനെ സേവിക്കാനായിട്ട് അവിടെ സർവാംഗസുന്ദരികളായ തരുണീമണിമാർ രമണന്മാരുമൊന്നിച്ചു വന്നുനില്ക്കുന്നുണ്ടായിരിക്കും.

(4) 'ഏവം സഖ്യൌ' ഇത്യാദി പദ്യം:—

ഇങ്ങനെ സഖാവായിരിക്കുന്ന ഈ എന്റെ പ്രാണരക്ഷണം ചെയ്ത് അംഗയുടെ പ്രണയകരുണാപൌരുഷങ്ങൾ ലോകം അറിയട്ടെ; മേലാൽ സ്വപ്നത്തിൽപോലും ഇപ്രകാരം പ്രിയജനവിയോഗാത്തി പറ്റാതിരിക്കട്ടെ; വീണ്ടും നമുക്കുതമ്മിൽ കാണ്മാനിടവരട്ടെ!

(5) 'ഉത്തീർണ്ണസ്ത്വം' ഇത്യാദി പദ്യം:—

നീ സമുദ്രപത്നിയായ ആ 'പെരിയാറു'! അക്കരകടന്ന്, വടക്കോട്ടപോയി, ചതുരംഗസേനയോടുകൂടിയ ആ രാജധാനിയെ പ്രാപിക്കുക; പ്രതാപശാലികളായ രാജവീരന്മാരുടെ മുഖചന്ദ്രന്മാർ ഹേതുവായി, രാജസംജ്ഞ സമ്പാദിച്ചിരിക്കുന്നത്രേ ആ രാജധാനി.

(6) 'കാമ്യാകല്പേ' ഇത്യാദി പദ്യം:—

അവിടെ സകലാലങ്കാരങ്ങളോടുകൂടിയ മണിമാടത്തിൽ(പൊന്നമ്പലത്തിൽ) തൃക്കണാമതിലകത്തപ്പൻ എന്ന ജഗൽപ്രസിദ്ധനായ ശ്രീപരമേശ്വരൻ ഭിക്ഷാടനാദി ഉപേക്ഷിച്ചു സ്ഥിരമായി താമസിച്ചുവരുന്നു.

(7) 'വാചാ യോഷാം' ഇത്യാദി പദ്യം:—

Digitized By Kerala Sahitya Akademi

യാവചിലരുടെ വാക്കുകളാൽ രാജാവു രാജ്യം ഭരിക്കുന്നുവോ, യാവ ചിലർ അറുപത്തിനാലു ഗ്രാമങ്ങളേയും നയിക്കുന്നുവോ, ആയുധപ്രയോഗങ്ങളിലും ശാസ്ത്രവാദങ്ങളിലും വിശ്രുതവിഖ്യാതന്മാരായ ആ നമ്പൂതിരിമാരെക്കൊണ്ടു് ശോഭിക്കുന്നതുമാണു് ആ നാടു്.

(8) 'ശ്രീമൽകോളംബ' ഇത്യാദി പദ്യം:—

കൊല്ലവർഷം 644-ൽ ഗുണവാനും, വഞ്ചിപാലനും, പണ്ഡിതപ്രകാണ്ഡവും, ജയസിംഹവംശ്യനും, ചിറവായ് സത്രുപനാഥനും ആയ ആദിത്യവർമ്മാവു്, തിരുക്കുറുങ്കുടി ക്ഷേത്രത്തിന്റെ നടയ്ക്കൽ മണികെട്ടിച്ചു.

(9) 'സിംഹസ്ഥേ' ഇത്യാദി പദ്യം:—

ശകാബ്ദം 1296-ൽ സർവ്വാംഗനാഥനെന്ന മഹാരാജാവു തിരുവനന്തപുരത്തു തിരുവാമ്പാടിക്ഷേത്രത്തിൽ ഗോശാല, വിളക്കുമാടം, ശ്രീകോവിൽ, മണ്ഡപം എന്നിവ ഇഹപരശ്രേയസ്സുകൾക്കുവേണ്ടി പണികഴിപ്പിച്ചു.

(10) 'ശ്രീഗോഷ്ഠ' ഇത്യാദി അഞ്ചു പദ്യം:—

ആദിത്യവർമ്മരാജാവു് ഗോശാല, മണ്ഡപം എന്നിവ പശുക്കൾക്കും, ശ്രീകൃഷ്ണനും, ബ്രാഹ്മണർക്കും ഇരിക്കാനായിട്ടു നവീകരണം ചെയ്തു.

ഗോശാല, മണ്ഡപം, ശ്രീകോവിൽ ഇതെല്ലാം നോക്കിക്കണ്ടു. വളരെ കേമമായിരിക്കുന്നു എന്നല്ലാതെ ഒന്നും പറയാനില്ല.

ആദിത്യവർമ്മരാജാവു ഉണ്ടാക്കിച്ച ഇതെല്ലാം പതിവായി മഹാജനങ്ങൾ കണ്ടുകൊള്ളട്ടെ; ഭഗവാനെ ഭജിച്ചുകൊള്ളട്ടെ.

അലങ്കരിച്ചിരിക്കുന്ന മണ്ഡപത്തിൽ, ശ്രീകൃഷ്ണസ്വാമിയുടെ മുമ്പിൽ ഉള്ള ചിത്രം, കാണ്മോരുടെ കണ്ണിനും ഒരലങ്കാരമായി ഭവിച്ചിരിക്കുന്നു.

അലംകൃതമായ ഈ മണ്ഡപം മഹാജനങ്ങൾ ചുറ്റിനടന്നുകാണട്ടെ.

Digitized By Kerala Sahitya Akademi

(11) 'ശബ്ദജ്ഞോസ്മി' ഇത്യാദി 4 പദ്യങ്ങൾ:—

വ്യാകരണം, സംഗീതസാഹിത്യങ്ങൾ, സ്മൃതി, പുരാണം, വേദാന്തം തുടങ്ങിയവയും, എല്ലാ ആയുധപ്രയോഗങ്ങളും, മറ്റും അറിഞ്ഞിരിക്കുന്നതുകൊണ്ടും, സകലഭൂപാലന്മാരേയും ജയിച്ചിരിക്കുന്നതുകൊണ്ടും ആണ് ഞാൻ സർവാംഗനാഥൻ ആയിത്തീർന്നത്.

ചിലർ സാഹിത്യവിദഗ്ധന്മാർ; ചിലർ ശാസ്ത്രപണ്ഡിതന്മാർ: ചിലർ ഗാനനിപുണന്മാർ; ചിലർ സമരവീരന്മാർ; ഹേ! ആദിത്യവർമ്മരാജാവേ! ഇങ്ങനെ ഉള്ളവർ എങ്ങനെ അങ്ങയോട്ട തുല്യരാകും? അവിടുന്ന സർവവിദ്യാപാരംഗതൻ; അവരോ, ഒന്നുമാത്രമറിയാവുന്നവർ! അവിടുന്ന നിസ്തുല്യൻ തന്നെ!!

കാർമുകിലൊളിയോട്ടക്കൂടി, കണ്ണെഴുതി, തലമുടി കെട്ടാതെ അഴിച്ചിട്ടുകൊണ്ടു ഗോപസ്ത്രീകളെ കടാക്ഷിച്ചുകൊണ്ടിരിക്കുന്ന ബാലകൃഷ്ണവേഷം എന്റെ ഹൃദയത്തിൽ എപ്പോഴും സ്ഫുരിക്കട്ടെ.

(12) 'ദുർബലസ്യ ബലം' ഇത്യാദി 3 പദ്യം:—

ബലഹീനന്മാക്ക ബലം രാജാവാണെന്നുള്ള പഴമൊഴി പരമാത്ഥം തന്നെ; വിദ്വാനായിരിക്കുന്ന ദുർബലനു 'സംഗ്രാമധീരൻ' (രവിവർമ്മാ) കലിയുഗത്തിൽ ബലം (സൈന്യം) ആയി ഭവിച്ചിരിക്കുന്നു.

ഹേ! സംഗ്രാമധീര! അങ്ങയുടെ രാജ്യത്തു കള്ളൻ ഇല്ലെന്നു പറയുന്നതു വെറും കള്ളംതന്നെ; അവിടുത്തെ വിഗ്രഹംതന്നെ ചമ്പകശോഭയെ മുഴുവൻ കട്ടെടുത്തിരിക്കുന്നു.

'സങ്ഗ്രാമധീര' പഞ്ചാക്ഷരത്തെ ജപിക്കുന്ന പണ്ഡിതന്മാർ ദുഗ്ഗതി (ദാരിദ്ര്യം) തീർന്ന് ശിവ (സുഖ) ഭാക്കുകളായി ഭവിക്കുന്നു.

(13) 'സ്വസ്ത്യസ്തു' ഇത്യാദി പദ്യം:—

ശ്രീജയസിംഹവീരകേരളവർമ്മാവിനും, അദ്ദേഹത്തിന്റെ വംശ്യന്മാക്കും, രാജ്യത്തിനും നഗരത്തിനും മംഗളം ഭവിക്കട്ടെ.

(14) 'സ്വസ്തി ശ്രീജയസിംഹ' ഇത്യാദി പദ്യം:—

ശ്രീജയസിംഹൻ എന്നു പേരോടുകൂടി, ഒരു ചന്ദ്രവംശരാജാവു കേരളത്തിൽ ഉണ്ടായി; അദ്ദേഹം യദുകുലനാഥനും ആയിരുന്നു. ആ ജയ

Digitized By Kerala Sahitya Akademi

സിംഹന്ത് ഉമാദേവിയിൽ ശകാബ്ദം 1188-ൽ മൂത്തിമത്തായ വീരരസ മെന്നപോലെ ഉണ്ടായ ആളാണ് ശ്രീരവിവമ്മകുമാരൻ.

(15) 'സ്യാനന്തൂരൈക' ഇത്യാദി പദ്യം:—

തിരുവനന്തപുരത്തു തിരുവാമ്പാടിക്ഷേത്രത്തിൽ ഉള്ള ശ്രീകൃഷ്ണ സ്വാമിക്കു, ഗോദമാത്താണ്ഡനെന്ന കോളംബാധിപതിക്കു കൂടപിടി ക്കുന്ന ആളായ ആദിത്യവമ്മാവു വെള്ളികൊണ്ടുണ്ടാക്കിയ ഒരു വലിയ മണി നടയ്ക്കുവെച്ചു.

(16) 'സന്ധ്യാലക്ഷ്മീം' ഇത്യാദി 2 വരി:—

അവിടെ സ്ത്രീകൾ പുഞ്ചിരിപ്പൂനിലാവും, ചെഞ്ചോരിവായ്മലരൊ ളിയുംകൊണ്ടു പ്രായേണ എപ്പോഴും സന്ധ്യാലക്ഷ്മിയെ സമ്പാദിക്കുന്നു.

(17) 'കസ്യോൽപന്നം' ഇത്യാദി 2 വരി:—

എപ്പോഴും സുഖം എന്നും ദുഃഖം എന്നും ഇരുരണ്ടും ആക്കും ഇല്ല. വണ്ടിച്ചക്രത്തിന്റെ ഉരുളപോലെ പരിവർത്തനം ചെയ്തുകൊണ്ടിരിക്കും ഏതവസ്ഥയും.

---

7. ഭാഷാചമ്പൂപ്രബന്ധങ്ങൾ

---

(1) 'ഭാഷാകവി' ഇത്യാദി പദ്യം:—

ഈ ഭാഷാകവികൾ ചന്ദ്രനെപ്പോലെയാണ് ഇവിടെ ശോഭിക്കു ന്നതു; അധികവും വൃത്തം ഇല്ലാത്തവരും, പണ്ഡിതസമക്ഷം (സൂര്യരശ്മി യിലെന്നും) വാക്കില്ലാത്തവരും (ഒളിയറ്റവർ എന്നും) ആകുന്നു.

(2) 'പലായധ്വം' ഇത്യാദി പദ്യം:—

Digitized By Kerala Sahitya Akademi

ഹേ കവികളാകുന്ന ആനകളെ! നിങ്ങളൊക്കെ ഓടിക്കൊൾക; വേദാന്തക്കാട്ടിൽ സഞ്ചരിക്കുന്ന ഉദ്ദണ്ഡകേസരി ഇതാ വരുന്നു.

(3) 'അധികേരള'മിത്യാദിപദ്യം:—

കേരളത്തിലുള്ള വലിയ വലിയ കവികൾ ഇരുന്നു് എഴുതിക്കൂട്ടിക്കോട്ടേ, നാമവരെ മാനിക്കില്ല: എന്നാൽ പുളകമുണ്ടാകത്തക്ക വാഗ്വൈഭവത്തോട്ടുകൂടിയ മഹാകവി പുനത്തെ നാം മാനിക്കതന്നെ ചെയ്യുന്നു.

(4) 'ആജ്ഞയാ കോല' ഇത്യാദി 2 വരി:—

കോലത്തിരി രാജാവായ പണ്ഡിതൻ ഉദയവർമ്മാവിന്റെ ആജ്ഞ ഹേതുവായിട്ടു്—

(5) 'ക്ഷാമോ ധർമ്മഃ ക്ഷമായാം' ഇത്യാദി പദ്യം:—

നയാംഭോനിധിയായ ഇദ്ദേഹത്തിന്റെ രക്ഷാശിക്ഷാദികൾ ഹേതുവായിട്ടു ചടച്ചിരുന്ന ധർമ്മം തടിച്ചു പൂണ്ണുമായി; അതുകണ്ടു ഭയപ്പെട്ട പാപപ്രിയനായ കലി, ഇദ്ദേഹം തന്നെത്തോല്പിക്കുന്നവനാണെന്നു കരുതി എങ്ങോ ഓടി ഒളിച്ചിരിക്കുന്നു.

(6) 'കല്യബ്ദേഷ്വതിയൽസു' ഇത്യാദി പദ്യം:—

കൊല്ലവർഷം 602-ൽ ഭാർഗ്ഗവവൈതഹവ്യഗോത്രപ്രവരസ്ഥനായ ചേന്നാസ്സു നാരായണൻനമ്പൂതിരിപ്പാടു്, പല തന്ത്രാഗമങ്ങളും നോക്കി, ഈ സമുച്ചയം ഉണ്ടാക്കിയിരിക്കുന്നു.

(7) 'പതയഃ പഞ്ചമേ' ഇത്യാദി പദ്യം:—

എനിക്കഞ്ചുഭർത്താക്കന്മാരുണ്ടു്; അവർ ഗന്ധർവന്മാരും ശ്രുഢചാരികളും ആകുന്നു; അവർ കാത്തുവരുന്ന എന്നെ ആരാണു് തൊടുക? അഞ്ചുമുഖമുള്ള ഒരു പെൺപാമ്പിനെ ആരാണു ചെന്നുതൊടുക?

(8) 'കദാചിൽ കീചകഃ' ഇത്യാദി പദ്യം:—

ഒരിക്കൽ കീചകൻ പഞ്ചാലിയെ സുദേഷ്ണയുടെ ഗൃഹത്തിൽവച്ചു കണ്ടിട്ടു്, സ്മരാസ്ത്രങ്ങൾക്കും അന്തകനും ലാക്കായിത്തീർന്നു.

Digitized By Kerala Sahitya Akademi

(9) 'ഭജസ്വ കൃതിനം! ഇത്യാദി പദ്യം:—

ഹേ സുന്ദരി! യുവാവും യോഗ്യനുമായ ഒരാളെ നീ വരിക്കുക; വൃക്ഷത്തിൽ പടരാതെ വെറും തറയിൽ അടിയുന്ന വല്ലിക്കു വല്ല ഭംഗിയുമുണ്ടോ?

(10) 'സ്വസ്മിൻ വേശ്മനി' ഇത്യാദി പദ്യം:—

തന്റെ ഗൃഹത്തിൽ പുത്രമിത്രകളത്രാദികളോടുകൂടി യോഗ്യന്മാരെ ആരാധിച്ചും രാമായണഭാരതാദികൾ ശ്രവിച്ചും മഴക്കാലത്തു കേരളത്തിൽ കാലക്ഷേപം ചെയ്യുന്നവരാണു് സുകൃതിശിഖാമണികൾ.

(11) 'അപി ശാകം' ഇത്യാദി പദ്യം:—

ഏതു ദരിദ്രനും അവനവന്റെ ഗൃഹമാണു് സുഖപ്രദമായിട്ടുള്ളതു്; എത്ര ദിവസമായി വന്നിട്ടു് എന്നു കണക്കാക്കുകയും വലിയ 'തീറ്റക്കാരൻ' എന്നു പട്ടംകിട്ടുകയും കൂടാതെ കഴിയാമല്ലോ.

(12) 'അകസ്മാദുന്മീലൻ' ഇത്യാദി പദ്യം:—

പെട്ടെന്നു പൊട്ടിപ്പുറപ്പെട്ടന്ന പുഞ്ചിരികൊണ്ടു് അഴകേറിയ കുഞ്ഞുങ്ങളുടെ പൂമുഖങ്ങളെ പതിവായി കണ്ടുകണ്ടു ദേവേന്ദ്രതുല്യനായ മഹാരാജാവു കരയില്ലാത്ത സന്തോഷക്കടലിൽ മുങ്ങിക്കൊണ്ടു കാലം കഴിച്ചു.

(13) 'സങ്കല്പസംഗമ' ഇത്യാദി പദ്യം:—

മനസ്സുകൊണ്ടുള്ള സംഗമസുഖാനുഭവത്തിനു്, ഞാൻ ഇടയ്ക്കിടെ ചെന്നു മുടക്കം വരുത്തുന്നതല്ല; ഇങ്ങനെ വിചാരിച്ചിട്ടെന്നപോലെ ആ വധൂവരന്മാരെ നിദ്രാദേവി സദയം കൈവിടുകയും, നിപുണയായ ഒരു സഖി എന്നപോലെ അവരുടെ അടുക്കൽനിന്നു ബഹിർഗ്ഗമിക്കുകയും ചെയ്തു.

(14) 'പശുപതിരിവ' ഇത്യാദി ഗദ്യം:—

ആ പർവതം ശിവനെപ്പോലെയും, വിഷ്ണുവിനെപ്പോലെയും ആദിത്യനെപ്പോലെയും, കാമിനിയെപ്പോലെയും, ശ്രീപർവതംപോലെയും, നരവാഹനനെപ്പോലെയും, കുഞ്ഞിനെപ്പോലെയും, പൂർവാഹ്ണംപോലെയും, കൃഷ്ണപക്ഷംപോലെയും, കണ്ണനെപ്പോലെയും, ഭീഷ്മരെപ്പോലെ

Digitized By Kerala Sahitya Akademi

യും, ഹിരണ്യകശിപുവിനെപ്പോലെയും, മറ്റും ശോഭിക്കുന്ന ഓരോരോ ഗുണങ്ങളാൽ.

(15) 'ബാലാതപപ്രേക്ഷ്യ' ഇത്യാദി പദ്യം:—

മഞ്ഞവെയിലുധരിച്ചു്, താമരകളെ ഒക്കെ സന്തോഷിപ്പിച്ചു്, ആദിത്യൻ കിഴക്കുദിക്കുംപോലെ, പീതാംബരംചാത്തി, കാണികളുടെ കൺകുളുപ്പിച്ചു്, ശ്രീകൃഷ്ണഭഗവാൻ, ദുര്യോധനസഭയിൽ ചെന്നുകൂടി.

---

8. മാഘമാസം മേൽപുത്തൂരും.

---

(1) 'ഉക്തവാന്തമിതി' ഇത്യാദി പദ്യം:—

ഇങ്ങനെ പറഞ്ഞവനോടു ശ്രീകൃഷ്ണഭഗവാൻ, സദസ്യരെല്ലാം കേൾക്കത്തക്കവണ്ണം, പുഞ്ചിരിതൂകിക്കൊണ്ടു മറുപടിപറഞ്ഞു. (അടുത്തപദ്യത്തിന്റെ അർത്ഥവും ഏറെക്കുറെ ഇതുതന്നെ).

(2) 'മാ ച ശങ്കിഷ്ഠാ:ത' ഇത്യാദി പദ്യം: —

മഹാജനങ്ങളെ! നിങ്ങൾ സംശയിക്കേണ്ട; ആരെങ്കിലും ഈ കർമ്മത്തിൽ ചെയ്യേണ്ടതു ചെയ്യാതിരിക്കുകയാണെങ്കിൽ, അവന്റെ തല ഈ സുദർശനചക്രം ഛേദിച്ചുകളയുന്നതാണു്.

(3) 'ഏക ഏവ' ഇത്യാദി പദ്യം:—

"സുതപനാഥനിത, കൃഷ്ണനേകനാ–
ണിത്ഥമങ്ങഭിനയിച്ചു ഭങ്ഗിയിൽ,
ഭ്രുചഷാലകലിതാംഗുലീയകം
യൂപമാംവിരൽ നിവിഷ്ടയത്തിയോ ?"

Digitized By Kerala Sahitya Akademi

(4) 'മാത്രേയാമരസൈന്ധവ' ഇത്യാദി പദ്യം:—

"നിന്ദ്യന്മാർ സഹദേവഭീഷ്മനുവരന്മാരാകുമീമൂന്നുപേർ;
നിന്ദ്യം കുത്സിതർ മൂവരാൽകൃതമസൽപാത്രത്തിലെപ്പൂജയും;
സർവസമ്മത,നാഴിവാഴി യിവനെപ്പൂജിക്കെ മോദിക്കുവോർ
സൂരിമ്മന്യരഹോ! ഗതാനുഗതകന്മാരീമുനിക്കൂട്ടരും".

(5) 'ഗുണാപവാദേന' ഇത്യാദി പദ്യം:—

ഉള്ള ഗുണങ്ങളെ മറച്ചുവയ്ക്കുക; ഇല്ലാത്ത ദോഷങ്ങളെ ഉണ്ടാക്കിപ്പറയുക; ഈ വിധം സജ്ജനങ്ങളെ രണ്ടായി പിളക്കുന്ന ദുർജ്ജനം, തന്റെ ഹൃദയത്തെ മൂടിവെച്ചാലും അയാളുടെ വാക്കാകുന്ന വാൾതന്നെ, ആ ദുഷ്ടഹൃദയത്തെ നമുക്കു കാട്ടിത്തരുന്നു; വാക്കിന്റെ ദൗഷ്ട്യത്തിൽനിന്നു ബുദ്ധിയെ അനുമിക്കാം എന്നു ഭാവം.

(6) 'ഗച്ഛ സച്ഛന്ദ' ഇത്യാദി പദ്യം:—

" രേ! രേ! വഷ്ടിഷ്ടു! മോഘം തവ യദ്ദുഷ്കൃഹക–
ശ്ലാഘ നില്ക്കട്ടെ, പോരി–
ന്നെത്തു; സച്ഛന്ദമുത്യബ്രുവ! തവ മതിയി–
ന്നേകുമേ ചൈദ്യബാണം;
ജൂണ്ണൻ നിങ്കൽ സലജ്ജം മമശരനിരയാലെന്തു"?"

(7) 'അഹിതാദന' ഇത്യാദി പദ്യം:—

മൂദുവായും പരുഷമായും, രണ്ടുവിധത്തിൽ ഈ പദ്യത്തിനു് അർത്ഥമുണ്ടു്. അതിൽ മൂദുവായ അർത്ഥം:—

അങ്ങേക്കാൾ യോഗ്യനായിട്ടു് വേറൊരാളില്ല. അങ്ങു്, അധർമ്മഭീരു; അക്കാര്യത്തിൽ ലജ്ജാലു; ശത്രുക്കളെ ഒട്ടും കൂട്ടാക്കുകയില്ല; വലിയ ആസ്തികൻ; തുലോം വിനീതൻ; അഹങ്കാരസ്പർശംപോലുമില്ല അങ്ങേയ്ക്കു്; അങ്ങു മഹാനുഭാവൻ തന്നെ!

ഇനി പരുഷാർത്ഥം:—

അങ്ങേപ്പോലെ ഇത്ര കെട്ട മനുഷ്യൻ വേറെ എങ്ങുമില്ല. എന്തെന്നാൽ ശത്രുക്കളെ കണ്ടാൽ കഴിയുംവേഗത്തിൽ ഓടുക; അത്ര ഭീരുവാണു്; അല്ലെങ്കിൽ അവരെ നമസ്കരിച്ചു പ്രസാദിപ്പിച്ചു് നിർഭീകനായി

Digitized By Kerala Sahitya Akademi

രിക്കും! പരാക്രമംകൊണ്ട ജയിക്കുകയല്ല! എത്രം ചെയ്യുന്ന ഒരു നിർല്ല ജ്ജനാണങ്കു്! തീരെ നാസ്തികനും അങ്ങുതന്നെ! നയം തീരെയില്ല തനി ക്കു്; വേണ്ടാത്തതേ ചെയ്യുംതാനും; അങ്ങു തികഞ്ഞ അഹങ്കാരിയുമാണു്.

(8) 'പ്രതിവാചമദത്ത' ഇത്യാദി പദ്യം:—

ഡീക്കുപറഞ്ഞു ശകാരിച്ചുകൊണ്ടിരുന്ന ശിശുപാലനോട്ടു്, ഭഗ വാൻ ശ്രീകൃഷ്ണൻ ഒന്നും ഉത്തരം പറഞ്ഞില്ല; ഘനശബ്ദം കേട്ടാൽ അ പ്പോൾ ആകുന്ന കേസരി കൂടെ ഹുങ്കാരം ചെയ്യുന്നതു്; അല്ലാതെ കുറു ക്കൻ കിടന്നു കുകുമ്പോഴല്ല.

(9) 'വയം കവ' ഇത്യാദി പദ്യം:—

വർണ്ണാശ്രമധർമ്മസംരക്ഷകന്മാരായ ഞങ്ങൾ എവിടെ? ജാതിഹീ നന്മാരായ വെറും വേടന്മാർ എവിടെ? യോഗ്യന്മാക്കു നീചന്മാരോടു സംഗമിക്കാവതല്ല; കുറുക്കന്റെ തോഴൻ ഒരാനയായിത്തീരുകയില്ല.

(10) 'കിമപേക്ഷ്യ' ഇത്യാദി പദ്യം:—

മേഘങ്ങൾ അലറുമ്പോൾ, എന്തിനുവേണ്ടിയാണു് കേസരിവീരൻ അവയെനോക്കി ഗർജ്ജിച്ചുകൊണ്ടു ചാടുന്നതു്? ഒരു പ്രയോജനവും കരു തീട്ടല്ല. പിന്നെയോ, അതു മഹത്തരന്മാരുടെ സ്വഭാവമാണു്; അന്യ ദീയമായ ഔന്നത്യത്തെ അവർ ഒട്ടുമേ സഹിക്കുകയില്ല.

(11) "ജിതരോഷരയാഃ" ഇത്യാദി പദ്യം:—

മഹാത്മാക്കൾ ക്രോധാധീനന്മാരായിരിക്കയില്ല; അവർ ക്രോധ ത്തെ ജയിച്ചവരായിരിക്കും. അല്പന്മാരാകട്ടെ, പെട്ടെന്നു രോഷദാസ ന്മാരായി ചമയുന്നു; യാതൊന്നിനെ യോഗ്യന്മാർ കീഴടക്കിയിരിക്കുന്നു വോ, അതിനാൽ ക്രോധത്താൽ) കീഴടക്കപ്പെട്ടിരിക്കുന്ന മൂർഖന്മാക്കു്, ആ സജ്ജനങ്ങളോടു വിരോധത്തിനു (സ്പർദ്ധ)പോലും യോഗ്യതയില്ല.

(12) 'അങ്കാധിരോപിതസ്യ' ഇത്യാദി രണ്ടു പദ്യം:—

ചന്ദ്രൻ മാനിനെ എടുത്തു മടിയിൽ വച്ചതുകൊണ്ടാണു് മൃഗാങ്കൻ എന്നു പ്രസിദ്ധനായതു്.

Digitized By Kerala Sahitya Akademi

9. ഒരു ശ്ലോകത്തിന്റെ ചരിത്രം.

---

(1) "ഭവന്തി നമ്രാഃ" ഇത്യാദി പദ്യം:—

ഫലഭരേണ തരുക്കൾ നമിച്ചിട്ടും
ജലഭരേണ ഘനങ്ങളുമങ്ങനെ;
അലഘുസമ്പദി സജ്ജനവും തഥാ
വിലസിടുന്നു: ഗുണം ഗുണികൾക്കിതു്.

(2) 'ദാരിദ്ര്യസ്യ' ഇത്യാദി പദ്യം:—

ദാരിദ്ര്യത്തിൻ ദയാലുത്വം
എന്തുചൊല്ലുന്നു ഭൂപതേ!
തൻനാശം വകവയ്ക്കാതെ
കാട്ടിനാനെന്നെയങ്ങയേ.

(3) 'മീമാംസാദി സ്വതാതാൽ' ഇത്യാദി പദ്യം:—

അച്ഛന്റെ അടുക്കൽനിന്നു മീമാംസാദിയും, മാധവാചാര്യന്മാർനിന്നു വേദവും, ദാമോദരഗുരുവിങ്കൽനിന്നു തർക്കവും, അച്യുതപ്പിഷാരോടിയിൽനിന്നു വ്യാകരണവും, അവരുടെ ഒക്കെ അനുകമ്പകൊണ്ടു് ഏതാണ്ടൊരു കവിത്വവും ഞാൻ സമ്പാദിച്ചു; എന്റെ ആ കർമ്മമൊക്കെ കൃഷ്ണാർപ്പണമായി തീരട്ടെ; എന്റെ ബുദ്ധി എന്നും എപ്പോഴും ഭഗവൽകഥാലമ്പടമായി ഭവിക്കട്ടെ!

(4) 'അയമച്യുത' ഇത്യാദി പദ്യം:—

ഗുരുനാഥനായ അച്യുതപ്പിഷാരോടിയുടേയും, മഹർഷിമാരായ പാണിനികാത്യായന പതഞ്ജലിപ്രഭൃതികളുടേയും കാരുണ്യത്താൽ, സഫലമായും വിദ്വൽപ്രണയപാത്രമായും ഭവിക്കും എന്റെ പ്രയത്നം.

(5) 'തസ്മാൽ പ്രത്യക്' ഇത്യാദി 3 പദ്യം:—

Digitized By Kerala Sahitya Akademi

അവിടെനിന്നും നീ പടിഞ്ഞാട്ടനോക്കി, തൃക്കണ്ടിയൂർ ക്ഷേത്രത്തിലെ ശിവനേയും, പണ്ഡിതചൂഡാമണിയായ അച്യുതപ്പിഷാരോടിയേയും ഭക്തിപൂർവം നമസ്കരിക്കുക; അവരിൽ പരമശിവൻ ജ്യോതിർഗ്ഗോളത്തിൽ ഒന്നായ ചന്ദ്രനെ ശിരസ്സിൽ ധരിക്കുന്നതേയുള്ളു; പിഷാരടിയാകട്ടെ, സാക്ഷാൽ ജ്യോതിശ്ചക്രം മുഴുവൻ ഹൃദയത്തിൽ ധരിച്ചുകൊണ്ടിരിക്കുന്നു.

*　　*　　*　　*　　*

ശ്രീമഹാഗണപതിയുടെ പ്രസാദപരിപാകത്താൽ സർവഥാ സമൃദ്ധവും, മാതൃദത്തഭട്ടതിരിയുടെ ശിഷ്യസമൂഹം ഇടവിടാതെ നടത്തുന്ന ശാസ്ത്രോത്സവങ്ങൾക്കു സങ്കേതസ്ഥാനവും, അടുത്തുനിന്നു പുറപ്പെട്ടുന്ന നാരായണമഹാകവിയുടെ അനഗ്ഗളവാങ്മാധുര്യത്താൽ പ്രീണിച്ചിരിക്കുന്ന വാണീഭഗവതിയുടെ മന്ദസ്മിതംകൊണ്ടു സുരഭിലവും ആയ 'ചന്ദനക്കാവി'ലേക്കു ഭവാൻ പോയാലും!

*　　*　　*　　*　　*

മഹാകവി മേല്പുത്തൂരിന്റെ മുഖത്തുനിന്നു പുറപ്പെട്ടുന്ന സൂക്തങ്ങളെ ആസ്വദിച്ചാൽ പിന്നെ നിനക്കു താമരപ്പൊയ്കയിൽ പോയി തേൻ കുടിക്കണമെന്നു തോന്നുകയില്ല; അതിലറപ്പു കൂടിവന്നേയ്ക്കും; അതുകൊണ്ടങ്ങനെ ചെയ്കു; എന്നിട്ട്, സന്ധ്യയാകുമ്പോഴേയ്ക്കും വള്ളുവനാട്ടേക്കു കടന്നുകൊണ്ടാലും!

(6) 'സോപി കദാചന' ഇത്യാദി പദ്യം:—

ആ രാജാവു് ഒരിക്കൽ തന്റെ ഗുണങ്ങളാൽ ആകൃഷ്ടിക്കപ്പെട്ട് അടുക്കെ എത്തിയ മാതൃദത്തപുത്രനായ നാരായണഭട്ടതിരിയോടു് അനുശാസിച്ചു.

(7) 'ഭ്രുവണ്ഡേ കേരളാഖ്യേ' ഇത്യാദി പദ്യം:—

കേരളരാജ്യത്തു ഭാരതപ്പുഴയുടെ വടക്കുപുറത്തു, തിരുനാവായിൽ നിന്നു് അല്പംമാത്രം അകന്നു സ്ഥിതിചെയ്യുന്ന മേല്പുത്തൂരില്ലത്തുള്ള മഹാധർമ്മിഷ്ഠനും, മഹാപണ്ഡിതനും ആയ മാതൃദത്തഭട്ടതിരിയുടെ പുത്രനായ നാരായണഭട്ടതിരി അനുലപ്പുഴരാജാവിന്റെ നിരുപമമായ ആജ്ഞയെ നിർവഹിച്ചു.

Digitized By Kerala Sahitya Akademi

(8) 'ഇത്ഥം ഭാഗവതം' ഇത്യാദി പദ്യം:—

ഇപ്രകാരം തന്റെ ജ്യേഷ്ഠനാൽ ഉണ്ടാക്കപ്പെട്ട ഭാഗവതസ്തോത്രത്തെ മാതൃദത്തൻ നമ്പൂതിരി, ഭഗവദ്ഭക്തി സിദ്ധിക്കുവാനായിട്ട്, പകർത്തെഴുതി.

(9) 'ഹേ! ശബ്ദാഗമ!' ഇത്യാദി പദ്യം:—

അല്ലയോ വ്യാകരണശാസ്ത്രമേ! പാണ്ഡിത്യലോഭികൾ ഇനി അങ്ങയെ നിർദ്ദയം ഉപദ്രവിക്കും; ഹേ! വൈദ്യമാർഗ്ഗമേ! നിന്റെ കാര്യം തീരെ പരുങ്ങലിലായി; അലങ്കാരശാസ്ത്രമേ, നീയും നഷ്ടപ്രായമായി; അഹോ ജ്യോതിശ്ശാസ്ത്രമേ, ഇനി നിന്റെ കഥ നാൾപക്കങ്ങളിൽ മാത്രം; എന്തെന്നാൽ, വിദ്യാത്മാവായി നിങ്ങളുടെ ഒക്കെ അവലംബസ്ഥാനമായി ശോഭിച്ചിരുന്ന അച്യുതപ്പിഷാരോടി ദിവംഗതനായിക്കഴിഞ്ഞിരിക്കുന്നു ഇപ്പോൾ.

(10) 'കായേ സീദതി' ഇത്യാദി പദ്യം:—

ദേഹം തളർന്നു, തൊണ്ടയിൽ കഫംകെട്ടി, മിണ്ടാൻവയ്യാതായി, കണ്ണും നാക്കും പ്രാണനും പോകാനൊരുങ്ങിയും, ക്രമേണ ശ്വാസം ശമിച്ചുകൊണ്ടും ഇരിക്കുമ്പോൾ ശ്രീപരമേശ്വരൻ കനിവോടുകൂടി തനിയേ വന്നു്, സംസാരസമുദ്രത്തിൽനിന്നു കരകയറ്റുന്ന താരകമന്ത്രത്തെ ഞങ്ങളുടെ കണ്ണുങ്ങളിൽ വണ്ണിക്കണമേ!

(11) 'ഏതദ്ഗുരുവരഃ' ഇത്യാദി ഗദ്യം:—

ഇദ്ദേഹത്തിന്റെ പരമാചാര്യനായ അച്യുതപ്പിഷാരോടി, മരണം അടുത്തു എന്നറിഞ്ഞിട്ട്, ഭഗവാനെ മനസ്സിൽ നല്ലവണ്ണം ധ്യാനിച്ചു്, എല്ലാവിധത്തിലും ഒട്ടൊരു സമാധാനംപൂണ്ടു്, ബന്ധുജനങ്ങളും ശിഷ്യഗണങ്ങളും ചുറ്റും നില്ക്കവേ ഇപ്രകാരം പറഞ്ഞു.

(12) 'ഉത്താരകം' ഇത്യാദി ഗദ്യം:—

'ഉത്താരകം' എന്നതിന്റെ മേല്പോട്ടു ചൊല്ലുവാൻ അശക്തനാകയാൽ ഖിന്നനായ സഹ്രുവിനെ നോക്കി, ഉടനെ അദ്ദേഹം (പട്ടേരി) 'താരകം' എന്നിങ്ങനെ പൂരിപ്പിച്ചു.

(13) 'വായോർദ്ധനഞ്ജയ' ഇത്യാദി പദ്യം:—

Digitized By Kerala Sahitya Akademi

ധനഞ്ജയൻ എന്ന പേരുള്ള വായുവിനു്, ശരിരാവച്ഛിന്നനായിരിക്കുന്ന ആത്മാവിങ്കൽനിന്നു വേർപാട്ടു വരുന്നതാണു് മരണം എന്നു പറയപ്പെട്ടതു്.

(14) 'ആദ്യം തപസാധ്യം' ഇത്യാദി 2 പദ്യം:—

വ്യാധിജമായ മരണത്തെ തട്ടക്കാവതല്ല; വിഷൂചിക, ഹൃദ്രോഗം മുതലായ മഹാരോഗങ്ങളിൽനിന്നാണു് ആ മരണം വരിക; അപ്പോഴത്തെ 'അനുഭവ'ങ്ങൾ ഇതൊക്കെയായിരിക്കും. പറഞ്ഞാൽ തിരിയാറ്റു, ദേഹത്തിനു നിറപ്പകർച്ച, ശ്വാസത്തിനു മാന്ദ്യം. സ്തംഭനം, മീലനം, എക്കിൾ, ഒന്നും തനിയെ വയ്യാറ്റു, ഇന്ദ്രിയങ്ങൾക്കെല്ലാം ചേഷ്ടയില്ലാതാകുക മുതലായവ.

(15) 'പുഷ്പോദ്ഭേദം' ഇത്യാദി പദ്യം:—

"വണ്ടാർപൂവണിവേണി കേളിശയനാൽ
തീണ്ടാന്നകന്നീടവേ
ചുണ്ടാലോലതപൂണ്ട ചുംബനമതി-
ന്നത്ഥിച്ചു കാന്തൻ ഭ്രുവാ,
ഉണ്ടാമുൾച്ചിരിചേന്ന ചാരുവദനം
പൂഞ്ചേലതന്നഞ്ചലം–
കൊണ്ടാരോമൽ മറച്ചവൾ തലകുലു-
ക്കീ തോടയാടിടവേ".

(16) "അപേതവ്യാഹാരം" ഇത്യാദി പദ്യം:—

അന്യോന്യം ഒന്നും സംസാരിക്കാതെയും പലതരം പുഷ്പങ്ങളുടെ സമ്മർദ്ദത്തോട്ടുകൂട്ടംവണ്ണവും, തൊട്ടപ്പോൾ തന്നെ അഴിഞ്ഞുതിന്ന ഉട്ടപുടവയുടെ അറ്റത്തു ശയിച്ചും, വല്ലാതെ പരിഭ്രമിച്ചും, നാലുപാട്ടം നോക്കിയും നടന്ന ആ അഹല്യാദേവേന്ദ്രസങ്ഗമം ഒരു നിമിഷംകൊണ്ടു തീന്നു.

(17) 'കോശദ്വന്ദ്വം' ഇത്യാദി പദ്യം:—

"ഇതാ ഈ താമരപ്പൊയ്ക കളഹംസത്തിന്റെ കൊക്കുകൊണ്ടു വിണ്ടിരിക്കുന്ന രണ്ടു മുകുളങ്ങളെ വഹിക്കുന്നു; ഇതാ ഈ തൈമാവു് ഒരാൺകുയിൽ വന്നു നുകന്ന പുതിയ ഇളംതളിർ ധരിച്ചിരിക്കുന്നു". പൊയ്ക

Digitized By Kerala Sahitya Akademi

യുടെ കരയിൽവെച്ചു്, മേല്പറഞ്ഞവിധമുള്ള സഖീവചനങ്ങളെ കേട്ടിട്ടു്, അവൾ വസ്ത്രാഞ്ചലത്താൽ സ്തനയുഗളത്തെ ആച്ഛാദനം ചെയ്തുയും, അധരത്തെ പാണികൊണ്ടു പൊത്തുകയും ചെയ്തു.

---

11. ഉണ്ണായിവാരിയർ

---

(1) 'ആനന്ദോദയഹേതുഃ' ഇത്യാദി ദശകം:—

മഹഷ്ിമാരുടെ മനസ്സാകുന്ന ചന്ദ്രകാന്തക്കല്ലുകളെ ആനന്ദിപ്പിക്കുന്നവനും, ബ്രഹ്മാവുമുതൽ നെയ്യുറുമ്പുവരയുള്ള സകലത്തിലും, മാലയിൽ നൂലെന്നപോലെ, അന്തർഭവിച്ചിരിക്കുന്നവനും, ശ്രീവത്സം, കൌസ്തുഭം മുതലായവയാൽ ഉജ്ജ്വലമായിരിക്കുന്ന ദേഹത്തോടുകൂടിയവനും ആയ സാക്ഷാൽ ശ്രീവാസുദേവഭഗവാൻ മനുഷ്യക്ക ശ്രേയസ്സു നല്കുവാനായിക്കൊണ്ടു് ഇരിങ്ങാലക്കുടക്ഷേത്രത്തിൽ ക്രീഡിക്കുന്നു.

യാതൊരാളുടെ ഗുണഗണങ്ങളെ ശ്രദ്ധയോടുകൂടി കേൾക്കുകയോ കീർത്തിക്കുകയോ ചെയ്യും, യാതൊരാളെത്തന്നെ എപ്പോഴും ധ്യാനിക്കുകയും അർച്ചിക്കുകയും വന്ദിക്കുകയും ചെയ്യും, യാതൊരാളുടെ പരിപൂർണ്ണ ദാസ്യം സ്വീകരിക്കുന്നവൻ ആണു്, സാക്ഷാൽ മനുഷ്യനായ്ത്തീരുന്നതും, പിന്നെ ജനനമരണക്ലേശമനുഭവിക്കാത്തതും; ആ ജഗതീനാഥനായിരിക്കുന്ന വിഷ്ണുഭഗവാൻ കൂടൽമാണിക്യത്തെ കുമ്പിട്ടു നമസ്കരിക്കുന്നു. കനകംകൊണ്ടുള്ള കിരീടകുണ്ഡലാദികളെ ധരിച്ചും, അഞ്ജനക്കല്ലുപോലുള്ള "അളകങ്ങൾ കളിച്ചിടുന്ന നെറ്റിക്കളിത്തട്ടോ"ടു കൂടിയും, മന്ദസ്മിതം പൊഴിച്ചും മറ്റും ഉല്ലസിക്കുന്ന നിന്തിരുവടിയുടെ മുഖതല്ലജത്തെ ഞാൻ ധ്യാനിക്കുന്നു.

കഴുത്തിൽ കൌസ്തുഭം, കൈയിൽ ഗദ ശങ്ഖു മുതലായവ, മാറിടത്തിൽ ശ്രീവത്സം, നാഭികമലത്തിൽ നാന്മുഖൻ, എന്നിങ്ങനെയെല്ലാം

Digitized By Kerala Sahitya Akademi

അത്ഭുതാത്ഭുതമായിരിക്കുന്ന നിന്തിരുവടിയുടെ തിരുമെയ്യ്, എന്റെ സവ്വ താപത്തേയും ശമിപ്പിക്കട്ടെ!

അല്ലയോ സങ്ഗമേശ്വര! മഞ്ഞപ്പട്ട ചാത്തി, തൊങ്ങലുമിട്ട്, സനകാദികൾക്കു കൂടി ആരാധ്യനായി, അത്യന്തം പ്രസന്നനായി, ഭൂലക്ഷ്മിമാർ വീശുന്ന വെൺചാമരത്തിന്റെ കാറ്റേറ്റുകൊണ്ടു സമുല്ലസിക്കുന്ന നിന്തിരുവടിയെ ഈ ഞങ്ങൾ ആരാധിച്ചുകൊള്ളുന്നു.

ആദ്യം ബ്രഹ്മാവു്, പിന്നെ വിഷ്ണു, പിന്നെ രുദ്രൻ—ഇങ്ങനെ വേറെ വേറെ സൃഷ്ടിസ്ഥിതിസംഹാരഭാരത്തെ വഹിക്കുന്നതെന്തിനാണു് ? ഉണ്ടാക്കിയതിനെ അങ്ങു രക്ഷിക്കുന്നുണ്ടു്. അങ്ങനെ രക്ഷിച്ചുകൊണ്ടിരുന്നുകൊൾക; രക്ഷിച്ചതിനെ പിന്നെ സംഹരിക്കേണ്ട; ആ ദുഷ്കൃത്യത്തിൽനിന്നു വിരമിച്ചിരിക്കുക; ഇങ്ങനെ പറഞ്ഞു് അങ്ങയെ അച്ഛൻ പേടിപ്പിച്ചിട്ടുണ്ടോ ?

മനുഷ്യർ പലതും പണിപ്പെട്ടു നേടണമെന്നു മനസ്സിൽ കരുതുന്നു; എന്നാൽ അവർ ഉറങ്ങി ഉണരുമ്പോഴേയ്ക്കും, അവരുടെ നേട്ടങ്ങളൊക്കെ അങ്ങു് നല്ലിയതാണെന്നറിയുന്നു; അങ്ങു ആ ഭക്തജനങ്ങൾക്കനുഭവിക്കുവാനായി കൊടുത്തിട്ടുള്ള അത്ഥപുത്രകളത്രാദികളെയൊക്കെ, അവരിൽ പ്രസന്നനായിട്ടു്, രക്ഷിക്കുന്നതിനു പ്രയത്നപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.

മനുഷ്യൻ ഈ ജന്മത്തിലോ മുൻജന്മങ്ങളിലോ പല പ്രകാരത്തിൽ ആർജ്ജിച്ചുവച്ചിട്ടുള്ള പാപപുണ്യങ്ങളെ തീരെ തിരിച്ചറിയുന്നില്ല. അതുകൊണ്ടാണു് അവൻ അങ്ങനെ ഇന്ദ്രിയാരാമനായി കഴിഞ്ഞുകൂട്ടുന്നതു്. അവിടുന്നു ദയാർദ്രങ്ങളായ തൃക്കടാക്ഷങ്ങളെ ആ പാവപ്പെട്ട പശുവിങ്കൽ അണയ്ക്കുണമെ!

എനിക്കു് ഐഹികങ്ങളായ സമ്പൽസാമഗ്രികൾ ആവശ്യത്തിലധികമായിട്ടുണ്ടു്; എന്നാൽ അവയിലൊന്നിലും എനിക്കു സങ്ഗം ഉണ്ടാവരുതേ എന്നാണു് ഞാൻ പ്രാത്ഥിക്കുന്നതു്. അതിനങ്ങു കടാക്ഷിച്ചാലും!

സർവജ്ഞന്മാരായ യോഗീശ്വരന്മാർ ധ്യാനിച്ചുകൊണ്ടിരിക്കുന്നതും, കളായകോമളവും, സകലപാപഹരവുമായ നിന്തിരുവടിയുടെ തിരുമേനി എനിക്കു മരണസമയത്തു കാണാൻ കഴിയേണമേ!

(2) 'നിരവണ്ണ്യയൽ സ' ഇത്യാദി പദ്യം:—

Digitized By Kerala Sahitya Akademi

അയാൾ കണ്ണുകൊണ്ടു് സുന്ദരീമുഖത്തെ നോക്കുകയും, വാക്കുകൊണ്ടു് അങ്ങയുടെ യുദ്ധസാമർത്ഥ്യത്തേ വർണ്ണിക്കുകയും ചെയ്തു.

(3) 'സൌധേ ഹർമ്മ്യേ' ഇത്യാദി പദ്യം:—

ഇയാൾ സീതാദേവിയെ എല്ലാദിക്കിലും അന്വേഷിച്ചു്, ഒട്ടുക്കം അശോകോദ്യാനത്തിൽ കണ്ടുകൂട്ടുകയും, ക്ഷീണിച്ചു് ഒരു അശോകവൃക്ഷത്തിന്മേൽ അല്പനേരം ഇരിക്കുകയും ചെയ്തു.

(4) 'തവദ് ബാണേഭ്യഃ' ഇത്യാദി പദ്യം:—

അങ്ങയുടെ അമ്പുകളെപ്പേടിച്ചു്, അയാൾ അനുജനായ കുംഭകർണ്ണനെ ഉണർത്തി, അവനെക്കൊണ്ടു ശത്രുശമനംവരുത്തിഇരുന്നു; എന്നാൽ ആ കുംഭകർണ്ണന്റെ പരാക്രമങ്ങളും കപികളിൽമാത്രമേ ഫലിച്ചതു്; നിന്തിരുവടിയിൽ കേവലം നിഷ്ഫലങ്ങളായി.

(5) 'ഭവന്മാലാകാരഃ' ഇത്യാദി പദ്യം:—

അങ്ങയുടെ മാലകെട്ടുകാരനും, അങ്ങയെ ഭജിച്ചു പരിശുദ്ധിപൂണ്ടിരിക്കുന്നവനും, രാമനാമാവും ആയ ഞാൻ അങ്ങയുടെ മുൻപിൽ വച്ചു് ഇങ്ങനെ രാമായണം മുഴുവൻ കഥിച്ചിരിക്കുന്നു. സരസപദപുഷ്പങ്ങളാൽ രചിക്കപ്പെട്ടിരിക്കുന്ന ഇതു് ഒരു മാലതന്നെയാണു്. ഇതു് നിന്തിരുവടിയുടെ പ്രീതിക്കായിക്കൊണ്ടു ഭവിക്കട്ടെ!

(6) 'ബുധോവാ മൂഢോവാ' ഇത്യാദി:—

ഇതിന്റെ കർത്താവു്, പണ്ഡിതനോ, മൂഢനോ ആയിരിക്കട്ടെ, അതിലെന്തുണ്ടു് ? രാമായണകഥ ഇതിൽ ശരിയായിരിക്കുന്നുണ്ടെങ്കിൽ അതുകൊണ്ടുതന്നെ ശ്രോതാക്കൾ പ്രസാദിച്ചുകൊള്ളും; അതിലധികം ഒരു ഫലം ഇതുകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടില്ല.

(7) 'ശീതം നാതി' ഇത്യാദി പദ്യം:—

എനിക്കു തണുപ്പും ചൂടും സഹിച്ചുകൂടാ; രണ്ടുംകൂടാതെ സ്വതന്ത്രനായിരിക്കാനും ഭയമുണ്ടു്. തവദ്വിഷയകമായ പാരതന്ത്ര്യം എന്നെ പരമാനന്ദനിമഗ്നനാക്കുന്നു. അതുകൊണ്ടു് എന്റെ സർവാംഗങ്ങളിലും, സർവധാതുക്കളിലും, സർവേന്ദ്രിയങ്ങളിലും നിന്തിരുവടിയുടെ കരുണാപീയൂഷധാരയായി പകരട്ടെ.

Digitized By Kerala Sahitya Akademi

(8) 'ധീമാൻ പാരശവ' ഇത്യാദി പദ്യം:—

പ്രസിദ്ധബുദ്ധിമാനും, ജ്യോത്സ്യചൂഡാമണിയും ആയ ശങ്കരവാരിയരുടെ വാക്കനുസരിച്ചു, രാമനാമാവായ ഞാൻ ഈ പഞ്ചശതീസ്തവത്തിനു വ്യാഖ്യാനം ചെയ്യുന്നു.

(9) 'ഗിരിജാകല്യാണ' മിത്യാദി പദ്യം:—

ഈ ഗിരിജാകല്യാണത്തെ രാമവാരിയർ നിർമ്മിക്കുകയും എഴുതുകയും ചെയ്തു; അതു സങ്കടനിവൃത്തിക്കായിട്ടും ചങ്ങരൻകോതക്കത്താവു് ആജ്ഞാപിച്ചിട്ടും ആണു്.

(10) 'അഘവിതതി' ഇത്യാദി പദ്യം:—

പാപനാശനനും, കൃഷ്ണനാമാവും ആയ ഗുരുവരന്റെ കടാക്ഷമാകുന്ന കാളമേഘം എന്റെ ഹൃദയമാകുന്ന മയൂരവരനെ ചാഞ്ചാടിക്കട്ടെ!

(11) 'പ്രേമ്ണാലം ലാള്യമാനഃ' ഇത്യാദി പദ്യം;—

നന്ദഗോപസുതനും, ബാലദേവാനുജനും, യശോദാവത്സലനും, മറ്റുമായ ശ്രീകൃഷ്ണസ്വാമിയും, പണ്ഡിതനും, യശസ്വിയും, വാഗ്മിയും മറ്റുമായ ആനായത്തു കൃഷ്ണപ്പിഷാരോടിയും, എനിക്കു് ഉന്നതനിലയും, കവിതയ്ക്കു എഴുപ്പവും ഉണ്ടാക്കിത്തരട്ടെ!

(12) 'സ്വായദ്ഭക്ത്യാ' ഇത്യാദി പദ്യം:—

ഭക്ത്യുപകാരവശ്യത്താൽ പ്രേരിതനായ മാനവേദൻരാജാവു് ഉണ്ടാക്കിയ ഈ സ്തുതി പാട്ടുകാക്കൊക്കെ ഗ്രാഹ്യമാണു്.

(13) 'ഗ്രന്ഥഗ്രന്ഥിരിഹ' ഇത്യാദി പദ്യം:—

ഈ കൃതിയിൽ അവിടവിടെ ചില മുട്ടുകൾ (കെട്ടുകൾ) ഞാൻ അറിഞ്ഞുകൊണ്ടു് ഇട്ടിട്ടുണ്ടു്. പണ്ഡിതംമന്യന്മാരായവർ ഇതിൽവന്നു കളിക്കാൻ ഒരുമ്പടേണ്ട; നല്ലവണ്ണം ഗുരുവിനെ ആരാധിച്ചു് പ്രസാദിപ്പിച്ചു്, ആ ഗ്രന്ഥഗ്രന്ഥുക്കളേ ഒക്കെ അഴിക്കാൻ കഴിവുള്ള സജ്ജനങ്ങൾ ഈ കൃതിയുടെ രസതരംഗപരമ്പരയിലേ ക്രീഡാസുഖം അനുഭവിക്കട്ടേ!

Digitized By Kerala Sahitya Akademi

12. രാമപാണിവാദനും കുഞ്ചൻനമ്പ്യാരും

---

(1) 'ഏകരദം' ഇത്യാദി പദ്യം:—

ഒറ്റക്കൊമ്പനും, ആനമുഖനും, ശിവപുത്രനും, ബ്രഹ്മോപാസ്യനും, ശിവന്റെ അടുത്തിരിക്കുന്നവനും, സുബ്രഹ്മണ്യന്റെ സഹോദരനും ആയ ഗണപതിയെ ഞാൻ നമസ്കരിക്കുന്നു.

(2) 'പാത്രദ്വയ' ഇത്യാദി:—

കൃത്രിമമായ ഇതിവൃത്തവും, രണ്ടുപാത്രങ്ങളും, ഒരങ്കവും, പഞ്ചസന്ധികളിൽ ഒന്നും, ആകാശഭാഷിതവും, ഇവയോടുകൂടിയതാണ് വീഥി എന്ന രൂപകം.

(3) 'കാസൌ കന്ദർപ്പ' ഇത്യാദി 2 പദ്യം:—

കന്ദർപ്പബാണങ്ങളാൽ വ്രണിതമായ എന്റെ ഹൃദയത്തിനുള്ള പരമമായ മരുന്നെവിടെ? സംസാരസമുദ്രത്തിൽനിന്ന് എനിക്കു കിട്ടിയ മുക്താശലാക എവിടെ? വിയോഗാഗ്നി പടർന്നുപിടിച്ചിരിക്കുന്ന എന്റെ പഞ്ചപ്രാണങ്ങൾക്കുള്ള അമൃതധാരയെവിടെ? എവിടെ, എവിടെ, എന്റെ അന്തഃകരണമാകുന്ന ചന്ദ്രകാന്തക്കല്ലിനു ചന്ദ്രികയായിരിക്കുന്ന ആ ചന്ദ്രിക എവിടെ?

അടുത്ത പദ്യത്തിന്റെ ശബ്ദപ്രയോഗത്തിലാണ് ശ്രദ്ധിക്കേണ്ടതു്. ഞാനൊരു പരമസുന്ദരിയെ കണ്ടു എന്നേ ആകപ്പാടെ അർത്ഥമുള്ളു.

(4) 'ലീലാവതീ'വീഥിയിലേ ആദ്യന്തമുള്ള പദ്യഗദ്യങ്ങൾ:—

ശ്രീപാർവതിയുടെ ലോകാതിശായിയായ ചരിത്രത്തോടുകൂടിയ ആ കാലടികൾ നിങ്ങളെ രക്ഷിക്കട്ടെ.

പരമശിവന്റെ ശിരോഭൂഷണമായ ചന്ദ്രന്റെ കിരണരേഖകൾകൂടെക്കൂടെ ഉല്ലസിപ്പിക്കുന്നവയാണല്ലോ ആ തൃക്കാലുകൾ.

Digitized By Kerala Sahitya Akademi

നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ:–മഹാപണ്ഡിതനും, മഹാവിഷ്ണുഭക്തനും ആയ ചെമ്പകശ്ശേരിരാജാവിന്റെ ആശ്രിതന്മാരായ ബ്രാഹ്മണവരേണ്യന്മാർ എന്നോട് ഇങ്ങനെ കല്പിച്ചിരിക്കുന്നു:—

എങ്ങനെയെന്നാൽ ഹേ, ഹേ, രംഗദീപ!

പുതിയ പദബന്ധങ്ങളോടും, മനോഹരാർത്ഥങ്ങളോടുംകൂടിയതും, വിശിഷ്ടവുമായ ഒരു 'വീഥി' താൻ അഭിനയിക്കണം; ശൃംഗാരരസത്താൽ മധുരതരങ്ങളും, അത്ഭുതപ്രദങ്ങളും ആയിരിക്കണം അതിലെ ചേഷ്ടകളൊക്കെ; എന്നു്. അതുകൊണ്ടു നടിയേവിളിച്ചു് സംഗീതം തുടങ്ങിക്കളയാം.

സൂത്ര:—ആയ്യേ! സുന്ദരി! ഗംഭീരങ്ങളായ കലാസമുദ്രങ്ങളിൽ ആണ്ടു വിഹരിച്ചിരിക്കുന്ന മനസ്സോടുകൂടിയ വിദ്വാന്മാരുടെ ഈ സമാജത്തെ നീ വന്ദിച്ചാലും! എന്റെ മനസ്സു നാട്യലോകമാഗ്രങ്ങളിലെവിടെയും ഉറപ്പോടെ സഞ്ചരിക്കുന്നതാണു്; എങ്കിലും ഈ സമാജത്തിന്റെ സന്നിധിയിൽ അതു കുറഞ്ഞൊന്നിളകി വശായിരിക്കുന്നു.

എതുകൊണ്ടാണു് രാജസദസ്സിന്റെ ആദേശത്തെ അനുഷ്ഠിക്കേണ്ടതു് ?

ആട്ടെ, പ്രിയേ! അഗ്രമേലേക്കിടയിലുള്ള ലീലാതിവീഥി, എന്റെ പക്കലുണ്ടു്. കേൾക്കു; മംഗലഗ്രാമക്കാരനായ രാഘവൻനമ്പിയാരുടെ മരുമകനായി രാമൻ എന്നൊരു നമ്പിയാരുണ്ടു്.

നടി—(ഓർമ്മിച്ചിട്ടു്) പഴയത്തുനമ്പൂതിരിയുടെ പ്രിയമിത്രമാണെന്നു പ്രസിദ്ധനായ ആയാളല്ലേ ?

സൂത്ര—ആ കവിയാകട്ടെ, കാവ്യാരംഭത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

ഹേ! സരസ്വതി! ബ്രഹ്മാവിന്റെ നാലുമുഖങ്ങളിലും ക്രീഡിക്കുന്നവളേ! കവിലോകത്തിനു് ഏകാലംബമേ! അല്ലയോ, ദേവി! അങ്ങയെ ഞാൻ നമസ്കരിച്ചുകൊള്ളുന്നു. അത്രയുമല്ല; യാതൊരാളുടെ രസനയിൽ ഭാരതി പതിവായി നടമാട്ടുന്നു; യാതൊരാളുടെ ഹൃദയത്തിൽ ശ്രീകൃഷ്ണൻ സമുല്ലസിക്കുന്നു; യാതൊരാളെ ദേവനാരായണരാജാവു വീണ്ടും വീണ്ടും മാനിക്കുന്നു; ആ ബ്രാഹ്മണശ്രേഷ്ഠനെ ഞാൻ എപ്പോഴും സ്മരിക്കുന്നു.

Digitized By Kerala Sahitya Akademi

(5) 'രഹയതി' ഇത്യാദി 2 പദ്യം:—

മഹാത്മാക്കളെ പൂജിക്കുക എന്നുള്ള ഈ വിശിഷ്ടകർമ്മം മനുഷ്യ ക്ക് എന്തെന്തു ഗുണങ്ങളെയാണു് ചെയ്യാത്തതു്? സകലതും നല്കുന്നു. അതാവിതു്:—മൌഢ്യത്തെ അകറ്റുന്നു; മനസ്സിനെ വികസിപ്പിക്കുന്നു; എല്ലാക്കാര്യത്തിനും എളുപ്പമുണ്ടാക്കിത്തരുന്നു; ശാരദചന്ദ്രികപോലെ വെളുത്തു വിശദമായിരിക്കുന്ന പുസ്തകളും ധാരാളം നൽകുന്നു. പോരേ?

ഈ കിഴക്കൻകാറ്റുകൾ, ആരുടെ ഹൃദയത്തെയാണു് ഉൽകണ്ഠാകു ലമാക്കിത്തീർക്കാത്തതു്? എന്തെന്നാൽ, പുതിയ കൈതപ്പൂക്കളുടെ ഇതളു കളിൽനിന്നു് ഒലിക്കുന്ന നറുതേൻതുള്ളികളെ തളിച്ചുകൊണ്ടിരിക്കുന്നു; നനുത്ത കരിങ്കുവളമലർകളിലും കനത്ത കാളാംബുദങ്ങളിലും ചെന്നു് ഉരുമ്മുകയാൽ, തൂലോം തണുപ്പോട്ടുകൂടിയവയുമാണു്; പിന്നെയോ, പാ ശ്ചാത്യസുന്ദരിമാരുടെ പുരികുഴലുകളിൽ അണിഞ്ഞിരിക്കുന്ന പൂമാല കളെ മെല്ലെമെല്ല ചാഞ്ചാടിച്ചുകൊണ്ടും ഇരിക്കുന്നു; ഈ കുളിർകാറ്റു കൾ ആരെയും ആകർഷിക്കതന്നെ ചെയ്യും.

(6) 'ഗോഷ്ഠീ സാ' ഇത്യാദി പദ്യം:—

പുരോഭാഗികൾ (എതിരാളികൾ) ഇല്ലാത്ത സദസ്സു് ഇല്ലെന്നു തന്നെ പറയാം, ശാഠ്യംകൂടാത്ത ഒരു സ്ത്രീഹൃദയവും കണ്ടുകിട്ടുവാൻ മഞ്ഞുരുക്കംതന്നെയാണു്. അടുത്തുള്ള തടങ്ങളിലെ പൊടിപടർന്നു മലിന മാകാത്ത വെള്ളവും കാണ്മാൻ കഴിയില്ല; അതുപോലെ, ദുഃഖം പിൻതു ടർന്നു കലക്കിക്കളയാത്ത സുഖവും അസാദ്ധ്യം തന്നെ.

(7) "മദനകേതുചരിതത്തി"ലെ ഗദ്യപദ്യങ്ങൾ:—

മാരിഷൻ:—ഇന്നുള്ളവരുടെ കൃതികളെ യോഗ്യന്മാർ വകവയ്ക്കുന്നി ല്ലെന്നുവെച്ചു വെറുതെ ഇരിക്കുകയാണു്.

സൂത്രധാരൻ:—(ചിരിച്ചിട്ടു്) മാരിഷ! അങ്ങനെയല്ല.

ആർകാണും കവിതൻ നവീനകൃതിയിൽ—
കൂടിഗ്ഗുണം സൂക്ഷ്മമായ്,
ദോഷൗഘം വകവയ്ക്കുകയില്ല പൊതുവേ,
സത്തുക്കളക്കുട്ടർതാൻ;

Digitized By Kerala Sahitya Akademi

ബാലന്നും നിജകാവ്യമാസ്സുധികളേ
ക്കാണിച്ചിടാം നിർഭയം;
തിങ്കൾപ്പൂങ്കതിർമുമ്പിലും തെളിവെഴു-
ന്നില്ലേ പരം താരകൾ ?

നീ കേൾക്കുന്നുവോ? മങ്ഗലഗ്രാമക്കാരനായ രാമപാണിവാദൻ ഉണ്ടാക്കിയ മദനകേതുചരിതം എന്ന പ്രഹസനം നമ്മുടെ കൈയിലുണ്ട്.

ഈ നിൻപോർമുലകൾക്കുമേലെഴുതിടാ
കസ്തൂരികാപത്തി ഞാൻ;
എന്തിന്നപ്പണി ? യായതാശ്ലേ വഷളാം
വെണ്ണീറിനാൽ വീണ്ടുമേ!!

തോഴിത്തയ്യലസൂയയോടിതു കഥിപ്പിച്ചാൻ
സലജ്ജം ശിവൻ-
തങ്കൽ പാർവതി വിട്ട കണ്ണുന ഭരിപ്പിച്ചേ
ഭവാന്മാർകളെ.

യോഗിയിലും ഭോഗിയിലും
രോഗിയിലും വിത്തമാന്ന രാഗിയിലും
ഒപ്പം പെരുമാറീടും
വിദഗ്ധയാം വേശ്യ വെല്ലുന്നു.

പ്രഹസനലക്ഷണമൊട്ടി-
ങ്ങുണ്ടെന്നാൽ പ്രഹസനാഹ്വയിതു നേടാം;
അല്ലെന്നാൽ നമ്പ്യാരുടെ
'നേരമ്പോക്കി'ന്റെ വകഭേദം:

ശ്രീനാരായണഗുരുതൻ-
കാൽപ്പൊടി ചൂടന്ന പാണിവാദന്നായ്,
പണ്ഡിതർ പണിയും പ്രതിഭയെ
നിതാന്തശാന്തമതി നൽകട്ടെ!

പെരിയൊരുദ്ദരിതാംബുധിക്ക തീയായ്
ഗുരുവിനെഴും പുളുചെന്തളിർപ്പദത്തെ,

Digitized By Kerala Sahitya Akademi

വിനയമൊട്ട നമസ്കരിച്ചിട്ടന്ന
പ്രതിദിനമീയൊരു രാമപാണിവാദൻ.

നാരായണനാമമെഴും
പരമാം ബ്രഹ്മത്തെ—യഖിലവന്ദ്യത്തെ,
ഉള്ളിലുറപ്പിക്കുന്ന
പ്രശാന്തനാം രാമപാണിവാദനിവൻ.

(8) 'സീതാരാഘവ'ത്തിലെ ഗദ്യപദ്യങ്ങൾ:—

സ്യാനന്ദൂരാഖ്യ ചേരുന്നൊരു പെരുമ തകും
പാൽപ്പയോരാശിയിങ്കൽ,
ശേഷത്തുമെത്തതന്നിൽ പരിചൊട്ട പതിവായ്
പള്ളികൊള്ളുന്ന ദേവൻ,
ശ്രീവഞ്ചീന്ദ്രക്ഷേത്രം സകലവുമരുളും
പദ്മനാഭൻ പ്രസന്നൻ
വേദം വാഴ്ത്തുന്നതാമാത്തിരുവുരുതെളിയി-
ച്ചിങ്ങു മിന്നുന്ന മേന്മേൽ.

ജയിപ്പൂ 'സ്യാനന്ദൂര'കപുരവരത്തിൽ,
ജഗതിയെ—
ബ്ഭരിക്കും ജ്യോതിസ്സൊന്നൊളിവിള-
യുമാശ്ലേഷഫണിയിൽ;
അകത്താസ്സത്തോന്തിത്തരമൊടരച-
ന്മാക്കു, മധികം
സുരന്മാക്കും മീതേ തെളിവു കൃതി
മാത്താണ്ഡനുപതി.

നടി:—ആയ്യ! അങ്ങനെയാണെങ്കിൽ ആ തിരുമേനി ശ്രീരാമചന്ദ്രനായ പദ്മനാഭസ്വാമിയുടെ ഒരു കലാവതാരമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

സൂത്രധാരൻ:—എന്നാൽ നീ പറഞ്ഞതിലധികം ഗുണഗണങ്ങളോടുകൂടിയ ആളും, വൈകുണ്ഠത്തെ അതിശയിക്കത്തക്കവണ്ണമുള്ള അതാതു പുഷ്പപദാർത്ഥങ്ങളെക്കൊണ്ടു നിറച്ച സ്യാന്ദൂരമന്ദിരത്തോടുകൂടിയവനും,

Digitized By Kerala Sahitya Akademi

തന്റെ സമസ്തസമ്പത്തും സർവാത്മനാ പത്മനാഭനു സമർപ്പിച്ചവനും, എല്ലാ സാമന്തരാജാക്കന്മാരാലും വന്ദിക്കപ്പെട്ടിരിക്കുന്നവനും, ഇന്നത്തെ വഞ്ചിരാജാവും, ആയ ശ്രീമാത്താണ്ഡവർമ്മാവിനാൽ സകല ദിക്കുകളിൽനിന്നും വിളിച്ചുകൂട്ടിത്താമസിപ്പിക്കപ്പെട്ടിരിക്കുന്നവരും, വേദശാസ്ത്രാദിവിശാരദന്മാരും, സരസകാവ്യരസത്തിൽ മജ്ജനവും ഉന്മജ്ജനവും ചെയ്യാൻ ഒരുങ്ങിയിരിക്കുന്ന സജ്ജനങ്ങളും, ആയ ബ്രാഹ്മണപ്രവരന്മാരുടെ മഹത്തായ സഭയേവിട്ട്, എവിടെയാണിതഭിനയിക്കേണ്ടുന്നതു്?

മഹർഷേ! സച്ചിദാനന്ദസ്വരൂപമായ പരബ്രഹ്മത്തിന്റെ പരമാത്മതത്വത്തെ പ്രകടീകരിച്ചുകൊണ്ടും, ശാന്തി, ക്ഷാന്തി, വിരക്തി, മുക്തി ഇതുകളെ ഉദിപ്പിച്ചുകൊണ്ടും സമുല്ലസിക്കുന്ന വേദാന്തവിദ്യ ഇപ്പോഴും അങ്ങയുടെ ഹൃദത്തിൽ വിളങ്ങുന്നില്ലെ? പിന്നെ എന്താണു് ഇങ്ങനെ കോപിക്കുന്നതു്?

ഹേ സീതേ! ഭർത്താവു ഭവനത്തിലിരിക്കട്ടെ, വനത്തിലിരിക്കട്ടെ; അദ്ദേഹത്തിനു സമ്പത്തു വരട്ടെ, ആപത്തു വരട്ടെ; രാജാധിരാജനായിരിക്കട്ടെ, ദാസനായിരിക്കട്ടെ, അദ്ദേഹം; ഏതവസരത്തിലും, അദ്ദേഹത്തെ നിഴലെന്നപോലെ പിന്തുടരുന്നതാരോ, അവളാണു് വാസ്തവത്തിൽ സാധ്വി എന്നറിഞ്ഞാലും

ലാവണ്യമാകുന്ന പീയൂഷനദികൾക്കു് ഒഴുകുവാനുള്ള വഴികളും, ലാളിത്യത്തിന്റെ എന്നെന്നേക്കുമുള്ള ഇരിപ്പിടങ്ങളും ആനങ്ഗകേളീരങ്ഗങ്ങളുമായ അംഗങ്ങളെക്കൊണ്ടു് സകല സുന്ദരീസമൂഹത്തേയും സാധാരണമായി വീക്ഷിച്ചുവരുന്ന എന്റെ ഈ കണ്ണുകൾക്കുകൂടി പറഞ്ഞറിയിക്കവയ്യാത്ത ഒരാനന്ദവിശേഷത്തെ ഇവൾ ഉളവാക്കുന്നു.

ഇഷ്ടാപൂർത്തങ്ങൾ നിത്യം നിയമമൊട്ട നട-
ത്തട്ടെ നമ്പൂരിവൃന്ദം;
നിഷ്ടാപൂർവംഹവിസ്സുണ്ടവനിയെ മഴയാൽ
പുഷ്ടമാക്കട്ടെ ശക്രൻ;
ഇഷ്ട്യാ ധർമ്മിഷ്ടനായ്ത്താനലകളണിയാം
പൃഥ്വിയെക്കാത്തിടട്ടേ,
ശിഷ്ടാഗ്ര്യൻ പത്മനാഭാപ്പിതമതിവിഭവൻ
വഞ്ചിമാത്താണ്ഡചന്ദ്രൻ.

ശ്രീനാരായണഭട്ടപാദകരുണാപീയൂഷ-
ഗണ്ഡൂഷമേ-

Digitized By Kerala Sahitya Akademi

ഠാർതൻ നൽക്കവിതാസുരദ്രുമള താൻ
വദ്ധിപ്പു വേണ്ടുംവിധം;
സീതാരാഘവമെന്ന നാടകമിതാക്കല്പ-
ദ്രുമത്തിൻ ഫലം
സഭ്യക്കായിഹ കൊണ്ടുവന്ന കവിയാ-
മാരാമനാം നമ്പ്യിയാർ.

(9) വിഷ്ണുവിലാസപദ്യങ്ങൾ:—

ലസിപ്പതാക്കാണ ജയന്തമങ്ഗലം
മഹാലയം നൽപ്പെരിയാറുതൻകരെ;
സുനാരസിംഹാകൃതിയാജ്ജനാർദ്ദനൻ
സനാതനൻ മാമകഹൃത്തിൽ മിന്നണേ!

ഉരുണ്ടവൻ കുണ്ഡലിയൊത്തകൺകനൽ-
ക്കതിച്ചുകപ്പേന്തിയെവന്റെ കുഞ്ചികൾ;
വിളങ്ങിടുന്ന, ഹിമവാന്റെ ഗൈരിക-
പ്രഭാക്തമാം ശാരദമേഘരാശിപോൽ;

തുണയ്ക്ക, നാരായണഭട്ടദേശിക-
പ്രസാദമാമിന്ദു കളങ്കമറ്റവൻ,
ഇവന്റെ ഹൃത്താകിയ ചന്ദ്രകാന്തമാ-
ണ്ടുവാൾപരിഷ്യന്ദമിയന്ന മിന്നവാൻ.

നാവാംബുദശ്യാമളനാം ഹരിക്കെഴും
നവാവതാരങ്ങളെ ഞാൻ പുകഴ്ത്തിടാം;
നവാത്മമിങ്ങെല്ലിലുമില്ലയെങ്കിലും
നവാമരാം മത്സരമറ്റ സത്തുകൾ.

ശ്രീമാൻ രാമകുബേരനെന്ന പുകഴ്പ
നൽപ്പാലിയത്തച്ചനാൽ
കാമം പ്രേരിതനായൊരാൾ വിരചനം
ചെയ്തോരു വിഷ്ടപഗ്രസം
നവ്യം 'വിഷ്ണുവിലാസ' മെന്ന സുയഥാ-
ത്ഥാഖ്യാനമാളുന്നതാം

Digitized By Kerala Sahitya Akademi

കാവ്യം തീന്നിതു 'ചേന്നമങ്ങ്ഗല'ഗതൻ
ദേവൻ പ്രസാദിക്കയാൽ.

കാർകൊണ്ടലിൻ കഠിനമാകുമലച്ചുവെല്ലും
കെല്പിൽ, കുലാദിഗ്രഹയൊക്കെയടച്ചു വേഗാൽ,
തിക്കിത്തകത്ഥ ദിശാകരികണ്ഡ്ഗത്തം
സ്തംഭത്തിൽനിന്നുമുളവായൊരു ശബ്ദമപ്പോൾ.

മഹേന്ദ്രഗിരിതന്നിലാ മഹിതമസ്തശസ്ത്രാദി വെ-
ച്ചവൻ മുനി കൃപാകരൻ ധരണിയെ ദ്വിജക്കേകിനാൻ;
പരം കണകൾ പാറ്റിട്ടം കനലിൽ വെന്ത വെള്ളം പെട്ടം
പയഃപതിയിൽനിന്നുമീ നിധിദകേരളം നേടിനാൻ.

(10) 'രാഘവീയ'പദ്യങ്ങൾ:—

പിന്നെക്കനൽചെഞ്ചിടയും, പളുങ്കിൻ
കണ്ഠാവതംസത്തെളിമാലതാനും,
ഇയന്നു, പാർശ്വങ്ങളിൽ വെള്ളി തത്തും
സന്ധ്യാബ്ദമൊക്കും തലയുള്ളൊരാളേ;

വേനല്പുണങ്ങീടില്യ,മാഭ പാറു-
മുൾത്തീയിൽമിന്നും ശമിയെക്കണക്കെ,
തപസ്സിലൊട്ടീടില്യ,മേറെ വീർത്ത
മഹസ്സിൽ മേവും തനുപൂണ്ടൊരാളേ;

എല്ലായ്പ്പൊഴും മാധവനാമമോതി
സ്തംരിച്ച ചുണ്ടാന്റ മുഖത്തിൽനിന്നും,
അന്തസ്തപശ്ശുദ്ധി കണക്കി,ലെങ്ങും
വെൺപാൽക്കതിച്ചാത്തു വിടുന്നൊരാളേ;

കറുത്തു, ശാപാക്ഷരപാളിയൊത്തു
നീണ്ടുള്ള നൽത്താമരമാലയെത്താൻ,
പുല്ലാൽ മുറിഞ്ഞീടിന കൈത്തലത്താൽ
വീണ്ടും കണക്കോത്തു തിരിക്കുവോനേ;

Digitized By Kerala Sahitya Akademi

ശിരസ്സിൽ വെച്ചത്തൊഴുകൈ,യൊതുങ്ങി-
ട്ടുരത്തുനിന്നേ വഴിനൽകി മാറി,
സ്വഭക്തി കാട്ടുന്നൊരു പൌരരിൽത്തൻ-
പ്രസന്നമാം കണ്ണിണ ചേക്കുവോനേ;

'ഏങ്ങെങ്ങു, രാജേശ്വരനിന്ദ്രബന്ധു'-
വെന്നായട്ടപ്പോരൊട്ട കേൾപ്പൊരാളേ;
മുനീന്ദ്രനേച്ചെന്നഭിവാദ്യമോതി-
ജ്ജനാധിപൻ വീണ നമസ്കരിച്ചു.

*　　*　　*　　*　　*　　*

അനന്തരം, ആ മുനി താടകയാൽ അഭിഭ്രുതനായിത്തീർന്നു. ചെവിയടയുന്ന ആ ഒച്ചകേട്ട്, പെട്ടെന്ന് ഉറക്കംവിട്ടു വന്നവളായിരുന്നു ആ താടക. അവൾ ചെഞ്ചോരകുടിച്ചു മദിച്ചിരുന്നു. അവളുടെ കണ്ണുകളിൽനിന്നു തീപ്പൊരി പറന്നിരുന്നു. നടക്കവേ, കൂട്ടിമുട്ടിയും മറുമുണ്ടാകുന്ന ശബ്ദത്തെ പുറപ്പെട്ടവിക്കുന്നതായ ആന്ത്രമാല ധരിച്ചിരുന്ന അവൾ. നഖങ്ങളെക്കൊണ്ടു മേഘമാലയെ പിളർന്നിരുന്നു. അവൾ നടക്കവേ തുടതട്ടി ഉരസി വീണ മരാമരങ്ങളാലും, കല്ലുകളാലും വഴിയൊക്കെ തടുക്കപ്പെട്ടിരിക്കുന്നു. നിണമണിഞ്ഞു അരുണവർണ്ണമാർന്ന ദംഷ്ട്രകളെ ധരിച്ചിരുന്ന അവൾ. അവളുടെ കൈകളിൽ മാംസഖണ്ഡങ്ങളുണ്ടായിരുന്നു. അവൾ ക്രോധിച്ചലറിയിരുന്നു; അവളുടെ രണ്ടു ചുമലുകളിലും വളരെ മനുഷ്യരുടെ അസ്ഥികളുണ്ടായിരുന്നു. അവൾ കാട്ടിൽനിന്നു ഓടിവരികയായിരുന്നു. അവളാണ് മുനിയെ പേടിപ്പിച്ചതു്.

*　　*　　*　　*　　*　　*

ആ ദണ്ഡകാരണ്യത്തിൽ വളരെ വൃക്ഷങ്ങളുണ്ടായിരുന്നു, വളരെ വലുതായിട്ടു താൻ സൃഷ്ടിച്ചുവിട്ട ആകാശം വീണുപോയെങ്കിലോ എന്നു ശങ്കിച്ചു്, അതു വീഴാതെ വലിയ തൂണുകൾ കൊടുത്തിരിക്കയാണോ ബ്രഹ്മാവു് എന്നുതോന്നും അതുകണ്ടാൽ. വളരെ മുള്ളുകൾ ഉണ്ടായിരുന്ന അവിടെ: മാതളംകുരുപോലെ ചുവന്നിരുന്ന അവ; സിംഹത്താന്മാർ അടിച്ചുകീറിയ ആനകളുടെ മസ്തകങ്ങളിൽനിന്നു് ഉതിർന്നതായിരുന്ന അവ.

പുലി കടിച്ചുകൊണ്ടുപോയ മൃഗങ്ങളിൽ നിന്നൊലിച്ച ചോരത്തുള്ളികളണിഞ്ഞ പെരുംപാറക്കൂട്ടമാകുന്ന കൃത്രിമഗജാനനങ്ങളോടുകൂടിയതായിരുന്ന ആ കാടു്.

Digitized By Kerala Sahitya Akademi

ഉറങ്ങുന്ന പെരുംപാമ്പിന്റെ വിഷാഗ്നി ചിന്നുന്ന നിശ്വാസങ്ങളാൽ അതിലെ ഗുഹകളിൽ ഇരുട്ടും വെളിച്ചവും മാറിമാറിവന്നു് അങ്ങനെയും ഭയങ്കരമായിരുന്നു അതു്.

വേടന്മാർ എയ്തുവീഴിച്ചു് വായിൽനിന്നു വെളിക്കുചാടിയ നാക്കോട്ടകൂടിയവയും പ്രാണൻ പോയവയുമായ ഇളമാനുകളെക്കൊണ്ടു നിറഞ്ഞതായിരുന്നു ആ വനാന്തരം.

പന്നികൾ തേറ്റകളാൽ കുത്തിയടർത്ത മുത്തങ്ങയുടെ സൌരഭ്യത്തോടുകൂടിയ വായു സഞ്ചരിച്ചിരുന്ന അവിടെ; മഹിഷങ്ങൾ ഖുരങ്ങളാൽ മാന്തിപ്പൊട്ടിച്ച പുറുകളിൽനിന്നു പുറപ്പെട്ട പന്നഗങ്ങൾ ധാരാളമുണ്ടായിരുന്ന അവിടെ.

മദയാനകൾ തരിപ്പുതീർക്കുവാനായി കടതടങ്ങളെ ഇട്ടരച്ചുകൊണ്ടു പെട്ടെന്നു മറിഞ്ഞുവീണ വൃക്ഷങ്ങളിൽനിന്നുയർന്ന 'ചടചടാ'ശബ്ദങ്ങളോടുകൂടിയതായിരുന്ന അതു്.

ഭയത്തിനു് ഉചിതസ്ഥാനമായിരുന്ന അതു്; മൃത്യുവിന്റെ നികേതനംപോലെയുമിരുന്ന അതു്; അങ്ങനെ വിന്ധ്യാചലത്തിനടുത്തു സ്ഥിതിചെയ്തിരുന്ന ആ ദണ്ഡകാരണ്യത്തിലേക്കു ശ്രീരാമചന്ദ്രഭഗവാൻ കൂസലെന്നിയേ കടന്നു.

* * * * *

ആ ലങ്ക മണിമരീചികളാൽ സ്വർഗ്ഗസൌന്ദര്യത്തെ പുച്ഛിച്ചിരുന്നു. മദോന്മത്തന്മാരായ രാക്ഷസന്മാർ നിറഞ്ഞ സ്വർണ്ണഹർമ്യങ്ങൾ ധാരാളമുണ്ടായിരുന്ന ആ ലങ്കയിൽ.

ലങ്കയിൽ നാട്ടിയിരുന്ന കൊടിമരങ്ങളിലെ കൂറകളിൽ നിന്നുണ്ടായ വായുവിനാൽ ഇളകിവശായ സ്വർഗ്ഗങ്ഗയിൽനിന്നു് ഒലിച്ച ജലധാരകളാൽ എപ്പോഴും തണുത്തിരുന്ന ഉദ്യാനവിശേഷങ്ങളാൽ വേനൽക്കോപം അറിഞ്ഞിരുന്നില്ല അവിടെയുള്ളവർ.

തടവിലിട്ടിട്ടുള്ള സ്വർഗ്ഗസുന്ദരികളുടെ കണ്ണീരൊലിച്ചു കരിയാൻ തുടങ്ങിയ ലങ്കയിലെ ഉദ്യാനങ്ങളിലുള്ള വൃക്ഷങ്ങളും ലതകളും, അവിടത്തെ പൌരസ്ത്രീകളുടെ മുഖചന്ദ്രന്മാരുടെ അടുപ്പത്താൽ അലിഞ്ഞിരുന്ന ചന്ദ്രകാന്തക്കല്ലുകളുടെ ഒഴുക്കുകളാൽ നനയ്ക്കപ്പെട്ടിരുന്നു.

Digitized By Kerala Sahitya Akademi

ഒരാൾ ഇന്ദ്രനാകുക; മറ്റൊരാൾ ഇന്ദ്രജിത്തും; എന്നിട്ട് അന്യോന്യം യുദ്ധംനടിച്ചു കളിക്കുക; ഒടുക്കം എതിരാളി തോറ്റതായും ഇന്ദ്രജിത്തു ജയിച്ചതായും നടിച്ചവസാനിപ്പിക്കുക—ഇങ്ങനെയുള്ള കളികളാൽ, ആ ലങ്കയിലുള്ള രാക്ഷസബാലന്മാർ വൃദ്ധരാക്ഷസരേ ചിരിപ്പിച്ചിരുന്നു.

കുംഭകർണ്ണന്റെ മൂക്കിൽനിന്നുയരുന്ന വായുകൊണ്ടു ശോഭിച്ചുവശായ സമുദ്രത്തിലെ ഉത്തുംഗതരംഗങ്ങളെക്കൊണ്ട്, ഇന്നേടത്താണ് കുംഭകർണ്ണൻ ഉറങ്ങുന്നതെന്നു തെളിയിച്ചിരുന്ന ആ ലങ്ക; അങ്ങനെയുള്ള ആ രാക്ഷസരാജധാനിയെ അദ്ദേഹം കണ്ടു.

* * * * *

എന്നെപ്പിരിഞ്ഞങ്ങനെ പോയിട്ടും മൽ-
പ്രാണങ്ങളിൽ തെല്ലുലിയേണമേ, നീ;
അവറ്റയെക്കാൾ വിലവസ്തു നിന്നെ,—
യതാണു ഞാൻ ചെയ്തൊരുകുറ്റമായ്വ്വേ!

കുന്തിങ്കലും വീര്യ്യതടസ്സമെന്യേ
ഫലിപ്പൊരിന്ദ്രന്റെ കട്ടത്ത വജ്രം
ആക്കൊള്ള മാറത്തു വൃഥാ ഭവിച്ചി-
തായെന്നെ വെൽവൂ മലരമ്പഡിംഭൻ.

കുബേരശൈലത്തെയെടുത്തെറിഞ്ഞും,
ബലാൽകരിച്ചും സുരയോഷമാരെ,
പുകഴ്ന്നൊരെൻകൈയുകൾ കൈകളല്ല;
പൂവമ്പനോടേറ്റു മട്ടത്തുവല്ലോ!

ഐരാവതത്തിന്റെ കട്ടത്ത രണ്ടു
കുംഭം തുടർന്നാഹനനം കഴിച്ചും,
എൻ മാറെനിക്കേകുവതില്ല തോഷം,
നിൻ കൊങ്കമൊട്ടൊട്ടരസാസ്സമൂലം.

ഇത്തിങ്കൾവക്ത്രത്തെയുയർത്തുകല്പം,
എൻകൺകൾ കണ്ടോന്നു കുളിർത്തിടട്ടെ;
അതിൻപ്രകാശത്തിൽ വിളർത്തു ചന്ദ്രൻ
പൂടേകിടാതങ്ങനെ തോറ്റുപോകും.

Digitized By Kerala Sahitya Akademi

എന്തെങ്കിലും വല്ലതുമൊന്നു ചൊല്ലു-
കെൻതങ്കമേ! നീ,യതുകൊണ്ടു തിരും,
മാൻ തേൻകലന്നിട്ട മദിച്ചു പൊങ്ങും
പികസ്വരത്തിന്റെ മികച്ച ദർപ്പം.

* * * * *

മനുഷ്യനെത്തന്നെ നിനച്ചു ഹന്ത!
ലോകേശനാമെന്നെ വെറുത്തിടും നീ
സൂര്യൻ വിളങ്ങുംപൊഴുതും ത്രിസന്ധ്യം
മിന്നാമിനുങ്ങച്ചുന പെയ്തയല്ലോ.

രാജ്യത്തുനിന്നാക്കമെഴും കനിഷ്ഠ-
നാട്ടിക്കളഞ്ഞോരു കിഴങ്ങുതീനി,
ആരാമനെഞ്ഞട്ട തുണയ്ക്കു, മിങ്ങു
ഞാൻകൊണ്ടുപോന്നീടിന നിന്നെ, യായ്മേ!

വിട്ടുനിടാത്താമരവാടിപോലെ,
കലച്ചിടാച്ചൂതകശാഖപോലെ
നിലാവുകൂടാത്തൊരു രാത്രിപോലെ
കാണുന്നു ഹാ! നിന്നെയഭ്രഷയായ് ഞാൻ.

വിശേഷമായ് പാശിയെനിക്കയച്ച
വെൺമുത്തുരത്നച്ചുട ചേർത്തിണക്കി,
തീർത്തോരു നന്മാലയിതോമനേ! നിൻ
കൊങ്കത്തടം പൂണ്ടു വിളങ്ങിടട്ടെ!

തൻനന്മയാൽത്തന്നെ സമിദ്ധരാഗൻ,
അന്യന്റെ മെച്ചം വകവച്ചിടാത്തോൻ,
ഈ വർണ്യനാസാമണിയെന്നൊടൊത്തോൻ,
നിൻചുണ്ടു ചുംബിപ്പതിനാശകൊൾവൂ!

പലേതരം വന്പെഴുമേതിനേത്താൻ
നൽക്കാഴ്ചയായ് ശ്രീദനെനിക്കു നല്കി,

Digitized By Kerala Sahitya Akademi

ഇപ്പൊന്നുമാണിക്യമതാ,ണെട്ടത്തു
സീമന്തഭ്രഷാമണിയാക്കണേ നീ!

*　　*　　*　　*

ഞാനെഴുതീട്ടുള്ള ഈ രാഘവീയംകാവ്യം, നിങ്ങൾക്കു ചിത്താനന്ദത്തേയും, പാപനാശത്തേയും, സർവാഭീഷ്ടത്തേയും, സകലസമ്പത്തുകളേയും, ദീർഘായുസ്സിനേയും മോക്ഷസമ്പത്തിനേയും നല്കാതിരിക്കുകയില്ല.

*　　*　　*　　*

(11)　'സർവാൻ' ഇത്യാദി 3 പദ്യങ്ങൾ:—

സർവാന്തര്യാമിയായും, സർവത്ര വർത്തിക്കുന്നവനായും, ഭക്തരുടെ അപരാധങ്ങളെ ക്ഷമിക്കുന്നവനായും, സംസാരസാഗരതാരകനായും, സർവദേവവന്ദ്യനായും മറ്റും സങ്കല്പിക്കുന്ന അല്ലയോ വിഷ്ണുഭഗവാനേ! ഞാൻ നിന്തിരുവടിയെ നമസ്കരിക്കുന്നു.

ഏറ്റവും വിസ്തൃതമായും മാംസളമായും ശോഭിക്കുന്ന ചുമലിൽ ഇട്ടിട്ടുള്ള നീലപ്പട്ടുകൊണ്ടു മനോഹരവും, ശംഖസൌന്ദര്യത്തെ അപഹരിച്ചിരിക്കുന്നതും ആയ നിന്തിരുവടിയുടെ കണ്ഠം അല്ലയോ വിഷ്ണുഭഗവാനേ! എനിക്കു വന്നുകൂടിയ സുഖക്കേടിനെ നശിപ്പിക്കുമാറാകട്ടെ!

രാമപാണിവാദൻ ഗുരുചരണങ്ങളുടെ പ്രസാദം ഹേതുവായിട്ട് ഈ വിഷ്ണുസ്തോത്രത്തേയും നിർമ്മിച്ചു; ഈ കൃതികൾ പണ്ഡിതസന്തോഷപ്രദമാകട്ടെ; ഇതുകളെ പതിവായി ഭക്തിപൂർവം പഠിക്കുന്നവരുടെ സർവപാപങ്ങളേയും ഇവ നശിപ്പിക്കട്ടെ!

(12)　വിലാസിനീ' വ്യാഖ്യാപദ്യങ്ങൾ:—

ദേവകിയുടെ ഗർഭത്തിൽനിന്നു മേഘമാലയിൽനിന്നെന്നപോലെ ആവിർഭവിച്ചു സമുദ്രങ്ങൾക്കെന്നപോലെ ലോകങ്ങൾക്കു് അഭിവൃദ്ധി നല്കിയവനും, ഗോപീജനനയനങ്ങളാൽ ചകോരങ്ങളാലെന്നവണ്ണം പാനംചെയ്യപ്പെട്ടിരിക്കുന്ന ദ്യുതിയോടുകൂടിയവനും, ആയി ചന്ദ്രനെപ്പോലെ ശോഭിക്കുന്ന ആ ഇന്ദിരാവല്ലഭനായ പൈതൽ നിങ്ങളെ എന്നെന്നും രക്ഷിക്കട്ടെ!

ഗുരുവായുള്ള ഭൂദേവൻ
പണിയിച്ചുള്ളൊരമ്പലം

Digitized By Kerala Sahitya Akademi

അമന്നിരിക്കും ശിവനെ-
ത്താണുവിണ വണങ്ങുവാൻ.
ശ്രീനാരായണഗുരുതൻ
കരുണാസ്പുചിതമതി പാണിവാദനൊരാൾ
ശ്രീകൃഷ്ണവിലാസത്തിനു
വിലാസിനിവ്യാഖനിക്കിപ്പു.

സുകുമാരകവിയുടെ മനോഹരപദാർത്ഥസമ്പത്തോടുകൂടി, കൃഷ്ണവിഷയകമായിരിക്കുന്ന വാഗ്വിലാസം എന്റെ ബുദ്ധിയെ ശുദ്ധിചെയ്യട്ടെ.

(13) 'യത്രോദ്യതാനാം' എന്ന പദ്യം:—

ആ മേരുപർവതത്തിലുള്ള കല്പദ്രുമോദ്യാനങ്ങളിൽ പൂപറിക്കുന്നതിനായിത്തുടങ്ങിയ ഇന്ദ്രഭോഗിനികളുടെ ലാക്ഷാരസപാടലങ്ങളായ കാലടികൾ ശോഭിക്കുന്നുണ്ട്.

(14) 'അനേകപ്രക്രിയാ' ഇത്യാദി 3 പദ്യം:—

വളരെ പ്രക്രിയാരൂപങ്ങളോടുകൂടിയതും, നിർണ്ണയിക്കാൻവയ്യാത്തവിധമുള്ള ഗൌരവത്തോടുകൂടിയതും, ആയ വസ്തുസർവസ്വത്തെ (പ്രക്രിയാസർവസ്വമെന്നും, ബ്രഹ്മാണ്ഡകടാഹമെന്നും) ഉണ്ടാക്കിയ ബ്രഹ്മത്തിനായിക്കൊണ്ട് (ബ്രാഹ്മണനെന്നും) നമസ്കരിച്ചുകൊള്ളുന്നു.

ശ്രീനാരായണകവി നിർമ്മിച്ച ധാതുകാവ്യത്തിനു്, നമ്പിയാരായ ഞാൻ ഒരു വിവരണം എഴുതുന്നു.

മേല്പുത്തൂർ നാരായണഭട്ടതിരിപ്പാടു നിർമ്മിച്ച ധാതുകാവ്യത്തിനു രാമപാണിവാദൻ നിർമ്മിച്ച സംക്ഷിപ്തമായ വ്യാഖ്യാനത്തിൽ വിസ്തൃതവും ദുർഗ്രമവുമായ സർഗ്ഗം അവസാനിച്ചിരിക്കുന്നു.

(15) 'രാസക്രീഡാഭാഗം':—

സൂര്യവംശജനും, സീതാനാഥനും മറ്റുമായ ശ്രീരാമചന്ദ്രൻ നിങ്ങൾക്കു മംഗലത്തെ നൽകട്ടെ! ശ്രീമഹാവിഷ്ണുവിന്റെ രാസക്രീഡയെ വർണ്ണിക്കാൻ പുറപ്പെട്ടാൽ ഞാൻ പണ്ഡിതന്മാർക്കു പരിഹാസവിഷയമായി ഭവിക്കുമായിരിക്കാം.

Digitized By Kerala Sahitya Akademi

മ, യ, ര, സ, ത, ജ, ഭ, ന, ഗ, ല—എന്നീ പത്തക്ഷരങ്ങളിൽ, സർവവാങ്മയപ്രപഞ്ചവും അടങ്ങിയിരിക്കുന്നു; മഹാവിഷ്ണുവിൽ തൈ്രലോക്യമെന്നപോലെ.

(16) 'വൃത്തവാത്തിക' ഭാഗം:—

മഹാവിഷ്ണുഭക്തനും, മഹാപുണ്യശാലിയും, മഹാവൈയാകരണനും മറ്റുമായ ഗുരുനാഥനെ ഞാൻ ഉപാസിക്കുന്നു.

ബാലന്മാക്കുവേണ്ടി എഴുതിട്ടുള്ള വൃത്തകാരികയെ സോദാഹരണം ഞാൻ പൂരിപ്പിച്ചുകൊള്ളുന്നു.

പിങ്ങ്ശലാദികളായ ആചാര്യന്മാർ നിബന്ധിച്ചിട്ടുള്ള വണ്ണമാത്രാവിഭാഗഭാക്കുകളായ ഛന്ദസ്സുകളിൽ, കാവ്യാദികളിൽ പ്രയോജനപ്പെടുന്ന ചിലവയേ അറിവാനാഗ്രഹിക്കുന്ന ഒരുവൻ, ഗുരുസ്മരണയോടുകൂടി, പ്രതിജ്ഞചെയ്യുന്നു.

ഉപേന്ദ്രവജ്രാദികളുടെ 1–ം, 3–ം പാദങ്ങളുടെ അവസാനത്തിൽ വികല്പേന അക്ഷരങ്ങൾ ഗുരുവോ ലഘുവോ ആക്കാം; മറ്റുള്ളവയിൽ ഗുരുത്വം നിയതമത്രേ.

മയിലുകളുടെ കേകകളാലും, കൈതപ്പൂമണമണിഞ്ഞ മന്ദമാരുതനാലും.

വൃത്തശാസ്ത്രത്തിന്റെ അല്പഭാഗമെ ഇവിടെ കാണിച്ചിട്ടുള്ളൂ. ഇതുകൊണ്ടു് ബാലന്മാക്കുകൂടി വൃത്തശാസ്ത്രമഹാസമുദ്രത്തിലേയ്ക്കിറങ്ങാൻ കഴിയും.

വൃത്തശാസ്ത്രഗ്രന്ഥങ്ങളെ നല്ലവണ്ണം പരിശോധിച്ചാണു്, രാമപാണിവാദൻ ഈ വൃത്തവാത്തികം സംഗ്രഹിച്ചു് എഴുതിയിട്ടുള്ളതു്.

(17) 'പഞ്ചതന്ത്ര' മിത്യാദി പദ്യം:—

ബാലന്മാക്കറിവാനായി,
രാമനെന്നൊരു നമ്പിയാർ
പഞ്ചതന്ത്രാഖ്യമാം നീതി-
ശാസ്ത്രം ഭാഷപ്പെട്ടുത്തിനാൻ.

Digitized By Kerala Sahitya Akademi

(18) 'ശ്രീബലിപ്രസ്ഥരഃ' ഇത്യാദി പദ്യം:—

കിള്ളിക്കുറിശ്ശിയീശന്റെ
വെലിക്കല്ലുതിഭങ്ങ്യശിയിൽ
ഭൃതിക്കായ് പണിചെയ്യിച്ചു
രാമനെന്നുള്ള നമ്പിയാർ.

(19) 'അവതീർണ്ണോ' ഇത്യാദി ഗദ്യം:—

കലിയുഗം തുടങ്ങി, വർഷമാസദിവസക്രമത്തിൽ കാലം കഴിയവേ, കാളിദാസാദികൾ യശഃശേഷരാകവേ, നാട്യവേദം നശിച്ചുപോകവേ, രസികജനങ്ങൾ ചുരുങ്ങവേ, സാഹിത്യോദ്യാനപാലനം ചെയ്തിരുന്ന വിക്രമാദിത്യഭോജരാജാദികളെ കാലൻ അപഹരിച്ചു കഴിയവേ, ദുഷ്ട വികടഭങ്ങളും, നടപാശജംബുകങ്ങളും ഈ തോട്ടത്തിൽ കയറി, രസമാകുന്ന പൊയ്കയെ കലക്കി, ഭാവങ്ങളാകുന്ന കിളിക്കുഞ്ഞുങ്ങളെ ഒക്കെ ഹിംസിച്ചു്, സന്ദർഭോചിതങ്ങളാകുന്ന ശാരികകളെ ഒക്കെപ്പേടിപ്പിച്ചു്, ലളിതപദവിന്യാസചാതുരീവല്ലരികളെ ഒക്കെ പറിച്ചുകളഞ്ഞു്, സഹൃദയന്മാരാകുന്ന കല്പവൃക്ഷങ്ങളുടെ ഹൃദയമൂലങ്ങളെ അത്രയും ഭേദിച്ചു്, ഈ ആരാമം മുഴുവൻ ഇപ്പോൾ അലങ്കോലപ്പെട്ടുത്തുന്നു എന്നുള്ളതു പറയാതെതന്നെ ഭവാന്മാക്കു് അറിയാവുന്നതാകുന്നു.

ഇങ്ങനെയിരിക്കെ, ഗതാനുഗതികന്യായേന, ഞങ്ങളും ആകുന്നോലെ ഈ ഉദ്യാനത്തെ ദൂഷിപ്പിക്കുവാൻ മുതിന്നിറങ്ങിയിരിക്കുകയാണു്. എന്തെന്നാൽ ഇതിനെ ഭൂഷിപ്പിക്കുവാൻ ഞങ്ങൾ ശക്തരല്ല. അതുകൊണ്ടു്, ഞങ്ങളുടെ ഈ ഉദ്യമത്തിൽ, ലോകാചാരത്തിനുചിതമേതോ, കുടിലഗതിയായ കലികാലത്തിനൊത്തതേതോ, വിജാതീയമായ നവീനപരിഷ്കാരത്തിനനുരൂപമായതേതോ അതു ഞങ്ങൾക്കുപദേശിച്ചു്, സജ്ജനങ്ങൾ ഞങ്ങളെ നിന്ദിക്കാത്തവിധം ഭവാന്മാർ അനുഗ്രഹിച്ചാലും; അതിലേയ്ക്കായിട്ടിതാ തൊഴുകൈ; ഇതാ നമസ്കാരം; ഇതാ അഭിവാദ്യം!

(20) 'മന്ദാരം മധു' ഇത്യാദി പദ്യം:—

ഹേ, മിഴാവുനമ്പ്യാരേ! അങ്ങയുടെ ഗ്രന്ഥം വളരെ നന്നായിട്ടുണ്ടു്. അതിനെ എല്ലാവരും ആദരിക്കും. എന്നു പ്രശംസാർത്ഥസാരം. എടോ, മണ്ടാ! താൻ എന്തിനാണിതിനു പുറപ്പെട്ടതു്? അറിവുള്ളവരാരും തന്റെ ഈ ജല്പനങ്ങളെ ശ്ലാഘിക്കുകയില്ല. എന്നു നിന്ദാർത്ഥസാരം.

Digitized By Kerala Sahitya Akademi

(21) 'സുരീപരീരംഭ' ഇത്യാദി പദ്യം:—

ദേവന്മാരൊക്കെ, ദേവസ്ത്രീകളോട്ടംകൂടി, പാടിക്കളിച്ചു സന്തോഷത്താൽ നൃത്തം ചെയ്തു.

(22) 'കല്പാന്തോദ്ഭട' ഇത്യാദി:—

കാമദേവന്റെ അത്യുഗ്രതരമായ ശങ്ഖധ്വനി കേട്ടിട്ട്, ആ അസുരനേതാവ്, രുഷ്ടന്മാരായ ഭടന്മാരോടു പറഞ്ഞു.

---

13. കിളിമാന്നൂർ വിദ്വാൻ കോയിത്തമ്പുരാൻ

---

(1) 'ശ്രീമദ്ഭാഗവത' ഇത്യാദി:—

ഭാഗവതത്തിന്റെ ആന്തരാർത്ഥം പറയുന്ന വിഷയത്തിൽ ശ്രീശുകസദൃശനായി, രണ്ടുവിധത്തിൽ എന്റെ ഗുരുനായകനായി വിജയിക്കുന്ന നാരായണൻനമ്പൂതിരി... ... ...

(2) 'വിതതകുടില' ഇത്യാദി പദ്യം:—

കാളമേഘംപോലെ കറുത്തനിറത്തോട്ടുകൂടിയും, കാമാന്തകനായും, ശത്രുമർദ്ദനനായും മറ്റും പ്രശോഭിക്കുന്ന കിളിമാന്നൂരേ കിരാതരുദ്രനെ ഞാൻ ധ്യാനിക്കുന്നു.

(3) 'സങ്ഗ്രാമഭ്രമിഷു' ഇത്യാദി പദ്യം:—

സമരാങ്കണങ്ങളിൽ ചെന്നു മൂർച്ചയുള്ള ആയുധത്താൽ ശത്രുരാജാക്കന്മാരേയും, സദസ്സുകളിൽ ചെന്നു ബുദ്ധിശക്തിയാൽ പണ്ഡിതവയ്യന്മാരേയും ജയിച്ചു്, ശ്രീജയസിംഹപുത്രൻ സർവോൽകർഷേണ വർത്തിക്കുന്നു.

Digitized By Kerala Sahitya Akademi

(4) 'ഷഷ്ഠീതൽപുരുഷാ' ഇത്യാദി പദ്യം:—

രാജാക്കന്മാരേ 'വിദ്വൽപ്രഭു' എന്ന പേരുമാറുണ്ട്. അതിനു പ്രായേണ, വിദ്വാന്മാക്കു പ്രഭുവായുള്ളവൻ എന്നു ഷഷ്ഠീതൽ പുരുഷസമാസാത്ഥമാണുള്ളതു്. എന്നാൽ, തിരുവിതാംകൂർ മഹാരാജാവിൽ, അതു കർമ്മധാരയസമാസാത്ഥത്തിൽ—വിദ്വാനായ പ്രഭു എന്നിങ്ങനെയുള്ള അത്ഥത്തിൽ—സമുല്ലസിക്കുന്നുണ്ടു്. ഈ പരമാത്ഥം കേട്ടറിയുകയും, ഏതൽപദത്തിൽ—ഇദ്ദേഹത്തിന്റെ സ്ഥാനത്തു് എന്നും, ഈ പദത്തിൽ എന്നും—ബഹുവ്രീഹിത്വത്തേ—ധാരാളം സമ്പത്തിനേ എന്നും, ബഹുവ്രീഹിസമാസാത്ഥത്തേ, അതായതു്, വിദ്വാന്മാരായ പ്രഭുക്കളോടുകൂടിയ ആൾ എന്നുള്ള അവസ്ഥയേ കണ്ടറിയുകയും ചെയ്തു സങ്കടപ്പെട്ടകയാലാണോ, ദ്വന്ദ്വാവ്യയീഭാവങ്ങൾ—ആ സമാസങ്ങൾ എന്നും, മാത്സര്യകാഠിന്യങ്ങളെന്നും— അവിടെ എങ്ങും ഇരിക്കാത്തതു്?

(5) 'വാണീ യസ്യ' ഇത്യാദി പദ്യം:—

ആരുടെ വാക്കാണു് മനോരമയായിരിക്കുന്നതു്, ആരുടെ മുഖമാണു് കുവലയാനന്ദപ്രദം, ആരുടെ കൈകൾ ആണു് അത്ഥികൾക്കു ചിന്തിതാത്ഥചിന്താമണികൾ, ആരുടെ നടവു കേവലം മീമാംസാപദമാണു്, ആരുടെ കണ്ണു ശ്രുത്യന്തസഞ്ചാരം ചെയ്തിരിക്കുന്ന, ആ മഹാരാജാവിനെ വിട്ടു് വേറെ എവിടെയാണു് വിദ്യാഭഗവതി വത്തിക്കുന്നതു് ?

(6) 'ശബ്ദേന്ദുശേഖരഃ' ഇത്യാദി പദ്യം:—

ശബ്ദേന്ദുശേഖരം, എന്റെ പുത്രനും, മഞ്ജൂഷ എന്റെ പുത്രിയും ആകുന്നു.

(7) 'തദീയകാരുണ്യ' ഇത്യാദി പദ്യം:—

അദ്ദേഹത്തിന്റെ കാരുണ്യത്തിനു പാത്രവും, മന്ദബുദ്ധിയും ആയ ഞാൻ ഇതുണ്ടാക്കി; എന്നാൽ വന്ദനീയന്മാരായ വിദ്വാന്മാർ ഈ സാഹസത്തെ ക്ഷമിക്കട്ടേ!

(8) 'വിജ്ഞാനാം' ഇത്യാദി പദ്യം:—

പലതരം ശാസ്ത്രങ്ങളിലും പഠിപ്പുള്ളവരുടെ കൃതികളിൽ എന്തെങ്കിലും തെറ്റുകണ്ടാൽ, 'നടക്കുമ്പോൾ ഇടറും എന്ന ന്യായം പറഞ്ഞു പണ്ഡിതന്മാർ ക്ഷമിക്കുന്നുണ്ടല്ലൊ; എന്നാൽ എന്നേപ്പോലുള്ള അജ്ഞ

Digitized By Kerala Sahitya Akademi

ന്മാർ സാഹിത്യമെട്ടത്തു കൈകാണ്ക്കും ചെയ്യുമ്പോൾ കുഞ്ഞുങ്ങളുടെ കൊഞ്ഞവാക്കുകൾ കേട്ട കൌതുകപ്പെട്ടമ്പോലെ അവക്കു രസിച്ചുകൊള്ളുകതന്നെയയേ നിവൃത്തിയുള്ളു.

(9) 'ശ്ലിഷ്ടാ സഭങ്ഗാ' ഇത്യാദി പദ്യം:—

സഭങ്ഗ.ശ്ലേഷം, ദോഷാഭാവം, ഗുണവൈശിഷ്ട്യം മുതലായവയോട്ട കൂടിയതാണു് കൃതി; അല്ലെങ്കിൽ കൃതി വികൃതിതന്നെ!

(10) 'നിത്യം ശ്രീനീലകണ്ഠ' ഇത്യാദി പദ്യം:—

എന്നും ശ്രീപരമേശ്വരനെ സേവിച്ചുകൊണ്ടും, വിദ്യാധരന്മാരെ ഒക്കെ ഭരിച്ചുകൊണ്ടും മറ്റും വൈശ്രവണൻ അളകയിൽ ശോഭിച്ചു. ഇതിനു വജ്രിരാജപരമായും മറ്റും വേറേ അർത്ഥമുണ്ടു്.

(10) 'കാലേ കാലാഗരു' ഇത്യാദി പദ്യം:—

കാരകിൽപോലെ ഇരുട്ടാകുന്ന കാളകൂടവിഷത്തെ, കരാഗ്രങ്ങളാൽ കോരിക്കുടിച്ചു്, നീലകണ്ഠസാമ്യത്തെ ശീതകിരണൻ വഹിച്ചിരിക്കും സമയത്തിങ്കൽ, സുരഭിയായ മന്ദവായു പെരുമാറുകയാൽ മനോഹരതരവും, കല്പവൃക്ഷാദികളാൽ നിബിഡിതവും ആയ ഉദ്യാനത്തിൽ, സ്ത്രീജനങ്ങളോട്ടുകൂടി വൈശ്രവണൻ ക്രീഡിച്ചു.

(11) 'ആശേശേ' ഇത്യാദി രണ്ടു പദ്യം:—

രാവണന്റെ അസ്ത്രങ്ങളേറ്റു വൈശ്രവണൻ തുലോം വിവശനായി; വൈശ്രവണന്റെ മന്ത്രിമാരും, ശരങ്ങളേറ്റ് ഓരോ ദിക്കിലേക്കു് ഓടിപ്പോയി; രാവണനു് അനശ്വരമായ യശസ്സു ലഭിക്കുകയും ചെയ്തു.

(12) 'ആജൌ ജിത്വാ' ഇത്യാദി പദ്യം:—

രാവണൻ യുദ്ധത്തിൽ ഓജസ്വിയായ വൈശ്രവണനേ ജയിച്ചു ഞാണൊലികൊണ്ടു തന്റെ വിജയഘോഷത്തെ നാലുപാടും മുഴക്കി, ശ്രീകൈലാസത്തിലേക്കു പോയി.

(13) 'കലിതപുണ്യ' ഇത്യാദി പദ്യം:—

പുണ്യജനസമാഗമത്തോട്ടുകൂടിയും, നിതംബവതിയായും, അളകാഞ്ചിതയായും, പയോധരമണ്ഡിതയായും ഇരിക്കുന്ന അചലഭൂമിയെ ഇദ്ദേഹം പ്രാപിച്ചു. ഒരു നായികയുടെ വർണ്ണനംകൂടി ഇതിൽ വ്യഞ്ജിക്കുന്നു.

Digitized By Kerala Sahitya Akademi

(14) "മാമാസ്പ്പശേത്യാ"ദി പദ്യം:—

തൊടതുതേ എന്നു വീണ്ടുംവീണ്ടും കമലകോരകങ്ങളാകുന്ന കരാഞ്ജലി മുദ്രയോടുകൂടി അപേക്ഷിച്ചിട്ടും കൂട്ടാക്കാതെ, ആ രാത്രിയിൽ കാമാഗ്നിദഗ്ധനായ ഈ നിശാചരകുഞ്ജരൻ ആ അപ്സരസ്സിൽ ഇറങ്ങി ക്രീഡിച്ചു.

(15) 'ദിഷ്ടസ്യിൻ' ഇത്യാദി പദ്യം:—

കോകിലകൂജിതങ്ങളോടുകൂടിയും, വെണ്ണിലാവോടുകൂടിയും, തേന്മാവുകളിൽ നിന്നൊലിക്കുന്ന നറുന്തേൻ കൊണ്ടു സുരഭിലമായ ഉദ്യാനത്തോടുകൂടിയും വിളങ്ങിയ ഈ കാലത്തു സ്വന്തം പ്രേയസിയെ സാനുരാഗം നിരീക്ഷിച്ചിട്ടു സന്തുഷ്ടനായ ഈയാൾ അവളോടു പറഞ്ഞു.

(16) 'സോമകോടി' ഇത്യാദി പദ്യം:—

അതിവിശേഷമായ ശേഷമഞ്ചത്തിൽ ഇരുന്നുകൊണ്ടു ലക്ഷ്മീഭഗവതിയുടെ കടാക്ഷമാലയാൽ അലംകൃതനായി, സർവാഭീഷ്ടപ്രദനായി, കാർവർണ്ണനായി ഗജേന്ദ്രമോക്ഷദനായി വിളങ്ങിയ വിഷ്ണുഭഗവാനേ ആ മഹർഷി നമസ്കരിച്ചു.

(17) 'സാമഗാന' ഇത്യാദി പദ്യം:—

സാമവേദഗാനം കേട്ട സന്തുഷ്ടനായും, സ്വനാമോച്ചാരണത്താൽത്തന്നെ സർവജനങ്ങളേയും മുക്തന്മാരാക്കുന്നവനായും, ശ്രീനീലകണ്ഠനായും, അർദ്ധനാരീശ്വരനായും, ഭുജഗാലങ്കാരനായും ശോഭിച്ച സാക്ഷാൽ പരമശിവനെ, ആ രാക്ഷസേന്ദ്രൻ നമസ്കരിച്ചു.

Digitized By Kerala Sahitya Akademi

14. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ സാഹിത്യപോഷണം

---

(1) 'ശ്രീമാനാനത്ര' ഇത്യാദി പദ്യാദ്ധ്യം:—

ശ്രീമാനായി സാമന്തരാജാക്കന്മാരുടെ കിരീടങ്ങളിലുള്ള മാണിക്യമാലകളുടെ അനന്തകാന്തിയാൽ പ്രവൃദ്ധമായ ചുവപ്പോട്ടുകൂടിയ കാൽത്താരുള്ളവനായി.....

(2) 'പ്രത്യൂഷോദ്വിതഭരാഹസ്സുര' ഇത്യാദി:—

പ്രഭാതത്തിൽ ഉദിക്കുന്ന സൂര്യന്റെ രശ്മികൾ, പിഞ്ജരമായ (മഞ്ഞയായ) പർവതോപരിഭാഗത്തിന്റെ അഗ്രങ്ങൾ ഉള്ള ശ്രീപരമേശ്വരന്റെ ഇരിപ്പിടമായ പർവതത്തിന്റെ കൊട്ടമുടിക്കു് അലങ്കാരമായ വള്ളിക്കുടിലിന്റെ ഭംഗിയെ.....

(3) 'അശ്രാന്തോദ്ഗീർണ്ണ' ഇത്യാദി പദ്യം:—

ഇടവിടാതെ പൊഴിച്ചുകൊണ്ടിരിക്കുന്ന അത്യാനന്ദപ്രദങ്ങളായ ഭഗവന്നാമങ്ങളുടെ വർണ്ണങ്ങളെക്കൊണ്ടു മനോഹരമാംവണ്ണം ശോഭിക്കുന്ന സ്വർണ്ണ വീണയുടെ കമ്പിക്കുട്ടത്തെ ശരിക്കു മീട്ടുന്നതിൽ അയത്ന സാമർത്ഥ്യത്തോടുകൂടിയവർ.....

(4) 'പാലാശോഷ്ണീഷ' ഇത്യാദി പദ്യം:—

പച്ചത്തൊപ്പിയുടെ കാന്തി പടർന്നിരിക്കുന്ന നെറ്റിത്തടത്തോടുകൂടിയവനും, താമരയിതൾപോലെ നീണ്ടിരിക്കുന്ന കണ്ണുകളോടുകൂടിയവനും, ഉയർന്നു ശോഭിക്കുന്ന മൂക്കോടുകൂടിയവനും, ചെന്തൊണ്ടിവായ്വലരോടുകൂടിയവനും, ശംഖുപോലുള്ള കഴുത്തോടുകൂടിയവനും, വാതൽ തോല്ക്കുന്ന മാറിടത്തോടുകൂടിയവനും, കൃശോദരനും ആയ ഈ ക്ഷത്രിയയുവാവു് അല്ലേ സഖി! എന്റെ കണ്ണുകളിൽ അമൃതധാര ഒഴുക്കുന്നു.

(5) 'പുണ്ഡരികനികരൈഃ'—എന്ന പദ്യം:—

Digitized By Kerala Sahitya Akademi

പുണ്ഡരീകങ്ങൾ (വെൺതാമരകളെന്നും വ്യാഘ്രങ്ങളെന്നും) കമലങ്ങൾ (ഒരുതരം താമരകൾ എന്നും ഒരുതരം മാനുകൾ എന്നും) പലതരം പക്ഷിവിശേഷങ്ങൾ (മത്സ്യങ്ങളെന്നും) എന്നിവയാൽ ശോഭിതമായ വനരാജിയെ (കാടെന്നും ജലമെന്നും) പണ്ഡിതനായ മഹാരാജാവു കൃത്രിമമായിട്ട് അവിടെക്കണ്ടു.

(6) 'കസ്മിംശ്ചിൽ' ഇത്യാദി പദ്യം:—

ഏതെങ്കിലും മറ്റൊരു രാജ്യത്തിൽ, കേരളത്തെ ഉപേക്ഷിച്ചു്, ഉത്സുകയായിച്ചമയുന്നതെങ്ങനെയാണു് ലക്ഷ്മീദേവി? (കേരളവർമ്മദേവനെ ഉപേക്ഷിച്ചു്, ലക്ഷ്മീരാജ്ഞി മറൊരുത്തനെ എങ്ങനെ വരിക്കും? എന്നും) സദാചാരനിരതനും, സകലകലാവല്ലഭനും ആയ വിശാഖംതിരുനാൾ മഹാരാജാവിനെ ആരാണു് ബഹുമാനിക്കാത്തതു്? (പൂർണ്ണചന്ദ്രൻ കൈരവകുസുമങ്ങൾക്കു മാനനീയനാണെന്നും.)

(7) 'കല്പാന്തോച്ചണ്ഡ'—ഇത്യാദി പദ്യം:—

പ്രളയകാലത്തെ സംഹാരരുദ്രന്റെ നൃത്താരംഭത്തിങ്കൽ ഇളകിവശായ പദാഗ്രത്തിന്റെ ഘട്ടനംകൊണ്ടു വിണ്ടുപോയ കൈലാസശിഖരത്തിന്റെ അത്യുച്ചമായ ഒച്ചയോടുകൂടിയവൻ.

(8) 'ദാഢ്യാകോടി' ഇത്യാദി പദ്യം:—

ദംഷ്ട്രാഗ്രങ്ങളിൽ ഉറച്ചൊട്ടിപ്പിടിച്ച പെരുങ്കരടിയുടെ അസ്ഥികൂടത്താൽ തിങ്ങിനിറയപ്പെട്ട വദനഗുഹയിൽനിന്നു പുറപ്പെട്ട ഭയങ്കരമായ അലർച്ചയോടുകൂടിയ (ഗൃധ്രമുഖി)

(9) 'ഉന്മീലത്തിലകേ'ത്യാദി പദ്യം:—

തിലകാഞ്ചിതയും, (തിലക—മൈലെള്ളു്—വൃക്ഷത്താൽ ശോഭിതയെന്നും, നെറ്റിപ്പൊട്ടിട്ടവളെന്നും) മഞ്ജുലതാഭിരാമസുഷമയും, (നല്ല ലതകളുടെ മനോഹര ശോഭയോടുകൂടിയതെന്നും, മഞ്ജുലത (ലാവണ്യം)യോടുകൂടിയതെന്നും) പത്രാവലികൾ (ഇലകൾ എന്നും പക്ഷിക്കീറ്റണിയെന്നും) കൊണ്ടു മിന്നുന്നതും, മറ്റുമായി വനശ്രീതുല്യയായിരിക്കുന്ന രമണീമണിയെ കംസൻ കുതുകപൂർവം പ്രാപിച്ചു.

(10) 'മദകള' ഇത്യാദി ഒരു വരി:—

മദിച്ചു മനോഹരയായിരിക്കുന്ന പെൺകുയിലിന്റെ കളിർനാദംകൊണ്ടു മോഹനമായ (ആരാമത്തിൽ)

Digitized By Kerala Sahitya Akademi

(11) 'ഉപവനേ പവനേ' ഇത്യാദ്യർദ്ധം:—

വായുവിനാൽ ആനീതമായ തുമണത്തോട്ടുകൂടി ഉപവനത്തിൽവച്ചു മന്മഥാതുരനായ (ഇന്ദ്രൻ ഇങ്ങനെ പറഞ്ഞു).

(12) 'ഉപഗമ്യകേളിഷു' ഇത്യാദി പദ്യം:—

ലീലാരസികനായിരുന്ന ബാലഭദ്രരുടെ അടുക്കൽ തന്റെ കൂട്ടരോടു കൂടി ചെന്നിട്ടു (ഭഗവാൻ ഇങ്ങനെ പറഞ്ഞു).

(13) 'കരിണീ ചിരേണ' ഇത്യാദി:—

പിടിയാന വളരെക്കാലംകൊണ്ടു പെറുന്നതു മഹാരാജാക്കന്മാരും കൂടി മാനിക്കുന്ന പുത്രനെയാണു്.

(14) 'വിദ്വാംസോ വസുധാ' ഇത്യാദി:—

അന്യഗുണവർണ്ണനത്തിൽ, ഇന്നെവിടെയും വിദ്വാന്മാർ മൂകന്മാരായിരിക്കുന്നു.

(15) 'നിജഘനമകര' ഇത്യാദ്യർദ്ധം:—

തന്റെ തേനൊഴുക്കുകൊണ്ടു നിറഞ്ഞിരിക്കുന്ന തടത്തോട്ടുകൂടിയതാണെങ്കിലും, തേന്മാവു് ജലസേകത്തെ ഇച്ഛിക്കുന്നില്ലയോ?

(16) 'ഗുണദോഷൌ' ഇത്യാദി പദ്യം:—

സജ്ജനം ഗുണത്തേയും ദോഷത്തേയും ഗ്രഹിക്കുന്നു; അതു ശിവൻ ചന്ദ്രനേയും വിഷത്തേയും ഗ്രഹിച്ചിരിക്കുംപോലെയത്രെ; ശിവനെപ്പോലെതന്നെ വിദ്വാൻ താൻ ഗ്രഹിച്ച ഗുണത്തെ ശിരസ്സുകൊണ്ടു മാനിക്കും; ദോഷത്തേയൊ, പുറത്തുകാട്ടാതെ കണ്ഠത്തിൽതന്നെ ഒതുക്കിക്കൊള്ളും.

Digitized By Kerala Sahitya Akademi

15. ശീവൊള്ളിനമ്പൂരി

---

(1) 'സാ കവിതാ' ഇത്യാദി പദ്യം:—

അതാണ് കവിത; അവളാണ് വനിത; ഏതുകവിത കേട്ടാൽ കവിഹൃദയം ഉടനെ സരളീഭവിക്കുമോ, എവളെ കണ്ടാൽ വിടഹൃത്ത് ഉടനെ തരളീഭവിക്കുമോ, അതും—അവളും!!

(2) 'സമുല്ലാസോ' ഇത്യാദി പദ്യം:—

മാധുര്യംകൊണ്ടു മധുപ്രവാഹത്തെ ജയിക്കുന്നതും, രസസർവസ്വ നിധിയും, നവനവഭംഗികളോടുകൂടിയതും മറ്റുമായ വാഗ്ഭംഗം, ആരുടെ ഹൃദയത്തെയാണാനന്ദിപ്പിക്കാതിരിക്കുക?

---

16. കുഞ്ഞിക്കുട്ടൻതമ്പുരാൻ

---

(1) 'സ്വർഗ്ഗാനർഗ്ഗള' ഇത്യാദി പദ്യം:—

സ്വർഗ്ഗത്തിൽനിന്നു തടവുകൂടാതെ കുതിച്ചുപായുന്ന ഗംഗാംഭസ്സിന്റെ കേളിയേക്കൂടി നിന്ദിച്ചുവിടുന്നതിനു വൈഭവമുള്ള വാക്കുണ്ടായിരുന്നിട്ടും കവിതാനിർമ്മാണത്തിൽ ഞങ്ങളുടെ നാവു നാണിക്കുന്നു; ഒന്നോ രണ്ടോ അക്ഷരങ്ങൾ, വല്ലപാടും ഞെങ്ങിഞെരുങ്ങി കൂട്ടിച്ചേർക്കുന്നതുകൊണ്ടു ഗർവ്വിഷ്ഠന്മാരായി, വെറും കച്ചവടക്കാരായി കഴിയുന്ന നിർല്ലജ്ജന്മാർ ഉണ്ട് കവിതയുണ്ടാക്കുന്നു! അഹോ! അത്ഭുതം തന്നെ!

Digitized By Kerala Sahitya Akademi

17. ഏ. ആർ. രാജരാജവർമ്മ

കോയിത്തമ്പുരാൻ

---

(1) 'ദൈവേ പരാഗ്വദന' ഇത്യാദി പദ്യം:—

ദൈവം മുഖംതിരിച്ചിരിപ്പായി; മിത്രരത്നം സ്വർഗ്ഗം പൂകിക്കഴിഞ്ഞിരിക്കുന്നു; ഏടോ, മനസ്സേ! നീ നിന്റെ ശോകത്തെ ആരോടു പറയും? ആരാണ് നിന്റെ ആധിയെ കുളിർവാക്കുകൊണ്ടു ശമിപ്പിക്കുന്നത് ?

(2) 'ചന്ദ്രം ഗതാ പദ്മ' ഇത്യാദ്യർത്ഥം:—

ചന്ദ്രനെ പ്രാപിച്ചാൽ പത്മത്തിന്റെ ഗുണങ്ങളെ അറിയാൻ കഴിയുന്നില്ല; പത്മത്തെ ആശ്രയിച്ചുനിന്നാൽ ചന്ദ്രങ്കല്പുള്ള ഗുണങ്ങളേയും അറിയാൻ കഴിയുന്നില്ല.

(3) 'സമസ്തഷ്ടി' ഇത്യാദി 3 പദ്യം:—

മഹർഷിമാരും ദേവകളും കീർത്തിച്ചിട്ടുള്ളതും, മഹിഷാസുരനെ കൊന്നതും ആയ വസ്തുവിനു മംഗലം ഭവിക്കട്ടെ!

ചണ്ഡാദിദൈത്യന്മാരെക്കൊന്ന ചാമുണ്ഡനാമത്തോടുകൂടി ജ്ഞാനഘനമായിരിക്കുന്ന വസ്തുവിനു മംഗലം വരട്ടെ!

ശത്രുക്കളെ കൊന്നതുകൊണ്ടു സന്തുഷ്ടന്മാരായ ദേവന്മാരാൽ വാഴ്ത്തപ്പെട്ടുകൊണ്ടിരിക്കുന്ന ആ ജഗന്മൂലത്തിനു മംഗലം ഭവിക്കട്ടെ.

(4) 'പാത്രവിശേഷേ' ഇത്യാദി പദ്യം:—

അദ്ധ്യാപകന്റെ വിദ്യ നല്ല പാത്രത്തിൽ പകർത്തുമ്പോൾ, അതി വിശിഷ്ടമായിത്തീരുന്നു; മേഘത്തിന്റെ ജലം സമുദ്രശുക്തിയിൽ കലരുമ്പോൾ, മുക്താഫലമായിത്തീരുന്നുണ്ടല്ലൊ.

(5) 'വിജയോത്സവ' ഇത്യാദി 4 പദ്യം:—

Digitized By Kerala Sahitya Akademi

വിജയോത്സവധ്വജപതാകപോലുള്ള മന്ദസ്മിതത്തോട്ടുകൂടി, അഹങ്കാരംപൂശി സുന്ദരമായി, പൊങ്ങിനിൽക്കുന്ന സഹപാഠികളുടെ മുഖത്തെ ഞാനെങ്ങനെ വീക്ഷിക്കും ?

ചരാചരപ്രപഞ്ചത്തിൽ സർവോൽക്കർഷേണ വർത്തിക്കുന്നതു നിയതി (ദൈവം) തന്നെയാണു്; തന്റെ യാതൊരുതരത്തിലുള്ള താന്തോന്നിത്തത്തിലും, പ്രതിബന്ധശകലത്തെപ്പോലും, അതൊരിക്കലും അറിയുന്നില്ല.

വെയിലേറ്റാൽ വാടിവശാവുന്ന നെന്മേനിയേ വളർത്തീട്ടു്, ഒട്ടുക്കം പൂക്കാറാകുമ്പോൾ പിഴുതുകളയുക, ഖലന്മാരും ചെയ്യുന്നതല്ലല്ലോ.

ഹേ, വാണീദേവി! ഞാനങ്ങയുടെ പാദത്തെ സേവിച്ചതു്. ഇന്നു് ആപത്തിനായിത്തീർന്നുവല്ലൊ; അഥവാ—മണിതംചെയ്യുമ്പോൾ മഹിതമായാലും മന്ത്രോച്ചാരണം ഹാസ്യജനകംതന്നെ!

(6) "സരളേ! പരിഭ്രുതി" ഇത്യാദി 7 പദ്യം:—

പരിഭ്രുതി പൊറുത്തിടാഞ്ഞു ഹാ!
സരളേ! നിയജനെപ്പഴിക്കയോ ?
ഫണരത്നമെട്ടുത്ത മാണിയാം
മയിൽ തന്നെപ് ഫണിനിക്ക തുല്യമായ്.

ഹ! ഹ! ധൂസരശ്രുന്യപ്പുഷ്പയാ-
യിഹ നീയേന്തുമരിഷ്ടശയ്യയും
ചമരിക്ക സമാനനായ് പ്രിയേ!
നിയതം ചോരിതബാലയാകയാൽ.

'പറകെന്നനുജത്തിയെങ്ങുവാൻ'
ഇതി നിൻ ചാരെയണഞ്ഞുകേൾക്കുവോൾ
ഇരുവഷ്ടമെഴാത്ത പൈതലാം
സുതയാൾക്കുത്തരമെന്തുരപ്പു നീ ?

മകളേ! മകളേ! തിടുക്കമായ്
ഗൃഹിണൻ നിന്നെയയച്ചതെങ്ങഹോ ?

Digitized By Kerala Sahitya Akademi

കഥമാ ത്രിദിവത്തിലേറിട്ടും
കരജാനുക്രമണാസമത്ഥ നീ ?

ജനികമ്മവിധിക്കു മുൻപിൽ നിൻ-
പ്രണയാൽ ജാതകമോത്തുറച്ചു ഞാൻ;
വിധി പാലിനു മുൻപു വീഴ്ത്തി നിൻ-
ഗളനാളത്തിൽ നിവാപനീരഹോ!

ഹരിയുടെ ഹൃതരത്നമാമുരസ്സായ്
വിധിയുടെ കുണ്ഡിക വിട്ട കൈയുമായി
ശിവനുടെ ശശിവിട്ട ശീഷ്മമായ് മേ
ശയനമിതിങ്ങനെ മാത്രകൊണ്ടു കഷ്ടം!

യമനിത മൃതപിണ്ഡഖണ്ഡമെന്നായ്
മമ സുതതൻ സുകുമാരസൂനഗാത്രം,
പെരിയഗദമയേ ഗ്രദംഷ്ട്ര നീട്ടി-
ജ്ഝടിതി കടിച്ചു ചവച്ചിറക്കി,യയ്യോ!

(7) 'ഉദ്ബുദ്ധകോക' ഇത്യാദി 2 പദ്യം:—

വിടർന്ന ചെന്താമരപ്പൂപോലെ മനോഹരങ്ങളായ കാലടികൾ, ഉരുണ്ടു നീണ്ടു തടിച്ചു കൊഴുത്തിരിക്കുന്ന കണങ്കാല്കൾ, മഹാമദന്മാരായ മധുകൈടഭാസുരക്ഷ വധശിലയായ്ത്തീർന്ന തടിച്ചുരുണ്ട തുടകൾ, ബ്രഹ്മാണ്ഡഗോളങ്ങളെല്ലാം ഒതുക്കുവാനുള്ള പെട്ടകത്തിന്റെ ഭംഗിയോടുകൂടിയ ഉദരാന്തരം. ബ്രഹ്മോല്പത്തിസ്ഥാനമായ താമരകൊണ്ടു നിറഞ്ഞിരിക്കുന്ന നാഭിദേശം, ശ്രീവത്സകൌസ്തുഭങ്ങളാൽ പ്രശോഭിക്കുന്ന വക്ഷഃസ്ഥലം—ഇത്യാദിയോടുകൂടിയ ഭഗവാനെ (ഞാൻ ഭജിക്കുന്നു)

(8) 'യത്രാഗ്നി' ഇത്യാദി 2 പദ്യം:—

എങ്ങാണ തീവണ്ടി തുരങ്കിലൂടേ
വഴിക്കു താഴത്തു ചരിച്ച ശീഘ്രം
ഓവിൽകളിക്കും മുതുമൂഷികൻതൻ
വിചേഷ്ടിതച്ചേലുകൾ കാട്ടിടുന്നു.

ഭയങ്കരങ്ങളായ അനവധി ജലജന്തുക്കളോടുകൂടിയതും, അസഹ്യമായ കൊടുങ്കാറ്റു നൃത്തംചെയ്തുകൊണ്ടിരിക്കുന്നതും, ദിങ്മൂലകൂലങ്ങളെ

Digitized By Kerala Sahitya Akademi

പൊടിക്കുന്ന വാരിമുഴുകളോട്ടുകൂടിയതും ആയ മഹാസമുദ്രങ്ങളെ സാംയാത്രികന്മാർ—കപ്പൽക്കച്ചവടക്കാർ—(കടന്നു.)

(9) 'ഗ്രളികാവിസരഃ' ഇത്യാദി 2 പദ്യം:—

ആ നിസ്സാരങ്ങളായ ഗ്രളികകൾ (ഉണ്ടകൾ) പോലും ശത്രുസൈന്യത്തെ തലോം ഭയപ്പെട്ടത്തി; കാട്ടിൽ കാട്ടാളക്കുട്ടികൾ എറിയുന്ന കരിങ്കൽച്ചില്ലികൾ, മദോന്മത്തരായ ആനകളെ എങ്ങനെയോ, അതുപോലെ.

ആ ടിപ്പുസ്സുൽത്താൻ, കുലശേഖരപ്പെരുമാളുടെ കോട്ടവിട്ട തന്റെ കൂടാരത്തിലേയ്ക്കു പോയി. എങ്ങനെയെന്നാൽ, കൃഷിക്കാരന്റെ കൊയ്യാറായ പാടത്തുനിന്നു്, കൊമ്പൊടിഞ്ഞും, കിതച്ചും ഗോപഗൃഹത്തിലേക്കു കാളക്കൂറ്റൻ പോയ പോലെ.

(10) 'ക്രിസ്ത്തോമ്മതേ' ഇത്യാദി 3 പദ്യം:—

ഞങ്ങളുടെ ബുദ്ധി ക്രിസ്തുമതത്തിൽ വളരെ ആസക്തിയോടുകൂടിയതാണു്, എങ്കിലും മറ്റു മതത്തെ അതു് അനാദരിക്കുന്നില്ല; എന്നല്ല, ബഹുമാനിക്കയും ചെയ്യുന്നു; യോഗ്യരായ പ്രജകളുടെ ആചാരകാര്യങ്ങളിൽ—വൈദികവിഷയങ്ങളിൽ—ഞങ്ങൾ കേവലം നിഷ്പക്ഷരാകുന്നു.

ഇന്ത്യാക്കാർ ഇതും ഗ്രഹിച്ചുകൊള്ളട്ടെ; പ്രജകളുടെ ഇടയിലുള്ള ജാതി, മതം, വർഗ്ഗം തുടങ്ങിയ യാതൊരു ഭേദങ്ങളേയും ഞങ്ങളുടെ ഭാരിച്ച രാജ്യഭരണദൃഷ്ടി ഒരിക്കലും പരിഗണിക്കുന്നതല്ലതന്നെ!

ഞങ്ങൾക്കിവിടെ ബലമായിട്ടുള്ളതു്, ഇവിടത്തെ പ്രജകളുടെ കുശലംമാത്രമാകുന്നു; ആ പ്രജകളുടെ പ്രീതിതന്നെയാണു് ഞങ്ങളുടെ രക്ഷയും; കൃതജ്ഞരായ ആ പ്രജകളുടെ അനുരാഗമൊന്നുമാത്രമാണു് ഞങ്ങൾക്കു് എല്ലാറ്റിലും വലുതായ പ്രതിഫലം!

(11) 'അസ്തശൈല' ഇത്യാദി 3 പദ്യ:—

"അസ്തമാമലമുടിസ്ഥഭ്രഷയാ-
മക്നബ്ദിപതിതൻ പുരത്തിലേ
ഗോപുരത്തിലമരുന്ന നല്ലപൊൻ
താഴികക്കുടമതെന്നുതോന്നിട്ടും.

Digitized By Kerala Sahitya Akademi

കാന്തതൻ കലഹമൊക്കെ നീക്കുവോൻ
ഞങ്ങളോടലിവുകെട്ടവൻ തുലോം
വീശിട്ടുന്ന പവനൻ പാതുക്കവേ
നല്ലുപിച്ചിമലരാൽ സുഗന്ധിയായ്.

പങ്കജാക്ഷിയിണപാതി മൂടിയൻ–
പാന്ന ഹംസകനിനാദമെന്നിയേ,
മന്ദമുന്മുഖിയുറങ്ങിട്ടുന്നിതാ
കേളിതാന്ത സതിപോലെ പദ്മിനി''

(12) 'സീമലങ്ഘന'—ഇത്യാദി 2 പദ്യം:—

തുലോം കാമാത്തയായ തരുണി തന്റെ കാമുകനെ അഭിസരിക്കുന്നു; കരകവിഞ്ഞൊഴുകിക്കൊണ്ടിരിക്കുന്ന നദി സമുദ്രത്തിൽ ചെന്നും സങ്ഗമിക്കുന്നു.

ത്രിമൂർത്തികളെക്കൂടി ജയിച്ചിരിക്കുന്ന സ്മരസായകം വ്യർത്ഥമാകുമോ എന്നു ശങ്കിക്കുവാൻ അങ്ങേയ്ക്കു ലജ്ജയില്ലയോ ?

(13) 'വക്തവ്യാംശം' ഇത്യാദി:—

പറയേണ്ടതിനെ മുഴുവൻ സ്പശ്ിക്കുന്നു; പ്രകൃതം വിട്ടു തെറ്റുകയില്ല; തുലോം പ്രൌഢികാട്ടുന്നു; ശബ്ദാഡംബരം ഒന്നും ഇല്ലതന്നെ; അർത്ഥം പ്രസ്പഷ്ടമായിരിക്കും; ഒട്ടും അധികം പറകയില്ല; കുറച്ചുമാത്രമഹങ്കാരം കാണിക്കും; എന്നാൽ വിനയം വിടുകയുമില്ല.

(14) 'കപ കർമ്മ' ഇത്യാദി പാദം:—

പുരുഷാരാധനം കൂടാതെ, കർമ്മപ്രധ്വംസം എവിടെ ഫലിക്കുന്നു ?

(15) "ചന്ദ്രകാന്തരമണീയ" ഇത്യാദി രണ്ടു പദ്യം:—

'ചന്ദ്രകാന്ത'രമണീയന്മാരായ ജനങ്ങളെക്കൊണ്ടു നിർമ്മിച്ചിട്ടുള്ള തറയോടുകൂടിയ ആ 'കാളഗർത്തം' രക്ഷിവർഗ്ഗം ഇളക്കിയ 'ചന്ദ്രഹാസ'ത്തിന്റെ ശോഭയേറ്റു "സ്രുതജലോർമ്മി"യായി ശോഭിച്ചു. ചന്ദ്രഹാസശബ്ദത്തിനു ചന്ദ്രനെപ്പോലെ സൌന്ദര്യമുള്ളതെന്നും, ചന്ദ്രകാന്തക്കല്ലെന്നും അർത്ഥം. ചന്ദ്രഹാസശബ്ദത്തിനു വാളെന്നും, ചന്ദ്രരശ്മിയെന്നും

Digitized By Kerala Sahitya Akademi

അത്ഥം. സ്രംതോമ്മി=ഒലിക്കുന്ന ജലതരങ്ഗത്തോടുകൂടിയതു് ജലശബ്ദത്തിനു വിനയപ്പെടുന്നം അത്ഥമുണ്ടു് ഇവിടെ. ചന്ദ്രകാന്തക്കല്ലു ചന്ദ്രരശ്മിയിൽ അലിയുമെന്നു കവിസങ്കേതം.

ആ കുമാരി (ഭാര്യയല്ല) ''കരം'' ഗ്രഹിക്കുകയും, 'പ്രജ'കളെ ഒക്കെ പോഷിപ്പിക്കുകയും ചെയ്യു. കരം=രാജഭാഗം; പാണി എന്നും പ്രജ=ജനം; അപത്യമെന്നും ഇതിൽ വിരോധാഭാസമുണ്ടു്.

(16) 'കഥയതി മദമൂഢാ' ഇത്യാദി പദ്യം:—

മദംകൊണ്ടു മതിമറന്നിരിക്കുന്ന ഈ ഹൈണി പറയുന്നു, എന്റെ ശ്ലേഷമൂലകാലങ്കാരങ്ങളെല്ലാം പിച്ചളപ്പണ്ടങ്ങളാണെന്നു്. അല്ലയോ ദേവ! എന്റെ മംങ്ഗല്യസൂത്രമായിട്ടുള്ള അതിശയോക്തി വെറും പുച്ചക്കുരു മാലയാണെന്നു പറഞ്ഞു് ഈ 'ചേട്ട' എപ്പോഴും പരിഹസിക്കയും ചെയ്യുന്നുണ്ടു്.

(17) 'ഗണയതീ'ത്യാദി പദ്യം:—

ആകാശത്തിലുള്ള ഗോളങ്ങളെക്കൊണ്ടു് ജ്യോത്സ്യൻ ആയുസ്സു നീട്ടുന്നു; വൈദ്യൻ മരുന്നുകളെക്കൊണ്ടും; എന്നാൽ രണ്ടുപേരും മിഴിച്ചിരിക്കുമ്പോൾത്തന്നെ ബ്രഹ്മാവതു തട്ടിക്കൊണ്ടുപോകുന്നു.

---

18. ഒടുവിൽ കുഞ്ഞുകൃഷ്ണമേനവൻ

---

(1) 'നജായതേ ലക്ഷ്മണ'മിത്യാദി പദ്യം:—

ശാസ്ത്രജ്ഞാനമില്ലാതിരുന്നാൽ ശരിയായ കവിത്വം ഉളവാകയില്ല; അഥവാ അഥമാത്രമേയുള്ളുവെങ്കിൽ സ്വതസ്സിദ്ധമായ കവിത്വംപോലും നശിക്കയും ചെയ്യും. കവികളുടെ കവിത്വരീതി അസിധാരാവ്രതംപോലെ ദുർലോഭവും വിജാതീയവുമായിട്ടുള്ളതാണു്.

Digitized By Kerala Sahitya Akademi

(2) 'അന്തരിവ' ഇത്യാദി:—

സൂര്യനെ സാരഥിയായ അരുണൻ എന്നവണ്ണവും, ശിവന്റെ ശരീരാഭൂഷണമായ അർദ്ധചന്ദ്രൻ എന്നപോലെയും.

---

19. ഭാഷാസാഹിത്യവും കേരളീയവനിതകളും

(1) 'യോഷാദ്വേഷം' ഇത്യാദി പാദം:—

വാസ്തവത്തിൽ ഇല്ലാത്തതായ ഒരു ദോഷത്തെ സ്ത്രീകളിൽ ആരോപിച്ചു പറയുന്ന ആ പണ്ഡിതനു് ഇതാ ഒരു ദണ്ഡസ്സ്കാരം!!

(2) 'നാരായണ! ത്വദ്' ഇത്യാദി പദ്യം:—

അല്ലയോ ഭഗവാനേ! അവിടുത്തെ അവതാരകഥകളെ കീർത്തിക്കുന്ന സ്തോത്രപുത്രൻ എനിക്കാദ്യമുണ്ടായി; ഇപ്പോഴിതാ, അങ്ങയുടെ പ്രസാദംകൊണ്ടുതന്നെ 'രാമായണം പാന' എന്ന പുത്രനും എനിക്കുണ്ടായിരിക്കുന്നു.

(3) 'വാത്താ ച' ഇത്യാദി പദ്യം:—

രസകരമായ വർത്തമാനം, പരിശുദ്ധമായ വിദ്യ, കസ്തൂരിയുടെ പരിമളധോരണി, ഈ മൂന്നും വെള്ളത്തിൽ വീണ എണ്ണയുള്ളിപോലെ ദുർന്നിവാരമായിട്ടുള്ളതും, സ്വയം ലോകത്തിൽ പ്രസരിക്കുന്നതും ആകുന്നു.

(4) 'യഥാ സ്ത്രീണാം' ഇത്യാദ്യർദ്ധം:—

സ്ത്രീകളുടെ സാധുത്വത്തെ സമ്മതിക്കുന്നതിലെന്നപോലെ, ഗ്രന്ഥസാധുത്വസമ്മതിയില്ലും എല്ലാവരും ദുർജ്ജനങ്ങളായി ഭവിക്കുന്നു.

ശുഭം

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi